# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 11, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

209/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I** **ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 85

**II** **അടിയന്തരപ്രമേയം**

കൊലപാതകശ്രമം .. 442
(അവതരണാനുമതി നിഷേധിച്ചു)

**III** **ശ്രദ്ധ ക്ഷണിക്കൽ**

1. മാലിന്യ സംസ്കരണം
-ശ്രീ. ജോൺ ഫെർണാണ്ടസ് .. 463

2. തീരദേശവാസികളുടെ സുരക്ഷിതത്വം
-ശ്രീ. വി. എസ്. ശിവകുമാർ – 467

**IV** **സബ്മിഷൻ**

1. പ്രദീപിന്റെ കൊലപാതകം
– പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല .. 474

2. ധനസഹായം
– ശ്രീ. എസ്. രാജേന്ദ്രൻ – 476

3. വില്ലേജ് രൂപീകരണം
– ശ്രീ. ആർ. രാജേഷ് – 478

4. റൈസ് മിൽ
– ശ്രീമതി പി. അയിഷാ പോറ്റി – 479

5. സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ്
– ശ്രീ. എൽദോ എബ്രഹാം
– ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് – 482

6. റേഷൻ കാർഡ്
- ശ്രീ. ടി. വി. ഇബ്രാഹം - 485

7. ഗവൺമെന്റ് റീജിയണൽ ടെക്നിക്കൽ ഹൈസ്കൂൾ
- ശ്രീ. കെ. ദാസൻ - 486

8. വന്യജീവികൾ വരുത്തുന്ന നാശനഷ്ടം
- ശ്രീ. സണ്ണി ജോസഫ് - 488

9. വോൾട്ടേജ് ക്ഷാമം
- ശ്രീ. എ. പി. അനിൽ കുമാർ - 491

10. പകൽവീട്
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ - 493

**V ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 495

ധനാഭ്യർത്ഥന നമ്പർ XXXVII- വ്യവസായങ്ങൾ .. 496

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ- 501

**VI അറിയിപ്പ്**

കേന്ദ്രമന്ത്രിയുടെ സന്ദർശനം .. 505

**ധനകാര്യം (തുടർച്ച)** - 505

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 11, ചൊവ്വ*


| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 5 |
|---|---|---|


നിയമസഭ 2019 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ................... ഓർഡർ....... ചോദ്യം നമ്പർ *91

### പൊതുവിദ്യാലയങ്ങൾ കൈവരിച്ച മികവ്

1 (*91) ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വിദ്യാലയങ്ങളെ ആദായകരം, അനാദായകരം എന്ന് വേർതിരിച്ച് സ്വകാര്യ മേഖലയുടെ താൽപ്പര്യ സംരക്ഷണാർത്ഥം വിദ്യാഭ്യാസ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിച്ചതിൽ നിന്ന് വിഭിന്നമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് മൂന്നര ലക്ഷത്തോളം പുതിയ വിദ്യാർത്ഥികളെ ആകർഷിക്കുംവിധം നടത്തിയ ഇടപെടൽ വിശദമാക്കാമോ;

(ബി) ഈ വർഷത്തെ അദ്ധ്യയന ദിനങ്ങളും പരീക്ഷകൾക്കും കലാ-കായികോത്സവങ്ങൾക്കായുള്ള ദിവസങ്ങളും മുൻകൂട്ടി പ്രഖ്യാപിച്ചുകൊണ്ട് വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന തരത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) അക്കാദമിക വർഷം പകുതിയായാലും പാഠപുസ്തകങ്ങൾ ലഭ്യമാകാതിരുന്ന സ്ഥിതി പരിഹരിച്ച് സ്കൂൾ അടയ്ക്കുന്നതിന് മുമ്പുതന്നെ വരും വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പൊതുവിദ്യാലയങ്ങൾ കൈവരിച്ച മികവ് ബോദ്ധ്യപ്പെടുത്തി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി അദ്ധ്യാപകർ വിദ്യാലയ പരിധികളിൽ ഭവനസന്ദർശനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) പൊതുവിദ്യാലയങ്ങളെ സമൂഹ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കി. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിലൂന്നിക്കൊണ്ട് അക്കാദമിക മികവ്, വിദ്യാലയ മികവ് എന്ന ലക്ഷ്യം നേടാനുള്ള വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാലയങ്ങളിൽ നടക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞതുകൊണ്ടാണ് വലിയ തോതിൽ കുട്ടികളുടെ എണ്ണം പൊതുവിദ്യാലയങ്ങളിൽ വർദ്ധിക്കുന്നത്.

നാല് മേഖലകളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

1. ഭൗതിക സൗകര്യവികസനം
2. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ/വിദ്യാലയം
3. അക്കാദമിക പ്രവർത്തനങ്ങൾ
4. സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

ഭൗതിക സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് 2017-18 വർഷം ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടിയുടെ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 138 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കി സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കിഫ്ബിയുടെ 3 കോടി

രൂപ ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 115 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ (കിഫ്ബി ധനസഹായത്തോടെ) 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 500-1000 കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പദ്ധതി വിഹിതത്തിലൂടെ 437 വിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടും ഉണ്ട്.

8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികളിൽ ആവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. അതോടൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഭാഷാ വികാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്ര പഠനവും സാമൂഹ്യ ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ട്. കുട്ടികളുടെ വൈഭവത്തെ കണ്ടെത്തി അത് ഏറ്റവും ഉയർന്നതലത്തിലേയ്ക്ക് എത്തിക്കാനുള്ള ടാലന്റ് ലാബ് എന്ന ആശയവും പ്രായോഗികപദത്തിൽ കൊണ്ടുവന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പി.ടി.എ., പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. കഴിഞ്ഞ അക്കാദമിക വർഷംതന്നെ ഈ അക്കാദമിക വർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും അവ 2019 മാർച്ച് മാസാവസാനംതന്നെ സ്കൂളുകളിലേയ്ക്ക് അച്ചടിച്ച് എത്തിക്കാൻ കഴിയുംവിധം സൂക്ഷ്മതല ആസൂത്രണം നടത്തുകയും അത് കൃത്യമായി മോണിറ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിദ്യാലയങ്ങൾ ജനകീയമായി എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നേട്ടങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയത്തിലെയും അദ്ധ്യാപകരും അതിനു ചുറ്റുമുള്ള സമൂഹവുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഓരോ സ്കൂളിനും ചുറ്റുമുള്ള മുഴുവൻ കുട്ടികളേയും പ്രസ്തുത വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പി.ടി.എ.-യുടെ നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ സ്കൂൾ തലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. അദ്ധ്യാപകരും ഇതിന്റെ ഭാഗമാണ്. അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള പരസ്പര വിനിമയം മുൻകാലങ്ങളിലേക്കാൾ വർദ്ധിച്ചുവന്നിട്ടുണ്ട്.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ അത്യപൂർവ്വമായ നേട്ടങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഗുണകരമായ ദീർഘകാലാടിസ്ഥാനത്തിലുള്ള മാറ്റങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പള്ളിക്കൂടങ്ങൾ എന്ന കാഴ്ചപ്പാട് ഇനി തുടരേണ്ടതുണ്ടോ; കോ-എഡ്യൂക്കേഷൻ സാർവ്വത്രികമാക്കാനുള്ള നടപടി സ്വീകരിക്കാനാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അതുതന്നെയാണ് ഗവൺമെന്റിന്റെയും കാഴ്ചപ്പാട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ പി.ടി.എ.-യും മാനേജ്മെന്റുമെല്ലാം നൽകിയ നിവേദനങ്ങൾ പരിഗണിച്ച് കോ-എഡ്യൂക്കേഷൻ എന്നത് സാർത്ഥകമാക്കിയിട്ടുണ്ട്. അപ്രകാരം മുന്നോട്ടുവരുന്ന ഏത് വിദ്യാലയത്തിനും കോ-എഡ്യൂക്കേഷൻ സാധ്യത വികസിപ്പിക്കാനും അത് നടത്തിക്കൊടുക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിച്ചു നൽകുന്നതായിരിക്കും.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സൃഷ്ടിച്ച ഉണർവ്വിന്റെ പ്രതിഫലനം സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ കാണാൻ കഴിയുന്നുണ്ട്. കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുകയും തുടർച്ചയായി ഉയർന്ന വിജയശതമാനം കൈവരിക്കാൻ കഴിയുകയും ചെയ്യുന്ന സർക്കാർ സ്കൂളുകളിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ അനുവദിക്കാനാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണ് ഈ വർഷം പാസ്സായത്. ഏകദേശം അയ്യായിരത്തോളം കുട്ടികളുടെ കുറവുണ്ട്. അതായത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 90 ബാച്ചുകൾ കുറച്ചേ ഈ വർഷം വേണ്ടിവന്നിട്ടുള്ളൂ. എങ്കിൽപ്പോലും ചില പ്രദേശങ്ങളിൽ പ്ലസ് ടു സീറ്റുകൾ കുറവുണ്ടെന്ന് നിയമസഭയിൽത്തന്നെ പല ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ആദ്യഘട്ടമെന്ന നിലയിൽ ഈ വർഷം 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചു. അതിന്റെ അഡ്മിഷൻ പ്രോസസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി നാളെയാണ്. കഴിഞ്ഞ വർഷത്തെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ പല ജില്ലകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കാനുള്ള സാധ്യതയുണ്ട്. ഈ വർഷം കുട്ടികൾ പാസ്സായത് കുറവാണെന്നുള്ളതുകൂടി കണക്കിലെടുക്കുമ്പോൾ ഏതൊക്കെ ജില്ലകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവോ അവിടെയെല്ലാം വീണ്ടും അപേക്ഷിക്കാനുള്ള ഒരു ചാൻസുകൂടി കുട്ടികൾക്ക് കൊടുക്കും. കഴിഞ്ഞ വർഷവും കുട്ടികൾ ഇല്ലാത്ത പല ബാച്ചുകളും ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം മലപ്പുറത്തേയ്ക്കാണ് അത് മാറ്റിയത്. ഈ വർഷം അത്തരത്തിൽ എവിടെയാണോ കുറവുള്ളത് അവിടേയ്ക്ക് ആ ബാച്ചുകൾ മാറ്റും. സീറ്റില്ലാത്തതുകൊണ്ട് പഠിക്കാൻ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സർക്കാർ സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ കൈവരിച്ച വിശ്വാസ്യതയുടെ ഫലമായാണ് ഇന്ന് പൊതുവിദ്യാലയങ്ങളിലേയ്ക്ക് വൻതോതിൽ വിദ്യാർത്ഥികൾ വരുന്ന സാഹചര്യമുണ്ടായത്. ഈ വിശ്വാസ്യത തകർക്കാനുള്ള വളരെ ആസൂത്രിതമായ ശ്രമം ഇപ്പോൾ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പ്രവേശനോത്സവ ബഹിഷ്കരണം പോലെയുള്ള കാര്യങ്ങൾ ഉണ്ടായത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സമൂഹ പങ്കാളിത്തത്തോടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് അക്കാദമിക് മാസ്റ്റർപ്ലാൻ ഉൾപ്പെടെ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള എന്ത് സംവിധാനമാണ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം എല്ലാ സ്കൂളുകളിലും അക്കാദമിക് മാസ്റ്റർ പ്ലാനും ആക്ഷൻ പ്ലാനും തയ്യാറാക്കുകയും ആക്ഷൻ പ്ലാനിലെ 5 ഇനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നതുകൊണ്ടാണ് പഠനോത്സവങ്ങൾ വളരെ നന്നായതും ഈ വർഷം കൂടുതൽ കുട്ടികൾ വിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നതും. ഈ വർഷവും അക്കാദമിക് മാസ്റ്റർ പ്ലാനും ആക്ഷൻ പ്ലാനും തയ്യാറായതുകൊണ്ടും പാഠപുസ്തകങ്ങൾ സമയത്ത് ലഭിച്ചതുകൊണ്ടും അദ്ധ്യാപക പരിശീലനം കൃത്യമായി നൽകാൻ കഴിഞ്ഞതുകൊണ്ടും ഒരു വർഷത്തെ പൂർണ്ണമായ ടൈം ടേബിൾ (പരീക്ഷകളും കലോത്സവങ്ങളും കായികോത്സവങ്ങളും) കൃത്യമായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതുകൊണ്ടും ഒരു ക്ലീൻ സ്ലേറ്റിൽ ഈ അക്കാദമിക വർഷം ആരംഭിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടും അക്കാദമിക ആസൂത്രണമെന്ന വളരെ സുപ്രധാനമായ കാര്യം നടപ്പിലാക്കാൻ പറ്റുന്ന ഒരു വർഷമാണ് ഈ വർഷം എന്ന കാര്യത്തിൽ സംശയമില്ല. കൃത്യമായി എല്ലാം പ്ലാൻ ചെയ്തിരിക്കുന്നു. അക്കാദമിക് ആസൂത്രണ മേഖലയിൽ ഊന്നൽ നൽകിക്കൊണ്ട് ഏറ്റവും ആധുനികമായ പഠനസൗകര്യം സ്കൂളുകളിൽ ഒരുക്കുകയും അതിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനം സംസ്ഥാനതലം വരെ ഏർപ്പെടുത്തുകയും ചെയ്യും.

ശ്രീ. പി. ടി. എ. റഹീം: സർ, ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഹൈസ്കൂളുകളും സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ചില സ്ഥലങ്ങളിൽ ഹൈസ്കൂളുകൾ ഒരിടത്തും യു. പി. വിഭാഗം മറ്റൊരിടത്തുമാണ് സ്ഥിതിചെയ്യുന്നത്. ഒരേ കോമ്പൗണ്ടിൽത്തന്നെ ഹൈസ്കൂളിനും യു. പി. സ്കൂളിനും പ്രത്യേകം ഹെഡ്മാസ്റ്റർമാർ ഉള്ള സ്ഥലങ്ങളുമുണ്ട്. ഒരു കോമ്പൗണ്ടിലെ വിദ്യാലയങ്ങളെയെല്ലാം ക്ലബ്ബ് ചെയ്ത് ഒറ്റ നേതൃത്വത്തിൻ കീഴിൽ കൊണ്ടുവരികയും വിവിധ കോമ്പൗണ്ടുകളിലെ സ്കൂളുകൾക്ക് സ്വതന്ത്ര ചുമതല നൽകുകയും ചെയ്യാൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഒരു കാമ്പസ്സിനെ ഒരു യൂണിറ്റായി കാണുക എന്നതാണ് ഈ വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. ഒരേ കാമ്പസ്സിൽത്തന്നെ ഹൈസ്കൂളും ഹയർ സെക്കന്ററി സ്കൂളും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതെല്ലാം ഒരു യൂണിറ്റ് എന്ന നിലയിൽ കണ്ട് പ്രിൻസിപ്പാളിന്റെ കീഴിൽ പ്രവർത്തിപ്പിക്കുക എന്ന കാര്യമാണ് അദ്ദേഹം സൂചിപ്പിച്ചത്. ഹൈസ്കൂൾ മാത്രം പ്രവർത്തിക്കുന്ന കാമ്പസ്സുകളാണെങ്കിൽ ഹെഡ്മാസ്റ്ററെ നിലനിർത്തിക്കൊണ്ട് പഴയ രീതിയിൽത്തന്നെ തുടരും. വ്യത്യസ്ത

കാമ്പസ്സുകൾ വ്യത്യസ്ത സ്ഥലങ്ങളിലാണുള്ളതെങ്കിൽ, കാമ്പസ്സുകൾ തമ്മിലുള്ള അകലം നിരീക്ഷിച്ച് സ്പെസിഫിക്കായിട്ടുള്ള ചില കാര്യങ്ങൾ പഠിച്ചതിനുശേഷം നടപ്പിലാക്കുന്നതാണ്. അതിനുള്ള ശ്രമം നടത്തിവരികയാണ്, ഏതായാലും ഒരു യൂണിറ്റെന്ന നിലയിൽ സ്കൂളിനെ കാണാനുള്ള ശ്രമം തുടരും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പൊതുവിദ്യാലയങ്ങളുടെ പ്രധാനപ്പെട്ട ഒരു ഭാഗം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. എന്നാൽ പല എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും മാനേജ്മെന്റുകളുടെ തർക്കങ്ങൾമൂലം തകർച്ചയുടെ വക്കിലാണ്. തർക്കം നിലനിൽക്കുന്ന ഇത്തരം വിദ്യാലയങ്ങളുടെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ ഡി.ഇ.ഒ.-മാർക്ക് ചുമതല നൽകിയിട്ടുണ്ട്. താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതും മാനേജ്മെന്റ് ക്വാട്ടയിലെ വിദ്യാർത്ഥി പ്രവേശനവും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതും ഡി.ഇ.ഒ. മാരാണ്. എന്നാൽ അത്തരം വിദ്യാലയങ്ങളുടെ ഭൗതിക അന്തരീക്ഷം സംരക്ഷിക്കാനുള്ള ചുമതല ഇന്ന് ആർക്കുമില്ല. തകർന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ; നശിച്ചുകൊണ്ടിരിക്കുന്ന ഫർണിച്ചറുകൾ; ഇതിനിടയിൽ എങ്ങനെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള ഹൈടെക് ക്ലാസ് മുറികൾ നമുക്ക് ഒരുക്കുവാൻ കഴിയുക? ഈ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ടുപോലും കൊടുക്കുവാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിൽ, എന്റെ മകൻ ഉൾപ്പെടെ രണ്ടായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ആലത്തൂർ എ.എസ്.എം.എച്ച്.എസ്. സ്കൂൾ ഈ ഗണത്തിൽപ്പെട്ടതാണ്. ഒൻപത് മാസമായി അവിടെ മാനേജ്മെന്റുകൾ തമ്മിൽ തർക്കമാണ്. ഇത്തരം വിദ്യാലയങ്ങളെ പ്രത്യേകമായി സഹായിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, മാനേജ്മെന്റ് തർക്കമുള്ള നിരവധി സ്കൂളുകളുണ്ട്. നമുക്ക് നേരിട്ട് പരിഹരിക്കാൻ കഴിയാതെ പല കേസ്സുകളും കോടതികളിൽ നിൽക്കുകയാണ്. അവ പെട്ടെന്ന് പരിഹരിക്കാൻ കഴിഞ്ഞെന്ന് വരില്ല. അത്തരമൊരു സാഹചര്യത്തിൽ ഡി.ഇ.ഒ. അതിന്റെ ചുമതല ഏറ്റെടുക്കുന്നതാണ് ഏറ്റവും ഉചിതം. അതുകൊണ്ടാണ് ഡി.ഇ.ഒ.-മാരെ ആ ചുമതല ഏൽപ്പിച്ചത്. അഡ്മിഷനും മറ്റെല്ലാ കാര്യങ്ങളും മാനേജർ ചെയ്യുന്നതുപോലെതന്നെ ഡി.ഇ.ഒ. ചെയ്യുന്നുണ്ട്. ഓരോ സ്കൂളിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി സർക്കാരിന് ചെയ്യാൻ കഴിയാവുന്നത് ചെയ്ത് അവ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ലോകത്തിലെ എല്ലാ വികസിത രാജ്യങ്ങളിലും പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകുന്നത് പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കാണ്. കുട്ടികളുടെ മനഃശാസ്ത്രം മനസ്സിലാക്കുന്നതിൽ മതിയായ യോഗ്യതയുള്ള അദ്ധ്യാപകരാണ് പ്രീ സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് പല സ്ഥലങ്ങളിലും നിയോഗിക്കപ്പെടുന്നത്. വളർച്ചയുടെ ഏറ്റവും പ്രധാന ഘട്ടമെന്ന നിലയിൽ മൂന്ന് മുതൽ അഞ്ച് വരെ പ്രായമുള്ള കുട്ടികൾക്ക് ശാസ്ത്രീയവും ആധുനികവുമായ പ്രീ സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പ്രീ സ്കൂൾ ഏറ്റവും അധികം ശ്രദ്ധിക്കേണ്ട മേഖലയാണെന്ന് പല ചോദ്യങ്ങൾക്കും മറുപടി പറഞ്ഞിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിക്കനുസൃതമായി, പഠനം എന്നതിനുപരി ജീവിതാനുഭവം എന്ന രീതിയിൽ അവർ ആ പ്രദേശത്ത് ജീവിക്കുകയെന്ന ആധുനിക സങ്കൽപ്പം ഉൾക്കൊണ്ടുകൊണ്ട് എങ്ങനെയാണ് കുട്ടികളെ വളർത്തിയെടുക്കേണ്ടതെന്ന് ശാസ്ത്രീയമായി പഠിക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി. വലിയ ശ്രമങ്ങൾ നടത്തിവരികയാണ്. ചില സങ്കൽപ്പങ്ങളെല്ലാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതെല്ലാം പൂർത്തീകരിച്ചുകൊണ്ട് പ്ലസ് ടു മേഖലയിൽ ചെയ്തതുപോലെയുള്ള ആധുനിക പാഠ്യരീതികൾ പ്രീ സ്കൂൾ മേഖലയിലും നടപ്പിലാക്കി പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കും.

ശ്രീ. റ്റി. വി. രാജേഷ്: സർ, 2018-2019-ലെ ബഡ്ജറ്റിൽ ആയിരം കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് മൂന്ന് കോടി രൂപയും 500 കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ട് ഏതാണ്ട് ഒരു വർഷം പിന്നിടുകയാണ്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഇതുവരെയും ഫലപ്രദമായ നിർദ്ദേശം ലഭിച്ചിട്ടില്ല. ഇനി സർക്കാരിന് രണ്ട് വർഷം മാത്രമേ ബാക്കിയുള്ളൂ. ഈ കാര്യത്തിൽ ഒരു മോണിറ്ററിംഗ് ഉണ്ടാകണം; ഈ ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കൺസ്ട്രക്ഷൻ മേഖലയിൽ കിഫ്ബിയുടെ പണം ഉപയോഗിച്ച് നടത്തുന്ന പണികളും എൽ.എസ്.ജി.ഡി.-യുടെയും പി.ഡബ്ല്യൂ.ഡി-യുടെയും നേതൃത്വത്തിൽ നടത്തുന്ന പണികളും ഉണ്ട്. ഇവയെല്ലാം രണ്ട് മാസം കൂടുമ്പോൾ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഞാനും ഡി.ജി.ഇ.- യും ചേർന്ന് കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ

70 ശതമാനത്തിലധികം നമ്മൾ ഉദ്ദേശിച്ച തലത്തിൽ വന്നിട്ടുണ്ട്. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതുപോലെ ചില പ്രദേശങ്ങളിൽ ചില ഏജൻസികളുടെ പ്രശ്നങ്ങൾ കാരണം കുറവുകൾ വന്നിട്ടുണ്ട്. അവരെ നേരിട്ട് വിളിച്ച് പ്രശ്നം പരിഹരിച്ച് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്; കൃത്യമായ മോണിറ്ററിംഗും നടത്തുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന സ്കൂളുകൾക്ക് കിഫ്ബി വഴി തുക അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള പ്ലാൻ തയ്യാറാക്കിയത് എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന കിറ്റ്കോപോലുള്ള സ്ഥാപനങ്ങളാണ്. അൺ-പ്രൊഫഷണലായിട്ടുള്ള പ്ലാനും വർക്കുമാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ച് കോടി രൂപ മുടക്കി സ്കൂളിനുവേണ്ടി മൂന്ന് നില കെട്ടിടം പണിതുകൊണ്ടിരുന്നപ്പോഴാണ് അതിന്റെ പ്ലാനിൽ സ്റ്റെയർ കെയ്സില്ലെന്നും സ്റ്റാഫ് റൂമിൽ ടോയ്ലെറ്റ് കൊടുത്തിട്ടില്ലെന്നുമുള്ള വിവരം മനസ്സിലായത്. ഇതുപോലുള്ള വർക്കുകളാണ് കിറ്റ്കോ പോലുള്ള സ്ഥാപനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അവരെ വിളിച്ചുവരുത്തി പ്ലാൻ മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. റോജി എം. ജോൺ: സർ, ഇത്തരം വർക്കുകൾ എൽ.എസ്.ജി.ഡി. യേയോ പി.ഡബ്ല്യു.ഡി. യേയോ ഏൽപ്പിച്ചുകൊണ്ട് വേഗത്തിൽ തീർക്കുന്നതിന് നടപടി സ്വീകരിക്കാമോ?

മി. സ്പീക്കർ: സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അംഗങ്ങൾ ചോദിച്ചാൽ പരമാവധി അംഗങ്ങൾക്ക് ചോദ്യം ചോദിക്കുവാൻ സമയം കിട്ടും. അതുകൊണ്ടാണ് അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുന്നത്. ചോദ്യം ചോദിക്കുക, ഉത്തരം സ്വീകരിക്കുക എന്നല്ലാതെ പ്രസംഗിക്കാൻ നിന്നാൽ തീരുകയില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നിയമസഭയിൽ ഈ പ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാർ സൂചിപ്പിച്ചപ്പോൾത്തന്നെ കിറ്റ്കോയോട് അവരെ ചെന്നുകാണാൻ ഞാൻ ആവശ്യപ്പെട്ടു. അവർ അതെല്ലാം മോണിറ്റർ ചെയ്ത്, തിരുത്തേണ്ടത് തിരുത്തി. എവിടെയെല്ലാം തിരുത്തൽ നടന്നുവെന്ന് ഇവിടെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതുമാണ്. ഏത് കെട്ടിടം പണിയുമ്പോഴും ഒരു പ്രീ-അറേഞ്ചുമെന്റ് നമ്മൾ ചെയ്യാറുണ്ട്, അതിനുവേണ്ടിയാണ് മോണിറ്ററിംഗ് നടത്തുന്നത്. അപ്രകാരം മോണിറ്ററിംഗ് നടത്തുവാൻ എം.എൽ.എ.-മാർക്ക് എപ്പോഴും അവസരമുണ്ട്.

മി. സ്പീക്കർ: ഇവർക്ക് തിരുത്തലിൽ വലിയ ഇഷ്ടമില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചില കൺസ്ട്രക്ഷൻസിൽ തിരുത്തലും പ്രീ-അറേഞ്ച്മെന്റുമൊക്കെ സ്വാഭാവികമാണ്. എല്ലാ രണ്ട് മാസം കൂടുമ്പോഴും കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അക്കാര്യം അറിയിച്ചാൽ ആ മോണിറ്ററിംഗിലും അത് ഉൾപ്പെടുത്താം. നേരിട്ട് എം.എൽ.എ.-യ്ക്കും അത് മോണിറ്റർ ചെയ്യാവുന്നതാണ്. എത്രയും വേഗം പരസ്പര സഹകരണത്തോടുകൂടി ഈ പ്രശ്നം പൂർത്തിയാക്കുവാൻ ശ്രമിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, വിദ്യാഭ്യാസ വകുപ്പിനെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഭാവിയിൽ ഒരുപാട് ഫലം കിട്ടുന്ന ഒരു വിത്താണിത്. പട്ടുപോകാത്ത ഒരു മരം വിദ്യാഭ്യാസത്തിലൂടെ വളരുന്ന ഒരു വിത്താണ് അങ്ങ് നട്ടത്. മൂന്ന് വർഷം കൊണ്ട് അത് തളിർത്ത് വളർന്ന് തണലായി നിൽക്കുകയാണ്. ഇപ്പോഴും തെറ്റായ ആഗ്രഹങ്ങളുടെ തടവറയിൽ സമൂഹത്തിലെ ഒരുപാട് കുടുംബങ്ങളിലെ കുട്ടികൾ നിൽക്കുകയാണ്. അതിനൊരു പ്രധാന കാരണമായി എനിക്ക് തോന്നുന്നത് പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സുമൊക്കെ കഴിയുമ്പോൾ നമ്മുടെ കുട്ടികളുടെ പ്രതിഭയ്ക്കനുസരിച്ച് അവർക്ക് വളരാൻ പറ്റുന്ന സിലബസ്സായി നമ്മുടെ സിലബസ് മാറുന്നില്ല എന്നതാണ്. നമ്മുടെ കുട്ടികളിൽ ഒരുപാട് പ്രതിഭയുണ്ട്; പക്ഷെ കുടുംബാംഗങ്ങളുടെ ആഗ്രഹമെന്ന് പറയുന്നത് എം.ബി.ബി.എസ്സാണ്. സമൂഹത്തിന്റെ ആഗ്രഹങ്ങളും കുട്ടികളുടെ പ്രതിഭയും തമ്മിൽ ചേർന്ന് പോകാവുന്ന ഒരു സിലബസ് മാറ്റത്തിന് അങ്ങ് സമ്പൂർണ്ണമായി ശ്രമിക്കുമോയെന്നതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ സുപ്രധാനമായൊരു ചോദ്യമാണ്. നമ്മൾ തുടക്കം കുറിച്ചുകഴിഞ്ഞ കാര്യമാണ് അദ്ദേഹം ഇപ്പോൾ ചോദിച്ചത്. പാഠ്യപദ്ധതി പരിഷ്കരിക്കുമെന്ന് നിയമസഭയിൽ ഞാൻ നേരത്തെ പറഞ്ഞതാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിനുശേഷമാണ് സിലബസ്സിലേയ്ക്കും പാഠപുസ്തക മാറ്റങ്ങളിലേയ്ക്കും വരിക. ഇതുവരെ ഉണ്ടായിരുന്ന പാഠ്യപദ്ധതി പലപ്പോഴും ഓരോ കുട്ടിയുടെയും യഥാർത്ഥ കഴിവിനെ പരിമിതപ്പെടുത്തുന്നവയായിരുന്നു; Outcome based education പോലുള്ള പല പാഠ്യപദ്ധതികളുമുണ്ട്; ഇതെല്ലാം മാറ്റിയെടുത്ത് ടെക്നോളജി അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഒരു പാഠ്യപദ്ധതി, ടെക്നോളജിക്കൽ പെഡഗോജി എന്നുപറയാവുന്ന ഒരു സങ്കൽപ്പം വികസിപ്പിച്ചെടുക്കാൻ കേരളത്തിൽ കഴിഞ്ഞിട്ടുണ്ട്. അതിലൂടെ കുട്ടിയുടെ തലച്ചോറിനെയും ചിന്തയേയും പരിമിതപ്പെടുത്താനോ ഇണക്കിച്ചേർക്കാനോ അല്ല, മറിച്ച് അതിനെ തുറന്നുവിട്ട് ചിന്തയ്ക്ക് ചിറക് വയ്പിക്കുന്നതുപോലെ ഓരോ കുട്ടിയേയും കഴിവിനനുസരിച്ച്

വളർത്തുവാനുള്ള ഒരു പാഠ്യപദ്ധതിയാണ് കേരളത്തിൽ നമ്മൾ വികസിപ്പിച്ചെടുത്തു കൊണ്ടിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഈ ഇടപെടലിനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാക്കൂർ സെന്റ് ഗ്രിഗോറിയസ് സ്കൂൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ലെന്ന് മാനേജർ അറിയിച്ചിരിക്കുകയാണ്. ഈ സ്കൂൾ ഏറ്റെടുക്കാൻ കഴിയില്ലെന്നാണ് ഗവണ്മെന്റ് കോടതിയിൽ അറിയിച്ചിരിക്കുന്നത്. ഒന്നുകിൽ ഗവൺമെന്റ് ഏറ്റെടുക്കുക, അല്ലെങ്കിൽ അത് അടച്ചുപൂട്ടാനുള്ള അനുമതി നൽകുക എന്നുള്ളതാണ് മാനേജരുടെ ആവശ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നത്, ഇരുന്നൂറും മുന്നൂറും കുട്ടികളുള്ള സ്കൂളുകൾക്ക് ഒരു കോടിയും മൂന്നു കോടിയും നൽകുക എന്നതുമാത്രമല്ല; ഇത്തരം വിദ്യാലയങ്ങളെക്കൂടി മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്നതും കൂടിയാണ്. എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിലുണ്ട്. ഞങ്ങളൊക്കെ സഹകരിക്കാൻ തയ്യാറാണ്. പക്ഷേ ഇത് മുന്നോട്ട് കൊണ്ടുപോകണ മെന്നുണ്ടെങ്കിൽ ഗവൺമെന്റ് ഏറ്റെടുക്കണം. അവിടെ ഒൻപതോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. മറ്റ് വിദ്യാലയങ്ങളിലേയ്ക്ക് പോകാൻ ആ കുട്ടികൾ തയ്യാറല്ല.

മി. സ്പീക്കർ: ദയവായി ചോദ്യം ചോദിക്കു.

ശ്രീ. അനൂപ് ജേക്കബ്: സർ, ആ കുട്ടികൾക്ക് അവിടെത്തന്നെ നിൽക്കാനാണ് ആഗ്രഹം. കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്നു. ഇത് സംബന്ധിച്ച നിവേദനം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. മലാപ്പറമ്പ് സ്കൂൾ ഏറ്റെടുത്തതുപോലെ ഈ വിദ്യാലയം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇത്തരത്തിലുള്ള എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട് എന്നത് സംബന്ധിച്ച് എന്തെങ്കിലും കണക്ക് ഗവൺമെന്റിന്റെ കയ്യിലുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന സ്കൂളുകളൊക്കെ ഏറ്റെടുക്കുക എന്നത് സർക്കാരിന്റെ നയമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടുമെന്ന് ഉറപ്പുള്ള നാല് സ്കൂളുകൾ ഏറ്റെടുത്തുകൊണ്ട് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുകയാണ് വേണ്ടതെന്നുള്ള സന്ദേശം കൊടുത്തു. അതോടൊപ്പം ഇത്തരം സ്കൂളുകളെ വികസിപ്പിക്കേണ്ടത് ജനകീയമായിട്ടാണെന്ന ഒരു സന്ദേശവും നൽകിയിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും ജനങ്ങളുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയുമൊക്കെ നേതൃത്വത്തിൽ ജനകീയ പ്രവർത്തനം നടത്തി സ്കൂളിൽ

കുട്ടികൾ ഇരട്ടിയായി വർദ്ധിച്ച അനുഭവം എന്റെ മണ്ഡലത്തിൽത്തന്നെയുണ്ട്. അങ്ങ് സൂചിപ്പിച്ച സ്കൂളിൽ ഞാനും വരാം. നമുക്ക് എല്ലാവർക്കും ചേർന്ന് ജനങ്ങളെ വിളിച്ചുചേർത്ത് സ്കൂളിനെ ജനകീയമാക്കാം. ജനാധിപത്യ വൽക്കരണത്തിലൂടെ മാത്രമേ കുട്ടികൾ കടന്നുവരൂ. സർക്കാർ ഏറ്റെടുത്തതുകൊണ്ടുമാത്രം കുട്ടികൾ വരണമെന്നില്ല. അതിനെ ജനകീയമാക്കി മാറ്റണം. അത്തരത്തിലുള്ളൊരു ജനകീയ പ്രവർത്തനത്തിന് അങ്ങ് പറഞ്ഞ ഈ സ്കൂളിൽ സർക്കാർ നേതൃത്വം നൽകാം; ഞാനും കൂടെ വരാം.

ശ്രീ. കെ. രാജൻ: സർ, 62 വർഷക്കാലത്തെ വിദ്യാഭ്യാസ ചരിത്രമെടുത്തുനോക്കിയാൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകൾക്ക് ഓരോ ദിവസം പ്രവേശനോത്സവം നടത്തിയത് കേരള ചരിത്രത്തിലെതന്നെ ആദ്യത്തെ അനുഭവമാണ്. ഗൈഡും ടെക്സ്റ്റ്ബുക്കും മറികടന്നുകൊണ്ട് ഒരു പുതിയ വിദ്യാഭ്യാസ നയവുമായാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ സമൂഹം മുന്നോട്ട് പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത പ്രവേശനോത്സവത്തിൽ കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഓരോ നീന്തൽക്കുളം നൽകുമെന്ന പ്രഖ്യാപനമുണ്ടായി. പാഠ്യേതര വിഷയങ്ങളിൽ നീന്തൽക്കുളം ഉൾപ്പെടുത്താനുതകുന്ന ഏതുതരം പദ്ധതികളാണ് അങ്ങ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ രണ്ട് വർഷങ്ങളായി യോഗ, നീന്തൽ, റോഡ് സുരക്ഷ തുടങ്ങിയവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കാര്യങ്ങളാണ് ശ്രീ. കെ. രാജൻ ഇവിടെ സൂചിപ്പിച്ചത്. കേരളത്തിലെ എല്ലാ കുട്ടികളും നീന്തൽ അറിഞ്ഞിരിക്കണം; അത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് ഞാൻ പ്രവേശനോത്സവത്തിൽ പറഞ്ഞിരുന്നു. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രംപോരാ പരിശീലനം കൊടുത്ത് അവരെ പഠിപ്പിക്കണം എന്നുള്ളതുകൊണ്ടാണ് ഓരോ നിയോജകമണ്ഡലത്തിലും സ്വിമ്മിംഗ് പൂളുകൾ വേണമെന്ന് പറഞ്ഞത്. ഏതായാലും ഈ വർഷംതന്നെ 140 നിയോജകമണ്ഡലത്തിലും കുട്ടികൾക്ക് പഠിക്കാവുന്ന രീതിയിലുള്ള സ്വിമ്മിംഗ് പൂളുകൾ നിർമ്മിക്കും. അതിനെത്തുടർന്ന് അന്താരാഷ്ട്ര തലത്തിലുള്ള സ്വിമ്മിംഗ് പൂളുകളും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുണ്ടാകും. അതുമാത്രമല്ല, യോഗ അടക്കമുള്ള എല്ലാ മേഖലകളിലും, പാഠ്യരംഗത്തെ അക്കാദമിക് മികവുപോലെ പാഠ്യേതര രംഗത്തെ മികവും വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം

2 (*92) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എസ്. ശർമ്മ:

ശ്രീ. എം. സ്വരാജ്:

ശ്രീ ജോൺ ഫെർണാണ്ടസ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻസർക്കാരിന്റെ കാലത്ത് നിർമ്മിച്ച കൊച്ചി പാലാരിവട്ടം മേൽപ്പാലം നിർമ്മാണം പൂർത്തിയായി ചുരുങ്ങിയ കാലത്തിനിടയിൽ തകർന്നതിന്റെ പശ്ചാത്തലത്തിൽ സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാൻ നടപടിയാരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സമഗ്ര അന്വേഷണം നടത്തുന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വകുപ്പിലെ അഴിമതിക്ക് അറുതി വരുത്തുന്നതിനും കാര്യക്ഷമത ഉറപ്പാക്കുന്നതിനും നിർമ്മാണ പ്രക്രിയയിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗം വിപുലപ്പെടുത്തുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) അന്വേഷണം ആരംഭിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണം ശക്തമായി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഔദ്യോഗികമായി വിജിലൻസ് വകുപ്പ് യാതൊരു അന്വേഷണവും നടത്തിയതായി കാണുന്നില്ല. എന്നാൽ ഒരു വിജിലൻസ് DySP കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നു. അതിൽ പറഞ്ഞ പ്രധാന കാര്യങ്ങൾ മുഖവിലയ്ക്കെടുത്ത് ഇതിന്മേൽ കഴിഞ്ഞ സർക്കാർ ഒരു തീരുമാനവും എടുത്തിരുന്നില്ല.

DySP യുടെ റിപ്പോർട്ടിലെ നിഗമനങ്ങൾ താഴെ ചേർക്കുന്നു.

1. മരാമത്ത് പണിയുടെ ബിൽ തയ്യാറാക്കുന്ന അവസരത്തിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ട കൈക്കൂലിയുടെ ശതമാനം.
2. മരാമത്ത് പണി പൂർത്തിയാക്കാതെ ബില്ല് പാസ്സാക്കി കൈക്കൂലി വാങ്ങുന്നു.
3. പുതുക്കിയതും പെരുപ്പിച്ചതുമായ എസ്റ്റിമേറ്റ് അനുവദിച്ച് കൈക്കൂലി വാങ്ങുന്നു.
4. പൊതുമരാമത്ത് അനുവദിക്കുന്ന ടാർ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ മറിച്ചുവിൽക്കുന്നു.
5. ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തിനും പോസ്റ്റിംഗിനും കൈക്കൂലിയായി നിശ്ചിത തുക നിശ്ചയിക്കുകയും വാങ്ങുകയും ചെയ്യുന്നു.
6. മന്ത്രി/സെക്രട്ടറി തലത്തിലുള്ളവർക്കുവേണ്ടി എന്നുപറഞ്ഞ് വിവിധ ഡിവിഷനുകളിൽനിന്നും ചീഫ് എഞ്ചിനീയർമാർ/സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ തുടങ്ങിയവർ പണപ്പിരിവ് നടത്തുന്നു. ടി പണം അവർ തന്നെ കൈകാര്യം ചെയ്യുകയാണോ മുകളിലേയ്ക്ക് കൈമാറുന്നുണ്ടോ എന്നറിയില്ല.
7. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ അഴിമതിയും പൊതുമരാമത്ത് വകുപ്പിന് കോർപ്പറേഷനുമേൽ നിയന്ത്രണമില്ലാത്ത അവസ്ഥയും.
8. ടെലികോം ആവശ്യങ്ങൾക്കായി റോഡ് കുഴിക്കുന്നതിനോടനുബന്ധിച്ച് നടത്തുന്ന വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും മറ്റുമുള്ള അഴിമതി.
9. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി റോഡ് കട്ട് ചെയ്യുമ്പോഴും മണ്ണിട്ട് നികത്തുമ്പോഴും എടുക്കുന്ന അളവുകളുടെ ക്രമക്കേടും അഴിമതിയും.

(സി) പരാതി ലഭിക്കുന്ന വിഷയങ്ങളിൽ അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) അഴിമതി, കാര്യനിർവ്വഹണത്തിലെ വീഴ്ച, മേൽനോട്ട വീഴ്ച, സാമ്പത്തിക നഷ്ടം ഉണ്ടാക്കൽ തുടങ്ങിയ വീഴ്ചകൾക്ക് ഏതാണ്ട് 100-ൽ പരം എഞ്ചിനീയർമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിൽ അഴിമതി ഇല്ലാതായതായി പൊതുവെ ധാരണ ഉണ്ടായിട്ടുണ്ട്. കൃത്യനിഷ്ഠയിലും പുരോഗതി

ഉണ്ടായിട്ടുണ്ട്. നിർമ്മാണ സൗന്ദര്യവും വർദ്ധിച്ചിട്ടുണ്ട്. ദീർഘകാലം നിലനിൽക്കത്തക്ക രീതിയിലുള്ള നിർമ്മാണരീതിയാണ് അവലംബിക്കുന്നത്. നല്ല ഡിസൈൻ ഉണ്ടാക്കാനും ഡിസൈൻ വേഗത്തിലാക്കാനും പിണറായി വിജയൻ സർക്കാർ വന്നതിനുശേഷം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് റീജിയണൽ ഓഫീസുകൾ കൂടി സ്ഥാപിച്ചു. ഈ മൂന്ന് വർഷം നാനൂറിലേറെ പാലങ്ങൾ ഡിസൈൻ ചെയ്തുകഴിഞ്ഞു. ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുൻ ചീഫ് സെക്രട്ടറി C.P. നായർ തുടങ്ങിയവർ ഗുണപരമായ മാറ്റം എടുത്തുകാട്ടി ലേഖനങ്ങൾ എഴുതിയിരുന്നു. പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്ക് അറുതി വരുത്തുന്നതിനായി ഗുണമേന്മ പരിശോധനയ്ക്കായി 3 റീജിയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. ഇവയുടെ മേൽനോട്ടം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്നു തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കുകയും ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്ക് ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നിർബന്ധമാക്കുകയും പരിശോധനാഫലം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തി മാത്രമേ ബിൽ തുക അനുവദിക്കുന്നുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ഡിസൈൻ തയ്യാറാക്കി കുറ്റമറ്റരീതിയിൽ പാലങ്ങളുടെ പ്രവൃത്തി നടത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതിക വിദ്യകളായ milling, Soil stabilization, gabion wall, soil nailing, shredded plastic കലർത്തിയുള്ള ടാറിംഗ്, കയർ ജിയോ ടെക്സ്റ്റയിൽസ്, NRMB ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയവ സാർവ്വത്രികമായി ഉപയോഗിച്ചുവരികയാണ്. 1 കിലോമീറ്ററിന് 10 കോടി രൂപ ചെലവ് വരുന്ന ബാംഗ്ലൂർ മോഡൽ വൈറ്റ് ടോപ്പിംഗ് സർഫസ് തെരഞ്ഞെടുത്ത റോഡുകളിൽ നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. കേരള കൗമുദി പോലുള്ള ദിനപത്രങ്ങളിലും കലാകൗമുദി പോലുള്ള വാരികകളിലും PWD റോഡ് നിർമ്മാണത്തിലെ ഗുണപരമായ മാറ്റം കണ്ടെത്തി മുഖപ്രസംഗവും പ്രത്യേക റിപ്പോർട്ടും പ്രസിദ്ധീകരിച്ചതായി കാണുകയുണ്ടായി.

ശ്രീ. കെ. ജെ. മാക്സി: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മിച്ച പാലാരിവട്ടം മേൽപ്പാലം ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. മേൽപ്പാലത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പുറത്തുവന്നിരിക്കുന്ന വിജിലൻസ് റിപ്പോർട്ട് ഞെട്ടിക്കുന്നതാണ്. ഈ പ്രോജക്ടിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത

അഴിമതിയുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പാലങ്ങൾ പണിതിട്ടുണ്ട്; ആ പാലങ്ങളുടെ അവസ്ഥ പാലാരിവട്ടം മേൽപ്പാലനിർമ്മാണം പോലെ ആകാൻ സാധ്യതയുണ്ട്. ആയതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണിത മുഴുവൻ പാലങ്ങളുടെയും നിർമ്മാണത്തിന്റെ വിശദാംശങ്ങൾ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, വ്യക്തമായിട്ടുള്ള ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണിത ഏതെങ്കിലും പാലത്തെപ്പറ്റി ആക്ഷേപം ഉന്നയിച്ചാൽ പ്രാഥമിക പരിശോധന നടത്തി ഗുരുതരമായ കുറ്റമുണ്ടെങ്കിൽ വിജിലൻസിനെ ഏൽപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു വിഷമവുമില്ല.

ശ്രീ. കെ. ജെ. മാക്സി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2014 ഡിസംബർ 9-ന് നിയമസഭയിൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന കടുത്ത അഴിമതിക്ക് പരിഹാരം ഉണ്ടാകണമെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ, നിയമസഭയിൽ പറഞ്ഞെങ്കിലും അന്നത്തെ മുഖ്യമന്ത്രി അത് കാര്യമായെടുത്തില്ലെന്നാണ് അറിയാൻ സാധിച്ചത്. മന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്തിരുന്ന മൂന്നുപേർ അഴിമതിക്കാരാണെന്നുള്ളത് വ്യക്തമായി തെളിഞ്ഞിട്ടുണ്ട്. മന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടക്കുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. ജി. മാക്സി ചോദ്യം ചോദിക്കൂ. ദുരാരോപണങ്ങളും ദുഃസൂചനകളൊന്നും ചോദ്യോത്തരവേളയിൽ പാടില്ല.

ശ്രീ. കെ. ജെ. മാക്സി: സർ, 30 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെയാണ് അന്ന് വാങ്ങിയിരുന്നത്. ഇക്കാര്യം കൂടി വിജിലൻസിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഒരു സഭാ സമ്മേളനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിച്ചത് അന്ന് പ്രതിപക്ഷ എം.എൽ.എ. ആയിരുന്ന ഞാനും കേൾക്കുകയുണ്ടായി. അതുസംബന്ധിച്ച അന്വേഷണത്തിനുവേണ്ടി അദ്ദേഹം ഫയൽ സമർപ്പിച്ചിട്ടില്ല; സമർപ്പിക്കുകയാണെങ്കിൽ അന്വേഷിക്കാവുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, പാലാരിവട്ടം പാലം നിർമ്മാണത്തിലുണ്ടായ അപാകത ആരെയും ഞെട്ടിപ്പിക്കുന്നതും ഉത്കണ്ഠപ്പെടുത്തുന്നതുമായ തകർച്ചയുടെ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരമായി വിജിലൻസ് അന്വേഷണം നടന്നുവരുന്നതായി വിശദീകരിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തീകരിച്ച് കർശന നടപടി സ്വീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ ട്രാൻസ്പരന്റായി നടക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി സോഷ്യൽ ഓഡിറ്റ് പ്രഖ്യാപിച്ചിരുന്നു. മദ്രാസ് ഐ.ഐ.ടി.-യിലെ വിദഗ്ദ്ധനായ ഡോ. അരവിന്ദാക്ഷനെ നേതൃസ്ഥാനത്ത് നിർത്തിക്കൊണ്ട് ചില സോഷ്യൽ ഓഡിറ്റുകൾ നടത്തുകയും ചെയ്തിരുന്നു. അത് അങ്ങേയറ്റം പ്രശംസ അർഹിക്കുന്ന നടപടിയായിരുന്നു. അത് തുടർന്നും നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഐ.ഐ.ടി.-യിൽ ഉദ്യോഗസ്ഥനായിരുന്ന ഡോ. അരവിന്ദാക്ഷൻ അടുത്തകാലത്ത് അന്തരിച്ചതിനാൽ പകരം ആളെ ചുമതലപ്പെടുത്തി സോഷ്യൽ ഓഡിറ്റ് കർശനവും വ്യക്തതയോടുംകൂടി നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, വളരെ ശക്തമായിട്ടാണ് വിജിലൻസ് അന്വേഷണം നടക്കുന്നത്. പാലാരിവട്ടം പാലത്തിൽ കാര്യമായ തകരാർ കണ്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വിജിലൻസ് ഡയറക്ടർ അന്വേഷണത്തിന് ഏർപ്പാട് ചെയ്യുകയും കാലതാമസമുണ്ടാകാതെ അവർ പ്രാഥമിക റിപ്പോർട്ട്, എഫ്.ഐ.ആർ. എന്നിവ കോടതിയിൽ സമർപ്പിക്കുകയും ആ റിപ്പോർട്ടിന്റെ ചുരുക്കം വിജിലൻസ് ഐ.ജി. എച്ച്. വെങ്കിടേഷ് ഇന്നലെ രാവിലെ 8.58-ന് എനിക്ക് നൽകുകയും ചെയ്തു. അത് സത്വര നടപടി തന്നെയാണ്. കൂടുതൽ ആഴത്തിലുള്ള അന്വേഷണം വേണമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്, അത് നടക്കും. അവരാണ് കുറ്റക്കാരെ കണ്ടുപിടിക്കേണ്ടത്. കഴിഞ്ഞ വർഷം പകുതിയായപ്പോഴാണ് പാലത്തിൽ കുഴപ്പങ്ങൾ കണ്ടു തുടങ്ങിയത്. ഞങ്ങൾ ഡയറക്ടർ ബോർഡ് വിളിച്ചുകൂട്ടി ഇതിനെപ്പറ്റി അന്വേഷിച്ചു. റോഡ്സ് ആന്റ് ബ്രിഡ്ജസിൽനിന്നു വരുത്തിയ പ്രാഥമിക റിപ്പോർട്ടാണ്, അന്ന് ശ്രീ. ജയിംസ് ഐ.എ.എസ്. ആയിരുന്നു അന്വേഷിച്ചത്. അദ്ദേഹം ആത്മാർത്ഥമായി റിപ്പോർട്ട് തന്നു. ഇപ്പോൾ അദ്ദേഹം റിട്ടയർ ചെയ്തു. മദ്രാസ് ഐ.ഐ.ടി.യിലേക്ക് അന്വേഷിക്കാൻ റഫർ ചെയ്തു. അവിടെ നിന്നും സീനിയർ പ്രൊഫസറായ ഡോ. അളഗസുന്ദര മൂർത്തിയുടെ നേതൃത്വത്തിൽ പാലത്തിന്റെ

സാങ്കേതിക തകരാറുകൾ കണ്ടുപിടിച്ച് പരിഹരിച്ചുകൊണ്ടിരുന്നു. സാങ്കേതിക പരിഹാരത്തിന് ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തി. അദ്ദേഹത്തെ സഹായിക്കാൻ ബ്രിഡ്ജസ്, റോഡ്സ് ആന്റ് നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളുടെയും ചീഫ് എഞ്ചിനീയർമാരെയും കമ്മിറ്റിയിൽ വച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ യുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരും അവിടെയുണ്ട്. സാമ്പത്തിക മേഖലയിലെ ഗുരുതരമായതും ക്രിമിനൽ പശ്ചാത്തലമുള്ളതുമായ തെറ്റുകൾ കണ്ടുപിടിക്കുന്നതിനാണ് വിജിലൻസിനെ ഏൽപ്പിച്ചിരിക്കുന്നത്. അന്വേഷണം വളരെ ശക്തമായി പുരോഗമിക്കുകയാണ്. കേരളത്തെ മൊത്തത്തിൽ, ആഴത്തിൽ സ്പർശിച്ച ഒരു പ്രശ്നമായതുകൊണ്ട് ഗവൺമെന്റ് ഒരു തരത്തിലുള്ള വീഴ്ചയും കാണിക്കാതെ നിഷ്പക്ഷമായിത്തന്നെ അന്വേഷിക്കുകയാണ്. ഉത്തരവാദികളായവരെ കണ്ടെത്തും. അതിൽ ഒരു സംശയവും വേണ്ട. നിർമ്മാണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലംഘിച്ച് ഡിസൈൻ ചെയ്തുവെന്നതാണ് ഐ.ഐ.ടി.യുടെ കണ്ടെത്തൽ. ഡിസൈനിൽ ഒരിക്കലും കുഴപ്പം വരാൻ പാടില്ല. ഡിസൈൻ തന്നെ കുഴപ്പമായതിന്റെ ഫലമായി നിർമ്മാണത്തിൽ കുഴപ്പം വന്നു. നിർമ്മാണത്തിൽ കുഴപ്പം വന്നപ്പോൾ സൂപ്പർവിഷൻ ഇല്ല. ഇതിന്റെ ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ കൺസൽട്ടൻസിയായി വലിയ ഫീസ് നൽകി കിറ്റ്കോയെ നിയമിച്ചു. അവർ ആ ജോലി ചെയ്തില്ല. അവർ മിക്ക കാര്യങ്ങളിലും ആ ജോലി ചെയ്യാറില്ല. ഇതു മാത്രമല്ല, സാന്ദർഭികമായി പറയുകയാണ്, കിറ്റ്കോ ഏജൻസിയായി പ്രവർത്തിച്ച, നിലവിലുള്ള എല്ലാ പി.ഡബ്ല്യു.ഡി. നിർമ്മാണങ്ങളെപ്പറ്റിയും അന്വേഷിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമന്ത്രിക്ക് റിപ്പോർട്ട് കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. കമ്മീഷൻ ഏജന്റുമാരൊന്നും വേണ്ട; നേരിട്ട് പണിയുന്നവർ മാത്രം മതി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആദ്യം അങ്ങനെയായിരുന്നു, പിന്നെ അതിനെ മോശമാക്കി. ഇപ്പോൾ ഞങ്ങളത് മാറ്റി. ഒരു കമ്മീഷൻ ഏജൻസിയുമില്ല, കിഫ്ബിയുടെ എസ്.പി.വി.യായി മാത്രം പ്രവർത്തിക്കുകയാണ്. ഇപ്പോൾ നല്ല വർക്കുണ്ട്, സാമ്പത്തിക ഭദ്രതയുണ്ട്, അവർക്ക് നഷ്ടമില്ല. റീ-ഇൻഫോഴ്സ്മെന്റിന് ആവശ്യമായ കമ്പിയും സിമന്റും ഇതിൽ ചേർത്തിട്ടില്ല; പാലത്തിന് അതാണ് ഏറ്റവും പ്രധാനം. രണ്ടാമതായി കണ്ടുപിടിക്കപ്പെട്ട പ്രശ്നം കോൺട്രാക്ടർ ക്വാളിറ്റിയില്ലാത്ത സാമഗ്രികൾ ഉപയോഗിച്ചുവെന്നുള്ളതാണ്. കാരണം സൂപ്പർവിഷൻ ഇല്ലല്ലോ? ഇതിൽ ധാരാളമായി ക്രാക്ക്സ് ഉണ്ടായി. 0.25 മില്ലിമീറ്റർ ക്രാക്ക്സ് വരെയാകാം. അത് കണ്ണുകൊണ്ടൊന്നും കാണാനാകുകയില്ല. പക്ഷെ, 0.35 മില്ലിമീറ്റർ വന്നാൽ വലിയ വ്യത്യാസം വരും. അങ്ങനെയാണ് പൊട്ടലും ചീറ്റലും ഉണ്ടായത്. റിഫ്ലക്ഷന്റെ പ്രശ്നവുമുണ്ടായി. പാലം പണിഞ്ഞാൽ

അതിൽ ലോഹത്തകിട് വയ്ക്കും, ആ ലോഹത്തകിടിൽ വണ്ടി കയറുമ്പോൾ 0.26 വരെ ഇത് താഴ്ന്നുപോകാം, പക്ഷേ 0.76 താഴ്ന്നാൽ അത് വളയുകയും പൊട്ടുകയും ചെയ്യും. ഇതൊക്കെ അടിസ്ഥാനപരമായ നിർമ്മാണ കാര്യങ്ങളാണ്. ഡിസൈനിൽ ശ്രദ്ധിച്ചില്ല, സൂപ്പർവിഷനിൽ ശ്രദ്ധിച്ചില്ല, ഇങ്ങനെയുള്ള ഗുരുതരമായ, അടിസ്ഥാനപരമായ തകരാറുകൾ സംഭവിച്ചതിന്റെ ഫലമായിട്ടാണ് ഈ തകർച്ചയുണ്ടായത്. ഇത് തികഞ്ഞ അഴിമതിയാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. വേരിയസ് ഫാക്ടേഴ്സ് കോൺട്രിബ്യൂട്ട് ചെയ്തിരിക്കുകയാണ്. ആർ.ബി.ഡി.സി.കെ.-യുടെ ഭാരവാഹികൾക്കെല്ലാം അതിൽ ഉത്തരവാദിത്വമുണ്ട്, ഉദ്യോഗസ്ഥർക്കും ഡിസൈൻ കൺസൾട്ടന്റായ കിറ്റ്കോ-യ്ക്കും ഉത്തരവാദിത്വമുണ്ട്. നാഷണൽ ലെവൽ കോൺട്രാക്റ്റ് കമ്പനിയായ ആർ.ഡി.എസ്.-ന് ഏറ്റവും വലിയ ഉത്തരവാദിത്തമുണ്ട്. ഇതിനെല്ലാം മേൽനോട്ടം വഹിച്ചവർ എന്തു ചെയ്തുവെന്നുള്ളത് അന്വേഷിക്കാൻ ഇരിക്കുന്നതേയുള്ളൂ. അത് പ്രാഥമിക അന്വേഷണത്തിൽ വരികയില്ല. അതെല്ലാം പരിശോധിക്കും, ഉത്തരവാദിത്വ വീഴ്ചയുണ്ടോ? മേൽനോട്ട വീഴ്ചയുണ്ടോ? എന്നൊക്കെ പരിശോധിക്കും. ഈ പാലം നിർമ്മാണം തുടങ്ങിയശേഷം 13 തവണ ഡയറക്ടർ ബോർഡ് കൂടി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും എന്തെങ്കിലും പ്രശ്നമുള്ളതായി ആരും ഉന്നയിച്ചിട്ടില്ല. അത് ചർച്ച ചെയ്യപ്പെടണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ 9 മീറ്റിംഗ് കൂടി, പ്രശ്നം വന്നപ്പോൾത്തന്നെ ചർച്ച ചെയ്തു. ഡോ. അളഗപ്പസുന്ദര മൂർത്തിയെ രണ്ടു തവണ ഡയറക്ടർ ബോർഡിൽ വിളിച്ചുവരുത്തി. ഇക്കഴിഞ്ഞ 7-ാം തീയതിയും മീറ്റിംഗ് കൂടി. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം പ്രശ്നം പരിഹരിച്ചു വരികയാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ പാലങ്ങളും ഇങ്ങനെയാണെന്നൊന്നും പറയാൻ പറ്റുകയില്ല. ഏനാത്ത് പാലത്തിന് മാത്രമാണ് പ്രശ്നമുണ്ടായത്, അത് വേഗം പരിഹരിച്ചു. വേറെ പാലങ്ങൾക്കൊന്നും ഇതുവരെ പ്രശ്നമൊന്നുമില്ല. കോട്ടയത്ത് നീലിമല എന്ന ഒരു ചെറിയ പാലത്തിന് പ്രശ്നമുണ്ടാകുകയും അപ്പോൾത്തന്നെ പരിഹരിക്കുകയും ചെയ്തു. ഇത്രയും ഭീകരമായൊരു സംഭവം ആദ്യമായിട്ടാണ്. ഗവൺമെന്റ് ഇക്കാര്യം ഗൗരവമായിത്തന്നെയെടുക്കും. അതിനകത്ത് പലതരത്തിലുള്ള വീഴ്ചകളുണ്ടായിട്ടുണ്ട്. അത് റിപ്പോർട്ടുകളിൽ വരുന്നതിനുമുൻപ് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭരണപരമായ വീഴ്ചയായാലും മേൽനോട്ട വീഴ്ചയായാലും ഡയറക്ടർ ബോർഡ് കൂടുമ്പോൾ വ്യക്തമായി ഇക്കാര്യങ്ങൾ പരിശോധിച്ച് ചർച്ച ചെയ്യാത്തതിന്റെ ഭാഗമായിട്ടുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ട 7 വീഴ്ചകൾ, അതിനുത്തരവാദികളായവരും അതിന് മേൽനോട്ടം വഹിച്ചവരും എന്താണ് ഈ കാലത്ത് ചെയ്തതെന്ന് വ്യക്തമാക്കേണ്ടി വരും.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പഴയ 'പഞ്ചവടിപ്പാലം' സിനിമയെ അനുസ്മരിക്കും വിധമുള്ള സംഭവങ്ങളാണ് പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട് ഇപ്പോൾ പുറത്തു വരുന്നത്. സമീപകാല കേരളത്തിലെ ഏറ്റവും ഞെട്ടിപ്പിക്കുന്ന അഴിമതിയായി ഇത് മാറിയിരിക്കുകയാണ്. അത് സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ശക്തമായ നടപടികൾ കൈക്കൊള്ളുമെന്നാണ് ബഹു. മന്ത്രി പറഞ്ഞിട്ടുള്ളത്. അത് പൂർണ്ണമായും മുഖവിലയ്ക്കെടുക്കുന്നു. അതുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണങ്ങൾ ആവശ്യമുള്ള ചോദ്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്റെ ചോദ്യം, ഇത്തരത്തിലുള്ള അഴിമതികൾക്ക് ഇടയാക്കുന്നതും പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കുന്നതുമായ ചില രീതികൾ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ കാണുന്നുണ്ട്. നമ്മുടെ നല്ല റോഡുകൾ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ ഇടുന്നതിനും മറ്റാവശ്യങ്ങൾക്കുമായി മുറിക്കേണ്ടി വരുന്നു. എത്ര വീതിയിലും ആഴത്തിലുമാണ് മുറിക്കുന്നത് എന്നത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ആ തുക കെട്ടിവച്ചിട്ടാണ് റോഡ് മുറിക്കുന്നത്. ഈ നടപടിക്രമങ്ങളെല്ലാം കഴിഞ്ഞ് പൈപ്പോ കേബിളോ ഇട്ടുകഴിഞ്ഞാലും പിന്നീട് റോഡ് പൂർവ്വ സ്ഥിതിയിലാക്കാൻ മാസങ്ങൾ വേണ്ടി വരികയാണ്. എന്റെ നിയോജകമണ്ഡലത്തിലും സമീപ നിയോജകമണ്ഡലങ്ങളിലുമെല്ലാം മാസങ്ങളായി ഇങ്ങനെ റോഡുകൾ മുറിഞ്ഞു കിടക്കുകയാണ്. ഈ തുക ബന്ധപ്പെട്ട റോഡ് മുറിക്കുന്ന ഡിപ്പാർട്ടുമെന്റ് കെട്ടിവച്ചു കഴിഞ്ഞാൽ അപ്പോൾത്തന്നെ എന്തുകൊണ്ട് ടെണ്ടർ നടപടികളിലേക്കും മറ്റും കടന്നുകൂടാ? എന്തിനാണ് അനാവശ്യ കാലതാമസത്തിന് ഇടയാക്കുന്ന രീതികൾ പിൻതുടരുന്നത്; ഇതിനെയെല്ലാം അഴിച്ചു പണിയാൻ, ഒരു നല്ല റോഡ് മുറിച്ചു കഴിഞ്ഞാൽ പരമാവധി ഇത്ര ദിവസത്തിനകം അത് പൂർവ്വ സ്ഥിതിയിലാക്കുമെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനാകുക; റോഡ് മുറിക്കുന്ന വകുപ്പുകളും പി.ഡബ്ല്യൂ.ഡി.യും തമ്മിൽ ഒരു പ്രോപ്പർ കോർഡിനേഷൻ സാധ്യമാകുമോ; ജനങ്ങൾക്കുള്ള അസൗകര്യവും അഴിമതിക്കുള്ള സാധ്യതയും ഇല്ലാതാക്കാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇത് പ്രധാന ചോദ്യത്തിന്റെ ഭാഗമല്ല, അതുകൊണ്ട് ഞാൻ അതിന് വിശദമായ മറുപടി പറയുന്നില്ല. ഇത് കേരളം വ്യാപകമായിട്ടുള്ള പ്രതിഭാസമാണ്. ഓരോ സ്ഥലത്തെയും എം.എൽ.എ.-മാരും മറ്റ് ബന്ധപ്പെട്ടവരും ചേർന്ന് ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. പണം ഉണ്ടെങ്കിലും പണിയുന്നില്ല. അതിനൊക്കെ എന്തെങ്കിലും പ്രശ്നം കാണും; ആ പ്രശ്നം ഓരോന്നും പറഞ്ഞാലേ മനസ്സിലാകുകയുള്ളൂ.

ഇക്കാര്യത്തിൽ നമുക്ക് ശരിയായ തീരുമാനമുണ്ട്. പല സ്ഥലത്തും ആ തീരുമാനം പാലിക്കപ്പെടുന്നില്ല; അതാണ് അങ്ങ് ഉന്നയിച്ചത്, അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, പാലാരിവട്ടം പാലത്തെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ജനങ്ങളുടെ ആശങ്ക വളരെ ഗൗരവമുള്ളതാണ്. ഇതുസംബന്ധിച്ച അന്വേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പാലം നിർമ്മാണം ആരംഭിക്കുന്നത്. ദേശീയപാതയിൽ അത്തരമൊരു പാലം നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവന്നപ്പോൾ തിരക്ക് പിടിച്ച് സർക്കാരിന്റെ സ്പീഡ് പരിപാടിയിൽ ഉൾപ്പെടുത്തിയാണ് പാലാരിവട്ടം പാലം പണിയുന്നതിന് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് തയ്യാറായത്. അതിൽത്തന്നെ ഗൗരവമായ ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി നിർമ്മിക്കേണ്ട പാലം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് തിരക്കുപിടിച്ച് നിർമ്മിക്കാൻ തയ്യാറായത് എന്തുകൊണ്ടാണ്; പാലം പണിയിൽ വന്ന തിരക്ക് അടക്കമുള്ള കാര്യങ്ങൾ അഴിമതിയിലേയ്ക്ക് എത്തുന്നതായാണ് നാം കാണുന്നത്. ഇതു സംബന്ധിച്ചും അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിനെക്കുറിച്ച് അന്വേഷണം നടത്താതെതന്നെ എനിക്ക് വ്യക്തമായ മറുപടി പറയാൻ പറ്റും. പൊതുവേ പറയുകയാണെങ്കിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം നിർമ്മാണ പ്രവൃത്തികൾ നടത്താൻ ശ്രമിച്ചെങ്കിലും അതിലൊന്നും തന്നെ പി.ഡബ്ല്യൂ.ഡി. മാന്വലിൽ പറയുന്ന ശുഷ്കാന്തി പ്രകടിപ്പിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് ധാരാളം സംഭവങ്ങൾ അപ്പുറത്തും ഇപ്പുറത്തുമുള്ള എം.എൽ.എ.-മാർക്കറിയാം; പണികളൊക്കെ ധാരാളം മുടങ്ങിയിട്ടുണ്ട്; അതിന് പലകാരണങ്ങളുമുണ്ടാകാം; അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇപ്പോൾ പറഞ്ഞ പ്രശ്നത്തിലും കഴിഞ്ഞ ഗവൺമെന്റിന്റെ പി.ഡബ്ല്യൂ.ഡി. വകുപ്പ് പാലം പണി സ്റ്റേറ്റ് ഗവൺമെന്റ് നടത്താമെന്ന് പറഞ്ഞുകൊണ്ട് സെൻട്രൽ ഗവൺമെന്റിന് കത്തയച്ചു. അങ്ങനെ എഴുതാൻ പാടില്ലാത്തതാണ്, അങ്ങനെയാണ് ഈ വർക്ക് നമ്മുടെ തലയിൽ കെട്ടിവച്ചത്. ഏറ്റെടുത്ത പ്രവൃത്തികളിൽ ഏകദേശം പൂർത്തിയായത് പാലാരിവട്ടം മേൽപ്പാലമാണ്. പാലത്തിന്റെ ബേസിക് വർക്കിന്റെ 90% -ഉം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയതാണ്. ടാറിംഗ് മുതലായ ചില്ലറ കാര്യങ്ങളേ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളൂ. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ കോഴിക്കോട് ബൈപാസിലെ ഒരു ഫ്ലൈ ഓവറിന്റെ പ്രവൃത്തി

ഈ ഗവൺമെന്റാണ് ചെയ്തത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അത് വളരെ ഭംഗിയായി ചെയ്തു. യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല. കൊല്ലം-ആലപ്പുഴ ബൈപ്പാസും ഇത്തരത്തിലുള്ളതാണ്. ഇതും കേന്ദ്രം പണിയേണ്ടതാണ്. അവസാനം 50% തുക അവർ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൊല്ലത്തെ പണികൾ തീർന്നു. ആലപ്പുഴയിലേത് ഈ ആഗസ്റ്റ് മാസം ഓപ്പൺ ചെയ്യും. കുണ്ടന്നൂർ ബൈപ്പാസിന്റെ കാര്യത്തിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുപോലെ കത്തയച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം കേന്ദ്രം ആ പ്രവൃത്തി ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് കത്തയച്ചു. എന്നാൽ അങ്ങനെ പറ്റില്ലെന്നും കഴിഞ്ഞ ഗവൺമെന്റ് വർക്ക് ചെയ്യാമെന്ന് സമ്മതിച്ചതിനാൽ മാറ്റാൻ പറ്റില്ലെന്നും പറഞ്ഞുകൊണ്ട് മറുപടി ലഭിച്ചു. നമ്മൾ വീണ്ടും കത്തയച്ചു. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ തീരുമാനമാണെന്ന് പറഞ്ഞതിനാൽ നമ്മുടെ വാദം ഒഴിവാക്കി. ആ ഗവൺമെന്റ് വച്ച ഡിസൈൻ അനുസരിച്ചാണ് ഇപ്പോൾ നിർമ്മിക്കുന്നത്. പ്രവൃത്തി ഏകദേശം 70 -75% പൂർത്തിയാക്കികഴിഞ്ഞു. ഇത്തരത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പണം മുടക്കേണ്ടിയിരുന്ന 6 മേൽപ്പാലങ്ങൾ/ ഓവർബ്രിഡ്ജുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. വേഗത്തിൽ പണി തീർക്കാൻ വേണ്ടിയായിരിക്കാം; അഴിമതിക്ക് വേണ്ടിയാണെന്നൊന്നും ഇപ്പോൾ എനിക്ക് പറയാൻ കഴിയില്ല. യാത്രാസൗകര്യം വർദ്ധിപ്പിക്കാനാണെങ്കിലും അതിൽ ഒരു സമയത്ത് യു.പി.എ. ഗവൺമെന്റ് തന്നെ ഉണ്ടായിരുന്നു, സമ്മർദ്ദം ചെലുത്താമായിരുന്നു. ഞാൻ രാഷ്ട്രീയം പറയുകയല്ല. നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പണം മുടക്കി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനി ആ പ്രവൃത്തികളിൽ നിന്നൊന്നും പുറകോട്ട് പോകാൻ കഴിയില്ല. മേലിൽ അത്തരത്തിലുള്ള പണികളൊന്നും ചെയ്യില്ല. ഇപ്പോൾ കഴക്കൂട്ടത്തും നീലേശ്വരത്തും എൻ.എച്ച്.-ന്റെ പണി നടക്കുകയാണ്. ആ പ്രദേശങ്ങളിലെ മേൽപ്പാലങ്ങളൊക്കെ അവരെക്കൊണ്ടുതന്നെ പണിയിക്കുന്നതാണ്. നേരത്തേയുള്ളത് തെറ്റായ നിലപാടാണ്. സെൻട്രൽ ഗവൺമെന്റ് ചെയ്യേണ്ടത് നമ്മൾ സ്വമേധയാ ഏറ്റെടുക്കുന്നത് ശരിയായ കാര്യമല്ല. ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയാണ് പണി നടത്തുന്നത്. ഇതിലുള്ള ഒരു പ്രശ്നം ആർ.ബി.ഡി.സി.കെ-യ്ക്ക് പണമില്ല എന്നതാണ്. കമ്പനി നിയമങ്ങൾ ലംഘിച്ചുകൊണ്ട് മറ്റൊരു കമ്പനിയായ റോഡ് ഫണ്ട് ബോർഡിൽ നിന്നാണ് പണം കൊടുത്തിരിക്കുന്നത്. ഇതുവരെ ആ പണം തിരിച്ചുകൊടുത്തിട്ടില്ല. 40 കോടി രൂപയും കൺസൾട്ടൻസി ഫീസും ഡി.പി. ആർ-ന്റെ ചാർജ്ജും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ കൊടുക്കുന്നതിന് പകരം കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിനെക്കൊണ്ട് കൊടുപ്പിക്കുകയാണ്. മറ്റൊരു കമ്പനി ചെയ്യേണ്ട പ്രസ്തുത

പാലംപണി റോഡ് ഫണ്ട് ബോർഡിനെ സാമ്പത്തികമായി പ്രയാസത്തിലാഴ്ത്തിക്കൊണ്ട് ചെയ്യിച്ചതിൽ കമ്പനി ഒരു നിയമവും അനുസരിക്കുന്നില്ലെങ്കിലും അന്നത്തെ ഡയറക്ടർ ബോർഡ് അങ്ങനെ തീരുമാനിക്കുകയായിരുന്നു. ഇതുപോലെ ധാരാളം പ്രശ്നങ്ങളുണ്ട്. അതെല്ലാം നമ്മൾ ഇപ്പോൾ അവസാനിപ്പിച്ചു.

<u>ശ്രീ. കെ. സി ജോസഫ്</u>: സർ, പി. ഡബ്യൂ.ഡി.-ക്ക് വളരെ മികച്ച ഡിസൈൻ സംവിധാനമുണ്ട്. എന്നാൽ കിഫ്ബിയുടെ ഇപ്പോഴത്തെ പ്രവൃത്തികളെല്ലാം ചെയ്യുന്നത് ചെറിയ സ്വകാര്യ കൺസൾട്ടിംഗ് കമ്പനികളിലെ പിള്ളേരാണ്. അവർ വർക്ക് എടുക്കുന്നുമില്ല; എടുത്ത വർക്ക് പൂർത്തിയാക്കുന്നുമില്ല; ശാസ്ത്രീയമായി ചെയ്യുന്നുമില്ല. അങ്ങ് പറഞ്ഞതുപോലെ പി.ഡബ്യൂ.ഡി.-ക്ക് നല്ലൊരു സംവിധാനമുള്ള സാഹചര്യത്തിൽ അവരെ ഏൽപ്പിക്കാതെ കിഫ്ബിയുടെ ഡിസൈനിംഗ് പ്രവൃത്തികൾ എന്തുകൊണ്ടാണ് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചതെന്ന് പരിശോധിക്കണം. അതുപോലെതന്നെ പാലാരിവട്ടം പാലം ചെയ്ത ആളുകൾ തന്നെയാണോ കുണ്ടന്നൂർ പാലം ചെയ്യുന്നത്?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കുണ്ടന്നൂർ പാലം ചെയ്യുന്നത് മറ്റൊരു ഏജൻസിയാണ്. അങ്ങ് പറയുന്നതുപോലെ കിഫ്ബിയുടെ പ്രവൃത്തി ചെയ്യുന്നത് പിള്ളേരൊന്നുമല്ല. പ്രായം വച്ചാണെങ്കിൽ ചെറുപ്പക്കാരുടെ കൂട്ടത്തിലാണ് ഏറ്റവും വിദഗ്ധരുള്ളത്. കൈക്കൂലിയൊന്നും വാങ്ങിക്കാതെയുള്ള ഫ്രഷ് ഹാൻഡ്സ് ആയിരിക്കും. തെറ്റിദ്ധാരണയാണെന്നാണ് ഞാൻ പറഞ്ഞത്. ഡിസൈൻ ചെയ്യുന്നത് പി. ഡബ്യൂ.ഡി. തന്നെയാണ്. കിഫ്ബിയിൽ ഡിസൈനിംഗ് ഇല്ല. നമ്മൾ കൊടുത്ത, നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ വലിയ യൂണിറ്റാണുള്ളത്. കിഫ്ബി വന്നശേഷം മുമ്പില്ലാത്തവിധം ഒരു പരിശോധന വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആ പരിശോധനയ്ക്ക് ടെണ്ടർ ചെയ്ത ഏജൻസിതന്നെ വേണം. ഇല്ലെങ്കിൽ ബാങ്കുകാർ പണം നൽകില്ല. വേൾഡ് ബാങ്കിന്റെ പ്രവർത്തനങ്ങളെല്ലാം അത്തരത്തിലാണ്. അവർക്ക് പരിശോധനയ്ക്ക് ആദ്യമേ ഒരു ഏജൻസി വേണം. അവർ പരിശോധിച്ച് പ്രവൃത്തി നടത്താമെന്ന റിപ്പോർട്ട് തരുന്നതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പി.ഡബ്യൂ.ഡി.ക്കാരെക്കൊണ്ടാണ് ചെയ്യിക്കുന്നത്. കിഫ്ബിയിൽ വീണ്ടും ഒരു ടെക്നിക്കൽ പരിശോധനയുണ്ട്. അതല്ലാതെ പിള്ളേരൊന്നുമല്ല പ്രവൃത്തി ചെയ്യുന്നത്. വളരെ ഉത്തരവാദിത്വപ്പെട്ടവരാണ് ചെയ്യുന്നത്. കാലതാമസം നേരിടുന്നുവെന്നത് ശരിയാണ്. അത് കുറച്ചുകൊണ്ടു വരുന്നുണ്ട്. ഇപ്പോൾ മികച്ച രീതിയിലുള്ള ഡിസൈനിംഗാണ് കേരളത്തിലുള്ളത്. കിഫ്ബിക്ക് വേണ്ടി പി. ഡബ്യൂ.ഡി. എഞ്ചിനീയേഴ്സാണ് ആ ജോലി ചെയ്യുന്നത്. അതിനുള്ള ശമ്പളം കിഫ്ബിയാണ് കൊടുക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ആ മണ്ഡലത്തിലെ എം.എൽ.എ. ആണ്. പല പ്രാവശ്യം ചോദ്യത്തിനായി കൈപൊക്കിയിരുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇപ്പോൾ ചോദ്യം ചോദിക്കണമോ, ശ്രീ. കെ.സി. ജോസഫ് അങ്ങേയ്ക്കുകൂടി വേണ്ടി ചോദിച്ചില്ലേ.?

ശ്രീ. പി. ടി. തോമസ്: സർ, സാധാരണ മര്യാദ വച്ച് .....(ബഹളം).... മന്ത്രി സമ്മതിക്കും...

മി. സ്പീക്കർ: അങ്ങേയ്ക്ക് ചോദിക്കണമെങ്കിൽ ആവാം. ഇതിൽ മര്യാദയും മര്യാദകേടുമൊന്നുമില്ല. ചോദിക്കുന്നെങ്കിൽ വേഗം ചോദിക്കു. .....(ബഹളം).... നിങ്ങളിങ്ങനെ വാശി പിടിക്കുന്നതുകൊണ്ട് രണ്ട് ചോദ്യമാണ് ഇതുവരെ എടുക്കാൻ പറ്റിയത് ....(ബഹളം).....

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ കെ. സി. ജോസഫ് ചോദിച്ചില്ലേ, അതിനുശേഷം ഇപ്പുറത്തല്ലേ വരേണ്ടത്.

മി. സ്പീക്കർ: ശ്രീ. രാജു. എബ്രഹാം, പ്രത്യേക സാഹചര്യത്തിൽ അതിനൊക്കെയുള്ള വകുപ്പുണ്ട്, നിങ്ങൾ ഇരിക്കു.. ശ്രീ. പി. ടി. തോമസ് വേഗം ചോദിക്കു.

ശ്രീ. പി. ടി. തോമസ്: സർ, പാലാരിവട്ടം പാലം പ്രവൃത്തിയിലെ ക്രമക്കേടുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിച്ച പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സൂപ്പർവിഷന്റെയും ഡിസൈനിന്റെയും പരിപൂർണ്ണ ചുമതല കിറ്റ്കോയ്ക്ക് ആയിരുന്നു. കിറ്റ്കോ കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ എന്തോ സ്ഥാപനമാണെന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പ്രസ്താവന നടത്താതെ കാര്യം പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, യഥാർത്ഥത്തിൽ അത് നേരത്തെ ഐ.ഡി.ബി.ഐ. ബാങ്കിന്റെ കീഴിലും ഇപ്പോൾ എൽ.ഐ.സി. യുടെ കീഴിലുമാണ്. അതിന് യാതൊരു നിയന്ത്രണവുമില്ല. ആ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ മോശമാണെന്നോ തെറ്റാണെന്നോ ഞാൻ പറയുന്നില്ല. ഈ ഡിസൈനിംഗിന്റെ പരിശോധന ചെന്നൈ ഐ.ഐ.ടി.-യോ മറ്റേതെങ്കിലും ഐ.ഐ.ടി.യോ നടത്തേണ്ടതായിരുന്നു. ആ കാര്യം ചെയ്തിട്ടില്ല. അതോടൊപ്പംതന്നെ പാലം പണി ചെയ്ത ആർ.ഡി.എഫ്. ആണ് ആലപ്പുഴ ബൈപ്പാസും ഇപ്പോൾ തിരുവനന്തപുരം എൻ.എച്ച്.-ലും വർക്ക് നടത്തിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥ കുറ്റവാളികളെ

കണ്ടെത്തണം. ബഹുമാനപ്പെട്ട മന്ത്രി മറ്റ് രീതിയിൽ പെരുമാറുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഒളിയമ്പ് വച്ചുള്ള പ്രവർത്തനമല്ല, അഴിമതി അവസാനിപ്പിക്കാനുള്ള ധീരമായ തീരുമാനമാണെങ്കിൽ ശക്തമായ നടപടി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് വാശിപിടിച്ചിട്ട് പ്രസ്താവന നടത്തുകയാണോ, ഇതിലെ ചോദ്യം എന്താണ്; നടപടി ഉണ്ടാകണമെന്നത് പ്രസ്താവനയല്ലേ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നേരത്തേതന്നെ ചില അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അക്കാലത്തുതന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പഠനം നടത്തുകയും പഠനറിപ്പോർട്ട് 28-5-2015-ൽ T231396/2014 കത്തുമുഖേന സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തരത്തിലുള്ള അഴിമതി നടത്തുന്നതായും മേൽത്തട്ടിലേയ്ക്ക് എന്നുപറഞ്ഞുകൊണ്ട് വിവിധ തട്ടുകളിലായി വ്യാപക പണപ്പിരിവ് നടത്തുന്നതായും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതെല്ലാം റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രധാനമായും പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെപ്പറയുന്നതാണ്.

1. മരാമത്ത് പണിയുടെ ബിൽ തയ്യാറാക്കുന്ന അവസരത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകേണ്ട കൈക്കൂലിയുടെ ശതമാനം.
2. മരാമത്ത് പണി പൂർത്തിയാക്കാതെ ബിൽ പാസ്സാക്കി കൈക്കൂലി വാങ്ങുന്നു.
3. പുതുക്കിയതും പെരുപ്പിച്ചതുമായ എസ്റ്റിമേറ്റ് അനുവദിച്ച് കൈക്കൂലി വാങ്ങുന്നു.
4. പൊതുമരാമത്ത് അനുവദിക്കുന്ന ടാർ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ മറിച്ചുവിൽക്കുന്നു.
5. ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തിനും പോസ്റ്റിംഗിനും കൈക്കൂലിയായി തുക നിശ്ചയിക്കുകയും വാങ്ങുകയും ചെയ്യുന്നു.
6. മന്ത്രി/ സെക്രട്ടറി തലത്തിലുള്ളവർക്ക് നൽകുന്നതിനുവേണ്ടി എന്നുപറഞ്ഞ് വിവിധ ഡിവിഷനുകളിൽനിന്നും ചീഫ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവർ പണപ്പിരിവ് നടത്തുന്നു. മേപ്പടി പണം അവർ തന്നെ കൈകാര്യം ചെയ്യുകയാണോ മുകളിലേയ്ക്ക് കൈമാറുന്നുണ്ടോയെന്ന് അറിയില്ല.

7. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ അഴിമതിയും പൊതുമരാമത്ത് വകുപ്പിന് കോർപ്പറേഷനുമേൽ നിയന്ത്രണമില്ലാത്ത അവസ്ഥയും.

8. ടെലികോം ആവശ്യങ്ങൾക്കായി റോഡ് കുഴിക്കുന്നതോടനുബന്ധിച്ച് നടത്തുന്ന വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും മറ്റുമുള്ള അഴിമതി.

9. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി റോഡ് കട്ട് ചെയ്യുന്നതിനും മണ്ണിട്ട് നികത്തുമ്പോഴും എടുക്കുന്ന അളവുകളുടെ ക്രമക്കേടും അഴിമതിയും.

ഇത്തരത്തിലുള്ള ഞെട്ടിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗൗരവമായ നടപടി അന്നുതന്നെ സ്വീകരിക്കേണ്ടതായിരുന്നെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് തോന്നുന്നത്. ഇതിന്റെ ദുരന്തഫലം ഇപ്പോൾ അനുഭവിക്കേണ്ടി വന്നിരിക്കുന്നു; അതാണ് പാലാരിവട്ടം പാലത്തിന്റെ പ്രശ്നം. ഇവിടെ ബഹുമാന്യനായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഇതിന്റെ ഭാഗമായി ആരൊക്കെ അഴിമതി കാണിച്ചിട്ടുണ്ടോ അവരാരും രക്ഷപ്പെടാൻ പോകുന്നില്ല. കർശന നടപടി സ്വീകരിക്കുക തന്നെ ചെയ്യും.

## മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

3 (*93) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ചെയ്തു വരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) കടൽക്ഷോഭത്തിൽ വീട് തകർന്നവരെ പുനരധിവസിപ്പിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കടൽത്തീരത്ത് നിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് തീരസംരക്ഷണത്തിന് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ; പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) ഭൂരഹിത ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത പാർപ്പിടം ഒരുക്കുന്നതിന് ലക്ഷ്യമിട്ട് 2016-17 വർഷം 800 പേർക്ക് ഭവന നിർമ്മാണത്തിനായി രണ്ട് മുതൽ മൂന്ന് സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ഇതിനകം 663 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപ നിരക്കിൽ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(ബി) കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് പത്ത് ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതിപ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നാല് വർഷമായി കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് സ്കൂളുകളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു തിരുവനന്തപുരത്തെ മുട്ടത്തറയിൽ 3.5 ഏക്കർ സ്ഥലത്ത് പാർപ്പിട സമുച്ചയം നിർമ്മിച്ചതും 192 ഫ്ലാറ്റുകൾ പൂർത്തിയാക്കി മത്സ്യത്തൊഴിലാളികൾക്ക് കൈമാറിയതും.

(സി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 760 ഗുണഭോക്താക്കളിൽ 480 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 401 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 350 പേർ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിലുമാണ്.

3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് കെട്ടിട സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

4. മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇതിനു പുറമെ കണ്ണൂർ, മലപ്പുറം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 772 മത്സ്യത്തൊഴിലാളികളെ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് 78.20 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ 5 മത്സ്യബന്ധന തുറമുഖങ്ങളിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനും പുനരുദ്ധാരണ പ്രവൃത്തിക്കായും 6 മത്സ്യബന്ധ തുറമുഖങ്ങളുടെ സമീപ പ്രദേശത്തെ തീരസംരക്ഷണ പ്രവൃത്തികൾക്കായുമുള്ള 145.195 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ 17-7-2017-ൽ ടി പദ്ധതി തത്വത്തിൽ അംഗീകരിക്കുകയും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖങ്ങളിലെ സമീപ പ്രദേശങ്ങളിലെ തീരസംരക്ഷണ പ്രവൃത്തികൾക്കായി കിഫ്ബിയിൽ നിന്നും 82.02 കോടി (എൺപത്തിരണ്ട് കോടി രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| 1 | മുതലപ്പൊഴി, മത്സ്യബന്ധന തുറമുഖം- താഴമ്പള്ളി ഭാഗത്തെയും കഠിനംകുളം കായലിലേയും തീരസംരക്ഷണ പ്രവൃത്തികൾ | 18.31 കോടി |
| 2 | കായംകുളം മത്സ്യബന്ധന തുറമുഖം ഗ്രോയിനുകളുടെ നിർമ്മാണം | 2.42 കോടി |
| 3 | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം-തെക്കേക്കരയിലെ ഗ്രോയിനുകളുടെ നിർമ്മാണം | 2.40 കോടി |
| 4 | ചേറ്റുവ മത്സ്യബന്ധന തുറമുഖം- തെക്കേക്കരയിലെ ഗ്രോയിനുകളുടെ നിർമ്മാണം | 6.86 കോടി |
| 5 | തലായ് മത്സ്യബന്ധന തുറമുഖം - ഗ്രോയിനുകളുടെ നിർമ്മാണം | 3.48 കോടി |
| 6 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം - തെക്കുഭാഗത്തെ തീരസംരക്ഷണം | 13.47 കോടി |
| 7 | ഷോർ പ്രൊട്ടക്ഷൻ വർക്ക് ഫ്രം കൊല്ലം ബീച്ച് ടു താന്നി | 35.08 കോടി |
| | ആകെ | 82.02 കോടി |

കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും വലിയതുറയിലും ഒരു ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 43.04 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബി അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അപ്രൈസൽ റിപ്പോർട്ടിന് വിശദീകരണം നൽകിവരുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കഴിഞ്ഞ രണ്ട് ദിവസങ്ങളായി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടൽക്ഷോഭം ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി തീരപ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടലോരത്ത് താമസിക്കുന്ന ആളുകൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതി നല്ല നിലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മുട്ടത്തറ ഫ്ലാറ്റ് സമുച്ചയം അതിനൊരു ഉദാഹരണമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും നേതൃത്വത്തിൽ ഫലപ്രദമായി പദ്ധതി നിർവ്വഹിക്കാൻ കഴിഞ്ഞു. അതിന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേക അഭിനന്ദനമറിയിക്കുകയാണ്. തീരത്തുനിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്നവർ ചില സ്ഥലങ്ങളിൽ വളരെ

കൂട്ടതലാണ്. എന്റെ മണ്ഡലത്തിലെ കടപ്പുറം എന്നുപറയുന്ന സ്ഥലത്ത് അൻപത് മീറ്ററിനുള്ളിൽ വീടു വച്ച് താമസിക്കുന്ന ധാരാളം ആളുകളുണ്ട്. ഒറ്റയടിക്ക് അവരെ മാറ്റി താമസിപ്പിക്കുന്നതിന് കുറച്ച് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. പത്ത് ലക്ഷം രൂപ അനുവദിക്കുന്ന ഒരു പദ്ധതി ഗവൺമെന്റ് പ്രാവർത്തികമാക്കുന്നുണ്ട്. ഇതിന്റെ ചുമതല വഹിക്കുന്നത് ഫിഷറീസ് വകുപ്പാണോ അതോ ഹാർബറാണോ; ഇതിന് ജില്ലാതലത്തിൽ ഒരു കോ-ഓർഡിനേഷൻ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തീരദേശത്ത് 50 മീറ്ററിനകത്തുനിന്ന് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി മാത്രമാണ് ഇപ്പോൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നത്. ഇപ്പോൾ ലൈഫ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കളെയെല്ലാം മാറ്റിത്താമസിപ്പിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ ഭാഗമായി തീരദേശത്ത് നിന്ന് 50 മീറ്ററിന് പുറത്തുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും ഭവനനിർമ്മാണം ഗവൺമെന്റ് ഏറ്റെടുക്കും. അത് ലൈഫ് പദ്ധതിയുടെ ഭാഗമായിത്തന്നെ നടത്തും. ഇപ്പോൾ അൻപത് മീറ്ററിനകത്തുള്ളതും കടൽ ക്ഷോഭത്തിന് ഇരയാകുന്നതുമായ കുടുംബങ്ങളെ മാത്രമാണ് മാറ്റി പാർപ്പിക്കാനുള്ള പദ്ധതിയുള്ളത്. 2018-19 വർഷം 1220 പേരെയാണ് മാറ്റിപാർപ്പിക്കാനുള്ള പദ്ധതിയിലേയ്ക്ക് കൊണ്ടുവന്നത്. നമ്മുടെ കണക്കനുസരിച്ച് 29,209 തൊഴിലാളികളാണ് ഭവനരഹിതരായിട്ടുള്ളത്. അതിൽ ഭവനരഹിതർ 16,359-ഉം ഭൂരഹിതരായിട്ടുള്ളത് 12,850-ഉം ആണ്. ഇതിനു പുറമെയാണ് കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ പുനരധിവാസം വരുന്നത്. ഇതൊരു വലിയ പ്രശ്നമാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പരമാവധി സമയബന്ധിതമായിട്ടാണ് കാര്യങ്ങൾ ചെയ്തുതീർക്കുന്നത്. ഇനി സ്പെഷ്യൽ പാക്കേജ് വരുമ്പോൾ മാത്രമേ മുഴുവൻ ആളുകളെയും ലൈഫ് പദ്ധതിയിലൂടെ തീരദേശത്തുനിന്ന് പുനരധിവസിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റ് ഇക്കാര്യം സംബന്ധിച്ച് വളരെ ഗൗരവതരമായ ചർച്ചയിലാണ്. റീ ബിൽഡ് കേരളയുടെ ഭാഗമായി പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ചേറ്റുവ ഹാർബറിൽ തെക്കേക്കരയിൽ 6 കോടി 56 ലക്ഷം രൂപ കോസ്റ്റൽ പുലിമുട്ടിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ തീരത്തിന്റെ വടക്കൻ മേഖലയിലും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഒരു പഠനം നടത്തി ആ മേഖലയ്ക്ക് കൂടി തുക അനുവദിക്കുമോ എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ചോദ്യം?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഹാർബർ ഡിപ്പാർട്ട്മെന്റ് ഹാർബറുകളോട് ചേർന്നുവരുന്ന തീരദേശ സംരക്ഷണം മാത്രമാണ് ഏറ്റെടുക്കാറുള്ളത്. സാധാരണയായി തീരദേശം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ് കൈകാര്യം ചെയ്യുന്നത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് അതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഹാർബർ ഡിപ്പാർട്ട്മെന്റ് കുറച്ചുകൂടി പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യണമെന്ന് ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവരുമായി ചർച്ച ചെയ്ത് ബാക്കി കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുമ്പോൾ കുറെയേറെ പ്രശ്നങ്ങൾ നേരിടേണ്ടിവരും. ജനസാന്ദ്രത കൂടുതലുള്ള ഈ കടലോര മേഖലയിൽ നഗര-ഗ്രാമ വ്യത്യാസമുണ്ട്. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ പ്രാദേശിക മേഖലയിൽ എന്താണോ വില, ആ വിലകൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നടപടിക്രമം സുതാര്യമായും വേഗതയിലും നടപ്പിലാക്കാൻ വേണ്ടി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ചുമതല ഇപ്പോൾ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. അവർ പ്രാദേശിക വില നിശ്ചയിച്ചുതന്നെയാണ് ഇത് ചെയ്യുന്നത്. വലിയ പ്രശ്നങ്ങളൊന്നും ഇല്ലാതെയാണ് ഭൂമി ഏറ്റെടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. വി. ജോയി: സർ, തീരദേശവാസികളിൽ പത്ത് ലക്ഷത്തിലേറെപ്പേർക്ക് ഗുണം ലഭിക്കുന്ന തീരദേശ പരിപാലന നിയമത്തിന്റെ മാറ്റങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; തീരസംരക്ഷണത്തിന് 206 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ അഞ്ചുതെങ്ങ് ഒന്നാംപാലം മുതൽ കാപ്പിൽ വരെയുള്ള ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, CRZ ഏരിയയിൽ 200 മീറ്ററിന് പുറത്തുമാത്രമെ വീട് വയ്ക്കാൻ പാടുള്ളൂ എന്നാണ് നിയമം. പക്ഷേ ഫിഷർമെന്നിന് എക്സംപ്ഷൻ ഉണ്ട്. അൻപത് മീറ്റർ പുറത്തേയ്ക്കാണ് മാറ്റി പാർപ്പിക്കുന്നത്, അൻപത് മീറ്റർ മാത്രമേ വിടാൻ ഉദ്ദേശിച്ചിട്ടുള്ളൂ. ഇപ്പോൾ കേന്ദ്രഗവൺമെന്റ് അൻപത് മീറ്റർ എന്ന നിർദ്ദേശത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ഫൈനലായി അംഗീകാരമായില്ലെങ്കിലും ആ പ്രൊപ്പോസലാണ് നിലവിലുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് അൻപത് മീറ്ററിന് പുറത്ത് വീട് വയ്ക്കുന്നതിന് നിലവിൽ

തടസ്സമില്ല. കാപ്പിൽ തീരസംരക്ഷണ പ്രവർത്തനത്തിൽ മുതലപ്പൊഴി മുതൽ അങ്ങോട്ട് കുറച്ച് ഭാഗമേ എടുത്തിട്ടുള്ളൂ. ബാക്കി ഹാർബർ ബെയ്സ്ഡ് അല്ലാത്ത, അതിനോട് ചേരാത്ത തീരദേശം ഹാർബർ ഡിപ്പാർട്ട്മെന്റ് അല്ല ചെയ്യുന്നതെന്ന കാര്യം ഞാൻ നേരത്തേ പറഞ്ഞു. തീരസംരക്ഷണം ഒരു പ്രശ്നം തന്നെയാണ്. കൂട്ടായ ചർച്ചയിലൂടെ പരിഹാരം കാണേണ്ട വിഷയമാണത്.

മി.സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം

4 (*94) ശ്രീ. റോജി എം. ജോൺ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര ശതമാനം റോഡുകൾ ഇതിനകം പുനർനിർമ്മിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പുനർനിർമ്മാണത്തിന് വിദേശബാങ്കുകൾ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിനായി ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്;

(ഇ) നവകേരള നിർമ്മാണത്തിന് നേതൃത്വം നൽകുന്ന റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് വേറെ ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും പുനർനിർമ്മാണത്തിന് ധനസഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>):

(എ&ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് നടപ്പിലാക്കി വരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺ പ്ലാൻ ഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഹ്രസ്വകാല പുനരുദ്ധാരണ പ്രവൃത്തികളുടെ 73 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട്, എസ്.എൽ.ടി.എഫ്. ഫണ്ട് എന്നിവയും ഇതിനായി ഉപയോഗിച്ചുവരുന്നു.

2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണഭിത്തികൾ തകർന്ന ഭാഗങ്ങളിലെ താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയർ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കും. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസംവരെ കാലാവധി വേണ്ടിവരും. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ-2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ടി.പി. റോഡുകളുടെ 90 ശതമാനം പണികളും പൂർത്തീകരിച്ചു. പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി. റോഡുകളായ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല-മാവേലിക്കര റോഡ് എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. മുത്തോലി-കൊഴുവനാൽ റോഡ്, മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പാല-ഈരാറ്റുപേട്ട റോഡ് (അബട്ട്മെന്റ് നവീകരണവും സംരക്ഷണ ഭിത്തി നിർമ്മാണവും) ഇരിട്ടി-നെടുംപോയിൽ റോഡ് എന്നിവയുടെ മെയിന്റനൻസ് പ്രവൃത്തികൾ പദ്ധതിയുടെ മെയിന്റനൻസ് കാലാവധിക്കുള്ളിലായതിനാൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണികൾ പൂർത്തീകരിച്ചു. തലശ്ശേരി-വളവുപാറ റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു.

350 കോടി രൂപയുടെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് ഉയർത്തി പ്രളയത്തെ മറികടക്കുന്ന രീതിയിൽ Elevated Highway നിർമ്മിക്കുവാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായ യോഗ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരും പങ്കെടുത്തിരുന്നു.) തീരുമാനപ്രകാരം ഡിസൈൻ പൂർത്തീകരിച്ചുവരുന്നു. കായംകുളം കുട്ടംവാതുക്കൽ പാലം 50 കോടി അടങ്കലിൽ നിർമ്മിക്കുവാൻ ഡിസൈൻ തയ്യാറാക്കി വരുന്നു.

കുട്ടനാട് താലൂക്കിൽ 12-ഉം ചെങ്ങന്നൂരിൽ 10 ഉം ആറന്മുളയിൽ 4 ഉം അമ്പലപ്പുഴ താലൂക്കിൽ 12-ഉം പാലങ്ങൾ നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വനയാട്, ഇടുക്കി, ചാലക്കുടി, അങ്കമാലി, ആലുവ, തിരുവമ്പാടി, നിലമ്പൂർ, പൂഞ്ഞാർ, ഏറ്റുമാനൂർ, മൂവാറ്റുപുഴ, കുന്നത്തുനാട് എന്നിവിടങ്ങളിൽ പ്രളയബാധിത ജില്ലകളിലെ പുനർനിർമ്മാണം നടന്നുവരുന്നു.

(സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി സംസ്ഥാനത്തിന് ലോകബാങ്കിൽ നിന്ന് 5137.34 കോടിരൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നവവായ്പ (DPL), ജർമ്മൻ ബാങ്കായ KFW-ൽനിന്ന് 1458 കോടിരൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനുവേണ്ടി ജർമ്മൻ ബാങ്ക് (KFW Bank) ആദ്യഘട്ടത്തിൽ 90 മില്ല്യൺ യൂറോ ഡോളറും രണ്ടാം ഘട്ടത്തിൽ 80 മില്ല്യൺ യൂറോ ഡോളറും വായ്പ വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഡി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് ദുരന്തനിവാരണ ഫണ്ടിൽനിന്നും 71.25 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഇ) പ്രളയാനന്തരം നവകേരള നിർമ്മാണം അതിജീവനക്ഷമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ രീതിയിൽ നടപ്പിലാക്കുന്നതിന് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) യുടെ രേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് വിവിധ ഏജൻസികൾക്കും വികസന പങ്കാളികൾക്കും (Development Partners) സമർപ്പിച്ച് പുനർനിർമ്മാണ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരികയാണ്.

**ഓഖി ദുരന്തബാധിതരുടെ പുനരധിവാസം**

5 (*95) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായും അവരുടെ പുനരധിവാസത്തിനായും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഓഖി ദുരന്തബാധിതർക്കായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തു സഹായമാണ് ലഭിച്ചതെന്ന് അറിയിക്കാമോ; സമഗ്ര പുനരധിവാസത്തിന് സംസ്ഥാനം തയ്യാറാക്കിയ 7000 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായവാഗ്ദാനം ലഭിച്ചിട്ടുണ്ടോ;

(സി) തീരദേശസംരക്ഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരമുള്ള പദ്ധതികൾക്ക് പ്രാരംഭം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) തീരദേശത്ത് റോഡുകൾ, മത്സ്യമാർക്കറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) 2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് സംസ്ഥാനത്ത് 143 മത്സ്യത്തൊഴിലാളികൾ മരിക്കുകയും

കാണാതാകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളിക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സമഗ്ര പുനരധിവാസത്തിന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ 7340 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരമുള്ള ധനസഹായമൊന്നും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് അടിയന്തര സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് 111.7 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു.

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ആയത് പ്രകാരം പഠനം നടത്തുന്നത് TISS, IRMA എന്നീ സ്ഥാപനങ്ങൾ മുഖേനയാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കെ.പി.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. TISS മുഖേനയുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. TISS, IRMA മുഖേനയുള്ള പഠനവും ഡി.പി.ആർ. തയ്യാറാക്കുന്നതും 6 മാസംകൊണ്ട് പൂർത്തീകരിച്ച് പദ്ധതികൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും തദ്വാരാ വിപണന സാധ്യതയും മത്സ്യത്തിന് ന്യായ വിലയും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ 35 എണ്ണം പൂർത്തീകരിച്ചു. 2 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

ഒരെണ്ണം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരു മത്സ്യമാർക്കറ്റ് നിർമ്മാണത്തിൽ കേസ് നിലനിൽക്കുന്നു. രണ്ടെണ്ണത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

**റെയിൽവേയുടെ വിവേചനപരമായ നിലപാട്**

6 (*96) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കാതിരിക്കുകയും നിലവിലുള്ളവ സമയക്ലിപ്തത പാലിക്കാതെയും വൃത്തിഹീനവും പഴയതുമായ കോച്ചുകൾ ഉപയോഗിക്കുക വഴിയും സംസ്ഥാനത്തെ ട്രെയിൻ യാത്ര ദുഷ്കരമാക്കുന്ന റെയിൽവേയുടെ നിലപാട് തിരുത്തിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) രാജ്യത്താകെ പതിനെട്ട് റെയിൽവേ സോണുകൾ ആരംഭിച്ചിട്ടും പെനിൻസുലാർ സോൺ എന്ന സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യം നിഷേധിച്ച വിവേചനപരമായ കേന്ദ്രനിലപാട് തിരുത്തിക്കാൻ വീണ്ടും സമ്മർദ്ദം ചെലുത്തുമോ;

(സി) കേരള സർക്കാർ-റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം-കാസർകോട് സെമി ഹൈസ്പീഡ് റെയിൽപാതയുടെ സാധ്യതാപഠനം പൂർത്തിയാക്കിയോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേമന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം. പി. തലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനായി നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി വർഷാവർങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും റെയിൽവേ യാത്രക്കാരുടെ പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി. (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്ലെറ്റുകളുള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രാജ്യത്ത് ആകെയുള്ള 68 ഡിവിഷനുകളിൽ ട്രെയിൻ സമയക്രമം പാലിക്കുന്നതിൽ ദക്ഷിണ റെയിൽവേയ്ക്ക് കീഴിലുള്ള പാലക്കാട് ഡിവിഷൻ 32-ാം സ്ഥാനത്തും തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്തുമാണ്. മിക്ക ട്രെയിനുകളും മണിക്കൂറിൽ ശരാശരി 30 കിലോമീറ്ററിലും താഴെ വേഗത്തിലാണ് സർവ്വീസ് നടത്തുന്നത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ്.

ഇത്തരത്തിൽ സമയക്രമം പാലിക്കാത്തതുമൂലം സംസ്ഥാന, കേന്ദ്രസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും സാധാരണ ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.

യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുന:ക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് അറ്റകുറ്റപ്പണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പി. തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയവും തെറ്റിദ്ധാരണാജനകവുമായ സമയക്രമ നിർണ്ണയം പുനഃപരിശോധിക്കണ മെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്രറെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്നു. ഈ സാഹചര്യത്തിൽ യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം റെയിൽവേയുടെ ചുമതലയുള്ള മന്ത്രി നിരവധി തവണ പ്രധാനമന്ത്രിയുടെയും റെയിൽവേ മന്ത്രിയുടെയും മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

(സി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും

പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്രസർക്കാരിന് സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി 'സിസ്ട്ര' എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

56,442 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ ധനശേഖരണ രൂപം ചുവടെ വിവരിക്കുന്നു.

| Parties | % contribution | Amount |
|---|---|---|
| Equity | | |
| • GoK | 12% | 7,720 Cr |
| • Land EIA & R&R (Gok) | 13% | 8,656 Cr |
| • GoI | 12% | 7,720 Cr |
| Subordinated Debt | | |
| • GoK | 5% | 3,564 Cr |
| • GoI | 5% | 3,564 Cr |
| Debt | | |
| • JICA or other agency | 52% | 34,454 Cr |
| • IDC | 1% | 727 Cr |
| Total | 100% | 66,405 Cr |

ഇതുപ്രകാരം കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള 8650 കോടി രൂപയടക്കം 19,940 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30 ശതമാനമാണ്. കേരളം വിപുലമായ റെയിൽവേ വികസനം ആഗ്രഹിക്കുന്നുണ്ട്. കേരളത്തിലെ അടിസ്ഥാന റെയിൽ വികസന മേഖലയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളത്തിനോട് അവഗണനയാണുള്ളത്. സെമീ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹൈടെക് സ്കൂൾ പദ്ധതി

7 (*97) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ,എയ്ഡഡ് സ്കൂളുകളിലെല്ലാം ഹൈടെക് സ്കൂൾ പദ്ധതി പ്രകാരമുള്ള സജ്ജീകരണങ്ങൾ ഇതിനോടകം ചെയ്തുകഴിഞ്ഞുവോ എന്ന് വിശദമാക്കുമോ;

(ബി) പുതിയ അദ്ധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ ഗ്രാമീണമേഖലയിലെ സ്കൂളുകളിൽ ഡിജിറ്റൽ റിസോഴ്സുകൾ ഫലപ്രദമായി ഉപയോഗിക്കുന്നത് ഉറപ്പുവരുത്താൻ ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം- ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. <u>പരിശീലനം</u>-ഹൈടെക് പദ്ധതി നടപ്പിലാക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് മുൻവർഷങ്ങളിൽ നൽകിയ പരിശീലനത്തിനുപരിയായി ടി അദ്ധ്യാപകർക്ക് ഉൾപ്പെടെ സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ എല്ലാ അദ്ധ്യാപകർക്കും നാലുദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി.

3. <u>ഡിജിറ്റൽ വിഭവങ്ങൾ (സമഗ്ര)</u>- ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും സജ്ജമാക്കി 'സമഗ്ര' ഓൺലൈൻ കണ്ടന്റ് പോർട്ടൽ ലഭ്യമാക്കുകയും 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനായിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

4. <u>ബ്രോഡ്ബാന്റ് ഇന്റർനെറ്റ്</u>- 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി. ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് അവസാന ഘട്ടത്തിലാണ്.

5. <u>മോണിറ്ററിംഗ്</u>-പദ്ധതി നടത്തിപ്പ് വിവിധതലങ്ങളിൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സമഗ്ര പോർട്ടൽ ഉപയോഗിച്ചുള്ള അക്കാദമിക പ്രവർത്തനങ്ങൾ സ്കൂൾ തലം മുതൽ സംസ്ഥാന തലംവരെ പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനവും സമഗ്ര പോർട്ടലിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നഗര, ഗ്രാമ മേഖലാ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേക്കും ഹൈടെക് ഉപകരണങ്ങളും സൗകര്യങ്ങളും മേൽ വിവരിച്ച പ്രകാരം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്) നേതൃത്വത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സമഗ്ര ഓൺലൈൻ വിഭവ പോർട്ടലിനോടൊപ്പം ഓഫ്‌ലൈനായും സമഗ്രയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യവും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. കാലാനുസൃതമായി സമഗ്ര പോർട്ടൽ അപ്ഡേറ്റ് ചെയ്യുന്നതോടൊപ്പം പുതുക്കിയ രണ്ടാം പതിപ്പും ഓഫ്‌ലൈൻ വേർഷനും ഇതിനോടകം ഒരുക്കിയിട്ടുണ്ട്.

### ദേശീയപാതയുടെ വികസനം

8 (*98) <u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിലുൾപ്പെടെ സംസ്ഥാന സർക്കാർ വേണ്ട ഇടപെടൽ നടത്തിയിട്ടും കാസർകോട്-തിരുവനന്തപുരം ദേശീയപാതയുടെ വികസനം കേന്ദ്രഭരണ കക്ഷിയുടെ സംസ്ഥാന നേതാക്കളുടെ ഇടപെടലിനെ തുടർന്ന് രാഷ്ട്രീയ വൈരംമൂലം വൈകിപ്പിക്കുന്നത് അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ;

(സി) പ്രസ്തുത ദേശീയപാതയ്ക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും ഇതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയും അറിയിക്കുമോ?

<u>ഉത്തരം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>):

(എ) സംസ്ഥാനത്ത് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2-ലേയ്ക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് ക്രമാതീതമായി കൂടുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. 2-ാമത്തെ കേന്ദ്ര ക്ലാരിഫിക്കേഷനും 3-ാമത്തെ ക്ലാരിഫിക്കേഷനും പരാമർശിച്ച് അതൊന്നും പ്രായോഗികമായി തൽസ്ഥിതി പുനഃസ്ഥാപനമല്ല. അതിനാൽ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും തൽസ്ഥിതി പുനഃസ്ഥാപനം ആവശ്യപ്പെട്ട് ഉറച്ചുനിൽക്കുന്നു.

(സി) സംസ്ഥാനത്തെ ദേശീയ പാത വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിന് പാക്കേജ്**

9 (*99) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയങ്ങളും ബാങ്കുകളുടെ നിഷേധാത്മക നിലപാടും മുൻ സർക്കാരിന്റെ നിസ്സംഗതയും കൊണ്ട് പ്രതിസന്ധിയിലായിരുന്ന കശുവണ്ടി വ്യവസായം പുനരുദ്ധരിക്കാനായി പ്രാവർത്തികമാക്കിയ പാക്കേജിന്റെ വിശദാംശം അറിയിക്കാമോ;

(ബി) അടഞ്ഞുകിടന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ആവശ്യമായ ഇടപെടൽ ഉണ്ടായിട്ടും അതിനെതിരായ നിലപാട് തുടരുന്ന മുതലാളിമാരുടെ ഫാക്ടറികൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള ഫാക്ടറികൾക്ക് ആവശ്യാനുസരണം തോട്ടണ്ടി യഥാസമയം ലഭ്യമാക്കാനായി രൂപീകരിച്ച കാഷ്യൂ ബോർഡിനെ നിർവീര്യമാക്കി തകർക്കുവാൻ, കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്ത് മറിച്ചുവിറ്റ് വൻ ലാഭമുണ്ടാക്കുന്ന സംഘം നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ മുഴവൻ പൊതുമേഖലാ ഫാക്ടറികളും ഭൂരിപക്ഷം സ്വകാര്യ ഫാക്ടറികളും പ്രവർത്തനരഹിതമായിരുന്നു. പൊതുമേഖലയിലുള്ള എല്ലാ കശുവണ്ടി ഫാക്ടറികളും 2016 ഓണത്തിനുമുമ്പ് തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയവും ബാങ്കുകളുടെ നിഷേധാത്മക നിലപാടും കാരണം കടക്കെണിയിലായ സ്വകാര്യ ഫാക്ടറികളെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുഖ്യമന്ത്രിയടക്കം നടത്തിയ ആറോളം മീറ്റിംഗുകളുടെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായി വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് എസ്.എൽ.ബി.സി. ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് അധിക വായ്പ നൽകിയാൽ പ്രവർത്തനം ആരംഭിക്കാവുന്ന വ്യവസായങ്ങളെയും വായ്പ പുന:ക്രമീകരിച്ച് വീണ്ടും പ്രവർത്തിപ്പിക്കാവുന്ന ഫാക്ടറികളെയും ഒറ്റത്തവണ തീർപ്പാക്കൽ മാത്രം പരിഹാരമായിട്ടുള്ള ഫാക്ടറികളെയും സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ അസറ്റ് റീസ്ട്രക്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളെയും കണ്ടെത്തുകയും 6-2-2019-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഈ വ്യവസായങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുന:ക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.
2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച 9 ശതമാനമായി നിശ്ചയിക്കും.
3. പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുന:ക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കും.
4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് ഗവൺമെന്റ് ഏറ്റെടുക്കും.
5. പാക്കേജിൽപ്പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.

6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തിരം പുനരുദ്ധാരണ പ്രോപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ചത്തെ സമയം അനുവദിച്ചു.

7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.

8. കേരളാ കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.

9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

10. ഒറ്റത്തവണത്തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

11. ഫെബ്രുവരി 28-നുമുമ്പ് 50 സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമായി വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

12. ബാക്കിയുള്ള വ്യവസായങ്ങൾക്ക് മാർച്ച് 15 -നകം വായ്പ ലഭ്യമാക്കും.

ഇതിന്റെ തുടർച്ചയായി 26-2-2019-ൽ കൊല്ലത്തുവച്ച് 30 സ്വകാര്യ ഫാക്ടറികൾക്ക് വിവിധ ബാങ്കുകൾ വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി. ടി ഫാക്ടറികൾക്കും മറ്റു ഫാക്ടറികൾക്കും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബാങ്കുകൾ സ്വീകരിച്ചുവരികയാണ്. കൂടാതെ മൂന്നംഗ കമ്മിറ്റി വീണ്ടും കൂടുകയും ബാക്കിയുള്ള വ്യവസായങ്ങളെ കേൾക്കുകയും ചെയ്തിട്ടുണ്ട്. എടുത്ത തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 14-6-2019-ൽ വീണ്ടും വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായത്തിനുൾപ്പെടെ ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കുന്നതിനായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ വ്യവസായങ്ങൾക്കാവശ്യമായ തോട്ടണ്ടി ലഭ്യമാക്കിവരുന്നു. പുനരുദ്ധരിക്കപ്പെടുന്ന സ്വകാര്യ വ്യവസായത്തിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് പ്രാപ്തി കൈവരിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നവംബർ/ഡിസംബർ മാസംവരെ തുടർച്ചയായി

പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തരം ഇതിനകം സ്റ്റോക്ക് ചെയ്ത് കഴിഞ്ഞു. അതിനുപുറമെ കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നുള്ള തോട്ടണ്ടിയും കാഷ്യൂ കോർപ്പറേഷനും കാപെക്സും 2017 മുതൽ ശേഖരിച്ചുവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് മുഖാന്തരം തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുന്നതിനാവശ്യമായ തോട്ടണ്ടി കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കിയതിനെത്തുടർന്ന് കേരള കാഷ്യൂ ബോർഡിനെതിരെ ചില മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം അഴിച്ചുവിടുന്നതിന്റെ പിന്നിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന നിക്ഷിപ്ത താൽപ്പര്യക്കാരുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

## സ്കൂൾ വിദ്യാഭ്യാസ ഘടനയിൽ സമഗ്ര മാറ്റങ്ങൾ

10 (*100) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ ഘടനയിൽ സമഗ്ര മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ഇതിനകം നടപ്പിലാക്കിയെന്നും ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) റിപ്പോർട്ടിലെ പല ശിപാർശകളും അദ്ധ്യാപക സംഘടനയായ കെ.എസ്.ടി.എ.യുടെ റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സമിതിയുടെ ശിപാർശകൾ നടപ്പിലാക്കുന്നത് വ്യാപകമായ പ്രതിഷേധം ഉണ്ടാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിലുണ്ടായ തീരുമാനം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ശിപാർശകളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ശിപാർശകളിൽ മൂന്നും നാലും ചില ഭേദഗതികളോടെ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാവശങ്ങളും പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 19-10-2017-ൽ ഒരു സർക്കാർ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. 3-3-2018-ലെ സർക്കാർ ഉത്തരവിലൂടെ വിദഗ്ദ്ധ സമിതി ചെയർമാനായി ഡോ. എം. എ. ഖാദറിനെ നിയോഗിക്കുകയുണ്ടായി. 3-10-2018-ന് സർക്കാർ ഉത്തരവിലൂടെ ടി സമിതിയുടെ പരിഗണനാവിഷയങ്ങൾ (ടേംസ് ഓഫ് റഫറൻസ്) സ്പഷ്ടീകരിക്കുകയുണ്ടായി. അതുവഴി പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി.

റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുസമൂഹത്തിൽനിന്നും അഭിപ്രായം തേടിയിരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും ആശയവിനിമയം നടത്തിയിരുന്നു. ഇതുവഴി ലഭിച്ച ഒട്ടേറെ ക്രിയാത്മക നിർദ്ദേശങ്ങൾ ക്രോഡീകരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി 20-5-2019-ൽ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നു. തുടർന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-5-2019-ൽ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും കോർപ്പറേറ്റ് മാനേജ്മെന്റ് പ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങളുടെ അസോസിയേഷൻ പ്രതിനിധികളുമായും ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടം നടപ്പിലാക്കുന്നതിന് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടുകൂടി 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. (അനുബന്ധം-II) പുറപ്പെടുവിച്ചിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്

11 (*101) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് അനുദിനം കുറഞ്ഞുവരുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) ഇതരസംസ്ഥാന ബോട്ടുകൾ വൻതോതിൽ ചെറുമത്സ്യങ്ങളെ പിടികൂടുന്നതുമൂലം മത്സ്യത്തിന്റെ മൊത്തലഭ്യത, ഉല്പാദനം, പ്രജനനം എന്നിവ പൂർണ്ണമായും താളം തെറ്റുന്നതായുള്ള സി.എം.എഫ്.ആർ.ഐ.യുടെ പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതരസംസ്ഥാന ബോട്ടുകൾ നിരോധിക്കപ്പെട്ട പെലാജിക് ട്രോളിംഗും പേഴ്സെയ്ൻ പെലാജിക് ആന്റ് മിഡ് വാട്ടർ ട്രോൾ നെറ്റുകളും ഉപയോഗിച്ച് കടലിന്റെ അടിത്തട്ടിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ വാരുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കടലിൽ നിന്നുള്ള മത്സ്യലഭ്യത കുറഞ്ഞതിനെത്തുടർന്ന് ബുദ്ധിമുട്ടനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മത്സ്യത്തിന്റെ വിലവർദ്ധനവ് തടയുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന സ്ഥിതിയാണുണ്ടായിരുന്നത്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥ വ്യതിയാനം, ആഗോള താപനം, പ്രളയം തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിനുണ്ടായിരുന്നു. എന്നാൽ മത്സ്യസമ്പത്തിന്റെ അളവിൽ ഇപ്പോൾ കുറവല്ല, വർദ്ധനവാണ് കാണിക്കുന്നത്.

മത്സ്യവിഭവ സംരക്ഷണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സർക്കാർ സ്വീകരിച്ച വിവിധ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ മത്സ്യോൽപ്പാദനം 2016-17 വർഷത്തെ 6.76 ലക്ഷം മെട്രിക് ടൺ എന്നതിൽനിന്നും 2018-19 ആയപ്പോൾ 8.05 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സി.എം.എഫ്.ആർ.ഐ. പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (KMFR Act) 1980 കാലോചിതമായി പരിഷ്കരിക്കുകയും എല്ലാവിധ അശാസ്ത്രീയ മത്സ്യബന്ധന രീതികളും തടയാൻ കർശന നടപടി സ്വീകരിക്കുകയും ചെയ്തു. 58 മത്സ്യങ്ങളുടെ പിടിക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചിയിക്കുകയും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികളും സ്വീകരിച്ചു. പിഴസംഖ്യ 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇതര സംസ്ഥാനങ്ങളിലും സമാനമായ, ശക്തമായ നിയമ നടപടികൾ ആവശ്യമാണെന്ന് കണ്ട് 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ.-യിൽവച്ച് സംസ്ഥാനം മുൻകയ്യെടുത്ത് വിളിച്ചുകൂട്ടിയ ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാംതന്നെ സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതിന് എം.എൽ.എസ്. ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് കേന്ദ്രസർക്കാർ എല്ലാ ഇതര സംസ്ഥാന സർക്കാരുകളോടും കേരളത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) 1-9-2018-ലെ സർക്കാർ ഉത്തരവ് സ.ഉ. (പി) നമ്പർ 18/2018/മ.തു.വ. പ്രകാരം പുതുക്കിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവാകുകയും സംസ്ഥാനത്ത് പേഴ്സിൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കേരള തീരക്കടലിൽ ഇത്തരം നിരോധിത മത്സ്യബന്ധനം നടക്കുന്നില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ.-യിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ കേരളം കെ.എം.എഫ്.ആർ. ആക്ടിൽ വരുത്തിയ ഭേദഗതിയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങളും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമുള്ള ശ്രദ്ധേയമായ ചുവടുവെയ്പായി ഏകകണ്ഠമായി വിലയിരുത്തുകയും മറ്റ് സംസ്ഥാനങ്ങളിൽ ഇതിന്റെ ചുവടുപിടിച്ച് ഭേദഗതികൾ അത്യന്താപേക്ഷിതമാണെന്ന അഭിപ്രായത്തോട് അനുകൂലമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കി കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്യുകയും പുതിയ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്ത് അവ നടപ്പാക്കിവരുന്നു. കേരള തീരത്ത് സുലഭമായ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് ഉത്തരവാകുകയും അത് നടപ്പാക്കി വരികയുമാണ്. തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാര് പദ്ധതി പൂന്തുറ, വലിയതുറ, ബീമാപള്ളി എന്നീ തീരങ്ങളിൽ നടപ്പാക്കുന്നതിന് നടപ്പുവർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഉമ്പ, വേളി എന്നിവിടങ്ങളിലെ തീരക്കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുകയും അത് വിജയകരമെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന മത്സ്യങ്ങളുടെ പ്രജനന സമയമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോളിംഗ് നിരേധന കാലഘട്ടത്തിൽ അതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500 രൂപയായി വർദ്ധിപ്പിച്ച് 3 ഗഡുക്കളായി നൽകിവരുന്നു. കൂടാതെ തണൽ പദ്ധതിപ്രകാരം ഒറ്റത്തവണ ധനസഹായമായി 1350 രൂപയും വിതരണം ചെയ്തുവരുന്നു.

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി ഇടനിലക്കാരെ ഒഴിവാക്കി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഫിഷ് മാർക്കറ്റിംഗ്, ഓക്ഷനിംഗ് ആന്റ് ക്വാളിറ്റി കൺട്രോൾ ബിൽ കരട് തയ്യാറാക്കിയിട്ടുണ്ട്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി 33 ഫിഷ് മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അതുകൂടാതെ അന്തിപ്പച്ച എന്ന പേരിൽ തിരുവനന്തപുരത്തും കൊല്ലത്തും മൊബൈൽ ഫിഷ് മാർട്ടുകളും പ്രവർത്തിച്ചുവരുന്നു.

## വിദ്യാഭ്യാസ സമിതിയുടെ ശിപാർശ

12 (*102) ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സമിതിയുടെ ശിപാർശയനുസരിച്ച് പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, വി.എച്ച്.എസ്.ഇ. വിഭാഗങ്ങൾ ഭരണപരമായി ഏകീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു കൊണ്ടുണ്ടാകാനിടയുള്ള നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; അധ്യാപകരുടെ സേവന-വേതനവ്യവസ്ഥകളിൽ പ്രതികൂലമായ എന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; അദ്ധ്യാപനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്കൂളുകളുടെ മേൽ ജനകീയ നിയന്ത്രണം വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റായി സ്കൂൾ മാറുമ്പോഴുണ്ടാകുന്ന ഭരണപരമായ സൗകര്യങ്ങൾ അക്കാദമിക മികവിന് വഴിയൊരുക്കും.

(ബി) അദ്ധ്യാപക-അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി 20-5-2019-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും 28-5-2019-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. അദ്ധ്യാപകരുടെ നിലവിലെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നുംതന്നെ നിർദ്ദേശിച്ചിട്ടില്ല. അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ മേഖലയിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) ഇല്ല. സ്കൂളുകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. അത് കൂടുതൽ അർത്ഥവത്താക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

**ഭവന സാക്ഷരതാ പരിപാടി**

13 (*103) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് നിലവിലെ ഭവന നയം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവ് കുറഞ്ഞ വീട്, പ്രകൃതി സൗഹൃദ ഭവനങ്ങൾ, ഹരിതഭവനങ്ങൾ തുടങ്ങിയ നൂതന ആശയങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും ഭവന സാക്ഷരതാ പരിപാടി നടത്തി വരുന്നുണ്ടോ;

(സി) ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭവന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നിലവിലെ ഭവന നയം (2011) പരിഷ്കരിക്കുന്നതിന് സർക്കാർ തലത്തിൽ രണ്ട് കമ്മിറ്റികൾ 22-11-2018-ലെ സർക്കാർ ഉത്തരവുകൾ (സാധാ) നമ്പർ 44/2018/ഭവനം, 43/2018/ഭവനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 12-2-2019-ൽ ഇത് സംബന്ധിച്ചുള്ള ഒരു യോഗം കൂടുകയും ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ചുവരികയും ചെയ്യുന്നു.

(ബി) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവ് കുറഞ്ഞ വീട്, പ്രകൃതി സൗഹൃദ ഭവനങ്ങൾ, ഹരിത ഭവനങ്ങൾ തുടങ്ങിയ നൂതന ആശയങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി 2018-19 വർഷത്തെ പ്ലാൻ പദ്ധതിയായ 'Promotion of Innovative Building Technologies & Housing Literacy Programme' തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 2018-19 വർഷത്തിൽ നടത്തിയിട്ടുണ്ട്.

സംസ്ഥാന ഹൗസിംഗ് കമ്മിഷണറേറ്റുമായി സഹകരിച്ച് കെസ്നിക് തിരുവനന്തപുരം ജില്ലയിൽ ലാറി ബേക്കർ സ്മൃതി എന്ന പേരിൽ മാർച്ച് 4, 5 തീയതികളിൽ ഭവന സാക്ഷരതാ പരിപാടി നടത്തിയിരുന്നു.

(സി) ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നീ വിഷയത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ/ശിപാർശകൾ സ്വീകരിച്ച് സർക്കാരിന്റെ പുതിയ പാർപ്പിട നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ടി വിഷയങ്ങളും കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുമ്പോൾ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചെലവുകുറഞ്ഞ ഭവന നിർമ്മാണ സങ്കേതങ്ങളും ബദൽ വികസന കാഴ്ചപ്പാടും പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്ത ലാറി ബേക്കറുടെ സ്മരണാർത്ഥം 2019 മാർച്ച് 4, 5 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽവച്ച് നിർമ്മാണ മേഖലയിൽ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജ സംരക്ഷിത ഭവനങ്ങൾ, നവകേരള നിർമ്മാണത്തിൽ ബദൽ സാങ്കേതിക വിദ്യ ഏതെല്ലാം മേഖലകളിൽ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തണം എന്നിങ്ങനെ വിവിധ ചർച്ചകൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, സാധാരണക്കാർ എന്നിവർ വികസിപ്പിച്ചെടുത്ത വിവിധ ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ ശൈലികളുടെ പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം മറ്റ് ജില്ലകളിൽ ഉൾപ്പെടെ നടത്തിയ പരിപാടികളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ, മാതൃകകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഹൗസിംഗ് കമ്മീഷണറേറ്റിൽ തയ്യാറാക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

14 (*104) ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. സി. കെ. ശശീന്ദ്രൻ:

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സർക്കാർ നടത്തിയ ശക്തമായ ഇടപെടലിനെ തുടർന്ന് പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പൊതു പരീക്ഷയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗ്രാമ,നഗര ഭേദമില്ലാതെ മികച്ച ഫലം സൃഷ്ടിക്കാനായിട്ടുണ്ടോ; പത്താം ക്ലാസ് പാസ്സായവർക്കെല്ലാം തുടർപഠനത്തിന് അവസരം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിലുള്ളതിനേക്കാൾ മികച്ച അടിസ്ഥാന സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) ഉണ്ട്. പത്താംക്ലാസ് പാസ്സായവർക്കെല്ലാം തുടർ പഠനത്തിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് മേഖലയിലെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചുപ്രകാരം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 5 കോടി/3 കോടി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) അദ്ധ്യയന നിലവാലം ഉയർത്തുന്നതിന് കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലെ പാഠ്യപദ്ധതി സമഗ്രമായി വിലയിരുത്തി മെച്ചപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായികളും ആവശ്യംവേണ്ട മെച്ചപ്പെടുത്തൽ നടത്തി അച്ചടിച്ച് വിതരണം ചെയ്തു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മുന്നോടിയായി എസ്.സി.ഇ.ആർ.ടി. വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു.

അദ്ധ്യാപക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് (സേവനപൂർവ്വം) 'ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ' പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ച് നടപ്പാക്കി. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അധികരിച്ച് റഫറൻസ് പുസ്തകങ്ങളും തയ്യാറാക്കി. നിലവിലെ അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി വെക്കേഷൻസമയത്ത് 10 ദിവസത്തെ പരിശീലനം നൽകിയിരുന്നു. ഐ.സി.ടി. അധിഷ്ഠിതമായി ക്ലാസ്സ് റൂം വിനിമയം സാധ്യമാക്കുന്നതിന് പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. പുതുതായി സർവ്വീസിൽ ചേർന്ന അദ്ധ്യാപകർക്കായി 'ഇൻഡക്ഷൻ പരിശീലന പരിപാടി' ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചു. ഡയറ്റ് അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്ക് ഇൻഡക്ഷൻ പരിശീലനം നൽകി.

കൂടാതെ ഡിജിറ്റൽ വിഭവങ്ങൾ വികസിപ്പിച്ച് പഠനം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനും ഐ.സി.റ്റി. അധിഷ്ഠിതമാക്കുന്നതിനും 'സമഗ്ര' എന്ന പേരിൽ ഒരു റിസോഴ്സ് വെബ്പോർട്ടൽ 'കൈറ്റ്' കേരളയുടെ സഹായത്തോടെ വികസിപ്പിച്ച് ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കി.

## അശാസ്ത്രീയ മത്സ്യബന്ധനം നിർത്തലാക്കുന്നതിന് നടപടി

15 (*105) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശാസ്ത്രീയമായ മത്സ്യബന്ധനത്തിന് അറുതി വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പിടിച്ചെടുക്കാവുന്ന മത്സ്യയിനങ്ങളുടെ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ സമുദ്രമത്സ്യോല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി കെ.എം.എഫ്.ആർ. ആക്റ്റിൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വിജ്ഞാപന പ്രകാരം സംസ്ഥാന തീരത്ത് സുലഭമായ 58 മത്സ്യയിനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 2018

സെപ്റ്റംബർ ഒന്നുമുതൽ നടപ്പിലാക്കി തുടങ്ങിയ പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പ്രകാരം പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്. തീരക്കടലിൽ 20 മീറ്റർവരെ നീളമുള്ളതും 250 എച്ച്.പി.വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തിയിട്ടുണ്ട്. പഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾട്രോൾ (പെയർ ട്രോൾ) എന്നിവ നിരോധിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ഉപയോഗശൂന്യമായ വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധരീതികൾ എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 3 സർക്കിൾ ഇൻസ്പെക്ടർമാർ, 6 സബ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 60 പോലീസുകാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന 5 ഫിഷറീസ് സ്റ്റേഷനുകളിലും ഫിഷറീസ് സ്റ്റേഷനില്ലാത്ത 4 മറൈൻ ജില്ലകളിലുമായി 9 പട്രോൾ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പട്രോൾ ബോട്ടുകളിലും ആവശ്യത്തിന് സീറെസ്ക്യൂ ഗാർഡിനെയും പ്രയോജനപ്പെടുത്തുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ 4 ജില്ലകളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. 17-5-2017-ലെ G.O.(P) No. 11/2017/F&PD, 24-7-2015-ലെ G.O.(P) No. 40/2015/F&PD എന്നീ ഉത്തരവുകൾ പ്രകാരം കേരളതീരത്ത് സുലഭമായ 58 മത്സ്യയിനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

(ഡി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച ഉറച്ച നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യോൽപ്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവുണ്ടായി. ആയതിന്റെ വിശദാംശം താഴെചേർക്കുന്നു.

| വർഷം | ഉൾനാടൻ ഉൽപ്പാദനം (മെട്രിക് ടൺ) | സമുദ്രോൽപ്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 192027 | 613007 | 805034 |

**പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി**

16 (*106) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ. പരീക്ഷകളിലെ വിജയശതമാനം ഉയർന്നതിനെ തുടർന്ന് സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) മലബാർ മേഖലയിൽ പൊതുവായും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പ്ലസ് ടൂ പ്രവേശനത്തിന് സീറ്റ് കിട്ടാതെ കഷ്ടപ്പെടുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അധികബാച്ചുകളും സീറ്റുവർദ്ധനവും അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് മുമ്പായി തന്നെ അനുവദിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിലാണ് ഇവ അനുവദിക്കാൻ പോകുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി&സി) വിവിധ കോടതിവിധികൾ പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും

അനുവദിക്കുവാൻ കഴിയുകയുള്ളൂ. 2019-20 അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രസ്തുത നടപടികൾ നടന്നുവരുന്നു. എന്നാൽ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്കുപുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്ക് പുന:ക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ ഉപരിപഠനസാധ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സീറ്റുകൾ ആവശ്യമുണ്ടെങ്കിൽ ബാച്ചുകൾ നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനം

17 (*107) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായമേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയെ നിലനിർത്തുന്നതിനും അതിനെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമായി

വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. പൂട്ടിക്കിടന്നിരുന്ന മുഴുവൻ പൊതുമേഖലാ വ്യവസായങ്ങളും തുറന്നുപ്രവർത്തിപ്പിച്ചതിനു പുറമേ വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും ആവശ്യമായ ധനസഹായം കാപെക്സിനും കാഷ്യൂ കോർപ്പറേഷനും ലഭ്യമാക്കിയിട്ടുണ്ട്. കോർപ്പറേഷൻ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുണ്ടായിരുന്ന കടമായി 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തുതീർത്തു.

കേരള കാഷ്യൂ ബോർഡ്

കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനും സംസ്കരിച്ച പരിപ്പ് വിപണനം നടത്തുന്നതിനുമായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് കാപെക്സിനും കാഷ്യൂ കോർപ്പറേഷനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി വരുന്നു. സംസ്കരിച്ച പരിപ്പ് വിപണനം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു. ബോർഡ് മുഖാന്തരം സ്വകാര്യ വ്യവസായങ്ങൾക്കും തോട്ടണ്ടി ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

ആഭ്യന്തര തോട്ടണ്ടി സംഭരണം

വ്യവസായത്തിനാവശ്യമായ തോട്ടണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും 2017 മുതൽ കാപെക്സും കാഷ്യൂ കോർപ്പറേഷനും ശേഖരിച്ചുവരുന്നു.

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി

സംസ്ഥാനത്തെ കശുവണ്ടി മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. താഴെപ്പറയുന്ന നൂതന പദ്ധതികൾ ഏജൻസി നടപ്പിലാക്കിവരുന്നു.

1. ഹൈഡെൻസിറ്റി പ്ലാനിംഗ്

സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യത പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 200 തൈകൾക്കുപകരം 400 തൈകൾ നടുന്ന രീതിയാണ് ഹൈഡെൻസിറ്റി പ്ലാനിംഗ്.

2. മാതൃകാ കശുമാവിൻ തോട്ടം

കെ.എസ്.എ.സി.സി. സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്.

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള 40 കോടി രൂപ വിനിയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണ പദ്ധതികൾ, ഫില്ലിംഗ്-പായ്ക്കിംഗ് ഷെഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ഷെഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ സുവർണ്ണ ജൂബിലി വർഷമായ 2019 ഏപ്രിൽ മാസത്തിൽ നവീകരണ പ്രോജക്ടുകളുടെ സമർപ്പണം കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജ്യൂ, മിൽക്കി കാജ്യൂ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു.

കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റാ എന്നിവ ചൂടോടെ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിൽ ഇറക്കിയിട്ടുണ്ട്.

കൂടാതെ കേരള ബ്രാൻഡ് ജംബോ സൈസ് കശുവണ്ടി പരിപ്പ് കമ്പോളത്തിൽ ഇറക്കിയിട്ടുണ്ട്.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ തരത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്.

കശുവണ്ടി പരിപ്പ് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ ഈ കാലയളവിൽ പുനരാരംഭിച്ചിട്ടുള്ളതും കഴിഞ്ഞ 2 വർഷങ്ങളിലായി ദുബായ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് 14 കണ്ടെയ്നർ കശുവണ്ടി പരിപ്പ് കയറ്റി അയച്ചിട്ടുമുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ 2000 തൊഴിലാളികളെയും കാപെക്സിൽ 1750 തൊഴിലാളികളെയും പുതുതായി നിയമിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയവും ബാങ്കുകളുടെ നിഷേധാത്മക നിലപാടും കാരണം കടക്കെണിയിലായ സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുഖ്യമന്ത്രിയടക്കം നടത്തിയ ആറോളം മീറ്റിംഗുകളുടെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായി വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് എസ്.എൽ.ബി.സി., ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് അധിക വായ്പ നൽകിയാൽ പ്രവർത്തനം ആരംഭിക്കാവുന്ന വ്യവസായങ്ങളെയും വായ്പ പുന:ക്രമീകരിച്ച് വീണ്ടും പ്രവർത്തിപ്പിക്കാവുന്ന ഫാക്ടറികളെയും ഒറ്റത്തവണ തീർപ്പാക്കൽ മാത്രം പരിഹാരമായിട്ടുള്ള ഫാക്ടറികളെയും സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ അസറ്റ് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളെയും കണ്ടെത്തുകയും 6-2-2019-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഈ വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.

2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച 9 ശതമാനമായി നിശ്ചയിക്കും.

3. പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കും.

4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കും.

5. പാക്കേജിൽ ഉൾപ്പെടെ വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടക്കേണ്ട നികുതി ബാധ്യതക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.

6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തരം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ചത്തെ സമയം അനുവദിച്ചു.

7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.

8. കേരള കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.

9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകളുടെ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

10. ഒറ്റത്തവണ തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

11. ഫെബ്രുവരി 28-നുമുമ്പ് 50 സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമായി വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

12. ബാക്കിയുള്ള വ്യവസായങ്ങൾക്ക് മാർച്ച് 15-നകം വായ്പ ലഭ്യമാക്കും.

ഇതിന്റെ തുടർച്ചയായി 26-2-2019-ൽ കൊല്ലത്തുവച്ച് 30 സ്വകാര്യ ഫാക്ടറികൾക്ക് വിവിധ ബാങ്കുകൾ വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി. ടി ഫാക്ടറികൾക്കും മറ്റ് ഫാക്ടറികൾക്കും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബാങ്കുകൾ സ്വീകരിച്ചുവരികയാണ്. കൂടാതെ മൂന്നംഗ കമ്മിറ്റി വീണ്ടും കൂടുകയും ബാക്കിയുള്ള വ്യവസായങ്ങളെ കേൾക്കുകയും ചെയ്തിട്ടുണ്ട്. എടുത്ത തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 14-6-2019-ൽ വീണ്ടും വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായത്തിനുൾപ്പെടെ ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കുന്നതിനായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ വ്യവസായങ്ങൾക്കാവശ്യമായ തോട്ടണ്ടി ലഭ്യമാക്കി വരുന്നു. പുനരുദ്ധരിക്കപ്പെടുന്ന സ്വകാര്യ വ്യവസായത്തിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് പ്രാപ്തി കൈവരിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനും കാപെക്സിനും നവംബർ/ ഡിസംബർ മാസംവരെ തുടർച്ചായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തരം ഇതിനകം സ്റ്റോക്ക് ചെയ്തുകഴിഞ്ഞു. അതിനുപുറമെ കേരളത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിൽ നിന്നുള്ള തോട്ടണ്ടിയും കാഷ്യൂ കോർപ്പറേഷനും കാപെക്സിനും 2017 മുതൽ ശേഖരിച്ചുവരുന്നു.

## പൊതുമരാമത്ത് റോഡുകളുടെ നിലവാരമുയർത്താൻ പദ്ധതി

18 (*108) ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പകുതിയിലധികവും പ്രളയത്തിൽ കേടുപറ്റിയ സാഹചര്യത്തിൽ അവ മികവുറ്റ രീതിയിൽ പുനർനിർമ്മിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഇൻഡ്യൻ റോഡ്സ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് സംസ്ഥാനത്തെ പാതകളെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ കിഫ്ബി സഹായത്തോടെയും അല്ലാതെയുമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ അറിയിക്കാമോ; കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയിലെ പ്രത്യേകതയും കണക്കിലെടുത്ത് ദീർഘകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡ് നിർമ്മാണ രീതിയും അതിനുതകുന്ന സാങ്കേതിക വിദ്യയും അനുവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺ പ്ലാൻ ഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ റോഡുകളുടെ ഉപരിതലം പുതുക്കലും ഡിസൈൻ റോഡുകളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 2400 കി.മീ. റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് 1897 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ ഏകദേശം 163 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീ ബിൽഡ് കേരള

പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം നിലനിൽക്കുന്ന റോഡുകളാണ് വിഭാവനം ചെയ്യുന്നത്. ഏകദേശം 1600 കി.മീ. നീളം വരുന്ന 59 റോഡുകൾ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് 2800 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിദേശ ബാങ്ക്, എ.ഡി.ബി., ജർമ്മൻ ബാങ്ക് തുടങ്ങിയ വിദേശ ഏജൻസികളുടെ ധനസഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

കേന്ദ്രമന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്രമന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുകയും ചെയ്യും. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്.

കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ് - 54 എണ്ണം, പാലങ്ങൾ-2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു.

തകർന്ന റോഡുകൾ പ്രളയത്തെ അതിജീവിക്കുന്ന തരത്തിൽ പുനർനിർമ്മിക്കുന്നതിനുവേണ്ടി ജർമ്മൻ ബാങ്ക് (KFW) ആദ്യഘട്ടത്തിൽ 90 മില്ല്യൺ യൂറോ ഡോളറും (720 കോടി രൂപ) രണ്ടാംഘട്ടത്തിൽ 80 മില്ല്യൺ യൂറോ ഡോളറും (640 കോടി രൂപ) വായ്പ നൽകാമെന്ന് ധാരണയിലായിട്ടുണ്ട്. ഇതിനായുള്ള കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. KFW ബാങ്കുമായുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ പാതകൾ എല്ലാംതന്നെ ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് കിഫ്ബി സഹായത്തോടെയും പ്ലാൻ ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി നിർമ്മിക്കാൻ ഉത്തരവായിരുന്ന 172 പ്രവൃത്തികളിൽ 1721 കി.മീ. ദൈർഘ്യം വരുന്ന 123 പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും 4376.33 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ 1274 കി.മീ. ദൈർഘ്യം വരുന്ന 2879 കോടി രൂപയുടെ 90 റോഡുകളുടെ പ്രവൃത്തി ആരംഭിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി നിർമ്മിക്കാൻ ഉത്തരവായിരുന്ന 176 റോഡ് പ്രവൃത്തികളിൽ 12 പ്രവൃത്തികൾക്ക്

കിഫ്ബിയിൽനിന്നും 533.61 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിൽനിന്നും ഈ സാമ്പത്തിക വർഷം റോഡുകളുടെ പുനരുദ്ധാരണത്തിനായി 1897 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം ഈടുനിൽക്കുന്ന ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയിലെ പ്രത്യേകതയും കണക്കിലെടുത്ത് ദീർഘകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡ് നിർമ്മാണരീതിയും അതിനുതകുന്ന സാങ്കേതിക വിദ്യയുമാണ് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഇതിലേയ്ക്കായി ഐ.ആർ.സി. നിർദ്ദേശിച്ചിട്ടുള്ള gradien-ഉം drain സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് ഡിസൈൻ വിഭാഗത്തിൽ നിന്നും റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത്. റോഡിന്റെ ഉപരിതലത്തിൽ രൂപപ്പെടുന്ന കുഴികൾ ആദ്യഘട്ടത്തിൽ തന്നെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെ.എച്ച്.ആർ.ഐ. വികസിപ്പിച്ചെടുത്ത KANDHAL MIX എന്ന മിശ്രിതം ഉപയോഗിച്ച് അടയ്ക്കുന്നതിലൂടെ റോഡുകൾ നല്ല ഗുണനിലവാരത്തോടെ ദീർഘകാലം നിലനിൽക്കും.

## മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി

19 (*109) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ സ്വകാര്യ ഇടപാടുകാരിൽ നിന്നും വായ്പയെടുക്കുന്നതിലൂടെ വമ്പിച്ച സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നുവെന്നും വൻ ബാധ്യതകൾ വരുത്തിവയ്ക്കുന്നുവെന്നുമുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ പുതിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യ ലേലസമ്പ്രദായം പരിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മത്സ്യത്തൊഴിലാളികളെ ഔദ്യോഗിക ധനകാര്യസ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്നതിനായി മത്സ്യബന്ധനയാനങ്ങളെ വായ്പ ഈടായി പരിഗണിക്കണമെന്നുള്ള നിർദ്ദേശം നൽകുമോ;

(ഡി) മത്സ്യത്തൊഴിലാളികൾ എടുക്കുന്ന വായ്പയെ ഇൻഷ്വറൻസുമായി ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങളെ ശാക്തീകരിച്ച് മത്സ്യലേലത്തിൽ കൂടുതൽ സഹകരണ സംഘങ്ങളെയും അതുവഴി മത്സ്യത്തൊഴിലാളികളെയും പങ്കാളിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മത്സ്യലേലവും വിപണനവും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമമാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഒരു നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) മത്സ്യബന്ധന യാനങ്ങൾ ഈടായി പരിഗണിച്ച് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കെ.സി.സി. മാതൃകയിൽ 2019-20 വർഷം മുതൽ വായ്പ അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സ്യബന്ധന യാനങ്ങൾ ഈടായി പരിഗണിച്ച് കൂടുതൽ വായ്പ അനുവദിക്കുന്നതിനും ചർച്ചകൾ നടന്നിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതുമൂലം യാനങ്ങൾ ഈടായി സ്വീകരിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽനിന്നും എടുക്കുന്ന മത്സ്യബന്ധന ഉപകരണ വായ്പയെ ഇൻഷ്വറൻസുമായി ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖാന്തരം യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് അംഗങ്ങളാകാവുന്നതാണ്.

## തോട്ടം തൊഴിലാളികൾക്കുള്ള ഭവനപദ്ധതി

20 (*110) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ ശോചനീയമായ അവസ്ഥയിലാണെന്നത് കണക്കിലെടുത്ത് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കി നൽകുന്നതിന് ഭവനനിർമ്മാണ വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാൻ പോകുന്നതെന്ന് അറിയിക്കുമോ;

(സി) പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണോ പ്രസ്തുത ഭവനപദ്ധതിയിൽ ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയെന്ന് അറിയിക്കുമോ?

ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പദ്ധതിയുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ കുമളിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) അതെ. പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് പ്രസ്തുത ഭവന പദ്ധതിയിൽ ഭവന നിർമ്മാണ ബോർഡ് ഒരുക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. 2019-20 സാമ്പത്തിക വർഷം 750 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

21 (*111) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറുടെ കീഴിലാക്കുവാനും എം. എ. ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാനും ഈ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമൂലം ഹെഡ്മാസ്റ്റർമാരും മറ്റ് അദ്ധ്യാപകരും വിദ്യാർത്ഥികളും അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലയനം കാരണം എന്ത് ഗുണപരമായ മാറ്റമാണ് സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് വരാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(സി) വേണ്ടത്ര ആലോചനയില്ലാതെയും അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും അഭിപ്രായങ്ങൾ തേടാതെയും നടപ്പിലാക്കാൻ പോകുന്ന ഈ പദ്ധതി സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുമെന്ന പരാതികളുടെ നിജസ്ഥിതി പരിശോധിക്കപ്പെട്ടിട്ടുണ്ടോ; ഈ കാര്യങ്ങൾ തിരക്കിട്ട് നടപ്പിലാക്കുന്നതിൽ നിന്നും പിന്മാറുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ-സി) സ്കൂളിനെ ഒരു യൂണിറ്റായിക്കണ്ട് സ്കൂളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം തത്വത്തിൽ സർക്കാർ അംഗീകരിച്ചിരുന്നു. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിന്റെ ഭാഗം ഒന്നിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുസമൂഹത്തിൽനിന്നും അഭിപ്രായങ്ങൾ തേടുകയുണ്ടായി. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായി ആശയവിനിമയം നടത്തിയതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെക്കുറിച്ച് അദ്ധ്യാപക/ അനദ്ധ്യാപക/വിദ്യാർത്ഥി/സർവ്വീസ്സംഘടന/മാനേജ്മെന്റ്/ തദ്ദേശസ്വയംഭരണ മേധാവികൾ എന്നിവരുടെ പ്രതിനിധികളുമായി 20-5-2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28-5-2019-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽവിഷയം സംബന്ധിച്ച് ചർച്ചകൾ

നടത്തുകയും ചെയ്തിരുന്നു. ഈ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ചില ഭേദഗതികളോടെ നടപ്പിലാക്കിക്കൊണ്ട് 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

വ്യത്യസ്തമായ യൂണിറ്റുകളായി പ്രവർത്തിച്ചുവന്നിരുന്ന സ്കൂളിനെ ഒറ്റയൂണിറ്റായി കണ്ട് അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് ഈ നടപടി ഉപകരിക്കുമെന്നതിനാൽ അതിൽ നിന്ന് പിന്മാറുന്ന വിഷയം പരിഗണിക്കുന്നില്ല.

ഭരണപരമായ സൗകര്യത്തിനുവേണ്ടി വിവിധ യൂണിറ്റുകളെ ഏകീകരിക്കുമ്പോൾത്തന്നെ ഓരോ മേഖലയുടെയും അക്കാദമിക തനിമ നിലനിൽക്കുന്നതിനാൽ അക്കാദമിക മികവിന്റെ സാധ്യത കൂടുതൽ ഉണ്ടാവുകയാണ് ചെയ്യുന്നത്.

**ഖാദർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ആശങ്കകൾ**

22 (*112) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നറിയിക്കാമോ;

(ബി) വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്ന റിപ്പോർട്ട് ആയിരുന്നിട്ടും ശിപാർശകളിന്മേൽ മതിയായ പഠനം നടത്താതെയും ആശങ്കകൾ പരിഹരിക്കാതെയുമാണ് റിപ്പോർട്ട് നടപ്പിലാക്കാൻ പോകുന്നത് എന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അദ്ധ്യാപകരും അദ്ധ്യാപകസംഘടനകളും വിദ്യാഭ്യാസ വിചക്ഷണരും ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[t*].

(ബി) ഉണ്ട്.

---

t* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായിക്കണ്ട് സ്കൂളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാർ തത്വത്തിൽ അംഗീകരിച്ചിരുന്നു. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിന്റെ ഭാഗം ഒന്നിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുസമൂഹത്തിൽ നിന്നും അഭിപ്രായങ്ങൾ തേടുകയുണ്ടായി. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായി ആശയവിനിമയം നടത്തിയതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെക്കുറിച്ച് അദ്ധ്യാപക/അനദ്ധ്യാപക/സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി 20-5-2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28-5-2019-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽവിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. കൂടാതെ കോർപ്പറേറ്റ് മാനേജ്മെന്റ് പ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗങ്ങളുടെ അസോസിയേഷൻ പ്രതിനിധികളുമായും ചർച്ചകൾ നടത്തിയിരുന്നു. ഈ ചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടുകൂടി അനുബന്ധം 1-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്*. ഭരണപരമായ സൗകര്യത്തിനുവേണ്ടിയുള്ള ഏകീകരണം മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. ഇതിലൂടെയുണ്ടാകുന്ന കാമ്പസ് സ്വസ്ഥത അക്കാദമിക മികവിലേയ്ക്ക് നയിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യമേഖലയിലെ ചൂഷണങ്ങൾ

23 (*113) ശ്രീ. സി. മമ്മൂട്ടി:

ശ്രീ. കെ. എം. ഷാജി:

ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെടുന്നവർ സ്വകാര്യപണമിടപാടുകാരിൽ നിന്നും വായ്പ എടുക്കുന്നതിലൂടെ വൻ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾ വായ്പയ്ക്കായി പ്രധാനമായും ആശ്രയിക്കുന്ന മൽസ്യലേലക്കാരായ ഇടനിലക്കാർ, തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വിലയുടെ 5 മുതൽ 10 ശതമാനം വരെ കമ്മീഷൻ പലിശയായി ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യമേഖലയിലെ ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) മത്സ്യലേലക്കാരായ ഇടനലിക്കാർ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വിലയുടെ 5 ശതമാനം വരെ കമ്മീഷനായി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മത്സ്യമേഖലയിൽ മത്സ്യഫെഡ് മുഖേന പ്രവർത്തന മൂലധനം നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നിയമിക്കുന്ന ലേലക്കാരെ ഉപയോഗിച്ച് ലേലം നടത്തുന്ന സമ്പ്രദായമാണ് ചൂഷണം തടയുന്നതിന് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങളെ കൂടുതൽ ശാക്തീകരിച്ച് മത്സ്യലേലം കൂടുതൽ സംഘങ്ങൾ വഴി വ്യാപിപ്പിക്കേണ്ടതുണ്ട്. മത്സ്യലേലത്തിലൂടെ ലഭ്യമാകുന്ന 5% കമ്മീഷനിൽനിന്നും ഒരു ശതമാനം വീതം ലേലക്കാരനും ബന്ധപ്പെട്ട മത്സ്യ സഹകരണ സംഘത്തിനും മത്സ്യഫെഡിനും നൽകിയശേഷം ബാക്കി വരുന്ന 2 ശതമാനം മത്സ്യത്തൊഴിലാളികൾക്കുതന്നെ

തിരികെ നൽകുകയും ചെയ്തുവരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഫിഷ് മാർക്കറ്റിംഗ്, ഓക്ഷനിംഗ് & ക്വാളിറ്റി കൺട്രോൾ ബിൽ കരട് തയ്യാറാക്കിയിട്ടുണ്ട്.

മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി 33 ഫിഷ് മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അതുകൂടാതെ അന്തിപ്പച്ച എന്ന പേരിൽ തിരുവനന്തപുരത്തും കൊല്ലത്തും മൊബൈൽ ഫിഷ് മാർട്ടുകളും പ്രവർത്തിച്ചുവരുന്നു.

## 'സമഗ്ര' പോർട്ടൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

24 (*114) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള 'സമഗ്ര' പോർട്ടൽ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പോർട്ടൽ നവീകരിക്കുക വഴി പൊതുവിദ്യാഭ്യാസരംഗത്ത് കാതലായ എന്തുമാറ്റമാണ് പ്രതീക്ഷിക്കുന്നത്; പരിഷ്ക്കരണത്തിനായി ചെലവഴിക്കപ്പെടുന്ന തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഹൈടെക് ക്ലാസ്സ് മുറികളിൽ പാഠവിനിമയത്തിനായി പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നേതൃത്വത്തിൽ 'സമഗ്ര' എന്ന പേരിൽ ഒരു ഡിജിറ്റൽ വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭവ പോർട്ടലിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് രണ്ടാം പതിപ്പായി

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനൊപ്പം പോർട്ടലിന്റെ ഓഫ്‍ലൈൻ വേർഷനും ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സമഗ്ര പോർട്ടലിൽ 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പ്രൈമറി ക്ലാസ്സുകൾക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലായി 27811 റിസോഴ്സുകൾ വിവിധ ഇനങ്ങളിലായി സമഗ്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രയോജനപ്പെടുത്തുന്നതിനും അതിലൂടെ പ്രയാസമേറിയ പാഠഭാഗങ്ങൾ ലളിതവും രസകരവുമായ രീതിയിൽ കുട്ടികളിൽ എത്തിക്കുന്നതിനും ഡിജിറ്റൽ വിഭവങ്ങൾക്ക് കഴിയും. സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിൽ ഓരോ ക്ലാസ്സിലെ കുട്ടികൾക്കും അനുയോജ്യമായ വിധത്തിൽ വിവിധ പാഠഭാഗങ്ങളുടെ ഡിജിറ്റൽ വിഭവങ്ങൾ പരിശോധനയ്ക്കുശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ വിഭവങ്ങൾ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. പൂർണ്ണമായും 'കൈറ്റ്'-ന്റെ സംവിധാനം ഉപയോഗിച്ചാണ് 'സമഗ്ര' പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്. പോർട്ടൽ പരിഷ്കരണത്തിനും വിഭവങ്ങൾ ഉൾപ്പെടുത്തുന്നതിനും പ്രത്യേകമായി തുക ചെലവഴിക്കുന്നില്ല. എന്നാൽ 'കൈറ്റ്'-ൽ നിലവിലുള്ള മാസ്റ്റർ ട്രെയിനർമാർ, കമ്പ്യൂട്ടർ പ്രോഗ്രാമർമാർ, തെരഞ്ഞെടുത്ത സ്കൂൾ അദ്ധ്യാപകർ എന്നിവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

25 (*115) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി ചുഴലിക്കാറ്റ് ഉൾപ്പെടെയുള്ള കാരണങ്ങൾ കൊണ്ട് അതിശക്തമായ കടൽക്ഷോഭവും മറ്റു പ്രകൃതിദുരന്തങ്ങളും

അടിക്കടിയുണ്ടാകുന്നത് പരിഗണിച്ച് മത്സ്യബന്ധനത്തിനുപോകുന്നവരുടെ വിവരശേഖരണത്തിനും അവശ്യഘട്ടങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനും വേണ്ട സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവരുടെ ജീവരക്ഷക്കായി എന്തെല്ലാം സുരക്ഷാ ഉപകരണങ്ങൾ ആണ് നൽകി വരുന്നത്;

(ബി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ചെയ്തു വരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും സംരക്ഷണത്തിനായി പുതുതായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ഉണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേഴ്സിനെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളിൽ ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനകം 13261 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ സാഗരയിലൂടെ കഴിയും. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 566 എണ്ണം ജി.പി.എസ്.-ഉം 1132 എണ്ണം ലൈഫ് ബോയെയും വിതരണം ചെയ്തുകഴിഞ്ഞു. അടിയന്തരഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് അംഗീകാരവും ഫണ്ടും നൽകിയിരുന്നു. അതിന്റെ ആദ്യ ഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ സപ്ലൈ

ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധനയാനങ്ങൾക്ക് ബി.എസ്.എൻ.എൽ.-മായി ചേർന്ന് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാകുന്നതിനനുസരിച്ച് ആയത് വിതരണം ചെയ്തുവരുന്നു.

(ബി) കടൽ രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം ലഭിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായും ആദ്യഘട്ടമെന്ന നിലവിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും കൊച്ചിൻ ഷിപ്‌യാർഡുമായി കരാറിലേർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു മറൈൻ ആംബുലൻസിന് 6.08 കോടി രൂപയാണ് നിർമ്മാണ ചെലവ്. അതനുസരിച്ച് 3 എണ്ണത്തിന് 18.24 കോടി രൂപ ചെലവ് വരും. ആദ്യ മറൈൻ ആംബുലൻസ് നവംബർ 2019 ഓടെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ഷിപ്‌യാർഡിൽ പുരോഗമിച്ചുവരികയാണ്. നിലയിൽ 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്നുമുണ്ട്. ആവശ്യത്തിന് ലൈഫ് ഗാർഡിനെയും നിയമിച്ചിട്ടുണ്ട്. ഇവയുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും 5 യാനങ്ങളും ഒരു യാനത്തിൽ 3 പേർ എന്ന ക്രമത്തിൽ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഓഖി, പ്രളയം പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനത്തിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയെന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ സ്ക്വാഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ രക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കും.

(സി) ഫിഷറീസ് വകുപ്പ് മുഖേന 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി' നടപ്പിലാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

സംസ്ഥാനത്തൊട്ടാകെ പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലേർപ്പെടുകയും ചെയ്തു. പൂർണ്ണമായ നാശനഷ്ടത്തിന് യാനത്തിന്റെ ഇൻഷ്വർ ചെയ്യുന്ന വിലയുടെ ഒരു ശതമാനം + ജി.എസ്.ടി.-യും പൂർണ്ണവും ഭാഗികവുമായ നാശനഷ്ടത്തിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 1.5% + ജി.എസ്.ടി.യും എന്നതായിരുന്നു അംഗീകരിച്ച നിരക്ക്. പ്രീമിയം തുകയുടെ 10 ശതമാനം മാത്രമാണ് ഗുണഭോക്തൃ വിഹിതം. ആദ്യ വർഷം എന്ന നിലയിൽ യാനങ്ങൾക്ക് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം 2018-19-ൽ 647 മത്സ്യബന്ധന യാനങ്ങൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം (2019-20) ടി പദ്ധതിക്കായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2019-20 വർഷം യാനങ്ങൾക്കും എഞ്ചിനും കൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന വിധം പദ്ധതി തയ്യാറാക്കി വരുന്നു.

**ഡോ. എം. എ. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

26 (*116) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭരണ നിർവ്വഹണ ഘടനയിൽ മാറ്റം വരുത്തുന്നതിന് ശിപാർശ ചെയ്യുന്ന ഡോ. എം. എ. ഖാദർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ഒറ്റ ഡയറക്ടറേറ്റിന് കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനെതിരെ ഹയർ സെക്കണ്ടറി അദ്ധ്യാപക സംഘടനകളുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് മുമ്പ് വിവിധ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ ആശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി&ഡി) ഉണ്ട്.

(ഇ) റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെക്കുറിച്ച് അദ്ധ്യാപക/അനദ്ധ്യാപക/ സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി 20-5-2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28-5-2019-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽവിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ആ ചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ചശേഷമാണ് സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടുള്ളത്.

## തണ്ണീർത്തടങ്ങളും വയലുകളും സംരക്ഷിക്കുന്നതിന് നടപടി

27 (*117) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എം. സ്വരാജ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തടസംരക്ഷണനിയമം മറികടന്നുകൊണ്ട് ആലുവ ചൂർണിക്കരയിൽ നിലം നികത്താൻ മുൻമന്ത്രിസഭയിലെ ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗം ചില രാഷ്ട്രീയ നേതാക്കൾക്കായി കൃത്രിമരേഖ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തണ്ണീർത്തടങ്ങളും വയലുകളും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് പൂർത്തിയായോ; സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തി ഭൂരേഖ ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വേ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.2921 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറുടെ ചാർജ് വഹിക്കുന്ന ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റുകൾ, ആർ.ഡി. ഓഫീസുകൾ എന്നിവിടങ്ങളിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു.

(ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടുകെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തുവരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കായി താലൂക്ക് തലത്തിൽ ഭൂരേഖാ തഹസീൽദാർമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും നടപടികൾ ഊർജ്ജിതമായി നടത്തിവരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3

ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടമില്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ നടന്നുവരുന്നു. ആകെയുള്ള 1664 വില്ലേജുകളിൽ 1646 വില്ലേജുകളിലെ ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ, 1354 വില്ലേജുകളിലെ തണ്ടർപ്പേർ ഡിജിറ്റൈസേഷൻ എന്നിവ പൂർത്തീകരിച്ചു. ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടി പുരോഗമിക്കുന്നു.

**റിയ എസ്റ്റേറ്റിൽനിന്നും ഭൂനികുതി സ്വീകരിച്ച നടപടി**

28 (*118) ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് വിറ്റതും തെന്മലയിലെ റിയ എസ്റ്റേറ്റിന്റെ കൈവശമുള്ളതുമായ 206 ഏക്കർ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) നിർദ്ദേശം നൽകിയിരുന്നില്ലെങ്കിൽ നികുതി സ്വീകരിക്കുവാനുണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷണം നടത്തുമോ;

(സി) നികുതി സ്വീകരിച്ചതുവഴി പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഇല്ല.

(ബി&സി) കൊല്ലം ജില്ലയിലെ തെന്മല എസ്റ്റേറ്റ്, മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് കൈവശം വച്ചിരുന്ന സർക്കാർ ഗ്രാന്റുകളിൽ ഉൾപ്പെട്ട

ഭൂമിയാകുന്നു. ഇതിൽ നിന്നും 206 ഏക്കർ മുംബൈ ആസ്ഥാനമായ റിയാ റിസോർട്സ് ആന്റ് പ്രോപ്പർട്ടീസിന് 2005-ൽ എച്ച്.എം.എൽ. കമ്പനി വിൽപ്പന നടത്തുകയുണ്ടായി. പ്രസ്തുത സർക്കാർ ഭൂമിയിൽ എച്ച്.എം.എൽ. കമ്പനി തങ്ങളുടെ ഉടമസ്ഥത സ്ഥാപിക്കാതെയാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്ന കണ്ടെത്തലിൽ പ്രസ്തുത കമ്പനിയുടെയും സമാനമായ മറ്റ് കമ്പനികളുടെയും കൈവശത്തിലിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് 1957-ലെ കെ.എൽ.സി. ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ ടി ഭൂമി അടക്കം 38170.92 ഏക്കർ തോട്ടം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസറുടെ നടപടികൾക്കെതിരെ എച്ച്.എം.എൽ. കമ്പനിയും അവരിൽനിന്നും ഭൂമി നേടിയവരും (റിയ ഉൾപ്പെടെ) ഫയൽ ചെയ്ത റിട്ടുകളിൽ 11-4-2018-ന് ഡിവിഷൻ ബഞ്ച് പ്രഖ്യാപിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ അധികാരമില്ലെന്ന് നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ടി ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കേസുകൾ ഫയൽ ചെയ്യാമെന്നും ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

M/s റിയാ റിസോർട്സ് ആന്റ് പ്രോപ്പർട്ടീസ് ലിമിറ്റഡ് M/s ഹാരിസൺസ് മലയാളം ലിമിറ്റഡിൽനിന്നും വാങ്ങിയ തെന്മല വില്ലേജിലെ 206.57 ഏക്കർ ഭൂമിക്ക് പോക്കുവരവ് നടത്തി കരം സ്വീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് WP(C) 28115/06 ഫയൽ ചെയ്യുകയും ഹൈക്കോടതി 5-10-2013-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം പോക്കുവരവ് അപേക്ഷ പുനഃപരിശോധിക്കുന്നതിനും ഹാജരാക്കിയിട്ടുള്ള ആധാരങ്ങൾ പ്രാപ്തമാണെങ്കിൽ പോക്കുവരവ് അനുവദിക്കുന്നതിനും അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 200/15 അപ്പീലിൽ 17-9-2018-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പോക്കുവരവ് ചെയ്യുന്നതിനും ടാക്സ് എടുക്കുന്നതിനും ഉടമസ്ഥത സംബന്ധിച്ച് തെളിവുകൾ അല്ലായെന്നും ആയതിനാൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം പോക്കുവരവ് നടത്തി നൽകണമെന്നും എന്നാൽ ഹാരിസൺസ് മലയാളത്തിന്റെ ഭൂമി സംബന്ധമായ കേസിൽ സിവിൽ കോടതിയെ സമീപിക്കാൻ സർക്കാരിന് നൽകിയിട്ടുള്ള അവകാശം ഈ സംഗതിയിലും റിസർവ് ചെയ്യുന്നുവെന്നും ഉത്തരവിടുകയുണ്ടായി. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ ജില്ലാ തലത്തിൽത്തന്നെ തീരുമാനമെടുത്ത് റിയാ എസ്റ്റേറ്റിന്റെ കരം സ്വീകരിക്കുകയാണുണ്ടായത്. തോട്ടം

ഭൂമി സംബന്ധിച്ച് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കരം സ്വീകരിക്കുന്നതിനും തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതിനാൽ റിയാ എസ്റ്റേറ്റിന് കരം അടച്ച് നൽകിയ നടപടിയും സിവിൽ കോടതിയുടെ അന്തിമവിധിക്ക് വിധേയമായിരിക്കുന്നതാണ്.

ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും നിബന്ധനകൾക്ക് വിധേയമായി കരം സ്വീകരിക്കുന്നതിനും റീപ്ലാന്റേഷനുവേണ്ടി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകി 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

29 (*119) ശ്രീ. പി. കെ. ശശി:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ആർ. രാജേഷ്:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; കിഫ്ബിയിൽ നിന്ന് ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ മണ്ഡലത്തിലും ഓരോ സ്കൂളിനെ ഉൽകൃഷ്ട സ്ഥാപനം (സെന്റർ ഓഫ് എക്സലൻസ്) ആക്കി ഉയർത്താനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ആയിരം വിദ്യാർത്ഥികളിലധികമുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി എത്ര വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എയ്ഡഡ് സ്കൂളുകൾക്കുള്ള മാച്ചിംഗ് ഗ്രാന്റ് പദ്ധതി പ്രകാരം എത്ര സ്കൂളുകളാണ് കരടുപദ്ധതി സമർപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിയുടെ പുരോഗതി മേഖലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഓരോ സ്കൂളുകളുടെയും പ്രവർത്തന പുരോഗതി പ്രത്യേകം അവലോകനം നടത്തിയശേഷം കരാറുകാരുടെ യോഗം വിളിക്കുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വേണ്ടത്ര പുരോഗതി കൈവരിക്കാത്ത പ്രവൃത്തികൾ പ്രത്യേകമായി നിരീക്ഷിക്കുകയും നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാനുള്ള കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം കരാറുകൾക്ക് നിയമപരമായ നടപടികൾ കൈക്കൊള്ളുമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുമുണ്ട്.

മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത 141 സ്കൂളുകൾക്ക് 687.63 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത 213 സ്കൂളുകളിൽ കിഫ്ബിയുടെ അനുമതി ലഭിച്ച 135 സ്കൂളുകൾക്കായി 550.04 കോടി രൂപയും ചേർത്ത് ആകെ 1237.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്കൃഷ്ട സ്ഥാപനങ്ങൾ (Centre of Excellence) ആയി ഉയർത്തുന്ന 137 സ്കൂളുകളുടെ നിർമ്മാണ പുരോഗതി താഴെക്കൊടുക്കുന്നു.

1. 75 ശതമാനത്തിനുമുകളിൽ പ്രവർത്തന പുരോഗതി കൈവരിച്ചവ-20
2. 50 ശതമാനത്തിനുമുകളിൽ പുരോഗതി കൈവരിച്ചവ-27
3. 50 ശതമാനത്തിനുതാഴെ പുരോഗതി കൈവരിച്ചവ-90
4. ഉത്കൃഷ്ട സ്ഥാപനമായി തെരഞ്ഞെടുത്ത (Centre of Excellence) ബാക്കി 4 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരം വിദ്യാർത്ഥികളിലധികമുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 115 സ്കൂളുകൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ മാസ്റ്റർ പ്ലാനിൽ മാറ്റങ്ങൾ വേണമെന്നാവശ്യപ്പെട്ട 7 സ്കൂളുകൾ ഒഴികെ ബാക്കി 108 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലാണ്. 28 സ്കൂളുകളുടെ ഭരണാനുമതി ലഭിച്ചത് കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി കാത്തിരിക്കുന്നു.

2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 വർഷം 12,000 ലക്ഷം രൂപയും 2018-19 വർഷം 17,000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 86 സ്കൂളുകൾ മാച്ചിംഗ് ഗ്രാന്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് വിഹിതം ട്രഷറിയിൽ നിക്ഷേപിച്ച രേഖകൾ ഹാജരാക്കിയ 44 സ്കൂളുകൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## നെൽവയൽ നികത്തുന്നതിനായി വ്യാജ ഉത്തരവുകൾ

30 (*120) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തടനിയമം പാസ്സാക്കിയതുമൂലമുണ്ടായ പ്രായോഗികബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആക്റ്റും ചട്ടവും നിലവിൽ വന്നതിനുശേഷം നെൽവയൽ നികത്തുന്നതിനായി വ്യാജ ഉത്തരവുകൾ വ്യാപകമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ റവന്യൂ വകുപ്പിന്റെ ആഭ്യന്തരഭരണസംവിധാനത്തിൽ ഉണ്ടായ വീഴ്ച പരിഹരിക്കുന്നതിന് പോലീസ് അന്വേഷണം ഏർപ്പെടുത്താൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ?

### ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് വകുപ്പ് 27 (എ) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) വ്യാജ ഉത്തരവുകൾ വ്യാപകമാകുന്ന സാഹചര്യമുണ്ടായിട്ടില്ല. എന്നാൽ ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ്, ബ്ലോക്ക് നമ്പർ 34 റീസർവ്വേ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.2921 ഹെക്ടർ ഭൂമി

ലാന്റ് റവന്യൂ കമ്മീഷണറുടെ ചാർജ് വഹിക്കുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും വ്യാജ ഉത്തരവ് ഹാജരാക്കി വില്ലേജ് രേഖകളിൽ മാറ്റം വരുത്താൻ ശ്രമിച്ചത് തടയുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം തുടർന്നുവരികയും ചെയ്യുന്നുണ്ട്.

(സി) ആഭ്യന്തര ഭരണ സംവിധാനത്തിൽ വീഴ്ചകളുണ്ടായിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ ചാർജ് വഹിക്കുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ശ്രമങ്ങൾ ഉണ്ടാകുകയും ചെയ്തത് ക്രിമിനൽ കുറ്റങ്ങളായതിനാലാണ് സി.ആർ.പി.സി. പ്രകാരം പോലീസ് അന്വേഷണവും കേസ് രജിസ്റ്റർ ചെയ്ത കോടതി മുഖാന്തരമുള്ള തുടർ നടപടികളുമുണ്ടായത്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം

1 (1124) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ജൂണിൽ ഒപ്പുവെച്ച കെ.എസ്.ടി.പി.യുടെ (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്) രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്; ഇതിൽ എത്ര പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രോജക്ട് ഡയറക്ടറെ ഇടയ്ക്കിടെ മാറ്റുന്നത് പദ്ധതി നടത്തിപ്പിന് തടസ്സമാകുന്നുണ്ടോ; ഇക്കാര്യം ലോക ബാങ്ക് ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ഡി) പദ്ധതിയുടെ കാലാവധി ഇപ്പോൾ ഏതുവരെയാണ് ലോകബാങ്ക് നീട്ടിനൽകിയിരിക്കുന്നത്; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണ ഘട്ടത്തിലും 2 എണ്ണം ആരംഭ ഘട്ടത്തിലുമാണ്.

അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ) യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 4 പാക്കേജുകൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിൽ 2 പാക്കേജുകൾ പൂർത്തീകരണ ഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിലവിൽ കെ.എസ്.ടി.പി.-ക്ക് സ്ഥിരമായി പ്രോജക്റ്റ് ഡയറക്ടർ ഉണ്ട്.

(ഡി) പദ്ധതിയുടെ കാലാവധി 30-4-2021 വരെ നീട്ടി നൽകുന്നതിന് ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവലോകന യോഗങ്ങൾ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

### കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ടം

2 (1125) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ലോകബാങ്ക് സമയം നീട്ടി നൽകിയിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള കാലതാമസത്തെ സംബന്ധിച്ചും നിർമ്മിച്ച റോഡിന്റെ ഗുണനിലവാരമില്ലായ്മയെ സംബന്ധിച്ചും ലോകബാങ്ക് അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗത്തെ റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ അടങ്കലെത്രയാണെന്നും പ്രസ്തുത അടങ്കൽ ഇതിനകം എത്ര തവണ പുതുക്കിയെന്നും അറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

പദ്ധതിയുടെ കാലാവധി 30-4-2021 വരെയാണ് ലോകബാങ്ക് തത്വത്തിൽ നീട്ടി നൽകിയിരിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി അവലോകന യോഗങ്ങൾ നടത്തുകയും ആയതിനുവേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ കാലാവധി 30-4-2021 വരെ ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ്

പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു.

EPC മാതൃകയിൽ തരം തിരിച്ച് 3 പാക്കേജുകളുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും |
|---|---|
| 8 എ | പുനലൂർ മുതൽ കോന്നി വരെ (ചെയിനേജ് 00+000/29+840) |
| 8 ബി | കോന്നി മുതൽ പ്ലാച്ചേരി വരെ (ചെയിനേജ് 29+840/60+000) |
| 8 സി | പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ (ചെയിനേജ് 60+000/82+173) |

ഈ മൂന്ന് പാക്കേജുകളുടെയും ടെണ്ടർ ഇവാല്യുവേഷൻ നടപടികൾ നടന്നുവരുന്നു. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുനലൂർ-പൊൻകുന്നം റോഡിന്റെ അടങ്കൽ തുക 728 കോടി രൂപയാണ്. 2013-ൽ തയ്യാറാക്കിയ ഡി.പി.ആർ. വീണ്ടും 2018-ൽ പുതുക്കിയിട്ടുണ്ട്.

## സി.ആർ.എഫ്. പ്രവൃത്തികൾ

3 (1126) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.ആർ.എഫ്. മുഖേന എത്ര പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ആർ.എഫ്. മുഖേന ലഭിച്ച പ്രവൃത്തികളുടെ ഫണ്ട് വിവരങ്ങളും കാസർഗോഡ് ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## കായംകുളം മണ്ഡലത്തിലെ റോഡ് സുരക്ഷാ പദ്ധതികൾ

4 (1127) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ സിഗ്നൽ ലൈറ്റും സോളാർ പവർ ബ്ലിങ്കേഴ്സും സ്ഥാപിക്കുന്നതിനുവേണ്ടി 24-10-2016-ൽ അനുവദിച്ച 94,43,274 രൂപയിൽ 53,26,898 രൂപ അമ്പലപ്പുഴ, കളർകോട്, കലവൂർ, എരമല്ലൂർ, അരൂർ ബൈപ്പാസ് എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും 41,16,376 രൂപ പാതിരപ്പള്ളി ജംഗ്ഷൻ, വളവനാട് ജംഗ്ഷൻ, കണിച്ചുകുളങ്ങര ജംഗ്ഷൻ, പതിനൊന്നാം മൈൽ, ചേർത്തല പോലീസ് മുന്നണി പ്രോവിഡൻസ് ജംഗ്ഷൻ, കുത്തിയതോട് ജംഗ്ഷൻ, ചന്തിരൂർ ജംഗ്ഷൻ, കോട്ടുകുളങ്ങര ജംഗ്ഷൻ, ആർ.കെ. ജംഗ്ഷൻ, ഹരിപ്പാട് ധനപ്പടി, കെ.വി. ജെട്ടി ജംഗ്ഷൻ, കരുവാറ്റ എൻ.എസ്.എസ്. സ്കൂൾ ജംഗ്ഷൻ, വഴിയമ്പലം കരുവാറ്റ ജംഗ്ഷൻ, കന്നുകാലിപ്പാലം, തോട്ടപ്പള്ളി പാലം, വളഞ്ഞവഴി, വണ്ടാനം എം.സി.എച്ച്. ജംഗ്ഷൻ, പുന്നപ്ര ജംഗ്ഷൻ, അറവുകാട് ജംഗ്ഷൻ, തിരുവമ്പാടി ജംഗ്ഷൻ, കൊച്ചുവേളിക്കവല ജംഗ്ഷൻ, പൊന്നമ്പാടി ജംഗ്ഷൻ, പക്കിപ്പാലം ബ്രിഡ്ജ്, പോങ്ങ ബ്രിഡ്ജ്, പാറശ്ശേരി ബ്രിഡ്ജ്, ഒന്നാംകരപാലം, ടൈറ്റാനിക് ബ്രിഡ്ജ്, മാമ്പുഴക്കരി ബ്രിഡ്ജ്, കോരവളവ്, കിടങ്ങര ഒന്നാംപാലം, മങ്കൊമ്പ് പെട്രോൾ പമ്പിനുസമീപം, മങ്കൊമ്പ് പോലീസ് സ്റ്റേഷനുസമീപം എന്നിവിടങ്ങളിൽ സോളാർ പവർ ബ്ലിങ്കേഴ്സ് സ്ഥാപിക്കുന്നതിനും കൈമാറിയിട്ടുണ്ട്. അമ്പലപ്പുഴ കക്കാഴം മേൽപ്പാലത്തിലെ ട്രാഫിക് സിഗ്നൽ നിരീക്ഷണ ക്യാമറകളുടെ സ്ഥാപനത്തിനും പരിപാലനത്തിനും 27,80,080 രൂപ ജില്ലാ റോഡ് സുരക്ഷ കൗൺസിലിന് നൽകിയിരുന്നു.

ചെങ്ങന്നൂർ താലൂക്കിലെ ആഞ്ഞിലിമൂട് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് 6,80,000 രൂപ നൽകിയിട്ടുണ്ട്. 25-4-2018-ൽ ചേർന്ന 35-ാമത് കേരള റോഡ് സുരക്ഷ അതോറിറ്റി യോഗം എം.സി.എച്ച്. ജംഗ്ഷൻ, അറവുകാട് ജംഗ്ഷൻ, പാതിരപ്പള്ളി, കറ്റാനം, കായംകുളം കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ, കഞ്ഞിക്കുഴി, 11-ാം മൈൽ, വയലാർ കവല, ഒറ്റമശ്ശേരി/തങ്കി ജംഗ്ഷൻ, കാർത്ത്യായനി ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റും തിരുവിഴ ജംഗ്ഷൻ, അജന്ത ജംഗ്ഷൻ, കുക്തിയതോട് ജംഗ്ഷൻ, പള്ളിത്തോട് ജംഗ്ഷൻ, ടെക്സ്മോ ജംഗ്ഷൻ, കൊച്ചാലുംമൂട് ജംഗ്ഷൻ, കക്കാഴം മേൽപ്പാലം ജംഗ്ഷൻ

എന്നിവിടങ്ങളിൽ വാണിംഗ് ബ്ലിങ്കേഴ്സും കപ്പക്കട, മാതേരി (തോട്ടപ്പള്ളി) ഐ.റ്റി.ബി.പി. ജംഗ്ഷൻ, പൂതുവിളപ്പാടി, മുക്കട, രാമങ്കരി, നെടുമുടി, പള്ളികൂട്ടമ ജംഗ്ഷൻ, കണിച്ചുകുളങ്ങര, പൊന്നംവേലി, പള്ളിത്തോട്, മാരാരിക്കുളം ജംഗ്ഷൻ എന്നിവിടങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 1,35,92,778 രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പുതിയ കാലം പുതിയ നിർമ്മാണം**

5 (1128) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) പരമ്പരാഗത രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ എത്ര രൂപയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി വിവിധ തരത്തിലുള്ള നൂതന സാങ്കേതിക വിദ്യകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്നു. ദീർഘകാലം ഈട് നിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും റബ്ബറൈസ്ഡ് ബിറ്റുമിൻ, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. കയർ, ഭൂവസ്ത്രം ഉപയോഗിച്ച് റോഡിന്റെ അടിത്തറ ബലപ്പെടുത്തുന്ന സാങ്കേതിക വിദ്യയും ഉപയോഗിക്കുന്നുണ്ട്. കൂടാതെ റീസൈക്ലിംഗ്

സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഈ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രീ ഫ്രാബിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായി പൂർത്തീകരിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള സമയം കുറയ്ക്കുവാനും തന്മൂലം ചെലവ് കുറയ്ക്കുവാനും കഴിയും.

(ബി) പരമ്പരാഗത രീതികളിൽനിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ദീർഘകാലം ഈടുനിൽക്കുന്നതിനായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉപരിതലം പുതുക്കുന്നതിനൊപ്പം എൻ.ആർ.എം.ബി., ഷ്രെഡഡ് പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. റോഡിന്റെ വശങ്ങളിലുള്ള സ്വാഭാവിക ചരിവ് സംരക്ഷിക്കുന്നതിന് പ്രകൃതി സൗഹാർദമായ കയർ ഭൂവസ്ത്രം പോലുള്ള സോയിൽ സ്റ്റെബിലൈസേഷൻ രീതികൾ ഉപയോഗിക്കുന്നുണ്ട്. റീ സൈക്ലിംഗ് സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണ് മാറ്റി നിരപ്പാക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഈ പരമ്പരാഗത നിർമ്മാണ ശൈലിയിൽ നിന്നും മാറ്റി, ഭൂമിയുടെ പ്രകൃത്യായുള്ള ചരിവ് പരമാവധി നിലനിർത്തിക്കൊണ്ട് തന്നെയുള്ള ഡിസൈൻ രൂപീകരിച്ചും മണ്ണ് സംരക്ഷണത്തിനായി കോൺക്രീറ്റ് സംരക്ഷണഭിത്തികൾ പരമാവധി കുറച്ച് ആഴത്തിൽ വേരോടുന്ന ചെടികൾ വച്ച് പിടിപ്പിച്ചും കയർ ഭൂവസ്ത്രം പോലുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താവുന്നതുമാണ്. കൂടാതെ നിലവിലെ കെട്ടിടം പൊളിച്ച് മാറ്റുമ്പോൾ ലഭിക്കുന്ന പാഴ്വസ്തുക്കൾ പുനരുപയോഗം നടത്തിയും നിർമ്മാണം നടത്തുന്നതിനായി മുറിച്ചുനീക്കുന്ന മരങ്ങൾക്ക് പകരം പുതിയവ നട്ട് പിടിപ്പിച്ചും പരമാവധി പ്രകൃതി സൗഹൃദ നിർമ്മാണം സാധ്യമാക്കാവുന്നതാണ്.

(സി) പ്രളയത്തിൽ തകർന്ന റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് നോൺ പ്ലാൻ ഫണ്ടിൽ നിന്നും 882 കോടി രൂപയും ദുരന്ത നിവാരണ ഫണ്ടിൽനിന്നും 71.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിൽനിന്നും റോഡുകളുടെ പുനർനിർമ്മാണത്തിനായി 1897 കോടി രൂപയും

അനുവദിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 850 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ ടെണ്ടർ നടപടി

6 (1129) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും ഏജൻസികളുടെ പേരും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) മത്സരാധിഷ്ഠിത ടെണ്ടറില്ലാതെ വകുപ്പിന്റെ പ്രവൃത്തികൾ ഇത്തരം ഏജൻസികൾക്ക് നൽകുന്നതുമൂലമുണ്ടാകുന്ന നഷ്ടം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്; ഓരോ പ്രവൃത്തിക്കും ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നതിന്റെ വ്യക്തമായ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ താമരശ്ശേരി ചുരത്തിലെ നിർമ്മാണ പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ടെണ്ടർ നടപടികളില്ലാതെ ഏൽപ്പിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2018 ആഗസ്റ്റ് മാസമുണ്ടായ തുടർച്ചയായ മഴയിൽ ദേശീയപാത 766 താമരശ്ശേരി ചുരത്തിലെ 8 മീറ്റർ ഉയരമുള്ള കരിങ്കൽ സംരക്ഷണ ഭിത്തി 50 മീറ്റർ നീളത്തിൽ പൂർണ്ണമായും തകർന്ന് നിലംപതിക്കുകയും അപകട സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതിനാലും ചുരത്തിലെ പ്രത്യേക സാഹചര്യവും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യവും കണക്കിലെടുത്ത് ടെണ്ടർ നടപടികൾ കാലതാമസം ഉണ്ടാക്കുന്നതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ച് പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ പ്രവൃത്തികൾ നൽകിവരുന്നത് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഇല്ലാതെയാണ്. (എസ്റ്റിമേറ്റ് നിരക്കിൽനിന്നും കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് കുറച്ചുള്ള നിരക്കിലാണ് പ്രവൃത്തി നൽകിയിട്ടുള്ളത്.)

(സി) സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്കാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. അവരുടെ മുൻകാല പരിചയവും വിശ്വാസ്യതയും പെർഫോമൻസും മറ്റും കണക്കിലെടുത്താണ് സർക്കാർ ഇങ്ങനെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

**നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേട്**

7 (1130) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലം ഉൾപ്പെടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച വിവിധ നിർമ്മാണ പ്രവൃത്തികളിലുണ്ടായ ക്രമക്കേട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികളിലെ ഇത്തരം ക്രമക്കേടുകൾ മുഖേന സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ; ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) അഴിതിക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അഴിമതി/ കൃത്യവിലോപം/ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അവർക്കെതിരെ ക്രിമിനൽ കേസ് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുകയും സർക്കാർ ഖജനാവിനുണ്ടാകുന്ന നഷ്ടം ഇവരിൽനിന്നും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതിയും ക്രമക്കേടും**

8 (1131) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതിയും ക്രമക്കേടും കണ്ടെത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിർമ്മാണപ്രവർത്തനങ്ങളിൽ ആധുനികവൽക്കരണം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന ഒന്നാം തരം (first time) ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും

സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് നൂതന സാങ്കേതികവിദ്യ നടപ്പാക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് നിരുത്സാഹപ്പെടുത്തി എസ്റ്റിമേറ്റ് കൃത്യമാക്കി. മോശപ്പെട്ട കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഫൈൻ ചുമത്തിവരുന്നു.

പൊതുമരാമത്ത് വകുപ്പിൽ ലഭിക്കുന്ന പരാതികളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ കർശന അച്ചടക്ക നടപടികൾ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 1960 പ്രകാരം സ്വീകരിക്കാറുണ്ട്.

(സി) ഉണ്ട്. കെ.എസ്.ടി.പി. P.I. Cell മുഖാന്തരമാണ് പരാതികൾ സ്വീകരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളെ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് മന്ത്രിയോട് നേരിട്ട് 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ മുഖേന അറിയിക്കാവുന്നതാണ്.

(ഡി) നിർമ്മാണ പ്രവൃത്തികളിൽ ആധുനികവൽക്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ആധുനിക സംവിധാനങ്ങളുള്ള യന്ത്ര സാമഗ്രികൾ ലഭ്യമല്ലാത്തതും നിർമ്മാണ മേഖലയിൽ ഇതുസംബന്ധിച്ച വിദഗ്ദ്ധരായ തൊഴിലാളികളുടെ ദൗർലഭ്യവും ആധുനികവൽക്കരണത്തിന് വെല്ലുവിളിയാകുന്നുണ്ട്. ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി പരിഹരിക്കാവുന്നതും നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനികവത്കരണം നടപ്പാക്കാവുന്നതുമാണ്.

### ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം നീണ്ടുപോകുന്ന പദ്ധതികൾ

9 (1132) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം നഷ്ടത്തിലാകുന്നതും പ്രവൃത്തി അനന്തമായി നീണ്ടുപോകുന്നതുമായ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള നടപടികളും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## പ്രളയംമൂലം റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ

10 (1133) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ പ്രളയം മൂലം റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ തോത് എത്രയാണ്; എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് അറിയിക്കാമോ;

(ബി) ഇവയുടെ പുനരുദ്ധാരണത്തിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പാലങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷമുണ്ടായ പ്രളയംമൂലം പൊതുമരാമത്ത് വകുപ്പ് റോഡുകൾക്കും പാലങ്ങൾക്കും സാരമായ നാശനഷ്ടമുണ്ടായിട്ടുണ്ട്. ശക്തമായ മഴയിലുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കുത്തൊഴുക്ക്, വെള്ളക്കെട്ട് എന്നിവമൂലം മലയോര പ്രദേശങ്ങളിൽ റോഡ് ഇടിയുകയും മണ്ണിടിഞ്ഞ് റോഡിലേക്ക് വീഴുകയും കലുങ്ക്, സംരക്ഷണഭിത്തി എന്നിവയ്ക്ക് തകർച്ച സംഭവിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 16965 കി.മീ. റോഡുകൾ തകർന്നതായി കണക്കാക്കിയിട്ടുണ്ട്. 13521 കോടി രൂപയുടെ നഷ്ടം റോഡുകൾക്കും 568.35 കോടി രൂപയുടെ നാശനഷ്ടം പാലങ്ങൾക്കുമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

പ്രളയംമൂലം നാശനഷ്ടമുണ്ടായ ദേശീയപാതകൾ പുനർനിർമ്മിക്കുന്നതിനായി 911.75 കോടി രൂപ ആവശ്യമായി വരുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ടി.പി. വിഭാഗത്തിന് 13.10 കോടി രൂപയുടെയും കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിൽ ഏകദേശം 42.62 ലക്ഷം രൂപയുടെയും നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്ന് റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺ പ്ലാൻഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ റോഡുകളുടെ ഉപരിതലം പുതുക്കലും ഡിസൈൻ റോഡുകളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 2400 കി.മീ. റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് 1897 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ ഏകദേശം 163 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊക്കെത്തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 15 വർഷം നിലനിൽക്കുന്ന ഡിസൈൻ റോഡുകളാണ് വിഭാവനം ചെയ്യുന്നത്. ഏകദേശം 1600 കി.മീ. നീളം വരുന്ന 59 റോഡുകൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് 2800 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. എ.ഡി.ബി., ജർമ്മൻ ബാങ്ക് തുടങ്ങിയ വിദേശ ഏജൻസികളുടെ ധനസഹായത്തോടെ ഈ പദ്ധതി നടത്താനാണ് ഉദ്ദേശിക്കുന്നത്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ ദുരന്ത നിവാരണ ഫണ്ടിൽനിന്നും പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 1.81 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്. വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി പ്ലാൻ/നോൺപ്ലാൻ ഹെഡിൽനിന്നും 1400 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ പാലങ്ങൾ വിഭാഗത്തിന് 31.03 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.

പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗത

യോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടിരൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കും. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി വേണ്ടിവരും. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ- 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർനിർമ്മിക്കുകയുണ്ടായി.

പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി.-യുടെ 44300 കി.മീ. റോഡ് നവീകരിച്ചിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് (24.500 കി.മീ.) (ആലപ്പുഴ ജില്ല), തിരുവല്ല-മാവേലിക്കര റോഡ് (19.800 കി.മീ.) (പത്തനംതിട്ട-ആലപ്പുഴ ജില്ല) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ആലപ്പുഴ ജില്ലയിൽ 35.300 കി.മീ. റോഡും പത്തനംതിട്ട ജില്ലയിൽ 9.000 കി.മീ. റോഡും നവീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 12.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഏനാത്ത് പാലത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുള്ള പാലങ്ങളുടെ സർവ്വേ എടുക്കുകയും അതിൽ 162 പാലങ്ങൾക്ക് പുനർനിർമ്മാണം വേണമെന്നും 208 പാലങ്ങൾക്ക് പുനർനിർമ്മാണം/ പുനരുദ്ധാരണം വേണമെന്ന് കണ്ടെത്തുകയും അവ പുനർനിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മഴക്കാല പൂർവ്വ പ്രവൃത്തികളുടെ ഭാഗമായി പാലത്തിന്റെ പിയറുകളുടെയും അബട്ട്മെന്റുകളുടെയും ചുറ്റും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കുന്നതും അറ്റകുറ്റപ്പണികളും ത്വരിതഗതിയിൽ നടന്നുവരുന്നു. മഴക്കാലത്തിനുമുമ്പായി പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിക്കും. ഇതുകൂടാതെ പ്രളയ പ്രതിരോധത്തിനുള്ള പ്രവൃത്തികളുടെ നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് ചെയ്തുതീർക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാലങ്ങളുടെ സ്ഥാനങ്ങളിൽ സംഭവിച്ച ഏറ്റവും ഉയർന്ന ജലനിരപ്പ് അടയാളപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിഭാഗം രൂപകൽപ്പന ചെയ്ത് കൈമാറുകയും പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുകയും ചെയ്തുവരുന്നു. പ്രളയത്തെ പ്രതിരോധിക്കാനുള്ള പുതിയ നിർമ്മാണ രീതികൾ അവലംബിച്ചു കൊണ്ടാണ് പുതിയ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കി വരുന്നത്. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ലാന്റ് സ്പാനുകൾകൂടി കൊടുത്തുകൊണ്ട് എംബാങ്കുമെന്റ് അധികം ഉയർത്താതെയും നീരൊഴുക്ക് തടയാതെയുമാണ് നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തടസ്സംവരുന്നതും ഇടുങ്ങിയതും നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നതുമായ ബോക്സ് കൾവെർട്ടുകൾ പുതുക്കി പണിയേണ്ടവ പുതുക്കിപ്പണിയാനും ഉയർത്തേണ്ടവ ഉയർത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുലമൺ ജംഗ്ഷനിലെ മേൽപ്പാലം നിർമ്മാണം

11 (1134) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ പുലമൺ ജംഗ്ഷനിൽ മെയിൻ സെൻട്രൽ റോഡിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട മേൽപ്പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; രൂപരേഖ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തി യതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണ്;

(സി) അന്തിമ രൂപരേഖ തയ്യാറാക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര പുലമൺ ജംഗ്ഷനിൽ മെയിൻ സെൻട്രൽ റോഡിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്ക് സർവ്വേ അനുബന്ധ ജോലികൾ നടന്നുവരികയാണ്. ഇതിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് ശ്രീ. ബേബി മാത്യൂസ് തൊഴുത്തിങ്കൽ, എറണാകുളം എന്ന വ്യക്തിക്കാണ് വർക്ക് അവാർഡ് ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി ആവശ്യമായ സോയിൽ ഇൻവെസ്റ്റിഗേഷൻ, രൂപരേഖ തയ്യാറാക്കൽ എന്നിവയ്ക്കായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് രൂപരേഖ തയ്യാറാക്കുന്നതിനുള്ള സർവ്വേ അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) അന്തിമ രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്ക് സർവ്വേ അനുബന്ധ ജോലികൾ പൂർത്തിയാക്കേണ്ടതുണ്ട്.

## റേറ്റുകൾ അപ്‌ലോഡ് ചെയ്തപ്പോൾ വന്നിട്ടുള്ള തെറ്റുകൾ

12 (1135) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ലോക്കൽ മാർക്കറ്റിംഗ് റേറ്റുകൾ കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്തപ്പോൾ റേറ്റുകളിൽ വന്നിട്ടുള്ള തെറ്റുകൾമൂലം നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് വകുപ്പ് 119 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതും എന്നാൽ ലോക്കൽ മാർക്കറ്റിംഗ് റേറ്റിലെ തെറ്റുകൾമൂലം ആരംഭിക്കാൻ സാധിക്കാത്തതുമായ കൊച്ചിൻ കോർപ്പറേഷനിലെ വാർഡ് 34 ൽപ്പെട്ട ഇടപ്പള്ളി മാക്കാപറമ്പ്-നികർത്തിൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പ്രസ്തുത തെറ്റുകൾ എന്നത്തേയ്ക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) തെറ്റുകൾക്ക് ഉത്തരവാദികൾ ആരെന്നും ഇത് പരിഹരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) പൊതുമരാമത്ത് വകുപ്പിൽനിന്നും പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽനിന്നും ഒരു പ്രവൃത്തിയെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ലോക്കൽ മാർക്കറ്റിംഗ് റേറ്റുകൾ കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്തപ്പോൾ റേറ്റുകളിൽ തെറ്റ് വന്നിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പ്രളയാനന്തര റോഡുനവീകരണം

13 (1136) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര റോഡുനവീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡുകൾ നവീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ച എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ - സി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ പ്രളയാനന്തര റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് 1149 കി.മി. റോഡിന്റെയും നോൺ-പ്ലാൻ ഫണ്ട് ഉപയോഗിച്ച് 6615 കി.മി. റോഡിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 163 കി.മി. റോഡുകളുടെ ഉപരിതലം പുതുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനു കീഴിൽ 580.52 കി.മീ. റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ റോഡുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രളയാനന്തര റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുംപ്രകാരം തുക കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് അനുവദിച്ച് നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു.

1. ഓർഡിനറി റിപ്പയർ: 15.80 കോടി രൂപ
2. ഫ്ലഡ് ഡാമേജ് റിപ്പയർ: 32.09 കോടി രൂപ
3. സെൻട്രൽ റോഡ് ഫണ്ട് പദ്ധതികൾ (റോഡുകൾ-54 എണ്ണം, പാലങ്ങൾ-2 എണ്ണം): 801.00 കോടി രൂപ

കൂടാതെ വയനാട് ജില്ലയിലെ താമരശ്ശേരി ചുരം സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിൽനിന്ന് 1.86 കോടി രൂപ ലഭിക്കുകയും പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തിരുവനന്തപുരം ജില്ലയിലെ ചാക്ക-ശംഖുമുഖം റോഡിലെ ശംഖുമുഖം ബീച്ച് ഏകദേശം 300 മീറ്റർ പ്രളയത്തിൽ തകർന്നിട്ടുണ്ട്. ആയതിന്റെ നവീകരണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി.-യുടെ 44.300 കി.മീറ്റർ റോഡ് നവീകരിച്ചിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് (24.500 കി.മീ) (ആലപ്പുഴ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജില്ല), തിരുവല്ല - മാവേലിക്കര റോഡ് (19.800 കി.മീ) (പത്തനംതിട്ട-ആലപ്പുഴ ജില്ല) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ആലപ്പുഴ ജില്ലയിൽ 35.300 കി.മീ. റോഡും പത്തനംതിട്ട ജില്ലയിൽ 9.000 കി.മീ റോഡും നവീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 12.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ്

14 (1137) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാറിംഗിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യമുറപ്പാക്കുവാൻ സംസ്ഥാന തലത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ നിന്നുമാണ് ഈ സമിതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) 26-2-2019-ൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗം ഉറപ്പാക്കുന്നത് സംബന്ധിച്ച സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

## ഗ്രാമീണ റോഡുകൾക്ക് പൊതുമരാമത്ത് ഫണ്ട്

15 (1138) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ടുകൾ അനുവദിച്ച് അവ നവീകരിച്ചിട്ടും, ഈ സർക്കാർ ഗ്രാമീണ റോഡുകളുടെ നവീകരണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഗ്രാമീണറോഡുകൾക്ക് ഫണ്ട് അനുവദിക്കുകയാണെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) ഇപ്പോൾ പരിഗണനയിലില്ല.

## കുറ്റമറ്റ രീതിയിൽ പാലങ്ങളുടെ നിർമ്മാണം

16 (1139) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പാലങ്ങളുടെ നിർമ്മാണം കുറ്റമറ്റ രീതിയിൽ ആണെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പാലങ്ങളുടെ ശക്തി, ദീർഘായുസ്സ് എന്നിവ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പാലം നിർമ്മാണത്തിൽ അപാകത കാട്ടുന്നവർക്കെതിരെ ജാമ്യമില്ലാവകുപ്പുകൾ ഉപയോഗിച്ച് നടപടി സ്വീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; ഇക്കാര്യം സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ & ബി) അഴിമതിക്ക് അറുതിവരുത്തുന്നതിനായി ഗുണമേന്മ പരിശോധന വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗുണമേന്മ പരിശോധനയ്ക്കായി മൂന്ന് റീജിയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. ഇവയുടെ മേൽനോട്ടം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI)-നെ ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പുവരുത്തുന്നുണ്ട്. പ്രവൃത്തികൾക്ക് ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നിർബന്ധമാക്കുകയും പരിശോധനാ ഫലം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തി മാത്രമേ ബിൽ തുക അനുവദിക്കുന്നുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും ഡിസൈൻ തയ്യാറാക്കി കുറ്റമറ്റ രീതിയിൽ പാലങ്ങളുടെ പ്രവൃത്തി നടത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതിക വിദ്യകളായ milling, soil stabilization, gabion wall, soil nailing, shredded plastic കലർത്തിയുള്ള ടാറിംഗ്, NRMB ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്.

(സി) കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയപാത വികസനം

17 (1140) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് നടപടി നിർത്തിവയ്ക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെയും ഉന്നതതല യോഗം നിർദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു;വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം പദ്ധതികൾ നിലവിൽ കേന്ദ്ര സർക്കാർ ആദ്യ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കും;

(സി) ദേശീയപാതാ വികസനത്തിൽ സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഇടപെടൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രാഷ്ട്രീയ കക്ഷിയുടേതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്രത്തിന്റെ നിലപാട് തിരുത്തി ദേശീയപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന് നേരിട്ട് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ NHAI ഹെഡ്ക്വാർട്ടേഴ്സിൽനിന്നും 2-5-2019-ന് റീജിയണൽ ഓഫീസർമാർക്ക് ദേശീയപാത വികസനത്തിനുള്ള പ്രൊജക്ടുകളെ മുൻഗണനാക്രമം നിശ്ചയിച്ച് രണ്ട് വിഭാഗമായി തിരിച്ചുകൊണ്ടും അതിൽ രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ ലാൻഡ് അക്വിസിഷൻ നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ തീരുമാനം പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രിക്കും NHAI-യ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം പദ്ധതികൾ നിലവിൽ കേന്ദ്ര സർക്കാർ ഒന്നാം മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ

NHAI ഹെഡ്ക്വാർട്ടേഴ്സ് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഒരു വർഷത്തിലധികമായി MoRTH/NHAI-യിൽ ഈ അനുമതിക്കായി കാത്തുകിടക്കുകയാണ്. ഈ സാമ്പത്തിക വർഷംതന്നെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ദേശീയപാതാ വികസനത്തിന്റെ മുൻഗണനാ പട്ടികയിൽനിന്ന് സംസ്ഥാനത്തെ ഭൂരിഭാഗം റീച്ചുകളും ഒഴിവാക്കിയത് സംബന്ധിച്ച് 13-5-2019-ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എൻ.എച്ച്.എ.ഐ. ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 2-5-2019-ൽ എൻ.എച്ച്.എ.ഐ. പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ചെറിയ ഭേദഗതി വരുത്തുകയും കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതില്ലെന്നും ഭൂമിയെടുപ്പിന്റെ പുരോഗതി അറിയിക്കുന്നതനുസരിച്ച് NHAI ഹെഡ്ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തിയുടെ തുടർനടപടി സ്വീകരിക്കുന്നതാണെന്ന ഭേദഗതിയാണ് മുൻനിർദ്ദേശത്തിൽ വരുത്തിയത്. രണ്ടു വിഭാഗങ്ങളായി മുൻഗണനാക്രമം നിശ്ചയിച്ചതിനാൽ ഒരു മാറ്റവും NHAI ഇന്നുവരെ വരുത്തിയിട്ടില്ല. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വ്യത്യസ്ത റീച്ചുകളിലായി ടെണ്ടർ ക്ഷണിച്ച് എൻ.എച്ച്.എ.ഐ. പ്രവൃത്തി ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കൊല്ലം-തേനി ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

18 (1141) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) വിജിലൻസ് അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. ക്രമക്കേട് കണ്ടെത്താത്തതിനാൽ കോടതി ഉത്തരവിനെ തുടർന്ന് വിജിലൻസ് ഫയൽ മടക്കി നൽകിയെങ്കിലും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല എന്ന് ചീഫ് എഞ്ചിനീയർ (NH) അറിയിച്ചിട്ടുണ്ട്.

## ദേശീയപാത വികസനം

19 (1142) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനകാര്യത്തിൽ കേന്ദ്ര സർക്കാർ മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് സംസ്ഥാനത്ത് സംജാതമായ പുതിയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കുമോ;

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നൽകിയ എല്ലാ പരാതികളും പരിഹരിക്കപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ദേശീയപാതാ അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority1-ൽ നിന്നും high priority 2-ലേയ്ക്ക് തരംതാഴ്ത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാര തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥവൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല

എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് ക്രമാതീതമായി കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നതാണ്. NHAI ഇത്തരത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-1-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രിക്കും NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കത്തയക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിരുന്നു. High Priority-2-ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിയനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് വിധേയമായി ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതിയെങ്കിലും Priority list-ൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി തീർപ്പുകൽപ്പിച്ചുവരുന്നു.

**ദേശീയപാതാ വികസനം**

20 (1143) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ഉപേക്ഷിച്ച ദേശീയപാതാ വികസനം, സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള കടമ്പകൾ ഈ സർക്കാർ മുൻകയ്യെടുത്ത് തരണം ചെയ്തിട്ടും മുന്നറിയിപ്പ് കൂടാതെ കേന്ദ്രസർക്കാർ അട്ടിമറിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ;

(ബി) തൊണ്ടയാർ, രാമനാട്ടുകര, വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ പൂർത്തീകരണം സംസ്ഥാന സർക്കാരിന് ഏറ്റെടുത്ത് ചെയ്യേണ്ടിവന്ന സാഹചര്യം വിശദീകരിക്കുമോ;

(സി) ദേശീയപാതാ വികസനത്തിന്റെ മുൻഗണനാ പട്ടികയിൽ നിന്ന് കേരളം ഉൾപ്പെടെ ബി.ജെ.പി ഇതര സർക്കാരുകളുള്ള സംസ്ഥാനങ്ങളെ ഒഴിവാക്കിയത് രാഷ്ട്രീയമായ വിരോധംമൂലമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി 3 എ വിജ്ഞാപനം ഇറക്കിയിട്ടുപോലും ടെണ്ടർ നടപടി ആരംഭിക്കുന്നതിന് എൻ.എച്ച്.എ.ഐ. മുമ്പ് നല്കിയ അനുമതി റദ്ദാക്കിയത്, ഈ സർക്കാരിന്റെ കാലത്ത് ദേശീയപാതാ വികസനം നടക്കരുത് എന്ന ചിന്തയുള്ളതുകൊണ്ടാണ് എന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ചില സാങ്കേതിക കാരണങ്ങളാൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ തരംതാഴ്ത്തപ്പെട്ട സാഹചര്യം നിലവിലുണ്ട്.

(ബി) ദേശീയപാത 66-ൽ വരുന്ന ജംഗ്ഷനുകളായ തൊണ്ടയാട്, രാമനാട്ടുകര, വൈറ്റില, കുണ്ടന്നൂർ തുടങ്ങിയവയുടെ വികസനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം ദേശീയപാത 4/6 വരിയാക്കി വികസിപ്പിക്കലിന്റെ കൂടെ നടപ്പിലാക്കാനാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തീരുമാനിച്ചിരുന്നത്. എന്നാൽ വികസനത്തിന് ആവശ്യമായ 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി അനന്തമായി വൈകുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ ഈ ജംഗ്ഷനുകളിലെ ഭീമമായ ഗതാഗത കുരുക്കുകൾക്ക് അടിയന്തര പരിഹാരമെന്ന നിലയ്ക്ക് ഫ്ലൈഓവർ നിർമ്മിക്കുവാൻ മുൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി.

(സി&ഡി) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority-2-ലേയ്ക്ക് തരംതാഴ്ത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ high priority-2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട്

പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. നിലവിലെ സ്ഥലമെടുപ്പ് പുരോഗതിയും ഗതാഗത സാന്ദ്രതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് മുൻഗണനാക്രമത്തിലാണ് ദേശീയപാത വികസനം സാധ്യമാക്കി വരുന്നത്.

**ദേശീയപാത വികസനം**

21 (1144) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് പൂർത്തിയായത് ഏതൊക്കെ ജില്ലകളിലാണ്; വിശദാംശം നൽകുമോ;

(ബി) എൻ.എച്ച് 66-ന്റെ വികസനത്തിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും നഷ്ടപരിഹാരമായി എന്ത് തുകയാണ് അനുവദിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കണക്കാക്കുന്നത് 2013-ലെ നിയമപ്രകാരമാണോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിയുടെ വില ഉൾപ്പെടെ ഒരു കിലോമീറ്ററിന് നിർമ്മാണച്ചെലവ് 45 കോടി രൂപയാകുമെന്നും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ ഉയർന്ന തുകയാണെന്നും അതിനാൽ ഭൂമിവില കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഒമ്പത് ജില്ലകളിൽ സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ദേശീയപാത 66 വികസനത്തിനായി 111.67 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. CALA (പൊന്നുംവില തഹസീൽദാർ) നിർദ്ദേശിക്കുന്നത് അനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നഷ്ടപരിഹാര തുക നൽകുന്നത്. ഇന്നേവരെ 1591.47 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി തുക സ്ഥലമെടുപ്പ് പുരോഗമിക്കുമ്പോൾ CALA (പൊന്നുംവില തഹസീൽദാർ) നിർദ്ദേശിക്കുന്നത് അനുസരിച്ച് മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കണക്കാക്കുന്നത് 2013-ലെ നിയമപ്രകാരമാണ്.

(ഡി & ഇ) ഏറ്റെടുക്കുന്ന ഭൂമിയുടെ വില അയൽ സംസ്ഥാനങ്ങളെയും മറ്റ് സംസ്ഥാനങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടുന്ന നിർമ്മാണ ചെലവ് കിലോമീറ്ററിന് 45 കോടി രൂപയോ അതിൽ കൂടുതലോ ആകും. എന്നാൽ കേന്ദ്ര സർക്കാർ സ്ഥലത്തിനുള്ള വില കുറയ്ക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

2013-ലെ LARR ആക്ട് പ്രകാരമാണ് ഭൂമിവില നിശ്ചയിച്ചിരിക്കുന്നതെന്നതിനാൽ സംസ്ഥാന സർക്കാർ മറ്റ് നിലപാടുകളൊന്നും സ്വീകരിച്ചിട്ടില്ല.

## ദേശീയപാത വികസനം

22 (1145) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ദേശീയപാതാ വികസനത്തിന് കേന്ദ്രസർക്കാർ എന്ത് തുകയാണ് അനുവദിച്ചതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ വിജ്ഞാപനം റദ്ദാക്കണമെന്നും ദേശീയപാതാ വികസനനടപടികൾ നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ട് 2018 സെപ്തംബർ 14-ന് ഒരു രാഷ്ട്രീയ കക്ഷിയുടെ സംസ്ഥാന അദ്ധ്യക്ഷൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിക്ക് കത്ത് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിലാണോ കാസർഗോഡ് ജില്ല ഒഴികെയുള്ള സ്ഥലങ്ങളിലെ സ്ഥലമെടുപ്പ് നിർത്തിവയ്ക്കുവാൻ ദേശീയപാതാ വികസന അതോറിറ്റി നിർദ്ദേശം നൽകിയത്;

(ഇ) എങ്കിൽ സംസ്ഥാനത്തെ ദേശീയപാത വികസനത്തെ അട്ടിമറിക്കുന്ന ഇത്തരം നടപടികളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ദേശീയപാതാ വികസനത്തെ മുൻഗണനാപ്പട്ടികയിലേയ്ക്ക് മാറ്റുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതാ വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 3D അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകലിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. സംസ്ഥാനത്തെ ദേശീയപാതാ വികസനം മുൻഗണനാ പട്ടികയിൽ high priority 1-ൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference Agenda-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ദേശീയപാത വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥലമേറ്റെടുപ്പിനായി അനുവദിച്ച തുക - 1591.47 കോടി രൂപ
2. പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക - 2857.40 കോടി രൂപ
3. പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുക - 252.80 കോടി രൂപ

(സി - ഇ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നതായിരിക്കും. ദേശീയപാതാ വികസനത്തിന്റെ മുൻഗണനാ പട്ടികയിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കിയത് സംബന്ധിച്ച് 13-5-2019-ന് പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി എൻ.എച്ച്.എ.ഐ. ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ കത്ത് ലഭ്യമായതിനെത്തുടർന്ന് 2-5-2019-ൽ എൻ.എച്ച്.എ.ഐ. പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്തുകയും കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ തുടരാൻ നിർദ്ദേശം നൽകുകയും ചെയ്തതായി എൻ.എച്ച്.എ.ഐ. ചെയർമാൻ വ്യക്തമാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വ്യത്യസ്ത റീച്ചുകളിലായി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ദേശീയപാത വികസനം

23 (1146) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നാലുവരിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ പുതിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2021-ൽ ദേശീയപാതാ വികസനം പൂർത്തിയാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് കേന്ദ്ര സർക്കാർ തീരുമാനം തിരിച്ചടിയാകുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണോ; എങ്കിൽ ഇത് പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ദേശീയപാതാ അതോറിറ്റിയുടെ 2-5-2019 -ലെ NHAI/OSD to Chairman/04/2019 കത്ത് പ്രകാരം ഭാരത്മാല പരിയോജനയിൽ ഉൾപ്പെട്ട ദേശീയപാത വികസനത്തെ മുൻഗണനാക്രമം നിശ്ചയിച്ച് രണ്ട് വിഭാഗങ്ങളാക്കിയതായും രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ടവയുടെ ലാന്റ് അക്വിസിഷൻ നടപടികൾ നിർത്തിവയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ രണ്ട് റീച്ചുകൾ ഒഴികെ ഭൂമിയെടുപ്പ് പുരോഗതിയിലുള്ള എല്ലാ റീച്ചുകളും രണ്ടാം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയതായാണ് NHAI-യും കത്തിൽ പറഞ്ഞത്. ഈ വിവരം അറിഞ്ഞ ഉടൻതന്നെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി കത്തയയ്ക്കുകയും ചെയ്തു. വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ NHAI മുൻനിർദ്ദേശത്തിൽ ചെറിയ ഭേദഗതി മാത്രമാണ് വരുത്തിയത്. ലാന്റ് അക്വിസിഷൻ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതില്ലെന്നും ഭൂമിയെടുപ്പിന്റെ പുരോഗതി അറിയിക്കുന്നതനുസരിച്ച് NHAI ഹെഡ്ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനനുസരിച്ച് തുടരാമെന്നുമാണ് അവരുടെ റീജിയണൽ ഓഫീസർമാരെ അറിയിച്ചിട്ടുള്ളത്. നിലവിൽ അവർ നിശ്ചയിച്ച മുൻഗണനാ ലിസ്റ്റിൽ യാതൊരു മാറ്റവും വരുത്തിയതായി സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിയും

പൊതുമരാമത്ത് മന്ത്രിയും വീണ്ടും കേന്ദ്രമന്ത്രിക്കും NHAI-ക്കും കത്തുകൾ നൽകിയിട്ടുണ്ട്. 2021-ൽ ദേശീയപാത നാലുവരിപ്പാത വികസനം പൂർത്തീകരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ NHAI/MoRTH സ്വീകരിക്കുന്ന നിലപാടുകൾ ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തടസ്സമാകുമോയെന്ന് സംശയിക്കുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുന്നതിനുള്ള അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഓഫീസിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ട് പോകുന്നതാണ്.

## ദേശീയപാത വികസനം

24 (1147) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും ഇതിൽ എത്ര സ്ഥലം ഇതിനകം ഏറ്റെടുത്തുവെന്നും ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിലുള്ള തടസ്സമെന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി നൽകേണ്ട തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ തുക കേന്ദ്ര സർക്കാരാണോ നൽകേണ്ടത്; എങ്കിൽ എത്ര തുക ഇതിനകം കേന്ദ്രം നൽകിയെന്നും അതിൽ നിന്ന് എത്ര തുക നഷ്ടപരിഹാരമായി നൽകിയെന്നും ജില്ല തിരിച്ച അറിയിക്കാമോ;

(ഡി) ഏറ്റെടുത്ത സ്ഥലത്തിന് മുഴുവൻ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ബാക്കിയുള്ള സ്ഥലത്തിന് നഷ്ടപരിഹാരം എന്തു കൊണ്ട് നൽകിയില്ല എന്നും വ്യക്തമാക്കാമോ;

(ഇ) നഷ്ടപരിഹാര തുകയായി കേന്ദ്രം അനുവദിച്ചതിൽ നിന്നും ബന്ധപ്പെട്ടവർക്ക് നൽകാതെ സംസ്ഥാന സർക്കാർ കൈവശം വെച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര തുക ആണെന്നും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ?

### ഉത്തരം

(എ) ദേശീയപാത 66-ന്റെ വികസനത്തിന് 1111.67 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ 178.25 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്.

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജില്ലതിരിച്ചുള്ള നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി - ഇ) 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. CALA (പൊന്നുംവില തഹസീൽദാർ) കണക്കാക്കി നിർദ്ദേശിക്കുന്നത് അനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നഷ്ടപരിഹാര തുക നൽകുന്നത്. ഇന്നേവരെ 1591.47 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി തുക സ്ഥലമെടുപ്പ് പുരോഗമിക്കുമ്പോൾ CALA (പൊന്നുംവില തഹസീൽദാർ) നിർദ്ദേശിക്കുന്നത് അനുസരിച്ച് മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. ഭൂമിയെടുപ്പിനുള്ള തുക നൽകുന്നത് കേന്ദ്ര സർക്കാരാണ്.

1956-ലെ NH Act സെക്ഷൻ 3H പ്രകാരം CALA (Competent Authority of Land Acquisition)-യ്ക്കാണ് നഷ്ടപരിഹാരത്തുക നൽകാനുള്ള അധികാരം.

### റസ്റ്റ് ഹൗസുകളുടെ ആധുനികവൽക്കരണം

25 (1148) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ ആധുനികവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനാണ് നിലവിൽ തുക അനുവദിച്ചിട്ടുള്ളത്;

(സി) എല്ലാ റസ്റ്റ് ഹൗസുകളോടും അനുബന്ധിച്ച് ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളെ ഘട്ടംഘട്ടമായി ഗസ്റ്റ് ഹൗസിന്റെ രീതിയിൽ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ ഉദ്യോഗസ്ഥർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. റസ്റ്റ് ഹൗസ് ബുക്കിംഗിന് ഓൺലൈൻ രജിസ്ട്രേഷനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റസ്റ്റ്ഹൗസ് ജീവനക്കാർക്ക് യൂണിഫോമുകൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി വിശ്രമ കേന്ദ്രത്തിലെ സേവനം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മോഡൽ റസ്റ്റ് ഹൗസുകളാക്കി മാറ്റാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളതും സ്ഥല പ്രാധാന്യമുള്ളതുമായ എല്ലാ റസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ ഓവർസീയർ നിയമനം**

26 (1149) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും ഒന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട എത്ര ഒഴിവുകൾ 2019 മേയ് മാസം 31 വരെ നിലവിലുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഒന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും 2019 ജ്ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ ഓരോ മാസവും എത്ര പേർ വിരമിക്കും; പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ എത്രയാണ്;

(സി) രണ്ടാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയുടെ 1-10-2016 മുതൽ 31-3-2018 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ഏത് ക്രമനമ്പർ മുതൽ ഉള്ളവർക്കാണ് ഇനി ഒന്നാം ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകാനുള്ളത്;

(ഡി) 15-2-2017-ലെ പി.എസ്.സി. അഡ്വൈസ് മുഖേന രണ്ടാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരുടെ പ്രൊബേഷൻ കാലയളവ് കഴിഞ്ഞിട്ടുപോലും നിയമനം ക്രമീകരിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇനി എത്ര പേരുടെ നിയമനം ക്രമീകരിക്കാനുണ്ട്; പ്രസ്തുത നിയമനങ്ങൾ ഉടൻ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രൊബേഷൻ കാലയളവ് കഴിഞ്ഞിട്ടും നിയമനം ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് സി.ഇ. ഓഫീസിൽ നിന്ന് അതത് ഓഫീസുകളിൽ ലഭിക്കാത്തതിനാൽ അത്തരം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള പ്രൊപ്പോസൽ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസ്തുത ഉത്തരവ് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ, സി.ഇ. ഓഫീസിലേക്ക് അയയ്ക്കുവാൻ കൺട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2019 മേയ് മാസം 31 വരെ 115 ഒഴിവുകളുണ്ടായിരുന്നു.

(ബി) ജൂൺ മാസത്തിൽ - എട്ട്, ജൂലൈ മാസത്തിൽ -ഒന്ന്, സെപ്റ്റംബർ മാസത്തിൽ - ഒന്ന്, ഒക്ടോബർ മാസത്തിൽ - ഒന്ന്, നവംബർ മാസത്തിൽ - ഒന്ന്, ഡിസംബർ മാസത്തിൽ - ഒന്ന് എന്നിങ്ങനെ 22 പേർ ഒന്നാംതരം ഓവർസീയർ (സിവിൽ) തസ്തികയിൽനിന്നും വിരമിക്കും. ഈ 22 തസ്തികകളും സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയാണ്.

(സി) ക്രമ നമ്പർ 72 മുതൽ ഉള്ളവർക്കാണ് സ്ഥാനക്കയറ്റം നൽകാനുള്ളത്.

(ഡി) 15-2-2017-ലെ നിയമന ശിപാർശ പ്രകാരം ജോലിയിൽ പ്രവേശിച്ച 228 പേരിൽ 66 പേരുടെ പി.എസ്.സി. സർവ്വീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് 30-4-2019-ന് മാത്രമാണ് ലഭ്യമായത്. ഇതനുസരിച്ച് നിയമനങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യം നൽകി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവരുടെ പി.എസ്.സി. സർവ്വീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് നിയമനം ക്രമീകരിക്കുന്നതാണ്.

(ഇ) പ്രോബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## എം.ജി. റോഡ് - കളമശ്ശേരി റോഡിന്റെ അലൈൻമെന്റ്

27 (1150) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പുല്ലേപ്പടി-തമ്മനം-അറക്കക്കടവ്-പാലച്ചുവട്-ചിറ്റേറ്റുകര-ഇൻഫോപാർക്ക് വഴി കളമശ്ശേരി മെഡിക്കൽ കോളേജിൽ എത്തിച്ചേരുന്ന എം.ജി.റോഡ്-കളമശ്ശേരി റോഡിന്റെ അലൈൻമെന്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഇതിന്റെ അലൈൻമെന്റ് അപ്രൂവ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) തമ്മനം-പുല്ലേപ്പടി- ഡിസ്ട്രിക്ട് പ്ലാൻഷിപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിക്കുകയും ഇൻഫോപാർക്ക് - വീഗാലാന്റ് - കിഴക്കമ്പലം വഴി സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. ഇൻഫോപാർക്ക് - കളമശ്ശേരി സർവ്വേ നടന്നുവരുന്നു. സർവ്വേ നടപടികൾ പൂർത്തീകരിച്ചശേഷം അലൈൻമെന്റ് അപ്രൂവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ റോഡുകൾ**

28 (1151) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ (സി.ആർ.എഫ്.) ഉൾപ്പെടുത്തുവാനായി 2018-19, 2019-20 വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഇതിന്റെ വിശദമായ വിവരങ്ങളും അറിയിക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര റോഡ് ഫണ്ടിൽ (സി.ആർ.എഫ്.) ഉൾപ്പെടുത്തുവാനായി 2018-19 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾക്കെല്ലാം കേന്ദ്രസർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുടെ പട്ടിക തയ്യാറാക്കിവരുന്നു.

**കരമന - വെള്ളറട റോഡിന്റെ നിർമ്മാണപുരോഗതി**

29 (1152) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.സി.കെ. നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) റോഡിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി എന്തായെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിക്കായി നിലവിൽ അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അധികമായി വേണ്ടിവരുന്ന തുകയെ സംബന്ധിച്ചും തുടർ നടപടിയെ സംബന്ധിച്ചും വിശദമാക്കാമോ;

(ഇ) കാലതാമസം ഒഴിവാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്ന ജോലികൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗത്തിൽ അവസാന ഘട്ടത്തിലാണ്.

(ബി) അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ആദ്യത്തെ 5.5 കി.മീ. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. കൂടാതെ റവന്യൂ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന 17.50 കി.മീ. പൂർത്തിയായിട്ടുണ്ട്. ആദ്യത്തെ 5.50 കി.മീ. -ൽ സാമൂഹിക പാരിസ്ഥിതിക പഠനം റവന്യൂ വകുപ്പ് നടത്തുകയാണ്.

(സി) കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ഡി.പി.ആർ. പൂർത്തിയായതിന് ശേഷം മാത്രമേ അധികമായി വേണ്ടിവരുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ) ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്കുള്ള ഭരണാനുമതി, സാങ്കേതിക അനുമതി, ധനകാര്യ അനുമതി എന്നിവ ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനാകും. 6-6-2019-ന് എം.എൽ.എ. ക്വാർട്ടേഴ്സിലെ കോൺഫറൻസ് ഹാളിൽ ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ. -യുടെ അധ്യക്ഷതയിൽ നടന്ന മീറ്റിംഗിലെടുത്ത തീരുമാനപ്രകാരം പ്രവൃത്തിയുടെ നടപ്പ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി രണ്ട് ഫേസ് ആയി ചെയ്യുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 0 മുതൽ 20 കിലോമീറ്റർ phase 1 ആയും 20-30-50 phase II ആയും ചെയ്യുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർക്ക് സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

**റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ**

30 (1153) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിക്കടവ്-ശാന്തിനഗർ, ഉദയഗിരി-അറിവിളഞ്ഞപൊയിൽ, ചെമ്പേരി-കുടിയാൻമല, വളയംകുണ്ട്-ചെങ്കോത്തുവയൽ എന്നീ റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മണിക്കടവ് - ശാന്തിനഗർ റോഡ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഉദയഗിരി - അറിവിളഞ്ഞപൊയിൽ, വളയംകുണ്ട് - ചൊങ്കോത്തുവയൽ എന്നീ റോഡ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെമ്പേരി - കുടിയാൻമല കി.മീ. 2/250 മുതൽ 3/980 വരെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി റോഡിന്റെ കി.മീ. 0/000 മുതൽ 2/250 വരെയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ചുരത്തിലെ ഹെയർപിൻ വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി**

31 (1154) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരത്തിലെ ഹെയർപിൻ വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) എത്ര തുകയാണ് കേന്ദ്രസർക്കാർ വനഭൂമി ഉപയോഗിക്കുന്നതിനായി ഈടാക്കിയിട്ടുള്ളത്;

(ഡി) ഏതെല്ലാം നിബന്ധനയിലാണ് വനഭൂമി വിട്ടുനൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) അനധികൃതമായി നിർമ്മിച്ച എത്ര കെട്ടിടങ്ങളാണ് പൊളിച്ചു മാറ്റിയതെന്നും പരസ്യ ബോർഡുകൾ വെയ്ക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ചുരത്തിലെ 3, 5 ഹെയർപിൻ വളവുകളുടെ വീതി കൂട്ടുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

(ബി) ലഭ്യമായിട്ടുണ്ട്.

(സി) വനം വകുപ്പിലേയ്ക്ക് അടയ്ക്കുവാൻ 9,59,226 രൂപയും പ്രസ്തുത പ്രവൃത്തിക്കായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി പുതിയ മരങ്ങൾ നടുന്നതിനും മുറിക്കുന്നവരുടെ വിലയും കൂട്ടിച്ചേർത്ത് 25,42,873 രൂപയും കൂടി ആകെ 35,02,099 (മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരത്തി തൊണ്ണൂറ്റി ഒമ്പത്) രൂപ വനം വകുപ്പിന് കൈമാറി.

(ഡി) നിയമപരമായ ഉടമസ്ഥാവകാശം വനം വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് റോഡ് വികസന ആവശ്യത്തിനുവേണ്ടി മാത്രമാണ് വനഭൂമി വിട്ടുനൽകിയത്. ഇതിനുവേണ്ടി മുറിച്ചു മാറ്റുന്നതിന്റെ പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ ചെലവുകൂടി ഈടാക്കിക്കൊണ്ടാണ് ഭൂമി വിട്ടുനൽകിയിട്ടുള്ളത്.

(ഇ) ചുരത്തിൽ പരസ്യബോർഡുകൾ വയ്ക്കുന്നതിന് വിലക്കുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

**തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

32 (1155) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി 2016-17 ൽ 30 കോടി രൂപയും 2017-18-ൽ 37 കോടി രൂപയും സ്ഥലം ഏറ്റെടുപ്പിനുവേണ്ടി അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടേയും സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തനത്തിന് എത്ര സ്ഥലമാണ് കോതമംഗലം മണ്ഡലത്തിൽ നിന്നും ഏറ്റെടുക്കേണ്ടി വരുന്നതെന്നും എത്ര സ്ഥലം നിലവിൽ ഏറ്റെടുത്തുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) നടപടികൾപൂർത്തിയാക്കി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിന്റെ കോതമംഗലം നിയോജകമണ്ഡലത്തിന്റെ കീഴിൽവരുന്ന ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുവരുന്നു. അലൈൻമെന്റ് പൂർത്തിയായി. സ്ഥലം ഏറ്റെടുപ്പിനായി ബന്ധപ്പെട്ട സർവ്വേ നമ്പരും എക്സ്റ്റന്റും അടങ്ങുന്ന ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു.

(ബി) 18.196 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുത്തിട്ടില്ല.

(സി) ഇല്ല. ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിക്കുന്നു. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഇല്ല. ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ തീരുന്ന മുറയ്ക്കേ ഡി.പി.ആർ. സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) സ്വീകരിച്ചുവരുന്നു.

## ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ്

33 (1156) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് പൂർണ്ണമായും പുതുക്കി പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ എന്തൊക്കെ പണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത റോഡിൽ പെരുന്നയ്ക്കുസമീപമുള്ള ആവണി കലുങ്കിന് ആവശ്യമായ ഉയരവും വീതിയും ഇല്ലാത്തതുമൂലം ഈ ഭാഗത്ത് മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കലുങ്കിന്റെ വീതിയും ഉയരവും വർദ്ധിപ്പിക്കാനുള്ള ജോലിയും പ്രസ്തുത പദ്ധതിയിൽപെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൂടുതൽ താഴ്ന്ന സ്ഥലങ്ങളിൽ ലോ ലെവൽ എലിവേറ്റഡ് ഹൈവേയും ബാക്കി സ്ഥലങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ ഉയരവ്യത്യാസത്തിനനുസരിച്ച് ഉയർത്തി പണിയുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ വീതികുറഞ്ഞതും

പൊക്കം കുറഞ്ഞതുമായ കലുങ്കുകൾ വീതികൂട്ടുകയോ വീതികൂട്ടി പുനർ നിർമ്മിക്കുകയോ ചെയ്യുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

## ചെറുപുഴ - ഉളിക്കൽ മലയോര ഹൈവേ

34(1157) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സൊസൈറ്റി കരാറുകാരായി പ്രവൃത്തി ചെയ്യുന്ന ചെറുപുഴ-ഉളിക്കൽ മലയോര ഹൈവേ ഇതിനോടകം എത്ര ശതമാനം പൂർത്തിയായെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഊരാളുങ്കൽ സൊസൈറ്റി കരാറുകാരായി പ്രവൃത്തി ചെയ്യുന്ന ചെറുപുഴ - ഉളിക്കൽ മലയോര ഹൈവേ 80% പ്രവൃത്തി ഇതിനോടകം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഈ വർഷം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## അങ്കമാലി ബൈപ്പാസ്

35 (1158) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യകേരളത്തിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള അങ്കമാലിയിൽ ബൈപാസിന്റെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി എന്നാണ് ലഭിച്ചത്; ഭരണാനുമതി ലഭിച്ചിട്ട് ഒരു രൂപ പോലും ചെലവാകാതിരുന്നാൽ നിശ്ചിത കാലാവധി കഴിഞ്ഞാൽ പ്രസ്തുത ഭരണാനുമതി ലാപ്സ് ആകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഭരണാനുമതി ലഭിച്ച തുക ചെലവഴിക്കാതെ പദ്ധതി നഷ്ടമായാൽ ഇതിന്റെ ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കാമോ;

(സി) ബൈപാസിന്റെ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര യോഗമാണ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചതെന്നും പ്രസ്തുത യോഗങ്ങളുടെ തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) നിർദ്ദിഷ്ട ബൈപാസിനായുള്ള ചർച്ചയ്ക്ക് നിയമസഭാസമുച്ചയത്തിൽ വിളിച്ച യോഗം അന്നത്തെ സ്ഥലം എം.പി.യുടെ അസൗകര്യം കണക്കിലെടുത്ത് മാറ്റിയതിന് ശേഷം യോഗം വിളിച്ചില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അങ്കമാലി വഴി യാത്ര ചെയ്യുന്നവരുടെയും അങ്കമാലിക്കാരുടെയും ദുരിതത്തിന് അറുതി വരുത്തുവാൻ ബൈപ്പാസിന്റെ നിർമ്മാണ തടസ്സങ്ങൾ നീക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ബൈപ്പാസ് ചതുപ്പുനിലം നികത്തി ചെയ്യേണ്ടിവരുമെന്നതിനാൽ പാരിസ്ഥിതികാഘാതം കണക്കിലെടുത്ത് പ്രസ്തുത അലൈൻമെന്റ് മാറ്റി ആർ.ബി.ഡി.സി.കെ. ആദ്യം നിശ്ചയിച്ച അലൈൻമെന്റിൽ Elevated Highway ആയി ബൈപ്പാസിന്റെ 1.8 കി.മീ. ഭാഗം മാറ്റുവാനായി കിഫ്ബിയുടെ അനുമതി തേടിയിട്ടുണ്ട്. ഈ ഭേദഗതി ലഭിക്കാത്തതാണ് ഈ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം.

(ബി) 2-6-2017-നാണ് പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നൽകിയത്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) 12-12-2018-ന് തീരുമാനിച്ച യോഗം കൂടിയിട്ടില്ല.

(ഇ) അലൈൻമെന്റിന്റെ ഭേദഗതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തീരുമാനം ലഭിച്ചാൽ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാനാവും.

### ടെക്സ്മോ ജംഗ്ഷൻ-ഷഹീദാർപള്ളി റോഡ്

36 (1159) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ ഉൾപ്പെടുത്തി 4.98 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ടെക്സ്മോ ജംഗ്ഷൻ-ഷഹീദാർപള്ളി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കായംകുളം മണ്ഡലത്തിലെ ടെക്സ്മോ ജംഗ്ഷൻ - ഷഹിദാർ പള്ളി റോഡിന്റെ നിർമ്മാണം എന്ന പ്രവൃത്തി ശ്രീ. മെഹ്ബൂസ് എന്ന കരാറുകാരൻ കരാർ നമ്പർ 42/SESC/2018/19 തീയതി 12-7-2018 പ്രകാരം ഏറ്റെടുത്തിട്ടുള്ളതാണ്. 4.98 കോടി രൂപ ചെലവുള്ള പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി 12-7-2019 ആണ്. എന്നാൽ 1710 മീറ്റർ റോഡ് ബി.എം. മാത്രമാണ് ടി കരാറുകാരൻ ആകെ ചെയ്തിട്ടുള്ളത്. 8-2-2019-ൽ ബഹു.എം.എൽ.എ. ശ്രീമതി പ്രതിഭയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 28-2-2019-ന് മുമ്പ് ടി പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ വാക്ക് നൽകിയിരുന്നു. പക്ഷെ നാളിതുവരെയായും ടിയാൻ പണി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ സ്തംഭനാവസ്ഥയ്ക്കുള്ള കാരണം അടിയന്തരമായി അറിയിക്കുന്നതിനും ഉടൻതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾക്കായി കരാറുകാരന് 4-2-2019, 14-3-2019, 21-5-2019 എന്നീ തീയതികളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ**

37 (1160) <u>ശ്രീ. കെ. സി. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) ഇതിനോടകം എത്ര ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട നച്യാട് പാലം നിർമ്മാണത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിക്കോട് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണം ഈ വർഷം അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും.

(ബി) 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നച്യാട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## മലപ്പുറം നഗരത്തിലെ സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

38 (1161) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരത്തിലെ ഗതാഗത സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ ആവിഷ്കരിച്ച സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്(സി.ആർ.ഐ.പി.) ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് കമ്പനി ലിമിറ്റഡ് ഇതുസംബന്ധിച്ച സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും റിപ്പോർട്ട് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) മലപ്പുറത്തെ നഗരഗതാഗത സംവിധാനം ആധുനികവൽക്കരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നഗരപാത വികസന പദ്ധതിയുടെ ഭാഗമായി മലപ്പുറം നഗരത്തിലെ റോഡ് സൗകര്യങ്ങൾ പരിഷ്കരിക്കുന്നതിനുവേണ്ടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സിനെയാണ് നിയമിച്ചിട്ടുള്ളത്. അവർ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി മുൻസർക്കാരിന് സമർപ്പിച്ചിരുന്നു. തീരുമാനമെടുത്തിട്ടില്ല.

(സി)

1. കോട്ടപ്പടി വലിയങ്ങാടി ബൈപ്പാസ് സ്ഥലം ഏറ്റെടുത്ത് 4 line Traffic ആക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

2. മുണ്ടുപറമ്പ് - കുട്ടിലങ്ങാടി ബൈപ്പാസ് സെക്കന്റ് റീച്ച് CRF-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. DFIP പദ്ധതി-നാട്ടുകാണി-പരപ്പനങ്ങാടിയിൽ ഉൾപ്പെടുത്തി മുണ്ടുപറമ്പ് ഫസ്റ്റ് റീച്ച്, മലപ്പുറം - പരപ്പനങ്ങാടി റോഡ് എന്നിവ വീതികൂട്ടി നവീകരിക്കുന്നു.

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ

39 (1162) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആകെയുള്ള പൊതുമരാമത്ത് റോഡുകളുടെ നീളം/അളവ് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ റബ്ബറൈസ് ചെയ്ത (ബി.എം.&ബി.സി.) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നീളം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അറിയിക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ റബ്ബറൈസ് ചെയ്ത (ബി.എം.&ബി.സി.) പൊതുമരാമത്ത് റോഡുകളുടെ നീളം അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ റബ്ബറൈസ് ചെയ്ത പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നീളം ഏറ്റവും കുറവ് വരുന്ന മണ്ഡലങ്ങളിൽ പ്രത്യേക പാക്കേജ്/ഫണ്ട് അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ആകെയുള്ള പൊതുമരാമത്ത് റോഡുകളുടെ നീളം സംബന്ധിച്ച വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ ബി.എം.&ബി.സി. ചെയ്ത പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ആകെ നീളം സംബന്ധിച്ച വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ റബ്ബറൈസ് ചെയ്ത പൊതുമരാമത്ത് റോഡുകളുടെ നിളം 315.901 കി.മീ (ബി.സി. റിന്യൂവൽ ഉൾപ്പെടെ) ആണ്.

(ഡി) നിലവിൽ പരിഗണനയിലില്ല.

## കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണം

40 (1163) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തിരദേശ ഹൈവേ പ്രോജക്ടിൽ എത്ര കിലോമീറ്റർ റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ 69.82 കി.മീ. റോഡാണ് തീരദേശ ഹൈവേ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് കിഫ്ബി അധികൃതരുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേയുടെ അന്തിമ റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## പീരുമേട് മണ്ഡലത്തിലെ റോഡുകൾ അപകടരഹിതമാക്കാൻ നടപടി

41 (1164) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ ദേശീയ-സംസ്ഥാന പാതകളിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) റോഡ് നിർമ്മാണത്തിലെ അപാകതമൂലമാണ് അപകടങ്ങൾ ഉണ്ടാകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകൾ അപകടമുക്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) അപകടമരണങ്ങൾ അനിയന്ത്രിതമായി പെരുകുന്ന സാഹചര്യത്തിൽ പ്രസ്തുത അപകടസാധ്യതാമേഖലകളിലെ റോഡുകൾ പുനർനിർമ്മിച്ച് അപകടരഹിതമാക്കുവാൻ പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പീരുമേട് റോഡ്സ് ഡിവിഷന്റെയും ദേശീയപാതാ ഡിവിഷന്റെയും പരിധിയിൽ ഇതുവരെ ബ്ലാക്ക് സ്പോട്ടുകൾ ഒന്നുംതന്നെ ഐഡന്റിഫൈ ചെയ്തിട്ടില്ല.

(ബി) റോഡ് നിർമ്മാണത്തിലെ അപാകതമൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നാൽ റോഡിന്റെ വീതിക്കുറവ്, വളവുകൾ, അപകടകരമായ കൊക്കകൾ എന്നിവ അപകടങ്ങൾക്ക് കാരണമായി കാണുന്നുണ്ട്.

(സി) അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഘട്ടങ്ങളായി മുൻകരുതൽ ബോർഡുകൾ, ക്രാഷ്ബാരിയറുകൾ മുതലായവ സ്ഥാപിച്ചുവരുന്നുണ്ട്. ദേശീയപാതകളുടെ നിർമ്മാണം IRC മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഇതിൽ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്താറുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച റോഡുകൾ

42 (1165) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ പൂർത്തിയാകാത്ത റോഡുകളുടെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് നിർമ്മാണം

43 (1166) ശ്രീ. മാത്യു റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ എസ്.പി.വി. ആയി നിയമിച്ച റിക്ക്-ന് പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) റിക്ക്-നെ കൊണ്ടുതന്നെ തുടർന്നുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്നും അതോ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) റോഡിന്റെ നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വീതി കൂട്ടുന്നതിന് 305.15 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 10.70 കോടി രൂപ ഭരണാനുമതി സർക്കാർ ഉത്തരവ് (G.O. (Rt) No.892/2018/PWD, dated 24-5-2018) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിൽ തിരുവല്ല, കുറ്റപ്പുഴ, കുന്നന്താനം, കല്ലൂപ്പാറ, മല്ലപ്പള്ളി, ആനിക്കാട് എന്നീ വില്ലേജുകളിലെയും കോട്ടയം ജില്ലയിൽ പായിപ്പാട്, നെടുകുന്നം എന്നീ വില്ലേജുകളിലെയും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. പത്തനംതിട്ട ജില്ലയിലെ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ നമ്പർ 2155 തീയതി 13-8-2018 പ്രകാരം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ നമ്പർ 2739 തീയതി 5-11-2018 പ്രകാരം ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അനാസ്ഥ കാരണം ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തി പുനഃക്രമീകരിച്ച് ടെണ്ടർ ചെയ്യുവാനുള്ള പ്രവൃത്തി നടന്നുവരികയുമാണ്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ വീഴ്ച വരുത്തിയ കരാറുകാരനെ പിരിച്ചുവിടുകയും പ്രവൃത്തിക്ക് പുനഃദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അതിർത്തി കല്ല് സ്ഥാപിക്കുക, ഭൂമി ഏറ്റെടുക്കൽ, സാങ്കേതിക അനുമതി, പ്രവൃത്തി ടെണ്ടർ ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു. അതിർത്തി കല്ല് സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് ശേഷം ഡിസൈൻ അനുസരിച്ചുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനും ടെണ്ടറിൽ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

## ഏനാമാവിലെ റോഡ് നവീകരണം

44 (1167) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ വളരെയേറെ ഗതാഗതക്കുരുക്ക് നേരിടുന്നതും ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപത്തുള്ളതുമായ ഇടുങ്ങിയ റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) 2015-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി ഇതുവരെ പ്രാവർത്തികമാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി നിർവ്വഹിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ - സി) ഏനമാവ് പള്ളിക്കു സമീപം റോഡ് വീതികൂട്ടുന്നതിനുവേണ്ടി എം.എൽ.എ. എ.ഡി.എസ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി G.O. (Rt) No.278/2015/PWD dated 23-2-2015 പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത ഉത്തരവിൽ സ്ഥലം ഏറ്റെടുക്കുന്നതിനെപ്പറ്റി പരാമർശിച്ചിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000 രൂപ കൂടി വക കൊള്ളിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി G.O. (Rt) No.1693/2015/PWD dated 19-11-2015 പ്രകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അലൈൻമെന്റ് അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ 12-3-2016-ന് റവന്യൂ വകുപ്പിന് ഡയറക്ട് പർച്ചേസ് രീതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. തുടർന്ന് 2013 എൽ.എ.ആർ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിച്ചെങ്കിലും ഈ ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചിട്ടില്ല. ടി പ്രവൃത്തിക്കായി ചാവക്കാട് താലൂക്കിൽ വെങ്കിടങ്ങ് വില്ലേജിലെ 0.0028 ഹെക്ടർ ഭൂമിയും ഇരിമ്പ്രനെല്ലൂർ വില്ലേജിലെ 0.01998 ഹെക്ടർ ഭൂമിയും ഡയറക്ട് പർച്ചെയ്സ് മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ റോഡ് പദ്ധതികൾ

45 (1168) ശ്രീ. കെ ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം അനുവദിച്ച പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

46 (1169) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കിഫ്ബി ഏറ്റെടുത്ത് നടപ്പിലാക്കുന്ന എത്ര പദ്ധതികളുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഒഴിവാക്കിയ പദ്ധതികൾക്ക് പകരം പ്രസ്തുത വർക്കുകൾ ബഡ്ജറ്റ് വർക്കിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ. ആർ. എഫ്. ബി. മുഖേന ഏറ്റെടുത്തിട്ടുള്ള 4 പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. അരുവിത്തുറ ഭരണങ്ങാനം റോഡ്
2. ഈരാറ്റുപേട്ട - പൂഞ്ഞാർ റോഡ്
3. വിലങ്ങുപാറ - പാറത്തോട് റോഡ്
4. ഹിൽ ഹൈവേ - കരിങ്ങല്ലുമൂഴി - പ്ലാച്ചേരി റോഡ് പുനരുദ്ധാരണം

(ബി) പ്രസ്തുത പദ്ധതികളിൽ ഒന്നുംതന്നെ ഒഴിവാക്കിയിട്ടില്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാക്കനാട് - ഐ.എം.ജി. ജംഗ്ഷൻ-തങ്കളം റോഡിന്റെ അലൈൻമെന്റ്

47 (1170) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാക്കനാട്-ഐ.എം.ജി. ജംഗ്ഷൻ-തങ്കളം റോഡിന്റെ അലൈൻമെന്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇനി ഏതെല്ലാം ഭാഗത്താണ് അലൈൻമെന്റ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കാക്കനാട്- തങ്കളം റോഡിന്റെ മനയ്ക്കകടവ് മുതൽ തങ്കളം വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് 2009-ൽ അപ്രൂവ് ചെയ്തിട്ടുണ്ട്.

(ബി) പാലാരിവട്ടം ബൈപ്പാസ് ചളിക്കവട്ടം മുതൽ ഇൻഫോപാർക്ക് വഴി മനക്കപ്പടി പാലംവരെ സർവ്വേ പൂർത്തീകരിച്ച് അലൈൻമെന്റ് പ്ലാൻ അംഗീകരിക്കേണ്ടതുണ്ട്.

(സി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## പാവങ്ങാട് - ഉള്ളിയേരി - കുറ്റ്യാടി - ചൊവ്വ റോഡ്

48 (1171) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി) റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഉള്ളിയേരി വരെ നടക്കുന്ന ഒന്നാം ഘട്ട പരിഷ്കരണ പ്രവൃത്തിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാംഘട്ട നവീകരണ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കോഴിക്കോട് ജില്ലയിൽ പ്രധാന റോഡായ പി യു കെ സി റോഡിന്റെ നവീകരണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പുറക്കാട്ടിരി മുതൽ ഉള്ളിയേരി വരെയുള്ള ഭാഗത്ത് നവീകരണം നടത്തുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും 89.91 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ പേര് പുറക്കാട്ടിരി മുതൽ ഉള്ളിയേരി വരെ എന്നുള്ളതിനുപകരം പുതിയങ്ങാടി മുതൽ ഉള്ളിയേരി വരെ എന്നാക്കി മാറ്റി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ.-ൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള ഭാഗം നവീകരണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരുന്നു.

(ബി) പുതിയങ്ങാടി മുതൽ ഉള്ളിയേരി വരെയുള്ള റോഡ് 14 മീറ്ററാക്കി വീതികൂട്ടി പരിഷ്കരിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) പുതിയങ്ങാടി മുതൽ ഉള്ളിയേരി വരെയുള്ള ഒന്നാം ഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. ഉടൻതന്നെ കിഫ്ബി മുൻപാകെ സമർപ്പിക്കാൻ കഴിയുമെന്നും രണ്ടാം ഘട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാലുടൻ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ കഴിയുമെന്നും കരുതുന്നു.

## മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനം

49 (1172) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ & ബി) തൃശ്ശൂർ-കുറ്റിപ്പുറം പാതയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്ന് 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് രണ്ട് ജില്ലകളിൽകൂടി കടന്നു പോകുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ വരുന്ന ഭാഗത്തെ പ്രവൃത്തി ഉൾക്കൊള്ളിച്ച് 18 കോടി രൂപയുടെ ഒരു ഡി.പി.ആർ.-ഉം തൃശ്ശൂർ ജില്ലയിലെ പ്രവൃത്തി ഉൾക്കൊള്ളിച്ച് 72 കോടി രൂപയുടെ ഒരു

ഡി.പി.ആർ.-ഉം തയ്യാറാക്കി കെ.ആർ.എഫ്.ബി.-ക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഭരണാനുമതിയിൽ പറയുന്ന ഒരു പ്രവൃത്തിക്കുവേണ്ടി രണ്ട് പദ്ധതികൾ സമർപ്പിക്കാൻ സാധിക്കാത്തതിനാൽ മേൽ ഡി.പി.ആർ.-കൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. രണ്ട് ജില്ലകളിലേയും പ്രവൃത്തികൾ ഉൾപ്പെടുത്തി ഒറ്റ ഡി.പി.ആർ. ആയി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലം ബൈപ്പാസ്

50 (1173) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ &ബി) 27-9-2016-ലെ സ.ഉ. (സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ. വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും 3-5-2018-ലെ സ.ഉ.(സാധാ) നമ്പർ 792/2018/പൊ.മ.വ. പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15-5-2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15-5-2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3-9-2018-ൽ ആർ.ബി.ഡി.സി.കെ. സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസർ 7-11-2018-ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഒറ്റപ്പാലം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ താലൂക്ക്, വില്ലേജ്, ഏകദേശ വിസ്തീർണ്ണം, സർവ്വേ നം. എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, പ്രൊഫോർമ എന്നിവ ഉൾപ്പെടെ ആർ.ബി.ഡി.സി.കെ. ലഭ്യമാക്കിയ പ്രൊപ്പോസൽ തുടർ നടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നവീകരണം

51 (1174) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണിക്കുമാണ് ഫണ്ട് അനുവദിച്ചത്; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

52 (1175) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകളുടെ നവീകരണപ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കുന്നതിനായി എഗ്രിമെന്റ് ചെയ്ത തീയതിയും വർക്കുകൾ പൂർത്തിയാക്കുന്നതിനായി അനുവദിച്ചിട്ടുള്ള സമയവും അറിയിക്കാമോ ;

(സി) കാലവർഷം ശക്തിപ്രാപിക്കുന്നതിനുമുൻപ് പൂർത്തീയാക്കേണ്ട ഈ പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി) പ്രവൃത്തികൾ ആരംഭിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ബാലുശ്ശേരി-കുരാച്ചുണ്ട് റോഡ് കി.മീ. 5/000 മുതൽ 11/000 വരെ മുളിയങ്ങൽ - കൈതക്കൊല്ലി റോഡ് 2/000 മുതൽ 4/500 വരെ എന്നീ രണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ സാങ്കേതികാനുമതി ലഭിച്ച ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡ് എന്ന പ്രവൃത്തി ടെണ്ടർ ചെയ്യാൻ കാലതാമസം നേരിട്ടു. ഇപ്പോൾ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുളിയങ്ങൽ-കൈതക്കൊല്ലി റോഡ് പ്രവൃത്തിക്ക് പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല.

## കൽപ്പറ്റ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

53 (1176) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; പട്ടിക ലഭ്യമാക്കാമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; പട്ടിക ലഭ്യമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) 28542.76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു*

(ബി)

1. കൽപ്പറ്റ – വാരാമ്പറ്റ റോഡ് 56.66 കോടി രൂപ
2. കണിയാമ്പറ്റ- മീനങ്ങാടി റോഡ് 38.99 കോടി രൂപ
3. മേപ്പാടി - ചൂരൽമല റോഡ് 40.96 കോടി രൂപ
4. മലയോര ഹൈവേ നിർമ്മാണം - 57.78 കോടി രൂപ
5. കാക്കവയൽ - കാര്യമ്പാടി-കേണിച്ചിറ പുൽപ്പള്ളി റോഡ് - 15 കോടി രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 1. കൽപ്പറ്റ – വാരാമ്പറ്റ റോഡ്

2. കണിയാമ്പറ്റ- മീനങ്ങാടി റോഡ്

3. മേപ്പാടി - ചൂരൽമല റോഡ്

മേൽ പ്രവൃത്തികളുടെ കലുങ്കുകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കുടശ്ശനാട്-പടനിലം-തെരുവിൽമുക്കി-ഭരണിക്കാവ് റോഡ് പ്രവൃത്തി**

54 (1177) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച കുടശ്ശനാട്-പടനിലം-തെരുവിൽമുക്ക്-ഭരണിക്കാവ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച കുടശ്ശനാട്-പടനിലം-തെരുവിൽമുക്ക്-ഭരണിക്കാവ് റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, M/s. Mataguard Engineers and Contractors മായി 27-5-2019-ൽ കരാർ ഉടമ്പടിവെച്ചിട്ടുണ്ട്. നിലവിൽ initial level proposal നിജപ്പെടുത്തുന്നതിനുള്ള പണികൾ നടന്നുവരുകയാണ്.

**കൽപ്പറ്റ, മാനന്തവാടി ടൗണുകളിലെ റോഡ് നവീകരണം**

55 (1178) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ, മാനന്തവാടി ടൗണുകളിലെ റോഡുകളുടെ നവീകരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ & ബി) കൽപ്പറ്റ, മാനന്തവാടി ടൗണുകളിൽ കെ.ആർ.എഫ്.ബി.-യുടെ കീഴിൽ നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുകയും കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**രാമനാട്ടുകര മുതൽ മീഞ്ചന്ത വരെയുള്ള റോഡ്**

56 (1179) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര മുതൽ വെങ്ങളം വരെ നാഷണൽ ഹൈവേ ബൈപാസ് വന്നതിനുശേഷം രാമനാട്ടുകര മുതൽ മീഞ്ചന്ത വരെയുള്ള റോഡ് നാഷണൽ ഹൈവേയുടെ ചുമതലയിൽ നിന്നും മാറ്റി പി.ഡബ്ള്യു.ഡി. റോഡിന്റെ ചുമതലയിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ റിപ്പയർ-വികസന പ്രവൃത്തികൾക്ക് ഉണ്ടാകുന്ന തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സ്വീകരിച്ചിട്ടില്ല. നിലവിൽ പ്രസ്തുത റോഡിന്റെ റിപ്പയർ/വികസന പ്രവൃത്തികൾ പൊതുമരാമത്ത് ദേശീയപാത വിഭാഗം തന്നെയാണ് നടത്തിവരുന്നത്.

**വിമാനത്താവള അനുബന്ധ റോഡുകൾ**

57 (1180) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകൾ ഏതെല്ലാം; ആയതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; റോഡിന്റെ വീതി എത്രയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) മാനന്തവാടിയിൽ നിന്നും കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; റോഡ് വീതി എത്രയാണ്;

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; റോഡ് ഏരിയ വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) വനപ്രദേശം ഒഴികെയുള്ള മാനന്തവാടി-ബോയ്സ് ടൗൺ -പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ് (63.50 കി.മീ.) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. പ്രസ്തുത റോഡിന് 24 മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

## മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം

58 (1181) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) മൂവാറ്റുപുഴ ബൈപ്പാസിന്റെ ഭാഗമായ മുറിക്കല്ല് പാലം നിർമ്മാണം എന്ന് പൂർത്തിയാക്കിയെന്നും അതോടൊപ്പം അനുബന്ധ റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും അതിനുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ബൈപ്പാസിന്റെ ആകെ നീളം 2.27 കി.മീറ്ററാണ്. ഇതിൽ ചെയി.0/000 മുതൽ 1/636 വരെ മാറാടി വില്ലേജിലും 1/636 മുതൽ 1/870 വരെ മുറിക്കല്ല് പാലവും 1/870 മുതൽ 2/270 വരെ വെള്ളൂർക്കുന്നം വില്ലേജിലുമായാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. വർഷങ്ങൾക്കുമുമ്പ് അലൈൻമെന്റ് നിശ്ചയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചതിനാൽ പല അതിർത്തിക്കല്ലുകളും നിലവിൽ നീക്കം ചെയ്തിരിക്കുന്നതായി കാണുന്നു. താലൂക്ക് സർവ്വേയറുടെ സഹായത്തോടെ നീക്കം ചെയ്യപ്പെട്ട അതിർത്തി കല്ലുകൾ പുനർനിർമ്മിച്ച് കുറ്റമറ്റ അലൈൻമെന്റ് പ്ലാൻ ലഭ്യമാകുന്ന മുറയ്ക്കേ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുറിക്കല്ല് പാലത്തിന്റെ നിർമ്മാണം 14-7-2017-ൽ പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ഇരുവശങ്ങളിലും പാലത്തോട് ചേർന്ന അനുബന്ധ റോഡുകളുടെ മെറ്റലിംഗ് വരെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. അനുബന്ധ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ ബൈപ്പാസ് നിർമ്മാണത്തിനനുസരിച്ച് പൂർത്തീകരിക്കാനുള്ളതാണ്.

(സി) വെള്ളൂർക്കുന്നം വില്ലേജ് ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടില്ല. മാറാടി വില്ലേജിലുള്ള അപ്രോച്ച് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കേണ്ടതുണ്ട്.

(ഡി) ഡി.പി.ആർ. അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത

59 (1182) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-കാക്കനാട് റോഡ്, നാലുവരിപ്പാത ആക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി ; ഇക്കാര്യത്തിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) പ്രസ്തുത റോഡിന്റെ അലൈൻമെന്റിന് ഇതുവരെ അംഗീകാരം നൽകാത്തതിനും ആയതിനുള്ള കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. പരിസ്ഥിതി ആഘാത പഠനവും നടത്തിയിട്ടുണ്ട്.

(ബി) ഡി.പി.ആർ. അംഗീകരിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽനിന്നും അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

## ചെറുവത്തൂർ ഐ.ടി. പാർക്ക്-ചീമേനി റോഡ്

60 (1183) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ഐ.ടി. പാർക്ക്-ചീമേനി റോഡിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി (2016-17) പദ്ധതിയായി ചെറുവത്തൂർ-ചീമേനി ഐ.ടി. പാർക്ക്-പാലവയൽ - ഭീമനടി - മുക്കട റോഡിന്റെ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും ടെക്നിക്കൽ ബിഡ് തുറന്നിട്ടുള്ളതുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതിയിലെ റോഡുകൾ

61 (1184) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിലും ഉരുൾപൊട്ടലിലും തകർന്ന നെല്ലിയാമ്പതിയിലെ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി എത്ര ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ടുനടക്കുന്ന പ്രവൃത്തികൾ, ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഷൊർണ്ണൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

62 (1185) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം-പെരിന്തൽമണ്ണ (0/00 മുതൽ 11/00 വരെ), ഒറ്റപ്പാലം-പെരിന്തൽമണ്ണ (11/00 മുതൽ 16/350 വരെ), പട്ടാമ്പി-ചെർപ്പുളശേരി (8/00 മുതൽ 16/00 വരെ) എന്നീ മരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതിനകം സാങ്കേതികാനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) സാങ്കേതികാനുമതി ലഭ്യമായിട്ടില്ലാത്ത പദ്ധതികളിൽ ആയത് ലഭ്യമാകുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി ബാക്കിയുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡ് കി.മീ. 11/000 മുതൽ 16/350 വരെ എന്ന പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടന്നുകൊണ്ടിരിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡ് കി.മീ. 0/000 മുതൽ 11/000 വരെ എന്ന പ്രവൃത്തിയുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് കി.മീ. 8/000 മുതൽ 16/000 വരെ എന്ന പ്രവൃത്തിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കൽ, ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി തയ്യാറാക്കൽ, ഡി.പി.ആർ. നടപടികൾ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ മേൽ പ്രവൃത്തികൾ സാങ്കേതികാനുമതിക്കായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

## ഈരാറ്റുപേട്ട-വാഗമൺ റോഡ്

63 (1186) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളയുടെ (RICK) കീഴിൽ എത്ര റോഡുകളുടെ ജോലി നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആർ.ഐ.സി.കെ.-യുടെ കീഴിലുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പണിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിവരിക്കുമോ;

(സി) നിർദ്ദിഷ്ട റോഡിന്റെ ഭൂമി ഏറ്റെടുക്കൽ വൈകുന്നതുകൊണ്ട് രൂക്ഷമായ ഗതാഗത ബുദ്ധിമുട്ടുകൾ അനുഭവിച്ച് വരുന്നതിനാൽ, നിലവിലെ റോഡിന്റെ വീതി വച്ച് ടെണ്ടർ നടപടി സ്വീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റോഡ് രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്നതും പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വാഗമണ്ണിലേയ്ക്ക് ഉള്ളതാണെന്നും കണക്കാക്കി അടിയന്തരമായി പുനരുദ്ധാരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) റോഡിന്റെ പുനരുദ്ധാരണത്തിനായി 66 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന രണ്ടു റോഡുകളാണ് റിക്കിന്റെ കീഴിലുള്ളത്.

1. സംസ്ഥാന റോഡ് വികസന പദ്ധതിയിലെ പാക്കേജ് ബി-യിൽ ഉൾപ്പെട്ട കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകാല റോഡ് 9/500 കി.മീ. മുതൽ 20/000 വരെ പൂഞ്ഞാർ മണ്ഡലത്തിൽപ്പെടുന്നു. ടി പ്രവൃത്തി പൂർത്തിയായതാണ്. മെയിന്റനൻസ് പ്രവൃത്തി നടന്നുവരുന്നു.

2. ഈരാറ്റുപേട്ട-വാഗമൺ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പുനഃക്രമീകരിച്ച് റീടെണ്ടർ ക്ഷണിച്ചിരിക്കുന്നു.

(ബി) ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വീതി കൂട്ടുന്നതിന് 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.458 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളിലെയും ഇടുക്കി ജില്ലയിൽ വാഗമൺ വില്ലേജിന്റെയും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ ലഭിച്ചു. ഇടുക്കി ജില്ലയിൽ 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി റിക്വസിഷൻ ഫോറം ഇടുക്കി ജില്ലാ കളക്ടർക്ക് 17-9-2018-ൽ നൽകിയിട്ടുണ്ട്. അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽനിന്നും ഏറ്റെടുത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തി പുനഃക്രമീകരിച്ച് ചെയ്യുവാൻ 31-5-2019-ന് ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കരാർ നൽകി ടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(സി) കിഫ്ബി മാനദണ്ഡം അനുസരിച്ച് തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമാണ് പ്രവൃത്തി ചെയ്യുന്നത്. നിലവിലെ റോഡിന്റെ വീതി വച്ച് ടെണ്ടർ നടപടി സ്വീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാനുള്ള തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

(ഡി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതാണ്. കിഫ്ബി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. നിർദ്ദിഷ്ട കരാറുകാരന് കൈമാറേണ്ട സമയത്ത് മാത്രമേ പൊതുമരാമത്ത് വകുപ്പിൽനിന്ന് റിക്ക് ലിമിറ്റഡ് നിർദ്ദിഷ്ട റോഡ് ഏറ്റെടുക്കേണ്ടതായിട്ടുള്ളൂ. അതുവരേയ്ക്കും ചീഫ് എഞ്ചിനീയർ റോഡ്സിനായിരിക്കും റോഡിന്റെ ചുമതല.

(ഇ) കിഫ്ബി ധനസഹായത്തോടെയുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയോഗിച്ചുകൊണ്ട് 11-12-2016-ലെ (സാധാ.) നമ്പർ 1687/2016/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21-12-2017-ലെ നടപടിക്രമം APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് അംഗീകാരവും 63.99 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്.

## വഴുതയ്ക്കാട്-തൈക്കാട് നാലുവരിപ്പാത

64 (1187) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വഴുതയ്ക്കാട്-തൈയ്ക്കാട് നാലുവരിപ്പാത റോഡ് വികസനത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വഴുതയ്ക്കാട് - തൈക്കാട് നാലുവരിപ്പാതാ റോഡിന്റെ അവസാന ഭാഗത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിവരുന്നു. 2019-20-ലെ ബഡ്ജറ്റിൽ പ്രസ്തുത റോഡിന്റെ വികസനത്തിനായി 20 ശതമാനം തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത വർക്കിന്റെ ഭരണാനുമതിക്കായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. വിശദമായ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ് പുനരുദ്ധാരണം

65 (1188) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ് പുനരുദ്ധാരണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ് ഗതാഗതയോഗ്യമാക്കുന്നതിലേയ്ക്കായി 40 എം.എം.ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ച് നവീകരണം നടത്തിവരുന്നു. അതിൽ ടാറിംഗ് പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞു.

(ബി&സി) കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ് ഡിസൈൻ റോഡായി നവീകരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡി.-യുടെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് മുഖേന നടന്നുവരുന്നു. കൂടാതെ ഈ പദ്ധതി തിരുവനന്തപുരം നഗരസഭ നടപ്പാക്കുന്ന സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ നവീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്.

## തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ - പൂത്തോട്ട റോഡ് വികസനം

66 (1189) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എസ്.എൻ. ജംഗ്ഷൻ മുതൽ പൂത്തോട്ട വരെയുള്ള റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ വികസന പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 300 കോടിക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. പൂർത്തീകരണ തീയതി എഗ്രിമെന്റ് വച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

**പെരുമ്പാവൂർ ആലുവ റോഡ്**

67 (1190) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ആലുവ റോഡിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പെരുമ്പാവൂർ-ആലുവ റോഡിന് 48 കോടി രൂപയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**ചെട്ടികുളങ്ങര- ചുനക്കര റോഡ്**

68 (1191) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ 2016-17 മുതൽ അനുവദിച്ച നബാർഡ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെട്ടികുളങ്ങര-ചുനക്കര റോഡിന്റെ ഉാഹ-ചുനക്കര ഭാഗം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ 2016-17 മുതൽ അനുവദിച്ച നബാർഡ് പദ്ധതികൾ

1. NABARD RIDF - XXII 2016-17-ൽ ഉൾപ്പെട്ട 0/000 മുതൽ 6/400 കി.മീ. വരെയുള്ള എരുമക്കുഴി - എടപ്പൺ റോഡിന്റെ BM&BC ഉപയോഗിച്ചുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

2. NABARD RIDF - XXII 2018-19-ൽ ഉൾപ്പെട്ട 3/000 മുതൽ 12/000 കി.മീ. വരെയുള്ള ചുനക്കര - ളാഹ റോഡിന്റെ BM&BC ഉപയോഗിച്ചുള്ള പ്രവൃത്തിക്കുള്ള ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ട്.

(ബി) ടി വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## മലയോര ഹൈവേയിൽ ഉൾപ്പെട്ട പാലങ്ങൾ

69 (1192) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽ ഉൾപ്പെട്ട നച്യാട്, കരുവഞ്ചാൽ, ആലക്കോട് എന്നീ പാലങ്ങളിൽ ഓരോന്നിന്റെയും നിർമ്മാണപ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെറുപുഴ മുതൽ ഉളിക്കൽ വരെയുള്ള മലയോരഹൈവേയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേയിൽ വരുന്ന ആലക്കോട് പാലത്തിന് 2019-20 ബഡ്ജറ്റിൽ 120 ലക്ഷം രൂപയുടെ (20%) പ്രൊവിഷനുണ്ട്. ആലക്കോട്, കരുവഞ്ചാൽ പാലങ്ങളുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നച്യാട് പാലത്തിന് 950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ചെറുപുഴ മുതൽ ഉളിക്കൽ വരെയുള്ള മലയോര ഹൈവേയിൽ വരുന്ന ചന്തോട്, ആനപ്പന്തി, വള്ളിത്തോട് എന്നീ പാലങ്ങളുടെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**കെ.സി. പാലം പുനർനിർമ്മാണം**

70 (1193) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിൽ നിർമ്മിച്ച കെ.സി.പാലത്തിന് ആവശ്യത്തിന് ഉയരവും വീതിയും ഇല്ലാത്തതുമൂലം കഴിഞ്ഞ പ്രളയകാലത്ത് കുട്ടനാട്ടിലെ ജനങ്ങളെ ചങ്ങനാശ്ശേരിയിലേക്ക് മാറ്റി പാർപ്പിക്കുവാൻ വലിയ തടസ്സമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലത്തിന്റെ ഉയരക്കുറവുമൂലം യാത്രാബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും ഇതുവഴി പോകുന്നത് അസാധ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യങ്ങളിൽ ഉയരവും വീതിയും കൂട്ടി പാലം പുതുക്കി പണിയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് അനുവദിച്ചിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ ചങ്ങനാശ്ശേരി ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചതുമൂലം പൊതുമരാമത്ത് വകുപ്പ് മേൽപ്രവൃത്തിക്കായി തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും മാറ്റുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ എസ്റ്റിമേറ്റും പ്ലാനും മാറ്റി തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) പുതിയ എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രളയാനന്തര പദ്ധതികളിൽപെടുത്തി ഈ പാലത്തിന്റെ പുനർനിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ ഉയരം കൂട്ടി നിർമ്മിക്കുവാൻ 19-11-2014-ലെ സ.ഉ.(സാധാ) നമ്പർ 1612/14/പി.ഡബ്ല്യു.ഡി. പ്രകാരം 2.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ദേശീയ ജലപാതയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 40 മീറ്റർ ഹൊറിസോണ്ടൽ ക്ലിയറൻസും പരമാവധി ജലനിരപ്പിൽനിന്നും 6.00 മീറ്റർ ഉയരവുമായി പാലത്തിന്റെ പുതിയ രൂപകല്പന പൊതുമരാമത്ത് വകുപ്പ് പാലം ഡിസൈൻ വിഭാഗം പുതുക്കിയിട്ടുണ്ട്. അതുപ്രകാരം 36.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഇ) 12% ജി.എസ്.ടി. ഉൾപ്പെടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 39.99 കോടി രൂപയാണ്. പാലത്തിന്റെ പുനർനിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പൂനൂർ പാലം നിർമ്മാണം**

71 (1194) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ച പൂനൂർ പാലത്തിൻെറ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം നിർമ്മാണത്തോടനുബന്ധിച്ച് പൂനൂർ അങ്ങാടി നവീകരണ പ്രവൃത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(സി) ഈ രണ്ട് പ്രവൃത്തികളുടെയും ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി നടപ്പാക്കുന്ന പൂനൂർ ടൗൺ പാലത്തിന്റെ സ്ഥാനം താമരശ്ശേരിയിൽനിന്ന് കൊയിലാണ്ടി ഭാഗത്തേയ്ക്ക് പോകുമ്പോൾ നിലവിലുള്ള പാലത്തിന്റെ ഇടത്ത് വശത്തുകൂടിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആയതിന്റെ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഇടതുവശത്ത് സ്ഥിതിചെയ്യുന്ന സ്കൂളിനും ആശുപത്രിക്കും പാലത്തിന്റെ സമീപ റോഡിലേയ്ക്ക് പ്രവേശനം അസാദ്ധ്യമായതിനാൽ സ്ഥലം എം.എൽ.എ.-യുടെ 14-1-2019-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധന നടത്തി നിലവിലുള്ള പാലത്തിന്റെ വലതുവശത്തുകൂടി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുകയും പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം നേരത്തെ തയ്യാറാക്കിയ ഡിസൈനിൽ മാറ്റം ആവശ്യമുണ്ടോ എന്നത് പൊതുമരാമത്ത് വകുപ്പ് രൂപകല്പന വിഭാഗം പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ.-ൽ ആവശ്യമായ മറ്റങ്ങൾ വരുത്തി പുനർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) പാലം പണിയുടെ ഡി.പി.ആർ.-ൽ പൂന്തർ അങ്ങാടിയുടെ നവീകരണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ രണ്ട് പ്രവൃത്തികളുംകൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് ആയി പത്ത് കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ശ്രീധരി പാലം നിർമ്മാണം

72 (1195) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച ഒല്ലൂർ നിയോജകമണ്ഡലത്തിലെ ശ്രീധരി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

2016-17 കിഫ്ബി പ്രവൃത്തികളിൽ ഉൾപ്പെട്ട മണലി പുഴയ്ക്ക് കുറുകെയുള്ള ശ്രീധരി പാലത്തിന് ഉത്തരവ് നമ്പർ APR3/337/2017/KIIFB തീയതി 1-1-2018 പ്രകാരം സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. Detailed Project Report കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതിർത്തി കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള സംയുക്ത പരിശോധന കഴിഞ്ഞു. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 3,89,510 രൂപ നിക്ഷേപിച്ചിട്ടുണ്ട്. Social Impact Assessement പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തുകഴിഞ്ഞാലുടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

## ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

73 (1196) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിനോടനുബന്ധിച്ചുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; സാങ്കേതികാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയപുരം പാലങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ കണ്ണിയപുരം പാലത്തിന് ആവശ്യമായ സ്ഥലം ലഭ്യമായിരുന്നു. എന്നാൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് സ്ഥലം ലഭ്യമാക്കേണ്ടിയിരുന്നു. ഈ രണ്ട് പ്രവൃത്തികളും ഒരേ ഭരണാനുമതിയിൽ ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നു. ഒറ്റപ്പാലം എം.എൽ.എ. ശ്രീ. പി. ഉണ്ണിയുടെ ആവശ്യപ്രകാരം കണ്ണിയപുരം പാലത്തിനുവേണ്ടി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് 26-4-2018-ലെ സ.ഉ.(സാധാ.) നമ്പർ 766/2018/പൊ.മ.വ. പ്രകാരം 430 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. നടപടികൾ പൂർത്തീകരിച്ച് കണ്ണിയപുരം പാലം നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**നാട്ടിക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

74 (1197) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിൽ ഉൾപ്പെട്ട തളിക്കുളം ഗ്രാമ പഞ്ചായത്തിലെ കലാത്തിപ്പാലം നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് വേണ്ടത് എന്ന് അറിയിക്കാമോ;

(സി) ഈ പാലത്തിൻെറ നിർമ്മാണം എന്ന് ആരംഭിക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) നാട്ടിക മണ്ഡലത്തിലെ അഴിമാവ് പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് എന്ന് അറിയിക്കാമോ;നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിന് മന്ത്രി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാട്ടിക മണ്ഡലത്തിലെ കലാഞ്ഞി പാലത്തിന് 2018-19 ബഡ്ജറ്റിലും 2019-20 ബഡ്ജറ്റിലും 100 രൂപ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ.

(ബി) ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി റവന്യൂ, വനം വകുപ്പുകൾ അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഏകദേശം 12 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കരുതുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. മതിയായ തുക വകയിരുത്തി ഭരണാനുമതി ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാനാവുകയുള്ളൂ.

(ഡി) അഴിമാവുകടവു പാലം നിർമ്മാണത്തിനായി 15.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും ലഭിച്ച ടെണ്ടർ തുക എസ്റ്റിമേറ്റിനേക്കാൾ കൂടുതലായതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുമ്പളം - തേവര പാലം നിർമ്മാണം**

75 (1198) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുമ്പളം-തേവര പാലത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഡി.പി.ആർ. എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(സി) നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര നാൾ കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുമ്പളം-തേവര പാലത്തിന് ടെന്റേറ്റീവ് ജനറൽ ഡിസൈൻ പ്രകാരം ഇരുകരകളിലും 80 മീറ്റർ നീളത്തിൽ 22 മീറ്റർ വീതിയുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുവാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. അംഗീകരിച്ച ഈ അലൈൻമെന്റ് പ്രകാരം സ്ഥലം വിട്ടുനൽകുന്നതിന് തേവര നിവാസികൾ തയ്യാറായില്ല. അപ്രോച്ച് റോഡ് 12 മീറ്റർ വീതിയിലും 20 മീറ്റർ നീളത്തിലും നിർമ്മിക്കുന്നതിന് പുതിയ അലൈൻമെന്റ് അംഗീകരിച്ച് രൂപകല്പനയിൽ മാറ്റം വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) മാറ്റംവരുത്തിയ ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമേ ഡി.പി.ആർ. തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിക്കുകയും സ്ഥലം ലഭ്യമാക്കുകയും ചെയ്താൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

## ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ വീതികുറഞ്ഞ പാലങ്ങൾ

76 (1199) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ വീതികുറഞ്ഞ പാലങ്ങളുള്ള സ്ഥലങ്ങളിൽ വാഹനാപകടങ്ങൾ പതിവായ സാഹചര്യത്തിൽ പ്രസ്തുത പാലങ്ങൾ വീതികൂട്ടുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കഴിഞ്ഞ വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിൽ എ.സി. റോഡ് പൂർണ്ണമായി പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആയതിനുവേണ്ടി വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷനുശേഷം ഡി.പി.ആർ. തയ്യാറാക്കുമ്പോൾ ഈ ആവശ്യം പരിഗണിക്കുവാൻ കഴിയും.

## വടവന്നൂർ പാലം പുതുക്കി പണിയാൻ ഫണ്ട്

77 (1200) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ പാടിയോട്ടുചാൽ - ചെറുപുഴ റോഡിലെ വടവന്നൂർ പാലം ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത പാലം പുതുക്കി പണിയാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ പാടിയോട്ട്ചാൽ - ചെറുപുഴ റോഡിലെ വടവന്തന്നൂർ പാലം പുനർനിർമ്മാണം എന്ന പ്രവൃത്തി 1000 കോടി രൂപയുടെ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പെരുമൺ പാലം നിർമ്മാണം**

78 (1201) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പെരുമൺ പാലത്തിൻെറ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരപാക്കേജിന് അംഗീകാരമായിട്ടുണ്ടോ; എപ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പെരുമൺ പാലത്തിന്റെ ടെണ്ടർ കഴിഞ്ഞതാണ്. സിംഗിൾ ടെണ്ടർ ആയതിനാൽ ഇതുവരേയും ടെണ്ടർ ഓപ്പൺ ചെയ്തിട്ടില്ല. 2019 ജൂൺ 10 വരെ ടെണ്ടർ തീയതി നീട്ടിയിട്ടുണ്ട്.

(ബി) നഷ്ടപരിഹാര പാക്കേജിന് അംഗീകാരമായിട്ടുണ്ട്. നെഗോഷ്യേറ്റഡ് പർച്ചേസ് വഴി റവന്യൂ വകുപ്പാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിൽ പാലങ്ങളുടെ പുനർനിർമ്മാണം**

79 (1202) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പുനർനിർമ്മിക്കുന്ന മുട്ടേൽപാലം, കനീസകടവ് പാലം, പാർക്ക് ജംഗ്ഷൻ പാലം, മാർക്കറ്റ് പാലം, കല്ലുപാലം, കോയിക്കൽ പടിക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

<u>മുട്ടേൽപാലം:</u> ജി.ഒ.(ആർ.റ്റി) നമ്പർ 1295/2018 പി.ഡബ്ല്യു.ഡി. തീയതി 18-8-2018 പ്രകാരം 7.55 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പണികൾ ടെണ്ടർ ചെയ്യുകയും പുനർനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>കന്നീസകടവ് പാലം:</u> ജി.ഒ.(ആർ.റ്റി) നമ്പർ 781/2018 പി.ഡബ്ല്യു.ഡി. തീയതി 27-4-2018-ൽ 11.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അനുമതി ജി.ഒ.(ആർ.റ്റി) നമ്പർ 1165/2019/ആർ.ഡി. തീയതി 21-5-2019 പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആലപ്പുഴ ജില്ലാ കളക്ടറുടെ ആഫീസിൽ പുരോഗമിക്കുന്നു.

പാർക്ക് ജംഗ്ഷൻ പാലം: ജി.ഒ.(ആർ.റ്റി) നമ്പർ 634/2018 പി.ഡബ്ല്യു.ഡി. തീയതി 31-3-2018 പ്രകാരം 4.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനാവശ്യമായ അനുമതിക്കുള്ള അപേക്ഷ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

മാർക്കറ്റ് പാലം: മതിയായ ഫണ്ടിന്റെ അഭാവത്തിൽ ഈ പ്രോജക്ട് പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ ആവശ്യമായ ഫണ്ട് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലുപാലം: ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ആവശ്യമായ ഫണ്ട് ഉറപ്പുവരുത്തി സമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോയിക്കൽ പടിക്കൽ പാലം: ഭരണാനുമതിക്കാവശ്യമായ വിശദമായ എസ്റ്റിമേറ്റ് 3-1-2019-ൽ ലഭ്യമായിരുന്നു. അത് പരിശോധിച്ചശേഷം കൂടുതൽ വിശദാംശങ്ങൾ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**രാമഞ്ചിറ-കിൽട്ടക്കയം, ഭീമനടി-കാലിക്കടവ് പാലങ്ങളുടെ നിർമ്മാണം**

80 (1203) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ രാമഞ്ചിറ-കിൽട്ടക്കയം, ഭീമനടി-കാലിക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെട്ട ഈ പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ& ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ രാമഞ്ചിറ-കിൽട്ടക്കയം, ഭീമനടി-കാലിക്കടവ് എന്നീ പാലങ്ങളുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചാലുടൻതന്നെ സാങ്കേതികാനുമതിക്ക് സമർപ്പിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**കുലശേഖരം - കോവിൽക്കടവ് പാലം**

81 (1204) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ്, കാട്ടാക്കട നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കുലശേഖരം-കോവിൽക്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുലശേഖരം-കോവിൽക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ്, ടി പാലത്തിന്റെ നവീകരിച്ച ജനറൽ ഡിസൈൻ ഡ്രോയിംഗ് പ്രകാരം തിരുത്തൽ വരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂൺ മാസത്തിൽത്തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് കണക്കാക്കുന്നു.

(സി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 1250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഡി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലക്കോട്, കരുവഞ്ചാൽ പാലങ്ങൾ**

82 (1205) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽപ്പെട്ടതും കാലപ്പഴക്കംമൂലം സുരക്ഷാഭീഷണി നേരിടുന്നതുമായ ആലക്കോട്, കരുവഞ്ചാൽ പാലങ്ങളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ& ബി) മലയോര ഹൈവേയിൽ വരുന്ന ആലക്കോട് പാലത്തിന് 2019-20 ബഡ്ജറ്റിൽ 120 ലക്ഷം രൂപയുടെ (20%) പ്രൊവിഷൻ ഉണ്ട്. ആലക്കോട്, കരുവഞ്ചാൽ പാലങ്ങളുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

83 (1206) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഏരിമക്കൂർ പഞ്ചായത്തിലെ ചുള്ളിമട പാലം, ആലത്തൂർ പഞ്ചായത്തിലെ പറക്കുന്നം പാലം, കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ചുള്ളിമട പാലം - KIIFB 2016-17-ൽ ഉൾപ്പെട്ട ചുള്ളിമട പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി KIIFB-യിലേയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പറക്കുന്നം പാലം - KIIFB 2016-17-ൽ ഉൾപ്പെട്ട ആലത്തൂർ പറക്കുന്നം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മമ്പാട് പാലം - കിഴക്കഞ്ചേരി മമ്പാട് ചപ്പാത്ത് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**പാറക്കടവ് പഞ്ചായത്തിലെ തിരുപറമ്പ് പാലം**

84 (1207) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പാറക്കടവ് പഞ്ചായത്തിലെ തിരുപറമ്പ് പാലം നിർമ്മാണത്തിന് പ്രാരംഭ നടപടികൾക്കായി ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി 7-2-2019-ൽ ചീഫ് എഞ്ചിനീയർ മുഖേന എറണാകുളം പാലം വിഭാഗത്തിന് നൽകിയ കുറിപ്പിൻമേൽ നടത്തിയ പരിശോധന ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പ്രളയത്തിൽ ചാലക്കുടി പുഴയുടെ തീരത്ത് മാസങ്ങളോളം ഒറ്റപ്പെട്ടുപോയ രണ്ട് പ്രദേശത്തെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് എത്രയും വേഗം പാലം യാഥാർത്ഥ്യമാക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷന് ആവശ്യമായ തുക ചീഫ് എഞ്ചിനിയർ അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പാലം നിർമ്മാണത്തിന് നിർദ്ദിഷ്ട സൈറ്റ് സന്ദർശിച്ചിരുന്നു. പ്രാരംഭ പരിശോധന നടത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) തിരുപറമ്പ് പാലത്തിന്റെ നിർമ്മാണത്തിനായി 2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

(സി) ഇല്ല.

**നെട്ടൂർ-കുണ്ടന്നൂർ സമാന്തര പാലം നിർമ്മാണം**

85 (1208) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നെട്ടൂർ-കുണ്ടന്നൂർ സമാന്തര പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) പാലം നിർമ്മാണത്തിന് കാലതാമസം വന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയപ്പോൾ അപ്രോച്ച് റോഡിന്റെ കാര്യത്തിൽ പിശക് സംഭവിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പാലം നിർമ്മാണത്തിന്റെ നാൾവഴി വിശദമായി അറിയിക്കുമോ?

ഉത്തരം

(എ) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തികൾ പൂർത്തിയായി. ജല അതോറിറ്റിയുടെ ജൻറം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടതിനാൽ കുണ്ടന്നൂർ ഭാഗത്ത് വലതുവശത്തുള്ള സർവ്വീസ് റോഡിന്റെ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. 27-2-2019- ലെ സ.ഉ.(സാധാ.) നമ്പർ

294/2019/പൊ.മ.വ. ഉത്തരവ് പ്രകാരം 71 ലക്ഷം രൂപ പൈപ്പ് ലൈൻ മാറ്റുന്നതിന് അനുവദിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലത്തിന്റെ P3 പൈൽ ഗ്രൂപ്പുകളുടെ നിർമ്മാണ സമയത്ത് കായലിൽ ആഴത്തിൽ ഇട്ടിരിക്കുന്ന ജല അതോറിറ്റിയുടെ ജൻറം കുടിവെള്ള പൈപ്പും പഴയ പാലത്തിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങളും ഉള്ളതിനാൽ പൈലുകളുടെ ലൊക്കേഷൻ മാറ്റി P3 പൈലുകളും പൈൽ ക്യാപ്പും റീഡിസൈൻ ചെയ്യേണ്ടിവന്നു. അതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. ഇതുമൂലമാണ് പാലം നിർമ്മാണത്തിന് കാലതാമസം നേരിട്ടത്.

(സി ദേശീയപാതാ വിഭാഗത്തിന്റെ സ്ഥലം ഉപയോഗിച്ചുകൊണ്ടും സ്ഥലമേറ്റെടുക്കൽ ചെലവ് കുറച്ചുകൊണ്ടും നിലവിലെ റോഡുകളിലേയ്ക്ക് പാലത്തിന്റെ അപ്രോച്ച് റോഡ് എത്തിക്കുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പാലം നിർമ്മാണശേഷം ജനപ്രതിനിധികളുടെ ആവശ്യപ്രകാരം നെട്ടൂർ ഭാഗത്ത് നിലവിലുള്ള കുണ്ടന്നൂർ തേവര പാലത്തിലേയ്ക്കുള്ള ചവിട്ടുപടി വഴിയുള്ള യാത്രക്കാരുടെ സുരക്ഷ പരിഗണിച്ചുകൊണ്ട് അലൈൻമെന്റിൽ ചെറിയ ഭേദഗതികൾ വരുത്തേണ്ടിവന്നു.

(ഡി) <u>നാൾവഴി</u>

30-3-2013 – ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി.

24-9-2013 - കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ ഏറ്റെടുത്തു

25-9-2013 – പ്രവൃത്തി ആരംഭിച്ചു.

നവംബർ 2015 - പി3 പൈൽ ഗ്രൂപ്പിലുള്ള പൈലുകലുടെ ക്രമീകരണത്തിൽ മാറ്റം വരുത്തി DRIQ ബോർഡിൽനിന്നും ഡിസൈൻ ലഭിച്ചു.

27-4-2016 – 1st റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു.

16-12-2017 – 2nd റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു. കുണ്ടന്നൂർ ഭാഗത്തെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 71 ലക്ഷം രൂപ റിവൈസ്ഡ് എസ്റ്റിമേറ്റിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി വകകൊള്ളിച്ചിട്ടുണ്ട്.

12-6-2018 – 3rd റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി. ബഹു. എം. സ്വരാജ് എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം നെട്ടൂർ ഭാഗത്ത് നിലവിലെ അലൈൻമെന്റിൽ മാറ്റംവരുത്തി അപ്രോച്ച് റോഡിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി.

8-3-2019 - ബഹു. സ്വരാജ് എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗം ചേർന്നു. കുണ്ടന്നൂർ ഭാഗത്തെ ജല അതോറിറ്റിയുടെ ജൻറം പൈപ്പ് ലൈൻ ഏപ്രിൽ മാസം രണ്ടാമത്തെ ആഴ്ചയിൽ മാറ്റി സ്ഥാപിക്കുമെന്ന് ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

15-3-2019 - അപ്രോച്ച് റോഡിന്റെ ടാറിംഗ് തുടങ്ങി. ഇപ്പോൾ പണി പൂർത്തീകരിച്ചിട്ടുണ്ട്.

**കോരൻകടവ് പാലം**

86 (1209) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്ന കോരൻകടവ് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീങ്ങി എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയാറിനു കുറുകെയുള്ള കോരൻകടവ് പാലം നിർമ്മാണത്തിന് 7-6-2019-ലെ സ.ഉ.(സാധാ.) നമ്പർ 717/2019/പൊ.മ.വ. പ്രകാരം 14.30 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലം**

87 (1210) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 74 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ കണ്ണങ്ങാട് ഭാഗത്ത് വീതികുറഞ്ഞ, കോർപ്പറേഷൻ വക റോഡുകളല്ലാതെ ഗതാഗതയോഗ്യമായ റോഡ് ഇല്ലാത്തതുമൂലം ഇതിലൂടെയുള്ള യാത്ര ജനങ്ങളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയപ്പോൾ കണ്ണങ്ങാട് ഭാഗത്ത് നിന്ന് ദേശീയപാതയിലേയ്ക്ക് പ്രവേശിക്കാൻ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ ഇത് എവിടെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) 5-10-2016 ൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ;

(ഇ) 2017-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പാലത്തിന്റെ അലൈൻമെന്റ് സംബന്ധിച്ച് സമർപ്പിച്ച മൂന്ന് പ്രൊപ്പോസലുകളിൽ, രണ്ടാമത്തെ പ്രൊപ്പോസലിൽ നിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേക്ക് മാറുവാനുള്ള സാഹചര്യം സംബന്ധിച്ച ഓഫീസ് രേഖ ഇല്ലാത്തതിന് കാരണം വിശദമാക്കാമോ;

(എഫ്) പ്രസ്തുത രേഖകൾ ഓഫീസിൽ നിന്നും നഷ്ടപ്പെട്ടതാണോ; വിശദമാക്കാമോ?

ഉത്തരം

(എ) കോർപ്പറേഷൻ റോഡിന് വീതി കുറവായതിനാൽ (ഭാവിയിൽ തിരക്കുകൂടുമ്പോൾ) അപകടം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പാലത്തിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 660 മീറ്റർ നീളമുള്ള പാലവും തേവര ഭാഗത്ത് 85 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും നിർമ്മിക്കുവാൻ വിഭാവനം ചെയ്തിരുന്നു.

(ഡി) തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ&എഫ്) കണ്ണങ്കാട് ക്ഷേത്രത്തിന്റെ മുമ്പിൽ അപ്രോച്ച് റോഡ് വന്നുചേരുന്നത് ഒഴിവാക്കുന്നതിനും വീടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും കായൽ നികത്തുന്നത് ഒഴിവാക്കുന്നതിനും വേണ്ടിയാണ് രണ്ടാമത്തെ പ്രൊപ്പോസലിൽനിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേയ്ക്ക് അലൈൻമെന്റ് മാറ്റിയത്. ഫയലുകളിൽനിന്നും രേഖകൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**അയനിക്കാട് കോയമ്പ്രത്ത്കണ്ടി പാലത്തിന്റെ ഡി.പി.ആർ.**

88 (1211) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മന്തൻകാവിൽ നിർമ്മിക്കുന്ന അയനിക്കാട് കോയമ്പ്രത്ത്കണ്ടി പാലത്തിന്റെ ഡി.പി.ആർ. സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പാലം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഓർക്കുളം - തൈക്കടപ്പുറം പാലം**

89 (1212) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓർക്കുളം-തൈക്കടപ്പുറം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടും ഇൻവെസ്റ്റിഗേഷനുള്ള ഭരണാനുമതി ലഭിക്കാൻ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) ഓർക്കുളം തൈക്കടപ്പുറം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് അനുമതി ലഭിച്ചു. ഇപ്പോൾ പ്രവൃത്തി പുരോഗമിക്കുന്നു.

**മുഴാപ്പാലം, കാക്കേരി പാലങ്ങളുടെ പുനർനിർമ്മാണം**

90 (1213) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുനർനിർമ്മിക്കേണ്ട പട്ടികയിലുള്ള മൂഴാപ്പാലം, വെള്ളപ്പൊക്കത്തിൽ തകർന്ന കാക്കേരി പാലം എന്നിവയുടെ പുനർനിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാക്കേരി പാലം പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മുഴാപ്പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റിൽ GST തുക കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിക്ക് 2019-20 വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ

പ്രൊവിഷൻ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. കാക്കേരി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**മല്ലപ്പള്ളി പാറക്കടവ് പാലം**

91 (1214) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി പാറക്കടവ് പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മല്ലപ്പള്ളിയിൽ മണിമലയാറിന് കുറുകെ പാറക്കടവ് പാലം നിർമ്മിക്കുന്നതിന് കിഫ്ബി 2016-17 പ്രവൃത്തികളിൽ ഉൾപ്പെടുത്തി 9.35 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം സ്ഥലം മുൻകൂറായി നൽകുന്നതിന് ഭൂവുടമകളുമായി സന്ധി സംഭാഷണങ്ങൾ നടന്നുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ പാലങ്ങൾ**

92 (1215) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടത്തിരുത്തിക്കടവ്, ന്യൂ കട്ട് പാലം, ചെമ്മലപ്പാറ പൂരപ്പറമ്പ് പാലം എന്നീ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

ഉത്തരം

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂകട്ട് പാലത്തിന് നിലവിൽ ബഡ്ജറ്റിൽ 20% പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പാലത്തിനുള്ള ഡിസൈൻ പുതുക്കി നൽകുന്നതിന് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയും. എടത്തുരുത്തിക്കടവ്, ചെമ്മലപ്പാറ, പൂരപ്പറമ്പ് പാലങ്ങൾക്ക് ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ല.

**തിരുവമ്പാടി മണ്ഡലത്തിലെ അപകടാവസ്ഥയിലായ പാലങ്ങൾ**

93 (1216) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാലപ്പഴക്കത്താൽ നാശോന്മുഖമായ വഴിക്കടവ്, കുപ്പായക്കോട് തുടങ്ങിയ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വഴിക്കടവ്, കപ്പായക്കോട് എന്നീ പാലങ്ങളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച്, റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പാലങ്ങളുടെ വിശദമായ രൂപരേഖ ലഭിച്ച് അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

94 (1217) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ കുറുങ്കോട്ട ദ്വീപിൽ നിന്നും വടുതല ഭാഗത്തുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(ബി) പാലത്തിന്റെ അലൈൻമെന്റ് ദേശീയ ജലപാതയുടെ പരിധിക്കുള്ളിൽ വരില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറും പരിധിക്കുള്ളിൽ വരുമെന്ന് ചീഫ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൊറിസോണ്ടൽ ക്ലിയറൻസും വെർട്ടിക്കൽ ക്ലിയറൻസും ലഭിക്കുന്നതിനായി ജലസേചന വകുപ്പിലേയ്ക്കയച്ച ഫയലിൽ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) നടപടികൾ പൂർത്തിയാക്കി പാലത്തിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഡിസൈൻ ലഭിച്ച പ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് പാലത്തിന്റെ ഇരുഭാഗങ്ങളിലും ഏകദേശം 200 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും സ്ഥലം ആവശ്യമാണ്. വട്ടതല ഭാഗത്ത് പ്രദേശവാസികളുടെ എതിർപ്പുമൂലം ഒരു ബോർ ഹോളിന്റെ ഡീറ്റെയിൽസ് മാത്രമേ മണ്ണ് പരിശോധനാ സമയത്ത് എടുത്തിട്ടുള്ളൂ. TGD പ്രകാരം വട്ടതല ഭാഗത്ത് 3 ലാൻഡ് സ്പാനുകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ലാൻഡ് സ്പാൻ കഴിഞ്ഞ് Existing road level എത്തുന്നതിന് ഏകദേശം 80.00M ഓളം Embarnkment length വരും. ഇത് ഉൾപ്പെടെ 5 point-ൽ confiramatory bore hole details എടുക്കുന്നതിനും Traffic Volume Survey നടത്തുന്നതിനും cost benefit analysis report തയ്യാറാക്കുന്നത് ഉൾപ്പെടെ 7,60,000 (ഏഴുലക്ഷത്തി അറുപതിനായിരം) രൂപയുടെ അഡീഷണൽ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.

(സി) അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കിടങ്ങറയിലെ ഉയരക്കുറവുള്ള പാലം**

95 (1218) <u>ശ്രീ. തോമസ് ചാണ്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലത്തിലെ ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതയ്ക്ക് കുറുകെ കിടങ്ങറയിൽ നിർമ്മിച്ചിരിക്കുന്ന ഉയരക്കുറവുള്ള പാലം ഉയർത്തി ജലഗതാഗതം സുഗമമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ആലപ്പുഴ ചങ്ങനാശ്ശേരി കനാൽ ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇൻലാൻഡ് ജല അതോറിറ്റി ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുമരാമത്ത് വകുപ്പ് പാലം ഡിസൈൻ വിഭാഗം പാലത്തിന്റെ രൂപകല്പന തയ്യാറാക്കുകയും അതിൻപ്രകാരം 36.70 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇൻലാൻഡ് ജല അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## പേങ്ങാട്ട്കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനം

96 (1219) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാഭരണപാതയിലെ പേങ്ങാട്ട്കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി; എത്ര സെന്റ് വസ്തുവാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും അളവും ഉടമകളുടെ പേരും ലഭ്യമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പേങ്ങോട്ട്കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 39,64,163 രൂപയുടെ ഭരണാനുമതി G.O.(Rt) No.1841/2018/PWD 27-11-2018 പ്രകാരം നൽകിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ തഹസീൽദാരുടെ പേരിൽ അടയ്ക്കേണ്ട കണ്ടിജൻസി ചാർജ്ജ് തുകയായ 1,88,770 രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി)

| സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം | വസ്തു ഉടമസ്ഥന്റെ പേര് |
|---|---|---|
| 83/11 | 1.61 | ശ്രീ. റോയലിൻ ജോസഫ് |
| 84/01 | 0.43 | ശ്രീമതി ചിന്നമ്മ |
| 84/03 | 0.11 | ശ്രുമതി മറിയാമ്മ ജോൺ |
| 84/04 | 0.183 | ശ്രീ. ഷാജി ഈശോ |
| 293/3 | 2.99 | ശ്രീ. എബ്രഹാം വർഗ്ഗീസ് |
| 312/5 | 0.752 | ശ്രീ. ഷിബു ജോസഫ് |

(സി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ആദ്യ പടിയായി കണ്ടിജൻസി ചാർജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ടിജൻസി ചാർജ് അനുവദിച്ചശേഷം റവന്യൂ വകുപ്പിൽനിന്നും സാമൂഹികാഘാത പഠനം നടത്തുകയും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് സ്ഥലം ഉടമകളുടെ രേഖകൾ പരിശോധിച്ച് വാല്യുവേഷൻ നടത്തുകയും ചെയ്യേണ്ടതുണ്ട്. വാല്യുവേഷൻ പ്രകാരമുള്ള തുക നൽകിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാലങ്ങൾ**

97 (1220) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുള്ളറവിള-ആയയിൽ, കുന്നിപുറം-നെയ്യാറ്റിൻകര പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുള്ളറവിള-ആയയിൽ പാലം:- ഈ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടിയും നൽകിയിട്ടുണ്ട്.

കുന്നിപ്പുറം പാലം:- കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

(ബി&സി) മുള്ളറവിള-ആയയിൽ പാലം:- കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതും അതിനുശേഷം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

കുന്നിപ്പുറം പാലം:- സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിക്കും.

## വടശ്ശേരിക്കരയിൽ പുതിയ പാലം

98 (1221) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പാതയിൽ വടശ്ശേരിക്കരയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി; ആരാണ് പാലം നിർമ്മാണ കരാർ എടുത്തിരിക്കുന്നത്;

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ സ്ഥലത്തിന്റെ സർവ്വേ നമ്പരും അളവും വ്യക്തമാക്കാമോ; സ്ഥലമേറ്റെടുപ്പ് എന്ന് പൂർത്തീകരിക്കാനാകുമെന്നും പാലം നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വടശ്ശേരിക്കരയിൽ പാലം നിർമ്മിക്കുന്നതിന് 14 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 25-4-2017-ൽ സൈറ്റ് കൈമാറിയെങ്കിലും പണികൾ ആരംഭിച്ചിട്ടില്ല. കരാർ ഏറ്റെടുത്തിരിക്കുന്നത് ശ്രീ. എ. ഇബ്രാഹിംകുട്ടി, വല്ല്യത്ത് ഹൗസ്, പുത്തൻചന്ത പി.ഒ., ചവറ, കൊല്ലം എന്നയാളാണ്.

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നമ്പർ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. സർവ്വേ നമ്പരുകൾ ലഭ്യമാകുന്നതിനനുസരിച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊച്ചി പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിലെ അപാകത

99 (1222) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിലെ അപാകത കാരണം മാസങ്ങളോളം പാലം അടച്ചിടേണ്ടി വന്ന സാഹചര്യം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് മൂന്ന് വർഷത്തിനകം സംഭവിച്ച ഗുരുതരമായ അപാകതകൾ സംബന്ധിച്ച് ഐ.ഐ.ടി. കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) നിർമ്മാണക്കരാറിൽ വാറന്റി വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന് ഉത്തരവാദികളായ കോൺട്രാക്ടർ, ഉദ്യോഗസ്ഥന്മാർ, വകുപ്പുമന്ത്രി എന്നിവർക്കെതിരെ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ;

(ഇ) അറ്റകുറ്റപ്പണിക്ക് വേണ്ടിവരുന്ന തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലാരിവട്ടം മേൽപ്പാലത്തിന്റെ BC (Bitumen content) ഉപരിതലത്തിലും deck continuity-കളിലും ബെയറിംഗിനും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതിനാൽ അവ മാറ്റി സ്ഥാപിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പാലത്തിന്റെ ഗർഡർ പിയർ ക്യാപ്പിലും Cracks കാണപ്പെട്ടതുകൊണ്ട് ഇതിന്റെ കാരണം കണ്ടെത്തുവാനും പരിഹാരം നിർദ്ദേശിക്കുവാനും ചെന്നൈ ഐ.ഐ.ടി. വിദഗ്ദ്ധരുടെ സേവനം പി.ഡബ്ല്യു.ഡി. മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ആർ.ബി.ഡി.സി.കെ. ലഭ്യമാക്കി. ഐ.ഐ.ടി. നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളായി പാലത്തിലെ BC മാറ്റി പുതിയ BC ലെയർ നിർമ്മിക്കുവാനും deck continuity മാറ്റി പകരം strip seal expansion joint നിർമ്മിക്കുവാനും കേടായ bearing മാറ്റി പുതിയവ സ്ഥാപിക്കുവാനുമുള്ള നടപടികൾക്ക് ആർ.ബി.ഡി.സി.കെ. അംഗീകാരം നൽകി. ഈ പ്രവൃത്തികൾക്ക് വേണ്ടിയാണ് പാലം 1-5-2019 മുതൽ അടച്ചിട്ടിട്ടുള്ളത്. വെറും അറ്റകുറ്റപ്പണിയല്ല പാലം പുനർനിർമ്മാണമാണ് നടന്നുവരുന്നത്.

(ബി) ചെന്നൈ ഐ.ഐ.ടി. വിദഗ്ദ്ധർ കണ്ടെത്തിയ ന്യൂനതകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ വാറന്റി വ്യവസ്ഥയല്ല, പകരം Defect liability period ആണ്. ഈ പ്രവൃത്തിക്കു മൂന്നു വർഷമാണ് കരാർ പ്രകാരമുള്ള defect liability period.

(ഡി) വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ഇ) Defect liability Period-ൽ തന്നെ അപാകത സംഭവിച്ചിട്ടുള്ളതിനാൽ കരാറുകാരൻ തന്നെ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. അതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര ഭാഗത്തെ നവീകരണം

100 (1223) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ ഉൾപ്പെടുന്ന താമരക്കുളം, ചാരുംമൂട്, ചുനക്കര, മാങ്കാംകുഴി, കൊച്ചാലുംമൂട്, കൊല്ലുകടവ് പാലത്തിന്റെ തെക്ക് ഭാഗം എന്നീ ജംഗ്ഷനുകളുടെ നവീകരണത്തിനാവശ്യമായ സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, ഡിവൈഡറുകൾ, സിഗ്നൽ ലൈറ്റുകൾ, സ്റ്റഡ്സ് എന്നിവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ജംഗ്ഷനുകളുടെ നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം-തേനി ദേശീയപാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഭാഗങ്ങളുടെ നവീകരണത്തിനായി "Strengthening and Geometric Improvements from K.m. 50/300 to 51/800 and from 53/500 to 62/100 of NH 183 (Old NH 220) in the Kerala under Annual Plan 2017-18" എന്ന പ്രവൃത്തിക്ക് 15.72 കോടി രൂപയുടെ MoRTH-ന്റെ അംഗീകാരം ലഭിച്ചതിന്റെ ടെണ്ടർ ഇവാലുവേഷൻ നടപടികൾ പൂർത്തീകരിച്ചു; അവാർഡ് സ്റ്റേജിലാണ്.

(ബി&സി) ചുനക്കര, മാങ്കാംകുഴി, കൊച്ചാലുംമൂട്, കൊല്ലുകടവ് പാലത്തിന്റെ തെക്ക് ഭാഗം എന്നീ സ്ഥലങ്ങളിൽ നവീകരണത്തിനാവശ്യമായ Traffic Safety Measures "Strengthening and Geometric Improvements from K.m. 50/300 to 51/800 and from 53/500 to 62/100 of NH 183 (Old NH 220) in the Kerala under Annual Plan 2017-18" പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താമരക്കുളം, ചാരുംമൂട് എന്നീ സ്ഥലങ്ങളിലെ നവീകരണത്തിനാവശ്യമായ Traffic Safety Measures "Strengthening and Geometric Improvements from Kadapuzha (K.m. 23/500) to Kollukadavu (K.m. 53/500) excluding from

K.m. 50/300 to 51/800 of NH 183" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 65.10 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ഡി) അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അവാർഡ് ചെയ്ത് പ്രവൃത്തികൾ തുടങ്ങുന്നതായിരിക്കും.

**മണ്ണുത്തി-വടക്കഞ്ചേരി ദേശീയപാത**

101 (1224) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി-വടക്കഞ്ചേരി ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തിയിൽ തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാതയുടെ പ്രവൃത്തി എന്നുമുതലാണ് അരംഭിച്ചത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം കാര്യങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വടക്കഞ്ചേരി മണ്ണുത്തി പാതയുടെയും അനുബന്ധ പ്രവൃത്തികളായ ഫ്ലൈഓവർ, ടണൽ എന്നിവയുടെയും നിർമ്മാണ കരാർ BOT അടിസ്ഥാനത്തിൽ 24-8-2009-ലാണ് ഒപ്പ് വച്ചത്. ഈ പ്രവൃത്തിയുടെ ആകെ നീളം 28.355 കി.മീ. ആണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം കരാർ പ്രകാരം 7-10-2010-ൽ തുടങ്ങി 6-4-2013-ൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ചില സാങ്കേതിക കാരണങ്ങളാലും സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച പരിസരവാസികളുടെ എതിർപ്പുകൾമൂലവും ഷെഡ്യൂൾ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2017 ഡിസംബറിൽ പ്രവൃത്തികൾ പൂർത്തിയാക്കുമെന്ന തീരുമാനത്തോടെ 7-10-2014-ൽ പ്രവൃത്തികൾ പുനരാരംഭിച്ചുവെങ്കിലും നാട്ടുകാരുടെ തുടരെയുള്ള എതിർപ്പുമൂലം ടണൽ വർക്കുകളും ഹൈവേ വർക്കുകളും നിർത്തിവയ്ക്കേണ്ടതായി വന്നു. കരാർ കമ്പനിയും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളും, കരാർ കമ്പനിയുടെ സാമ്പത്തിക പ്രയാസങ്ങളും പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(സി) മണ്ണുത്തി-വടക്കഞ്ചേരി ദേശീയപാത നിർമ്മാണ പ്രവൃത്തിയുടെ 83% പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 28.355 കി.മി.ൽ 22.2 കി.മീ. മാത്രമേ പൂർത്തിയായിട്ടുള്ളു. ബാക്കി പൂർത്തിയാക്കാനുള്ള വടക്കഞ്ചേരി ഫ്ലൈഓവറിന്റെ അപ്രോച്ച് റോഡും ടണലിന്റെ വർക്കും Major structure വർക്കും 2019 ഡിസംബറിൽ പൂർത്തിയാക്കാനുള്ള പ്രോഗ്രാം നിർമ്മാണ കമ്പനി സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് മന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ കലക്ടറേറ്റിൽ വച്ചുനടന്ന അവലോകന യോഗത്തിൽ 2018 ജനുവരിയിൽ കുതിരാൻ ടണൽ പൂർത്തീകരിക്കുമെന്ന് കമ്പനി അധികൃതർ സമ്മതിച്ചിരുന്നുവെങ്കിലും, വാഗ്ദാനം ഇന്നുവരെ നിറവേറ്റാനായിട്ടില്ല.

## കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ റോഡ് കട്ടിംഗ് അനുവാദം

102 (1225) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് ദേശീയ പാത 966 ൽ കി.മി. 62/000-നും 62/500 നും ഇടയിൽ പനങ്ങാക്കര ടൗണിന് സമീപം റൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി ദേശീയപാതാ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ടോ;

(ബി) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യം ഉള്ള പ്രവൃത്തിയായിട്ടും കഴിഞ്ഞ 6 മാസക്കാലമായി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ദേശീയപാതാ വിഭാഗത്തിൽ നിന്നും അനുമതി ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ഉണ്ടായ കാലതാമസം ഗൗരവകരമായി കാണുമോ;

(ഡി)പ്രസ്തുത വിഷയത്തിന്മേൽ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി - ഡി) ദേശീയപാതയിൽ റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്നാണ് ലഭിക്കേണ്ടത്. ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അനുമതി ലഭിക്കുന്നതിനുവേണ്ടി 22-1-2019-ൽ ശിപാർശ കത്ത് മലപ്പുറം ദേശീയപാത ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

## പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിലെ അപാകതകൾ

103 (1226) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം മേൽപ്പാലം നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ മറ്റൊരു പ്രവൃത്തിയിലും സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(ബി) സർക്കാർ ഏജൻസി തന്നെ ഏറ്റെടുത്ത് നടത്തിയ ഈ പ്രോജക്ടിൽ സംഭവിച്ച ഗുരുതരമായ വീഴ്ച ആവർത്തിക്കാതിരിക്കുന്നതിനും പ്രോജക്ടുകൾ അഴിമതിരഹിതമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) വീഴ്ച വരുത്തിയ ഏജൻസിക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അഴിമതിക്ക് അറുതി വരുത്താനും ഗുണമേന്മാ പരിശോധനയ്ക്കുമായി ഉത്തര-ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരോട് നിർമ്മാണത്തിലിരിക്കുന്ന എല്ലാ പാലങ്ങളും സന്ദർശിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ആഴ്ചതോറും റിപ്പോർട്ടുകൾ ശേഖരിച്ചു വരികയും ചെയ്യുന്നു. ഗുണമേന്മ പരിശോധനയ്ക്കായി 3 റീജിയണൽ ഓഫീസുകളും മേൽനോട്ടത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് ഗുണപരിശോധന വിഭാഗത്തെയും ഡിസൈൻ വിഭാഗത്തെയും ശക്തിപ്പെടുത്തി ബിൽ തുക അനുവദിക്കുന്നതിന് തൃപ്തികരമായ ഗുണമേന്മാ പരിശോധന നിർബന്ധമാക്കിയിരിക്കുന്നു.

(സി) അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയപാതയിൽ കരുനാഗപ്പള്ളിയിലെ സുരക്ഷാ ക്രമീകരണങ്ങൾ

104 (1227) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ദേശീയപാതയിലെ അപകട സാദ്ധ്യത ഒഴിവാക്കുന്നതിനുവേണ്ടി ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയകാവു മുതൽ വവ്വാക്കാവ് വരെയുള്ള ഭാഗത്ത് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കരുനാഗപ്പള്ളി ടൗൺ മുതൽ ഓച്ചിറ വരെയുള്ള ഭാഗത്ത് റോഡിന് വീതികൂട്ടി ഡിവൈഡർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ദേശീയപാതയിൽ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശങ്ങളിലും ഇന്റർലോക്ക് ഇട്ട് വീതി കൂട്ടിയുള്ള പ്രവൃത്തി ചെയ്തിട്ടുണ്ട്.
2. കരുനാഗപ്പള്ളി, പുതിയകാവ്, ഓച്ചിറ എന്നീ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുണ്ട്.
3. സിവിൽ സ്റ്റേഷൻ മുതൽ ലാലാജി ജംഗ്ഷൻ വരെയുള്ള ഭാഗം വീതി കൂട്ടി മീഡിയൻ, സിഗ്നൽ എന്നിവ സ്ഥാപിച്ച് ബ്ലാക്ക് സ്പോട്ട് ഒഴിവാക്കിയിട്ടുണ്ട്.

(ബി) പുതിയകാവ് ജംഗ്ഷനിൽ ദേശീയപാത Old NH Rectification നടത്തി one way ആക്കി divider സ്ഥാപിച്ച് Black spot work-ൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്.

(സി) ഓച്ചിറ വലിയകുളങ്ങര മുതൽ ചങ്ങൻകുളങ്ങര വരെയുള്ള ഭാഗം Black spot work-ൽ വീതി കൂട്ടി divider സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

**മഞ്ചേരി പോളിടെക്നിക്**

105 (1228) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോളിടെക്നിക്കിന്റെ പ്രധാന കെട്ടിടനിർമ്മാണത്തിനായി പ്രിൻസിപ്പൽ നൽകിയ D2/ 416/ 2016/ GPTC MJI എന്ന പ്രൊപ്പോസലിൽ അടങ്ങിയിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി പോളിടെക്നിക് പ്രിൻസിപ്പാളിന്റെ D2/416/2016/GPTCMJI നം കത്ത് പ്രകാരം മഞ്ചേരി പോളിടെക്നിക് വർക്ക് ഷോപ്പ് ബിൽഡിംഗിന്റെ എ&ബി ബ്ലോക്കിന് നബാർഡിൽ നിന്ന് ഭരണാനുമതി ലഭിച്ചിരുന്നു. ഇതിനു പുറമേ വർക്ക് ഷോപ്പിന്റെ സി, ഡി, ഇ, എഫ് എന്നീ നാല് ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണത്തിനും ഭരണാനുമതി നൽകുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടതുപ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.

(ബി & സി) വർക്ക്ഷോപ്പ് ബിൽഡിംഗിന്റെ എ & ബി ബ്ലോക്കുകളുടെ നിർമ്മാണത്തിന് നബാർഡ് മുഖേന ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തിയുടെ നടത്തിപ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്ന് KITE എന്ന സ്ഥാപനത്തിന് G.O.(Rt)338/2018/H.Edn. തീയതി 21-2-2018 പ്രകാരം നൽകി ഉത്തരവായിട്ടുണ്ട്. സി, ഡി, ഇ, എഫ് എന്നീ ബ്ലോക്കുകൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള ഡി.പി.ആർ. തയ്യാറായി വരുന്നു.

## പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

106 (1229) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചത് എന്നാണ് എന്നും ഡിസൈനിന് അന്തിമ അനുമതി നൽകിയത് എന്നാണ് എന്നും പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ് എന്നും അറിയിക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നുണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി പ്രവൃത്തിയുടെ Tentative Design 13-7-2018-ന് ലഭ്യമാകുകയും ആയതിന് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിട്ടുമുണ്ട്. Final Design ഇതുവരെയും ലഭ്യമായിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗ് 22-6-2018-ന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗ് ജൂൺ മാസം 20-ാം തീയതിക്കകം പൂർത്തീകരിച്ചു നൽകും. പ്രവൃത്തി സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കം ചെയ്യാത്തതിനാൽ ടെണ്ടർ നടപടികൾ വൈകാനിടയായി. തുടർന്ന് ലോകസഭ ഇലക്ഷനോടനുബന്ധിച്ച് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടെണ്ടർ നടപടികൾ കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യം വരികയും ആയതിനുശേഷം 14-6-2019-ന് കോഴിക്കോട് കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്.

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നുണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചു വരികയുമാണ്.

**കുറ്റാലം കൊട്ടാരം**

107 (1230) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലം കൊട്ടാരത്തിന്റെയും അനുബന്ധ ഭൂമിയുടെയും ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനാണെന്ന് സ്ഥാപിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) കുറ്റാലത്തെ 56.68 ഏക്കർ ഭൂമിയും കൊട്ടാരവും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും നിരന്തര ഇടപെടലിനെ തുടർന്നും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചതിന്റേയും അടിസ്ഥാനത്തിൽ കോടതി നിർദ്ദേശ പ്രകാരം തിരുനെൽവേലി ഡി.ആർ.ഒ. കുറ്റാലം കൊട്ടാരത്തിലുള്ള കേരള സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കുറ്റാലം കൊട്ടാരവുമായി ബന്ധപ്പെട്ട 56.68 ഏക്കർ സ്ഥലത്തിനു ചുറ്റും തകർന്നു പോയ സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുകയും ചുറ്റുമതിലിനു മുകളിലായി 12 അടി ഉയരത്തിൽ കമ്പിവേലി നിർമ്മിക്കുകയും നെയിം

ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. അനധികൃത നടപടികളും കൈയ്യേറ്റങ്ങളും തടയാനായി കേരളാ പോലീസിന്റെ സ്ഥിരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേയ്ക്ക് വാച്ചർ-കം-ഗാർഡനർമാരെ നിയമിച്ചിട്ടുണ്ട്.

## തമ്പാനൂർ പി.എച്ച്.സി. കെട്ടിട നിർമ്മാണം

108 (1231) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഇരുനിലക്കെട്ടിടം നിർമ്മിച്ചുനൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ട നിർമ്മാണത്തിനായി 30-12-2017-ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നെങ്കിലും പൊതുമരാമത്ത് (കെട്ടിടവിഭാഗം) യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ;

(ബി) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഇത് സംബന്ധിച്ച് നിരന്തരം കത്തുകൾ നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ല എന്നത് കണക്കിലെടുത്ത് തുക പാഴായിപ്പോകാതെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനില കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും G.O.(Rt)3687/2017/H & FWD തീയതി 30-12-2017 പ്രകാരം 60 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുൻഭാഗത്ത് നിലവിലുള്ള കെട്ടിടത്തെ ബാധിക്കാത്ത തരത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലം ഇപ്പോൾ തിരുവനന്തപുരം കോർപ്പറേഷന്റെ അധീനതയിലാണുള്ളത്. ടി സ്ഥലം പൊതുമരാമത്ത് വകുപ്പിന് ഇതുവരെയും കൈമാറി കിട്ടിയിട്ടില്ല. കൈമാറി കിട്ടുന്നതിനു വേണ്ടി തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 31-5-2019-ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് പാഴായി പോകാതെ നിർമ്മാണം ആരംഭിക്കാൻ കഴിയും.

## ഷൊർണ്ണൂരിലെ പൊതുമരാമത്ത് കെട്ടിട വിഭാഗ പദ്ധതികൾ

109 (1232) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഉള്ളൂർക്കടവ് പാലം

110 (1233) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി,കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി എത്ര ഭൂമിയാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഉള്ളൂർക്കടവ് പാലത്തിന് സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1185/09/PWD തീയതി 14-8-2009 പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 2016-17 ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5-5-2016-ൽ 1220 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കിയിരുന്നു. ആയത് പരിശോധനയ്ക്കുശേഷം ക്വാളിറ്റി കൺട്രോൾ ചാർജസ് ആയ 7,60,000 രൂപ അംഗീകരിക്കാൻ കഴിയുകയില്ലെന്ന് 22-2-2017-ലെ PWD/D1/47/2016 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടി പ്രവൃത്തിക്കായി ചേങ്ങോട്ട് കാവ് വില്ലേജിൽ 0.4653 ഹെക്ടറും ഉള്ള്യേരി വില്ലേജിൽ 0.9790 ഹെക്ടർ ഭൂമിയും ഉൾപ്പെടുത്തിയിട്ടുണ്ട്. (മൊത്തം 1.4443 ഹെക്ടർ). ഉള്ള്യേരി വില്ലേജിൽ സ്ഥലം ഉടമകളുടെ എതിർപ്പുകാരണം അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നു. തുടർന്ന് 27-3-2019-ന് എൽ.എ. റിക്വിസിഷന് അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ചതിന്റെ സ്കെച്ച് സഹിതം റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 4-6-2019-ൽ എൽ.എ. സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ

111 (1234) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധയിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ഓരോ പ്രവൃത്തികളും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഉത്തരം അനുബന്ധം II*ആയി ചേർക്കുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

112 (1235) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ കിഫ്ബി ധനസഹായത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആകെ എത്ര പ്രവൃത്തികളാണ് കിഫ്ബി ധനസഹായത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്പോൾ അവ ഏതെല്ലാം ഘട്ടങ്ങളിലാണെന്നും അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി* ചേർക്കുന്നു.

## തൃപ്പൂണിത്തുറ പൊതുമരാമത്ത് സെക്ഷന് കീഴിൽ കരാർ വയ്ക്കാത്ത പ്രവൃത്തികൾ

113 (1236) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ പൊതുമരാമത്ത് സെക്ഷനു കീഴിൽ നിലവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർ നടപടിയും പൂർത്തിയാക്കിയ ഏതെങ്കിലും പ്രവൃത്തികൾ കരാർ വയ്ക്കുന്നതിന് കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്തുകൊണ്ടാണ് കരാർ വയ്ക്കുന്നതിന് കാലതാമസം വരുന്നത് എന്ന് അറിയിക്കാമോ; കാലതാമസത്തിന് കാരണക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ മരട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് ക്ലാസ് റൂം നിർമ്മിക്കുന്ന പ്രവൃത്തിക്ക് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ കരാർ വയ്ക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ടി പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## ഇലക്ട്രിക്കൽ വിഭാഗത്തിലെ തസ്തികയുടെ പുനർനാമകരണം

114 (1237) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിലെ ലൈൻമാൻ തസ്തികയുടെ പേര് പി.ഡബ്ല്യു.ഡി. മാന്വലിൽ തേർഡ് ഗ്രേഡ് ഓവർസിയർ/ ലൈൻമാൻ എന്ന് പുനർനാമകരണം ചെയ്തെങ്കിലും സ്പാർക്കിലും അനുബന്ധ രേഖകളിലും ഈ മാറ്റം വരുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാറ്റം വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാറ്റം വരുത്തുന്നകാര്യം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സെക്കന്റ്ഗ്രേഡ് ഓവർസിയർമാരുടെ നിയമനം

115 (1238) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സെക്കന്റ്ഗ്രേഡ് ഓവർസിയർമാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയാണ്;

(സി) ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ച എത്രപേർക്ക് അർഹതയുണ്ടായിട്ടും പ്രൊമോഷൻ നൽകിയിട്ടില്ലെന്ന് വിശദമാക്കാമോ; പ്രൊമോഷൻ എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 443 പേർക്ക് നിയമം നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഇപ്പോൾ ഒഴിവുകളൊന്നുമില്ല.

(സി) അർഹതയുണ്ടായിട്ടും പ്രൊമോഷൻ നൽകാത്തവരായി ആരുമില്ല.

## പട്ടയം ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി.

116 (1239) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഴക്കേ ചാലക്കുടി വില്ലേജിൽ സതേൺ കോളേജിന് സമീപമുള്ള റെയിൽവേ ലൈനിനോട് ചേർന്നതും റെയിൽവേ ഗേറ്റ് പൂർണ്ണമായും അടച്ച് അടിപ്പാതയിലൂടെ ഗതാഗതം സാദ്ധ്യമാക്കിയതിനാൽ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ ഉപയോഗത്തിലല്ലാത്തതുമായ റോഡിനോട് ചേർന്നതും കാലങ്ങളായി ശ്രീ ജോസ്. കെ.പി., S/o കോന്തുപ്പറമ്പൻ പൈലൻ എന്നയാൾ കൈവശം വച്ച് അനുഭവിച്ചുവരുന്നതുമായ സർവ്വേ 731/12 ൽപ്പെട്ട മൂന്ന് സെന്റ് സ്ഥലത്തിന് (പുരയിടം) പട്ടയം ലഭിയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടയം ലഭ്യമാക്കുന്നതിനായി എൻ.ഒ.സി. അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലനകേന്ദ്രം നിർമ്മാണം

117 (1240) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ നേര്യമംഗലത്ത് പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലനകേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പരിശീലനകേന്ദ്രത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ടി നല്കിയിട്ടുള്ള പ്രൊപ്പോസലിൽ കൈക്കൊണ്ട തീരുമാനം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥിരം സംവിധാനമെന്ന നിലയിൽ കോതമംഗലത്തു നിന്നും 20 കി.മീ. അകലെ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് കേരള പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന സെന്ററിന്റെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 3553 ച.മീ. വിസ്തീർണ്ണത്തിൽ 448 ലക്ഷം രൂപ ചെലവിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവ 2-7-2013-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടമായി നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 1276 ച.മീ. വിസ്തീർണ്ണത്തിൽ രണ്ടാം നിലയിലും ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ വേലകൾ ഉൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 5-6-2015-ൽ പണി ആരംഭിക്കുകയും 1-12-2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ചുറ്റുമതിൽ, ഗേറ്റ്, മുറ്റം, റോഡ് മുതലായവയും പേവിംഗ് ടൈൽസ് വിരിക്കൽ വേലകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ കോമ്പൗണ്ടിനുള്ളിൽത്തന്നെ 276 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും 185 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റേയും കെട്ടിടങ്ങൾ 58 ലക്ഷം രൂപ മുടക്കി 11-3-2015-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വേലകളും പൂർത്തീകരിച്ച ഇവിടെ ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

(ബി) മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26-2-2016-ൽ ആരംഭിക്കുകയും 17-12-2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 620 ലക്ഷം രൂപ മുടക്കിയ ഈ ഘട്ടത്തിൽ 3033 ച.മീ. വിസ്തീർണ്ണത്തിൽ മൂന്നു നിലകളായി 44 മുറികളും മൂന്നു സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പൈൽ ഫൗണ്ടേഷൻ വേണ്ടി വന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മൂന്നാംഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 448.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പി.ഡബ്ല്യൂ.ഡി. സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്തിട്ടുണ്ട്. മൂന്നാംഘട്ട വേലകളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകളിൽ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി യൂട്ടിലിറ്റി സപ്ലൈ ചെയ്യുന്നതിനായുള്ള എഗ്രിമെന്റ് വച്ച് വേലകൾ ആരംഭിക്കുകയും ചെയ്തു.

നാലാംഘട്ടമായി ഈ കോംപ്ലക്സിനകത്തുതന്നെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൺവെൻഷൻ സെന്ററിനായുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ വേലകൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി. ഡ്രോയിംഗ് വിംഗിലേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിനായുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതാണ്.

(സി) പരിശീലന കേന്ദ്രത്തിന്റെ പണികളെല്ലാം പൂർത്തീകരിച്ച ശേഷം സ്റ്റാഫിനെ നിയമിക്കുന്ന വിഷയത്തിൽ നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) പരിശീലന കേന്ദ്രത്തിന്റെ പ്രധാന വേലകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ വേലകൾക്ക് ഭരണാനുമതി കിട്ടിയവയെല്ലാം ടെണ്ടർ നടത്തി പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

## കൊല്ലം ജില്ലയിലെ റോഡ് സുരക്ഷാ പ്രവൃത്തികൾ

118 (1241) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ച് കൊല്ലം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്ലാൻ ഫണ്ട് പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡ് സുരക്ഷാ വിഭാഗത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും കൊല്ലം ജില്ലയിലേയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

119 (1242) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ആസ്തി വികസനപദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24-5-2018-ലെ ആർ.ഡി. 6/2408/2017 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും തൃശ്ശൂർ ജില്ലാ പൊതുമരാമത്ത് റോഡ് വിഭാഗത്തെ മേൽനോട്ടച്ചുമതല ഏൽപ്പിക്കുകയും ചെയ്തെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കാമോ;

(സി) തടസ്സമുണ്ടെങ്കിൽ അത് നീക്കം ചെയ്ത് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മണലൂർ നിയോജകമണ്ഡലത്തിലെ 17 വിവിധ കേന്ദ്രങ്ങളിൽ ബസ് ഷെൽറ്റർ നിർമ്മാണത്തിനായി തൃശ്ശൂർ കളക്ടർ നൽകിയ ഭരണാനുമതി ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണാധികാരം പ്രോജക്ട് മാനേജർ, 'SILK'-ന് ആണ് നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം പ്രവൃത്തിയുടെ മേൽനോട്ടം ഉപഭോക്തൃ വകുപ്പായ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം നടത്തേണ്ടതും അക്രഡിറ്റഡ് ഏജൻസി സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അനുബന്ധ രേഖകളോടൊപ്പം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗീകാരത്തിനായി അയയ്ക്കേണ്ടതുമാണ്. എന്നാൽ ടി പ്രവൃത്തിക്കാവശ്യമായ തുക വകയിരുത്തിയിരിക്കുന്നത് 5475-00-800-91 Project under LAC-ADS(NP) എന്ന ശീർഷകത്തിലാണ്. പ്രസ്തുത ശീർഷകം പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Operating Head അല്ലാത്തതുകൊണ്ട് ബില്ല് payment നടത്താൻ സാധിക്കുന്നതല്ലെന്നും പ്രസ്തുത തുക പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Deposit Head ആയ 8443-00-108 PW Deposit എന്ന ശീർഷകത്തിൽ DDO Code 130159C001-ൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്നും ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ 25-9-2017-ലെ ജി.ഒ.(പി)നമ്പർ 126/2017/Fin പ്രകാരം 5475-00-800-91 എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണെന്നും ബസ് ഷെൽറ്ററുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ ആയതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നുമുള്ള സർക്കാർ നിർദ്ദേശം ഉള്ളതിനാൽ 'SILK' നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശമാണ് ലഭിച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുകയോ ബില്ലുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഈ വിവരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

### വർക്കല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

120 (1243) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർക്കല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ തുക**

121 (1244) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഇനങ്ങളിൽ 2006-07 മുതൽ 2010-11 വരെയും 2011-12 മുതൽ 2016-17 വരെയുമുള്ള കാലയളവിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്ന് കാലഘട്ടം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ**

122 (1245) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.ടി.എഫ്.) ഇനത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനു കീഴിൽ 2017-18 വർഷത്തിൽ Routine maintenance of 11 Bridges under Town Roads Section, Thrissur എന്ന പ്രവൃത്തിക്ക് 10.5 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആൽത്തറ, കണ്ണാറ, വലക്കാവ്, പുത്തൂർ എന്നീ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുന്നു. ടി പാലങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

നിരത്തുകൾ വിഭാഗത്തിന് കീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എസ്.എൽ.ടി.എഫ്. ഇനത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വൈക്കത്തെ പൊതുമരാമത്ത് പ്രവൃത്തികൾ**

123 (1246) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈക്കം-വെച്ചൂർ റോഡിന്റെ വീതി കൂട്ടി പുനർനിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) വൈക്കം-വെച്ചൂർ റോഡിന്റെ പുനർനിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നേരേകടവ്-മാക്കേക്കടവ് പാലം നിർമ്മാണത്തിന്റെ സ്തംഭനാവസ്ഥ പരിഹരിക്കാൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വൈക്കത്ത് പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമം ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വൈക്കം-വെച്ചൂർ റോഡിന് 20-8-2016-ലെ സ.ഉ.(സാധാ.)നമ്പർ 1192/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 14-3-2018-ൽ 93.73 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകി. വൈക്കം താലൂക്കിൽ റീസർവ്വേ നടത്താത്തതിനാൽ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തുവാൻ റവന്യൂ അധികാരികൾക്ക് സാധിക്കാത്തതിനാൽ എൽ.എ. ആക്ട് 2013 പ്രകാരം പ്രസ്തുത റോഡിൽ ഉൾപ്പെടുന്ന മൊത്തം ഭൂമിയുടെ വിസ്തീർണ്ണമായ 554.02 ആർ. വച്ച് 6-9-2016-ൽ കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പ്രത്യേകമായി ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നേരേക്കടവ്-മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെയും നാവിഗേഷൻ സ്പാനിലുള്ള 4 ബീമുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം മുൻകൂർ വിട്ടു നൽകുന്നതിന് ചില സ്ഥല ഉടമകൾ തയ്യാറാകാത്തതിനെ തുടർന്ന് പണികൾ മന്ദഗതിയിലാണ് നടക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് LAAR Act 2013 പ്രകാരം ഭൂമി

ഏറ്റെടുക്കുന്നതിന് 13-9-2018-ലെ G.O.(Rt) No.1436/2018/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് ഇനത്തിൽ 5,32,847 രൂപയുടെ ഭരണാനുമതി 16-1-2019-ലെ G.O.(Rt) No.61/2019/PWD സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ഡി) വൈക്കം മിനി സിവിൽ സ്റ്റേഷന്റെ പുതിയ അനക്സ് ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

124 (1247) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാദമി റോഡിന്റെയും പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും പുളിയറക്കോണം- കുഴക്കാട് ക്ഷേത്ര റോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റ് തുകയും അനുമതി ലഭ്യമായ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത റോഡ് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1. കിള്ളി - ഇ.എം.എസ്. അക്കാദമി റോഡ് - പുതുക്കിയ സാമ്പത്തികാനുമതിക്ക് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

2. പൊട്ടൻകാവ് - നെല്ലിക്കാട് റോഡിന് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പുളിയറക്കോണം - കുഴക്കാട് ക്ഷേത്രം റോഡ് - ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കിള്ളി - ഇ.എം.എസ്. അക്കാദമി റോഡ് - 15.24 കോടി രൂപയ്ക്കാണ് കിഫ്ബി സാമ്പത്തികാംഗീകാരം നൽകിയിട്ടുള്ളത്. 16.58 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

പൊട്ടൻകാവ് - നെല്ലിക്കാട് റോഡ് - 18.748 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്.

പുളിയറക്കോണം - കുഴക്കാട് ക്ഷേത്രം റോഡ് - 41.22 കോടി രൂപയുള്ള ഡി.പി.ആർ. തയ്യാറായിട്ടുണ്ട്.

(സി) കിള്ളി - ഇ.എം.എസ്. അക്കാദമി റോഡും പുളിയറക്കോണം - കുഴക്കാട് ക്ഷേത്രം റോഡും സാമ്പത്തികാനുമതി ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പൊട്ടൻകാവ് - നെല്ലിക്കാട് റോഡ് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കും.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

125 (1248) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ മുറിക്കല്ല് പാലത്തിന്റെ നിർമ്മാണം, മൂവാറ്റുപുഴ പഴയ പാലത്തിന്റെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

നിരത്തു വിഭാഗം, കെട്ടിട വിഭാഗം, ദേശീയപാത വിഭാഗം എന്നിവ മുഖേന മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നു വരുന്നതും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

126 (1249) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2019-20 ബജറ്റിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയപാതയിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിന്റെ കീഴിൽ സി.ആർ.എഫ്. ഫണ്ടിൽ ജഗതി-തിരുവല്ലം-കണ്ണേറ്റുമുക്ക് റോഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ബ്രിഡ്ജസ് സബ്ഡിവിഷന്റെ കീഴിൽ പൊന്നറ (പെരുനെല്ലി) പാലത്തിന്റെ പുനർനിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 50% ജോലികൾ പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ സൂപ്പർസ്ട്രക്ചർ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വള്ളക്കടവ് താത്കാലിക ബണ്ട് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഭൂമിയിൽ നിൽക്കുന്ന കെട്ടിടങ്ങൾ ഒഴിപ്പിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിരത്തു വിഭാഗത്തിനു കീഴിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

1. മാഞ്ഞാലിക്കുളം റോഡ് നവീകരണ പ്രവൃത്തി നടന്നുവരുന്നു.
2. റോസ് ഹൗസ്-പനവിള റോഡ് നവീകരണ പ്രവൃത്തി നടന്നു വരുന്നു.
3. ബഡ്ജറ്റ് വർക്ക് 2016-17- വെസ്റ്റ് ഫോർട്ട് കാഞ്ഞിരവിളാകം റോഡിന്റെ ചെ. 0/000 മുതൽ 1/850 വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പണി ക്രമീകരിച്ചിട്ടുണ്ട്.

4. ബഡ്ജറ്റ് വർക്ക് - വള്ളക്കടവ് പുത്തൻ റോഡിന്റെ ചെ. 1/295 മുതൽ 1/410 വരെയുള്ള ഭാഗത്തെ പൊന്നറ പാലത്തിന്റെ വീതി കൂട്ടൽ പണിയും അനുബന്ധ നവീകരണ പ്രവൃത്തിയും ക്രമീകരിച്ചിട്ടുണ്ട്.
5. പുളിമൂട് - ഉപ്പിടാംമൂട് റോഡിൽ ചെ. 0/000 മുതൽ 0/500 വരെയുള്ള ഭാഗത്തെ ഉപരിതലം പുതുക്കലും ഓടനവീകരണ പ്രവൃത്തിയും നടന്നു വരുന്നു.
6. എം.എൽ.എ. - എ.ഡി.എഫ്. - ചെറിയമുട്ടം പൂന്തുറ റോഡിൽ അവസാന ഭാഗത്തെ വീതി കൂട്ടൽ പണി നടന്നു വരുന്നു.
7. എം.എൽ.എ. - എ.ഡി.എഫ്. - വലിയതുറ വാർഡിൽ ഫാത്തിമ കോളേജിന് മുന്നിൽ നടപ്പാത ഇന്റർലോക്ക് ഇടുന്ന പ്രവൃത്തി നടന്നു വരുന്നു.
8. എം.എൽ.എ. - എ.ഡി.എസ്. - ബീമാപള്ളി വാർഡിൽ വേളാങ്കണ്ണി - വേപ്പിൻമൂട് റോഡിൽ 40 എം.എം. പ്രീമാക്സ് ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തിയാക്കി.
9. എം.എൽ.എ. - എ.ഡി.എസ്. - ബീമാപള്ളി വാർഡിൽ ഫിഷർമെൻ കോളനി ഭാഗത്ത് മഴവെള്ളം ഒഴുകി പോകുന്നതിലേക്കായി 150 എം.എം. പി.വി.സി. പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ചു.
10. ബഡ്ജറ്റ് പ്രവൃത്തി 2016-17 ആയുർവേദ കോളേജ് - കുന്നുംപുറം റോഡിന്റെ വീതി കൂട്ടൽ പ്രവൃത്തി നടന്നു വരുന്നു.
11. ചാക്ക – എയർപോർട്ട് റോഡിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കൽ പണി പുരോഗമിക്കുന്നു.
12. വേളി - ശംഖുമുഖം റോഡിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.
13. കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(ബി) പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദേശീയപാത വിഭാഗത്തിന് കീഴിൽ 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ പീരിയോഡിക്കൽ റിന്യൂവൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മംഗലപുരം മുതൽ കരമന വരെയുള്ള പ്രവൃത്തിയിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വരുന്ന ഭാഗം ഉൾപ്പെടെ 31-3-2018-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിരത്തു വിഭാഗത്തിനു കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികൾ :-

1. ശംഖുമുഖം വെട്ടുകാട് വേളി - 20 എം.എം. ചിപ്പിംഗ് കാർപെറ്റ്
2. എം.എൽ.എ. - എ.ഡി.എസ്. പേട്ട വാർഡിലെ ആനയറ ബാങ്ക് റോഡും മൂന്നം മണക്കൽപുള്ളി ലെയിൻ ഇന്റർലോക്ക് പാകൽ

2017-18 സാമ്പത്തിക വർഷത്തിൽ നിരത്തു വിഭാഗത്തിനു കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികൾ:-

1. ശംഖുമുഖം-വള്ളക്കടവ്-വലിയതുറ റോഡ് പ്രതലം മിനുക്കലും അനുബന്ധ പ്രവൃത്തികളും (ഒ.റ്റി.എം. വർക്ക്)
2. വെട്ടുകാട് പള്ളി ഉത്സവം 2017-18 – ശംഖുമുഖം വേളി റോഡിന്റെ അറ്റകുറ്റപ്പണികൾ
3. ബഡ്ജറ്റ് പ്രവൃത്തി 2016-17 മണക്കാട് പെരുനെല്ലി റോഡിൽ 0/000 മുതൽ 1/400 വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പണികൾ പൂർത്തീകരിച്ചു.
4. സ്പെൻസർ - ബേക്കറി - വഴുതക്കാട് റോഡിന്റെ പുനരുദ്ധാരണ പണികൾ പൂർത്തീകരിച്ചു.

നിരത്തു വിഭാഗത്തിനു കീഴിൽ 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികൾ:-

1. വേളി-ശംഖുമുഖം റോഡിന്റെ അറ്റകുറ്റപ്പണികൾ ചെ. 2/500
2. എം.എൽ.എ.-എസ്.ഡി.എഫ്. ജി.വി. രാജ റസിഡന്റ്സ് എ സ്ട്രീറ്റ് റോഡിന്റെ നിർമ്മാണം.
3. ബഡ്ജറ്റ് പ്രവൃത്തി 2016-17 ആയുർവേദ കോളേജ് - കുന്നുംപുറം റോഡിന്റെ വീതി കൂട്ടൽ പ്രവൃത്തി 95 ശതമാനം പൂർത്തിയായി.
4. വഴുതക്കാട്-ഇടപ്പഴിഞ്ഞി-പാങ്ങോട് റോഡിന്റെ പുനരുദ്ധാരണ പണികൾ പൂർത്തീകരിച്ചു.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2019-20 ബഡ്ജറ്റിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം നിരത്തുവിഭാഗത്തിന്റെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. ബഡ്ജറ്റ് പ്രവൃത്തി 2019-20 സ്റ്റാച്യു - ജനറൽ ഹോസ്പിറ്റൽ - വഞ്ചിയൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 200 ലക്ഷം

2. തൈക്കാട് - വഴുതക്കാട് റോഡ് 4 വരിപ്പാതയായി വീതി കൂട്ടി നവീകരണ പ്രവൃത്തി - 5 കോടി

ബ്രിഡ്ജസ് സബ്ഡിവിഷന്റെ കീഴിൽ ഏറ്റെടുക്കുന്നത് വള്ളക്കടവ് പാലത്തിന്റെ പുനർനിർമ്മാണമാണ്.

കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 2019-20 ബഡ്ജറ്റിൽ അനുബന്ധം II വാല്യം II ക്രമനമ്പർ 2831 – പൊതുമരാമത്ത് വകുപ്പ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം.

2. ആയുർവേദ കോളേജ് കാമ്പസിൽ ബഹുനില കെട്ടിടം, ക്ലാസ്റൂം, ലൈബ്രറി എന്നിവയുടെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ

3. കായചികിത്സാ വകുപ്പിൽ രണ്ട് മുറികളുടെ നിർമ്മാണം

4. ലേഡീസ് ഹോസ്റ്റൽ നവീകരണം.

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി**

127 (1250) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരത്തിന് ബദലായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ DPR തയ്യാറാക്കുന്നതിനുള്ള Special Purpose Vehicle (SPV) ആയി കൊങ്കൺ റെയിൽ

കോർപ്പറേഷൻ ലിമിറ്റഡ് (KRCL)നെ ചുമതലപ്പെടുത്തിക്കൊണ്ട് 12-2-2019 -ലെ സർക്കാർ ഉത്തരവ് (സാധാ)212/2019/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണത്തിനുമുള്ള (Turnkey വ്യവസ്ഥയിൽ) SPV ആയി 31-5-2019-ലെ സർക്കാർ ഉത്തരവ് സാധാ നമ്പർ 684/2019/പൊ.മ.വ. പ്രകാരം KRCL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തിരൂരങ്ങാടിയിലെ ഫയർ സ്റ്റേഷന് പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി

128 (1251) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടിയിലെ നിർദ്ദിഷ്ട ഫയർ സ്റ്റേഷനായി ദേശീയ പാതയിൽ തെന്നല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോഴിച്ചെന്നയിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി അനുവദിക്കുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ വർക്കിനുള്ള സ്ഥലം കൈമാറുന്ന പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഏതേത് തീയതികളിൽ ഈ ഫയലിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ദേശീയപാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലയിൽ പുരോഗമിക്കുകയാണ്. തിരൂരങ്ങാടിയിലെ നിർദ്ദിഷ്ട ഫയർസ്റ്റേഷനായി ദേശീയപാതയിൽ തെന്നല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോഴിച്ചെന്നയിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി അനുവദിക്കുന്ന നടപടിക്രമം ദേശീയപാതയുടെ (4 വരി) ഭൂമിയേറ്റെടുക്കൽ പൂർത്തിയായതിനുശേഷം സ്വീകരിക്കുന്നതാണ്. ഭൂമി കൈമാറ്റം ചെയ്യുന്ന പ്രവൃത്തിക്ക് ആവശ്യമായുള്ള ഡീറ്റെയിൽഡ് ഡ്രായിംഗും മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കുന്നതിനായി മലപ്പുറം ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃപ്പൂണിത്തുറയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

129 (1252) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ പൊതുമരാമത്ത് സെക്ഷന് കീഴിൽ എഗ്രിമെന്റ് വച്ചതിനുശേഷം യഥാസമയം ആരംഭിക്കാതെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇതിന് കാരണക്കാരായവർ ആരെന്നും അവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) തൃപ്പൂണിത്തുറ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽ OR 2017-18 Error Manakkappady road-ൽ കൾവെർട്ടിന്റെ നിർമ്മാണം എന്ന പ്രവൃത്തി കെ.എസ്.ഇ.ബി.-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

## ആധാരം രജിസ്ട്രേഷന് ബയോമെട്രിക് സംവിധാനം

130 (1253) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയാണെന്നും ഇതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വകുപ്പിന് ലഭ്യമായ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) ഇത് 2017-18 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണോ കുറവാണോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷത്തിനിടെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണ്;

(ഡി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 878270 എണ്ണം ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 2419.74 കോടി രൂപ വകുപ്പിന് ലഭിച്ചു.

(ബി) 2017-18 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ആധാരങ്ങളുടെ എണ്ണത്തിൽ 20329 എണ്ണത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 140.95 കോടി രൂപ വകുപ്പിന് കൂടുതൽ പിരിച്ചെടുക്കുവാൻ സാധിച്ചു.

(സി) 1847 പേർ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

131 (1254) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൈസ് ചെയ്യുന്നതിനും വകുപ്പ് ആധുനികവത്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് വഴി ഒടുക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

ആധാര രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനായി ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും പൊതുജനങ്ങൾക്കുതന്നെ സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുമുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി. രജിസ്ട്രേഷൻ സംബന്ധമായ എല്ലാ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് ബാധകമാക്കുവാൻ തീരുമാനിച്ചു.

(ബി) രജിസ്ട്രേഷൻ സംബന്ധമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ എണ്ണം A3 സൈസിൽ നിന്നും A4 സൈസിലേയ്ക്ക് മാറ്റുകയുണ്ടായി. സഹകരണ ബാങ്കുകൾ മുഖാന്തരമുള്ള പണയാധാരങ്ങളായ ഗഹാനുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ ക്യാമറയുടെയും ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് ആധാരത്തിൽ പതിയുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

## സബ്‌രജിസ്ട്രാർ ഓഫീസുകളിലെ ഇന്റർനെറ്റ് സംവിധാനം

132 (1255) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനത്തിൽ പലപ്പോഴും തകരാറുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിലെ ഇന്റർനെറ്റ് സംവിധാനത്തിൽ വരുന്ന തകരാറുകൾ പരിഹരിക്കുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തകരാർ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഓഫീസുകളിൽ ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ അടിയന്തരമായി ലഭ്യമാക്കുവാൻ ബി.എസ്.എൻ.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കുമുള്ള ഡാറ്റ പ്രത്യേകം സെർവറുകളിലേയ്ക്ക് മാറ്റിയത് വഴി പബ്ലിക് പേൾ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും ഡാറ്റാ സെന്ററുകളിൽ സ്ഥാപിച്ചിരിക്കുന്ന രജിസ്ട്രേഷൻ സർവറുകളുടെ ശേഷി കൂട്ടുകയും ചെയ്തിട്ടുണ്ട്. നെറ്റ്‌വർക്ക് സംബന്ധമായ തകരാറുകളുടെ ശാശ്വത പരിഹാരത്തിനായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും 2019-20 സാമ്പത്തിക വർഷത്തിൽ ബാക്ക് ആപ്പ് സർക്യൂട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

## വെബ് സൈറ്റ് വഴി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടി

133 (1256) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാർ മുഖേനയല്ലാതെ പൊതുജനങ്ങൾ സ്വയം ആധാരങ്ങൾ തയ്യാറാക്കി രജിസ്ട്രേഷന് വകുപ്പിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനം ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സംവിധാനം ഉപയോഗിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇപ്രകാരം ആധാരം രജിസ്റ്റർ ചെയ്താൽ ഭാവിയിൽ അണ്ടർ വാല്യൂവേഷൻ നോട്ടീസ് ഉൾപ്പെടെയുള്ള നടപടികൾ നേരിടേണ്ടി വരുമെന്ന ആശങ്ക ജനങ്ങളിൽ നിലനിൽക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ആധാരം എഴുത്തുകാർ മുഖേനയല്ലാതെ പൊതുജനങ്ങൾ സ്വയം ആധാരങ്ങൾ തയ്യാറാക്കി 1847 ആധാരങ്ങൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരമുള്ള പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

134 (1257) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടത്തിനുള്ള സ്ഥലം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തിയുമായുള്ള കേസിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിൽ തർക്കം നിലവിലില്ല. എന്നാൽ സബ് രജിസ്ട്രാർ ഓഫീസ് മുൻപ് നിലനിന്നിരുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്കെതിരെ പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ഉടമ ആലത്തൂർ മുൻസിഫ് കോടതിയിൽ OS 191/17 നമ്പറായി ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയെ രജിസ്ട്രേഷൻ വകുപ്പ് എതിർക്കുകയും, വകുപ്പിന് അനുകൂലമായി വിധി വന്നിട്ടുള്ളതുമാണ്. ടി വിധിക്ക് എതിരെ പാലക്കാട് ഫാസ്റ്റ് ട്രാക്ക് III കോടതിയിൽ ടിയാൻ ഫയൽ ചെയ്ത CMA 101/17 നമ്പറായി അപ്പീലിലും രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ളതാണ്.

Land Assignment Rules, 1964 പ്രകാരം Beneficial Enjoyment-നായി വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിൽ സർക്കാർ തീരുമാനം വരുന്നതിന് മുൻപ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ

WP(C) 32911/2018 നമ്പറായി ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. ഈ ഹർജിയിൽ ടിയാന്റെ അപേക്ഷയിന്മേൽ മൂന്നോ നാലോ മാസത്തിനകം സർക്കാർ അന്തിമതീരുമാനം എടുക്കേണ്ടതാണെന്നും അതുവരെ തൽസ്ഥിതി തുടരേണ്ടതാണെന്നും കോടതി വിധിച്ചിരുന്നു. ടിയാന്റെ അപ്പീൽ അപേക്ഷ സർക്കാർ പരിശോധിക്കുകയും നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

135 (1258) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ട് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കി വരുന്ന തുക വകുപ്പ് തലത്തിൽ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എത്ര രൂപയാണ് പ്രതിവർഷം വാടക ഇനത്തിൽ നൽകേണ്ടി വരുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25,00,000 രൂപ അനുവദിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ചർ ലെവൽവരെ എത്തി. എന്നാൽ ചില അധികജോലികൾ കൂടി ചെയ്യേണ്ടിവന്നതിനാൽ അനുവദിച്ച തുകയ്ക്ക് നിർമ്മാണം പൂർത്തീകരിക്കാനായിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) അതെ. 43,008 രൂപയാണ് പ്രതിവർഷ വാടക.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

136 (1259) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ, ചാത്തന്നൂർ, കൊട്ടിയം പൂയപ്പള്ളി സബ് രജിസ്ട്രാർ ആഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ രജിസ്ട്രാർ ആഫീസിനും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളാണ് ഓരോ ആഫീസിലും നടന്നതെന്നും പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) കൊട്ടിയം സബ് രജിസ്ട്രാർ ആഫീസിന് സ്വന്തമായി വസ്തു വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) പരവൂർ, ചാത്തന്നൂർ, പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ പ്രവൃത്തികൾക്കായി ഈ സർക്കാർ നാളിതുവരെ 13.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

1. ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസ് (6.5 ലക്ഷം രൂപ) സ്റ്റാഫ് റൂമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു. മൂന്ന് ടോയ്‌ലറ്റുകൾ നവീകരിച്ചു. നടപ്പാതയും ഓഫീസിന്റെ മുൻവശവും തറയോട് പാകി.

2. പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് (4.09 ലക്ഷം രൂപ) - പൊതുജനങ്ങൾക്കായി വെയിറ്റിംഗ് ഷെഡും മൂന്ന് ടോയ്‌ലറ്റുകളും നിർമ്മിച്ചു. ഓഫീസിന്റെ പ്രവേശന കവാടം വടക്കുവശത്തുനിന്നും മാറ്റി കിഴക്കുഭാഗത്താക്കി. റാമ്പ് നിർമ്മിച്ചു.

3. പരവൂർ സബ് രജിസ്ട്രാർ ഓഫീസ് (2.75 ലക്ഷം രൂപ) - കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിന് മേൽക്കൂരയിൽ കഴുക്കോലുകൾ മാറ്റുകയും ഓടുകൾ പാകുകയും ചെയ്തു. ഗ്രിൽ സ്ഥാപിച്ചു. പൊതുജനങ്ങൾക്കുള്ള ടോയ്‌ലറ്റ് നവീകരിച്ചു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വസ്തു വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

## രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം

137(1260) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കിഫ്ബി ധനസഹായത്തോടെ ഏതെല്ലാം രജിസ്ട്രേഷൻ ആഫീസുകൾ നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കിഫ്ബിയുടെ ധനസഹായത്തോടെ രജിസ്ട്രേഷൻ വകുപ്പിലെ 51 ഓഫീസുകൾക്ക് (തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കുമായി 5-12-2017-ലെ സ.ഉ.(സാധാ.) 995/17/നി.വ. നമ്പർ ഉത്തരവ് പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I* ആയും തൽസ്ഥിതി വിവരം അനുബന്ധം II* ആയും ചേർക്കുന്നു.

## രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം

138 (1261) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ഓഫീസുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിലെ 40 ഓഫീസുകൾ ആധുനീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് ക്യാബിൻ അനുവദിക്കുകയും ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഇരിപ്പിടങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ സൂക്ഷിക്കുന്നതിനായി 19 ഓഫീസുകളിൽ അത്യാധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഓഫീസ് റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായി വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലെ 18,438 രജിസ്റ്റർ വാല്യങ്ങൾ ബയന്റ് ചെയ്തിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ 52 ഓഫീസുകൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 5-12-2017-ലെ സ.ഉ.(സാധാ.) 995/17/നി.വ. നമ്പർ ഉത്തരവ് പ്രകാരം 100 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* നൽകുന്നു.

(സി) നേമം രജിസ്ട്രേഷൻ കോംപ്ലക്സ്, കാഞ്ഞിരംകുളം, മലയിൻകീഴ്, തിരുവല്ലം, കന്യാകുളങ്ങര, നാവായിക്കുളം, ചിറയിൻകീഴ്, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെയും നിർമ്മാണ പ്രവൃത്തികളും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. നേമം രജിസ്ട്രേഷൻ കോംപ്ലക്സ് - പരിഷ്കരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2. കാഞ്ഞിരംകുളം - ഫൗണ്ടേഷൻ നിർമ്മാണം നടന്നുവരുന്നു.
3. മലയിൻകീഴ് - നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
4. തിരുവല്ലം - കെട്ടിട നിർമ്മാണ പെർമിറ്റ് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിക്കുന്നതിന് പരിഷ്കരിച്ച പ്ലാൻ സമർപ്പിച്ചിട്ടുണ്ട്.
5. കന്യാകുളങ്ങര – നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
6. നാവായിക്കുളം - 21 പില്ലറുകളിൽ 17 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
7. ചിറയിൻകീഴ് - ടെണ്ടർ തുറന്നു. ടെണ്ടർ കമ്മിറ്റിയുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. വർക്കല – കെട്ടിട നിർമ്മാണ അനുമതിക്കായി സോണൽ എക്സംപ്ഷന് വേണ്ടി പരിഷ്കരിച്ച സൈറ്റ് പ്ലാനും അപേക്ഷയും മേഖലാ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്.

2. ആറ്റിങ്ങൽ - അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

## കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന വസ്തു രജിസ്ട്രേഷൻ സംബന്ധിച്ച്

139 (1262) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ, കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 26-4-2014-ൽ രജി. നമ്പർ -1800/2014 പ്രകാരം 50 സെന്റ് സ്ഥലത്തിന്റെ ആധാരം എസ്.ആർ.ഒ. നടത്തിയത് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ച് കാണിച്ച് സർക്കാരിന് നഷ്ടം വരുത്തിയാണോ; വിശദമാക്കുമോ;

(ബി) 26-4-2014-ലെ സർക്കാരിന്റെ ഫെയർ വാല്യൂ പ്രകാരം ആറ്റിപ്ര വില്ലേജ് സർവ്വേ നമ്പർ 145/12-ൽപ്പെട്ട ടി 50 സെന്റ് സ്ഥലത്തിന്റെ ആകെ ഫെയർ വാല്യൂ എത്രയാണ്; ഒരു സെന്റിന്റെ ഫെയർ വാല്യൂ എത്രയാണ്; ഫെയർ വാല്യൂ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിലെ സർക്കാരിന്റെ ഫെയർ വാല്യൂ പ്രകാരം ഉള്ള തുകയേക്കാൾ കൂടുതൽ തുക 1800/2014 എന്ന ആധാരത്തിൽ കാണിച്ചാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് മനസ്സിലായിട്ടുണ്ടോ; ഫെയർ വാല്യൂ -നെക്കാൾ കൂടുതൽ തുക ആധാരത്തിൽ കാണിച്ചതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര തുക സർക്കാരിന് കൂടുതൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ആധാരം അണ്ടർ വാല്യുയേഷൻ ആയിട്ടാണ് കഴക്കൂട്ടം എസ്.ആർ.ഒ. നടത്തിക്കൊടുത്തതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ വെളിച്ചത്തിലാണെന്ന് തെളിവ് സഹിതം വിശദമാക്കുമോ; എസ്.ആർ.ഒ.യുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ടി ആധാരത്തിനെ സംബന്ധിച്ച് നികുതി വകുപ്പിന്റെ ഫയൽ നം. J1/37/2018 പ്രകാരവും മുൻ ഫയൽ ടാക്സസ്-192/E2/2018 പ്രകാരവും സർക്കാരിൽ നിന്നും ഐ.ജി. രജിസ്ട്രേഷനിലേയ്ക്ക് റിപ്പോർട്ടുകൾ ചോദിച്ച് എത്ര കത്തുകൾ നൽകിയിട്ടുണ്ട്; ഇവയുടെ പകർപ്പുകളും, ഇതിന്ഐ.ജി. രജിസ്ട്രേഷൻ ഓഫീസിൽ നിന്നും കൊടുത്ത മറുപടി കത്തുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(എഫ്) 26-4-2014-ൽ നിയമാനുസരണം എസ്.ആർ.ഒ. കഴക്കൂട്ടം നടത്തിയ ആധാരത്തിന് എതിരെ ഒരു പരാതിയുടെ വെളിച്ചത്തിൽ 5 വർഷത്തിന് ശേഷം അണ്ടർ വാല്യൂയേഷൻ ഇല്ലാത്ത ആധാരത്തിന് എതിരെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അണ്ടർ വാല്യൂയേഷൻ നടപടി സ്വീകരിക്കുന്നത്; ഇതിനായി ഉത്തരവിട്ട ഉദ്യോഗസ്ഥൻ ആരാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) പ്രസ്തുത ആധാരം നടക്കുന്ന 26-4-2014-ൽ സർക്കാരിന്റെ ഫെയർ വാല്യൂ നിലനില്ക്കുമ്പോൾ ഇതിനെതിരെ ഏതെങ്കിലും ഉദ്യോഗസ്ഥന് സ്വന്തമായി ഫെയർ വാല്യൂ നിശ്ചയിക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; 1800/2014 പ്രകാരം നടന്ന ആധാരത്തിൽ ടി സ്ഥലത്തേക്ക് 7 മിറ്റർ വഴി (ടി വസ്തുവിലേയ്ക്ക് ചെല്ലുന്ന അവസാന ഭാഗത്ത്) ഉണ്ടായത്, ടി ആധാരത്തിന് മുൻപ് 11-12-2013-ലെ-തിരുവനന്തപുരം, നഗര-ഗ്രാമാസൂത്രണവകുപ്പ് മേഖലാ നഗരാസൂത്രകന്റെ കാര്യാലയം നടപടിക്രമം ഉത്തരവ് നമ്പർ ഡി/2215/13/കെ.ഡിസ്. തീയതി 11-12-2013-ലെ 17 പ്ലോട്ടുകൾക്കായുള്ള ലേ ഔട്ട് ഉത്തരവ് പ്രകാരമാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ; ഇതുപ്രകാരം ടി വഴി പൊതുവഴി അല്ലേ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) യഥാർത്ഥ പ്രതിഫല തുക കുറച്ചു കാണിച്ചാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 26-4-2014-ലെ രജി നമ്പർ-1800/2014 ആധാരത്തിനാസ്പദമായ ആറ്റിപ്ര വില്ലേജിലെ സർവ്വേ നമ്പർ 145/12 സ്ഥലത്തിന്റെ തെക്കെ അതിര് 7 മീറ്റർ വീതിയുള്ള സ്വകാര്യ റോഡ് എന്ന് കാണുന്നു. പ്രസ്തുത സർവ്വേ നമ്പരിൽ റസിഡൻഷ്യൽ പ്ലോട്ട് വിത്ത് റോഡ് ആക്സസ് എന്ന ക്ലാസിഫിക്കേഷന് ഫെയർ വാല്യൂ നിശ്ചയിച്ചിട്ടില്ല.

(സി) പ്രസ്തുത വസ്തുവിന് ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ല. അധിക സ്റ്റാമ്പ് ഡ്യൂട്ടി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അണ്ടർ വാല്യുവേഷൻ നടന്നതായി കണ്ടത്. അതിനാൽ സബ് രജിസ്ട്രാറിന്റെ പേരിൽ നടപടിയെടുത്തിട്ടില്ല.

(ഇ) സർക്കാരിന്റെ 3 കത്തുകളുടെയും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 2 കത്തിന്റെയും പകർപ്പുകൾ അനുബന്ധം* ആയി നൽകുന്നു.

(എഫ്) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1959-ലെ കേരളാ മുദ്രപത്ര നിയമം 45 ബി (3) വകുപ്പിന്റെ അടിസ്ഥാനത്തിൽ ആധാര രജിസ്ട്രേഷൻ തീയതി മുതൽ 5 വർഷത്തിനകം ജില്ലാ രജിസ്ട്രാർക്ക് അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം* ആയി നൽകുന്നു.

(ജി) പ്രസ്തുത വസ്തുവിന് ഫെയർവാല്യു നിശ്ചയിച്ചിട്ടില്ല. അതിനാൽ കൺസിഡറേഷന്റെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് നിർണ്ണയിക്കേണ്ടിയിരുന്നത്.

## കഴക്കൂട്ടം സബ് രജിസ്ട്രാറാഫീസിൽ നടത്തിയ വിലയാധാരം

140 (1263) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സബ് രജിസ്ട്രാറാഫീസിൽ 26-4-2014 ലെ 1800/2014-ാം നമ്പരായി നിലവിലെ ഫെയർ വാല്യുപ്രകാരം വയ്ക്കേണ്ടതിലും കൂടുതൽ തുകയായ 4,48,000 രൂപ വച്ച് 25 ലക്ഷം രൂപ രേഖപ്പെടുത്തി നടത്തിക്കൊടുത്ത വിലയാധാരം, അണ്ടർ വാല്യുവേഷൻ ആണെന്ന് കാണിച്ച് യുവി/ 14/1800/14 തീയതി 22-4-2019 പ്രകാരം തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും വസ്തു വാങ്ങിയ ഉടമകൾക്ക് നോട്ടീസ് നൽകിയത് എന്ത് കാരണത്താലാണെന്ന് വിശദമാക്കുമോ;

(ബി) ടി നോട്ടീസിൽ പറഞ്ഞിട്ടുള്ള ജി.ആർ.സി. (3)5770/2018/ തീയതി 22/04/2019 എന്ന ഡയറക്ഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിലെ ഫെയർ വാല്യു പ്രകാരം 1800/2014-ാം നമ്പർ ആധാരത്തിൽ എത്ര തുക വയ്ക്കണം; പ്രസ്തുത ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വച്ചിട്ടുള്ള തുക എത്ര; ഇതു പ്രകാരം നിലവിലെ ഫെയർ വാല്യുവിൽ നിന്നും എത്ര തുകയാണ് കൂട്ടിവച്ചിട്ടുള്ളത്; ഇതുമൂലം എത്ര തുക സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ അധികം ലഭിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന് സാമ്പത്തിക നഷ്ടം വരുന്നതായുള്ള വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1959-ലെ കേരളാ മുദ്രപത്ര നിയമം, വകുപ്പ് 45 ബി (3) പ്രകാരം സുവോ മോട്ടോ അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ആധാര വസ്തുവിന്റെ തെക്കേ അതിരിൽ സ്വകാര്യ വഴി എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ Residential plot with private road access എന്ന ക്ലാസിഫിക്കേഷനിലാണ് വസ്തു ഉൾപ്പെട്ടുവരുന്നത്. പ്രസ്തുത ക്ലാസിഫിക്കേഷന് അതനുസരിച്ച് ഫെയർവാല്യു നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഫെയർവാല്യു പ്രകാരമുള്ള അധിക സ്റ്റാമ്പ് ഡ്യൂട്ടി തിട്ടപ്പെടുത്തുവാൻ സാധിക്കുന്നതല്ല.

## മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണം

141 (1264) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിൻെറ നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ കരാർ ഏറ്റെടുത്ത കമ്പനി ഏതാണ്; അറിയിക്കുമോ;

(സി) നിർമ്മാണപ്രവൃത്തിയുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ - സി) ഉണ്ട്. എന്നാൽ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടില്ല. ശ്രീ. മുഹമ്മദ് ഷാഫി, മലപ്പുറം എന്നയാൾ നിർമ്മാണ ടെണ്ടർ നേടിയെങ്കിലും EMD അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് WP(C) 2623/2019(C) നമ്പർ ആയി കേരള ഹൈക്കോടതിയിൽ ശ്രീ. ബിജു കെ. എൻ. എന്നയാൾ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നിർമ്മാണ കരാർ നാളിതുവരെ ഒപ്പുവെച്ചിട്ടില്ല.

## രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയ കത്ത്

142 (1265) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പ് സെക്രട്ടറിക്ക് വേണ്ടി അണ്ടർ സെക്രട്ടറി ജെ1/37/2018/നിവ തീയതി 28-3-19 പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയ കത്തിന്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 28-3-2019-ലെ കത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് ആവശ്യപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കഴക്കൂട്ടം SRO യിലെ 1800/2014 നമ്പർ ആധാര പ്രകാരം സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മറുപടി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

## അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയക്രമം

143 (1266) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-പാലക്കാട് അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയമാറ്റം യാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളത്;

(സി) യാത്രക്കാരുടെ സൗകര്യം പരിഗണിച്ച് സമയപ്പട്ടിക പൂർവ്വസ്ഥിതിയിൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ പാസഞ്ചേഴ്സ് അസോസിയേഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം-പാലക്കാട് അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയമാറ്റം യാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് 17-5-2019-ന് കത്ത് നൽകിയിട്ടുണ്ട്. പാസഞ്ചേഴ്സ് അസോസിയേഷനുകളുടെ ആവശ്യവും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇരവിപുരം, മയ്യനാട് റെയിൽ ഓവർബ്രിഡ്ജുകൾ

144 (1267) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ ഇരവിപുരം റെയിൽ ഓവർ ബ്രിഡ്ജ്, മയ്യനാട് റെയിൽ ഓവർബ്രിഡ്ജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട റെയിൽ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരവിപുരം റെയിൽവേ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 16-5-2017-ന് പദ്ധതിക്ക് 31.60 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ. കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് വിലയിരുത്താൻവേണ്ടി എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനായി ഒരു സാങ്കേതിക വിദഗ്ധനെ ആർ.ബി.ഡി.സി.കെ. നിർദ്ദേശിച്ചിട്ടുണ്ട്.

മയ്യനാട് റെയിൽവേ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 9-11-2018-ന് പദ്ധതിക്ക് 25.94 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി 24-12-2018-ൽ കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിച്ചിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലി തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഭൂമി ഏറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ചിറങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ്

145 (1268) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങര റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ചിറങ്ങര മേൽപ്പാല നിർമ്മാണത്തിനുള്ള വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കുകയും 27-7-2017-ലെ APR 2-136/2017/KIIFB പ്രകാരം 19.96 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്.ഐ.എ. പഠനം പൂർത്തിയാക്കി റിപ്പോർട്ട് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എസ്.ഐ.എ. റിപ്പോർട്ടിന്റെ അംഗീകാരത്തിനുശേഷം 11(1) നോട്ടിഫിക്കേഷൻ ജില്ലാ കളക്ടർ പ്രസിദ്ധീകരിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നെട്ടുപുഴ ഓവർ ബ്രിഡ്ജ് നിർമ്മാണം**

146 (1269) <u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ നെട്ടുപുഴ റെയിൽവെ ഓവർബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ ഇതുവരെ പൂർത്തിയായി; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ 4-7-2018-ന് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 9-11-2018-ന് പദ്ധതിക്ക് 31.04 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 22-4-2019-ൽ റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് തുടർ നടപടികൾക്കായി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കൊയിലാണ്ടി റെയിൽ ഓവർ ബ്രിഡ്ജ് ഭൂമി

147(1270) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിലെ റെയിൽ ഓവർ ബ്രിഡ്ജിന് വേണ്ടി റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകിയ മേൽപ്പാലത്തിന് ചുവട്ടിലുള്ള ഭൂമി, വില്ലേജ് രേഖകൾ പ്രകാരം ആർ.ബി.ഡി.സി.കെ-യുടെ കൈവശമാണെങ്കിലും യഥാർത്ഥത്തിൽ ഈ ഭൂമി ആർ.ബി.ഡി.സി.കെ-യുടെ കൈവശം തന്നെയാണോ ഉള്ളത്; അല്ലെങ്കിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി നഗരസഭയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടാൻ ഏത് വകുപ്പിനാണ് അപേക്ഷ നൽകേണ്ടത്; അതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി വിട്ടുകിട്ടുന്നതിനായുള്ള അപേക്ഷയുടെ കൂടെ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണ്;

(ഡി) രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ എത്ര ദിവസം കൊണ്ട് ഭൂമി വിട്ടുകിട്ടാനുള്ള അനുമതി ഉത്തരവ് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത സ്ഥലം കൊയിലാണ്ടി ആർ.ഒ.ബി. പണിയുന്നതിനുവേണ്ടി സ്ഥലമെടുപ്പ് നടപടിക്രമം പാലിച്ച് ജില്ലാ കളക്ടർ ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-ക്ക് നൽകിയിട്ടുള്ള ഭൂമിയാണ്. ആർ.ബി.ഡി.സി.കെ. ഗവൺമെന്റും K.R.F മായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 15 വർഷം (19-3-2028) വരെ ഭൂമി ആർ.ബി.ഡി.സി.കെ.-യുടെ കൈവശമാണ്.

(ബി - ഡി) കേരള ഭൂമി പതിവു ചട്ടങ്ങൾ - 1964, ചട്ടം 11A(V) പ്രകാരം ഗവൺമെന്റുമായി സ്പെഷ്യൽ നിബന്ധനകളിൽ ഏർപ്പെട്ട ഭൂമി പതിച്ചു നൽകാൻ കഴിയില്ല.

## മാവേലിക്കര റെയിൽവേ മേൽപ്പാലം

148 (1271) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആർ.ഒ.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടുണ്ടോ;

(ഡി) പ്രസ്തുത മേൽപ്പാലനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് 19-4-2018-ലെ സ.ഉ.(സാധാ) നമ്പർ.718/2018/പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് തയ്യാറാക്കുകയും GAD റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കരട് പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിക്ക് അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ടി പദ്ധതി റെയിൽവേയുടെ 2017-18-ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായതിനാൽ ഭ്രമി ഏറ്റെടുക്കൽ ഒഴികെയുള്ള നിർമ്മാണ ചെലവിന്റെ 50% റെയിൽവേ വഹിക്കുന്നതാണ്.

(ഡി) പദ്ധതിരേഖക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ച ശേഷം മാത്രമേ ഭ്രമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**മാമ്പ്രകന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജ്**

149(1272) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും തുക വിനിയോഗിച്ച് നിർമ്മിക്കുന്ന കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 9-11-2018-ന് 31.21 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്ഥലമേറ്റെടുക്കാനുള്ള റികിസിഷൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് 21-12-2018-ന് സമർപ്പിച്ചു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ഭ്രമി ഏറ്റെടുക്കുന്നതിന് റവന്യ വകുപ്പിൽ നിന്നും ഭരണാനുമതി 13-5-2019-ന് നൽകുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് സ്ഥലമേറ്റെടുപ്പ് ഓഫീസറെ നിയമിക്കുന്നതിനും സംയുക്ത സ്ഥല പരിശോധന നടത്തുന്നതിനുമുള്ള തീയതി അറിയിക്കുന്നതിനുമായി ജില്ലാ കളക്ടർക്ക് ആർ.ബി.ഡി.സി.കെ. 27-5-2019-ന് കത്ത് നൽകിയിട്ടുണ്ട്.

**പൊതു വിദ്യാഭ്യാസ യജ്ഞം**

150 (1273) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ യജ്ഞം നടപ്പിലാക്കിയ ശേഷം സർക്കാർ സ്കൂളുകളിൽ ഓരോ അദ്ധ്യയന വർഷത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഓരോ ക്ലാസ്സിലും എത്ര വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. 1 മുതൽ 9 വരെ ക്ലാസ്സുകളിൽ മുൻ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18 അദ്ധ്യയന വർഷം 157406 കുട്ടികളും, 2018-19 അദ്ധ്യയന വർഷം 185971 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവുകളിൽ ഓരോ ക്ലാസ്സുകളിലും ഉണ്ടായ കുട്ടികളുടെ വർദ്ധനവ് ചുവടെ ചേർക്കുന്നു:

| സ്റ്റാൻഡേർഡ് | 2016-17 -നെ അപേക്ഷിച്ച് 2017-18-ൽ ഉണ്ടായ വർദ്ധനവ് | 2017-18-നെ അപേക്ഷിച്ച് 2018-19-ൽ ഉണ്ടായ വർദ്ധനവ് |
|---|---|---|
| I | 12198 | 10078 |
| II | 10103 | 14438 |
| III | 9911 | 14149 |
| IV | 8575 | 13452 |
| V | 40385 | 45702 |
| VI | 14256 | 19537 |
| VII | 9504 | 14473 |
| VIII | 30083 | 37724 |
| IX | 22391 | 16418 |
| ആകെ | 157406 | 185971 |

## സ്കൂൾ ബസ്സുകൾ വാങ്ങുന്നതിൽ വരുത്തിയ വീഴ്ച

151 (1274) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ 2015-16-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഏത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം നിയോജകമണ്ഡലത്തിൽ 2015-16-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിൽ വകുപ്പിലെ ജീവനക്കാർ ആരുംതന്നെ മനഃപ്പൂർവ്വമായ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ എം.എൽ.എ.യുമായി കൂടിയാലോചിച്ച് വൈക്കം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിൽ തുക അനുവദിച്ച സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഗവൺമെന്റ് ബോയ്സ് എച്ച്.എസ്., വൈക്കം | 5 കോടി |
| 2 | എ.ജെ.ജോൺ മെമ്മോറിയൽ ഗവൺമെന്റ് എച്ച്.എസ്.എസ്. തലയോലപ്പറമ്പ് | 3 കോടി |
| 3 | ജി.യു.പി.എസ്. മറവൻതുരുത്ത് | 1 കോടി |
| 4 | ജി.എച്ച്.ഡബ്ല്യു.എൽ.പി.എസ്. നേരെകടവ് | 1.19 കോടി |
| 5 | ജി.ഡി.വി.എച്ച്.എസ്.എസ്. വെച്ചൂർ | 1.18 കോടി |

## നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം കുട്ടികളുടെ പഠനനിലവാരം

152 (1275) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള സംസ്ഥാനത്തെ കുട്ടികളുടെ പഠനനിലവാരം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം കുട്ടികളുടെ പഠന നിലവാരം ഉയരുന്നതുകൊണ്ടാണ് കേരളത്തിലെ കുട്ടികൾ ദേശീയ ശരാശരിയേക്കാൾ മുന്നിലെത്താൻ കാരണം എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) കുട്ടികളുടെ പഠനനിലവാരം സ്ഥായിയായി നിലനിർത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 3, 5, 8, 10 ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം സംബന്ധിച്ച റിപ്പോർട്ടാണ് നാഷണൽ അച്ചീവ്മെന്റ് സർവ്വേ പ്രകാരം നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എൻ.സി.ഇ.ആർ.ടി.) പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം കേരളത്തിലെ കുട്ടികളുടെ പ്രകടനത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

3, 5 ക്ലാസ്സുകളിൽ പരിസര പഠനത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽക്കുന്നു.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 76 | 65 |
| 5 | 65 | 57 |

3, 5, 8, 10 ക്ലാസ്സുകളിൽ ഭാഷയിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽക്കുന്നു.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 72 | 68 |
| 5 | 69 | 58 |
| 8 | 63 | 57 |
| 10 | 55 | 49 |

3, 5, 8 ക്ലാസ്സുകളിൽ ഗണിതത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തേക്കാൾ മുന്നിൽ നിൽക്കുന്നു. എന്നാൽ പത്താം ക്ലാസ്സിൽ നമ്മുടെ കുട്ടികൾ ദേശീയ ശരാശരിക്ക് തൊട്ടു പിന്നിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 3 | 72 | 64 |
| 5 | 63 | 53 |
| 8 | 50 | 42 |
| 10 | 33 | 34 |

8, 10 ക്ലാസ്സുകളിൽ സാമൂഹിക ശാസ്ത്രത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തോടൊപ്പമോ അതിനു മുമ്പിലോ ആണ്. എട്ടിൽ ദേശീയ ശരാശരിയോടൊപ്പം നിൽക്കുമ്പോൾ പത്താം ക്ലാസ്സിൽ മുമ്പിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 8 | 44 | 44 |
| 10 | 41 | 39 |

8, 10 ക്ലാസ്സുകളിൽ ശാസ്ത്രത്തിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തോടൊപ്പമോ അതിനു മുമ്പിലോ ആണ്. എട്ടിൽ ദേശീയ ശരാശരിയോടൊപ്പം നിൽക്കുമ്പോൾ പത്താം ക്ലാസ്സിൽ മുമ്പിലാണ്.

| ക്ലാസ്സ് | സംസ്ഥാന ശരാശരി | ദേശീയ ശരാശരി |
|---|---|---|
| 8 | 44 | 44 |
| 10 | 35 | 34 |

പത്താം ക്ലാസ്സിൽ ഇംഗ്ലീഷിൽ നമ്മുടെ കുട്ടികൾ ദേശീയ നിലവാത്തേക്കാൾ മുന്നിൽ നിൽക്കുന്നു. ദേശീയ ശരാശരി 36 ആകുമ്പോൾ സംസ്ഥാന ശരാശരി 40 ആണ്.

(ബി) 2014-15 കാലഘട്ടത്തിൽ നടന്ന ദേശീയ പഠന നേട്ട സർവ്വേ പ്രകാരം 5, 8 ക്ലാസ്സുകളിൽ നമ്മുടെ കുട്ടികൾ ഗണിത പഠനത്തിൽ ദേശീയ ശരാശരിയേക്കാൾ പുറകിലായിരുന്നു. ഇതുപോലെ പത്താംതരത്തിലും നമ്മുടെ കുട്ടികൾ ഇംഗ്ലീഷിൽ കാര്യങ്ങൾ വായിച്ച് ഗ്രഹിക്കുന്നതിലും ദേശീയ ശരാശരിയേക്കാൾ പുറകിലായിരുന്നു. എന്നാൽ 2018-ൽ എത്തുമ്പോഴേക്കും ഈ

വിഷയങ്ങളിലെല്ലാം തന്നെ നമ്മൾ വ്യക്തമായി ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് സർവ്വേഫലം പറയുന്നു. തീർച്ചയായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനാന്തരീക്ഷത്തിലുണ്ടായിട്ടുള്ള ഗുണപരമായ മാറ്റം ഈ നേട്ടത്തെ സ്വാധീനിച്ചിട്ടുണ്ട്. ഒപ്പംതന്നെ ഭാഷാ വികസനത്തിനായി നടപ്പാക്കിയിട്ടുള്ള 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്' എന്നീ പദ്ധതികളും 'ന്യൂമാറ്റ്സ്', 'ഗണിത വിജയം' പോലുള്ള പദ്ധതികളും ഈ നേട്ടത്തിന് കാരണമാണ്.

(സി) പഠന നിലവാരം സ്ഥായിയായി നിലനിർത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- പാഠപുസ്തകങ്ങൾ കാലാനുസൃതമായ മാറ്റം വരുത്തി (ഈ വർഷം 9, 10 ക്ലാസ്സുകളിൽ), സ്കൂൾ തുറക്കുന്നതിന് മുമ്പ് സ്കൂളുകളിൽ എത്തിക്കുന്നു.
- അദ്ധ്യാപകർക്ക് ഉള്ളടക്കം, ബോധനശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ പിന്തുണ നൽകാൻ പര്യാപ്തമായ വിധം അവധിക്കാലത്തു തന്നെ അദ്ധ്യാപക ശാക്തീകരണം നടപ്പാക്കുന്നു.
- ഡിജിറ്റൽ സങ്കേതങ്ങളും മറ്റും ലഭ്യമാക്കുന്ന ക്ലാസ് മുറികളെ ആധുനികവൽക്കരിച്ച് മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- ഉച്ചഭക്ഷണം ഉയർന്ന ഗുണമേന്മയോടെ കുട്ടികൾക്ക് ലഭ്യമാക്കുന്നു.
- ആവശ്യമായ പഠന ദിനങ്ങൾ ലഭ്യമാക്കുന്നതിന് സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ അക്കാദമിക കലണ്ടർ തയ്യാറാക്കുന്നു.
- ചോദ്യപേപ്പറുകൾ സംസ്ഥാനതലത്തിൽ തന്നെ തയ്യാറാക്കി ടേം പരീക്ഷകളും പൊതു പരീക്ഷകളും യഥാസമയം നടത്തുന്നു. പരീക്ഷാഫലം കാലതാമസമില്ലാതെ പ്രസിദ്ധീകരിക്കുന്നു.
- 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'ന്യൂമാറ്റ്സ്', 'ഗണിത വിജയം', ശാസ്ത്രപാർക്കുകൾ, സ്റ്റെപ് (സാമൂഹിക ശാസ്ത്ര പഠനപോഷണ പരിപാടി), ജൈവവൈവിദ്ധ്യപാർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.
- പഠനോത്സവത്തിലൂടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പൊതുവായി അവതരിപ്പിക്കാൻ അവസരം നൽകി അവരുടെ ആത്മവിശ്വാസം ഉയർത്തുന്നു.

## നാട്ടിക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ നിർമ്മാണപ്രവർത്തനങ്ങൾ

153 (1276) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി നാട്ടിക മണ്ഡലത്തിലെ ചേർപ്പ് ഗവൺമെന്റ് സ്കൂളിനായും നാട്ടിക ഫിഷറീസ് സ്കൂളിനായും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച യഥാക്രമം അഞ്ചുകോടി രൂപയുടെയും മൂന്നു കോടി രൂപയുടെയും നിർമ്മാണപ്രവൃത്തികൾ എന്ന് പൂർത്തിയാവുമെന്ന് അറിയിക്കാമോ;

(ബി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ;

(സി) 2019-20 ലെ ബഡ്ജറ്റിൽ നാട്ടിക മണ്ഡലത്തിലെ എത്ര സ്കൂളുകളുടെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്; പ്രസ്തുത സ്കൂളുകളുടെ പേരും തുകയും അറിയിക്കാമോ;

(ഡി) ഇവയുടെ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും ഏത് ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് എന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) 2019 സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീശൈലം കോൺട്രാക്റ്റിംഗ് & റിയൽ എസ്റ്റേറ്റ് എന്ന ഏജൻസിയെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നത്.

(സി) 2019-20-ലെ ബഡ്ജറ്റിൽ നാട്ടിക മണ്ഡലത്തിലെ സ്കൂളുകൾ പരാമർശിച്ച് കാണുന്നില്ല.

(ഡി) ബാധകമല്ല.

## സർക്കാർ സ്കൂളുകളിലെ പശ്ചാത്തല സൗകര്യം

154 (1277) ശ്രീ. പി. കെ. ശശി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യങ്ങളും ശുചിത്വ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് "സമേതം" ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 3 കോടി കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 500-നും ആയിരത്തിനുമിടയിൽ വിദ്യാർത്ഥികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കിഫ്ബി സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം ചലഞ്ച് ഫണ്ട് ഉപയോഗിച്ചും നടത്തിവരുന്നു. കൂടാതെ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഐ. ടി. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 9941 സർക്കാർ/എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്ക് ഹൈടെക് പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിനും ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളിലെ കുടിവെള്ള സൗകര്യങ്ങളും ശുചിത്വ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര ഘട്ടങ്ങളിൽ ഫണ്ട് അനുവദിച്ചുവരുന്നു.

(സി) സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബിയിൽ നാളിതുവരെ 1237.67 (ആയിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് കോടി അറുപത്തേഴലക്ഷം രൂപ മാത്രം) കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ വിശദാംശങ്ങളിൽ പൊതു ഇടത്ത് ലഭ്യമാക്കുവാൻ കഴിയുന്ന ഡാറ്റ ഉൾപ്പെടുത്തി "സമേതം" സ്കൂൾ ഡാറ്റാ ബാങ്ക് www.sametham.KiteKerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

155 (1278) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൽപ്പറ്റ മണ്ഡലത്തിൽ അഞ്ചുകോടി, മൂന്നുകോടി, ഒരു കോടി രൂപ വീതം അനുവദിച്ച സ്കൂളുകൾ ഏതെല്ലാമാണ്, പട്ടിക ലഭ്യമാക്കാമോ;

(ബി) അപ്രകാരം തുക അനുവദിച്ച സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിൽ എത്തി നിൽക്കുന്നു; വിശദമാക്കാമോ;

(സി) ടി സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൽപ്പറ്റ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്കൂളുകൾ താഴെ ചേർക്കുന്നു.

1. കൽപ്പറ്റ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ - 5 കോടി
2. കാക്കവയൽ ജി.എച്ച്.എസ്.എസ്. - 3 കോടി
3. മേപ്പാടി ജി.എച്ച്.എസ്.എസ്.- 3 കോടി
4. കണിയാംപറ്റ ജി.എച്ച്.എസ്.എസ്.- 3 കോടി
5. കണിയാംപറ്റ ജി.യു.പി.എസ്. - 1 കോടി
6. വെള്ളാർമല ജി.വി.എച്ച്.എസ്.എസ്.- 1 കോടി
7. പനങ്കണ്ടി ജി.എച്ച്.എസ്.എസ്.- 1 കോടി
8. അച്ചൂർ ജി.എച്ച്.എസ്. - 1 കോടി
9. വൈത്തിരി ജി.എച്ച്.എസ്.- 1 കോടി
10. റിപ്പൺ ജി.എച്ച്.എസ്.- 1 കോടി
11. കോട്ടത്തറ ജി.എച്ച്.എസ്.- 1 കോടി
12. പിണങ്ങോട് ജി.യു.പി.എസ്.- 1 കോടി
13. പടിഞ്ഞാറത്തറ ഗവ.ജി.എച്ച്.എസ്.- 1 കോടി

ഇതിൽ ക്രമനമ്പർ - 1, 2, 3 സ്കൂളുകൾക്ക് 'കിഫ്ബി'യുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് സ്കൂളുകളുടെ നടപടിക്രമങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്. കൽപ്പറ്റ ജി.വി.എച്ച്.എസ്.എസ്.-ന്റെ ഫൗണ്ടേഷൻ പണികൾ നടന്നുവരുന്നു. മേപ്പാടി, കാക്കവയൽ സ്കൂളുകൾ റീടെണ്ടർ നടപടിയിലാണ്.

(സി) മേപ്പാടി, കാക്കവയൽ സ്കൂളുകളിലെ പണികൾ റീടെണ്ടർ ചെയ്ത് എത്രയും വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ

156 (1279) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ ;വിശദമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷം കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 3 കോടി 'കിഫ്ബി' ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

നടന്നുവരുന്നു. കിഫ്ബി അംഗീകാരം, ടെണ്ടർ നടപടി എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനവും ആരംഭിക്കുന്നതാണ്. കിഫ്ബി സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പ്ലാൻ ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടും നൽകുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 4752 സർക്കാർ, എയ്ഡഡ് വിഭാഗത്തിലെ എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി. ഈ സ്കൂളുകൾക്കായി 59772 ലാപ്ടോപ്പുകളും, 43525 മൾട്ടി മീഡിയ പ്രൊജക്ടറുകളും, 23104 സ്ക്രീനുകളും, 42739 യു.എസ്.ബി. സ്പീക്കറുകളും, 4714 ഡി.എസ്.എൽ.ആർ. ക്യാമറകളും, 4545 43” എൽ.ഇ.ഡി. ടെലിവിഷനുകളും, 4720 എച്ച്.ഡി.വെബ് ക്യാമറകളും വിന്യസിച്ചു.

(ബി) ഉണ്ട്. ഒന്നു മുതൽ ഒൻപതു വരെ ക്ലാസ്സുകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2016-17 അദ്ധ്യയന വർഷത്തിൽ നിന്നും 2017-18 വർഷം 1,57,406 കുട്ടികളും, 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 1,85,971 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം, അക്കാദമിക നിലവാരം തുടങ്ങിയവ മെച്ചപ്പെടുത്തി കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ കേന്ദ്രീകരിച്ച് എല്ലാ ജില്ലകളിലും പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പഠനോത്സവങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ

പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതു സമൂഹത്തിന്റെ വലിയതോതിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

157 (1280) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മൂന്നു കോടി രൂപ വീതം അനുവദിക്കുന്നതിന് റാന്നി നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്; അവ ഏതൊക്കെ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് എടുത്തിട്ടുള്ളത്; ഓരോ സ്കൂളുകളിലെയും നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ നടപടികൾ ആരംഭിച്ചില്ലെങ്കിൽ ഇതിന് തടസ്സം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മൂന്നു കോടി രൂപ വീതം അനുവദിക്കുന്നതിന് റാന്നി നിയോജകമണ്ഡലത്തിലെ രണ്ട് സ്കൂളുകളെയാണ് തെരഞ്ഞെടുത്തത്. അവ ജി.എച്ച്.എസ്.എസ്. എഴുമറ്റൂർ, ജി.എച്ച്.എസ്.എസ്. ഇടമുറി എന്നിവയാണ്. ജി.എച്ച്.എസ്.എസ്. എഴുമറ്റൂർ 4.20 കോടി (നാലുകോടി ഇരുപത് ലക്ഷം) രൂപയുടെയും, ജി.എച്ച്.എസ്.എസ്. ഇടമുറിക്ക് 2.99 കോടി (രണ്ട് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം) രൂപയുടെയും എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ വിളിക്കുകയും പല തവണ ടെണ്ടർ സമർപ്പിക്കേണ്ട തീയതി ദീർഘിപ്പിച്ച് നൽകിയെങ്കിലും ഒരു ടെണ്ടറും ലഭിച്ചിരുന്നില്ല. ആയതിനാൽ 13-5-2019-ൽ റീടെണ്ടർ ചെയ്തു. എന്നാൽ അപ്പോഴും ഒരു ടെണ്ടറും ലഭിച്ചിട്ടില്ല. വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പല പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും കരാറുകാരനെ ലഭിക്കാത്തതിനാൽ നിർമ്മാണ നടപടികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കരാറുകാരനെ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

158 (1281) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്ന മലപ്പുറം ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, മലപ്പുറം ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ നടപടികൾ പാതിവഴിയിൽ നിർത്തി വെക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണനടപടികൾ എത്രയും വേഗം ആരംഭിക്കുവാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് 'കിഫ്ബി' വഴി ഫണ്ട് അനുവദിച്ചിട്ടുള്ളത്.

1. മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ - 5 കോടി രൂപ
2. എം.എസ്.പി.എച്ച്.എസ്.എസ്. - 3 കോടി രൂപ
3. ജി.എച്ച്.എസ്.എസ്. പൂക്കോട്ടൂർ - 3 കോടി രൂപ

(ബി) മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെയും, എം.എസ്.പി.എച്ച്.എസ്.എസ്.-ന്റെയും ഫൗണ്ടേഷൻ പണികൾ നടന്നുവരുന്നു. ജി.എച്ച്.എസ്.എസ്. പൂക്കോട്ടൂരിന്റെ ഒന്നാം നിലയുടെ സ്ലാബ് വാർത്തുകഴിഞ്ഞു. രണ്ടാം നിലയുടെ തൂണുകളുടെ പണികൾ നടന്നുവരുന്നു.

(സി) ടി രണ്ട് സ്കൂളുകളുടെയും നിർമ്മാണ ചുമതലയുള്ള കരാറുകാരൻ പ്രവൃത്തികൾ മന്ദഗതിയിലാക്കിയതിനെത്തുടർന്ന് പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുമുണ്ട്.

(ഡി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടി

159 (1282) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടൊപ്പം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും വർദ്ധിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) അന്തർ ദേശീയ നിലവാരമുള്ള ലാബുകൾ സ്കൂളുകളിൽ സജ്ജീകരിക്കുന്നതിനായി ഐഡിയൽ ലാബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അക്കാദമികാന്തരീക്ഷം ആകർഷകമാക്കുകയും സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഹൈടെക് ക്ലാസ് മുറികൾ സജ്ജീകരിച്ചു. സ്കൂളുകളോടൊപ്പം ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ രൂപപ്പെടുത്തി. പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം പരിശീലിക്കാനും സദ്ഭാവങ്ങൾ വളർത്താനും ഇത് സഹായകരമായി. സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ആശയഗ്രഹണം എളുപ്പത്തിലാക്കി മാറ്റി. പാഠ്യപദ്ധതിയിൽ ഇടപെടലുകൾ നടത്തുകയും പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. മൂല്യനിർണ്ണയം ശാസ്ത്രീയവും വിദ്യാർത്ഥി സൗഹൃദപരവുമായി മാറ്റി.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കഴിഞ്ഞ നാഷണൽ അച്ചീവ്മെന്റ് സ്റ്റഡി (എൻ.എ.എസ്.)ൽ പല മേഖലകളിലും കേരളം മുന്നോട്ട് നിൽക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. ദേശീയ ശരാശരിക്കു മുകളിലുള്ള പ്രകടനമാണ് കേരളത്തിലെ കുട്ടികൾ കാഴ്ചവച്ചിട്ടുള്ളത്.

(സി) ഉണ്ട്. 2018-19 വർഷത്തിൽ RMSA (Rastriya Madhyamic Shiksha Abhiyan)യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ താഴെപറയുന്ന 5 സ്കൂളുകളിൽ ഐഡിയൽ ലാബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.
2. ഐ.എം.എൻ.ജി.എച്ച്.എസ്. മയ്യിൽ കണ്ണൂർ.
3. ഡോ. എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.
4. ജി.എച്ച്.എസ്.എസ്. ഹരിപ്പാട്, ആലപ്പുഴ.
5. ചാലക്കുടി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ.

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

160 (1283) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ അദ്ധ്യയന വർഷം എത്ര കുട്ടികൾ പുതിയതായി അഡ്മിഷൻ എടുത്തിട്ടുണ്ട്;ഓരോ റവന്യൂ ജില്ലകളിലെയും കുട്ടികളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന സ്കൂളുകളിൽ അടിസ്ഥാന പഠനസൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക് നിലവാരം ഉയർന്നതുമാണ് കുട്ടികളെയും രക്ഷിതാക്കളെയും വലിയതോതിൽ പൊതു വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാൻ കാരണം എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനം അടിസ്ഥാനമാക്കിയുള്ള വിവരശേഖരം ജൂൺ 13-ന് മാത്രമേ പൂർത്തിയാകൂ. അതിനുശേഷം മാത്രമേ എത്ര കുട്ടികൾ പുതുതായി പ്രവേശനം നേടിയിട്ടുണ്ടെന്ന റവന്യൂ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുട്ടികൾ കൂടുന്നതെന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും അക്കാദമിക നിലവാരം ഉയർന്നതും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയതും കുട്ടികളെയും രക്ഷിതാക്കളെയും വലിയ തോതിൽ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

161 (1284) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. കെ. ദാസൻ:</u>
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ക്ലാസ്സുകളിലേയ്ക്കുള്ള എല്ലാ പാഠപുസ്തകങ്ങളും സ്കൂളുകളിൽ വിതരണത്തിനായി എത്തിച്ചിട്ടുണ്ടോ;വിശദമാക്കുമോ ;

(ഡി) എ.പി.എൽ/ബി.പി.എൽ. ഭേദമന്യേ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.), ശുചിത്വ മിഷൻ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ മുഖേനയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ പ്രസ്തുത സ്കൂളുകളിൽ കെട്ടിടങ്ങൾ, കളിസ്ഥലം, ടോയ്ലറ്റുകൾ, അടുക്കള, കുടിവെള്ള ലഭ്യത എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഉണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ട്. അവയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ അപാകതകളോ അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.പി., എം.എൽ.എ. എന്നിവരുടെ ഫണ്ടുപയോഗിച്ച് യഥാസമയം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ 'കിഫ്ബി' ധനസഹായത്തോടെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ 'സമഗ്ര'പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി & സി) 2019-20 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.)നെ തന്നെ ഏൽപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺലൈൻ വഴി സ്വീകരിക്കുകയും അനുപ്രകാരമുള്ള എണ്ണം ശേഖരിച്ച് 7% ബഫർ സ്റ്റോക്ക് കൂടി കണക്കാക്കി പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഉത്തരവ് കെ.ബി.പി.എസ്.-ന് നൽകുകയുണ്ടായി. 2019-20 അദ്ധ്യയന വർഷത്തിൽ ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 186 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണ്. നിലവിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമില്ല. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമുള്ളതിനാൽ ആയത് അച്ചടിച്ച് യഥാസമയം വിതരണം നടത്തുവാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടു കഴിഞ്ഞു.

14 ജില്ലകളിലേയും ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണത്തിനുശേഷം ഷോർട്ടേജായ പാഠപുസ്തകങ്ങളുടെ കണക്ക് ശേഖരിക്കുകയും അത് പ്രകാരം 1 മുതൽ 8 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുന്നു. ആറാം സാദ്ധ്യായ ദിവസപ്രകാരം പൊതുവിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടുന്ന കൂടുതൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾക്കായി ജൂൺ 14 മുതൽ 20 വരെ രണ്ടാം ഘട്ട ഇൻഡന്റിംഗിനായി KITE-ന്റെ വെബ്സൈറ്റിൽ വേണ്ട ക്രമീകരണം നടത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

## ഡോ. എം. എ. ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

162 (1285) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ മതനിരപേക്ഷമൂല്യം ഉളവാക്കുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് രൂപീകൃതമായ ഡോ. എം. എ. ഖാദർ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ബി) ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിരുന്നു.

(ബി) ഈ റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 28-2-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 19/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർ നടപടികളുടെ ഭാഗമായി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് വിവിധ സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### കെ.ജി.റ്റി.ഇ. പരീക്ഷ

163 (1286) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -ലെ കെ.ജി.റ്റി.ഇ.ടൈപ്പ്റൈറ്റിംഗ് പരീക്ഷ ജൂൺ മാസം 17 - ാം തിയതി മുതൽ നടത്തുവാൻ പരീക്ഷ ഭവൻ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജൂൺ മാസത്തിൽ എസ്.എസ്.സി., എസ്.ബി.ഐ. - പി.ഒ.,റെയിൽവേസ്,കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ്,ദേവസ്വം ബോർഡ് എന്നിവിടങ്ങളിൽ പരീക്ഷ നടത്തുവാൻ അതാത് ഏജൻസികൾ തീരുമാനിക്കുകയും ഹാൾ ടിക്കറ്റ് ഉൾപ്പെടെ വിതരണം ചെയ്തിട്ടുള്ളതിനാലും കെ.ജി.റ്റി.ഇ.ടൈപ്പ്റൈറ്റിംഗ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ കെ.ജി.റ്റി.ഇ.ടൈപ്പ്റൈറ്റിംഗ് പരീക്ഷ 2019 ജൂലൈ മാസത്തിലേക്ക് മാറ്റുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണയായി പി.എസ്.സി. പരീക്ഷാ കലണ്ടർ പരിശോധിച്ച ശേഷമാണ് പരീക്ഷാ തീയതി തീരുമാനിക്കുന്നത്. പി.എസ്.സി. നടത്തുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷ ജൂൺ 15-നാണ്. ജൂൺ 17-ന് ആരംഭിക്കുന്ന കെ.ജി.റ്റി. പരീക്ഷ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. എന്നാൽ മറ്റ് പരാമർശിത പരീക്ഷകൾ അതേ തീയതികളിൽ നടത്തപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(സി) ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. പരീക്ഷകൾ 2019 ജൂലൈ മാസത്തിൽ നടത്തുന്നതായി പി.എസ്.സി. കലണ്ടറിൽ കാണുന്നു. എന്നിരുന്നാലും പരീക്ഷാർത്ഥികളുടെ ബുദ്ധിമുട്ട് പരിഗണിച്ച് കെ.ജി.റ്റി. പരീക്ഷ 2019 ജൂലൈ മാസത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

### ഭാഷ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകൾ

164 (1287) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ഭാഷ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ തുടങ്ങുന്നതിന്/ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിലെ മറ്റു സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**തമിഴ്/കന്നഡ മീഡിയം സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

165 (T*1288) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് തമിഴ്/കന്നഡ ഭാഷാന്യൂനപക്ഷങ്ങൾക്കായുള്ള തമിഴ്/കന്നഡ മീഡിയം സ്കൂളുകളിലെ അദ്ധ്യാപക തസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നടത്തുമ്പോൾ പ്രസ്തുത ഭാഷ കൈകാര്യം ചെയ്യാൻ അറിയാത്തവർക്ക് നിയമനം ലഭിക്കുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്/കന്നഡ ഭാഷ അറിയാത്ത അദ്ധ്യാപകർ ഇത്തരം സ്ക്കൂളുകളിൽ ശാസ്ത്രസാമൂഹികവിഷയങ്ങൾ പഠിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആയതിന് പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തമിഴ്/കന്നഡ മീഡിയം ഹൈസ്കൂളുകളിൽ പി.എസ്.സി. മുഖാന്തരം നിയമിതരായവരും എന്നാൽ തമിഴ്/കന്നഡ ഭാഷ കൈകാര്യം ചെയ്യുവാൻ മതിയായ പരിജ്ഞാനമില്ലാത്തവരുമായ അദ്ധ്യാപകരെ കണ്ടെത്തി ട്രെയിനിംഗ്/ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകി അദ്ധ്യാപനത്തിന് പ്രാപ്തരാക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. കൂടാതെ തമിഴ്/കന്നഡ മീഡിയം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതയിൽ 30-9-2016-ലെ സ.ഉ.(പി) നമ്പർ 166/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയുന്ന ഭേദഗതി വരുത്തിയിട്ടുണ്ട്.

Candidates should have the following qualifications along with the B.Ed Degree in the concerned subject conferred or recognized by the Universities in Kerala;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1. A Pass in SSLC/Plus Two/Pre-Degree with Kannada/Tamil as I or II Language

OR

2. A Pass in Degree or Post Graduation in Kannda/Tamil Language

3. In the absence of the qualification referred in (1) & (2) above, its equivalent shall also be considered.

ടി യോഗ്യത അടിസ്ഥാനമാക്കി പി.എസ്.സി. നിയമനം നടത്തുന്ന മുറയ്ക്ക് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

**ഖാദർ കമ്മീഷൻ റിപ്പോർട്ട്**

166 (1289) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇതിനകം അംഗീകരിച്ചതും സ്കൂൾ തലത്തിൽ വ്യക്തമായ ഘടനാമാറ്റം ശിപാർശ ചെയ്യുന്നതുമായ ഖാദർ കമ്മീഷൻ റിപ്പോർട്ട് ഈ അദ്ധ്യയന വർഷം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഹയർ സെക്കൻഡറി, സെക്കൻഡറി തലങ്ങളിലുള്ള അദ്ധ്യാപകർ ,വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ ഈ റിപ്പോർട്ടിനെക്കുറിച്ച് കടുത്ത ആശങ്ക നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിശോധിക്കുകയുണ്ടായോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിഷയം കണക്കിലെടുക്കാതെയും പരിഹരിക്കാതെയും ഏകപക്ഷീയമായി റിപ്പോർട്ട് നടപ്പാക്കുന്നത് ഉദ്ദേശിക്കുന്ന ഫലം നൽകില്ലായെന്നും മറിച്ച് വിപരീത ഫലങ്ങൾ ഉളവാക്കുമെന്നും കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ഇക്കാര്യം വിശദമായി ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ട് 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പ് രണ്ടുവട്ടം അദ്ധ്യാപക-അനദ്ധ്യാപക സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. കൂടാതെ മാനേജ്മെന്റ് പ്രതിനിധികൾ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്നിവരുമായും ചർച്ചകൾ നടത്തിയിരുന്നു. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

## എയ്ഡഡ് സ്കൂളുകൾ

167 (1290) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) എയ്ഡഡ് മേഖലയിലെ പ്രൈമറി,ഹൈസ്കൂൾ,ഹയർ സെക്കന്ററി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 7216 എയ്ഡഡ് സ്കൂളുകൾ നിലവിലുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്കൂൾ അപ്ഗ്രേഡേഷൻ

168 (1291) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്തതത് എന്നറിയിക്കാമോ; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ എത്ര ഉത്തരവുകളാണ് ഇനിയും നടപ്പിലാക്കാനുള്ളത്; വിശദമാക്കാമോ;

(സി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട എത്ര കോടതി അലക്ഷ്യകേസുകളാണ് നിലനിൽക്കുന്നത്; ഇതിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ അപ്ഗ്രേഡേഷൻ തടഞ്ഞുവച്ച സ്കൂളുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് വിവിധ സ്കൂൾ മാനേജ്മെന്റുകൾ പല ഘട്ടങ്ങളിലായി ഹൈക്കോടതിയെ സമീപിക്കുകയും ഇക്കാര്യം പരിശോധിക്കുന്നതിനായി കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റിട്ട് ഹർജി 3060/2014 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിന്മേലുള്ള ഹൈക്കോടതിയുടെ 18-6-2015-ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പുതിയ സ്കൂളുകൾ ആരംഭിക്കുകയോ നിലവിലുള്ളവ ഉയർത്തുകയോ ചെയ്യേണ്ടതില്ലെന്ന് നിലവിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പം 18-6-2015-ലെ ഹൈക്കോടതി വിധിന്യായപ്രകാരം സ്വീകരിച്ച നടപടി ഉൾപ്പെടുത്തി കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും സർക്കാർ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യവുമായി 134 സ്കൂൾ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും 16984/2018 ഉൾപ്പെടെ ഒരുകൂട്ടം റിട്ട് ഹർജികളിലെ 11-6-2018-ലെ ഹൈക്കോടതി വിധിന്യായപ്രകാരം സർക്കാരിന്റെ ഭാഗം ശരിവയ്ക്കുക യുമാണുണ്ടായത്. ഇതേത്തുടർന്ന് 11-6-2018-ലെ വിധിന്യായത്തിനെതിരെ ഡിവിഷൻ ബഞ്ച് മുമ്പാകെ റിട്ട് അപ്പീൽ 1140/2018 ഫയൽ ചെയ്യുകയും അത് 20-03-2019-ലെ റഫറൻസ് ഓർഡർ പ്രകാരം ഉചിതമായ തീരുമാനത്തിനായി കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ പരിഗണനയ്ക്കായി നൽകിയിരിക്കുകയുമാണ്.

(സി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് കോടതി അലക്ഷ്യ കേസ്സുകളൊന്നും നിലവിലില്ല.

(ഡി) സ്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് വിവിധ മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിക്കുകയും സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടി ശരിവയ്ക്കുകയും മാനേജ്മെന്റിന്റെ ആവശ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്. റിട്ട് ഹർജി 16984/18 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിന്മേൽ പുറപ്പെടുവിച്ച 11-6-2018-ലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത റിട്ട് അപ്പീൽ 1140/2018 ഡിവിഷൻ ബഞ്ച് ഉചിതമായ തീരുമാനത്തിനായി കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ പരിഗണനയ്ക്കായി നൽകിയിരിക്കുകയുമാണ്.

## പുതിയതായി അംഗീകാരം നൽകിയ സ്കൂളുകളുടെ വിവരം

169 (1292) ശ്രീ. വി .ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്കൂളുകളാണ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്ര സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(സി) ഇവയ്ക്ക് അംഗീകാരം നൽകാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ അധ്യയനവർഷം പുതുതായി അംഗീകാരം നൽകിയ സ്കൂളുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1399 സ്കൂളുകൾ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10-6-2013-ലെ സ.ഉ.(കൈ) നം. 184/2013/പൊ.വി.വ പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അവ പാലിച്ച സ്കൂളുകൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. സംസ്ഥാനത്ത് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തിവന്ന സ്കൂളുകൾക്കും അതത് ബോർഡിന്റെ അഫിലിയേഷന് വേണ്ടി നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് വേണ്ട മാനദണ്ഡങ്ങൾ 7-10-2011-ലെ സ.ഉ.(കൈ) നമ്പർ 202/2011/പൊ.വി.വ. പ്രകാരം പുറപ്പെടുവിക്കുകയും അവ പാലിച്ച സ്കൂളുകൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം നൽകുകയുമുണ്ടായി.

ഇതേത്തുടർന്ന് സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തുന്ന സ്കൂളുകൾക്ക് അതത് ബോർഡിന്റെ അഫിലിയേഷന് വേണ്ടി അംഗീകാരവും നിരാക്ഷേപ സാക്ഷ്യപത്രവും നൽകുന്നതിനും വേണ്ട നടപടി കൈക്കൊള്ളണമെന്ന ആവശ്യവുമായി ഹൈക്കോടതിയിൽ ഫയൽ ചെയ്ത 31912/2014 ഉൾപ്പെടെ ഒരുകൂട്ടം റിട്ട്

ഹർജികളിന്മേൽ അപ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ 5-7-2018-ൽ ഹൈക്കോടതി ഉത്തരവായി. തുടർന്ന് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തിവന്ന സ്കൂളുകളുടെ അപേക്ഷകൾ പരിശോധിക്കുന്നത് സംബന്ധിച്ച് കോടതി ഇടക്കാല ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളുകൾക്ക് അതത് ബോർഡിന്റെ അഫിലിയേഷനുവേണ്ടി അംഗീകാരവും നിരാക്ഷേപ സാക്ഷ്യപത്രവും നൽകുന്നത് പരിശോധിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ 1-3-2019-ലെ സ.ഉ.(കൈ) നമ്പർ. 22/19/പൊ.വി.വ. പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി. അതുപോലെ ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 22-5-2019-ലെ സ.ഉ.(കൈ) നമ്പർ 45/2019/പൊ.വിവ. പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി.

തുടർന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷ വിശദമായ പരിശോധന നടത്തിയശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുവാനും ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതനുസരിച്ചുള്ള നടപടികൾ വിദ്യാഭ്യാസ അധികാരികൾ സ്വീകരിച്ചുവരികയാണ്. ഹൈക്കോടതിയിൽ 31912/2014 ഉൾപ്പെടെ റിട്ട് ഹർജികൾ ഫയൽ ചെയ്ത ഹർജിക്കാർക്ക് മാത്രമായാണ് അപേക്ഷ നൽകുന്നതിനുള്ള അവസരം നൽകിയിട്ടുള്ളത്.

(ഡി) കേരള ഹൈക്കോടതി വിധിപ്രകാരം പാലക്കാട് പൊമ്പ്ര പാണക്കാട് പൂക്കോയ തങ്ങൾ മെമ്മോറിയൽ ഹൈസ്കൂളിനും കോഴിക്കോട് പുറക്കാട് വിദ്യാസദനം മോഡൽ സ്കൂളിനും സ്ഥിരാംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

## കണ്ണൂർ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ

170 (1293) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വ ശിക്ഷാ അഭിയാൻ മുഖേന സംസ്ഥാനത്ത് കണ്ണൂർ, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ പണിയുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

ഹോസ്റ്റൽ പണിയുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

**സെക്കണ്ടറി, ഹയർ സെക്കണ്ടറി ലയനം**

171 (1294) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒരു ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി നാളിതുവരെയായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റേയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിശദമാക്കാമോ;

(ഡി) ലയനം എപ്പോൾ ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; തന്മൂലം ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനോ കാലക്രമേണ കുറവ് വരുന്നതിനോ സാധ്യതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലയനം നടപ്പിലാക്കുമ്പോൾ ഹൈസ്കൂൾ, ഹയർ സെക്കന്ററി സീനിയർ-ജൂനിയർ അധ്യാപക തസ്തികകൾ, പൊതുവിദ്യാഭ്യാസ - ഹയർ സെക്കന്ററി വകുപ്പുകളിലെ സ്റ്റാഫുകൾ എന്നിവരുടെ സീനിയോറിറ്റി, പുനർവിന്യാസം ഇവ എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് വ്യക്തമാക്കുമോ;

(എഫ്) ലയനം നടപ്പിലാക്കുമ്പോൾ നിലവിൽ ജോലി ചെയ്തുവരുന്ന ഹയർ സെക്കന്ററി യോഗ്യതയുള്ള എച്ച്.എസ്.ടി., യു.പി.എസ്.ടി.മാരെ പുനർവിന്യസിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ഇറക്കിയ ഉത്തരവ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) സർക്കാർ നിയോഗിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.+

(സി) നിലവിലുള്ള സ്ഥിതി തുടരുന്നതാണ്.

(ഡി) 2019-20 അദ്ധ്യയന വർഷം മുതൽതന്നെ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019-20 വർഷം നടപ്പിലാക്കുന്ന കാര്യങ്ങൾ വ്യക്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ & എഫ്) ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾക്ക് ശേഷമായിരിക്കും തീരുമാനമെടുക്കുക.

## സ്കൂളുകളിലെ പാൽ വിതരണം

172 (1295) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആഴ്ചയിൽ രണ്ടു ദിവസം വിതരണം ചെയ്യുന്നതിനായുള്ള പാൽ വാങ്ങുന്നത് ഏതെങ്കിലും നിർദ്ദിഷ്ട സ്ഥാപനത്തിൽ നിന്നായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നും വാങ്ങണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) ടി സ്ഥാപനത്തിൽ നിന്നല്ലാതെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും പാൽ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ഇ) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകുവാനും ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ 'മിൽമ' മുഖാന്തരം പാൽ വാങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ഉച്ചഭക്ഷണവും പാൽവിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സ്കൂൾതലത്തിൽ നൂൺഫീഡിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ നോഡൽ ഓഫീസർമാരായി പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ ഉപജില്ലകൾക്ക് കീഴിലും നൂൺമീൽ ഓഫീസർമാരും ജില്ലാതലത്തിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരും ഇവയുടെ മേൽനോട്ട ചുമതല വഹിച്ചുവരുന്നു.

**സ്കൂളുകളുടെ അപ്ഗ്രേഡേഷൻ**

173 (1296) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ മേഖലയിൽ ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) പുതിയ സ്കൂളുകൾ ആരംഭിക്കുകയോ/നിലവിലുള്ളവ ഉയർത്തുകയോ ചെയ്യേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിന്മേലുള്ള ഹൈക്കോടതിയുടെ 18-6-2015-ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള ഫണ്ട്

174 (1297) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ലഭ്യമാക്കിയ ഫണ്ട് പല സ്കൂളുകളിലും വിനിയോഗിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ ഫീസ് അക്കൗണ്ടിലെ തുക സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ഉപയോഗിക്കാൻ വിദ്യാഭ്യാസവകുപ്പിൽനിന്നും അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇത്തരം ഫണ്ട് വിനിയോഗിക്കാത്ത പ്രഥമ അദ്ധ്യാപകർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് അക്കൗണ്ടിലെ തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ ഫീസ് ഫണ്ട് വിനിയോഗിക്കാത്ത പ്രഥമാദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സൗജന്യയൂണിഫോം നൽകുന്ന പദ്ധതി

175 (1298) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി.,യു.പി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി ഹൈസ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് പ്രതിവർഷം എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ; ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ; വിശദാംശം നൽകുമോ;

(സി) വരുന്ന അദ്ധ്യയനവർഷത്തിൽ തന്നെ ഈ പദ്ധതി ഹൈസ്കൂൾ തലത്തിൽ നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും യൂണിഫോം വിതരണം ചെയ്യുന്നതിനാവശ്യമായ തുണിയുടെ ഉല്പാദനം നടത്തുന്നതിനുള്ള കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദന ക്ഷമത, വേണ്ടിവരുന്ന അധിക ചെലവ് എന്നിവ കണക്കാക്കിയിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്നതിന് പുറമെ 9, 10 ക്ലാസ്സുകളിലേയ്ക്കുംകൂടി സൗജന്യ യൂണിഫോം പദ്ധതി വ്യാപിപ്പിക്കുന്നപക്ഷം അതിന്റെ അധിക ചെലവ് സംസ്ഥന സർക്കാർ വഹിക്കേണ്ടിവരും. ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നതല്ല. കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദനക്ഷമതയും ആവശ്യമായ അധിക ചെലവും പരിശോധിച്ചശേഷം മാത്രമെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളു.

**പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

176 (1299) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) അതുകൊണ്ടു പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നടത്തിയ കാര്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലെയും തനിമകൾ അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

177 (1300) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ കാലോചിതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസപരിഷ്കരണത്തിനായി നിയോഗിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കുമോ; സ്കൂൾ വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ശിപാർശകൾ മുന്നോട്ടു വയ്ക്കുന്നുവെന്ന് അറിയിക്കുമോ;

(സി) ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനുകീഴിൽ ഏതൊക്കെ വിഭാഗങ്ങളാണ് നിലവിൽ വരുന്നതെന്ന് വിശദമാക്കുമോ; പ്രസ്തുത സംവിധാനം എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിവിധ പരീക്ഷാഏജൻസികളെ ലയിപ്പിച്ച് ബോർഡ് ഓഫ് സ്കൂൾ എക്സാമിനേഷൻസ് എന്ന സംവിധാനം നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രൊഫ. എം. എ. ഖാദർ അദ്ധ്യക്ഷനായ വിദഗ്ധ സമിതിയുടെ ശിപാർശകൾ കണക്കിലെടുത്തുകൊണ്ട് 2019-20 അദ്ധ്യയന വർഷാരംഭത്തിൽ നടപ്പിലാക്കുന്ന നടപടികൾ സംബന്ധിച്ച ഉത്തരവ് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളാണ് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനു കീഴിൽ വരുന്നത്. 2019-20 അദ്ധ്യയന വർഷത്തിൽ നിലവിൽ വന്നുകഴിഞ്ഞു.

(ഡി) അനുബന്ധത്തിലെ ഉത്തരവ് പ്രകാരം ഡയറക്ടർ ഓഫ് എഡ്യൂക്കേഷനെ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസമേഖലയിൽ നടപ്പാക്കുന്ന പരിഷ്കരണങ്ങൾ

178 (1301) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയിൽ അടുത്ത അധ്യയനവർഷം മുതൽ നടപ്പാക്കുന്ന പരിഷ്കരണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) എൽ.പി,യു.പി,ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിവയുടെ ഘടനയിലും അദ്ധ്യാപക തസ്തികയിലും മാറ്റങ്ങൾ വരുത്തുന്നുണ്ടോ;

(സി) പുതുതായി രൂപീകരിക്കുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഘടനയും ഓഫീസ് സംവിധാനങ്ങളും അധികാരങ്ങളും വിശദീകരിക്കാമോ;

(ഡി) ഖാദർ കമ്മിറ്റി ശിപാർശകൾ ധൃതിയിൽ നടപ്പാക്കുന്നത് രാഷ്ട്രീയപ്രേരിതമാണെന്നും അത് പൊതുവിദ്യാഭ്യാസമേഖലയെ തകർക്കുമെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ തീരുമാനം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും 2019-20 അദ്ധ്യയന വർഷാരംഭത്തിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ സംയോജനം നടപ്പിലാക്കുന്നതിനായി 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വിവ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) അദ്ധ്യാപക സംഘടനകളടക്കം വിവിധ സംഘടനകളുമായി ചർച്ച നടത്തുകയും അവരുടെകൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് 2019-20 വർഷത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ തീരുമാനിച്ചത്. സ്കൂൾ ഒറ്റ യൂണിറ്റായി കണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയുമെന്നതിനാൽ സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എയ്ഡഡ് പൊതുവിദ്യാലയങ്ങൾ

179 (1302) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആക്കുന്ന പദ്ധതി ഈ അദ്ധ്യയന വർഷവും തുടരുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇരവിപുരം മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് രണ്ടാംഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി യു. പി., എൽ.പി. വിഭാഗത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇരവിപുരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ എൽ.പി.,യു.പി സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; ഓരോ സ്കൂളിലും എത്ര ക്ലാസ് മുറികൾ വീതം ഹൈടെക്ക് ആക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ സജ്ജമായ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഉപകരണ വിതരണം പൂർത്തിയാക്കുകയും ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള ഹൈടെക് സ്കൂൾ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞു. പ്രൈമറി വിഭാഗത്തിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് ഇരവിപുരം മണ്ഡലത്തിലെ 31 സ്കൂളുകളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്; സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറിവിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇരവിപുരം മണ്ഡലത്തിലെ 31 പ്രൈമറി സ്കൂളുകളിൽ ലാബ് സജ്ജമാക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി വിഭാഗം സ്കൂളുകളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല

നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസ്സിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്.

## സ്കൂളുകളെ ഹൈടെക് ആക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

180 (1303) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾ ഹൈടെക് തലത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏത്ര സ്കൂളുകളിൽ ക്ലാസ് മുറികൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു; ജില്ലതിരിച്ച് ഈ സ്കൂളുകളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ സ്കൂളുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് അവസാന ഘട്ടത്തിലാണ്. ഓരോ ജില്ലയിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 402 |
| കൊല്ലം | 384 |
| പത്തനംതിട്ട | 268 |
| ആലപ്പുഴ | 325 |
| കോട്ടയം | 383 |
| ഇടുക്കി | 240 |
| എറണാകുളം | 476 |
| തൃശ്ശൂർ | 442 |
| പാലക്കാട് | 323 |
| മലപ്പുറം | 406 |
| കോഴിക്കോട് | 363 |
| വയനാട് | 155 |
| കണ്ണൂർ | 341 |
| കാസർഗോഡ് | 244 |

(ബി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച രീതിയിൽ പുരോഗമിക്കുന്നില്ല എന്ന് കണ്ട സ്കൂളുകളുടെ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള അഞ്ച് കരാറുകാരുടെ യോഗം വിളിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പുതുക്കിയ ഷെഡ്യൂൾ തയ്യാറാക്കുകയും ചെയ്തു. ആ ഷെഡ്യൂൾ അനുസരിച്ചുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കിയില്ലെങ്കിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് ഈ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

**പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികൾ_**

181 (1304) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പ്രവൃത്തി എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

(ബി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള ഉപകരണ വിതരണം ഉടൻ ആരംഭിക്കുന്നതാണ്.

(സി) പദ്ധതി നടപ്പിലാക്കുന്ന 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിലെ 2086181 വിദ്യാർത്ഥികൾക്ക് ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ലഭിക്കും.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ**

182 (1305) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈടെക് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 3 കോടി രൂപ കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എയ്ഡഡ്

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടും നൽകുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ 'സമഗ്ര' പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് ഉടൻ പൂർത്തിയാക്കും. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## പല്ലാരിമംഗലം ഗവൺമെന്റ് വി.എച്ച്.എസ്.എസ്.

183 (1306) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള പല്ലാരിമംഗലം ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പല്ലാരിമംഗലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 2-3-2019-ൽ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും പങ്കെടുക്കാൻ ആളില്ലാതെ വന്നതിനാൽ വിവിധ ഘട്ടങ്ങളിലായി 4-5-2019 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ 13-5-2019-ൽ റീ-ടെണ്ടർ ചെയ്തു. തുടർന്നും ആരും പങ്കെടുത്തിരുന്നില്ല. ഈ സാഹചര്യത്തിൽ സ്കൂളുകളെ റീ-ക്ലസ്റ്റർ ചെയ്ത് പുതിയ ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂൾ കോമ്പൗണ്ടിൽ അങ്കണവാടികൾ**

184 (1307) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോംപൗണ്ടിൽ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ ചെറൂപ്പ ഗവ. എൽ.പി. സ്കൂൾ കോമ്പൗണ്ടിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുമതി തേടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അനുമതി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പ്രീ-പ്രൈമറി പ്രവർത്തിക്കാത്ത സർക്കാർ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അവ പ്രവർത്തിപ്പിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിനേയും അധികാരപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തലശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം**

185 (1308) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബി മുഖാന്തരം തലശ്ശേരി

നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്ക് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച സ്കൂളുകളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനു ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കതിരൂർ ജി.വി.എച്ച്.എസ്.എസ്., ചിറക്കര ഗവ. എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറുകാരനെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് രണ്ട് സ്കൂളുകളുടേയും പണികൾ ഏറ്റെടുത്തിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിക്കാൻ വേണ്ടിവന്ന കാലതാമസം കാരണം കതിരൂർ സ്കൂളിലും ഫൗണ്ടേഷൻ പൈലിംഗ് ആക്കേണ്ടിവന്നതിനാൽ ചിറക്കര സ്കൂളിലും പണികൾ തുടങ്ങാൻ കാലതാമസം നേരിട്ടു. എന്നാൽ ഇപ്പോൾ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**അമ്പലമുകൾ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ**

186 (1309) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയുടെ വികസനവുമായി ബന്ധപ്പെട്ട് അമ്പലമുകൾ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടവും നാലര ഏക്കർ സ്ഥലവും റിഫൈനറി ഏറ്റെടുക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ സ്കൂൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടവും സ്ഥലവും പ്രവർത്തന സജ്ജമായിട്ടുണ്ടോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള ഫണ്ട് കൊച്ചി റിഫൈനറിയിൽ നിന്നും നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ;എങ്കിൽ ആയത് കിട്ടിയിട്ടുണ്ടോ;വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കി സ്കൂൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി & ഡി) അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) ചെയ്യേണ്ടതാണെന്നും പരസ്പര കൈമാറ്റത്തിലൂടെ അധികമായി നൽകുന്ന 40 സെന്റിന്റെ വില ബി.പി.സി.എൽ. (കൊച്ചിൻ റിഫൈനറി) സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി കുഴിക്കാട് ഗവൺമെന്റ് സ്കൂൾ നിൽക്കുന്ന മുഴുവൻ ഭൂമിയും (പുത്തൻകുരിശ് വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീ സർവ്വേ നമ്പർ 140-ൽപ്പെട്ട 2.18.50 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമി) ഒറ്റപ്ലോട്ടായി ബി.പി.സി.എൽ.-ന് കൈമാറുന്നതിനും 5 ഏക്കർ 40 സെന്റ് വരുന്ന ടി സ്ഥലത്തിന് പകരമായി എഫ്.എ.സി.റ്റി.യിൽ നിന്നും ബി.പി.സി.എൽ. വിലയ്ക്ക് വാങ്ങിയ 5 ഏക്കർ സ്ഥലവും സ്കൂൾ കെട്ടിടവും അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി (കുഴിക്കാട്) സ്കൂളിനായി ഏറ്റെടുക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ വിതരണം

187 (1310) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് കമ്പ്യൂട്ടർ, ലാപ് ടോപ്, പ്രൊജക്ടർ തുടങ്ങിയവ വാങ്ങുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്കൂളുകൾക്ക് അവ വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും വിതരണത്തിൽ കാലതാമസമുണ്ടായതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) എത്രയും വേഗം പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്; ടൗൺ എൽ.പി.എസ്. കരുനാഗപ്പള്ളി, ജി.എൽ.പി.എസ്. ചെറിയഴീക്കൽ എന്നീ സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പ്രസ്തുത സ്കൂളുകളിൽ ICT ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സ്കൂളുകളിൽ നിന്നും സ്ഥലം തയ്യാറായി എന്ന വിവരം ലഭിക്കുന്ന മുറയ്ക്ക് ഇൻസ്റ്റാൾ ചെയ്ത് നൽകുമെന്ന് ഏജൻസി രേഖാമൂലം വിവരം നൽകിയിട്ടുണ്ട്.

(ബി) ഫോർകോം ഇൻഫ്രാടെക് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ഇടപ്പള്ളി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിലവിലെ റേറ്റിലും അതേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്, പ്രൊജക്ടർ എന്നിവ വിപണിയിൽ ലഭ്യമല്ലാത്തതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത്.

(സി) അദ്ധ്യയന വർഷാരംഭത്തിൽതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട്**

188 (1311) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്കൂളിനും എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 30/2018/ധന. നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരണമായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്ന എയ്ഡഡ് സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി 44 എയ്ഡഡ് സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ അനുവദിച്ച തുക

189 (1312) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ 2018-19 ൽ കേന്ദ്രസർക്കാർ എത്ര തുകയാണ് സംസ്ഥാനത്തിന് അനുവദിച്ചത് എന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചതെന്നും ഇതിൽ എത്ര ശതമാനം തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ 2018-19-ൽ കേന്ദ്രസർക്കാർ 'സ്പിൽ ഓവർ' അടക്കം ആകെ 876.94 (എണ്ണൂറ്റി എഴുപത്തിയാറ് കോടി തൊണ്ണൂറ്റി നാല് ലക്ഷം രൂപ മാത്രം) കോടി രൂപയുടെ പദ്ധതിയുടെ അനുമതിയാണ് നൽകിയത്. എന്നാൽ കേന്ദ്ര സർക്കാർ 2018-19-ൽ ആകെ നൽകിയത് 256.05 (ഇരുന്നൂറ്റി അൻപത്തിയാറ് കോടി അഞ്ച് ലക്ഷം രൂപ മാത്രം) കോടി രൂപ മാത്രമാണ്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കുട്ടനാട്ടിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം

190 (1313) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തെത്തുടർന്ന് രണ്ട് മാസത്തോളം അദ്ധ്യയനദിനങ്ങൾ നഷ്ടപ്പെട്ടിട്ടും മികച്ച വിജയം കരസ്ഥമാക്കിയ കുട്ടനാട്ടിലെ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. കുട്ടനാട്ടിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ ശുചിമുറി, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നവീകരണവും കുടിവെള്ള വിതരണവും നടപ്പിലാക്കിയിട്ടുണ്ട്.

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഗൈഡൻസ്

191 (1314) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തുടർപഠനത്തിന് ആവശ്യമായ ശരിയായ ഗൈഡൻസ് ലഭ്യമാക്കുന്നതിന് കരിയർ ഗൈഡൻസ്, കരിയർ ഡെവലപ്മെന്റ് എന്നിവ സംബന്ധിച്ച കാര്യങ്ങൾ വിദ്യാർത്ഥികളുടെ സിലബസ്സിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആവശ്യമായ അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## എൽ.പി.സ്കൂളുകളിൽ ഹിന്ദി ഭാഷാപഠനം

192 (1315) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നുമുതൽ അഞ്ചാം ക്ലാസ്സുവരെ പഠനം നടക്കുന്ന എൽ. പി സ്കൂളുകളിൽ ഹിന്ദിഭാഷ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിദ്യാലയങ്ങളിൽ ഹിന്ദി ഭാഷാ പഠനത്തിനും അദ്ധ്യാപകരെ നിയമിക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീരീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അഞ്ചാം ക്ലാസ്സുവരെ പഠനം നടക്കുന്ന എൽ. പി സ്കൂളുകളിൽ ഹിന്ദി ഭാഷാപഠനത്തിന് സംവിധാനം ഒരുക്കുമോ; തുടർ നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഇത്തരം വിദ്യാലയങ്ങളിൽ ഹിന്ദി അദ്ധ്യാപക തസ്തിക അനുവദിക്കാൻ വ്യവസ്ഥയില്ല. ഫുൾടൈം ബെനിഫിറ്റ് ലഭിക്കുന്ന പാർട്ട്-ടൈം ഹിന്ദി അദ്ധ്യാപകരെ ഇത്തരം സ്കൂളുകളുമായി ക്ലബ് ചെയ്ത് ഇവിടങ്ങളിലെ ഹിന്ദിഭാഷ പഠനത്തിന് മുടക്കം വരാതിരിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കുന്നുണ്ട്.

## എൽ.പി.സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്

193 (1316) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസവകുപ്പിനുകീഴിൽ എൽ.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് അനുവദിക്കുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്ര സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് അനുവദിച്ചു ഉത്തരവ് നൽകിയിട്ടുണ്ട്;

(ബി) മലപ്പുറം ജില്ലയിൽ ഓരോ നിയോജകമണ്ഡലത്തിലും ഏതെല്ലാം സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എൽ.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 189 പ്രൈമറി സ്കൂളുകളിൽ ലാപ്ടോപ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രോജക്ടർ എന്നിവ നൽകി ഹൈടെക് പ്രവർത്തനങ്ങൾ പൈലറ്റായി നടപ്പിലാക്കുകയും 9941 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിക്ക് അനുമതി നൽകുകയും കിഫ്ബി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രൈമറി സ്കൂളുകളിൽ ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## എൽ.പി.എസ്.എ. (മലയാളം) ഒഴിവുകൾ

194 (1317) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ. (മലയാളം) തസ്തികയുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി വകുപ്പിന് ബാധകമാകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത വിധി (10-8-2018-ലെ ഒ.എ. 1924/16) ബാധകമാണെങ്കിൽ തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം) തസ്തികയിലെ 169 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ഏത് ഉദ്യോഗസ്ഥനാണ് വീഴ്ച വരുത്തിയത് എന്നറിയിക്കാമോ ; ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത കോടതി ഉത്തരവ് നടപ്പാക്കുന്നതിനായി 17-10-2018, 5-1-2018 തീയതികളിൽ എ 5/56097/18 നമ്പർ ഉത്തരവിലൂടെ ഡി.പി.ഐ. ആവശ്യപ്പെട്ടെങ്കിലും ഡി.ഡി.ഇ. നടപടി സ്വീകരിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) കോടതി ഉത്തരവുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലുള്ള എൽ.പി.എസ്.എ. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാനും ഉദ്യോഗാർത്ഥികൾക്ക് നീതി ലഭ്യമാക്കാനും ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ; വിശദാംശം നൽകുമോ ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വേക്കൻസി എന്നത്തേക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയും എന്നറിയിക്കാമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.1924/16-ൽ 10-8-2018-ലെ ഉത്തരവിനെതിരെ കേരള ഹൈക്കോടതിയിൽ അപ്പീൽ ഹർജി നിലനിൽക്കുന്നതിനാൽ ട്രൈബ്യൂണൽ ഉത്തരവിന്മേൽ തൽക്കാലം തുടർനടപടികൾ സ്വീകരിക്കാൻ കഴിയില്ല.

(സി) ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) കേരള അഡ്മിനിട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരെ കേരള ഹൈക്കോടതിയിൽ അപ്പീൽ ഹർജി നിലവിലുള്ളതിനാൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല.

(ഇ) കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒ.പി. (കെ.എ.റ്റി.) നമ്പർ 350/2018 അപ്പീലിന്മേലുള്ള അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) യോഗ്യത

195 (1318) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യവിഷയമായോ സബ്സിഡിയറി വിഷയമായോ പഠനം പൂർത്തിയാക്കിയവരോടൊപ്പം മറ്റ് ഏതെല്ലാം യോഗ്യതകൾ കൂടി എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയ്ക്ക് പരിഗണിക്കാമെന്ന വിഷയത്തിന്മേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യവിഷയമായോ സബ്സിഡിയറി വിഷയമായോ പഠനം പൂർത്തിയാക്കിവരോടൊപ്പം മറ്റ് ഏതെല്ലാം യോഗ്യതകൾ കൂടി എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയ്ക്ക് പരിഗണിക്കാമെന്ന വിഷയത്തിന്മേൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ റിപ്പോർട്ട് ജെ3/121/2018/പൊ.വി.വ. നമ്പർ ഫയലിൽ ആരാഞ്ഞിട്ടുണ്ട്.

## ഖാദർ കമ്മിറ്റി

196 (1319) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. എം. എ. ഖാദർ കമ്മിറ്റിയുടെ ശിപാർകളിൻമേൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് അധ്യാപക സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഈ റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 28-2-2019-ലെ സ.ഉ.(കൈ)നമ്പർ 19/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് വിവിധ സംഘടനകളുമായി നടത്തിയ

ചർച്ചയുടെകൂടി അടിസ്ഥാനത്തിൽ 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 20-5-2019-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലും 28-5-2019-ൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിയിരുന്നു.

## സംസ്ഥാനത്ത് എസ്.എസ്.എൽ.സി.ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച സ്കൂളുകളുടെ എണ്ണം

197 (1320) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എസ്.എസ്.എൽ.സി.യ്ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച എത്ര സ്കൂളുകളുണ്ട് ;

(ബി) ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര എന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(സി) വിജയ ശതമാനം കുറഞ്ഞ സർക്കാർ-എയ്ഡഡ് ഹൈസ്കൂളുകളിൽ വിജയശതമാനം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എസ്.എസ്.എൽ.സി.ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച 1312 സ്കൂളുകളുണ്ട്.

(ബി) നൂറ് ശതമാനം വിജയം കൈവരിച്ച സർക്കാർ സ്കൂളുകളുടെ എണ്ണം: 599

നൂറ് ശതമാനം വിജയം കൈവരിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം: 713

(സി) വിജയശതമാനം കുറഞ്ഞതായി കാണുന്ന സ്കൂളുകളിലെ പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കപ്പെടേണ്ടതാണ്. ഇതിനായി അതത് സ്കൂളുകൾ ഉൾപ്പെടുന്ന പ്രാദേശിക ഭരണകൂടങ്ങൾ, പി.ടി.എ.കൾ, അദ്ധ്യാപക കൂട്ടായ്മകൾ എന്നിവ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. കൂടാതെ വിജയശതമാനം ഉയർത്തുന്നതിനായി 'ശ്രദ്ധ' എന്ന പദ്ധതിയിലൂടെ വിവിധ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു. വിജയശതമാനം കുറഞ്ഞ സ്കൂളുകളിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സ്കൂൾ പ്രവർത്തി സമയത്തിനുശേഷം പ്രത്യേക പഠനക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറിയിൽ അധിക ബാച്ചുകൾ**

198 (1321) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയശതമാനം ഉണ്ടായ സാഹചര്യത്തിൽ എല്ലാ വിജയികൾക്കും ഉപരിപഠനത്തിനായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകളും , പുതിയ ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

**പ്ലസ് ടു പ്രവേശനം**

199 (1322) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് ടു ക്ലാസ്സുകളിലേയ്ക്കുള്ള അഡ്മിഷൻ മേയ് മാസം തന്നെ പൂർത്തീകരിക്കുവാനും ജൂൺ ആറിന് ക്ലാസ്സുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്ലസ് ടു അഡ്മിഷൻ നേരത്തെ പൂർത്തീകരിച്ച് ക്ലാസ്സുകൾ ജൂണിൽ തന്നെ ആരംഭിക്കുന്നതുമൂലം വരുന്ന അദ്ധ്യയനവർഷം കൂടുതൽ അദ്ധ്യായ ദിവസങ്ങൾ ഉറപ്പാക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) ഈ വർഷം സർക്കാർ-എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് ടു സീറ്റുകളാണ് നിലവിലുള്ളത്;

(ഡി) എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ പരീക്ഷകൾ പാസ്സായി പ്ലസ് ടു അഡ്മിഷന് അർഹതപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനം മെയ് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രവേശന നടപടികൾ തുടർന്നുവരുന്നു. ജൂൺ ആറിന് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 422872 സീറ്റുകൾ

(ഡി) 2019 മാർച്ചിൽ 432070 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുണ്ട്. എന്നാൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. വിദ്യാർത്ഥികളുടെ എണ്ണം സർക്കാരിന്റെ പക്കൽ ലഭ്യമല്ല. പ്ലസ് വൺ പ്രവേശനത്തിന് പ്രസ്തുത വിഭാഗത്തിൽനിന്നും യഥാക്രമം 45357, 4217 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

## പ്ലസ് വൺ സീറ്റുകളുടെ എണ്ണം

200 (1323) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷംതോറും സംസ്ഥാനത്തെ എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ. പരീക്ഷകളിലെ വിജയശതമാനം വർദ്ധിച്ചുവരുന്നതിനാലും ഇതിന്റെ പശ്ചാത്തലത്തിൽ സി.ബി.എസ്.ഇ. യിൽ നിന്ന് സംസ്ഥാന സിലബസിലേക്ക് പ്ലസ് വൺ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുമെന്നതിനാലും അഭിമുഖീകരിക്കേണ്ടി വരുന്ന പ്ലസ് വൺ സീറ്റ് ക്ഷാമം നേരിടാൻ ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷം ഇതേ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതൊക്കെ സ്കൂളുകളിലാണ് അധിക ബാച്ചും സീറ്റും അനുവദിച്ചതെന്ന് അറിയിക്കാമോ;

(സി) ഈ വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ തരം തിരിച്ച് അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നു. ഇതിനുപരിയായി മലബാർ മേഖലയിൽ വീണ്ടും 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് കൂടി അനുവദിച്ചിരുന്നു. കൂടാതെ തെക്കൻ ജില്ലകളിൽ നിന്നും നിശ്ചിത എണ്ണം പഠിതാക്കൾ ഇല്ലാതിരുന്ന എട്ട് ബാച്ചുകൾ മലപ്പുറം ജില്ലയിലെ വിവിധ സ്കൂളുകളിലേയ്ക്ക് മാറ്റുകയുണ്ടായി.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

## പ്ലസ് വൺ സീറ്റുകളുടെ എണ്ണം

201 (1324) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ ക്ലാസ്സിലേയ്ക്ക് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപേക്ഷകരുള്ള മലപ്പുറം ജില്ലയിൽ അപേക്ഷിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ ;

(ബി) പ്ലസ് വണ്ണിലേയ്ക്ക് ആവശ്യമായ സീറ്റിന്റെ കാര്യത്തിൽ രക്ഷിതാക്കളിലും കുട്ടികളിലും ഒപ്പം അദ്ധ്യാപകരിലും നിലനിൽക്കുന്ന ആശങ്കയകറ്റുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ നിലവിലെ പ്ലസ് വൺ സീറ്റുകൾ എത്രയെന്നും പുതുതായി എത്ര സീറ്റുകൾ അനുവദിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) മലപ്പുറം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ 61074 സീറ്റുകളാണുള്ളത്. പുതിയതായി സീറ്റുകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ എണ്ണവും കണക്കാക്കിയിട്ടില്ല.

## പ്ലസ് വൺ സീറ്റുകളുടെ കുറവ്

202 (1325) ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലാണ് പ്രസ്തുത പ്രശ്നം ഏറ്റവും കൂടുതൽ ബാധിക്കുകയെന്നത് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ല ഉൾപ്പെടെ മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ഇല്ലെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഹയർ സെക്കണ്ടറി പരീക്ഷയിൽ ക്രമക്കേട്

203 (1326) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ മാർച്ചിൽ നടന്ന ഹയർ സെക്കന്ററി പരീക്ഷയിൽ ഗുരുതരമായ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കൊക്കെ എതിരെ നടപടി സ്വീകരിച്ചു; ഇക്കാര്യത്തിൽ സ്കൂൾ പ്രിൻസിപ്പൽ ഒത്താശ ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പരീക്ഷയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന രീതിയിൽ ക്രമക്കേട് നടത്തിയ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ഇത്തരം കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് നീലേശ്വരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി പരീക്ഷാ പേപ്പറുകളിൽ അഡീഷണൽ ഡെപ്യൂട്ടി ചീഫ് കൃത്രിമം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ടി സ്കൂളിലെ പരീക്ഷാ വിഭാഗം ചീഫ് സൂപ്രണ്ടായിരുന്ന ശ്രീമതി റസിയ കെ. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായിരുന്ന ശ്രീ. ഫൈസൽ പി.കെ., അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായിരുന്ന ശ്രീ. നിഷാദ് വി. മുഹമ്മദ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) ക്രമക്കേട് നടത്തിയവർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതും ഭാവിയിൽ ഇത്തരം ക്രമക്കേടുണ്ടാകാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും**

204 (1327) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ എച്ച്.എസ്.എസ്., കുളത്തുമ്മൽ എച്ച്.എസ്.എസ്. എന്നിവിടങ്ങളിലെ ലാബിൻെറയും ലൈബ്രറിയുടെയും നിർമ്മാണത്തെ സംബന്ധിച്ച നിലവിലെ സ്ഥിതിയും തുടർ നടപടികളും വിശദമാക്കാമോ?

ഉത്തരം

(എ & ബി) 38 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൈറ്റിനെ (KITE) ഏല്പിച്ചിരുന്നു. ഈ പ്രോജക്ട് റിപ്പോർട്ട് കൈറ്റിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രോജക്ടിൽ ഉൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ എച്ച്.എസ്.എസ്., കുളത്തുമ്മൽ എച്ച്.എസ്.എസ്. എന്നിവിടങ്ങളിലെ ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണത്തെ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

205 (1328) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തലത്തിൽ അക്കാദമിക് വിഷയങ്ങൾക്കൊപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസവും ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനു വേണ്ടി സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി (എൻ.എസ്.ക്യൂ.എഫ്.) സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 12 ജോബ് റോളുകൾ 66 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 30 വിദ്യാർത്ഥികൾ വീതം അടങ്ങുന്ന 147 ബാച്ചുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

തുടർന്ന് 2019-20 അദ്ധ്യയന വർഷത്തിൽ 35 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ 30 വിദ്യാർത്ഥികൾ വീതം അടങ്ങുന്ന 97 ബാച്ചുകളിലായി 5 പുതിയ ജോബ് റോളുകൾ കൂടി ഉൾപ്പെടുത്തി എൻ.എസ്.ക്യൂ.എഫ്. ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ അനുവദിച്ച സ്കൂളുകളുടെയും ടി സ്കൂളുകളിൽ അനുവദിച്ച കോഴ്സുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വേങ്ങരയിലെ സ്കൂളുകൾക്ക് പുതിയ ബാച്ചുകൾ

206 (1329) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അടിയന്തരമായി അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അക്കാദമികവർഷം തന്നെ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല.

(സി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷ എഴുതിയ സംഭവം

207 (1330) ശ്രീ. ഐ .സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം, നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് ടു പരീക്ഷയ്ക്ക് അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷ എഴുതിയിട്ടുണ്ടോ; എങ്കിൽ ഇത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ആകെ കളങ്കം വരുത്തിയിട്ടില്ലേ;

(ബി) സംഭവത്തിൽ വ്യാപക ക്രമക്കേട് നടന്നുവെന്ന് വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വിദ്യാലയങ്ങൾ വിജയശതമാനത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതിയെന്നും വിദ്യാർത്ഥികൾക്ക് ധാർമികമൂല്യവും പൗരധർമ്മവും അച്ചടക്കവും പകർന്ന് നൽകേണ്ട ഇടമല്ലായെന്നുമുള്ള തെറ്റായ സന്ദേശം ഈ സംഭവത്തിലൂടെ നൽകി എന്നത് ഗൗരവമായി കണക്കിലെടുക്കുമോ;

(ഡി) മുക്കം, നീലേശ്വരം ഹയർ സെക്കന്ററി സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഏൽപിച്ച കളങ്കം ആവർത്തിക്കാതിരിക്കുവാൻ എന്ത് തിരുത്തൽ നടപടിയാണ് വിദ്യാഭ്യാസവകുപ്പ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നീലേശ്വരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകർ ചില വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷ എഴുതിയിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് നൽകിയിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അദ്ധ്യാപകരെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കൂടാതെ ടി പരീക്ഷാ ക്രമക്കേട് കാട്ടിയ അഡീഷണൽ ഡെപ്യൂട്ടി ചീഫിന്റെ മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളും അന്വേഷണവിധേയമാക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

(സി) കണക്കിലെടുക്കും.

(ഡി) അതത് സ്കൂളുകളിലെ അദ്ധ്യാപകരെ അഡീഷണൽ ഡെപ്യൂട്ടി ചീഫ് ആയി നിയമിക്കുന്ന നടപടി അവസാനിപ്പിച്ച് ഓരോ പരീക്ഷാ കേന്ദ്രത്തിലും മറ്റ് സ്കൂളുകളിൽ നിന്നുള്ള ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിലെ ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണം

208 (1331) <u>ശ്രീ. റ്റി. വി.രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, മാട്ടൂൽ, കുഞ്ഞിമംഗലം എന്നിവിടങ്ങളിലെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, കുഞ്ഞിമംഗലം എന്നീ സ്കൂളുകളിൽ ലാബ്, ലൈബ്രറി എന്നിവ നിർമ്മിക്കാൻ അനുമതി നൽകിയിരുന്നു. 38 ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൈറ്റിനെ (KITE) ഏല്പിച്ചിരുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളുടെ ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മാട്ടൂൽ ജി.എച്ച്.എസ്.എസ്.-ന് ലാബ് നവീകരണത്തിനായി 7-8-2018-ലെ സ.ഉ.(സാധാ) നമ്പർ 3026/18/പൊ.വി.വ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി സ്കൂളിന്റെ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എസ്.എസ്.എൽ.സി. വിജയവും പ്ലസ് വൺ പ്രവേശനവും

209 (1332) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്ന് ഇത്തവണ എത്ര കുട്ടികൾ പത്താം ക്ലാസ്സിൽ വിജയികളായെന്ന് അറിയിക്കാമോ;

(ബി) പ്ലസ് വണ്ണിന് കാസർഗോഡ് ജില്ലയിൽ എത്ര സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്ലസ് വൺ പ്രവേശനത്തിനു എത്ര കുട്ടികളാണ് ജില്ലയിൽ അപേക്ഷിച്ചിട്ടുള്ളതെന്നും അപേക്ഷിച്ചവർക്കെല്ലാം സീറ്റുകൾ നൽകാൻ കഴിയുമോയെന്നും അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ ഉദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാർച്ച് 2019-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കാസർഗോഡ് ജില്ലയിൽ നിന്നും വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സർക്കാർ സ്കൂളുകൾ | - 10327 |
| എയ്ഡഡ് സ്കൂളുകൾ | - 6615 |
| അൺ എയ്ഡഡ് സ്കൂളുകൾ | - 1834 |
| ആകെ | - 18776 |

(ബി) സർക്കാർ-എയ്ഡഡ് മേഖലയിൽ 12200 സീറ്റുകളും അൺ എയ്ഡഡ് മേഖലയിൽ 2078 സീറ്റുകളും ലഭ്യമാണ്.

(സി & ഡി) പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

## വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനം

210 (1333) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ആവശ്യത്തിന് സീറ്റില്ലാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതേ സമയം തെക്കൻ കേരളത്തിലെ അഞ്ച് ജില്ലകളിലായി 54 ഹയർ സെക്കന്ററി ബാച്ചുകൾ മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടോ;

(സി) എങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ഈ ബാച്ചുകൾ അഡീഷനായി സീറ്റില്ലാതെ ബുദ്ധിമുട്ടുന്ന കുട്ടികളുള്ള ജില്ലകളിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ വടക്കൻ കേരളത്തിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ആവശ്യത്തിന് സീറ്റില്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) തെക്കൻ കേരളത്തിലെ അഞ്ച് ജില്ലകളിലായി 54 ഹയർ സെക്കണ്ടറി ബാച്ചുകൾ മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമില്ല. എന്നിരുന്നാലും സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മലയിൻകീഴിലെ കലാകായിക പാർക്ക് നിർമ്മാണം

211 (T*1334) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴിൽ കലാകായിക പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ച പാർക്ക് നിർമ്മാണം സംബന്ധിച്ച നിർദ്ദേശം നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ സ്കൂളുകളിൽ കലാ-കായിക-സാംസ്കാരിക പാർക്കുകൾ സ്ഥാപിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം

212 (1335) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസരംഗത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ഒന്നു മുതൽ ഏഴ് വരെയുള്ള പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;ഉണ്ടെങ്കിൽ ഇതിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിനായി എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ ഡിജിറ്റലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സ്കൂൾ അഡ്മിഷൻ മുതൽ ക്ലാസ് പ്രൊമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രവർത്തനങ്ങളും കലോത്സവം,

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശാസ്ത്രോത്സവം, കായികോത്സവം തുടങ്ങിയ പ്രവർത്തനങ്ങളും ഇതിനോടകം തന്നെ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടപ്പിലാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം, വിദ്യാലയങ്ങളിൽ ഹൈടെക് പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയാണ്. പദ്ധതിപ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇവ കൂടാതെ മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവയുടെയുള്ള ടെണ്ടർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## സർവ്വശിക്ഷാ അഭിയാൻ

213 (1336) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തികവർഷത്തിലേക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാന സർക്കാർ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്കായി എത്ര കോടി രൂപയുടെ ബഡ്ജറ്റ് പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിന് നൽകിയത്;

(സി) 2019-ൽ ഏതൊക്കെ പ്രോജക്ടുകൾക്കാണ് ഈ വർഷം അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(ഡി) സർക്കാർ സ്കൂളുകളിൽ സോളാർ എനർജി സ്ഥാപിക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ തുക അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ Annual Work Plan & Budget (AWP&B) മിനിട്സ്

അംഗീകരിച്ച് ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ അനുവദിച്ച ഫണ്ട് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ സാധിക്കുകയുള്ളൂ.

(ബി) 1506.41 (ആയിരത്തി അഞ്ഞൂറ്റിയാറ് കോടി നാല്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) കോടി രൂപയുടെ ബഡ്ജറ്റാണ് സമർപ്പിച്ചിരുന്നത്.

(സി & ഡി) ബാധകമല്ല.

**സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി**

214 (1337) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ ജി.എച്ച്.എസ്.എസ് ചിറക്കര ജി.എച്ച്.എസ് എന്നീ സ്കൂളുകൾ യഥാക്രമം നം. 5411/2018/പൊ.വി.(എം) വകുപ്പ് തീയതി 24-12-2018, Go(Rt) No.1077/2019 G.Edn തീയതി 19-3-2019 എന്നീ ഉത്തരവുകൾ പ്രകാരം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം നൽകി കിഫ്ബി മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചതിന്മേലുള്ള തുടർ നടപടികളിലെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ജി.എച്ച്.എസ്.എസ്.-ന്റെ Detailed Project Report (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. ചിറക്കര സ്കൂളിന്റെ DPR തയ്യാറാക്കിയിട്ടില്ല.

**മാതമംഗലം ഗവ.എൽ.പി.സ്കൂൾ**
**കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കുന്നതിന് നടപടി**

215 (1338) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാതമംഗലം ഗവ. എൽ. പി. സ്കൂളിന് കെട്ടിടം പണിയാൻ 2017-18 ലെ പ്ലാൻ ഫണ്ടിൽ നിന്നും 1.84 കോടി രൂപ അനുവദിച്ചെങ്കിലും 20 % തുക മുൻകൂറായി നൽകാത്തതിനാൽ നിർമ്മിതി കേന്ദ്രം നിർമ്മാണം ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡ്വാൻസ് അനുവദിച്ചാൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയൂവെന്ന് നിർമ്മിതി കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളതെന്നതിനാൽ സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച തടസ്സപെടുത്താതെ പ്രസ്തുത ഫണ്ട് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുല്ലൂർ സ്കൂൾ

216 (1339) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പുല്ലൂർ സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ഡി.പി.ഐ.ക്ക് ഏതെല്ലാം ജനപ്രതിനിധികളും സംഘടനകളും കത്ത് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; എങ്കിൽ കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട NS3/ 60850/ 2018/ DPI -യുടെ ഫയലിന്റെ മുഴുവൻ പകർപ്പും ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) എം.എൽ.എ. ശ്രീ. എം. ഉമ്മർ കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. *

(ബി) ബഹു. എം.എൽ.എ. യുടെ 19-2-2019-ലെ കത്തിന് 3-3-2019-ലെ എൻ.എസ്.3/7751/2019 നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് റിട്ട് ഹർജി 3060/14 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിന്മേലുള്ള ഹൈക്കോടതിയുടെ 18-6-2015-ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മലപ്പുറം ജില്ലയിലെ മഞ്ചേരി പുല്ലൂർ പ്രദേശത്തെ രണ്ടാം വാർഡിൽ ഉൾപ്പെട്ട പുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ 8-ാം ക്ലാസ് ആരംഭിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

(സി) പ്രസ്തുത ഫയലിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകൾക്ക് കിഫ്ബി ധനസഹായം

217 (1340) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കാട്ടിക്കുളം, വെള്ളമുണ്ട, പനമരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് കിഫ്ബി മുഖേന അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തിയുടെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ടി പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയുടെ പേര് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടില്ലെങ്കിൽ എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മാനന്തവാടി മണ്ഡലത്തിലെ കാട്ടിക്കുളം, വെള്ളമുണ്ട, പനമരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കിഫ്ബി മുഖേന അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. റീ-ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) ബാധകമല്ല.

## കുളത്തൂർ കോളേജിനുവേണ്ടി ഭൂമി കൈമാറ്റം നടത്തുന്നത് സംബന്ധിച്ച നടപടി

218 (1341) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ളതും കുളത്തൂർ ഗവൺമെന്റ് കോളേജിനുവേണ്ടി നൽകാൻ ഉദ്ദേശിക്കുന്നതുമായ അഞ്ചേക്കർ ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിന് ഭൂമി കൈമാറ്റം നടത്തുന്നതിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) കുളത്തൂർ കോളേജിനു ഭൂമി കൈമാറ്റം ചെയ്യുന്നതിന്ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമി കുളത്തൂർ കോളേജിനായി കൈമാറിയിട്ടില്ല.

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ പ്രവർത്തനത്തിനായി 5 ഏക്കർ സ്ഥലം കൈമാറുന്നതിലേയ്ക്കായി കുളത്തൂർ ഗവൺമെന്റ് സ്കൂളിന്റെ പ്രവർത്തനത്തിനും ഭാവി വികസന പദ്ധതികൾക്കും ആവശ്യമായ ഭൂമി വേർതിരിച്ച് ടി സ്കൂളിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി, 5 ഏക്കർ സ്ഥലം കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ ആവശ്യത്തിനായി മാറ്റി നിർത്തി വിശദവിവരം അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

219 (1342) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2006-07 മുതൽ 2015-16 വരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ എത്ര തുകയാണനുവദിച്ചതെന്ന് സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

അങ്കമാലി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2006-07 മുതൽ 2015-16 വരെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

പ്ലാൻ

| | |
|---|---|
| 2006-07 | - 9,63,286 |
| 2007-08 | - 1,00,000 |
| 2008-09 | - 10,37,869 |
| 2009-10 | - 11,23,421 |
| 2010-11 | - 13,22,568 |
| 2011-12 | - 14,74,519 |

| | |
|---|---|
| 2012-13 | - 18,69,543 |
| 2013-14 | - 21,22,497 |
| 2014-15 | - 22,13,061 |
| 2015-16 | - 23,84,167 |

നോൺപ്ലാൻ

| | |
|---|---|
| 2008-09 | - 1,00,000 |
| 2010-11 | - 2,00,000 |
| 2013-14 | - 7,35,000 |

**കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**

220 (1343) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 സെപ്റ്റംബർ മാസത്തിലാണ് ആരംഭിച്ചത്.

(ബി) Ground Floor-ന്റെ Slab വാർക്കുന്ന നിലയിലാണ്. കരാറുകാരന് പണി തീർക്കാൻ നിലവിൽ നൽകിയിരുക്കുന്ന സമയം 20.08.2019 ആണ്.

**വെറ്റിലപ്പാറ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ**

221 (1344) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായ വെറ്റിലപ്പാറ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ഹ്യൂമാനിറ്റീസ്, കോമേഴ്സ് ബാച്ചുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നവീകരണത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ ഹൈടെക് നിലവാരത്തിലാക്കുന്ന സർക്കാർ-എയ്ഡഡ് സ്കൂളുകൾ

222 (1345) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ ഹൈടെക് നിലവാരത്തിൽ ആക്കുന്ന സർക്കാർ- എയ്ഡഡ് സ്കൂളുകളിൽ ഓരോന്നിലും എത്ര ക്ലാസ് മുറികളാണ് ഹൈടെക് നിലവാരത്തിലാക്കുന്നതെന്ന് വിശദമാക്കുമോ; അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസ്സിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ 65 സ്കൂളുകളിലേയ്ക്ക് ഇതിനനുസൃതമായി ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്. പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്കായി കിഫ്ബി 292 (ഇരുനൂറ്റി തൊണ്ണൂറ്റി രണ്ട്) കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയാണ്. പദ്ധതിപ്രകാരം സ്കൂളുകൾക്ക് വിതരണം

ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇതുകൂടാതെ മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവയുള്ള ടെണ്ടർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഈ അദ്ധ്യയന വർഷം ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ഒരുക്കിക്കൊണ്ടിരിക്കുന്നത്.

## എസ്.എസ്.എ.യിലെ ഡെപ്യൂട്ടേഷൻ നിയമന നിബന്ധന

223 (1346) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 16-5-2019 ലെ സർക്കുലർ പ്രകാരം എസ്.എസ്.എ.യിലെ ഡെപ്യൂട്ടേഷൻ നിയമനത്തിനായി അപേക്ഷ നൽകുവാൻ , സേവനത്തിൽ നിന്നും വിരമിക്കുവാൻ കുറഞ്ഞത് 2 വർഷമെങ്കിലും വേണമെന്നുള്ള നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എസ്.എസ്.എ.യിൽ ഡെപ്യൂട്ടേഷനിൽ തുടർന്നുവരുന്നതും വിരമിക്കാൻ ഒരു വർഷം മാത്രമുള്ളതുമായ അദ്ധ്യാപകർക്ക് ഇതുമൂലം എസ്.എസ്.എ.യിൽ തുടരുവാൻ ബുദ്ധിമുട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള അദ്ധ്യാപകർക്ക് മുൻകൂട്ടി അറിയിപ്പ് ലഭിക്കാതിരുന്നതിനാൽ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇവർക്ക് പ്രത്യേക ഇളവ് നൽകി ഡെപ്യൂട്ടേഷനിൽ തുടരുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷിക്കുവാൻ സർക്കാർ സേവനത്തിൽ നിന്നും വിരമിക്കുവാൻ കുറഞ്ഞത് 2 വർഷമെങ്കിലും വേണമെന്ന നിബന്ധന പിന്നീട് ഒഴിവാക്കിയിട്ടുണ്ട്.

## എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

224 (1347) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-ന ശേഷം എൽ.പി, യു.പി. സ്കൂൾ ടീച്ചർമാരായി എത്ര പേർക്ക് നിയമനം നൽകി; പുതിയതായി എത്ര പേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ എൽ.പി, യു.പി. സ്കൂൾ ടീച്ചർ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2016-ന് ശേഷം 3260 എൽ.പി. ടീച്ചർമാർക്കും 1508 യു.പി. ടീച്ചർമാർക്കും നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എൽ.പി. | യു.പി. |
|---|---|---|---|
| 1 | തിരുവനന്തപുരം | 499 | 149 |
| 2 | കൊല്ലം | 380 | 151 |
| 3 | പത്തനംതിട്ട | 189 | 74 |
| 4 | ആലപ്പുഴ | 114 | 27 |
| 5 | കോട്ടയം | 172 | 44 |
| 6 | ഇടുക്കി | 80 | 35 |
| 7 | എറണാകുളം | 84 | 10 |
| 8 | തൃശ്ശൂർ | 198 | 68 |
| 9 | പാലക്കാട് | 453 | 314 |
| 10 | മലപ്പുറം | 31 | 54 |
| 11 | കോഴിക്കോട് | 318 | 184 |
| 12 | വയനാട് | 147 | 90 |
| 13 | കണ്ണൂർ | 217 | 136 |
| 14 | കാസർഗോഡ് | 378 | 172 |
| | ആകെ | 3260 | 1508 |

പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്റ്റാഫ് ഫിക്സേഷനശേഷം മാത്രമേ എത്രപേർക്ക് നിയമനം നൽകുവാൻ കഴിയൂ എന്നതിന്റെ യഥാർത്ഥ കണക്ക് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്. എൽ.പി.എസ്.എ. റാങ്ക് ഹോൾഡേഴ്സ് കോടതിയിൽ ഫയൽ ചെയ്ത ഒ.പി. (KAT) 2118/16 നമ്പർ കേസ്സിന്റെ വിധിന്യായത്തിന്മേൽ ഒ.പി. (KAT) 357/18 നമ്പർ അപ്പീൽ കേസ് നിലവിലുണ്ട്.

## എൽ.പി., യു.പി., അദ്ധ്യാപക നിയമനം

225 (1348) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം ,കുന്നുമ്മൽ എന്നീ വിദ്യാഭ്യാസ ഉപജില്ലകളിൽ എത്ര എൽ.പി.,യു.പി . അദ്ധ്യാപക ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഈ തസ്തികയിലേക്കുള്ള നിയമന ശിപാർശകൾ അയച്ചിട്ടുണ്ടോ;

(സി) അദ്ധ്യാപകതസ്തികകൾ ഒഴിവുള്ള സ്കൂളുകളുടെ പേരും ഒഴിവുകളുടെ എണ്ണവും ലഭ്യമാക്കാമോ?

ഉത്തരം

(എ) നാദാപുരം-എൽ.പി.എസ്.റ്റി. -7
യു.പി.എസ്.റ്റി. -3
കുന്നുമ്മൽ എൽ.പി.എസ്.റ്റി. -28
യു.പി.എസ്.റ്റി. -3

(ബി) അയച്ചിട്ടുണ്ട്.

(സി) അദ്ധ്യാപക തസ്തികകൾ ഒഴിവുള്ള സ്കൂളുകളുടെ പേരും എണ്ണവും താഴെ രേഖപ്പെടുത്തുന്നു.

കുന്നുമ്മൽ ഉപജില്ല

എൽ.പി.എസ്.റ്റി.

| | | |
|---|---|---|
| 1 | ജി.യു.എൽ.പി.എസ്., ചെറുകുന്ന് | 4 |
| 2 | ജി.യു.പി.എസ്., കുണ്ടുതോട് | 3 |
| 3 | ജി.യു.പി.എസ്., വട്ടോളി | 3 |
| 4 | ജി.എൽ.പി.എസ്., അരമ്പോൽ | 2 |
| 5 | ജി.എൽ.പി.എസ്., ചേരാപുരം | 3 |
| 6 | ജി.എൽ.പി.എസ്., കുമ്പളച്ചോല | 2 |
| 7 | ജി.എൽ.പി.എസ്., കോതോട് | 3 |
| 8 | ജി.എൽ.പി.എസ്., കരങ്ങോട് | 1 |
| 9 | ജി.എൽ.പി.എസ്., ചൊയിലോത്തറ | 1 |

| | | |
|---|---|---|
| 10 | ജി.എൽ.പി.എസ്., മണ്ണൂർ | 1 |
| 11 | ജി.എൽ.പി.എസ്., തിന്നൂർ | 1 |
| 12 | ജി.എൽ.പിഎസ്.,വടക്കുംമ്പാട് | 1 |
| 13 | ജി.എസ്.ടി.എസ്., തിന്നൂർ | 1 |
| 14 | ജി.എൽ.പിഎസ്., കുന്നശ്ശേരി | 1 |
| 15 | ജി.എൽ.പിഎസ്., മരുതോങ്കര | 1 |
| | ആകെ | 28 |

യു.പി.എസ്.റ്റി.

| | | |
|---|---|---|
| 1 | ജി.യു.പി.എസ്., ചെറുകുന്നം | 1 |
| 2 | ജി.യു.പി.എസ്., കുണ്ടുതോട് | 1 |
| 3 | ജി.യു.പി.എസ്., വട്ടോളി | 1 |
| | ആകെ | 3 |

നാദാപുരം ഉപജില്ല

എൽ.പി.എസ്.റ്റി

| | | |
|---|---|---|
| 1 | ജി.ഡബ്ല്യു. എൽ.പി.എസ്. | 2 |
| 2 | ജി.എൽ.പി.എസ്., പുളിയാവിൽ | 1 |
| 3 | ജി.എം.എൽ.പി.എസ്.,കണ്ണങ്കൈ | 1 |
| 4 | ജി.എം.എൽ.പി.എസ്., തൂണേരി | 2 |
| 5 | ജി.എൽ.പി.എസ്., ചുഴലി | 1 |
| | ആകെ | 7<br>7 |

യു.പി.എസ്.റ്റി.

| | | |
|---|---|---|
| 1 | ജി.യു.പി.എസ്., നാദാപുരം | 2 |
| 2 | ജി. എം.യു.പി.എസ്., പാറക്കടവ് | 1 |
| | ആകെ | 3 |

## സംരക്ഷിത എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ അവധി

226 (1349) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തികയില്ലാതെ പുറത്ത് പോകേണ്ടിവന്ന സംരക്ഷിത എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ അവധി ക്രമീകരണം സംബന്ധിച്ച് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 21-1-2019 ന് ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശം എന്നാണ് ആറ്റിങ്ങൽ ഡി.ഇ.ഒ.യ്ക്ക് ലഭിച്ചത്; ആയത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആറ്റിങ്ങൽ ഡി.ഇ.ഒ. അതിനുള്ള കാരണം രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കാത്ത ആറ്റിങ്ങൽ ഡി.ഇ.ഒ.ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 30-1-2019-ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കിയിട്ടില്ല.

(സി&ഡി) ഇക്കാര്യത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് രേഖാമൂലം സ്പഷ്ടീകരണം തേടിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

## പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി

227 (1350) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ലെ മികച്ച അദ്ധ്യാപകനുള്ള രാഷ്ട്രപതിയുടെ അവാർഡ് നേടിയ, തൃശ്ശൂർ അഞ്ചേരി ഗവ: എച്ച്.എസ്.എസ്.ൽ നിന്നും വിരമിച്ച പി.ജെ. കുര്യന് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഇദ്ദേഹത്തിന് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്താമോ;

(സി) ഇദ്ദേഹത്തിന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി തെറ്റായ വിവരം വിവരാവകാശനിയമപ്രകാരം നൽകിയ ഉദ്യോഗസ്ഥനെതിരെ ഇദ്ദേഹം ഗവ: സെക്രട്ടറിക്ക് നൽകിയ പരാതിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി)ഇദ്ദേഹത്തിന് അർഹമായ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അർഹമായ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്.

(ബി) ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) രേഖകൾ പരിശോധിച്ചതിൻപ്രകാരം വിവരാവകാശ നിയമപ്രകാരം ഇത്തരമൊരു പരാതി സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ഡി) അർഹമായ എല്ലാ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്.

## അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ അവകാശ സംരക്ഷണം

228 (1351) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗീകൃത അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനവും, തൊഴിൽ സംരക്ഷണവും, നിശ്ചിത ജോലിസമയവും,അവധിയും ഉറപ്പാക്കുന്നതിന് പുതിയതായി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനവും നിശ്ചിത ജോലി സമയവും അവധിയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ്

ലഭ്യമാക്കിയ കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലയനം

229 (1352) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലയനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലയനത്തോടെ പി.ജി യും ബി.എഡും ഉള്ള അധ്യാപകരുടെ നിയമനം നടത്തുന്നത് നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകൾക്ക് ബാധകമാണോ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പി.ജി.ടി. യോഗ്യത നേടാൻ സാവകാശം നൽകുമോ;

(ഡി) ലയനത്തോടെ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളിലെ നിയമനങ്ങൾ തടസ്സപ്പെടുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി - ഡി) ഇക്കാര്യങ്ങളിൽ തൽസ്ഥിതി തുടരുന്നതാണ്.

## സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം

230 (1353) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ 2018 ജൂൺ മാസത്തിലെ കണക്കു പ്രകാരം ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുമോയെന്നറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിലേക്ക് നിയമന ശിപാർശകൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്താകെ എൽ.പി. വിഭാഗത്തിലും യു.പി. വിഭാഗത്തിലുമായി അദ്ധ്യാപക തസ്തികകളിലേക്ക് എത്ര പേർക്ക് നിയമന ശിപാർശ നൽകി എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ 2018 ജൂൺ മാസത്തിലെ കണക്കുപ്രകാരം ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

(ബി) ഉണ്ട്. നിയമന ശിപാർശ പി.എസ്.സി.യാണ് നൽകുന്നത്. നിയമന ശിപാർശ ലഭിച്ചുകഴിയുമ്പോൾ ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഒഴിവുകൾ പരിശോധിച്ച് നിയമനം നൽകിവരുന്നു.

(സി) നിയമന ശിപാർശ നൽകിയിട്ടുള്ള വിവരം ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എൽ.പി. | യു.പി. |
|---|---|---|
| തിരുവനന്തപുരം | 265 | 55 |
| കൊല്ലം | 223 | 129 |
| ആലപ്പുഴ | 44 | - |
| കോട്ടയം | 95 | 20 |
| ഇടുക്കി | 80 | 35 |
| തൃശ്ശൂർ | 193 | - |
| പാലക്കാട് | 283 | 162 |
| മലപ്പുറം | 914 | 323 |
| കോഴിക്കോട് | 318 | 100 |
| കണ്ണൂർ | 157 | 69 |
| കാസർഗോഡ് | 349 | 101 |
| വയനാട് | 147 | 90 |
| എറണാകുളം | 174 | 86 |
| പത്തനംതിട്ട | 145 | 32 |

## തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലെ ഒഴിവുകൾ

231 (1354) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എൽ.പി.എസ്.എ., യു.പി.എസ്.എ. എത്ര വീതമെന്നും വ്യക്തമാക്കാമോ ;

(സി) ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളുടെ ആകെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.റ്റി. തസ്തികയിൽ ആകെ 550 ഒഴിവകളും യു.പി.എസ്.റ്റി. തസ്തികയിൽ 226 ഒഴിവുകളും ഉണ്ടായിരുന്നു. കൂടാതെ 2019-ലെ വിരമിക്കൽ ഒഴിവുകൾ ആയി എൽ.പി.എസ്.റ്റി.യിൽ 26, യു.പി.എസ്.റ്റി.യിൽ 30 എന്നീ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. തസ്തികകളിലായി പുതിയ പി.എസ്.സി. നിയമനവും അന്തർജില്ലാ സ്ഥലംമാറ്റവും നടത്തിയിട്ടുണ്ട്. ഈ നിയമനങ്ങളിൽ ജോയിനിംഗ് റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് മാത്രമേ ഒഴിവുകൾ കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) 2018-19 തസ്തിക നിർണ്ണയ പ്രകാരം തിരുവനന്തപുരം ജില്ലയിൽ 2439 എൽ.പി.എസ്.റ്റി. തസ്തികകളും 1324 യു.പി.എസ്.റ്റി. തസ്തികകളും ഉണ്ട്.

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ

232 (1355) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചിത്രകലാദ്ധ്യാപകർ അടക്കമുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയുടെ ഏതെങ്കിലും റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തിരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) സമഗ്ര ശിക്ഷ അഭിയാൻ പദ്ധതിയിൽ അവശേഷിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിയനമം നൽകണമെന്ന ആവശ്യത്തിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, സമഗ്രശിക്ഷ അഭിയാൻ പ്രൊജക്ട് ഡയറക്ടർ എന്നിവരിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 10 ഒഴിവുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സമഗ്രശിക്ഷ കേരള ഒരു താല്ക്കാലിക പ്രോജക്ടാണ്. കരാർ അടിസ്ഥാനത്തിൽ അതത് അദ്ധ്യയന വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിക്കുന്ന എണ്ണത്തിന് ആനുപാതികമായിട്ടാണ് അദ്ധ്യാപകരെ നിയമിക്കുന്നത്.

**തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ.(മലയാളം) ഒഴിവുകൾ**

233 (1356) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ H1/210/2018, 2947025/2018/G.Edn . എന്നീ ഫയലുകളുടെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൽ തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ (മലയാളം)യുടെ 169 ഒഴിവുകൾ എന്നാണ് ഉത്ഭവിച്ചതെന്ന വിവരം അറിയിക്കാമോ; പ്രസ്തുത ഫയലിന്റെ പൂർണമായ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ (മലയാളം) തസ്തികയുടെ 10 വർഷത്തെ ഒഴിവുകൾ സംബന്ധിച്ച വിശദമായ വിവരം തീയതി വർഷം സഹിതം നൽകുമോ;

(സി) പഴയ റാങ്ക് ലിസ്റ്റ് നിലവിലിരുന്ന സമയത്ത് പ്രസ്തുത തസ്തികയിൽ 169 ഒഴിവുകൾ ഉണ്ടായിരുന്നെന്ന് വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി ലഭ്യമാക്കിയിരുന്നോ; വിശദാംശം നൽകുമോ;

(ഡി) 169 വേക്കൻസിയിൽ 47 എണ്ണം ഒഴികെയുള്ള വേക്കൻസിയുടെ ഉത്ഭവം കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത ഓഫീസിൽ ഒഴിവുകൾ വരുന്ന തസ്തിക രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററിന്റെ 2010 വർഷം മുതലുള്ള പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെയോ കെ.എസ്.ആർ.ലെയോ ഏത് ചട്ട പ്രകാരമാണ് 122 വേക്കൻസികൾ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താതെ മാറ്റിവെച്ചത് എന്നത് അറിയിക്കാമോ; എങ്കിൽ പ്രസ്തുത തീരുമാനം കൈക്കൊണ്ട ഫയലിന്റെ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കാമോ; നീക്കിവെച്ച 122 ഒഴിവുകൾ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത 122 ഒഴിവുകൾ കാലഹരണപ്പെട്ട പഴയ ലിസ്റ്റിൽ നിന്നും നികത്താൻ ബഹു. കെ.എ.ടി.യുടെ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഒ.എ.നമ്പർ 1924/16, 1852/16, 114/15, 1602/17 എന്നിവയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10-8-18-ലെ ഉത്തരവ് സംബന്ധിച്ച വിഷയമാണ് H1/210/2018 നമ്പർ ഫയലിൽ പരിശോധിച്ചത്. 2947025/2018/GEdn. പ്രസ്തുത ഫയലിന്റെ ഭാഗമായ എൽ.പി.എസ്.എ. ഒഴിവുകളുടെ ആധികാരികത പരിശോധിക്കേണ്ടത് നിയമനാധികാരിയായ വിദ്യാഭ്യാസ ഉപഡയറക്ടർ ആയതിനാൽ 169 ഒഴിവുകൾ നിലവിലുണ്ടായിരുന്നോ എന്നത് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്താൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഫയലിന്റെ പൂർണ്ണമായ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ലഭ്യമായ 2013-14 വർഷം മുതലുള്ള ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പ്രകാരമുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

07/2013 -71

12/2013 -55

08/2014 - 59

06/2015 -61

07/2016 -268

07/2017 -218

07/2018 -411

01/2019 -510

(സി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകിയിട്ടില്ല.

(ഡി) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേനയാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഒഴിവുകൾ അറിയിക്കുന്നത്. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകിയിട്ടുള്ള റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്നതായി അവകാശപ്പെടുന്ന ഒഴിവുകൾ നിലനിന്നിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ 21-9-2016-ന് മുമ്പ് നിലനിന്നിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട 47 ഒഴിവുകൾ അല്ലാതെ മറ്റ് കൂടുതൽ ഒഴിവുകളൊന്നും ഉണ്ടായിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നമ്പർ 1924/2016-ൽ 10-8-2018-ലെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഒ.പി. (കെ.എ.റ്റി.)നമ്പർ.350/2018 ആയി അപ്പീൽ സമർപ്പിക്കപ്പെട്ടിരുന്നതിനാലും 10-8-2018-ലെ ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്റ്റേ അനുവദിച്ചിരുന്നതിനാലും പ്രസ്തുത ഒഴിവുകൾ തർക്കവിഷയമായി നിലനിന്നിരുന്നതിനാലും ആണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി. (കെ.എ.റ്റി) 350/2018-ന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി തീരുമാനം കൈക്കൊള്ളുന്നതിനായി 122 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം

234 (1357) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ് സ്കൂളുകളിൽ നിയമനം നേടിയ അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര അദ്ധ്യാപകർക്ക് ഇതുവരെയായി അംഗീകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തിയിട്ടുള്ള യോഗ്യമായ നിയമനങ്ങൾക്കെല്ലാം അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാര പ്രക്രിയയ്ക്ക് യാതൊരു വിലക്കും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. ചട്ടവിരുദ്ധമായി എയ്ഡഡ് സ്കൂൾ മാനേജർമാർ നിയമനം നടത്തുന്നതാണ് അംഗീകരിക്കപ്പെടാതിരിക്കുന്നത്.

എത്ര അദ്ധ്യാപകർക്ക് നിയമനം നൽകി എന്നത് സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പാലക്കാട് ജില്ലയിൽ എൽ.പി.സ്കൂൾ ടീച്ചേഴ്സ് റാങ്ക് ലിസ്റ്റ്

235 (1358) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൽ.പി,സ്കൂൾ ടീച്ചേഴ്സ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നതെന്നും ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകി എന്നതിന്റെയും വിശദവിവരം നൽകുമോ;

(ബി) പാലക്കാട് ജില്ലയിൽ എൽ.പിസ്കൂൾ ടീച്ചേഴ്സിന്റെ എത്ര ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പുതിയ അധ്യയനവർഷത്തിനുമുമ്പ് പ്രസ്തുത ഒഴിവുകൾ നികത്തുവാൻ പാലക്കാട് ഡി.ഡി.ഇ.ക്ക് സർക്കാർ അടിയന്തര നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റ് 28-2-2018-ന് നിലവിൽ വന്നു. ഇതിൽനിന്നും 248 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 327 എൽ.പി.എസ്.എ. ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ട നിർദ്ദേശം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## സി.ബി.എസ്.ഇ. സ്കൂളുകൾ

236 (1359) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നും സി.ബി.എസ്.ഇ. അംഗീകാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) കോഴിക്കോട് ജില്ലയിൽനിന്ന് 12-ഉം മലപ്പുറം ജില്ലയിൽനിന്ന് 8-ഉം സ്കൂളുകളുടെ അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.) ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു. *

## പി.ടി.എ.യ്ക്കും എസ്.എം.സി.ക്കും അവാർഡുകൾ

237 (1360) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പി.ടി.എ.യ്ക്കും എസ്.എം.സിക്കും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ ഏതൊക്കെ തലത്തിലാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) അവാർഡുകൾ നൽകുന്നതിന് പ്രത്യേകം മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ മികച്ച പി.ടി.എ.കൾക്കാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് നൽകിവരുന്നത്. സബ്ജില്ല, ജില്ല, റവന്യൂ ജില്ല, സംസ്ഥാനതലം എന്നിങ്ങനെയാണ് സംസ്ഥാനത്തെ സ്കൂളുകൾക്ക് പി.ടി.എ. അവാർഡ് നൽകുന്നത്. സബ്ജില്ലാതലത്തിൽ 163 അവാർഡുകളും വിദ്യാഭ്യാസ ജില്ലാതലത്തിൽ 41 അവാർഡുകളും റവന്യൂ ജില്ലാതലത്തിൽ പ്രൈമറി (ഒന്നാം സ്ഥാനം) 14, പ്രൈമറി (രണ്ടാം സ്ഥാനം) 14, സെക്കണ്ടറി (ഒന്നാം സ്ഥാനം) 14, സെക്കണ്ടറി (രണ്ടാം സ്ഥാനം) 14 സംസ്ഥാനതലത്തിൽ പ്രൈമറി തലത്തിൽ 5-ഉം സെക്കണ്ടറി തലത്തിൽ 5-ഉം സ്ഥാനങ്ങൾക്കാണ് മികച്ച പി.ടി.എ. അവാർഡുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തുവരുന്നത്. സംസ്ഥാന തലത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവാർഡുകൾ ലഭിക്കുന്ന പ്രൈമറി വിഭാഗത്തിലെ 5 സ്കൂളുകൾക്ക് ക്യാഷ് അവാർഡായി 1 മുതൽ 5 സ്ഥാനം വരെ ലഭിക്കുന്നവർക്ക് യഥാക്രമം 5 ലക്ഷം, 4 ലക്ഷം, 3 ലക്ഷം, 2 ലക്ഷം, 1 ലക്ഷം രൂപ എന്നീ നിരക്കിൽ നൽകുന്നു.

(ബി) ഉണ്ട്.

(സി) വിദ്യാർത്ഥികളുടെ വർഷാവർഷങ്ങളിലുള്ള വർദ്ധനവ്, അദ്ധ്യാപകരുടെ മികവ്, ഭൗതിക സൗകര്യങ്ങൾ, ധനസമാഹരണം, അക്കാദമിക തലത്തിലുള്ള ഇടപെടലുകൾ, വിദ്യാർത്ഥി പ്രവേശനം, ഉച്ചഭക്ഷണം/ പോഷകാഹാരത്തിന്റെ നിലവാരം, ശുചിത്വം, സ്കൂൾ സൗന്ദര്യവൽക്കരണവും കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണം, കലാകായിക പ്രവർത്തനം, വിഭിന്നശേഷി നേരിടുന്ന കുട്ടികൾ, പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ, സ്കൂൾഭരണം തുടങ്ങി സമഗ്ര മേഖലകളിലും പി.ടി.എ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡുകൾ നിശ്ചയിക്കുന്നത്.

## പരീക്ഷ എഴുതുന്നതിനുള്ള സഹായിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

238 (1361) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷ എഴുതുന്നതിനുള്ള സഹായിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പത്താം തരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സഹായി ആയി നിയോഗിക്കുന്നത് ഏത് ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ്;

(സി) സഹായിയെ വച്ച് പരീക്ഷ എഴുതാൻ അർഹതയുള്ള വിഭാഗത്തിലെ വിദ്യാർത്ഥിയുടെ പരീക്ഷയും സഹായിക്കുന്ന വിദ്യാർത്ഥികളുടെ പരിക്ഷയും ഒരേ ദിവസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സഹായി ആയി പരീക്ഷ എഴുതുന്ന വിദ്യാർത്ഥിക്ക് തന്റെ സ്വന്തം പരീക്ഷ നന്നായി എഴുതുന്നതിന് വിഘാതമാണെന്നതിനാൽ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സഹായിയെ വച്ച് പരീക്ഷ എഴുതുമ്പോൾ ഏതു വിദ്യാർത്ഥിക്ക് വേണ്ടിയാണോ സഹായി പരീക്ഷ എഴുതുന്നത് ആ വിദ്യാർത്ഥി പറയുന്ന ഉത്തരങ്ങൾ തന്നെയാണ് സഹായി എഴുതുന്നത് എന്ന് ഉറപ്പ് വരുത്താൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ;

(ഇ) സഹായിയെ വച്ച് പരീക്ഷ എഴുതുന്ന സമ്പ്രദായം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. കാഴ്ച വൈകല്യം (വി.ഐ), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (എം.ആർ), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (സി.പി), അസ്ഥി സംബന്ധമായ വൈകല്യം (ഒ.എച്ച്) വിഭാഗം വിദ്യാർത്ഥികൾ, 40 ശതമാനമോ അതിലധികമോ വൈകല്യം ഉള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സഹായിയെ അനുവദിക്കുന്നു.

2. ലേണിംഗ് ഡിസബിലിറ്റി ഉള്ള വിദ്യാർത്ഥികൾക്ക് അവരുടെ ഐ.ക്യൂ. 85-ന് മുകളിലും 110 വരെയും ആണെങ്കിൽ സഹായിയെ അനുവദിക്കുന്നു. മറ്റുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും ഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് സഹായിയെയും നൽകുന്നു.

3. എം.എച്ച്.ആർ.ഡി. പ്രതിപാദിക്കുന്ന അസുഖങ്ങൾക്ക് അതിന്റെ തീവ്രത അനുസരിച്ചും ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സഹായിയെ അനുവദിക്കുന്നു.

4. അടിയന്തര സാഹചര്യങ്ങളിൽ അപകടം സംഭവിക്കുന്ന വിദ്യാർത്ഥികൾക്കും ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സഹായിയെ നൽകുന്നുണ്ട്.

(ബി) പത്താംതരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സഹായിയായി ഒമ്പതാം ക്ലാസ്സിലോ അതിന് താഴത്തെ ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികളെയാണ് നിയോഗിക്കുന്നത്.

(സി) ഇല്ല. പത്താം ക്ലാസ്സിന്റെ പൊതുപരീക്ഷയും ഒമ്പതാം ക്ലാസ്സിന്റെയോ താഴത്തെ ക്ലാസ്സുകളിലെയോ വാർഷിക പരീക്ഷയും വ്യത്യസ്ത സമയങ്ങളിലാണ് ക്രമീകരിക്കാറുള്ളത്.

(ഡി) ഉണ്ട്. സഹായിയായി എഴുതുന്ന വിദ്യാർത്ഥിക്ക് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചീഫ് സൂപ്രണ്ടുമാർക്കും ചീഫ് സൂപ്രണ്ടുമാർ ഇൻവിജിലേറ്റേഴ്സിനും നിർദ്ദേശം നൽകാറുണ്ട്.

(ഇ) ഉണ്ട്. ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. ദുരുപയോഗം തടയുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 5186/2018/പൊ.വിവ. തീയതി 7-12-2018 പ്രകാരം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഓട്ടിസം പാർക്ക്**

239 (1362) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബഡ്ജറ്റിൽ കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഓട്ടിസം പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ലാന്റ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ.യുടെയും പേരിൽ വ്യാജ ഉത്തരവ്**

240 (1363) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചൂർണ്ണിക്കരയിൽ 25 സെന്റ് ഭൂമി നികത്താനായി ലാന്റ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ.യുടെയും പേരിൽ വ്യാജ ഉത്തരവ് ഇറക്കിയ സംഭവത്തിലെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) നിയമവിരുദ്ധമായ ഇത്തരം കാര്യങ്ങൾ കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ്;

(സി) പ്രസ്തുത കേസ് വിജിലൻസിന് കൈമാറിയിട്ടുണ്ടോ ; റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ഒത്താശയില്ലാതെ ഇത്തരം വ്യാജ ഉത്തരവുകൾ ഉണ്ടാക്കുവാൻ സാധ്യമല്ലെന്നിരിക്കെ ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ്, ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ് എന്നിവിടങ്ങളിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു. കൂടാതെ വ്യാജ ഉത്തരവും വ്യാജ ഒപ്പും ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ക്രിമിനൽ നടപടിക്രമപ്രകാരം നടപടി

സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും മ്യൂസിയം പോലീസിന് വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജുള്ള ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറുടെയും എറണാകുളം ജില്ലയിൽ ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർനടപടികളും നടന്നുവരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടന്നുവരികയാണ്. ഇതിനുപുറമെ കേരള ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 1-1-2018 മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിരസിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്.

(ബി) റവന്യൂ വകുപ്പിൽ ഇപ്രകാരമുള്ള നിയമ വിരുദ്ധമായ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സീനിയർ സൂപ്രണ്ടുമാരുടെ കീഴിൽ 3 ടീമുകളും മേഖലാടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലുള്ള 3 റവന്യൂ വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ കളക്ടറേറ്റുകളിൽ സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലുള്ള ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗങ്ങളും താലൂക്ക് ഓഫീസുകളിൽ പരിശോധനാ വിഭാഗവും നിലവിലുണ്ട്.

(സി) വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനുമുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർ നടപടികളും നടന്നുവരുന്നു.

### കൊല്ലം പാർവ്വതി മിൽ സ്ഥിതിചെയ്യുന്ന ഭൂമി

241 (1364) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന കൊല്ലം പാർവ്വതി മിൽ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോ; ആണെങ്കിൽ എത്ര ഹെക്ടർ ഭൂമിയെന്നും, ഏതെല്ലാം സർവ്വേ നമ്പരുകളിലാണുള്ളതെന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം പാർവ്വതി മിൽ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതല്ല. കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 169-ൽ റീസർവ്വെ 5-ൽപ്പെട്ട 06.94.05 ഹെക്ടർ ഭൂമിയാണ്. കേന്ദ്ര സർക്കാരിന്റെ 21-12-1974-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം 'പാർവ്വതി മിൽസ് ലിമിറ്റഡ് കൊല്ലം' എന്ന തണ്ടപ്പേരിൽ ചേർത്തിട്ടുള്ളതാണ്.

## ബോട്ട്-ഇൻ-ലാന്റ്

242 (1365) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക വരുത്തിയതിനാൽ ബോട്ട്-ഇൻ-ലാന്റ് ആക്കി മാറ്റിയ ഭൂമി പ്രസ്തുത കുടിശ്ശിക തുക പലിശ സഹിതം തിരിച്ചടച്ചാൽ തിരികെ വിട്ടുനൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ എന്താണ്;വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ഭൂമി തിരികെ നൽകാൻ സമർപ്പിച്ച അപേക്ഷകൾ വർഷങ്ങളോളം നടപടിയെടുക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നികുതി കുടിശ്ശികയുടെ ഭാഗമായി ബോട്ട്-ഇൻ-ലാന്റാക്കി മാറ്റിയ ഭൂമി തിരികെ നൽകുന്നതിന് 1968-ലെ റവന്യൂ റിക്കവറി നിയമം വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ 1-3-2013-ലെ സ.ഉ.(എം.എസ്.)76/13/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാന്റാക്കിയ ഭൂമി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ തിരികെ നൽകാൻ വ്യവസ്ഥ ചെയ്യുന്നു.

1. ഭൂമി സർക്കാർ ബോട്ട്-ഇൻ-ലാന്റാക്കി എടുത്ത തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ കുടിശ്ശികയും ഭൂമി ഏറ്റെടുത്ത നാൾ മുതൽ അടയ്ക്കുന്നതുവരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ് എന്നിവയും അടച്ചുതീർത്ത് അപേക്ഷിക്കുന്നവർക്ക് തിരികെ നൽകാവുന്നതാണ്.

2. രണ്ട് വർഷത്തിനുശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതർക്ക് 25 സെന്റ് സ്ഥലം വരെ തിരികെ നൽകാവുന്നതാണ്. ഭൂരഹിതരായവർക്ക് 25 സെന്റിൽ കൂടുതൽ

സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ മുഴുവൻ സ്ഥലത്തിന്റെയും കമ്പോളവില കൂടി നൽകിയാൽ 1 ഏക്കർ സ്ഥലംവരെ തിരികെ നൽകാവുന്നതാണ്.

3. രണ്ട് വർഷത്തിനുശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോളവില കൂടി അടച്ചാൽ ഒരു ഏക്കർ വരെ തിരികെ നൽകാവുന്നതാണ്.

5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കുംതന്നെ ബോട്ട്-ഇൻ-ലാന്റ് തിരികെ നൽകേണ്ടതില്ലെന്ന് ഉത്തരവുണ്ടെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൂമി ഒന്നുമില്ലാത്തവർക്ക് വീട് വയ്ക്കുന്ന കാര്യം പ്രത്യേക കേസ്സായി പരിഗണിച്ചും മന്ത്രിസഭയുടെ അനുമതിയോടെ ബോട്ട്-ഇൻ-ലാന്റ് വസ്തു തിരികെ നൽകിയിട്ടുണ്ട്.

(ബി) കൊല്ലം, കാസർഗോഡ് ജില്ലകളിൽ അപേക്ഷകളിലെ അപര്യാപ്തതമൂലം ചില കേസ്സുകളിൽ നടപടികൾ തുടരുന്നു. മറ്റ് 12 ജില്ലകളിലും അപേക്ഷകൾ ഒന്നുതന്നെ കുടിശ്ശികയില്ല.

**ഭൂനികുതി**

243 (1366) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഭൂനികുതിയുടെ നിരക്ക് നിശ്ചയിക്കുന്നത് ഭൂമിയുടെ സ്വഭാവം, വിസ്തൃതി എന്നിവ അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ നിലവിലുള്ള ഭൂനികുതിയുടെ നിരക്കുകൾ എന്നുമുതൽ പ്രാബല്യത്തിൽ ഉള്ളതാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂനികുതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ലാൻഡ് ടാക്സ് ആക്ട് 1961-ലെ രണ്ടാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുള്ള ഭൂമികളും സർക്കാർവക ഭൂമികളുമൊഴികെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഭൂമിക്കും ഇനമോ തരമോ കണക്കിലെടുക്കാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂനികുതി ചുമത്തിവരുന്നു.

(ബി) ഭൂനികുതിയുടെ നിരക്ക് നിശ്ചയിക്കുന്നത് ഭൂമിയുടെ വിസ്തൃതി, പ്രദേശം (ഗ്രാമം/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) എന്നിവയുടെ അടിസ്ഥാനത്തിലാണ്.

(സി) 1-4-2018 മുതൽ

(ഡി) 1-4-2018 മുതൽ പരിഷ്കരിച്ച നിരക്ക് നിലവിൽ വന്നിട്ടുണ്ട്.

**താലൂക്ക് പുനഃസംഘടന**

244 (1367) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടത് സംബന്ധിച്ച് കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ രൂപീകരിച്ച ടീമിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്.

(ബി & സി) ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികളും എല്ലാ ജില്ലകളിൽ നിന്നും എല്ലാ വില്ലേജുകളുടെയും സർക്കാർ ഭൂമിയുടെയും ഭൂമി ഉടമകളുടെയും കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, ആകെയുള്ള ഭൂഉടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2011-ലെ ജനസംഖ്യാ നിരക്ക് എന്നീ വിവരങ്ങൾ

ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞാൽ പഠന റിപ്പോർട്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാകുന്നതാണ്. അതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ശമ്പളം

245 (1368) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വില്ലേജ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസയോഗ്യത ലോവർ ഡിവിഷൻ ക്ലാർക്കിന് തുല്യമായതിനാലും വില്ലേജ് ഓഫീസിലെ എല്ലാവിധ നികുതിയും പിരിച്ചെടുക്കുന്നതിന് അധികാരം നൽകിയിരിക്കുന്നതിനാലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ശമ്പളത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ പ്രൊമോഷൻ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് തുല്യമാണെങ്കിലും വില്ലേജ് മാന്വൽ പ്രകാരം വില്ലേജ് അസിസ്റ്റന്റിന്റെ കടമകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനെക്കാൾ വളരെ അധികമായതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ശമ്പളത്തിൽ മാറ്റം വരുത്താൻ കഴിയില്ല എന്ന് സർക്കാർ 8-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 1743/2018/ധന. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) 3-1-2014-ലെ സ.ഉ. (പി) നമ്പർ 1/2014 ഉ.ഭ.പ.വ. പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (ഫീൽഡ് അസിസ്റ്റന്റുൾപ്പെടെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകി വരുന്നുണ്ട്.

## ഭൂമിയുടെ ന്യായവില

246 (1369) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില എന്നാണ് നടപ്പിൽ വന്നത് ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വർഷങ്ങളിൽ എത്ര ശതമാനം വീതം വർദ്ധനവ് വരുത്തി ;

(സി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2019 ഏപ്രിൽ ഒന്നിന് നിലവിൽ വരേണ്ട ഭൂമിയുടെ ന്യായവില നടപ്പിലാക്കുന്നത് നീട്ടിവച്ചിരുന്നോ ; എങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) ന്യായവില വർദ്ധനവ് നടപ്പിലാക്കുന്നതിന് ഉണ്ടായ കാലതാമസംമൂലം എത്ര ലക്ഷം രൂപയുടെ വരുമാന നഷ്ടമുണ്ടായിയെന്നറിയിക്കുമോ?

ഉത്തരം

(എ) 1-4-2010-ൽ

(ബി) ഉണ്ട്. 2018-ൽ 10 ശതമാനവും 2019-ൽ 10 ശതമാനവും

(സി) ഇല്ല.

(ഡി) നഷ്ടം കണക്കാക്കിയിട്ടില്ല.

## വില്ലേജ് മാന്വലിന്റെ പരിഷ്കരിച്ച പതിപ്പ്

247 (1370) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വില്ലേജ് മാന്വലിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഏതൊക്കെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനാണ് വില്ലേജ് ഓഫീസർക്ക് അധികാരമുള്ളത്;

(സി) പുറമ്പോക്ക് ഉൾപ്പെടെയുള്ള സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് വില്ലേജ് ഓഫീസർ കൺവീനറായി ജനകീയസമിതി രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റവന്യൂ (റ്റി) വകുപ്പിന്റെ 22-1-2019-ലെ സ.ഉ. (അച്ചടി) നമ്പർ 10/2019/റവ. നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസുകൾക്കായുള്ള മാന്വൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം വില്ലേജ് മാന്വലിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറക്കിയിട്ടുണ്ട്.

(ബി)

1. കൈവശാവകാശ സർട്ടിഫിക്കറ്റ്
2. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
3. ലൊക്കേഷൻ മാപ്പ്
4. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
5. സോൾവൻസി സർട്ടിഫിക്കറ്റ്
6. പൊസഷൻ, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
7. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
8. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
9. സ്ഥിരതാമസ സർട്ടിഫിക്കറ്റ്
10. വ്യത്യസ്ത പേരുകളിൽ/മേൽ വിലാസങ്ങളിൽ അറിയപ്പെടുന്നത് ഒരാളാണെന്ന സാക്ഷ്യപത്രം
11. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
12. ലൈഫ് സർട്ടിഫിക്കറ്റ്
13. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
14. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
15. കുടുംബാംഗ സർട്ടിഫിക്കറ്റ്
16. ആശ്രിത സർട്ടിഫിക്കറ്റ്
17. അഗതി സർട്ടിഫിക്കറ്റ്
18. ജാതി സർട്ടിഫിക്കറ്റ്
19. വരുമാന സർട്ടിഫിക്കറ്റ്
20. നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ്
21. പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ്.

കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന മറ്റ് സാക്ഷ്യപത്രങ്ങളും.

(സി) പുറമ്പോക്ക് ഉൾപ്പെടെയുള്ള സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് വില്ലേജ് ഓഫീസർ കൺവീനറായി ജനകീയ സമിതി രൂപീകരിക്കണമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

## നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണ്ണയം

248 (1371) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ നീലകുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പോ റവന്യൂ-വനം വകുപ്പുകൾ സംയുക്തമായോ സ്വീകരിച്ചുവരുന്ന നടപടികൾ/പരിശോധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡോ. നിവേദിത പി.ഹരൻ ഐ.എ.എസ്. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 16-2-2015-ലെ ജി. ഒ. (എം.എസ്.) 69/2015/റവ നമ്പർ സർക്കാർ ഉത്തരവിൽ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർ മുഖേന തണ്ടപ്പേർ വെരിഫിക്കേഷൻ നടന്നുവരികയായിരുന്നു. തുടർന്ന് 10-5-2018-ലെ ജി.ഒ (എം.എസ്) 178/2018/റവ പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62 -ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം. 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമികൂടി പ്രധാനമായും ഗ്രാന്റിസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണയം ചെയ്യേണ്ടതാണെന്ന് ഉത്തരവായി. ടി ഉത്തരവിന്റെ കാര്യനിർവ്വഹണത്തിനായി 28-7-2018 -ലെ സ.ഉ (സാധാ)4948/2018/പൊ.ഭ.വ. പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ സ്പെഷ്യൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 4-1-2019, 5-1-2019 തീയതികളിൽ വട്ടവടയിൽവച്ച് ബ്ലോക്ക് 60-ലെ തണ്ടപ്പേർ കക്ഷികളുടെ ഹിയറിംഗ് നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴവൻ തണ്ടപ്പേരുകളും പരിശോധിക്കുവാനുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 -ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62 -ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നമ്പർ 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമികൂടി പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങളുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണയം ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഓഫീസറുടെ ചുമതല.

## ഒഴിപ്പിച്ചെടുത്ത കയ്യേറ്റ ഭൂമി

249 (1372) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കയ്യേറ്റം വ്യാപകമായി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഹെക്ടർ സ്ഥലമാണ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളതെന്നും ഏത് ജില്ലയിലാണ് ഏറ്റവുമധികം കയ്യേറ്റം നടന്നിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) ഭൂമി കയ്യേറ്റത്തിന്റെ പേരിൽ നിലവിൽ എത്ര കേസുകളുണ്ടെന്നും കയ്യേറിയ ഭൂമിയിൽ എത്ര ഭൂമി ഈ സർക്കാർ നിലവിൽവന്നശേഷം ഒഴിപ്പിച്ചെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തൊട്ടാകെ 689.1305 ഹെക്ടർ സർക്കാർ ഭൂമിയിലാണ് കയ്യേറ്റം നടന്നിട്ടുള്ളതായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലാണ് ഏറ്റവും അധികം കയ്യേറ്റം നടന്നിട്ടുള്ളത്.

(സി) ഭൂമി കയ്യേറ്റത്തിന്റെ പേരിൽ സംസ്ഥാനത്ത് നിലവിൽ 4769 കേസുകൾ നിലവിലുണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം 221.4337 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

## കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ നടപടി

250 (1373) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി , സർക്കാർ പുറമ്പോക്ക് ഭൂമി, വ്യക്തികളും സ്വകാര്യ സ്ഥാപനങ്ങളും അനധികൃതമായി

കൈവശം വച്ചിരിക്കുന്ന ഭൂമി , ഉടമസ്ഥരില്ലാതെ അന്യാധീനപ്പെട്ട ഭൂമി എന്നിവയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനായുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടികൾ വിജയപ്രദമാണോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8-5-2019 ലെ സ.ഉ. (സാധാ) നമ്പർ 1077/2019/റവന്യൂ-ന്റെ അടിസ്ഥാനത്തിൽ ടി വിഷയങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ജില്ലാ കളക്ടർ മുഖാന്തരം സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സ്ഥല പരിശോധന നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള ടീം പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ഭൂമിയിലെ മൊത്തം കയ്യേറ്റങ്ങളും തിട്ടപ്പെടുത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ഭൂമി, കയ്യേറ്റഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ**

251 (1374) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി, കയ്യേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻപ് ഇത്തരം ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിന് സർക്കാർതലത്തിൽ നടത്തിയ ശ്രമം പരാജയപ്പെട്ടിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി, കയ്യേറ്റഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ 8-5-2019 -ലെ സ.ഉ. .(സാധാ) നമ്പർ 1077/2019/റവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഓരോ വില്ലേജിന്റെയും അധികാര പരിധിക്കുള്ളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, സർക്കാർ പുറമ്പോക്ക് ഭൂമി, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, കാലങ്ങളായി ഉപയോഗിക്കാതെ കാടുകയറി കിടക്കുന്ന ഭൂമി, അന്യാധീനമായി കിടക്കുന്ന ഭൂമി, റവന്യൂ ഓഫീസുകളിൽ പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടുവന്നിരിക്കുന്ന ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങളും അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിവരങ്ങളും ഓരോ ജില്ലാതലത്തിലും സ്വരൂപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാർ ഭൂമിയിലെ കയ്യേറ്റം**

252 (1375) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ ഭൂമിയുടെ കണക്കെടുപ്പിലും റിപ്പോർട്ട് തയ്യാറാക്കുന്നതിലും മാത്രം ഒതുങ്ങുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കുറിഞ്ഞി വന്യജീവി സംരക്ഷണ മേഖലയിലേതടക്കമുള്ള സർക്കാർ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡോ. നിവേദിത പി.ഹരൻ ഐ.എ.എസ്. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴവൻ തണ്ടപ്പേരുകളും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതിന്റെ

അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർ മുഖേന തണ്ടപ്പേർ വെരിഫിക്കേഷൻ നടന്നുവരികയായിരുന്നു. തുടർന്ന് 10-5-2018-ലെ ജി.ഒ. (എം.എസ്) 178/2018/റവ. പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62 ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം. 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമികൂടി പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങളുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്തവിധം അതിരുകൾ പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് ഉത്തരവായി. ടി ഉത്തരവിന്റെ കാര്യനിർവ്വഹണത്തിനായി ലാൻഡ് റവന്യൂ കമ്മീഷണറെ സ്പെഷ്യൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 4-1-2019, 5-1-2019 തീയതികളിൽ വട്ടവടയിൽവച്ച് ബ്ലോക്ക് 60-ലെ തണ്ടപ്പേർ കക്ഷികളുടെ ഹിയറിംഗ് നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുണ്ട്.

## ചൂർണിക്കര വില്ലേജിലെ തണ്ണീർത്തടം

253 (1376) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചൂർണിക്കര വില്ലേജിൽ തണ്ണീർത്തടമായി എത്ര നിലമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജിൽ എപ്പോഴെങ്കിലും തണ്ണീർത്തടമായിരുന്ന നിലം പുരയിടമാക്കി മാറ്റിയിട്ടുണ്ടോ;എങ്കിൽ എത്ര നിലം എപ്പോഴാണ് മാറ്റിയതെന്നും ആരാണ് ഇത് സംബന്ധിച്ച ഉത്തരവിറക്കിയതെന്നും ആരുടെ പേരിലുണ്ടായിരുന്ന നിലമാണ് ഇത്തരത്തിൽ മാറ്റിയതെന്നും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ വില്ലേജിലെ 25 സെന്റ് സ്ഥലം നികത്താനായി ഈയടുത്തകാലത്ത് കമ്മീഷണറുടെയും ആർ.ഡി.ഒയുടെയും പേരിൽ വ്യാജ ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്നും ആരൊക്കെയാണ് ഈ വ്യാജ ഉത്തരവുണ്ടാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) വ്യാജരേഖ നിർമ്മിക്കുന്ന സംഘത്തിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശ ഉണ്ടെന്നതിന് തെളിവുകളുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിനകം സ്വീകരിച്ചതും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ ശിക്ഷാ നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ചൂർണിക്കര വില്ലേജിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ മറ്റേതെങ്കിലും വില്ലേജിൽ വ്യാജരേഖ നിർമ്മിച്ച് തണ്ണീർത്തടമായിട്ടുള്ള നിലം പുരയിടമാക്കിയിട്ടുണ്ടോയെന്ന് സമഗ്രമായ പരിശോധന നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണിക്കര വില്ലേജിൽ 80 ഹെക്ടർ തണ്ണീർത്തടവും 142 ഹെക്ടർ നിലവുമുണ്ട്.

(ബി) ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2,7/3-3,7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറുടേയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുമുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർനടപടികളും നടന്നുവരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്രകാരമുള്ള വ്യാജ ഉത്തരവുകൾ ചമച്ചതിനുപിന്നിൽ പ്രവർത്തിച്ചത് ആരൊക്കെയാണെന്ന് വ്യക്തമാകുന്നതാണ്.

(ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. തുടർ അന്വേഷണം നടന്നുവരുന്നതാണ്. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കോടതി മുഖാന്തരമുള്ള തുടർ നടപടികൾ ഉണ്ടാകുന്നതാണ്.

(ഇ) കേരള ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം സംസ്ഥാനത്തൊട്ടാകെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, ആർ.ഡി.ഒ. ഓഫീസുകൾ എന്നിവിടങ്ങളിൽ 1-1-2018 മുതൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിരസിച്ചതും നിലവിൽ നടപടിയിലിരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചുവരുന്നു.

## ചിന്നക്കനാൽ വില്ലേജിലെ ഭൂമികയ്യേറ്റം

254 (1377) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 2000-ന ശേഷം എത്ര ഏക്കർ സർക്കാർഭൂമി സ്വകാര്യവ്യക്തികളും സ്വകാര്യകമ്പനികളും സ്വകാര്യസ്ഥാപനങ്ങളും കയ്യേറിയിട്ടുണ്ടെന്ന് വിശദമാക്കാമോ; കയ്യേറ്റക്കാരുടെ പട്ടികയും കയ്യേറിയ ഭൂമിയുടെ വിസ്തൃതിയും ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി തിരിച്ചെടുത്തുവെന്ന് അറിയിക്കാമോ; ഒഴിപ്പിച്ച കയ്യേറ്റക്കാരുടെ പട്ടികയും ഭൂമിയുടെ വിസ്തൃതിയും വിശദമാക്കുമോ;

(സി) പ്രസ്തുത വില്ലേജിൽ കയ്യേറ്റങ്ങൾക്ക് ഒത്താശ ചെയ്ത റവന്യൂ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഇവർക്കെതിരെ ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) ഭൂമികയ്യേറ്റം സംബന്ധിച്ച് 2019 മേയ് മാസം ദേവികുളം സബ്കളക്ടർ റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 288.3681 ഹെക്ടർ സർക്കാർ ഭൂമി അനധികൃതമായി കയ്യേറിയിട്ടുള്ളതാണ്. ഈ കയ്യേറ്റ കേസുകളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 251.2600 ഹെക്ടർ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റം നിരുപാധികം ഒഴിപ്പിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(സി) 2000-ത്തിനുശേഷം ചിന്നക്കനാൽ വില്ലേജിൽ സർക്കാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടികൾ നേരിട്ട റവന്യൂ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(ഡി) 27-4-2019-ലെ സ.ഉ (കൈ) 124/2019/റവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക കമ്മിറ്റി സർക്കാർ മുമ്പാകെ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ടതായ തുടർനടപടികൾ സംബന്ധിച്ച് 31-5-2019-ാം തീയതി സ.ഉ. (കൈ) 157/2019/റവന്യൂ നമ്പറായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി

255 (1378) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ എത്ര പേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടയത്തിനായി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ട് ;

(സി) സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കയ്യേറ്റ ഭൂമി തിരിച്ച് പിടിച്ച് ഭൂരഹിതരായവർക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാറിന്റെ കാലാവധിക്കുള്ളിൽത്തന്നെ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ നാളിതുവരെ 1,06,450 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 1,25,386 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്.

(സി) കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിലായി 2,21,992 ഭൂരഹിതർ ഉണ്ട്. കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഭൂരഹിതരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് ആകെ 689.1305 ഹെക്ടർ ഭൂമി കയ്യേറിയിട്ടുണ്ട്. കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂരഹിതരായവർക്ക് പതിച്ചു നൽകുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സ്പെഷ്യൽ തഹസീൽദാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ

പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് അപേക്ഷകളിൽ പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1-1-1977-നുമുമ്പ് കൈവശം വച്ചിരിക്കുന്ന വനഭൂമി പതിച്ചു നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ പട്ടയവിതരണം

256 (1379) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിലെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമിപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പരാതികൾ പരിഹരിച്ച് എത്ര പേർക്ക് പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞു;

(സി) ഇനി എത്ര കേസുകളാണ് നിലനിൽക്കുന്നത്; ഇവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് എരമം വില്ലേജിലെ 70/1 എ, 70/1 എ 3, 70/1 എ 5 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട കൈവശരേഖകൾ പരിശോധിച്ച് അർഹരായ 60 ഓളം പേരിൽ നിന്ന് നികുതി സ്വീകരിച്ചിട്ടുണ്ട്. ആലപ്പടമ്പ വില്ലേജിലെ റീസർവ്വെ 46/1, 2/17 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന വെളിച്ചംതോട് കോളനിയിലെ 62 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയിട്ടുണ്ട്. വെള്ളൂർ വില്ലേജിലെ റീസർവ്വെ 09-ൽപ്പെട്ട 50 സെന്റ് മിച്ചഭൂമിയിൽ 2 കൈവശക്കാർക്ക് ഓഫറും ഡീഡും നൽകിയിട്ടുള്ളതാണ്. പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ടി ഭൂമി ഡീറിസർവ് ചെയ്യുന്നതിന് ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുറ്റൂർ വില്ലേജിൽ സർവ്വെ ചെയ്തതനുസരിച്ച് മിച്ചഭൂമിയല്ലെന്ന് കണ്ടെത്തിയ 6 കേസുകളിൽ നികുതി സ്വീകരിച്ചിട്ടുള്ളതാണ്. പെരിന്തട്ട വില്ലേജിൽ റീ.സ. 14/3-ൽ മിച്ചഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പ്രസാദ് ഉണോളി എന്നവർ ഫയൽ ചെയ്ത WP (C) 15729/17

നമ്പർ കേസിൽ സ്റ്റേ നിലവിലുള്ളതിനാൽ തുടർ നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിർത്തിവെച്ച് ഉത്തരവായിട്ടുള്ളതാണ്. വെള്ളോറ വില്ലേജിൽ 45 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നൽകിയിട്ടുണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ഭൂമി പ്രശ്നം പരിഹരിച്ച് 125 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഓഡർ ഓഫ് അസൈൻമെന്റ് നൽകിയ 24 കേസുകളിൽ പട്ടയം വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടയവിതരണത്തിന്റെ പുരോഗതി

257 (1380) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 1964 - ലെ ഭൂമി പതിവ് ചട്ടങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കുമോ;

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(ഡി) പട്ടയ ഭൂമിയിൽ ഉടമസ്ഥർ നട്ടുവളർത്തുന്ന മരങ്ങളുടെ അവകാശം അവർക്കു തന്നെ ലഭ്യമാക്കുമോ;

(ഇ) പെരിഞ്ചാംമൂടിയിലെ ആദിവാസികളുടെ ദീർഘകാലമായുള്ള ഭൂപ്രശ്നം പരിഹരിച്ചോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 1,06,450 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17-8-2017 -ലെ ജി.ഒ. (പി) നമ്പർ 60/2017/ആർ.ഡി., 2-2-2018-ലെ ജി.ഒ. (പി) നമ്പർ 7/2018/ആർ.ഡി. ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം

1. കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് നിലവിലുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്.

2. കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടിയാൽ 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലെന്നുള്ളത് 12 വർഷത്തേക്ക് എന്ന് പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. കൂടാതെ കൈവശാവകാശമുള്ള ഭൂമി പതിച്ചു കിട്ടിയാൽ അത് വിൽക്കുന്നതിനുള്ള സമയപരിധി എടുത്തുകളഞ്ഞിട്ടുണ്ട്.

3. ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബ്ബർ ബോർഡിനോ റ്റീ ബോർഡിനോ ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്.

4. കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് II പ്രകാരവും കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് II A പ്രകാരവും പട്ടയം നൽകുന്നതിന് പട്ടയഫാറങ്ങളിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്.

5. കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് II പ്രകാരവും കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് അപ്പെൻഡിക്സ് II A പ്രകാരവും പതിവുത്തരവിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്.

(സി) 17-8-2017 ലെ ജി.ഒ. (പി) നമ്പർ 60/2017/ആർ.ഡി. ഭേദഗതി പ്രകാരം കൈവശത്തിലില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലാവധി 12 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) 17-8-2017-ലെ ജി.ഒ (പി) നമ്പർ 60/2017/ആർ.ഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 422 എന്നിവ പ്രകാരമാണ്. 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ളവ വനം വകുപ്പിന്റെ അനുവാദം കൂടാതെയും ആക്ടിൽ ഉൾപ്പെട്ട 10 മരങ്ങൾ വനം വകുപ്പിന്റെ അനുവാദത്തോടെയും മുറിക്കാവുന്നതാണ്.

(ഇ) ഇടുക്കി ജില്ലയിലെ പൊരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽ നിന്നും 10-2-2012-ൽ കുടിയൊഴിപ്പിക്കപ്പെട്ട 158 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ അർഹത പരിശോധിച്ച് ഒരു കുടുംബത്തിന് ഒരേക്കർ എന്ന പരിധിക്ക് വിധേയമായി പെരിഞ്ചാംകുട്ടിയിൽ ഭൂമി അനുവദിക്കുന്നതിന് അനുമതി നൽകി സ.ഉ. (കൈ) നമ്പർ 96/2018/റവ. തീയതി 8-3-2018 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദ്ദേശം നടപ്പിലാക്കുന്നതിലേക്കായി ടിയാളുകളെ നേരിൽകേട്ട് നിജസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും മുന്നൊരുക്കം നടത്തുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഡി.എഫ്.ഒ. മൂന്നാർ ടി വിഷയത്തിൽ എതിർപ്പ് രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-1-2019-ന് ചേർന്ന യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ടി ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള നിയമപ്രശ്നങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ട്. ആയതിനെത്തുടർന്ന് 1960-ൽ ആദിവാസികൾ താമസിച്ചിരുന്ന പ്രസ്തുത ഭൂമി തേക്ക് പ്ലാന്റേഷനുവേണ്ടി റവന്യൂ വകുപ്പ് വനം വകുപ്പിന് ഒരിക്കൽ വിട്ടുകൊടുത്തതാണെന്നും ടി പ്ലാന്റേഷൻ ഉൾപ്പെടുന്ന 400 ഏക്കറിനു ചുറ്റുമുള്ള സ്ഥലം പട്ടയഭൂമിയാണെന്നും ഇവിടെ താമസിക്കുന്ന ആദിവാസികളെ മുൻപ് കുടിയിറക്കിയതാണെന്നുമുള്ള വസ്തുതകൾ പരിഗണിച്ച് ടി സ്ഥലത്ത് ആദിവാസികൾക്ക് പട്ടയം നൽകുന്നതിനായി റിട്ട് പെറ്റീഷൻ (സിവിൽ)202/1995 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ രണ്ടാം അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനും ടി ഭൂമിക്ക് പകരം ഭൂമി വനവൽക്കരണത്തിന് അനുവദിക്കുന്നതിന് കേന്ദ്രമന്ത്രാലയത്തിന്റെ അനുമതി നേടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കോവളം നിയോജകമണ്ഡലത്തിലെ തീരദേശ പട്ടയങ്ങൾ**

258 (1381) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശ വില്ലേജുകളായ പൂവ്വാർ, കരുങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ തീരദേശ പട്ടയങ്ങൾക്കായി ഓരോ വില്ലേജുകളിൽ നിന്നും കിട്ടിയ അപേക്ഷകൾ എത്ര; ഇതിൽ സർവ്വെയർമാർ അളവ് കഴിഞ്ഞ് റിപ്പോർട്ട് നൽകിയവ എത്രയെന്നും സർവ്വെ കഴിഞ്ഞ് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയവ എത്രയെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര അപേക്ഷകരുടെ ലിസ്റ്റ് പട്ടയം നൽകുന്നതിനുള്ള പ്രത്യേക അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്; പ്രത്യേക ഉത്തരവിനായി ഓരോ ഫയലും സർക്കാരിനു സമർപ്പിച്ച തീയതി വ്യക്തമാക്കാമോ; ഈ തീരദേശ പട്ടയങ്ങൾ നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം നിയോജകമണ്ഡലത്തിൽ ഒരു തീരദേശ പട്ടയത്തിനുപോലും അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരദേശ പട്ടയങ്ങൾ സമയബന്ധിതമായി നൽകുവാൻ നടപടി എടുക്കുമോ;

(ഡി) എങ്കിൽ കോവളം നിയോജക മണ്ഡലത്തിലെ തീരദേശ പട്ടയങ്ങൾ എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വില്ലേജ് | ആകെ അപേക്ഷകൾ | സർവ്വേയർ റിപ്പോർട്ട് നൽകിയവ | വില്ലേജാഫീസർ റിപ്പോർട്ട് നൽകിയവ |
|---|---|---|---|
| കരുംകുളം | 1658 | 1652 | 270 |
| പൂവാർ | 440 | 395 | 154 |
| കോട്ടുകാൽ | 451 | 440 | 25 |
| വിഴിഞ്ഞം | 260 | 255 | 232 |

(ബി) കോവളം നിയോജകമണ്ഡലത്തിൽനിന്നും 301 അപേക്ഷകരുടെ ലിസ്റ്റ് സർക്കാർ ഉത്തരവിനായി സമർപ്പിച്ചിരുന്നു.

| തീരദേശ മേഖല | സമർപ്പിച്ച അപേക്ഷകളുടെ എണ്ണം | ഫയൽ നമ്പർ | സമർപ്പിക്കപ്പെട്ട വകുപ്പും തീയതിയും |
|---|---|---|---|
| കരുംകുളം | 301 | ബി3.3562/16 | റവന്യൂ (യു) തീയതി 26-2-2016 |
| പൂവാർ | 14 | ബി3.241/16 | റവന്യൂ (യു) തീയതി 16-7-2018 |
| വിഴിഞ്ഞം | 4 | ബി3.930003/16 | റവന്യൂ (യു) തീയതി 21-7-2016 |

കരുംകുളം വില്ലേജിൽ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട ഭൂമി 301 പേർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വകുപ്പ് 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് പതിച്ചുനൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ച ശിപാർശയിൽ ഫിഷറീസ്, വിനോദസഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരുംകുളം വില്ലേജിലെ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട 301 പേർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് പരിശോധന നടത്തി അടിയന്തരമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വീണ്ടും ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമുദ്ര തീരപുറമ്പോക്ക് ആയതിനാൽ ഫിഷറീസ്, വിനോദസഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതാണ്.

(ഡി) ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ സമർപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

## ഹാരിസൺ പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം

259 (1382) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വീകരിക്കാവൂ എന്ന നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി തെന്മലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ റിയാ എസ്റ്റേറ്റിന് കൈമാറിയ 200 ഏക്കർ ഭൂമിയുടെ കരം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഉത്തരവാദികൾ ആരൊക്കെയാണ്; അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റിയാ എസ്റ്റേറ്റ് സംബന്ധിച്ച് കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ നിന്നും മരം മുറിച്ച് കടത്തിയതായുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) തോട്ടം ഭൂമി സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ച് കരം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് സുപ്രീംകോടതി ശരിവച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണെന്നും അതിനാൽ തോട്ടം ഭൂമി സംബന്ധിച്ച കേസുകളിൽ സർക്കാരിനോട് കൂടിയാലോചിച്ച മാത്രമേ തീരുമാനമെടുക്കാൻ പാടുള്ളൂവെന്നത് 27-2-2019-ന് എല്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

(ബി &സി) തെന്മല വില്ലേജിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, റിയ എസ്റ്റേറ്റിന് വിൽപ്പന നടത്തിയ 206.57 ഏക്കർ ഭൂമിയുടെ പോക്കുവരവ് നടത്തി കരം സ്വീകരിക്കണമെന്നാവശ്യപ്പെട്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP (C)28115/06 കേസിലെ 5-10-2013-ലെ വിധിയിൽ പോക്കുവരവ് അപേക്ഷ പുനഃപരിശോധിക്കുന്നതിനും ഹാജരാക്കിയിട്ടുള്ള ആധാരങ്ങൾ പ്രാപ്തമാണെങ്കിൽ പോക്കുവരവ് അനുവദിക്കുന്നതിനും അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 200/15 അപ്പീലിൽ 17-9-2018-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം പോക്കുവരവ് ചെയ്യുന്നതും കരം എടുക്കുന്നതും ഉടമസ്ഥത സംബന്ധിച്ച തെളിവുകൾ അല്ലായെന്നും ആയതിനാൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം പോക്കുവരവ് നടത്തി നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത കോടതിവിധി പ്രകാരം റിയ എസ്റ്റേറ്റിന്റെ പോക്കുവരവ് നടത്തി കരം സ്വീകരിച്ചിരുന്നു.

(ഡി) റിയ എസ്റ്റേറ്റിൽ നിന്ന് മരങ്ങൾ മുറിച്ച് കടത്തുന്നതായി ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ തെന്മല വില്ലേജിന്റെ പരിധിയിൽ വരുന്ന ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള നാഗമല ഈസ്റ്റിൽഡ് എസ്റ്റേറ്റ് ഉൾപ്പെട്ടുവരുന്ന സ്ഥലത്തുനിന്നും സർക്കാർ അനുമതി കൂടാതെ റബ്ബർ മരങ്ങൾ മുറിച്ച് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മരം മുറിക്കുന്നതിനെതിരെ തെന്മല വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകുകയുണ്ടായി. പ്രസ്തുത നടപടി ചോദ്യം ചെയ്തുകൊണ്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP (C) 8195/19 കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**കോതമംഗലം മണ്ഡലത്തിലെ കർഷകരുടെ പട്ടയ അപേക്ഷകൾ**

260 (1383) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലായി 1977 ന മുൻപ് വനഭൂമിയും, റവന്യൂ ഭൂമിയും കൈവശം വച്ച് കൃഷി ചെയ്ത് ജീവിച്ചു വരുന്ന കർഷകരുടെ പട്ടയ അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകളാണ് സർക്കാരിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(സി) നിയമപരമായി പട്ടയം ലഭിക്കുവാൻ അർഹതയുള്ള ഇവർക്ക് പട്ടയം നല്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലതാമസമൊഴിവാക്കി പട്ടയം വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ ഭൂമി പതിവിനായി 860 അപേക്ഷകൾ കോതമംഗലം താലൂക്കാഫീസിൽ ലഭിച്ചിരുന്നതും ആയതിൽ നിന്ന് 159 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്. വനഭൂമി പതിവിന് റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. 2003 കാലഘട്ടത്തിൽ നടത്തിയ സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്. 27-7-2011-ലെ സ.ഉ. (എം. എസ്) 280/11/റവ. പ്രകാരം താമസാവശ്യത്തിനുള്ള 15 സെന്റ് ഭൂമി മാത്രമാണ് പതിച്ചുനൽകി വന്നിരുന്നത്. കോതമംഗലം താലൂക്കിലെ അപേക്ഷകരിൽ കൂടുതൽപേരും 15 സെന്റ് ഭൂമിയിൽ കൂടുതൽ കൈവശമുള്ളവരും ഭൂമി കാർഷികാവശ്യത്തിനായി വിനിയോഗിച്ച് വരുന്നതുമാണ്. കൂടാതെ പി.ഡബ്ല്യു.ഡി. റോഡിന് സമീപ<u>ത്തുള്ള</u> ഭൂമി പതിച്ചു നൽകുന്നതിനായി പി.ഡബ്ല്യു.ഡി. വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കാത്തതിനാൽ പതിവ് നടപടികൾക്ക് കാലതാമസം വരുന്നുണ്ട്. റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ വനഭൂമി പതിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ.

**മാനന്തവാടി മണ്ഡലത്തിൽ പട്ടയ വിതരണം**

261 (1384) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാനന്തവാടി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടയം നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

| ഇനം | എണ്ണം |
|---|---|
| എൽ.എ. പട്ടയം (1964 -ലെ ഭൂപതിവ് ചട്ടപ്രകാരം) | 73 |
| മിച്ചഭൂമി പട്ടയം | 2 |
| ഭൂരഹിതരില്ലാത്ത കേരളം പദ്ധതി | 25 |
| എൽ.എ. പട്ടയം (1995-ലെ മുൻസിപ്പൽ ഭൂപതിവ് ചട്ടപ്രകാരം) | 1 |
| ആകെ | 101 |

(ബി) കേരള ഭൂപതിവ് ചട്ടം 1964 പ്രകാരം മാനന്തവാടി താലൂക്കിൽ ലഭിച്ച 113 അപേക്ഷകളിലും 1995-ലെ മുനിസിപ്പൽ ഭൂപതിവ് ചട്ടപ്രകാരം ലഭിച്ച ഒരു അപേക്ഷയിലും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പൊഴിയൂരിൽ പട്ടയവിതരണം**

262(1385) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുളത്തൂർ പഞ്ചായത്തിലെ തീരപ്രദേശമായ പൊഴിയൂരിൽ 2016-നുശേഷം എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) പൊഴിയൂരിൽ ഇനി എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ടെന്ന് അറിയിക്കാമോ; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) പട്ടയവിതരണത്തിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2016-നുശേഷം കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ തീരപ്രദേശത്ത് ആർക്കുംതന്നെ പട്ടയം നൽകിയിട്ടില്ല.

(ബി) പൊഴിയൂരിൽ 110 പേർക്ക് ഇനി പട്ടയം നൽകാനുണ്ട്.

(സി) 12 (1) നോട്ടീസ് പരസ്യപ്പെടുത്തിയത് ആക്ഷേപരഹിതമായാൽ താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാവുന്ന കേസുകളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതാണ്.

### പട്ടയഭൂമിയിൽനിന്നും മരം മുറിയ്ക്കാനുള്ള അവകാശം

263 (1386) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമിയിൽ പട്ടയങ്ങൾ നൽകുമ്പോൾ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഒഴികെ പ്രസ്തുത പട്ടയ ഭൂമിയിൽ പിന്നീട് വളരുന്നതോ അല്ലെങ്കിൽ നട്ടുപിടിപ്പിച്ചതോ ആയ മരങ്ങൾ പട്ടയ ഉടമയ്ക്ക് മുറിക്കുന്നതിന് റവന്യൂ വകുപ്പിന്റെ കൂടാതെ വനംവകുപ്പിന്റെയും അനുമതി ആവശ്യമാണോ;ആണെങ്കിൽ ഇത്തരം മരങ്ങൾ മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് ഏത് നിയമത്തിലാണ്/ചട്ടത്തിലാണ് പരാമർശിച്ചിരിക്കുന്നത്;

(ബി) പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഒഴികെ റവന്യൂ പട്ടയ ഭൂമിയിൽ വളരുന്ന മരങ്ങൾ സ്വയം വളർന്നതോ അല്ലെങ്കിൽ നട്ടുവളർത്തിയതോ ആയ മരങ്ങളാണെന്ന സ്ഥിരീകരണം നൽകാൻ ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ;

(സി) റവന്യൂ പട്ടയ ഭൂമിയിൽനിന്നും ഉടമസ്ഥന് ഇത്തരം മരങ്ങൾ മുറിക്കാൻ അനുമതിനൽകാനുള്ള പൂർണ്ണ അധികാരം റവന്യൂ വകുപ്പിന് ഉണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അനുമതി ലഭിക്കാൻ ഏത് വകുപ്പിനെയാണ് സമീപിക്കേണ്ടത് ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17-8-2017 -ലെ ജി.ഒ. (പി) നമ്പർ 60/2017/ആർ.ഡി. പ്രകാരമുള്ള ഭേദഗതി പ്രാബല്യത്തിൽ വരുത്തുന്നതിനുമുൻപ് നൽകിയിരുന്ന പട്ടയത്തിൽ "അനുവദിച്ചുകിട്ടിയ സ്ഥലത്തിനകത്തുള്ളതും പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വൃക്ഷങ്ങളുടെയും പൂർണ്ണ അവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതു പതിച്ചു കിട്ടുന്ന സമയത്തുള്ളതോ അതിനുശേഷം നിലവിലുണ്ടാകുന്നതോ ആയ ഭൂമിയിലുള്ള, അങ്ങനെയുള്ള എല്ലാ വൃക്ഷങ്ങളും പതിച്ചു കിട്ടിയ ആൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. 17-8-2017-ലെ ജി.ഒ (പി) നമ്പർ 60/2017/ആർ.ഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 -ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4,22 എന്നിവ പ്രകാരവുമാണെന്ന് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. അതുപ്രകാരം 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ളവ വനം വകുപ്പിന്റെ അനുവാദം കൂടാതെയും ആക്ടിൽ ഉൾപ്പെട്ട 10 മരങ്ങൾ വനം വകുപ്പിന്റെ അനുവാദത്തോടെയും മുറിക്കാവുന്നതാണ്.

(ബി) പട്ടയം നൽകുന്ന സമയത്ത് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഏതെല്ലാമെന്ന് സാക്ഷ്യപ്പെടുത്തേണ്ട റവന്യൂ ഉദ്യോഗസ്ഥൻ വില്ലേജാഫീസർ ആണ്. അല്ലാതെയുള്ള മരങ്ങൾ സ്വയം വളർന്നതോ അല്ലെങ്കിൽ നട്ടുവളർത്തിയതോ ആയ മരങ്ങളാണെന്ന സ്ഥിരീകരണം നൽകുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നാൽ 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങളിൽ തീരുമാനം എടുക്കുന്നതിന് റെയ്ഞ്ചർ തസ്തികയിൽ കുറയാതെയുള്ള ഉദ്യോഗസ്ഥനെ വനം വകുപ്പ് ചുമതലപ്പെടുത്താൻ വ്യവസ്ഥയുണ്ട്.

(സി) റവന്യൂ പട്ടയ ഭൂമിയിൽ നിന്നും ഉടമസ്ഥന് ഇത്തരം 10 ഇനം മരങ്ങൾ മുറിക്കാൻ അനുമതി നൽകാനുള്ള അധികാരം റവന്യൂ വകുപ്പിനില്ല.

പ്രസ്തുത അനുമതി ലഭിക്കാൻ വനം വകുപ്പിനെ സമീപിക്കേണ്ടതാണ്.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ വീഴ്ച

264 (1387) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച കൊല്ലം താലൂക്കിലുൾപ്പെട്ട പാരിപ്പള്ളി വില്ലേജ് ആഫീസിലെ റവന്യൂ ഉദ്യോഗസ്ഥനെ സംബന്ധിച്ച് ജനപ്രതിനിധിയുടെ പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറുകയും ജനപ്രതിനിധികളെ ആക്ഷേപിക്കുകയും ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥന്റെ പ്രവൃത്തികളെ സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഈ രണ്ട് വിഷയങ്ങൾ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത ഫയലുകൾ തീർപ്പാക്കിയോ എന്നും തീർപ്പാക്കിയെങ്കിൽ അന്തിമ നടപടി എന്തായിരുന്നു എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) ആരോപണവിധേയരായ പാരിപ്പള്ളി വില്ലേജ് ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് പാരിപ്പള്ളി വില്ലേജ് ആഫീസർ ശ്രീ. പ്രദീപ് എം-നെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

265 (1388) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുത്ത് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരുമായിട്ടുള്ള അവലോകന യോഗങ്ങളിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

266 (1389) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ട്; അംഗീകരിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ സാങ്കേതികപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കേണ്ടതാണെങ്കിൽ ആയതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) പൊൻമള ഗ്രാമപഞ്ചായത്തിലെ തെമ്പരമ്പ് വടക്കേകുണ്ട് കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം എന്ന പദ്ധതി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്ന ഭാരതപ്പുഴയുടെ വലതുകര ഇടിഞ്ഞുപോകുന്നത് തടയുന്നതിനുള്ള നിർദേശം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടും പ്രസ്തുത വിഷയം കമ്മിറ്റി പരിഗണിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ ; ആയതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന് മേൽഭാഗത്ത് ഭാരതപ്പുഴയുടെ വലത് കര സംരക്ഷണം - രണ്ടാം ഘട്ടം എന്ന പ്രവൃത്തി സംസ്ഥാന ഉന്നതതല സമിതി പ്രതിനിധി സ്ഥല പരിശോധന നടത്തി ശിപാർശ ചെയ്ത കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ആയി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

2. പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കെ കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണ പ്രവൃത്തി - 24.60 ലക്ഷം രൂപ. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ബി) ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭ്യമായിട്ടില്ല.

(സി) സാങ്കേതിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന് മേൽ ഭാഗത്ത് ഭാരതപ്പുഴയുടെ വലത് കര സംരക്ഷണ പ്രവൃത്തി സമീപകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ഈ പ്രദേശത്ത് കരയിടിച്ചിൽ രൂക്ഷമായിട്ടുണ്ട്. ആയതിനാൽ ഈ പ്രദേശത്തെ താമസക്കാരുടെ വീടുകൾക്കും

സമീപത്തുള്ള സ്കൂൾ റോഡിനും ഭീഷണിയുണ്ട്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ 50 മീറ്റർ നീളത്തിലും 5 മീറ്റർ ഉയരത്തിലും കരിങ്കൽഭിത്തി നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അടിത്തറയ്ക്ക് കോക്കനട്ട് പൈലും ഭിത്തിക്കിടയിലും മുകൾ ഭാഗത്തും കോൺക്രീറ്റ് ബെൽറ്റും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം എസ്റ്റിമേറ്റ് തുക 35 ലക്ഷം രൂപയാണ്. എസ്.എച്ച്.എൽ.സി., പ്രതിനിധി ജലസേചന വകുപ്പ്, റവന്യൂ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പരാതിക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനയുടെ ഭാഗമായ കണ്ടെത്തലുകൾ ചുവടെ ചേർത്തിട്ടുണ്ട്.

പ്രസ്തുത ഭാഗത്തോട് ചേർന്നുള്ള ഡ്രൈനേജിലൂടെ വരുന്ന മഴവെള്ളം ഒഴുകുന്നതിന് സ്റ്റോൺ പേവിംഗ് ചെയ്യാനും പഞ്ചായത്തുമായി ബന്ധപ്പെട്ട് സംവിധാനനം ഉൾപ്പെടുത്താനും നിർദ്ദേശിച്ചു. തൊട്ടടുത്തുള്ള സംരക്ഷണഭിത്തിയുടെ ഉയരത്തിൽ കൂടുതൽ വരാതെയും നിലവിലെ പാറഭാഗത്തെ ഒഴിവാക്കാനും നിർദ്ദേശിച്ചു.

2. പൊൻമള ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ തേമ്പറമ്പ് വടക്കെ കുണ്ടിൽ ഭാഗത്ത് കടലുണ്ടിപ്പുഴയിൽ ഇടതുകര സംരക്ഷണ ഭിത്തി നിർമ്മാണം - ഈ പ്രവൃത്തിക്ക് 3 ഗുണഭോക്താക്കളുണ്ടെങ്കിലും രണ്ട് പേരുടെ വീടുകൾ കരയോട് അടുത്തായതിനാൽ 50 മീറ്റർ നീളത്തിൽ 5 മീറ്റർ ഉയരത്തിൽ കരിങ്കൽ ഭിത്തി കെട്ടി അടിയന്തരമായി സംരക്ഷിക്കേണ്ടതുണ്ട്. അതിനായുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ ശിപാർശ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഈ പദ്ധതി ആർ.എം.എഫിൽ ഉൾപ്പെടുത്തി DLEC സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റ് DLEC-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

(ഇ) ഈ പ്രവൃത്തി 3-11-2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം പരിശോധിച്ചു. സമിതി അംഗം ടി സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചു. മുഴവൻ ഭാഗത്തിലും 2 മുതൽ 3 മീറ്റർ ഉയരത്തിൽ കരിങ്കൽഭിത്തി നിർമ്മാണവും കൂടാതെ ജൈവവേലി സംരക്ഷണവും ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

267 (1390) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പ്രസ്തുത ഫണ്ട് മുഖേന 2019-20 വർഷത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം ; വിശദാമാക്കുമോ ?

ഉത്തരം

(എ) ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കാളിക്കാവിൽ ളുതപ്പുഴയ്ക്ക് കുറുകെ താൽക്കാലിക ചെക്ക് ഡാം നിർമ്മാണം - 8.75 ലക്ഷം - പൂർത്തിയായി.

(ബി) 2019-20 വർഷത്തിൽ നടപ്പിലാക്കുന്നതിന് ഒരു പദ്ധതിയും പരിഗണനയിലില്ല.

**ഏറനാട് നിയോജകമണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം**

268 (1391) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏറനാട് നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ട് നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ഇക്കാര്യത്തിൽ എന്താണ് തടസ്സമെന്നും വ്യക്തമാക്കുമോ;

(സി) മൂന്നു വർഷത്തിലധികമായി പല തടസ്സങ്ങൾ ഉന്നയിച്ച് പ്രവൃത്തി ആരംഭിക്കാത്ത പ്രസ്തുത പാലം നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ടി പാലത്തിനോടൊപ്പം ഭരണാനുമതി നല്കിയ ഏതെല്ലാം പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായി; വിശദാംശം നൽകുമോ;

(ഇ) ഇതിന് ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നതിന് വിവിധ മണ്ഡലങ്ങളിൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് മറ്റ് ജില്ലകളിലെ പ്രവൃത്തികൾക്കായി കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കീഴുപറമ്പ് പഞ്ചായത്തിലെ മുക്കം കടവിന് താഴെ അരീക്കോട് പാലത്തിന് സമീപം ചാലിയാർപുഴയുടെ തീര സംരക്ഷണം - 15.8 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10- കുനിയിൽ കക്കുഴിക്കുന്നത്ത് കോലോത്തും തൊടിയിൽ ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം- 16.75 ലക്ഷം - ടെണ്ടർ നടപടികളിലാണ്.

(ബി) പാരിസ്ഥിതികാനുമതി ലഭ്യമായിട്ടില്ലാത്തതുമൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത്. കൂടാതെ RMF ഫണ്ടിന്റെ അപര്യാപ്തതയും കാലതാമസത്തിന് കാരണമാണ്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിലില്ല.

(ഡി) ഒരു പാലത്തിന്റെയും പണി പൂർത്തിയായിട്ടില്ല.

(ഇ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പാലങ്ങളുടെ പണികൾക്കായി ഭരണാനുമതി നൽകിയിട്ടില്ല.

(എഫ്) മലപ്പുറം ജില്ലയിൽനിന്നും ആർ.എം.എഫ്. മറ്റ് ജില്ലകളിലേയ്ക്ക് നാളിതുവരെ പണം കൈമാറിയിട്ടില്ല.

## പാലക്കോട് പുഴയുടെ അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് നടപടി

269 (1392) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽ തിട്ടയിൽ തട്ടി വള്ളങ്ങളും ബോട്ടുകളും മറിയുന്നതും അപകടമരണങ്ങളും കണക്കിലെടുത്ത് മണൽ ഡ്രഡ്ജ് ചെയ്യുന്നതിന് റവന്യൂ വകുപ്പ് മുഖേന, റിവർ മാനേജ്മെ ന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിൽ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽത്തിട്ടയിൽ തട്ടി വള്ളങ്ങളും ബോട്ടുകളും മറിയുന്നതിനാൽ മണൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്ന പ്രവൃത്തി RMF-ൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 29-1-2019-ന് ചേർന്ന സംസ്ഥാന ഉന്നതതല സമിതിയോഗം ചർച്ച ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഓപ്പൺ ടെണ്ടർ മുഖേനയോ ഹാർബർ/തുറമുഖ/ഇറിഗേഷൻ വകുപ്പുകൾ മുഖേനയോ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 1-4-2019-ൽ കണ്ണൂർ ജില്ലാ വിദഗ്ദ്ധ സമിതി യോഗം ചേരുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

## ഭൂമി നികത്തുന്നതിന് അനുമതി

270 (1393) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. എം. ഉമ്മർ:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കുന്നത്തുനാട് വില്ലേജിലെ സ്പീക്സ് പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന റിയൽ എസ്റ്റേറ്റ് കമ്പനിയുടെ പതിനഞ്ച് ഏക്കർ ഭൂമി നികത്തുന്നതിന് കളക്ടറുടെ ഉത്തരവ് റദ്ദാക്കി റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) നെൽവയൽ തണ്ണീർത്തട നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഈ ഭൂമി നിലമായിട്ടാണോ രേഖപ്പെടുത്തിയിരിക്കുന്നത്;

(സി) ഇക്കാര്യങ്ങളിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം നിരാകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുന്നത്ത്നാട്ടിൽ Speaks Properties Ltd. എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും 31-1-2019-ലെ സ.ഉ.(സാധാ.)337/19/റവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 8-5-2019-ലെ സ.ഉ.(സാധാ.)1090/19/റവ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി.

(ബി) അതെ.

(സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കിയല്ല സർക്കാർ 31-1-2019-ലെ ഉത്തരവ് പുറപ്പെടുവിച്ചത്.

## അനധികൃത നിലം നികത്തൽ

271 (1394) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്ടിൽ 15 ഏക്കർ നിലം നികത്താൻ ഭൂമാഫിയക്ക് അനുവാദം നൽകിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഡാറ്റാ ബാങ്കിൽ പ്രസ്തുത ഭൂമി നിലമായിട്ടാണോ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയശേഷമാണോ എറണാകുളം ജില്ലാ കളക്ടർ ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അനുമതി നിഷേധിച്ചത്;

(ഡി) റവന്യൂ മന്ത്രി അറിയാതെ റവന്യൂ അഡീഷണൽ സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് തൊട്ട് മുമ്പ് ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ;

(ഇ) ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ചൂർണിക്കര ഭൂമി തട്ടിപ്പ് കേസിലെ അന്വേഷണ തീവ്രത കുന്നത്തുനാട്ടിലെ ഭൂമി സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിൽ കാണിക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട്ടിൽ Speaks Properties Ltd. എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും 31-1-2019-ലെ സ.ഉ.(സാധാ.)337/19/റവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 8-5-2019-ലെ സ.ഉ.(സാധാ.)1090/19/റവ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി.

(ബി) അതെ.

(സി) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരുന്നു.

(ഡി) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഇല്ല. ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 8-5-2019-ലെ സ.ഉ. (സാധാ.)1090/19/റവ. നമ്പർ പ്രകാരം മരവിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ വിശദ പരിശോധനയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. ആക്ഷേപം വസ്തുതാപരമല്ല.

**വ്യാജരേഖ ഉപയോഗിച്ച് നിലം നികത്തൽ**

272 (1395) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജരേഖ ഉപയോഗിച്ച് വ്യാപകമായ രീതിയിൽ നിലം നികത്തൽ നടക്കുന്നതായി വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം വ്യാജ രേഖകൾ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായവും ഒത്താശയോടും കൂടിയാണ് ഉണ്ടാക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം സമയബന്ധിതമായി നടത്തി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യാജരേഖ ഉപയോഗിച്ച് വ്യാപകമായ രീതിയിൽ നിലം നികത്തൽ നടത്തുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ

ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റ്, ആർ.ഡി.ഓഫീസ് എന്നിവിടങ്ങളിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു. തുടർന്ന് ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും വിജിലൻസ് അന്വേഷണവും നടത്തുന്നതിനുത്തരവാകുകയും അതനുസരിച്ച് അന്വേഷണം നടന്നു വരികയുമാണ്.

(ബി) ആലുവ താലൂക്ക്, ചൂർണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമരേഖ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെകുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകളും വ്യാജ ഒപ്പും ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ആയത് ശ്രദ്ധയിൽപ്പെട്ടയുടൻ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർ നടപടികളും നടന്നുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

## ചൂർണ്ണിക്കരയിലെ തണ്ണീർത്തടം പുരയിടമാക്കുവാനുള്ള വ്യാജ ഉത്തരവ്

273 (1396) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂർണ്ണിക്കരയിൽ തണ്ണീർത്തടം പുരയിടമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ വ്യാജ ഉത്തരവ് തയ്യാറാക്കിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെ മറവിൽ നടത്തുന്ന ഇത്തരം തട്ടിപ്പുകൾ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും നടന്നിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇത്തരം തട്ടിപ്പുകളിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമരേഖ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിരുന്നു.

കൂടാതെ വ്യാജ ഉത്തരവും വ്യാജ ഒപ്പും ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ക്രിമിനൽ നടപടി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവു ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുമുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർ നടപടികളും നടന്നുവരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്.

(ബി) കേരള ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 01-01-2018 മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റുകൾ, ആർ.ഡി. ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ കേസുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്.

(സി) വ്യാജ ഉത്തരവുകൾ ചമച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമപ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. കുറ്റക്കാരായ എല്ലാപേർക്കുമെതിരെ കർശന നടിപടികൾ സ്വീകരിക്കും.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം**

274 (1397) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തടനിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; സംസ്ഥാനത്ത് എല്ലാ പ്രദേശത്തെയും ഡാറ്റാ ബാങ്ക് തയാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ എത്ര കൃഷിഭവനുകളിൽ നാളിതുവരെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഡാറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അത് തിരുത്തുന്നതിനായി ലഭിച്ച അപേക്ഷകളിൽ വ്യക്തമായി തീർപ്പ് കല്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിൽ ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതിപ്രകാരം 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന നിബന്ധന പ്രകാരം എത്ര ഹെക്ടർ/ ഏക്കർ നെൽവയലുകൾ/തണ്ണീർത്തടങ്ങൾ നികത്തുന്നതിനാണ് അനുമതി നല്കിയത്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) 2008-നു മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന ഭേദഗതി ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## ഉത്തരം

(എ&ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിന് ഊർജ്ജിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ല. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.

(സി) 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC-യെ ഏൽപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രക്രിയ നടന്നുവരുന്നു. കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ 2008-ന് മുമ്പ് നിലമായിരുന്നുവെന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 180 ദിവസം അനുവദിക്കുകയും അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ അപ്രകാരം സ്വീകരിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന പരാതി ഉണ്ടായതിനെത്തുടർന്ന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ഡാറ്റാ ബാങ്ക് കറക്ഷനുവേണ്ടി ലഭ്യമായ അപേക്ഷകൾ കൃത്യമായി പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

## നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

275 (1398) ശ്രീ. ആർ. രാജേഷ്:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതു സംബന്ധിച്ച ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിയമാനുസൃതമല്ലാത്ത നിലംനികത്തലിനെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകാൻ എന്തെല്ലാം സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഒരു ദശകത്തിലധികം കാലമായി കൃഷിചെയ്യാത്ത ഭൂമിയുടെ തരംമാറ്റം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്ന കേസുകളിൽ ഇപ്രകാരം ക്രമവത്ക്കരിക്കപ്പെടുന്ന ഭൂമി 50 സെന്റിൽ കൂടുതലെങ്കിൽ 10 ശതമാനം ജലസംഭരണത്തിന് മാറ്റിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികൾ വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടുകെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തുവരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമേ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി താലൂക്ക് തലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും ഊർജ്ജിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC-യെ ഏൽപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രക്രിയകൾ നടന്നുവരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ 2008-നു മുമ്പ് നിലമായിരുന്നുവെന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 180 ദിവസം അനുവദിക്കുകയും അതനുസരിച്ച് അപേക്ഷകൾ

സ്വീകരിക്കുകയുമാണ് ചെയ്തിരുന്നത്. അപ്രകാരം സ്വീകരിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതിയെത്തുടർന്ന് കൃഷി വകുപ്പുദ്യോഗസ്ഥരും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തി അപേക്ഷകൾ പരിശോധിച്ച് 2 മാസത്തിനുള്ളിൽ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലകളിലും ഡാറ്റാ ബാങ്ക് കറക്ഷനുവേണ്ടി ലഭ്യമായ അപേക്ഷകൾ കൃത്യമായി പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ആർ.ഡി.ഒ.-മാർക്കും ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച് തണ്ണീർത്തട നിയമത്തിലെ വകുപ്പ് 5 ഉപവകുപ്പ് 3 (iii) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. കൂടാതെ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, ആർ.ഡി.ഒ. ഓഫീസ്, മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ ഓഫീസ്, കളക്ടറേറ്റുകൾ എന്നിവിടങ്ങളിലും പരാതി സമർപ്പിക്കാവുന്നതാണ്.

(ഡി) വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ(2) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉത്തരവാകുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആർ-ൽ അധികരിക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 10 ശതമാനം ജലസംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നു.

ഇപ്രകാരം ജലസംരക്ഷണ നടപടികൾക്കായി നീക്കിവച്ചിട്ടുള്ള 10 ശതമാനം ഭൂമി "നിലം-ജലസംരക്ഷണ പ്രദേശം" എന്ന് സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്താനും "നിലം-ജലസംരക്ഷണ പ്രദേശം" ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കരുതപ്പെടാനും വ്യവസ്ഥ ചെയ്യുന്നു.

**ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**

276 (1399) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 നാലുവരി പാതയാക്കുന്നതിന് കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ സ്വകാര്യ വ്യക്തികളിൽ നിന്നും എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ഹെക്ടർ ഭൂമിയ്ക്ക് വില നൽകി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് 76.03 ഹെക്ടർ ഭൂമി ദേശീയപാത-66 നാലുവരി പാതയാക്കുന്നതിന് 3D നോട്ടിഫിക്കേഷൻ ആയിട്ടുള്ളതും അതിൽ 18.17 ഹെക്ടർ ഭൂമിക്ക് വില നൽകി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ദേശീയപാത 66-ന്റെ വികസനത്തിനായി കണ്ണൂർ ജില്ലയിൽ 188.5906 ഹെക്ടർ ഭൂമിയാണ് ആകെ ഏറ്റെടുക്കാനുള്ളത്. ഇതിൽ 26.6661 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത് ഇതിനോടകംതന്നെ ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

## വൈക്കം-വെച്ചൂർ റോഡ്

277 (1400) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വൈക്കം - വെച്ചൂർ റോഡ് വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും റിക്വിസിഷൻ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വൈക്കം-വെച്ചൂർ റോഡ് വീതികൂട്ടി പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 20-8-2016-ലെ സ.ഉ. (സാധാ.) നമ്പർ 1192/2016/പൊ.മ.വ. ഉത്തരവ് പ്രകാരം പദ്ധതി നിർവ്വഹണത്തിന് 15 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള റിക്വിസിഷൻ അലൈൻമെന്റ് സ്കെച്ച് അടക്കം 11-10-2018-ന് അർത്ഥനാധികാരി ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്റ്റിന്റെ അലൈൻമെന്റ് സംബന്ധിച്ച നടപടികൾ അർത്ഥനാധികാരിയിൽ നിക്ഷിപ്തമാണ്. സംയുക്ത പരിശോധന നടത്തി സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിൽ കൃത്യത വരുത്തി റിപ്പോർട്ട് അടിയന്തരമായി

സമർപ്പിക്കുന്നതിന് എൽ.എ.ഒ.യ്ക്ക് 25-3-2019-ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുന്നതിന് മുൻ അളവ് സ്കെച്ച് ആവശ്യമാണെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ച സാഹചര്യത്തിൽ സർവ്വേ, പുരാവസ്തു എന്നീ വകുപ്പുകളിൽ നിന്നും അളവ് സ്കെച്ച് ലഭ്യമാക്കി വിസ്തീർണ്ണം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## റാന്നി വലിയപാലം നിർമ്മാണത്തിനായി വസ്തു ഏറ്റെടുക്കൽ

278 (1401) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി വലിയപാലം നിർമ്മാണത്തോട് അനുബന്ധിച്ച് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി വസ്തു ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏറ്റെടുക്കേണ്ട വസ്തു അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വില്ലേജുകളിലെ വസ്തുവാണ് ഏറ്റെടുക്കേണ്ടത്; ഓരോ വില്ലേജിലും ഏറ്റെടുക്കേണ്ട വസ്തുക്കളുടെ സർവേ നമ്പരും അളവും ഉടമയുടെ പേരും ലഭ്യമാക്കാമോ;

(സി) വസ്തു ഏറ്റെടുക്കൽ നടപടികൾ നടന്നിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് എന്നത്തേക്ക് വസ്തു ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകാനാകും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി വലിയപാലം നിർമ്മാണത്തോടനുബന്ധിച്ച് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി വസ്തു ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കാത്തത്.

## കൂളിമാട് പാലം

279 (1402) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂളിമാട് പാലം നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലയിൽപ്പെട്ട സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ;

(ബി) സ്ഥല ഉടമകൾ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പാലത്തിന്റെ മലപ്പുറം ജില്ലയിലെ ഭൂമിയ്ക്ക് കളക്ടർ നിശ്ചയിച്ച വിലയ്ക്ക് സ്ഥലം നൽകാമെന്ന് ഭൂ ഉടമകൾ സമ്മതപത്രം നൽകിയിട്ടുണ്ടോ;

(ഡി) ഒരിക്കൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി വില അംഗീകരിച്ചു നൽകുകയും ആയത് ഭൂ ഉടമകൾ സമ്മതിക്കുകയും ചെയ്ത സ്ഥിതിക്ക് അത് പുനപരിശോധിക്കാനും പുനപരിശോധിച്ച് നഷ്ടപരിഹാര തുക കുറയ്ക്കാനും കളക്ടർക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പതിനാറ് സ്ഥല ഉടമകൾ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് കോടതിയെ സമീപിച്ചിട്ടുണ്ട്.

(സി & ഡി) 1894-ലെ എൽ.എ. നിയമപ്രകാരം കൂളിമാട് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 17-3-2015-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് DLPC യോഗത്തിൽ നിശ്ചയിച്ച വിലയ്ക്ക് സ്ഥലം വിട്ടുനൽകുന്നതിന് എല്ലാ ഭൂവുടമകളും സമ്മതപത്രം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിച്ച് 17-6-2015-ലെ സ.ഉ. (സാധാ.) നമ്പർ 3063/2015/റവ. പ്രകാരം സ്ഥലവില അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്ന് ഫണ്ട് ലഭ്യമാകാത്തതിനാൽ 12-7-2016-ന് മേൽ പദ്ധതി കാലഹരണപ്പെട്ടിരുന്നു.

തുടർന്ന് മലപ്പുറം ജില്ലയിലെ കൂളിമാട് പാലം നിർമ്മാണത്തിനായി ഡയറക്ട് പർച്ചേസ് മുഖേന സ്ഥലമേറ്റെടുക്കുന്നതിന് 15-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 914/2019/ആർ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-3-2019-ന് ചേർന്ന DLPC യോഗത്തിൽ പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടില്ല. ഒരിക്കൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച വില സ്ഥലമേറ്റെടുപ്പ് നടപടികൾ കാലഹരണപ്പെട്ടിട്ടുള്ള

സാഹചര്യത്തിൽ ആയത് പുനഃപരിശോധിക്കാനും നഷ്ടപരിഹാരത്തുക കുറയ്ക്കാനും കളക്ടർക്ക് അധികാരമില്ല.

എന്നാൽ പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ടുൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കീഴമുറി പാലം അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ്**

280 (1403) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കിഴമുറി പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ നീണ്ടുപോകുന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതുവഴി പ്രദേശവാസികൾക്കും നാട്ടുകാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ മണീട്, രാമമംഗലം വില്ലേജുകളിൽപ്പെട്ട 0.6547 ഹെക്ടർ സ്ഥലമാണ് കീഴമുറിക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിട്ടുള്ളത്. പ്രസ്തുത പൊന്നുംവില നടപടിയുടെ പ്രഖ്യാപനം 30-5-2019-ന് അംഗീകരിച്ചിട്ടുള്ളതും അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമൺ കയർ പാർക്ക്**

281 (1404) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമണിൽ എൻ.സി.ആർ.എം.ഐ.യുടെ ആഭിമുഖ്യത്തിൽ കയർ പാർക്കിനായി അനുവദിച്ചിരുന്ന ഭൂമി സർക്കാർ തിരികെ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ച് എൻ.സി.ആർ.എം.ഐ. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേലുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് 23-12-2017-ലെ 157/റവന്യൂ-യു2/2017 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നിട്ടും നാളിതുവരെ ടി റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

കൊല്ലം ജില്ല, പെരുമൺ എൻ.സി.ആർ.എം.ഐ.യുടെ ആഭിമുഖ്യത്തിൽ കയർ പാർക്കിനായി അനുവദിച്ചിരുന്ന ഭൂമി സർക്കാർ തിരികെ ഏറ്റെടുക്കണമെന്ന എൻ.സി.ആർ.എം.ഐ ഡയറക്ടറുടെ അപേക്ഷ പ്രകാരം കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ 1-6-2019-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാൻ നടപടി**

282 (1405) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർഭൂമിയുടെ അളവെത്രയാണ്; എത്ര ഹെക്ടർ ഭൂമിയാണ് സർക്കാർ പുറമ്പോക്ക് ഭൂമിയായി വിലയിരുത്തിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് വ്യക്തികളും സ്വകാര്യ സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അളവെത്രയാണ്; സംസ്ഥാനത്ത് ഉടമസ്ഥരില്ലാത്ത ഭൂമിയുടെ അളവെത്രയാണ്;

(സി) കാലങ്ങളായി കാട് കയറിക്കിടക്കുന്ന ഭൂമിയുടെ അളവെത്ര; എത്ര ഹെക്ടർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ട്;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർഭൂമി എത്ര; നിലവിൽ ഭൂമി ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്ര;

(ഇ) ഇത്തരത്തിൽ അന്യാധീനമായി കിടക്കുന്ന മുഴുവൻ ഭൂമിയും അടിയന്തരമായി പിടിച്ചെടുത്ത് ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകാൻ എന്തൊക്കെ സത്വരനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനം**

283 (1406) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡിന്റെ വികസനത്തിന് വസ്തു ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി; എത്ര സെന്റ് വസ്തുവാണ് അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ടത്;

(ബി) ഏറ്റെടുക്കേണ്ട വസ്തുവിന്റെ സർവ്വേ നമ്പരും അളവും ഉടമകളുടെ പേരും ലഭ്യമാക്കാമോ;

(സി) വസ്തു ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവാഭരണ പാതയിലെ പേങ്ങാട്ട് കടവ് പാലം അപ്രോച്ച് റോഡ് വികസനത്തിന് വസ്തു ഏറ്റെടുക്കുന്നതിനായി 27-11-2018-ലെ G.O. (Rt) No. 1841/2018/PWD പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 5 ശതമാനം കണ്ടിജൻസി ചാർജ്, അലൈൻമെന്റ് സ്കെച്ച് എന്നിവ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല.

(ബി) വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 30, 32 റീ സർവ്വെ നമ്പർ 293/3, 83/11, 84/4, 84/3, 84/1, 312/5 എന്നീ നമ്പരുകളിൽ നിന്നായി ഏകദേശം 0.0675 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുണ്ട്. വസ്തു ഉടമകളുടെ വിവരം ലഭ്യമായിട്ടില്ല.

(സി) അർത്ഥനാധികാരി 5 ശതമാനം കണ്ടിജൻസി ചാർജും അലൈൻമെന്റ് സ്കെച്ചും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**കാട്ടാക്കട മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ**

284 (1407) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കലിനായുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ; അവശേഷിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; എസ് .ഐ .എ സ്റ്റഡി പൂർത്തിയായോ; തുടർനടപടികൾ വിശദമാക്കാമോ;

(സി) കരമന-വെള്ളറട റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിർണ്ണയത്തെ സംബന്ധിച്ചും, തുടർനടപടിയെക്കുറിച്ചും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടി 24-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 2297/2018/ഉ.വി.വ. പ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിലെ 42.13.66 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. പൊന്നുംവില നടപടിയുടെ ഭാഗമായി സംയുക്ത സ്ഥലപരിശോധന നടത്തിയതിൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടില്ലെന്ന് കാണുകയും അവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം അർത്ഥനാധികാരിയായ സർവ്വകലാശാല രജിസ്ട്രാർക്ക് നൽകിയിട്ടുള്ളതുമാണ്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സഹായം ലാൻഡ് അക്വിസിഷൻ ഓഫീസർ മുഖേന നൽകിവരുന്നു. അവ സ്ഥാപിക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം നിർമ്മാണത്തിനായി 24-4-2019-ലെ സ.ഉ. (സാധാ.) നമ്പർ 1041/2019/റവ. പ്രകാരം തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലെ 0.16 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുള്ള പൊന്നുംവില നടപടിയുടെ ഭാഗമായ സാമൂഹികാഘാത പഠനം നടത്തുവാൻ തിരുവനന്തപുരം ജില്ലയിലെ സാമൂഹികാഘാത പഠന യൂണിറ്റായി പ്ലാനെറ്റ് കേരള തിരുവനന്തപുരത്തിന് 23-2-2019-ന് ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എസ്.ഐ.എ. റിപ്പോർട്ട് ലഭ്യമായതിനുശേഷം വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സമുചിത തീരുമാനം കൈക്കൊള്ളുകയും RFCTLARR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതുമാണ്.

(സി) കരമന-വെള്ളറട റോഡ് വികസനത്തിൽ ആദ്യ റീച്ച് ആയ കരമന മുതൽ കുണ്ടമൺകടവ് വരെയുള്ള പൊന്നുംവില നടപടിയിൽ സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കി RFCTLARR Act, 2013 പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 4 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പഠനം നടന്നുവരുന്നതുമാണ്. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ RFCTLARR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി പൂർത്തിയാക്കുന്നതുമാണ്.

കരമന-വെള്ളറട റോഡ് വികസനത്തിൽ കുണ്ടമൺകടവ്-കാട്ടാക്കട, കാട്ടാക്കട-ചെമ്പൂര്, ചെമ്പൂര്-വെള്ളറട എന്നീ റീച്ചുകളിൽ സംയുക്ത സ്ഥലപരിശോധന നടന്നുവരുന്നതുമാണ്.

## ഈരാറ്റുപേട്ട ബൈപ്പാസ് റോഡിന്റെ ലാൻഡ് അക്വിസിഷൻ

285 (1408) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ബൈപ്പാസ് റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടി ഇതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; വിശദമാക്കുമോ;

(ബി) റോഡുവികസനം നടക്കാത്തതിനാൽ ഉണ്ടാകുന്ന ഗതാഗതപ്രശ്നങ്ങൾ മനസ്സിലാക്കി പ്രസ്തുത നടപടി അടിയന്തരമായി പൂർത്തീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ലാൻഡ് അക്വിസിഷന് നടപടി സ്വീകരിച്ചുവരുന്നത് ഏത് ഏജൻസിയാണ്; വിശദമാക്കുമോ?

### ഉത്തരം

(എ-സി) ഈരാറ്റുപേട്ട ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ 1.26 ഹെക്ടറും റീച്ച് -2-ൽ 1.24 ഹെക്ടറും ഉൾപ്പെടെ 2.50 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥനാപത്രം യഥാക്രമം 27-11-2018, 19-12-2018 എന്നീ തീയതികളിൽ ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റീച്ച് 1-ന്റെയും റീച്ച് -2 ന്റെയും സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പുതുക്കിയ 4 (1) നോട്ടിഫിക്കേഷൻ യഥാക്രമം 7-1-2019, 17-1-2019 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചി ട്ടുള്ളതാണ്. റീച്ച് 1-ന്റെ സാമൂഹ്യാഘാത പഠനത്തിന്റെ ഫൈനൽ റിപ്പോർട്ട് സാമൂഹ്യാഘാത പഠന ഏജൻസിയായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലം സമർപ്പിച്ചിട്ടുള്ളതാണ്. റീച്ച്-2 ന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## നെഗോഷ്യബിൾ അക്വിസിഷൻ രീതി

286 (1409) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ റോഡ്, പാലം തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റേടുക്കേണ്ടിവരുമ്പോൾ നെഗോഷ്യബിൾ അക്വിസിഷൻ രീതി അവലംബിക്കുന്നത് നയപരമായി സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നിർബന്ധിത ഭൂമി ഏറ്റെടുക്കൽ ഉത്തരവ് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നടപടിക്രമങ്ങൾ വേഗത്തിലാക്കി ആയത് പൂർത്തീകരിക്കാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(സി) ഉഭയകക്ഷി അടിസ്ഥാനത്തിലുള്ള ഭൂമി ഏറ്റെടുക്കൽ അവസാനിപ്പിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് SIA ഏജൻസിയെ നിയോഗിച്ച് 4 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ ശിപാർശ വിലയിരുത്തി ശിപാർശ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതാണ്. ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുനഃസ്ഥാപനവും നിശ്ചയിച്ചതിനുശേഷം ഡിക്ലറേഷൻ പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(സി) ഇല്ല.

നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് SIA ഏജൻസിയെ നിയോഗിച്ച് 4 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ ശിപാർശ വിലയിരുത്തി ശിപാർശ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതാണ്. ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുനഃസ്ഥാപനവും നിശ്ചയിച്ചതിനുശേഷം ഡിക്ലറേഷൻ പുറപ്പെടുവിച്ച് സെക്ഷൻ 108 പ്രകാരം ഭൂവുടമകളെ വിളിച്ചുകൂട്ടി ഡി.എൽ.എഫ്.സി. കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നു.

## കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം

287 (1410) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം വിട്ടുനൽകിയവരിൽ

ആർക്കെല്ലാമാണ് നഷ്ടപരിഹാരത്തുക നൽകിയിട്ടുള്ളതെന്നും ആർക്കെല്ലാമാണ് തുക നൽകുവാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുക നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ആർക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല.

(ബി) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂവുടമകളുമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലീഗൽ അഡ്വൈസറിൽ നിന്നും ലഭിച്ച കരട് ആധാരം തിരികെ നൽകിയിട്ടുള്ളതും അടിയന്തരമായി രജിസ്ട്രേഷൻ നടത്തി ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ ബിംസ് മുഖേന ട്രാൻസ്ഫർ ചെയ്യുന്നതുമാണ്.

## കോട്ടയ്ക്കൽ വില്ലേജിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ്

288 (1411) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ വില്ലേജിലെ പുത്തൂർ -ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ടവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ;

(ബി) സാമൂഹ്യ പ്രത്യാഘാതപഠനം നടത്തണമെന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ- സി) 30-5-2018-ലെ സ.ഉ. (സാധാ.) 1984/2018/റവ. നമ്പർ ഉത്തരവുപ്രകാരം കോട്ടയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. 26-10-2018-ലെ സ.ഉ. (അച്ചടി) 67/2018/റവ. പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നതും 2-2-2019-ൽ

പ്രസ്തുത ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുള്ളതാണ്. വിദഗ്ദ്ധ സമിതിയുടെ ശിപാർശ ജില്ലാ കളക്ടർ വിലയിരുത്തി ശിപാർശ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി

289 (1412) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി സ്ഥലം നിർദ്ദേശിച്ചതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടു വർഷം പിന്നിട്ടിട്ടും യാതൊരു നടപടിയുമുണ്ടാകാത്തതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) <u>ശംഖുമുഖം അങ്കണവാടി</u>

പേട്ട വില്ലേജിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വെ നമ്പർ 1920/pt. പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമി അങ്കണവാടിക്ക് അനുവദിക്കുന്നതിലേയ്ക്കായി തഹസീൽദാർ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ന്യൂനത പരിഹരിക്കുന്നതിലേയ്ക്കായി തഹസീൽദാർക്ക് മടക്കി അയച്ചിട്ടുള്ളതാണ്. ഭൂമി കൈമാറ്റ അർത്ഥന സമർപ്പിക്കുന്നതിലേയ്ക്കായി ICDS സൂപ്പർവൈസർക്ക് കത്ത് നൽകിയിട്ടുണ്ട്.

വലിയതുറ അങ്കണവാടി

വലിയതുറ അങ്കണവാടിക്ക് ഭൂമി കൈമാറുന്നതിനായുള്ള നടപടിക്കായി തഹസീൽദാർ തിരുവനന്തപുരത്തിന് 18-3-2017, 31-1-2018, 6-3-2019 എന്നീ തീയതികളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശാനുസരണമുള്ള നടപടികൾ താലൂക്ക് ഓഫീസിൽ നടന്നുവരുന്നു.

(ബി&സി) ഭൂമി കൈമാറ്റ ശിപാർശ ലഭ്യമാക്കാൻ തിരുവനന്തപുരം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുമാരമംഗലം മഞ്ഞള്ളൂർ ഭാഗത്തെ ജില്ലാ അതിർത്തി പുനർനിർണ്ണയം**

290 (1413) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഇടുക്കി ജില്ലകളുടെ അതിർത്തി പ്രദേശമായ മൂവാറ്റുപുഴ താലൂക്കിലെ കുമാരമംഗലം മഞ്ഞള്ളൂർ ഭാഗത്തെ ജില്ലാ അതിർത്തി പുനർനിർണ്ണയിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നതിനാലും ടി പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോട് ചേർക്കുന്നതിനുള്ള നടപടിക്രമങ്ങളും, ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തി കാളിയാർ പുഴയുടെ പടിഞ്ഞാറെ അതിർത്തിയിലുള്ള കടവൂർ വില്ലേജിനോട് ചേർന്നുവരുന്ന ഭാഗം മുഴുവൻ സർവ്വേ ചെയ്ത് പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കി കരട് വിജ്ഞാപനവും തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുന്നതിന് എറണാകുളം, ഇടുക്കി കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടിമറ്റം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനായി റവന്യൂ പുറമ്പോക്ക് ഭൂമി

291 (1414) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിമറ്റം കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് സ്വന്തം സ്ഥലം ഇല്ലാത്തതിനാൽ പട്ടിമറ്റം വില്ലേജ് പരിധിയിൽ കണ്ടെത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിന് തടസമുണ്ടോ;വ്യക്തമാക്കുമോ;

(ബി) തടസ്സമില്ലെങ്കിൽ എന്നത്തേയ്ക്ക് സ്ഥലം കൈമാറ്റം നടപടി പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കുന്നത്തുനാട് താലൂക്കിൽ ബ്ലോക്ക് 34, റീസർവ്വെ 81/3-ൽപ്പെട്ട 10.12 ആർ ഭൂമി കൈമാറ്റ വ്യവസ്ഥയിൽ പട്ടിമറ്റം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വിസിഷൻ സമർപ്പിച്ചിരുന്നതാണ്. എന്നാൽ കെ.എസ്.ഇ.ബി. സേവന വകുപ്പല്ലാത്തതിനാൽ പാട്ട വ്യവസ്ഥയിൽ മാത്രമേ ഭൂമി അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന വിവരവും ആവശ്യമെങ്കിൽ പാട്ടത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും കെ.എസ്.ഇ.ബി. അപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.

## പ്രളയത്തിൽ തകർന്ന പുറമ്പോക്ക് ഭൂമിയിലെ വീടുകൾ

292 (1415) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച എത്ര വീടുകൾ തകർന്നുവെന്നും ഇപ്രകാരം വീടു തകർന്ന എത്ര പേർക്ക് പകരം ഭൂമി നൽകിയിട്ടുണ്ട് എന്നുമുള്ള വിവരം താലൂക്കടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ഇപ്രകാരം വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നല്കിയിട്ടുണ്ടെന്നും നല്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ഹാരിസൺ മലയാളം പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം

293 (1416) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വീകരിക്കാവൂ എന്ന നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി തെന്മലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ റിയ എസ്റ്റേറ്റിന് കൈമാറിയ 200 ഏക്കർ ഭൂമിയുടെ കരം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഉത്തരവാദികൾ ആരാണെന്ന് അറിയിക്കുമോ; അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റിയ എസ്റ്റേറ്റിൽ നിന്നും കരം സ്വീകരിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഭൂമിയിൽ നിന്നും മരം മുറിച്ച് കടത്തിയതായുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തോട്ടം ഭൂമി സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കരം എടുക്കുന്നതുൾപ്പെടെയുള്ള കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് സുപ്രീംകോടതി ശരിവച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണെന്നും അതിനാൽ തോട്ടം ഭൂമി സംബന്ധിച്ച കേസുകളിൽ സർക്കാരിനോട് കൂടിയാലോചിച്ചു മാത്രമേ തീരുമാനമെടുക്കാൻ പാടുള്ളൂവെന്നും 27-2-2019-ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

(ബി & സി) തെന്മല വില്ലേജിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, റിയ എസ്റ്റേറ്റിന് വിൽപ്പന നടത്തിയ 206.57 ഏക്കർ ഭൂമിയുടെ പോക്കുവരവ് നടത്തി കരം സ്വീകരിക്കണമെന്നാവശ്യപ്പെട്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP(C) 28115/06 കേസിലെ 5-10-2013-ലെ വിധിയിൽ പോക്കുവരവ് അപേക്ഷ

പുനഃപരിശോധിക്കുന്നതിനും ഹാജരാക്കിയിട്ടുള്ള ആധാരങ്ങൾ പ്രാപ്തമാണെങ്കിൽ പോക്കുവരവ് അനുവദിക്കുന്നതിനും അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 200/15 അപ്പീലിൽ 17-9-2018-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പോക്കുവരവ് ചെയ്യുന്നതും കരം എടുക്കുന്നതും ഉടമസ്ഥത സംബന്ധിച്ച തെളിവുകൾ അല്ലായെന്നും ആയതിനാൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം പോക്കുവരവ് നടത്തി നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത കോടതിവിധി പ്രകാരം റിയ എസ്റ്റേറ്റിന്റെ പോക്കുവരവ് നടത്തി കരം സ്വീകരിച്ചിരുന്നു.

(ഡി) റിയ എസ്റ്റേറ്റിൽ നിന്ന് മരങ്ങൾ മുറിച്ച് കടത്തുന്നതായി ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ തെന്മല വില്ലേജിന്റെ പരിധിയിൽ വരുന്ന ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള നാഗമല ഈസ്റ്റിൽഡ് എസ്റ്റേറ്റ് ഉൾപ്പെട്ടുവരുന്ന സ്ഥലത്തുനിന്നും സർക്കാർ അനുമതി കൂടാതെ റബ്ബർ മരങ്ങൾ മുറിച്ച് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരം മുറിക്കെതിരെ തെന്മല വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകുകയുണ്ടായി. പ്രസ്തുത നടപടി ചോദ്യം ചെയ്തുകൊണ്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP (C) 8195/19 കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുവാൻ നടപടി

294 (1417) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂഭൂമി പാട്ടത്തിന് നൽകിയ വകയിൽ ഓരോ വർഷവും സർക്കാരിന് ലഭിക്കേണ്ട പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ നൽകിയ ഭൂമിയിൽ കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാനുണ്ട്; വ്യക്തമാക്കുമോ;

(സി) പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമിയുടെ അളവ് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള പാട്ടക്കുടിശ്ശിക എത്രയാണ്; ഇത് പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ഇ) പാട്ടവ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ വർഷവും സ്വകാര്യ വ്യക്തികൾക്ക് ഒഴികെയുള്ള കേസുകളിൽ ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്ക് പ്രകാരം 16,10,26,969 രൂപ സർക്കാരിന് പാട്ടക്കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

(ബി) ഇത്തരത്തിൽ നൽകിയ ഭൂമിയിൽ പാട്ടക്കുടിശ്ശികയായി സ്വകാര്യ വ്യക്തികൾക്ക് ഒഴികെയുള്ള കേസുകളിൽ നാളിതുവരെ 1155 കോടി രൂപയോളം പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഒഴികെയുള്ള കേസുകളിൽ നിന്നും 1155 കോടിയോളം രൂപ നാളിതുവരെ പാട്ടക്കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. ടി തുക പിരിച്ചെടുക്കുന്നതിനായി ടി കക്ഷികളെ നിയമാനുസൃതം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം ടി പാട്ടം റദ്ദ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ ജില്ലാതലത്തിൽ നടന്നുവരുന്നു.

**പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി**

295 (1418) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടവ്യവസ്ഥ ലംഘിച്ച് കോടികൾ വിലമതിക്കുന്ന സർക്കാർഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇവരിൽ നിന്നും ഈടാക്കേണ്ട പാട്ടക്കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ;

(സി) നിയമാനുസൃതം ലഭിക്കേണ്ട പാട്ടക്കുടിശ്ശിക ഈടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവയ്ക്ക് പാട്ടം അനുവദിച്ച ഭൂമിയുടെ വിവരം ശേഖരിച്ചു. വ്യക്തികളുടെ വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് ആകമാനം 697 സ്ഥാപനങ്ങൾക്ക്/ സംഘടനകൾക്ക് പാട്ടം അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടി സ്ഥാപനങ്ങൾ/സംഘടനകളുടെ കൈവശം പാട്ട ഭൂമിയായി 3118 ഹെക്ടർ ഭൂമിയുണ്ട്.

(ബി) സംഘടനകളും സ്ഥാപനങ്ങളും 1155 കോടി രൂപ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(സി) സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ എന്നിവയുടെ പാട്ടക്കുടിശ്ശിക കണക്കാക്കാനും ടി കക്ഷികളെ നിയമാനുസൃതം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിനും നടപടി സ്വീകരിക്കാനും ടി കക്ഷികൾ വിസമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുമുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

296 (1419) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന കോടികൾ വിലമതിക്കുന്ന റവന്യൂ ഭൂമി തിരിച്ചെടുക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പാട്ടക്കുടിശ്ശിക ഈടാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുവാൻ ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇവ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പാട്ടക്കുടിശ്ശിക കണക്കാക്കാനും ടി കക്ഷികളെ നിയമാനുസൃതം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിനും നടപടി സ്വീകരിക്കാനും ടി കക്ഷികൾ വിസമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. അപ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടന്നുവരുന്നു.

(ബി) സ്ഥാപനങ്ങളും സംഘടനകളും പാട്ടയിനത്തിൽ കുടിശ്ശികവരുത്തിയ തുക 1155 കോടിയെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച ശിപാർശകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**ചാലക്കുടിയിലെ പ്രളയാനന്തര ധനസഹായം**

297 (1420) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ മഹാപ്രളയത്തിൽ വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശം സംഭവിച്ചതും യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തതുമായവർ തൃശ്ശൂർ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായ മുഴുവൻപേർക്കും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വൈകി സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന് തൃശ്ശൂർ ജില്ല കളക്ടർക്ക് പ്രത്യേക അനുമതിയും നിർദ്ദേശവും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019 ജനുവരി 31 വരെയുള്ള അപേക്ഷകൾ പരിഗണിക്കുന്നുണ്ട്. അതിനുശേഷം ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പ്രളയംമൂലമുണ്ടായ നാശനഷ്ടം**

298 (1421) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം എത്ര പേർക്ക് നൽകിയിട്ടുണ്ട്; ആർക്കൊക്കെ; കണക്കുകൾ ലഭ്യമാക്കാമോ;

(സി) എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 408 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 1.5 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ 5 പേർ മരണമടഞ്ഞിട്ടുണ്ട്. 8,32,46,167 രൂപയുടെ കൃഷി നാശവും മൃഗസംരക്ഷണ മേഖലയിൽ 69,200 രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്.

(ബി) വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 403 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ മരണമടഞ്ഞ 5 പേരിൽ 4 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപാവീതം വിതരണം ചെയ്തിട്ടുണ്ട്. മരണമടഞ്ഞവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റോസമ്മ, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ
2. മോളി, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ
3. അൽഫോൻസ, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ
4. ടിന്റു, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ
5. ജോബി മാത്യു, കണിയാംപടിക്കൽ, പിന്നക്കനാട്, തീക്കോയി, മീനച്ചിൽ

പ്രളയബാധിതരായ 436 കർഷകർക്ക് 23,77,140 രൂപ നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായ നഷ്ടത്തിന് 7 പേർക്ക് 69,200 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിജു കെ. ആർ. കാവുങ്കൽ, എരുമേലി-2100
2. സാബു വി. പി., വട്ടമറ്റത്തിൽ, പഴയടം, എരുമേലി-5000
3. തോമസ് സെബാസ്റ്റ്യൻ, കലാപറമ്പിൽ കനമല പി.ഒ. പാമ്പാവാലി-5000
4. എ.എസ്. സോമരാജൻ, ആറ്റുവേലിൽ, പൂഞ്ഞാർ സൗത്ത്- 5000
5. ഷിബു കെ. കെ., കളത്തുങ്കൽ പറത്താനം - 30,000
6. റോസിലി റോബിൻ, കാവുംപുറത്ത്, കൂവുംപുറത്ത്, കൂവപ്പള്ളി - 20,000
7. കെ. കെ. വേലായുധൻ, കൊല്ലപ്പറമ്പിൽ - 210

(സി) വീടിന് നാശനഷ്ടം സംഭവിച്ചവരിൽ അപ്പീലുൾപ്പെടെ 5 പേർക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരുന്നു. ഉരുൾപൊട്ടലിൽ മരണമടഞ്ഞ കണിയാംപടിക്കൽ വീട്ടിലെ ജോബിയുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

**പതിനായിരം രൂപ ധനസഹായം**

299 (1422) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ വെള്ളപ്പൊക്കത്തിൽ വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്ക് പതിനായിരം രൂപ വീതം നൽകുന്ന ധനസഹായം എത്ര പേർക്ക് നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിലെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പതിനായിരം രൂപ ധനസഹായം നൽകിയവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ധനസഹായം ലഭിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2802 |
| കൊല്ലം | 6210 |
| പത്തനംതിട്ട | 51808 |
| ആലപ്പുഴ | 165848 |
| കോട്ടയം | 73401 |
| ഇടുക്കി | 4429 |
| എറണാകുളം | 179879 |
| തൃശ്ശൂർ | 125932 |
| പാലക്കാട് | 8565 |
| മലപ്പുറം | 39970 |
| കോഴിക്കോട് | 25223 |
| വയനാട് | 8079 |
| കണ്ണൂർ | 292 |
| കാസർഗോഡ് | 0 |

(ബി) തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിലെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം

300 (1423) ശ്രീ. മാത്യു റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി തിരുവല്ല താലൂക്കിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയബാധിതർക്കുള്ള സഹായം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിരണം ഗ്രാമപഞ്ചായത്തിൽ നിന്ന് സമർപ്പിച്ച 350-ഓളം അപ്പീലുകൾ കാണാതായി എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരത്തിനായി 13857 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 10,000 രൂപയുടെ ദുരിതാശ്വാസ ധനസഹായം 31541 പേർക്ക് നൽകിയിട്ടുണ്ട്. വീടുകളുടെ നാശനഷ്ടവുമായി ബന്ധപ്പെട്ട് പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 280 വീടുകൾക്കും 15 ശതമാനം മുതൽ 74 ശതമാനം വരെ നാശനഷ്ടം സംഭവിച്ച ആകെ 12404 വീടുകൾക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചങ്ങനാശ്ശേരിയിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായം

301 (1424) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ ഈ കഴിഞ്ഞ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ അപേക്ഷയിൽ എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചിട്ടുണ്ട്;

(സി) വീടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചത് സംബന്ധിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചിട്ടുണ്ട്;

(ഇ) ചങ്ങനാശ്ശേരി- ആലപ്പുഴ റോഡ് പുറമ്പോക്കിലും മറ്റുപുറമ്പോക്കുകളിലും താമസിക്കുന്ന പ്രളയക്കെടുതി അനുഭവിച്ച ആളുകൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിന് പ്രളയാനന്തര പദ്ധതിയിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(എഫ്) ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചങ്ങനാശ്ശേരി താലൂക്കിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് 3137 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 3062 അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി&ഡി) വീടുകൾ ഭാഗികമായും പൂർണ്ണമായും തകർന്നത് സംബന്ധിച്ച് 1439 അപേക്ഷകൾ ലഭിച്ചു. ഇതിൽ 1364 അപേക്ഷകളിൽ അന്വേഷണം പൂർത്തിയാക്കി ധനസഹായം അനുവദിച്ചുവരുന്നു.

(ഇ &എഫ്) ചങ്ങനാശ്ശേരി ആലപ്പുഴ റോഡ് പുറമ്പോക്കിൽ പ്രളയത്തിൽ ഭവനനാശം സംഭവിച്ച കേസ്സുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ചെങ്ങന്നൂർ താലൂക്കിൽ പ്രളയത്തിൽ പുറമ്പോക്കിൽ വീട് നഷ്ടപ്പെട്ട 16 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാതൃകാ വില്ലേജ്**

302 (1425) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കാർത്തികപ്പള്ളി താലൂക്കിന്റെ പരിധിയിലുള്ള പത്തിയൂർ വില്ലേജ് മാതൃക വില്ലേജായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

'മാതൃകാ വില്ലേജ് പദ്ധതി' എന്ന പേരിൽ ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ വില്ലേജ് ഓഫീസുകളുടെ വികസനത്തിന് സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ട്. സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കേണ്ട വില്ലേജാഫീസുകളുടെ ലിസ്റ്റിൽ പത്തിയൂർ വില്ലേജ് ഉൾപ്പെട്ടിട്ടുണ്ട്.

## റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണം

303 (1426) ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനായി ഇ -ഡിസ്ട്രിക്ട്, ഇ -ഓഫീസ്, ഇ -പോസ് മെഷീൻ തുടങ്ങി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) സ്മാർട്ട് ഓഫീസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇ-ഡിസ്ട്രിക്ട്:- വില്ലേജ് ഓഫീസുകളിൽ തിരക്ക് കുറയ്ക്കുന്നതിന് പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

ആർ. ആർ. ഓൺലൈൻ:- റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

സംയോജിത ഓൺലൈൻ പോക്കുവരവ് (Online-Mutation):- ഭൂ സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

ഇ-പേയ്മെന്റ്:- സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്:- ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പാക്കിവരുന്ന ഒരു കടലാസുരഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ സംവിധാനം വഴി സംസ്ഥാനത്ത് ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നതുകൊണ്ട് ഒരു വ്യക്തിയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ അറിയുവാൻ സാധിക്കും. അതുപോലെ ഒരു പ്രാവശ്യം ആധാർ അധിഷ്ഠിത സവിശേഷ തണ്ടപ്പേർ സംവിധാനം രേഖപ്പെടുത്തിയാൽ പിന്നീട് ഫിംഗർ ഉപയോഗിച്ചാൽ അയാൾക്ക് UTP (യൂണിഫൈഡ് തണ്ടപ്പേർ) ഉണ്ടെങ്കിൽ ഉടൻതന്നെ വിവരം ലഭ്യമാകുന്നതാണ്. ഭൂമി സംബന്ധമായ വിവരങ്ങൾ ആധാർ അധിഷ്ഠിത യൂണിക് റ്റി.പി. (UTP)-യുമായി ബന്ധപ്പെടുത്തിയാൽ സംസ്ഥാനത്ത് ഏതൊരു കൈവശക്കാരന്റെയും ഭൂവിവരങ്ങൾ പേപ്പർലെസ് ആയി സൂക്ഷിക്കപ്പെടുന്നതാണ്.

ഇത്തരത്തിലുള്ള ഡാറ്റാബേസിൽ സൂക്ഷിക്കപ്പെടുന്നതുകൊണ്ട് കൈവശക്കാരന്റെ ആധാരങ്ങളുടെ പകർപ്പും കരം അടവാക്കിയ രസീതും ഭൂമിയുടെ സ്കെച്ചും തുടങ്ങി ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും കയ്യിൽ കൊണ്ടുനടക്കേണ്ടുന്ന രീതി അവസാനിക്കുന്നതായിരിക്കും.

(ബി)

1.ഇ-ഡിസ്ട്രിക്ട്:- വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ആഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകമാണ്.

2. ഇ-ഓഫീസ്:- ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പാക്കിവരുന്ന ഒരു കടലാസുരഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയും. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

3. ഇ-പോസ് മെഷീൻ:- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കറൻസി രഹിത ഇടപാടുകൾ പ്രോൽസാഹിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന്റെ 5-1-2019-ലെ 96/2018/fin നമ്പർ പ്രകാരം ഇ-ട്രഷറി ഗേറ്റ് വേയുമായി ഫെഡറൽ ബാങ്ക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സംയോജിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് കറൻസി രഹിത ഇടപാടുകളിലൂടെ വിവിധ നികുതികളും ഫീകളും ഖജനാവിലേയ്ക്ക് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് സമയലാഭം ഉണ്ടാകത്തക്കരീതിയിൽ നിലവിലെ ഇ-പേയ്മെന്റ് സംവിധാനവുമായി സംയോജിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്തത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം നാളിതുവരെ 130 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം/നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 66 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**വില്ലേജ് ഓഫീസ് നിർമ്മാണം**

304 (1427) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മേൽമുറി വില്ലേജ് ഓഫീസ്, ഇരിമ്പിളികം വില്ലേജ് ഓഫീസ് എന്നിവയുടെ നിർമ്മാണം സംബന്ധിച്ച് റവന്യൂ വകുപ്പ് അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് മലപ്പുറം റവന്യൂ വകുപ്പ് അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, മേൽമുറി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ മലപ്പുറം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിക്കോടി വില്ലേജ് ഓഫീസ്

305 (1428) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി വില്ലേജ് ഓഫീസിനെ 2018-19-ലെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നെങ്കിലും തിക്കോടി വില്ലേജ് ഓഫീസിന്റെ നിലവിലെ കെട്ടിടം പൊതുമരാമത്ത് വകുപ്പ് ഏകദേശം 3 ലക്ഷം രൂപ ചെലവിൽ അറ്റകുറ്റപ്പണി നടത്തി പൂർത്തീകരിച്ചിട്ടുള്ളതിനാൽ പുതിയ കെട്ടിടം മാറ്റി പ്പണിയേണ്ട സാഹചര്യമില്ലെന്ന് വകുപ്പ് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിക്കോടി വില്ലേജ് ഓഫീസിന് പകരം ശോച്യാവസ്ഥയിലായ കീഴരിയൂർ വില്ലേജാഫീസിനെ പരിഗണിക്കണമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് തിക്കോടി വില്ലേജിന് പകരം കീഴരിയൂർ വില്ലേജിനെ 2018-19 പ്ലാൻ സ്കീമിലെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളിലെ വൈദ്യുതി ബില്ലുകൾ

306 (1429) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ വൈദ്യുതി ബില്ലുകൾ കേന്ദ്രീകൃത രീതിയിൽ അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബിൽതുക കെ.എസ്.ഇ.ബി. ഏകോപിപ്പിച്ച് വിവരങ്ങൾ റവന്യൂ വകുപ്പിന് കൈമാറുന്ന നടപടിയാണോ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളുടെയും വൈദ്യുതി ബില്ലുകൾ കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ റവന്യൂ വകുപ്പിൽ വിവിധ ശീർഷകങ്ങളിലായിട്ടാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. ബഡ്ജറ്റ് ശീർഷകത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ വീതിച്ച് നൽകുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.ക്ക് നിലവിലില്ലാത്തതിനാൽ ലാൻഡ് റവന്യൂ വകുപ്പിനെ കേന്ദ്രീകൃത സംവിധാനത്തിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിയിട്ടുള്ളതായി കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്.

## ചാലക്കുടി റവന്യൂ ടവറിന്റെ നിർമ്മാണം

307 (1430) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ചാലക്കുടി റവന്യൂ ടവർ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി നഗരസഭയുടെ ഉടമസ്ഥതയിൽ പോട്ടയിലുള്ള സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനായി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റവന്യൂ ടവറിന് ശിപാർശ ചെയ്തിരുന്ന കിഴക്കെ ചാലക്കുടി വില്ലേജ് സർവ്വെ 435/1, 437/1, 437/2 സർവ്വെ നമ്പറുകളിലെ 3.65 ഏക്കർ ഭൂമിക്ക് പകരമായി നഗരസഭ നിർദ്ദേശിച്ച പേരാമ്പ്ര വില്ലേജ് സർവ്വെ 133/11, 134/2, 3, 4,5-യിൽ ഉൾപ്പെട്ട പോട്ടയിലെ 1 ഏക്കർ സ്ഥലം താഴെപ്പറയുന്ന കാരണങ്ങളാൽ റവന്യൂ ടവർ നിർമ്മാണത്തിന് അനുയോജ്യമായി കാണുന്നില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. പ്രസ്തുത ഭൂമി മിനി മാർക്കറ്റ് സ്ഥാപിക്കുന്നതിന് ചാലക്കുടി നഗരസഭ അക്വയർ ചെയ്തിട്ടുള്ളതാണ്. ഒരു പ്രത്യേക ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി മറ്റൊരാവശ്യത്തിന് വിനിയോഗിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയുന്നു.

2. പ്രസ്തുത ഭൂമി ബി.റ്റി.ആർ. പ്രകാരം നിലമായി പറഞ്ഞിട്ടുള്ളതാണ്.

3. പ്രസ്തുത ഭൂമിയിൽ നഗരസഭയ്ക്ക് ഏകദേശം 3.5 കോടി രൂപയുടെ ബാധ്യതയുണ്ടെന്നും അറിയുന്നു.

**കോലഞ്ചേരി മിനി സിവിൽസ്റ്റേഷൻ**

308 (1431) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നാംഘട്ടം പൂർത്തിയായി വരുന്ന കോലഞ്ചേരി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ടം നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കോലഞ്ചേരി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായുള്ള നാല് കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരികയാണ്. അത് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

**ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ്**

309 (1432) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ മോഡൽ വില്ലേജ് ഓഫീസാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി ഉയർത്തുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്നും സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) മോഡൽ വില്ലേജ് പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും തന്നെ നിലവിലില്ല. എന്നാൽ ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കേണ്ട ജില്ലാ കളക്ടർ ലഭ്യമാക്കിയ

മുൻഗണനാ ലിസ്റ്റിൽ ഒതുക്കുങ്ങൽ വില്ലേജ് ഉൾപ്പെട്ടിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

310 (1433) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ വില്ലേജ് ഓഫീസുകളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം, ചെറുവയ്ക്കൽ, കയ്ക്കാവൂർ, പട്ടം, പരശുവയ്ക്കൽ, കരുപ്പൂര്, നേമം, നഗരൂർ എന്നീ എട്ട് വില്ലേജ് ഓഫീസുകൾക്കാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്തത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേർണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

## വില്ലേജ് ഓഫീസ് നിർമ്മാണം

311 (1434) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിൽ നികുതിയും ഫീസും അടയ്ക്കുന്നതിന് പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി എത്ര വില്ലേജാഫീസുകളിലാണ് സ്വൈപ്പിംഗ് യന്ത്രം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിലുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനത്തോടൊപ്പം വില്ലേജാഫീസുകളിൽ സ്വൈപ്പിംഗ് യന്ത്രം ഉപയോഗിച്ചുള്ള (POS) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തെ 1646 വില്ലേജാഫീസുകളിൽ സ്വൈപ്പിംഗ് യന്ത്രം അനുവദിച്ചിട്ടുണ്ട്.

(സി) ധനവകുപ്പിന്റെ 5-1-2019-ലെ 96/2019/fin നമ്പർ പ്രകാരം ഇ-ട്രഷറി ഗേറ്റ് വേയുമായി ഫെഡറൽ ബാങ്ക് പോയിന്റ് ഓഫ് സെയിൽ മെഷീനുമായി സംയോജിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ ഫെഡറൽ ബാങ്ക് മുഖേന സ്ഥാപിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

**വ്യാജരേഖ ചമയ്ക്കൽ**

312 (1435) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചൂർണിക്കരയിലുള്ള 25 സെന്റ് നിലം നികത്താൻ ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ വ്യാജരേഖ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജരേഖ നിർമ്മിച്ചത് ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ അറിവോടെയാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 റീ സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി പ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർനടപടികളും നടന്നുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നു.

(സി) കൃത്രിമ രേഖകൾ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തി 1-1-2018 മുതൽ നാളിതുവരെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിരസിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചുവരുന്നു.

### കിഴക്കേകോട്ടയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

313 (1436) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ടയിലെ സംരക്ഷണമതിലിനുചുറ്റുമുള്ള കെ.എസ്.ആർ. ടി.സി.യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലവും കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങളും പൊളിച്ച് മാറ്റി ഒഴിപ്പിച്ച് പൈതൃകസ്മാരകത്തെയും തലസ്ഥാനനഗരിയുടെ മനോഹാരിതയെയും സംരക്ഷിക്കുന്ന നടപടി റവന്യൂ വകുപ്പ് വൈകിപ്പിക്കുന്നതിന്റെ കാരണം അറിയിക്കുമോ;

(ബി) സർക്കാർ സ്ഥലം കൈയേറി കച്ചവടസ്ഥാപനങ്ങളും താമസസൗകര്യവും ഒരുക്കുന്നവർക്ക് സർക്കാർ ചെലവിൽ പുനരധിവാസനടപടികൾ പൂർത്തീകരിച്ചശേഷമേ കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി തുടങ്ങൂ എന്നതാണോ സർക്കാർ നയമെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടത്തെ പാട്ടങ്ങൾ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ ഭൂമി അനധികൃതമായി കൈയടക്കി കച്ചവടസ്ഥാപനങ്ങൾ നടത്തിവരുന്നവർക്ക് സർക്കാർ ഉത്തരവാദിത്വത്തോടെ തിരിച്ചടവുള്ള ലോൺ മുഖേന സഹായം ഒരുക്കി സ്വമേധയാ കച്ചവടസ്ഥലം കണ്ടെത്താൻ അവസരമൊരുക്കുമോ?

<u>ഉത്തരം</u>

(എ) കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തെ അനധികൃത കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കണമെന്ന് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചിരുന്നു. കിഴക്കേകോട്ട ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കിഴക്കേ വശത്തുള്ള ഡ്രെയിനേജ് റോഡിനോട് ചേർന്ന് 16 കച്ചവടക്കാർക്ക് 80 ച.അടി വിസ്തീർണ്ണമുള്ള ബങ്കുകൾ വാടകക്കരാർ നിബന്ധനയ്ക്ക് വിധേയമായി സ്ഥാപിക്കുന്നതിന് അനുമതി നൽകാമെന്ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല. അനധികൃത കച്ചവടക്കാരിൽ ഒരാളായ ശ്രീ. സാബു ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP (C) 26280/16 നമ്പർ കേസിൽ പെറ്റീഷണറെ ഒഴിപ്പിച്ച് ഒരു മാസത്തിനകം പുനരധിവസിപ്പിക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്. കച്ചവടക്കാരെ എല്ലാവരെയും പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം നഗരപരിധിയിൽ ലഭിച്ചിട്ടില്ല. പുനരധിവാസ നടപടികൾ പൂർത്തിയാകാത്തതിനാലാണ് കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ കാലതാമസം നേരിടുന്നത്.

(ബി) കിഴക്കേകോട്ടയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപ്പാട്ടം പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ചുവരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരുന്നു. നീണ്ടകാലയളവിലായി പാട്ടം അടച്ച് വരുന്നതും ഉപജീവന മാർഗ്ഗമായി ടി സ്ഥലം

കച്ചവടത്തിനായി ഉപയോഗിച്ചു വരുന്നതുമായ പ്രത്യേകത കണക്കിലെടുത്താണ് ഈ വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത്. പ്രത്യേകമായി നിർദ്ദേശം ലഭിച്ച മാനുഷിക പരിഗണന നൽകേണ്ട ഇത്തരം കേസുകളിലൊഴികെ മറ്റെല്ലാ കയ്യേറ്റങ്ങൾക്കെതിരെയും കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിൽ റവന്യൂ വകുപ്പിൽ ഇത്തരം പദ്ധതികളൊന്നുമില്ല.

## വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ്

314 (1437) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ളാവ് ഉപയോഗിക്കുന്നതിലെ വ്യവസ്ഥകൾ ഇളവ് ചെയ്യുന്നതിനുവേണ്ടി നഗരസഭ അധികൃതർ റവന്യൂ വകുപ്പിന് നൽകിയ നിവേദനത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) 150/P3/2017/റവന്യൂ എന്ന ഫയലിൽ കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ, മലപ്പുറം കളക്ടർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഫയൽ കോപ്പികൾ ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച നിവേദനം എന്നാണ് റവന്യൂ വകുപ്പിന് ലഭിച്ചത്; റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ-സി) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ് ഉപയോഗിക്കുന്നതിലെ വ്യവസ്ഥകൾ ഇളവ് ചെയ്യുന്നതിനുവേണ്ടി നഗരസഭ റവന്യൂ വകുപ്പിന് നൽകിയ നിവേദനം 1-8-2017-ൽ ലഭിച്ചു. ടി നിവേദനത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ലഭ്യമാക്കാൻ 7-9-2017-ൽ ആവശ്യപ്പെട്ടിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന മലപ്പുറം ജില്ലാ കളക്ടർ 10-1-2019-ൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 8-1-1972-ലെ G.O (MS) No. 12/72/RD നമ്പർ ഉത്തരവും 17-7-1974-ലെ G.O (MS) No. 730/74/RD നമ്പർ പ്രകാരമുള്ള ഉത്തരവുകളിലെ അധിക വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് തടസ്സമുണ്ടോയെന്ന് പരിശോധിച്ച് വ്യക്തമായ ശിപാർശ സഹിതം

സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറോട് 8-4-2019-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ടി ശിപാർശ ഇതുവരെ ലഭ്യമായിട്ടില്ല. ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറോടും ജില്ലാ കളക്ടർ തിരൂർ തഹസ്സീൽദാരോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. REV-P3/150/2017 നമ്പർ ഫയലിന്റെ ബന്ധപ്പെട്ട പേജുകളുടെ കോപ്പികൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**പ്രളയാനന്തര ധനസഹായം**

315 (1438) <u>ശ്രീ. കാരാട്ട് റസാഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കിണർ നഷ്ടപ്പെട്ടവർക്ക് പരമാവധി ധനസഹായമായി ലഭിക്കുന്ന ആയിരത്തി അഞ്ഞൂറ് രൂപ വളരെ അപര്യാപ്തമായതിനാൽ ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) വീടിന്റെ സംരക്ഷണ ഭിത്തി തകർന്നവർക്ക് നിലവിൽ ധനസഹായത്തിന് അർഹതയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച താമരശ്ശേരി താലൂക്ക് പരിധിയിൽ ഇപ്പോഴും ഭീഷണി നിലനിൽക്കുന്നു എന്ന് റവന്യൂ അധികാരികൾ റിപ്പോർട്ട് ചെയ്തിരുന്ന 54 വീടുകൾക്ക് സർക്കാർ എന്തെങ്കിലും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിണർ നഷ്ടപ്പെട്ടാൽ ദുരന്ത പ്രതികരണനിധിയിൽ നിന്നും ധനസഹായം നൽകുവാൻ വ്യവസ്ഥ ഇല്ല. ഇത്തരത്തിൽ തുക നൽകുന്നത് ഓഡിറ്റ് പരാമർശത്തിന് കാരണമാകും.

(ബി) ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംരക്ഷണ ഭിത്തിക്ക് സഹായം നൽകുവാൻ വ്യവസ്ഥയില്ലാത്തതാണ്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ തരിശുഭൂമി**

316 (1439) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തരിശായി കിടക്കുന്ന ഭൂമിയുടെ വിശദവിവരം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏതെല്ലാം വകുപ്പുകൾ ആവശ്യപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(സി) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കെ.ഐ.പി. കോംപ്ലക്സ് സ്ഥാപിച്ചിരുന്ന സ്ഥലം റവന്യു വകുപ്പിന്റെ അധീനതയിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇവിടെ മിനി സിവിൽ സ്റ്റേഷൻ അനക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തരിശുഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാവുമ്പ വില്ലേജ് | - 01.1813 ഹെക്ടർ |
| കരുനാഗപ്പള്ളി വില്ലേജ് | - 00.1320 ഹെക്ടർ |
| ക്ലാപ്പന വില്ലേജ് | - 00.0145 ഹെക്ടർ |

(ബി) പ്രസ്തുത ഭൂമികൾ മറ്റു വകുപ്പുകൾ ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കെ.എൽ.യു. ലഭിക്കുന്നതിനുള്ള അപേക്ഷകൾ**

317 (1440) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ഡി.ഒ. ഓഫീസുകളിൽ കെ.എൽ.യു. ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## " ഒപ്പരം" പുതുവർഷം ആഘോഷം

318 (1441) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണ പുതുവർഷം ആഘോഷിക്കാൻ സർക്കാർ തീരുമാനമെടുത്തിരുന്നോവെന്നും എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന പുതുവർഷാഘോഷ പരിപാടിയുടെ സംഘാടനം എങ്ങനെയായിരുന്നുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലാഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ 2018 ഡിസംബർ 31ന് കാസർഗോഡ് സംഘടിപ്പിച്ച പുതുവർഷാഘോഷത്തിനു "ഒപ്പരം" എന്ന പേരു നൽകിയത് പോലെ മറ്റു ജില്ലകളിൽ നൽകിയ പേരുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഒപ്പരത്തിനു സംഘാടക സമിതി രൂപീകരിച്ചിരുന്നോയെന്നും എങ്കിൽ ഭാരവാഹികൾ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഒപ്പരത്തിൽ എന്തെല്ലാം പരിപാടികൾ ഉണ്ടായിരുന്നുവെന്നും ആരൊക്കെയാണു പരിപാടികൾ അവതരിപ്പിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) ഒപ്പരം സംഘടിപ്പിക്കുന്നതിനു സംഭാവനയായി കിട്ടിയ തുക വ്യക്തികളും സംഘടനകളും തിരിച്ച് വ്യക്തമാക്കാമോ; ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ സംഭാവന നൽകിയിരുന്നോ എന്നും എങ്കിൽ ഏത് ഫണ്ടിൽ നിന്ന് എത്ര തുകയാണ് നൽകിയതെന്നും ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണു സംഭാവന നൽകിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പരിപാടിക്കുശേഷം ഒപ്പരത്തിന്റെ സംഘാടക സമിതി ചേർന്ന് വരവ്- ചെലവ് കണക്ക് അവതരിപ്പിച്ചോയെന്നും മിച്ചമാണെങ്കിൽ ആ തുക എന്ത് ചെയ്തെന്നും നഷ്ടമാണെങ്കിൽ എങ്ങനെ നികത്തിയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തവണ പുതുവർഷം ആഘോഷിക്കുവാൻ സർക്കാർ തീരുമാനം എടുത്തിരുന്നില്ല.

(ബി) ജില്ലാതലത്തിൽ സർക്കാർ നിർദ്ദേശപ്രകാരം പുതുവർഷാഘോഷം സംഘടിപ്പിക്കപ്പെട്ടിരുന്നില്ല.

(സി) ഒപ്പരത്തിനു സംഘാടക സമിതി രൂപീകരിച്ചിട്ടില്ല. കാസർഗോഡ് തിയാട്രിക് സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് സംഘടിപ്പിച്ചത്.

(ഡി)

| ക്രമ നമ്പർ | പരിപാടിയുടെ പേര് | അവതരണം |
|---|---|---|
| 1 | രംഗപൂജ | നൃത്യ കാസർഗോഡ് |
| 2 | പൂരക്കളി | മുളവന്നൂർ ഭഗവതി ക്ഷേത്ര കലാസംഘം |
| 3 | മാർഗംകളി | ലിറ്റിൽ ഫ്ലവർ സ്കൂൾ കാഞ്ഞങ്ങാട് |
| 4 | യക്ഷഗാനം | താരാനാഥ് റായ് |
| 5 | ഒപ്പന | എച്ച്. എസ്. എസ്. ഹോസ്ദുർഗ് |
| 6 | അലാമിക്കളി | നാട്ടകം കാറഡുക്ക |
| 7 | മംഗലം കളി | മദറു അമ്മ കലാസമിതി |
| 8 | കൊറഗനൃത്തം | പുളിക്കൂർ കലാസംഘം |
| 9 | കോൽക്കളി | നന്ദനം കോൽക്കളി സംഘം പെർലടുക്കം |
| 10 | അമതൻ | ശ്രീരാജ് & ടീം കാസർഗോഡ് |

(ഇ)

| ക്രമ നമ്പർ | സ്ഥാപനം/വ്യക്തി | തുക |
|---|---|---|
| 1 | ശ്രീ. യഹിയ തളങ്കര | 50,000 രൂപ |
| 2 | ശ്രീ. ലത്തീഫ് ഉപ്പള | 1,00,000 രൂപ |
| 3 | ശ്രീ. മുജീബ് | 2,000 രൂപ |
| 4 | M/s സിറ്റി ഗോൾഡ് കാസർഗോഡ് | 40,000 രൂപ |
| 5 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 1,00,000 രൂപ |
| 6 | കുമ്പള ഗ്രാമ പഞ്ചായത്ത് | 20,000 രൂപ |
| 7 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ | 50,000 രൂപ |
| 8 | M/s ബിന്ദു ജ്വല്ലറി കാസർഗോഡ് | 25,000 രൂപ |
| ആകെ | | 3,87,000 രൂപ |

ചെങ്കള ഗ്രാമ പഞ്ചായത്ത് 1,00,000 രൂപയും കുമ്പള ഗ്രാമപഞ്ചായത്ത് 20,000 രൂപയുമാണ് അനുവദിച്ചത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചത്. 2011-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ 3-ൽ iii പ്രകാരമാണ് പഞ്ചായത്തുകൾ തുക അനുവദിച്ചത്.

(എഫ്) തിയാട്രിക് സൊസൈറ്റി യോഗം ചേർക്ക് കണക്ക് അവതരിപ്പിച്ചു.

ആകെ വരവ് 3,87,000 രൂപ

ആകെ ചെലവ് 2,92,560 രൂപ

ബാക്കി 94,440 രൂപ

ബാക്കി തുക കാസർഗോഡ് തിയാട്രിക് സൊസൈറ്റി അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് നടത്തിയ പരിപാടികൾക്ക് ചെലവഴിക്കുകയും ചെയ്തു.

**റവന്യൂ കമ്മീഷണറുടെ സീലോടുകൂടിയ വ്യാജ ഉത്തരവ്**

319 (1442) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചൂർണ്ണിക്കരയിൽ ഭൂമി തരം മാറ്റുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ സീലോടുകൂടിയ വ്യാജ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആരാണ് ഇതിന് പിന്നിലുള്ളതെന്നും ഇത്തരത്തിൽ വേറെയും ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോയെന്നും കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന് പിന്നിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും അവരുടെ തസ്തിക ഏതാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(ഡി) വ്യാജ ഉത്തരവ് പ്രകാരം തരം മാറ്റിയ ചൂർണ്ണിക്കരയിലെ ഭൂമി പൂർവസ്ഥിതിയിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ

ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ശ്രമങ്ങൾ ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു സീനിയർ സൂപ്രണ്ടിന്റെ സീലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് സീലും പതിപ്പിച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമരേഖ ചമയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ആയത് ശ്രദ്ധയിൽപ്പെട്ടയുടൻ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തരമുള്ള തുടർ നടപടികളും നടന്നുവരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വ്യാജ ഉത്തരവ് ചമച്ചവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുന്നതാണ്. ഇതിനു പുറമെ കേരള ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 1-1-2018 മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും നിരസിച്ചതും നിലവിൽ നടപടിയിലിരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചു വരുന്നുണ്ട്.

(സി) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ ചൂർണ്ണിക്കര വില്ലേജിൽ 0.29.21 ഹെക്ടർ നിലം പുരയിടമാക്കി മാറ്റുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ അധികചുമതല വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവ് തയ്യാറാക്കി വില്ലേജ് ഓഫിസിൽ ഹാജരാക്കിയത് സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷനിൽ U/S 456, 468, 471 & 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 926/19-ാം നമ്പർ ക്രൈം കേസിൽ ഉൾപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. കെ. അരുൺകുമാറിനെ പോലീസ് അറസ്റ്റ് ചെയ്ത് 11-5-2019 മുതൽ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തിട്ടുള്ളതും ടിയാനെ കെ.സി.എസ്.ആന്റ് സി.സി.എ. ചട്ടം 10(3) പ്രകാരം അറസ്റ്റ് രേഖപ്പെടുത്തിയ തീയതിയായ 11-5-2019 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

(ഡി) വ്യാജ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ യാതൊരു വിധത്തിലുള്ള മാറ്റവും വരുത്തിയിട്ടില്ലാത്തതാണ്.

## കുറ്റാലം കൊട്ടാരം

320 (1443) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാലം കൊട്ടാരവും അതിനോടനുബന്ധിച്ചുള്ള ഭൂമിയും കൃത്രിമ രേഖയുണ്ടാക്കി കൈക്കലാക്കുവാനുള്ള ശ്രമം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കൊട്ടാരത്തിന്റെയും അനുബന്ധ ഭൂമിയുടെയും അവകാശം പൂർണ്ണമായും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) കൊട്ടാരത്തിന്റെ സംരക്ഷണത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കുറ്റാലം കൊട്ടാരവുമായി ബന്ധപ്പെട്ട 56.68 ഏക്കർ സ്ഥലത്തിനു ചുറ്റും തകർന്നു പോയ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുകയും ചുറ്റുമതിലിന് മുകളിലായി 12 അടി ഉയരത്തിൽ കമ്പി വേലിനിർമ്മിക്കുകയും നെയിം ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. അനധികൃത നടപടികളും കയ്യേറ്റങ്ങളും തടയാനായി കേരളാ പോലീസിന്റെ സ്ഥിരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേയ്ക്ക് വാച്ചർ കം ഗാർഡനർമാരെ നിയമിച്ചിട്ടുണ്ട്.

## ലാ അക്കാദമിയുടെ ഭൂമി

321 (1444) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ അക്കാദമി ഭൂമി വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ലാ അക്കാദമിയിൽ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചിട്ടുള്ള ബാങ്ക്, റസ്റ്റോറന്റ് എന്നിവ ഒഴിപ്പിക്കുന്നതിനായി നിയമവകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് നിയമവകുപ്പിന്റെ അഭിപ്രായം തേടിയതെന്നും ഇതിൽ നിയമവകുപ്പ് എന്തഭിപ്രായമാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ തണ്ടപ്പേർ നമ്പർ 11097 പ്രകാരം സർവ്വേ നമ്പർ - 725/1-ൽ 4.26 ഹെക്ടറും തണ്ടപ്പേർ നമ്പർ 11098 പ്രകാരം സർവ്വേ നമ്പർ 726/14-ൽ 41.6 ആർ ഉം ഉൾപ്പെടെ ആകെ 4.676 ഹെക്ടർ (11.55 ഏക്കർ) സ്ഥലം സെക്രട്ടറി, ലാ അക്കാദമി പേരിലുണ്ട്. ഈ സ്ഥലം മുൻ സർവ്വേ 1342/9 എ, 10 എ എന്നിവയിൽ ഉൾപ്പെടുന്നതാണ്. ഈ സ്ഥലം ജി.ഒ. (എംഎസ്.) 688/84/RD തീയതി 5-7-1984 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിച്ച നൽകിയിട്ടുള്ളതാണ്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പതിച്ചുകൊടുത്ത ഭൂമി പൂർണ്ണമായും അക്കാദമിയുടെ ആവശ്യത്തിന് ഉപയോഗിക്കാതിരിക്കുകയും പതിവ് വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലാ അക്കാദമിക്ക് അനുവദിച്ച ഭൂമിയിലെ വാണിജ്യ സ്ഥാപനങ്ങൾ ഒഴിപ്പിക്കാൻ തിരുവനന്തപുരം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സർക്കാർ പുറമ്പോക്കിൽ (ജല അതോറിറ്റിയുടെ കൈവശഭൂമി) അക്കാദമി സ്ഥാപിച്ചിരുന്ന ബോർഡും ഗേറ്റും നീക്കം ചെയ്തിട്ടുള്ളതും ആയത് കൈയേറ്റം ഉണ്ടാകാതെ സംരക്ഷിക്കാൻ ജല അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) ഉണ്ട്.

(സി) 31-5-2017-ൽ അഭിപ്രായം ചോദിച്ചു. നിയമ വകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകം**

322 (1445) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക് 29-ൽ റീസർവ്വേ 59-ലെ 5 ഏക്കർ 4 സെന്റ് സ്ഥലമുള്ള വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കുവാനുള്ള 19-1-2017-ലെ 19/17/സി.എ,ഡി. നമ്പർ സർക്കാർ ഉത്തരവ് മേൽ നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയതിനുശേഷം ടി വസ്തു ക്രയവിക്രയം ചെയ്യുവാൻ വില്ലേജിൽ നിന്ന് ആർ.ഒ.ആർ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആർ.ഒ.ആർ പ്രകാരം ടി ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ;

(സി) ടി വസ്തുവിന്റെ നിലവിലെ ബി.റ്റി.ആർ.ന്റെ പകർപ്പ്, തണ്ടപ്പേരിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഈ ഭൂമിക്ക് ഭൂനികുതി സ്വീകരിക്കുന്നുണ്ടോ; ആരുടെ പേരിലാണ് നികുതി സ്വീകരിക്കുന്നത്;

(ഇ) വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ ചുറ്റമതിൽ സംരക്ഷിത സ്മാരകമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) നോർത്ത് പറവൂർ അഡീഷണൽ സബ് കോടതിയുടെ IA-99/18 in OS 212/97 Form No.146 Court Certificate പ്രകാരവും, ആലുവ തഹസിൽദാരുടേയും, ഗവൺമെന്റ് പ്ലീഡറുടെയും വാക്കാൽ നിർദ്ദേശ പ്രകാരവും കോടതിയിലേയ്ക്കായി മാത്രം എന്ന് രേഖപ്പെടുത്തി കിഴക്കുംഭാഗം വില്ലേജ്, ബ്ലോക്ക് നമ്പർ 29, റീസർവ്വേ 59/1 (പഴയ സർവ്വേ 176)-ൽപ്പെട്ട വസ്തുവിന്റെ ROR വടക്കുംഭാഗം വില്ലേജ് ഓഫീസർ നൽകിയിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) നിലവിൽ ഈ ഭൂമിക്ക് കരം സ്വീകരിക്കുന്നില്ല.

(ഇ) വെള്ളാരപ്പിള്ളി തെക്കേ കോവിലകം ഉൾപ്പെടുന്ന 5 ഏക്കർ 57 സെന്റ് (2.23.40 ഹെക്ടർ) ഭൂമിയാണ് പുരാവസ്തുവകുപ്പ് സംരക്ഷിത പ്രദേശമാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിൽ കോവിലകത്തിന്റെ അവശേഷിക്കുന്ന ചുറ്റമതിൽ കൂടി ഉൾക്കൊള്ളുന്നുണ്ട്.

## പൂവ്വാർ, കോട്ടുകാൽ, കരുങ്കുളം വില്ലേജുകളിലെ സർവ്വേ

323 (1446) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്ത് 30 വർഷത്തിലധികമായി താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി പൂവ്വാർ, കോട്ടുകാൽ, കരുങ്കുളം വില്ലേജുകളിലെ അൺസർവ്വേഡ് ലാൻഡ് അളക്കുന്നതിന് ആവശ്യമായ സർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത സർവ്വേ ടീമിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഈ പ്രദേശങ്ങളിൽ സർവ്വേ നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രവൃത്തി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തരമായി സർവ്വേയർമാരുടെ സേവനം ലഭ്യമാക്കി സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതാണ്.

**റീസർവ്വേ നടപടികളുടെ പുരോഗതി**

324 (1447) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന റീസർവേ നടപടികളുടെ പുരോഗതി അറിയിക്കുമോ; നിലവിലെ സ്ഥിതിയനുസരിച്ച് എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) കേരള ഭൂരേഖ നവീകരണമിഷന്റെ സ്ഥാപന ഉദ്ദേശ്യം വിശദമാക്കുമോ; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ച് നടക്കുന്നു എന്നറിയിക്കുമോ;

(സി) റീസർവ്വേ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ചട്ടത്തിൽ വരുത്തിയ ഭേദഗതികൾ അറിയിക്കുമോ ;

(ഡി) റീസർവ്വേ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) റീസർവ്വേ പ്രവൃത്തികളുടെ ഏകോപനത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി സർവ്വേ ഡയറക്ടറേറ്റിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ.ഉ.(എംഎസ്.)നമ്പർ 28/2017/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനം പുനരാരംഭിക്കുകയും കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ റീസർവ്വേ പൂർത്തിയാക്കിയ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 904 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വേ

പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 760 വില്ലേജുകളിൽ 34 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പ്രവർത്തനം പുരോഗമിച്ചുവരുന്നു. റീസർവ്വേ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിലാണ് വകുപ്പ് മുന്നേറുന്നത്. എന്നാൽ റീസർവ്വേ കൂടാതെ സംസ്ഥാനത്തിന്റെ വികസനം മുൻനിർത്തി നടന്നുവരുന്ന സ്പെഷ്യൽ സർവ്വേ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും പൊതുജനങ്ങളുടെ അടിയന്തരാവശ്യങ്ങളും ബുദ്ധിമുട്ടുകളും പരിഹരിച്ചുകൊണ്ടുള്ള എൽ.ആർ.എം പ്രവർത്തനങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന മറ്റു സർവ്വേ പ്രവർത്തനങ്ങൾക്കും കോടതി ആവശ്യങ്ങൾക്കുമെല്ലാം റീസർവ്വേയിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ വിനിയോഗിക്കുന്നതിനാൽ സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കൽ കൃത്യമായി കണക്കാക്കാൻ കഴിയില്ല.

(ബി) കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈനുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നിവയാണ് കേരള ലാൻഡ് റിക്കാഡ്സ് മോഡണൈസേഷൻ മിഷന്റെ (KLRMM) ഉദ്ദേശ്യലക്ഷ്യങ്ങൾ. കൂടാതെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വെബ് അധിഷ്ഠിതമായി ഏകോപിപ്പിച്ച് ഭാവിയിൽ ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈൻ ആക്കുവാനാണ് ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രി ചെയർമാനും റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ മന്ത്രിമാർ വൈസ് ചെയർമാൻമാരുമായാണ് മിഷൻ ഗവേണിംഗ് ബോഡിയുടെ ഘടന. റവന്യൂ സെക്രട്ടറിയാണ് മിഷൻ സെക്രട്ടറി. ഗവേണിംഗ് ബോഡി അംഗങ്ങളിൽ വനംവകുപ്പ് സെക്രട്ടറിയും അംഗമാണ്. 9-11-2018, 29-1-2019 എന്നീ തീയതികളിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഭൂരേഖാ നവീകരണ മിഷന്റെ രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുള്ളതും ആയത് പ്രകാരം പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) റീസർവ്വേ പരാതി സംബന്ധിച്ച അപേക്ഷ വില്ലേജാഫീസ്, താലൂക്കാഫീസ്, ജില്ലാ സർവ്വേ സൂപ്രണ്ടാഫീസ് എന്നിവിടങ്ങളിലെ വിവിധ ഉദ്യോഗസ്ഥതലങ്ങളിലൂടെയും സർവ്വേ- അതിരടയാള നിയമവും ചട്ടവും പോക്കുവരവ് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികളുടെ വിവിധ

ഘട്ടങ്ങളിലൂടെയും കടന്നു പോകുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ 1964 ലെ സർവ്വേ അതിരടയാള ചട്ടങ്ങളിലെ 24, 36, 61 എന്നീ ചട്ടങ്ങളിൽ പ്രതിപാദിച്ചിരുന്ന സർവ്വേ സൂപ്രണ്ടിന്റെ ചുമതലകൾ ഹെഡ് സർവ്വേയർക്ക് നൽകി 24-11-2017-ലെ സ.ഉ. (പി)70/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) സ.ഉ.(എംഎസ്.)നമ്പർ 200/2010/റവ ഉത്തരവ് പ്രകാരം റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും റീസർവ്വെയ്ക്കുശേഷം ഉണ്ടായിട്ടുള്ള പരാതികൾ തീർപ്പാക്കാനുള്ള ചുമതലയും ഭൂരേഖ തഹസീൽദാർമാർക്ക് നൽകി ഉത്തരവായിരുന്നു. എന്നാൽ എൽ.ആർ.എം. അപേക്ഷകളിന്മേലുള്ള നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ.ഉ.(എംഎസ്.)നമ്പർ 303/2017/റവന്യൂ ഉത്തരവ് പ്രകാരം എൽ.ആർ.എം. ഫയലുകളിലെ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്തു നടപടിക്രമങ്ങൾ ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും നടപടി സ്വീകരിക്കേണ്ടതും രേഖകളുടെ പരിപാലനവും സംരക്ഷണവും ജീവനക്കാരുടെ ഭരണപരമായതും ജോലി സംബന്ധമായതുമായ നിയന്ത്രണവും ഭൂരേഖാ തഹസീൽദാർമാർക്ക് നൽകി. എൽ.ആർ.എം സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളും പരാതികളും മറ്റ് തപാലുകൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ഒരു ഫയലിൽ തന്നെ കൈകാര്യം ചെയ്യാൻ ഉത്തരവായി. കൂടാതെ എൽ.ആർ.എം. സർവ്വേയർമാർക്ക് താലൂക്ക് സർവ്വേയർമാരുടെ അധികാരം നൽകി. 31-8-2017 വരെ നിലവിലുള്ള അപേക്ഷകൾ ലഭിച്ച തീയതി, അപേക്ഷകളുടെ എണ്ണം എന്നിവ കണക്കാക്കി രജിസ്റ്ററിൽ ചേർക്കാൻ നിർദ്ദേശം നൽകി. 31-8-2017 വരെ വില്ലേജാഫീസുകളിൽ ലഭിച്ച പരാതികൾ 15 ദിവസത്തിനകം ഭൂരേഖാ തഹസിൽദാർമാർക്ക് കൈമാറാനും നിർദ്ദേശം നൽകി. 1-9-2017 മുതൽ പേരുമാറ്റം വില്ലേജ് ഓഫീസിലും സബ് ഡിവിഷൻ, വിസ്തീർണ്ണ വ്യത്യാസം, അതിർത്തി പുനർനിർണ്ണയം എന്നിവയ്ക്കുള്ള അപേക്ഷകൾ താലൂക്കിലും രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകി. അപേക്ഷകളിന്മേൽ സീനിയോറിറ്റി പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി. സർവ്വെയർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകി. ഭൂരേഖാ തഹസീൽദാർമാരുടെ നടപടികൾക്കെതിരെ ആക്ഷേപം ഉള്ളപക്ഷം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകുവാനും വ്യവസ്ഥ ചെയ്തു.

ഭൂരേഖാ തഹസീൽദാർ എല്ലാ 15 ദിവസം കൂടുമ്പോഴും സർവ്വേയർമാരുടെ പ്രവർത്തനം വിലയിരുത്തുവാനും എൽ.ആർ.എം. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി എല്ലാ മാസവും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) അവലോകനം നടത്തുവാനും ജില്ലാ കളക്ടർ അവലോകന റിപ്പോർട്ട് പരിശോധിച്ച് എല്ലാ മാസവും 10-ാം തീയതിക്കകം ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകുവാനും ലാൻഡ് റവന്യൂ കമ്മീഷണർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് പ്രവർത്തന പുരോഗതി സർക്കാരിൽ ലഭ്യമാക്കുവാനും ടി സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു.

(ഇ) റീസർവ്വേ പ്രവർത്തനങ്ങളുടെ ഏകോപനം, കാര്യക്ഷമമായ പ്രവർത്തനം ഇവ മുൻനിർത്തി എല്ലാ ജില്ലകളിലെയും മുതിർന്ന സർവ്വേ ഓഫീസർമാരെ ഉൾപ്പെടുത്തി വീഡിയോ കോൺഫറൻസിലൂടെ പുരോഗതി വിലയിരുത്തി അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ റീസർവ്വേ പൂർത്തിയാക്കിയ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനത്തിന് പ്രത്യേകമായി തന്നെ ക്യാമ്പ് ഓഫീസ്, വാഹനം മറ്റ് എല്ലാ ഭൗതിക സാഹചര്യങ്ങളും സർവ്വേ വകുപ്പ് ഒരുക്കി നൽകിയിരുന്നു.

## കണ്ണൂർ സൈബർ പാർക്ക്

325 (*T 1448) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ കണ്ണൂർ സൈബർ പാർക്കിന് കണ്ടെത്തിയ ഐ.ടി. വകുപ്പിന് കീഴിലുള്ള സ്ഥലം (എരമം പുല്ലുപാറ) കിൻഫ്രക്ക് കൈമാറുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിൽ സൈബർ പാർക്ക് നിർമ്മിക്കുന്നതിനായി കണ്ടെത്തിയ ഐ.ടി. വകുപ്പിന് കീഴിലുള്ള ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് ഭൂമി പതിവിനുള്ള അപേക്ഷ കിൻഫ്രയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വില്ലേജ് ഓഫീസർ/തഹസിൽദാർ വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി

326 (1449) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർ/തഹസിൽദാർ വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വിദ്യാഭ്യാസ ആവശ്യങ്ങൾ, ഇതര ആവശ്യങ്ങൾ എന്നിവയ്ക്ക് വ്യത്യസ്ത കാലയളവാണോ ഉള്ളത്;

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത കാലാവധിയാണെങ്കിൽ ജാതി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി, വരുമാനം എന്നീ സർട്ടിഫിക്കറ്റുകളുടെ വിവിധ ആവശ്യങ്ങളുടെ കാലാവധി എത്രയെന്ന് പട്ടികരൂപത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസർ/തഹസിൽദാർ വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി, വിദ്യാഭ്യാസ ആവശ്യങ്ങൾ, ഇതര ആവശ്യങ്ങൾ എന്നിവയ്ക്ക് വ്യത്യസ്ത കാലയളവല്ല ഉള്ളത്. എന്നാൽ ഏതെങ്കിലുമൊരു പ്രത്യേക കോഴ്സിനു വേണ്ടി ഉപയോഗിക്കുന്ന വരുമാന, നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകൾക്ക് ആ കോഴ്സിന്റെ കാലാവധി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ബി)

| **സർട്ടിഫിക്കറ്റ്** | **കാലാവധി** |
|---|---|
| ജാതി സർട്ടിഫിക്കറ്റ് | 3 വർഷം |
| നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | ആജീവനാന്തം |
| വരുമാന സർട്ടിഫിക്കറ്റ് | 1 വർഷം |

എന്നിങ്ങനെയാണ് ടി സർട്ടിഫിക്കറ്റുകൾക്ക് സാധുതാ കാലയളവ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇവ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി അല്ല അനുവദിക്കുന്നത്. വ്യത്യസ്തങ്ങളായ ഏത് ആവശ്യങ്ങൾക്കും ഇത്തരം സാക്ഷ്യപത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക കോഴ്സനു വേണ്ടി ഉപയോഗിക്കുന്ന വരുമാന, നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകൾക്ക് ആ കോഴ്സിന്റെ കാലാവധി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**കലവറ വിപണന കേന്ദ്രങ്ങൾ**

327(*T 1450) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലവറ വിപണന കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന സാധനങ്ങൾ ഏതെല്ലാമാണെന്നും അത് ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 കലവറ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| തിരുവനന്തപുരം | വട്ടിയൂർക്കാവ്, കാരോട് |
| കൊല്ലം | കല്ലുവാതുക്കൽ |
| പത്തനംതിട്ട | അടൂർ, കോഴഞ്ചേരി |
| കോട്ടയം | പാല, നീണ്ടൂർ, ഉദയനാപുരം |
| ഇടുക്കി | മുട്ടം (തൊടുപുഴ) |
| എറണാകുളം | കളമശ്ശേരി, ഇടക്കാട്ടുവയൽ |
| പാലക്കാട് | അഗളി, ചിറ്റൂർ, പാലക്കാട് |
| കോഴിക്കോട് | കോഴിക്കോട് |

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കലവറകളിൽ നിന്നും 750 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സിമന്റ്, സ്റ്റീൽ എന്നിവ പൊതു വിപണിയിലെ വിലയെക്കാൾ 15 ശതമാനത്തോളം കുറഞ്ഞ നിരക്കിൽ നല്കി വരുന്നു. ഇതിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിന്റെ അംഗീകരിച്ച പ്ലാൻ, ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അതാത് കലവറയിൽ അപേക്ഷ നൽകണം. കൂടാതെ, സർക്കാർ പിടിച്ചെടുക്കുന്ന അനധികൃത മണൽ, ലഭ്യതയ്ക്കനുസരിച്ച് സർക്കാർ അംഗീകരിച്ച നിരക്കിൽ കലവറ മുഖേന ആവശ്യക്കാർക്ക് നൽകിവരുന്നുണ്ട്.

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹായം

328 (1451) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷമുണ്ടായ മഹാപ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കെല്ലാം ആവശ്യമായ ആശ്വാസം പ്രദാനം ചെയ്തോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ആശ്വാസധനസഹായമായി പതിനായിരം രൂപ വിതരണം ചെയ്തതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) വെള്ളപ്പൊക്കത്തിൽ വിവിധ സർട്ടിഫിക്കറ്റുകളും രേഖകളും നഷ്ടമായവർക്ക് അവ വിതരണം ചെയ്യുന്ന നടപടി പൂർത്തിയായോ; വിശദമാക്കുമോ;

(ഡി) പ്രളയാശ്വാസം ലഭിക്കുന്നതിനായുള്ള അപ്പീൽ അപേക്ഷകൾ സമയബന്ധിതമായി കൈകാര്യം ചെയ്ത് ആശ്വാസസഹായം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആശ്വാസം പ്രദാനം ചെയ്തുവരുന്നു. 5-6-2019 വരെയുള്ള വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് 6,92,966 കുടുംബങ്ങൾക്കാണ് 10,000 രൂപയുടെ അടിയന്തര സഹായം നൽകിയിട്ടുള്ളത്. പ്രളയത്തിൽ രണ്ട് ദിവസത്തിൽ കൂടുതൽ വീട്ടിൽ വെള്ളം കയറുകയോ വീടിന് 75% അധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം സഹായം നല്കിയിട്ടുള്ളത്.

(സി) സർട്ടിഫിക്കറ്റുകളും രേഖകളും നഷ്ടമായവർക്ക് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ലഭ്യമാക്കും. പൂർണ്ണമായും തകർന്ന വീടുകൾ സംബന്ധിച്ച് 34412 അപ്പീൽ ലഭിച്ചു. 30027 എണ്ണം തീർപ്പാക്കി. ഭാഗീകമായി തകർന്ന വീടുകൾ സംബന്ധിച്ച് 96114 അപ്പീൽ ലഭിച്ചു. 92763 എണ്ണം തീർപ്പാക്കി.

**ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ**

329 (1452) <u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>

<u>ശ്രീ. സി. കൃഷ്ണൻ:</u>

<u>ശ്രീ. എം. രാജഗോപാലൻ</u>:

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനരഹിതർക്കായി ആവിഷ്കരിച്ച ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഗൃഹശ്രീ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം എത്ര വീടുകൾ നിർമ്മിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന സാഫല്യം ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനരഹിതർക്കായി പുതിയ ഭവന പദ്ധതികൾ ഒന്നുംതന്നെ ഭവന നിർമ്മാണ ബോർഡിൽ ആരംഭിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഗൃഹശ്രീ ഭവന പദ്ധതി നിലവിൽ തുടർന്നും ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കി വരുന്നുണ്ട്.

2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 30 യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ഭവന സമുച്ചയം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ പദ്ധതിക്കായി ബഡ്ജറ്റ് പ്രകാരം 7.27 കോടി രൂപ സബ്സിഡി തുകയായി അനുവദിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം ഗൃഹശ്രീ പദ്ധതി പ്രകാരം 394 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 6.94 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

(ഡി) സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായ EWS വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. 7-11-2012-ലെ സ.ഉ.(എംഎസ്.)നമ്പർ70/2012/ഭവനം നമ്പർ ഉത്തരവ് പ്രകാരം

സർവ്വീസടക്കം 327 ച.അടി. തറ വിസ്തീർണ്ണമുള്ള ഫ്ളാറ്റിന്റെ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും ഹഡ്കോയിൽ നിന്നും വായ്പയായി സമാഹരിക്കേണ്ട തുക ഒരു ലക്ഷം രൂപയും സന്നദ്ധ സംഘടന വിഹിതം 25,000 രൂപയും ഗുണഭോക്തൃ വിഹിതം 25,000 രൂപയും ആയിരുന്നു. 22-1-2019-ലെ ജി.ഒ.(എംഎസ്.)നമ്പർ 1/2019/ഭവനം പ്രകാരം സർക്കാർ സബ്സിഡി 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. ടി പദ്ധതി പ്രകാരം ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടേയും പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടേയും നിർമ്മാണത്തിന്റെ സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഇളവ്

330 (1453) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത, വയനാട് ജില്ലക്കാരായ എത്ര പേർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഇളവ് നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ നിന്നും ഭവനനിർമ്മാണ ബോർഡിന് കിട്ടുവാനുള്ള വായ്പാ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വയനാട് ജില്ലയിലെ ഓഫീസുകളിൽ നിന്നും വായ്പ എടുത്ത 2268 ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം (7-2-2004 മുതൽ 31-3-2018 വരെ) 1540.59 ലക്ഷം രൂപയുടെ ഇളവുകൾ നൽകി വായ്പ തീർപ്പാക്കിയിട്ടുണ്ട്.

(ബി) 31-5-2019-ലെ കണക്കുപ്രകാരം വയനാട് ജില്ലയിൽനിന്നും ഭവന നിർമ്മാണ ബോർഡിന് ഇനിയും 38.61 കോടി രൂപ വായ്പാ കുടിശ്ശിക ലഭിക്കാനുണ്ട്.

## കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് പദ്ധതി

331 (1454) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ സംസ്ഥാന നിർമ്മിതികേന്ദ്രം വഴി നിർമ്മിക്കുന്ന ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായുള്ള ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ശിലാസ്ഥാപനം കഴിഞ്ഞ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട പഞ്ചായത്തിൽ സംസ്ഥാന നിർമ്മിതികേന്ദ്രം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 2018-19 സാമ്പത്തിക വർഷം 344 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക റിലീസ് ചെയ്തിരുന്നില്ല. പ്രസ്തുത പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം തുക ആവശ്യപ്പെട്ട് സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

**ഭവനനിർമ്മാണ സാമഗ്രികൾ**

332 (1455) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞതും സുലഭവുമായ ഭവനനിർമ്മാണ സാമഗ്രികൾ കണ്ടെത്തുന്നതിന് ഭവനനിർമ്മാണ ബോർഡ് ഏതെങ്കിലും തരത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) ഭവനനിർമ്മാണ രംഗത്ത് മണൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ പകരം ഉപയോഗിക്കാവുന്ന മറ്റു വസ്തുക്കൾ കണ്ടെത്തുന്നതിന് വകുപ്പ് എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെലവ് കുറഞ്ഞതും സുലഭവുമായ ഭവന നിർമ്മാണ സാമഗ്രികൾ കണ്ടെത്തുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി വിവിധ ബദൽ സാമഗ്രികളുടെ ഉത്പാദനവും വിപണനവും നടത്തിവരുന്നു. മണലിന്റെ ഉപയോഗം പരമാവധി കുറച്ച് ഇന്റർലോക്ക് കോൺക്രീറ്റ് കട്ടകൾ, ദൃഢപ്പെടുത്തിയ ഇന്റർലോക്ക് മൺകട്ടകൾ തുടങ്ങിയവ നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. കെട്ടിട നിർമ്മാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് സാങ്കേതിക വിദ്യകളുടെ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു ഉത്പാദന

കേന്ദ്രം ആരംഭിക്കുന്നത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പരിഗണനയിലുണ്ട്. പ്രീഫാബ് ടെക്നോളജിയുടെ ഉപയോഗം വ്യാപകമാക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കാമ്പസിൽ ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്.

## വാഴക്കുളം സെക്ഷൻ ആഫീസ്

333 (1456) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഴക്കുളം സെക്ഷൻ ആഫീസിന് കെട്ടിടം നിർമിക്കുന്നതിനായി സ്വകാര്യ വ്യക്തി നൽകിയിട്ടുള്ള നിലം എന്ന് രേഖപെടുത്തിയിരിക്കുന്ന സ്ഥലം പരിവർത്തനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നറിയിക്കുമോ?

### ഉത്തരം

വാഴക്കുളം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് നിലം നികത്തുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും നിലവിൽ ലഭിച്ചിട്ടില്ല.

പൊതു ആവശ്യത്തിന് നിലം നികത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 10 പ്രകാരം സർക്കാർ അനുമതി ആവശ്യമാണ്.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

334 (*T 1457) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്നുപോയ എത്ര വീടുകളാണ് പൂർണ്ണമായും പുനർ നിർമ്മിക്കേണ്ടത്; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി, എത്ര എണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചു എന്നിവയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തു; ജില്ലാ തലത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്നുപോയ വീടുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 310 |
| കൊല്ലം | 180 |
| പത്തനംതിട്ട | 613 |
| ആലപ്പുഴ | 2052 |
| കോട്ടയം | 481 |
| ഇടുക്കി | 1718 |
| എറണാകുളം | 2448 |
| തൃശ്ശൂർ | 3833 |
| പാലക്കാട് | 1929 |
| മലപ്പുറം | 470 |
| കോഴിക്കോട് | 232 |
| വയനാട് | 789 |
| കണ്ണൂർ | 173 |
| കാസർഗോഡ് | 42 (കാലവർഷത്തിൽ തകർന്നത്) |

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രളയബാധിതർക്ക് വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ധനസഹായം

335(1458) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള സഹായം എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇനി എത്രപേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(ബി) നാളിതുവരെയായിട്ടും മുഴുവൻ പേർക്കും ധനസഹായം നൽകാൻ കഴിയാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ നിയോജകമണ്ഡലത്തിലെ പൂർണ്ണമായോ ഭാഗികമായോ വീടുകൾ നഷ്ടപ്പെട്ട എല്ലാവർക്കും അടിയന്തരമായി ധനസഹായം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട 168 വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇനി 25 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്.

(ബി) സാങ്കേതിക വിഭാഗത്തിന്റെ പുനഃപരിശോധന റിപ്പോർട്ടുകൾ ലഭിക്കാൻ കാലതാമസം നേരിട്ടതാണ് ധനസഹായ വിതരണത്തിൽ കാലതാമസം നേരിട്ടത്.

(സി) മഴക്കാലം ആരംഭിക്കുന്നതിന് മുമ്പേതന്നെ ധനസഹായം വിതരണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്രളയക്കെടുതിയിൽ പാലക്കാട് ജില്ലയിൽ തകർന്ന വീടുകൾ

336 (*T 1459) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയക്കെടുതിയിൽ പാലക്കാട് ജില്ലയിൽ പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്രയാണെന്നും, അതിൽ എത്രപേർക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും താലൂക്ക് തിരിച്ച് വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

പാലക്കാട് ജില്ലയിൽ പൂർണ്ണമായും ഭാഗീകമായും തകർന്ന വീടുകളുടെയും, വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവരുടെയും താലൂക്ക് തിരിച്ച് വിവരം ചുവടെ ചേർക്കുന്നു.

| താലൂക്ക് | തകർന്ന വീടുകളുടെ എണ്ണം | | ധനസഹായം അനുവദിച്ചവരുടെ എണ്ണം |
|---|---|---|---|
| | പൂർണ്ണമായി | ഭാഗികമായി | |
| പാലക്കാട് | 736 | 1931 | 898 |
| ആലത്തൂർ | 495 | 1508 | 1227 |
| ചിറ്റൂർ | 263 | 1352 | 385 |
| മണ്ണാർക്കാട് | 131 | 779 | 258 |
| ഒറ്റപ്പാലം | 164 | 821 | 420 |
| പട്ടാമ്പി | 140 | 935 | 296 |

**ഇരവിപുരം മണ്ഡലത്തിലെ പദ്ധതികൾ**

337 (1460) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിലെ സി. കേശവൻ മെമ്മോറിയൽ ആശുപത്രിയുടെയും മയ്യനാട് പഞ്ചായത്തിലെ കാക്കോട്ടുമൂല ജി.എം. യു.പി.എസ്സിന്റെയും വികസനത്തിനായി തീരദേശവികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതികൾ സർക്കാർ പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഇരവിപുരം മണ്ഡലത്തിലെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ കാക്കോട്ടുമൂല ജി.എം.യു.പി.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ അടങ്കൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്.

ഇരവിപുരം മണ്ഡലത്തിലെ സി. കേശവൻ മെമ്മോറിയൽ ആശുപത്രിയുടെ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**മീൻപിടുത്ത യാനങ്ങൾക്ക് വിലക്ക്**

338 (1461) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാമാറ്റത്തിന്റെ പേരിൽ മീൻപിടുത്തയാനങ്ങൾക്ക് കടലിൽ തുടർച്ചയായി വിലക്ക് ഏർപ്പെടുത്തുന്നത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികനില തകിടംമറിക്കുന്ന സാഹചര്യം സംജാതമാക്കിയിട്ടുണ്ടോ;

(ബി) വിലക്ക് ഏർപ്പെടുത്തുന്ന സമയത്ത് മത്സ്യബന്ധനത്തിന് ഇറങ്ങുന്ന യാനങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെ പിഴ ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഓഖി കൊടുങ്കാറ്റിനുശേഷം 2019 ഏപ്രിൽ 30 വരെ എത്ര ദിവസമാണ് സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകൾക്ക് കാലാവസ്ഥാ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വിലക്ക് ഏർപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം വിലക്ക് ഏർപ്പെടുത്തുന്ന സമയം മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർതലത്തിൽ നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര കാലാവസ്ഥാ മുന്നറിയിപ്പനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശമാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. അതുമൂലം മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികനില തകിടം മറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കാലാവസ്ഥാ മുന്നറിയിപ്പ് നീണ്ടുനിൽക്കുന്ന അവസരങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാറുണ്ട്.

## മത്സ്യമേഖലയുടെ ഉന്നമനം

339(1462) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യമേഖലയുടെ ഉന്നമനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന കേരളത്തിലെ ചെറുകിട മത്സ്യവ്യാപാരസമൂഹം വൻകിട/കോർപ്പറേറ്റ് മത്സ്യവ്യാപാരികളുടെ ബിസിനസ്സ് പ്രഭാവത്തിൽ അവസരങ്ങൾ നഷ്ടപ്പെട്ട് ഉഴലുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ ചെറുകിട മത്സ്യവ്യാപാരികളുടെ ബിസിനസ്സ് സംരക്ഷണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കിയുള്ള വികസനത്തിനും അതിലുപരി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോത്പാദന വർദ്ധനവും മത്സ്യസമ്പത്തിന്റെ സംരക്ഷണവും മുൻനിർത്തിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിലുൾപ്പെടുത്തി തീരദേശ വിദ്യാലയങ്ങളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും മത്സ്യമാർക്കറ്റുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും മത്സ്യകൃഷിയിലൂടെയുള്ള ഉല്പാദനം ഇരട്ടിയാക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിയും തീരദേശ സാക്ഷരത ഉയർത്തുന്നതിന് അക്ഷര സാഗരം പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയുള്ള മത്സ്യ സംരക്ഷണ പ്രവർത്തനങ്ങളും, മത്സ്യത്തൊഴിലാളി സുരക്ഷാ പദ്ധതികളും, ഭൂരഹിത, ഭവനരഹിത മത്സ്യത്തൊഴിലാളികളുടെയും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസ പദ്ധതിയും ഇതിലുൾപ്പെടുന്നു. കാലോചിതമായി നിയമങ്ങൾ പരിഷ്കരിച്ച് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ പദ്ധതിയും മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിച്ച് നൽകുന്ന പദ്ധതിയും ഈ മേഖലയിൽ ആദ്യത്തേതാണ്.

(ബി) ഇല്ല.

(സി) കേരളത്തിലെ ചെറുകിട മത്സ്യവ്യാപാരികളെ അനുബന്ധ മത്സ്യത്തൊഴിലാളികളായി കണക്കാക്കി അംഗത്വം നൽകുകയും അനുബന്ധത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാംതന്നെ അവർക്കും നൽകി വരുന്നു.

**മത്സ്യോത്പാദനത്തിൽ ഗണ്യമായ കുറവ്**

340 (1463) ശ്രീ. എം. വിൻസെന്റ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിലെ മത്സ്യോത്പാദനത്തിൽ ഗണ്യമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ മത്സ്യത്തിന്റെ നാൽപ്പത് ശതമാനത്തിന് അന്യസംസ്ഥാനത്തെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടോ; ഇപ്രകാരം കൊണ്ടുവരുന്ന മത്സ്യം ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷക്കാലയളവിലെ മത്സ്യോല്പാദനത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ മത്സ്യ ഉല്പാദനത്തിൽ 2016-17, 2017-18 വർഷങ്ങളിൽ നേരിയതോതിലുള്ള കുറവ് കാണുന്നു. എന്നാൽ മത്സ്യ സംരക്ഷണത്തിനായി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി 2018-19 വർഷത്തിൽ മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>ഉല്പാദന വിവരം</u>

| വർഷം | സമുദ്രമത്സ്യ ഉല്പാദനം | ഉൾനാടൻ മത്സ്യ ഉല്പാദനം(മെ.ടൺ) | ആകെ |
|---|---|---|---|
| 2014-15 | 524468 | 201545 | 726013 |
| 2015-16 | 516745 | 210762 | 727507 |
| 2016-17 | 488336 | 188130 | 676466 |
| 2017-18 | 483686 | 189081 | 672767 |
| 2018-19 | 609730 | 192027 | 801757 |

(ബി&സി) കേരളത്തിലെ മത്സ്യത്തിന്റെ ആഭ്യന്തര ഉപഭോഗം ഉല്പാദനത്തിലും അധികരിച്ചതിനാലും ഏകദേശം 2 ലക്ഷം മെട്രിക് ടൺ മത്സ്യം വിദേശത്ത് കയറ്റി അയക്കുന്നതിനാലും സംസ്ഥാനത്തെ ആവശ്യം നിറവേറ്റുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യത്തെ ആശ്രയിക്കേണ്ടിവരുന്നുണ്ട്.

സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ട് ജില്ലകൾതോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്തുടനീളം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ മത്സ്യത്തിന്റെ ഹോൾസെയിൽ/റീട്ടെയിൽ മാർക്കറ്റുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും ചെയ്തുവരുന്നു. രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവില്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നടപടിയും എടുത്തുവരുന്നു. ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് CIFT വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയ പേപ്പർ സ്ട്രിപ്പ് വിപണിയിൽ ലഭ്യമാണ്. ഇതുപയോഗിച്ച് പൊതുജനങ്ങൾക്കും മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താവുന്നതുമാണ്. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവില്പന ലക്ഷ്യമിട്ട് ഒരു നിയമ നിർമ്മാണവും പരിഗണനയിലാണ്.

## സമഗ്ര ജലപരിഷ്കരണ നയം

341 (1464) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ വൻ ഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നിന്നും ആകെ എത്ര ടൺ മത്സ്യമാണ് ലഭിച്ചത്;

(സി) ഇത്തരത്തിൽ വന്നിട്ടുള്ള കുറവിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധനബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ മത്സ്യ സമ്പത്തിൽ വർദ്ധനവ് രേഖപ്പെടുന്നതായി കാണുന്നു.

(ബി) 2016-17 വർഷത്തിൽ 6,76,466 മെട്രിക് ടൺ മത്സ്യവും 2017-18 വർഷത്തിൽ 6,72,767 മെട്രിക് ടൺ മത്സ്യവും 2018-19 (മാർച്ച് വരെ)8,01,757 മെട്രിക് ടൺ മത്സ്യവും ഉൾപ്പെടെ കഴിഞ്ഞ 3 വർഷങ്ങളിൽ 2150990 മെട്രിക് ടൺ മത്സ്യമാണ് സംസ്ഥാനത്തുനിന്നും ആകെ ലഭിച്ചത്.

(സി) സമുദ്രജല പരിഷ്കരണ നയത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. മത്സ്യബന്ധനോപാധികളും ഉപജീവന ഇടങ്ങളിലും മത്സ്യത്തൊഴിലാളികൾക്കുള്ള ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനായിരിക്കും ഈ നിയമനിർമ്മാണം ലക്ഷ്യമിടുന്നത്.

(ഡി) ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധിവരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. CMFRI ഒരു കേന്ദ്ര സ്ഥാപനമാകയാൽ അവർ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളും ശിപാർശകളും പരിഗണിക്കുവാനും നടപ്പിലാക്കുവാനും ഇതര സംസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്. 10-11-2018, 11-11-2018 എന്നീ

തീയതികളിൽ എറണാകുളം CMFRI യിൽ വച്ച് കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യുകയും CMFRI-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിൽ വരുത്തിയ മാതൃകയിൽ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, പോണ്ടിച്ചേരി, ആന്ധ്ര ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ MLS നടപ്പിലാക്കുന്നതിന് അതാത് സംസ്ഥാനത്തെ ഫിഷറീസ് വകുപ്പ് മന്ത്രിമാർ സന്നദ്ധമാണെന്ന് അറിയിക്കുകയും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

**പൊഴിയൂർ മത്സ്യബന്ധന തുറമുഖം**

342 (1465) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദീകരിക്കാമോ;

(സി) തുറമുഖനിർമ്മാണത്തിന് പ്രാഥമികമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര തുകയാണ് അനുവദിച്ചത്; ഏതു വർഷം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിൻപ്രകാരം ഒരു വർഷമായി നീണ്ടു നിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ-മൺസൂൺ-പോസ്റ്റ്, മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുക്കുകയും ടോപ്പോഗ്രാഫിക് സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പ്രാഥമിക മോഡൽ സ്റ്റഡി നടത്തി ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി CWPRS, പൂനെയ്ക്ക് നൽകുന്നതാണ്. തുടർന്ന് EIA സ്റ്റഡി നടത്തി ക്ലിയറൻസ് ലഭിച്ച ശേഷം രൂപരേഖ തയ്യാറാക്കുന്നതാണ്.

(സി) EIA സ്റ്റഡിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ തുക വകയിരുത്തുന്നതാണ്.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസറുടെ സേവനം

343 (1466) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പരിമിതമായ യാത്രാസൗകര്യങ്ങളുള്ള ആദിവാസി മേഖലകളിൽ അധിവസിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നില്ലായെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ല ഉൾപ്പെടെ മൂന്ന് ജില്ലകളുടെ ചുമതലയുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓഫീസറുടെ കാര്യാലയം സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ലയിലെ വൈക്കത്ത് എത്തിച്ചേരുവാനുള്ള അസൗകര്യംമൂലം ജില്ലയിലെ നിരവധി മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിലെ എല്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സേവനങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭിക്കുന്നതിന് ജില്ലയ്ക്ക് തനതായി ഒരു മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇടുക്കി ജില്ലയിൽ 231 മത്സ്യത്തൊഴിലാളികളും 105 അനുബന്ധത്തൊഴിലാളികളുമാണ് നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ടിയാളുകൾക്ക് വൈക്കം ഫിഷറീസ് ഓഫീസിൽ എത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് എല്ലാ മാസവും മുൻകൂട്ടി നിശ്ചയിച്ചതു പ്രകാരം ഇടുക്കി ജില്ല ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ

കാര്യാലയത്തിൽ വിഹിതം സ്വീകരിക്കുന്നതിനും അപേക്ഷകൾ കൈപറ്റുന്നതിനുമായി വൈക്കം ഫിഷറീസ് ഓഫീസറുടെ സേവനം ലഭ്യമാക്കാറുണ്ട്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിരഹിതമാക്കുന്നതിന് പദ്ധതികൾ

344 (1467) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ കാലാവസ്ഥാ വ്യതിയാനത്തിന്റെയും മത്സ്യലഭ്യതയിലെ കുറവിന്റെയും ഫലമായി പട്ടിണിയിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിരഹിതമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിൽ നിന്ന് കരകയറ്റാനും സഹായം ഉറപ്പുവരുത്തി സംരക്ഷിക്കാനുമായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടിണിയിലേയ്ക്ക് നീങ്ങുന്ന പ്രശ്നമില്ലെങ്കിലും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്.

(ബി) പഞ്ഞമാസങ്ങളിൽ ആശ്വാസമേകത്തക്ക വിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700 രൂപയിൽനിന്ന് 4500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതിപ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്. കൂടാതെ ട്രോൾബാൻ നടപ്പിലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) ഓഖി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗീകമായോ മത്സ്യ ബന്ധനോപാധികൾ നഷ്ടപ്പെട്ട് തൊഴിൽരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി 120 എഫ്.ആർ.പി. ബോട്ടുകൾ

ഉൾപ്പെടെയുള്ള മത്സ്യബന്ധന യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി വിഹിതം 24% കേന്ദ്രവും ബാക്കി 76% സി.എം.ഡി.ആർ.എഫ്-ൽ നിന്നുമാണ് വഹിക്കുന്നത്. കൂടാതെ 40% കേന്ദ്ര/സംസ്ഥാന സർക്കാർ സബ്സിഡിയോടെ 200 മത്സ്യബന്ധന യൂണിറ്റുകൾ (എഫ്.ആർ.പി. ബോട്ടുകൾ) അനുവദിക്കുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

345(1468) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന സീസണോടനുബന്ധിച്ച് ബോട്ടുകൾ കെട്ടുന്നതിനും മറ്റും വിഴിഞ്ഞം ഹാർബർ ബെയ്സിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി;

(ബി) ഇതുമായി ബന്ധപ്പെട്ട് കലക്ടറുടെ നേതൃത്വത്തിലുള്ള ഉന്നതതലയോഗം എന്നാണ് വിളിച്ച് ചേർത്തത്;

(സി) മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷ മുൻനിറുത്തിയുള്ള സുരക്ഷാകിറ്റിന്റെ വിതരണം പൂർത്തിയാക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്ക് മുൻതൂക്കം നൽകി തീരത്ത് സുരക്ഷയൊരുക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ ഭാഗത്ത് മത്സ്യബന്ധന സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) 31-5-2019 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് യോഗം കൂടുകയുണ്ടായി.

(സി) 2018-19 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതികൾ പ്രകാരം 9 തീരദേശ ജില്ലകളിലുമായി മത്സ്യത്തൊഴിലാളികൾക്ക് ആകെ 566 ജി.പി.എസ്-കളും 1132 ലൈഫ് ബോയ്കളും നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ 30000 ലൈഫ് ജാക്കറ്റുകളും 9 തീരദേശ ജില്ലകളിലായി വിതരണം നടത്തിവരുന്നു. അതോടൊപ്പം 'നാവിക്' ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 5420 ലൈഫ് ജാക്കറ്റുകളും 412 നാവിക് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും പദ്ധതികൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ 25 ജി.പി.എസ്-കളും, 50 ലൈഫ് ബോയകളും വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ ലൈഫ് ജാക്കറ്റുകളും നാവിക് ഉപകരണങ്ങളും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ഡി) കടൽ രക്ഷാപ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 7.15 കോടി രൂപ അനുവദിച്ചു. ഇവർക്ക് കേന്ദ്ര സ്ഥാപനമായ ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന National Institute of Water Sports-ൽ അയച്ച് പ്രത്യേക പരിശീലനമാണ് നൽകുന്നത്. ഇതുവരെ 317 പേരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

**തീരദേശവാസികളുടെ സുരക്ഷ**

346 (1469) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ തീരദേശമേഖലകളിൽ ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തിക്ക് പകരമായി നിർദ്ദേശിക്കപ്പെട്ടതും ജലസേചനവകുപ്പ് 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ ജിയോ

ട്യൂബിന്റെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത് കണക്കിലെടുത്ത് അടുത്തുവരുന്ന കാലവർഷത്തിൽ ഉണ്ടായേക്കാവുന്ന കടലാക്രമണം നേരിടുന്നതിനും തീരദേശവാസികളുടെ ജീവന് സുരക്ഷ ഒരുക്കുന്നതിനും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏർപ്പെടുത്തിയിട്ടുള്ള ബദൽ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കടലാക്രമണം നേരിടുന്നതിന് അടിയന്തര പ്രവൃത്തി എന്ന നിലയിൽ ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് താഴെപറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

1. വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 997-നും 999-നും ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി(10.10 ലക്ഷം)

2. വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 996-നും 997-നും ഇടയ്ക്ക് ബസാറിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (28.7 ലക്ഷം)

കൂടാതെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്.

1. വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 998 നും 999 നും ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (11.50 ലക്ഷം)

2. കമ്പനിപ്പടിയിൽ CESCP Stone 984-നും 986-നും ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (28.7 ലക്ഷം)

ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ താഴെപറയുന്ന 2 പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു.

1. വാച്ചാക്കൽ ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 982-നും 983-നും ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (14 ലക്ഷം)

2. പുത്തൻതോട് ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 1016-നം 1018-നം ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (15 ലക്ഷം)

നിലവിൽ ടി പ്രവൃത്തികൾ ടെണ്ടർ ചെയ്തുവെങ്കിലും ആരും ഏറ്റെടുക്കാതിരുന്നത് കാരണം 3 പ്രാവശ്യം സബ്മിഷൻ തീയതി നീക്കിവയ്ക്കുകയും തുടർന്നും ആരും പങ്കെടുക്കാതിരുന്നതുമൂലം റീ-ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ കണക്ക് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം**

347 (1470) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കണക്ക് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഈ വർഷത്തെ കാലവർഷത്തിന് മുമ്പ് ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുംവിധം സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫോമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ടി മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 9 കടലോര ജില്ലകളിലായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്ക് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും ആയത് ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുകയും ചെയ്തുവരുന്നു.

(സി) പദ്ധതി നിലവിൽ നടപ്പാക്കി വരികയാണ്. 6-6-2019 വരെ വിവിധ ജില്ലകളിലായി 13261 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷാസംവിധാനം**

348 (1471) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മൽസ്യബന്ധനത്തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങളും ജി.പി.എസ്. സംവിധാനവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനങ്ങൾ എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും ആയതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും Unicare Emergency Equipment (Pvt.) Ltd., Bharat Traders, Mumbai എന്നീ കമ്പനികൾ മുഖേന ആദ്യഘട്ടമായി 30000 ലൈഫ് ജാക്കറ്റുകൾ 9 തീരദേശ ജില്ലകൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരികയുമാണ്. കൂടാതെ 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' എന്നീ പദ്ധതികൾ മുഖേന 1132 ലൈഫ് ബോയെകളും 566 ജി.പി.എസ്. കളും എല്ലാ മറൈൻ ജില്ലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ**

349 (1472) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകളും നാവിക്, ജി.പി.എസ്. ഉപകരണങ്ങളും ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം ചെയ്തത്;

(സി) ലൈഫ് ജാക്കറ്റിന്റെ ഗുണഭോക്തൃവിഹിതമായി മത്സ്യത്തൊഴിലാളികളിൽ നിന്നും എന്തെങ്കിലും തുക ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് തുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിരുന്നു. ആയതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും Unicare Emergency Equipment (Pvt.) Ltd., Bharat Traders, Mumbai എന്നീ കമ്പനികൾ മുഖേന ആദ്യഘട്ടമായി 30000 ലൈഫ് ജാക്കറ്റുകൾ 9 തീരദേശ ജില്ലകൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരികയുമാണ്. കൂടാതെ 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' എന്നീ പദ്ധതികൾ മുഖേന 1132 ലൈഫ് ബോയെകളും 566 ജി.പി.എസ്. കളും എല്ലാ മറൈൻ ജില്ലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 15000 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 15.93 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ടി സാങ്കേതിക വിദ്യ ഐ.എസ്.ആർ.ഒ.-യിൽ നിന്നും കെൽട്രോൺ-ന് കൈമാറുകയും കെൽട്രോണുമായി ആദ്യഘട്ടമെന്ന നിലയിൽ 5000 നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിന് കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് കെൽട്രോൺ ടി ഉപകരണങ്ങൾ സപ്ലൈ ചെയ്ത് തുടങ്ങുകയും മത്സ്യത്തൊഴിലാളികൾക്ക് 2019 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്ത് വരികയുമാണ്. മത്സ്യത്തൊഴിലാളികൾക്ക് 1000 സാറ്റ്ലൈറ്റ് ഫോൺ വിതരണം ചെയ്യുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. BSNL-മായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരുന്നു. ജില്ലകളിൽ സാറ്റ്ലൈറ്റ് ഫോൺ വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) ലൈഫ് ജാക്കറ്റിന്റെ ഉപഭോക്തൃ വിഹിതമായി ഒരു ലൈഫ് ജാക്കറ്റിന് 250 രൂപ വീതം മത്സ്യത്തൊഴിലാകളികളിൽ നിന്നും തുക ഈടാക്കിയിരുന്നു.

## മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷ

350 (1473) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി അവർക്ക് സാങ്കേതികപരിശീലനം നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പുതിയ മത്സ്യബന്ധനയാനങ്ങൾ വാങ്ങുന്നതിനായി സബ്സിഡി നൽകുന്നുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(ഡി) മൽസ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവിവരങ്ങളും സമുദ്രത്തിലെ അപകടങ്ങളും മുൻകൂട്ടി അറിയിക്കുന്നതിനും അപകടസമയത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി 9 മറൈൻ ജില്ലകളിലായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽനിന്നും യോഗ്യരായവരെ കണ്ടെത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. ഒരു യൂണിറ്റിൽ 5 യാനങ്ങളും ഒരു യാനത്തിൽ 3 വീതം എന്ന കണക്കിന് 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ 60 യൂണിറ്റുകളിലായി 900 മത്സ്യത്തൊഴിലാളികളും 300 യാനങ്ങളുമാണ് സജ്ജമാക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ National Institute of Water Sports-ൽ അയച്ച് വിദഗ്ധ പരിശീലനം നൽകി വരുന്നു. ഇതിനകം 317 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. തെരഞ്ഞെടുത്ത യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാകും. ചുഴലിക്കാറ്റ്, പ്രളയം പോലുള്ള ദുരന്തങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനാണ് ഇങ്ങനെ സ്ക്വാഡുകൾ പ്രവർത്തന സജ്ജമാകുന്നത്.

(ബി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം രക്ഷിച്ച് കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് കൊച്ചിൻ ഷിപ്പിയാർഡുമായി 31-5-18-ന് ഫിഷറീസ് ഡയറക്ടർ കരാറിൽ ഒപ്പുവയ്ക്കുകയും 3 മറൈൻ ആംബുലൻസുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 2019 നവംബർ മാസത്തോടെ ആദ്യ ആംബുലൻസിന്റെ നിർമ്മാണം പൂർത്തിയാകും. 2020 മാർച്ച് 31 -നകം മൂന്നു മറൈൻ ആംബുലൻസുകളും പ്രവർത്തന സജ്ജമാകും.

(സി) ഉണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് നഷ്ടമായ ബോട്ടുകളിലുണ്ടായിരുന്ന മത്സ്യത്തൊഴിലാളികൾക്ക് പുതിയ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും സബ്സിഡിയോടുകൂടി ലഭ്യമാക്കുന്നതിനായി 120 എഫ്.ആർ.പി. ബോട്ടുകൾ (മത്സ്യബന്ധനോപാധികളുൾപ്പെടെ) നൽകുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 40 ശതമാനം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 200 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതിക്കും ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ടി പദ്ധതിക്കായി 412 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ സംസ്ഥാന വിഹിതം 73.12 ലക്ഷവും കേന്ദ്ര വിഹിതം 98.88 ലക്ഷവും ഗുണഭോക്തൃ വിഹിതം 240 ലക്ഷവുമാണ്. ഒരു എഫ്.ആർ.പി. ബോട്ടിന് 2 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഓഖി ദുരന്തത്തിനുശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഐ.എസ്.ആർ.ഒ. യുമായി ചേർന്ന് തീരത്തുനിന്നും 1500 കിലോമീറ്റർ വരെ അകലെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് എന്ന ഉപകരണം വികസിപ്പിച്ചെടുത്ത് കെൽട്രോണുമായി ചേർന്ന് ആയത് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് മത്സ്യബന്ധന യാനങ്ങൾക്ക് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. കൂടാതെ ഇൻകോയിസ് വഴിയുള്ള മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതിന് 14578 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ എൻ.ഐ.സി. വികസിപ്പിച്ചെടുത്തിട്ടുള്ള സാഗര എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധിക്കും. അതിലൂടെ അപകടഘട്ടങ്ങളിൽ കടലിൽ അകപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും രക്ഷാപ്രവർത്തനം വേഗത്തിൽ നടത്തുന്നതിനും സാധിക്കുന്നു. കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ

കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിച്ച് വാങ്ങുന്നതിന് ഫിഷറീസ് ഡയറക്ടർ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 2019 നവംബർ മാസത്തോടുകൂടി ആദ്യ മറൈൻ ആംബുലൻസിന്റെ നിർമ്മാണം പൂർത്തിയാകും. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി 9 മറൈൻ ജില്ലകളിലായി 60 മത്സ്യഗ്രാമങ്ങളിൽനിന്ന് 900 മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ചാണ് വിദഗ്ദ്ധ പരിശീലനം നൽകുന്നത്. 317 പേരുടെ പരിശീലനം പൂർത്തിയായിട്ടുണ്ട്.

## തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം

351 (1474) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് തീരദേശ വികസന കോർപ്പറേഷൻ വഴി എത്ര സ്കൂളുകൾക്ക് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ തുകയും സ്കൂളുകളുടെ പേരും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനം കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിനുവേണ്ടി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കൊടുവള്ളി, ഗവ. ലോവർ പ്രൈമറി സ്കൂൾ, ചാലിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗോപാലപേട്ട എന്നീ സ്കൂളുകൾ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി യഥാക്രമം 248 ലക്ഷം രൂപ, 131 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

## കവ്വായി സർക്കാർ യു.പി. സ്കൂൾ

352 (1475) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശവികസന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി സർക്കാർ യു.പി സ്കൂളിന്റെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി സർക്കാർ യു.പി. സ്കൂൾ കിഫ്ബിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനായി 1.12 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫിഷറീസ് റെസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനം

353 (1476) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷറീസ് റെസിഡൻഷ്യൽ സ്കൂളുകളിൽ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകിയതിനുശേഷം ബാക്കിവരുന്ന സീറ്റുകളിൽ മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം സ്കൂളുകളിൽ ഡേ സ്കോളർ ആയി പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസവും വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പത്ത് മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ നിലവിൽ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ചു പഠിക്കുന്നതിനാണ് പ്രവേശനം അനുവദിക്കുന്നത്. റസിഡൻഷ്യൽ വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകിയതിനുശേഷം ബാക്കിവരുന്ന ഒഴിവുകളിൽ ആകെ സീറ്റിന്റെ 50% ത്തിൽ അധികരിക്കാത്ത വിധം ഡേ സ്കോളേഴ്സായി (Day Scholars) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മത്സ്യം ഉണക്കുന്നവർ, ചെറുകിട മത്സ്യ വില്പനക്കാർ, ചെറുകിട മത്സ്യ വിതരണക്കാർ, ബീച്ച് വർക്കേഴ്സ്, പീലിംഗ് ഷെഡ് വർക്കേഴ്സ്, ഫിഷ് ക്യൂയറേഴ്സ്, ഹാർബർ ഹെഡ് ലോഡ് വർക്കേഴ്സ് മുതലായവർ അനുബന്ധത്തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുന്നു. ഇത്തരം അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിലവിൽ പ്രവേശനം അനുവദിക്കുന്നില്ല.

(ബി) 2019-20 അദ്ധ്യയന വർഷം മുതൽ എല്ലാ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിലും 50% ത്തിൽ അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സായി ആൺ/പെൺ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**ഓഖി ദുരന്തബാധിതർ**

354 (1477) ശ്രീ. ബി. സത്യൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്തവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന യൂണിറ്റുകൾക്ക് നഷ്ടത്തിന് ആനുപാതികമായ ധനസഹായം നൽകിയിട്ടുണ്ടോ;

(സി) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പ്രത്യേക ഭവനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ദുരന്തബാധിതരുടെ മക്കളുടെ പഠനച്ചെലവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. ഇതു കൂടാതെ 2 ലക്ഷം രൂപ വീതവും അനുവദിച്ചു.

ഓഖിയിൽ മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് (309 പേർ) സൗജന്യ വിദ്യാഭ്യാസവും വിദഗ്ധ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചു. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിലെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വിഴിഞ്ഞത്ത് സ്ഥാപിക്കുന്ന ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റ്, സീഫുഡ് കിച്ചൺ എന്നിവയ്ക്ക് 4 കോടി രൂപ അനുവദിച്ചു. ഓഖിയിൽ മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാരിൽ 42 പേർക്ക് (പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളതും 40-ഉം അതിൽ താഴെ വയസ്സുള്ളതുമായ) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. പത്താംതരത്തിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള 40-ൽ താഴെ വയസ്സുള്ള 11 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും വായ്പ എഴുതിത്തള്ളുന്നതിന് തീരുമാനിക്കുകയും 29-11-2017-ന് അടയ്ക്കാൻ ബാക്കിയുള്ള മുതൽ പൂർണ്ണമായും എഴുതിത്തള്ളുന്നതിനും കുടുംബാംഗങ്ങളെ വായ്പ വിമുക്തരാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു.

ഇതിനുപുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ടിൽ നിന്നും) നിന്നുള്ള തുക വിനിയോഗിച്ച് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഭവന പദ്ധതി - 7.41 കോടി രൂപ.
2. ഭവന പുനരുദ്ധാരണം - 2.042 കോടി രൂപ.
3. ഓഖിയിൽ പൂർണ്ണമായും ഭാഗീകമായും നശിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം (367 പേർക്ക്) - 6.479 കോടി രൂപ.
4. വിദ്യാഭ്യാസ ധനസഹായ പാക്കേജ് - 13.92 കോടി രൂപ.
5. മറൈൻ ആംബുലൻസ് - 7.36 കോടി രൂപ.
6. ലൈഫ് ജാക്കറ്റ് - 6.10 കോടി രൂപ.
7. നാവിക് ഉപകരണങ്ങൾ - 15.93 കോടി രൂപ.
8. സാറ്റലൈറ്റ് ഫോൺ - 9.42 കോടി രൂപ.
9. കടൽ സുരക്ഷാ സ്ക്വാഡ് - 7.15 കോടി രൂപ.
10. എഫ്.ആർ.പി.ബോട്ട് - 7.94 കോടി രൂപ.
11. ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്‌ലെറ്റും - 4 കോടി രൂപ.

(ബി) ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 367 മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ഒന്നു മുതൽ അഞ്ച് വരെ ഘട്ടങ്ങളിലായി ആകെ 6.47 കോടി രൂപ വിതരണം ചെയ്തു.

(സി) ഓഖി ദുരന്തത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി 741.60 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. തീരപ്രദേശത്തുനിന്ന് 50 മീറ്റർ മാറി സുരക്ഷിത സ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാർപ്പിട സൗകര്യത്തിനായി 2-3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി റവന്യൂ വകുപ്പിന്റെ സഹായത്തോടെ വില നിശ്ചയിച്ച് സ്ഥലം രജിസ്റ്റർ ചെയ്യണം.

(ഡി) ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309

കുട്ടികൾക്ക് വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുകയും ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക അതാതു സമയങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തരം വിതരണം ചെയ്തുവരുകയാണ്.

2018-19 സാമ്പത്തിക വർഷം, തിരുവനന്തപുരം ജില്ലയിലെ ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് കാണാതാവുകയോ മരണപ്പെടുകയോ ചെയ്ത 73 മത്സ്യത്തൊഴിലാളികളുടെ 162 കുട്ടികൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതിനായി 56,95,000 രൂപ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിക്കുകയും ആയതിൽ 156 വിദ്യാർത്ഥികൾക്കായി 53,75,000 രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2019-20 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 162 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതിനായി 65 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൽ 120 വിദ്യാർത്ഥികൾക്കായി 37,80,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓഖി ദുരന്തബാധിതർക്ക് നഷ്ടപരിഹാരം**

355 (1478) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഏതു മാനദണ്ഡപ്രകാരമാണ് നഷ്ടപരിഹാരത്തിന് അർഹരായവരെ നിശ്ചയിച്ചത് എന്ന് വിശദീകരിക്കുമോ;

(സി) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ അനർഹർക്ക് നഷ്ടപരിഹാരം അനുവദിക്കുകയും അർഹതയുള്ളവർ ലിസ്റ്റിൽ നിന്ന് പുറത്തുപോവുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) നഷ്ടപരിഹാരം വിതരണം ചെയ്തതിലെ അപാകതകൾ പരിഹരിച്ച് ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഓഖി ദുരന്തത്തിൽ ദുരിതം അനുഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 367 യാനം ഉടമകൾക്ക് 6,47,97,097 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് അവയുടെ നഷ്ടപരിഹാര തുക കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരും CIFT-ലെ പ്രതിനിധിയും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് അതാത് ജില്ലയിലെ ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, മത്സ്യഫെഡ് ജില്ലാ മാനേജർ എന്നിവരടങ്ങുന്ന ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയാണ് നഷ്ടപരിഹാരം കണക്കാക്കി ശിപാർശ ചെയ്തിട്ടുള്ളത്. പൂർണ്ണമായും നഷ്ടപ്പെട്ട യാനം, എഞ്ചിൻ എന്നിവയ്ക്ക് പ്രതിവർഷം 10% എന്ന കണക്കിൽ തേയ്മാനം കണക്കാക്കി കിട്ടുന്ന തുകയോ അല്ലെങ്കിൽ ടി ഉപകരണങ്ങളുടെ യഥാർത്ഥ വിലയുടെ 50% തുകയോ ഇതിൽ ഏതാണോ കൂടുതൽ ആ തുക നഷ്ടപരിഹാരമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതുപോലെ വല, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ മറ്റ് അനുസാരികകൾ എന്നിവയ്ക്ക് അവയുടെ മാർക്കറ്റ് വില കണക്കാക്കി നഷ്ടപരിഹാരം നൽകിവരുന്നു. ഭാഗികമായി കേടുപാടുകൾ സംഭവിച്ചവയ്ക്ക് അതിന്റെ നഷ്ടത്തിന് സമാനമായ തുക തേയ്മാനം കണക്കാക്കാതെ അനുവദിക്കാനും ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഓഖി ദുരന്തത്തിന്റെ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

356 (1479) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബി ധനസഹായത്തോടെ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം മാർക്കറ്റുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിനായി എത്ര തുകയുടെ പദ്ധതികളാണ് നിലവിൽ തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

(ബി) കൊല്ലം ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുത്ത മാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഉൾനാടൻ മത്സ്യസമ്പത്ത് കുറയുവാനുണ്ടായ കാരണങ്ങൾ**

357 (1480) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞ സാഹചര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ഇപ്രകാരം മത്സ്യസമ്പത്ത് കുറയുവാനുണ്ടായ കാരണങ്ങൾ എന്താക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; ഏതൊക്കെ കായലുകളിലാണ് നിയന്ത്രണം കൊണ്ടുവരുവാൻ ആലോചിക്കുന്നത്;

(ഡി) നിയന്ത്രണം /നിരോധനം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ജല മലിനീകരണം, അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ, കണ്ടൽകാടുകളുടെ നശീകരണം, കാലാവസ്ഥാ വ്യതിയാനം, കൃഷി മേഖലയിലെ അമിതമായ രാസവള പ്രയോഗം, പ്രകൃതിദത്തമായ മത്സ്യപ്രജനന കേന്ദ്രങ്ങളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നശീകരണം, ഉൾനാടൻ ജലാശയങ്ങളുടെ ആഴവും വിസ്തൃതിയും ശോഷിക്കൽ എന്നിവയെല്ലാം ഉൾനാടൻ മത്സ്യസമ്പത്ത് കുറയാനുള്ള കാരണങ്ങളാണ്.

(സി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ വരുത്തുന്നതിലേയ്ക്ക് ഉൾനാടൻ മത്സ്യബന്ധന നിയമം ശക്തമായി നടപ്പിലാക്കുന്നതിനായി നിലവിലുള്ള കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ടിൽ ഭേദഗതികൾ വരുത്തി ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. സംസ്ഥാനത്തെ എല്ലാ കായലുകളിലും മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നു.

(ഡി) കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചർ നിയമവും ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു ജലാശയങ്ങളിലെ മത്സ്യബന്ധന നിയന്ത്രണം, പൊതുജലാശയങ്ങളിലെ ചെമ്മീൻ വാറ്റ് നിയന്ത്രണം (ഫിൽട്രേഷൻ) കക്ക ശേഖരണത്തിനും കടത്തിനുമുള്ള നിയന്ത്രണം, തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിലെ മത്സ്യ സംരക്ഷണം, എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഉൾനാടൻ മത്സ്യമേഖലയിൽ കായൽ പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധന രീതികൾ തടയുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതോടൊപ്പം പ്രസ്തുത വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

## മത്സ്യലഭ്യതയിലെ കുറവ്

358 (1481) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് മത്സ്യലഭ്യതയിൽ വൻകുറവ് വന്നതുമൂലം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യലഭ്യതയിലെ കുറവുമൂലം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി മത്സ്യങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യത്തിൽ വ്യാപകമായ രീതിയിൽ രാസവസ്തുക്കൾ ചേർക്കുന്നതായുള്ള പരാതി വസ്തുതാപരമാണോ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധന നിലവിൽ നടത്തുന്നുണ്ടോ; പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന നടത്തിയ ക്യാച്ച് അസസ്സ്മെന്റ് സർവ്വേകൾ പ്രകാരം കേരളത്തിലെ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവുള്ളതായാണ് കാണുന്നത്. അതനുസരിച്ച് കഴിഞ്ഞ രണ്ട് വർഷക്കാലയളവിലെ ഉല്പാദന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സമുദ്ര മത്സ്യഉല്പാദനം (മെ.ടൺ) | ഉൾനാടൻ മത്സ്യഉല്പാദനം (മെ.ടൺ) |
|---|---|---|
| 2017-18 | 483686 | 189081 |
| 2018-19 | 613007 | 192027 |

(ബി) കേരളത്തിലെ ആഭ്യന്തര ഉപഭോഗം ഉല്പാദനത്തിലും അധികമായതിനാലും ഏകദേശം 2 ലക്ഷം മെട്രിക് ടൺ മത്സ്യം വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനാലും സംസ്ഥാനത്തെ ആവശ്യം നിറവേറ്റുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യത്തെ ആശ്രയിക്കേണ്ടിവരുന്നുണ്ട്.

(സി) അല്ല.

(ഡി) രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവിൽപ്പന തടയുന്നതിനായി ജില്ലകൾതോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്തുടനീളം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ മത്സ്യത്തിന്റെ ഹോൾസെയിൽ/റീട്ടെയിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും വിപണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവിൽപ്പനയുടെ ദോഷഫലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റിൽ പരിശോധന നടത്തുന്നതുവഴി മത്സ്യങ്ങൾ മാർക്കറ്റിൽ എത്തുന്നതിന് മുൻപ് തന്നെ തടയാൻ കഴിയുന്നുണ്ട്. ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് CIFT വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയ പേപ്പർ സ്ട്രിപ്പ് വിപണിയിൽ ലഭ്യമാണ്. ഇതുപയോഗിച്ച് പൊതുജനങ്ങൾക്കും പരിശോധന നടത്താവുന്നതാണ്.

കേരളത്തിലെ വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുതകൾ ചേർത്ത് മത്സ്യം വിൽപ്പന നടത്തുന്നതായി കണ്ടെത്തിയവയിലും പഴകിയ മത്സ്യം വിൽപ്പന നടത്തിയവർക്കുമെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിൽ മത്സ്യകൃഷി

359 (1482) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യ കൃഷി നടത്തുന്നതെന്ന് പഞ്ചായത്ത് തലത്തിൽ തരം തിരിച്ച് നൽകാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

നൂതന മത്സ്യകൃഷി പദ്ധതി :- (2016-17)

(എ) പുനഃചംക്രമണ മത്സ്യകൃഷി

(ബി) കുളങ്ങളിലെ ഗിഫ്റ്റ് കൃഷി

(സി) ആസ്സാംവാള കൃഷി

ജനകീയ മത്സ്യകൃഷി 2017-18

(എ) മാതൃകാ മത്സ്യകുളം പദ്ധതി

(ബി) ചെറിയ കുളങ്ങളിലെ മത്സ്യകൃഷി

(സി) വലിയ കുളങ്ങളിലെ മത്സ്യകൃഷി

ജനകീയ മത്സ്യകൃഷി 2018-19

(എ) ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി

(ബി) കുളങ്ങളിലെ ഗിഫ്റ്റ് കൃഷി

(സി) ആസ്സാംവാള കൃഷി

(ഡി) പുനഃചംക്രമണ മത്സ്യകൃഷി

(ഇ) കരിമീൻ കൃഷി.

(എഫ്) ലൈവ് ഫിഷ് മാർക്കറ്റ്

ബ്ലൂ റെവല്യൂഷൻ 2017-18

(എ) പുനഃചംക്രമണ മത്സ്യകൃഷി

(ബി) കുളങ്ങളിലെ ഗിഫ്റ്റ് കൃഷി

(സി) ആസ്സാംവാള കൃഷി

ബ്ലൂ റെവല്യൂഷൻ 2018-19

(എ) പുനഃചംക്രമണ മത്സ്യകൃഷി

(ബി) നിലവിൽ വയനാട് ജില്ലയിൽ 243.68 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി ചെയ്തുവരുന്നു. കൂടാതെ പുനഃചംക്രമണ മത്സ്യകൃഷി 18 യൂണിറ്റും കരിമീൻ കൃഷി പദ്ധതി 10 യൂണിറ്റിലും ചെയ്തുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**തീരദേശ റോഡ് നവീകരണപദ്ധതി**

360 (1483) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ തീരദേശ റോഡ് നവീകരണപദ്ധതിയിൻകീഴിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന റോഡുകളുടെ അനുമതി, ഇപ്പോഴത്തെ നിർമ്മാണഘട്ടങ്ങൾ എന്നിവ അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകൾ ഏതൊക്കെ പ്രദേശങ്ങൾ/പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികളിൽ കൂടിയാണ് കടന്നുപോകുന്നതെന്നും ഓരോ റോഡിന്റെയും ഭരണാനുമതി തുക എത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിർമ്മാണ ഘട്ടം | പഞ്ചായത്ത് |
|---|---|---|---|---|
| 1 | എ.കെ.ബണ്ട് റോഡ്, ആമ്പല്ലൂർ പഞ്ചായത്ത് | 69.60 | പൂർത്തീകരിച്ചു. | ആമ്പല്ലൂർ |
| 2 | ആമ്പല്ലൂർ മുതൽ 1 കി.മീ. സൗത്ത് റോഡ്, ആമ്പല്ലൂർ പഞ്ചായത്ത് | 80.60 | പൂർത്തീകരിച്ചു. | ആമ്പല്ലൂർ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണപുരോഗതി

361 (1484) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ബണ്ട് റോഡ്, മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുമ്പുള്ളി കെ.എൽ.ഡി.സി ബണ്ട് റോഡ്, മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ മണിച്ചാൽ ബണ്ട് റോഡ്-ദർഘാസ് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ് - കെ.എൽ.ഡി.സി.യുടെ ലാൻഡിൽ കൂടി നിർമ്മിക്കുന്നതിന് നിരാക്ഷേപപത്രം ലഭിക്കേണ്ടതുണ്ട്. ഇത് ലഭ്യമായാലുടൻ തന്നെ ടെണ്ടർ ക്ഷണിക്കുന്നതാണ്.

മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ് - ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് എസ്റ്റിമേറ്റ് നിലവിലുള്ള നിരക്കിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇരവിപുരം അംസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ

362 (1485) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പ് സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന വികസനക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) മുൻ സാമ്പത്തികവർഷങ്ങളിൽ ഫിഷറീസ് വകുപ്പ് ഈ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയതും പൂർത്തിയാക്കിയതും ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വിവിധ വികസനക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഫിഷറീസ് വകുപ്പിനുകീഴിലുള്ള ഹാർബർ എൻജിനീയറിംഗ് വകുപ്പും തീരദേശവികസന കോർപ്പറേഷനും ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) മുഖേന നടപ്പു സാമ്പത്തിക വർഷം ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ മത്സ്യ അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി Joint Liability Groups (JLG) രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ഈടില്ലാത്ത വായ്പകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ 150 യൂണിറ്റുകൾ കൊല്ലം ജില്ലയിലാണ്. ഇതിൽ ഇരവിപുരം മണ്ഡലത്തിൽ നിന്നുള്ള JLG കളും ഉൾപ്പെടുന്നു.

(ബി) ഫിഷറീസ് വകുപ്പ് ഈ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയതും പൂർത്തിയാക്കിയതും ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളതുമായ വിവിധ വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും തീരദേശ വികസന കോർപ്പറേഷനും ഇരവിപുരം അസംബ്ലി മണ്ഡലത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു. *

**വർക്കല മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ**

363 (1486) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്ന വികസനപ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ആയതിൽ പ്രവൃത്തി പൂർത്തിയാക്കിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ചതിൽ പ്രവൃത്തി പൂർത്തിയാക്കാത്തവയുടെ ഇപ്പോഴത്തെ നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും ടൂറിസം പദ്ധതിയിലുൾപ്പെടുത്തി വർക്കല പാപനാശം ബീച്ചിന്റെ പ്രവൃത്തിയുമാണ് നടന്നുവരുന്നത്.

(ബി-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**വൈക്കം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പദ്ധതികൾ**

364 (1487) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ വൈക്കം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2 റോഡ് പ്രവൃത്തികൾക്ക് 195 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | വള്ളക്കടവ് വേമ്പനാട് കായൽ ബീച്ച് ഡ്രൈയിനേജ് | 59.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | റ്റി.വി.പുരം പഞ്ചായത്തിലെ അംബികാ മാർക്കറ്റ് റോഡ് | 176.00 | സ്ഥലം ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി**

365 (1488) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ ആശ്രയമായ കശുവണ്ടി വ്യവസായം അതീവഗുരുതരമായ പ്രതിസന്ധിയിലാണെന്നത് വസ്തുതയല്ലേ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് പൂർണ്ണച്ചുമതലയുള്ള കാഷ്യു ബോർഡ് കശുവണ്ടി ഇറക്കുമതിയിലൂടെ കോടികളുടെ നഷ്ടം വരുത്തി എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കാഷ്യു ബോർഡ് ഏത് രാജ്യത്തുനിന്നുമാണ് 2018-നുശേഷം കശുവണ്ടി ഇറക്കുമതി ചെയ്തത്; പ്രസ്തുത ഇറക്കുമതിക്ക് ഇ-ടെണ്ടർ ഒഴിവാക്കി സാധാരണ ടെണ്ടർ നടപടിയാണോ സ്വീകരിച്ചത്; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇറക്കുമതിക്ക് മുമ്പ് തോട്ടണ്ടിയുടെ ഗുണനിലവാരം കർശനമായി ഉറപ്പാക്കുന്നതിന് കാഷ്യു ബോർഡിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ നയങ്ങൾ കാരണവും ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിച്ചിരുന്ന അനുകൂലമല്ലാത്ത സമീപനം കാരണവും കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നിരന്തര ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ മറ്റ് കാരണങ്ങളും പരിഹാര നടപടികളും ചുവടെ കൊടുക്കുന്നു.

(1) തോട്ടണ്ടിയുടെ ദൗർലഭ്യം

തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം കുറവായതിനാൽ പ്രധാനമായും ഇറക്കുമതി തോട്ടണ്ടിയെയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം ആശ്രയിക്കുന്നത്. ഇപ്പോൾ കാഷ്യു ബോർഡ് രൂപീകരിച്ച് തോട്ടണ്ടി ലഭ്യമാക്കുന്ന സാഹചര്യത്തിൽ തോട്ടണ്ടി ദൗർലഭ്യമെന്ന പ്രതിസന്ധിക്ക് പരിഹാരമായിട്ടുണ്ട്.

(2) വർക്കിംഗ് കാപ്പിറ്റലിന്റെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവമൂലം തോട്ടണ്ടി ലഭ്യമല്ലാതിരുന്ന പ്രശ്നത്തിന് കേരളാ കാഷ്യു ബോർഡിന്റെ രൂപീകരണത്തോടെ പരിഹാരമായിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയ്ക്കുമാവശ്യമായ തോട്ടണ്ടി കാഷ്യൂ ബോർഡ് മുഖാന്തരം ലഭ്യമാക്കുന്നതിന് സർക്കാർ കാഷ്യൂ ബോർഡിനാവശ്യമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(3) തോട്ടണ്ടിയുടെ ഉയർന്ന വിലയും പ്രോസസിംഗ് ചാർജ്ജുകളും പരിപ്പിന്റെ വിൽപ്പന വിലയേക്കാൾ താരതമ്യേന കൂടുതലാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനും പരിപ്പിന്റെ വിപണനവും മാർക്കറ്റിംഗും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം ട്രേഡ് ഇൻഫർമേഷൻ അനുസരിച്ച് പ്രതിവർഷം ഏകദേശം 35,000 മെട്രിക് ടൺ മുതൽ 50,000 മെട്രിക് ടൺ വരെയാണ്. കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം കുറയുന്നത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്. കേരള സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തരം ആഭ്യന്തരമായി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

(5) Non-Least Developed രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം (Customs duty notification no.12/16 dated

1-3-2016) ഏർപ്പെടുത്തിയത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇറക്കുമതിചുങ്കം പൂർണ്ണമായി കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. കേരള സർക്കാർ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(6) വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നത് കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണിയെ സാരമായി ബാധിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുന്നതിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

ആധുനികവൽക്കരണത്തിലൂടെയും ഭാഗികമായ യന്ത്രവൽക്കരണത്തിലൂടെയും വ്യവസായമേഖല കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഇടപെടൽ നടത്തിവരുന്നു.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) 2018-നുശേഷം കാഷ്യു ബോർഡ് മൊസാംബിക്, ഘാന എന്നീ രാജ്യങ്ങളിൽ നിന്നാണ് കശുവണ്ടി ഇറക്കുമതി ചെയ്തത്. സീൽഡ് ടെണ്ടർ വഴിയാണ് തോട്ടണ്ടി ഇറക്കുമതി ചെയ്തത്. ഇ-ടെണ്ടറിൽ വിദേശ കമ്പനികൾക്ക് നേരിട്ട് പങ്കെടുക്കുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിലെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാനും ഏജന്റുമാരുടെയും ഇടനിലക്കാരുടെയും പങ്കാളിത്തം ഒഴിവാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീൽഡ് ടെണ്ടർ രീതിവഴി കശുവണ്ടി ഇറക്കുമതി ചെയ്തത്.

(ഡി) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ Landed quantity and landed quality-യെ അടിസ്ഥാനമാക്കിയാണ് അന്തിമവില നൽകുന്നത്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ഗുണനിലവാര പരിശോധന ഇന്ത്യയിൽ എത്തിയശേഷമാണ് നടത്തുന്നത്. തോട്ടണ്ടിയുടെ ഗുണനിലവാരം കട്ടിംഗ് ടെസ്റ്റ് മുഖേന വെളിപ്പെടുന്ന ഔട്ട്ടേണിലൂടെയാണ് നിർണ്ണയിക്കപ്പെടുന്നത്. ഗുണനിലവാരത്തിലുള്ള കുറവ് ഔട്ട്ടേണിൽ പ്രതിഫലിക്കും. അതിനാൽ നിലവിലുള്ള വ്യാപാര സമ്പ്രദായങ്ങൾക്ക് അനുസൃതമായി ഔട്ട്ടേണിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഗുണനിലവാരം നിർണ്ണയിക്കുന്ന രീതിയാണ് കാഷ്യു ബോർഡ് സ്വീകരിച്ചിട്ടുള്ളത്.

(ഇ) അന്വേഷണം നടത്തിയിട്ടില്ല.

## ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ കൗണ്ട്

366 (1489) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷൻ 2019 ജനുവരിയിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തിരുന്നോ; എങ്കിൽ എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് ഇറക്കുമതി ചെയ്തത് എന്ന് വെളിപ്പെടുത്താമോ;

(ബി) എത് രാജ്യത്ത് നിന്നാണ് പ്രസ്തുത തോട്ടണ്ടി ഇറക്കുമതി ചെയ്തത്; കിലോക്ക് എന്ത് വില വച്ചാണ് ഈ ഇറക്കുമതി നടത്തിയത്;

(സി) ഇപ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടി ആർക്കൊക്കെയാണ് വില്പന നടത്തിയത് എന്നറിയിക്കാമോ;

(ഡി)എത്ര മെട്രിക് ടൺ വീതമാണ് ഓരോരുത്തർക്കും വിറ്റത് ; ഒരു കിലോക്ക് എത്ര രൂപ നിരക്കിലാണ് വില്പന നടത്തിയത്;

(ഇ) ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട് ടേണും കൗണ്ടും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഇ) കാഷ്യൂ കോർപ്പറേഷൻ 2019 ജനുവരിയിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തിരുന്നില്ല.

## ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ്

367 (1490) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് വിദേശത്ത് നിന്നും തോട്ടണ്ടി വാങ്ങിയത് എപ്രകാരമാണെന്നും ഇക്കാര്യത്തിൽ ഇടനിലക്കാർ ഉണ്ടായിരുന്നോയെന്നും ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും അറിയിക്കുമോ;

(ബി) എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്തത്; ഇത് എന്ത് വിലയ്ക്കാണ് വാങ്ങിയത്; ഇറക്കുമതി ചെയ്ത തോട്ടണ്ടി കാഷ്യൂ വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയപ്പോൾ എന്ത് മാർജിൻ ലഭിച്ചു; വ്യക്തമാക്കുമോ;

(സി) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ് നടത്തിയിരുന്നോ; എങ്കിൽ ഏത് സ്ഥാപനമാണ് കട്ടിംഗ് ടെസ്റ്റ് നടത്തിയത്; വിശദാംശം നൽകുമോ;

(ഡി) ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് കട്ടിംഗ് ടെസ്റ്റ് നടത്തിയപ്പോൾ ലഭിച്ച ഔട്ട് ടേൺ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകിയപ്പോൾ എന്ത് വില കുറച്ചാണ് ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് നൽകിയതെന്ന് അറിയിക്കുമോ?

## ഉത്തരം

(എ) ബന്ധപ്പെട്ട വിദേശ രാജ്യത്തെ പ്രാദേശിക ഭാഷാ പത്രങ്ങളിൽ പരസ്യം നൽകി ആഗോളമത്സര ടെണ്ടർ മുഖേനയാണ് തോട്ടണ്ടി ഇറക്കമതി ചെയ്തിട്ടുള്ളത്. ഇടനിലക്കാർ ഉണ്ടായിരുന്നില്ല.

(ബി) കാഷ്യു ബോർഡ് വിവിധ ടെണ്ടറുകളിലായി വാങ്ങിയ തോട്ടണ്ടിയുടെ അളവ്, വില എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | അളവ്(ടൺ) | വില (ഡോളർ/ടൺ) |
|---|---|---|---|
| 1 | ഗിനി-ബിസ്സാവു | 2888 | 1815 |
| 2 | മൊസാംബിക് | 3048 | 1515 |
| 3 | ഘാന(1) | 3263 | 1445 |
| 4 | ഘാന(2) | 3276 | 1392 |
| 5 | ഘാന(3) | 5000 | 1044 |

ഗിനി-ബിസ്സാവുവിൽ നിന്നുള്ള തോട്ടണ്ടിക്ക് ടണ്ണിന് 10 ഡോളർ എന്ന തുച്ഛമായ നിരക്കിലും മറ്റു രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടിക്ക് ടണ്ണിന് 15 ഡോളർ നിരക്കിലുമാണ് മാർജിൻ നിശ്ചയിച്ചിട്ടുള്ളത്.

(സി) കട്ടിംഗ് ടെസ്റ്റ് നടത്തിയിരുന്നു. ആർ.ബി.എസ്. മാരിടൈം സർവ്വീസസ് എന്ന സ്വതന്ത്ര ഏജൻസിയാണ് കട്ടിംഗ് ടെസ്റ്റുകൾ നടത്തിയത്.

(ഡി) ഗിനി-ബിസ്സാവുവിൽ നിന്ന് ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട് ടേണിൽ കുറവുണ്ടായിരുന്നില്ല. അതേസമയം മൊസാംബിക് തോട്ടണ്ടിയുടെ ഔട്ട്ടേണിൽ ഉണ്ടായ കുറവിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ 96978.14 ഡോളറിന്റെ കുറവ് വരുത്തിയിട്ടുണ്ട്. ഘാന തോട്ടണ്ടിയുടെ ആദ്യ

ഇറക്കുമതിയിൽ ഔട്ട് ടേണിൽ ഉണ്ടായ കുറവിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ 59321.32 ഡോളറിന്റെ കുറവ് വരുത്തിയിട്ടുണ്ട്. കരാറിൽ ഇതിന് വ്യവസ്ഥയുണ്ട്.

### തോട്ടണ്ടി സംഭരണം

368 (1491) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പെക്സ് കാസർകോട്ടെ സ്വകാര്യ വ്യക്തികളിൽ നിന്നും 2018-ന് ശേഷം തോട്ടണ്ടി സംഭരിച്ചിരുന്നോ; എങ്കിൽ എത്ര ടൺ തോട്ടണ്ടിയാണ് ഇപ്രകാരം സംഭരിച്ചത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത തോട്ടണ്ടി സംഭരിച്ചപ്പോൾ കാഷ്യൂ ബോർഡിന്റെ പക്കൽ ഘാനയിൽ നിന്നും ഇറക്കുമതി ചെയ്ത 11000 മെട്രിക് ടൺ തോട്ടണ്ടി സ്റ്റോക്ക് ഉണ്ടായിരുന്നോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷൻ,ആറളം ഫാം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യവസ്ഥകൾ നിലവിലിരിക്കെ ഇടനിലക്കാർ മുഖേന സ്വകാര്യ ഏജൻസികളിൽനിന്നും തോട്ടണ്ടി സംഭരിച്ചത് എന്തുകൊണ്ടാണ്; പ്രസ്തുത തോട്ടണ്ടി കിലോക്ക് എത്ര രൂപ നിരക്കിലാണ് വാങ്ങിയത്;

(ഇ) തോട്ടണ്ടി സംഭരിക്കുവാൻ സർക്കാർ നിശ്ചയിച്ച പരമാവധി വിലയെത്രയാണ്; ഇതിലും കൂടിയ നിരക്കിൽ സ്വകാര്യ ഏജൻസിയിൽ നിന്നും വാങ്ങിയത് ഏത് സാഹചര്യത്തിലാണ്; പ്രസ്റ്റുത കച്ചവടത്തിൽ കാപ്പെക്സിനുണ്ടായ നഷ്ടം എത്രയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി) പരിശോധിച്ചു വരികയാണ്.

(സി) സർക്കാർ നിശ്ചയിച്ച വിലനിർണ്ണയ സമിതി തീരുമാനിച്ച വിലയ്ക്കാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും തോട്ടണ്ടി ശേഖരിക്കുന്നത്.

(ഡി & ഇ) പരിശോധിച്ചു വരികയാണ്.

**മൊസാംബിക് ഒറിജിൻ തോട്ടണ്ടി വില**

369 (1492) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് എന്ത് വിലയ്ക്കാണ് കാപ്പെക്സിനും കെ.എസ്.സി.ഡി.സിക്കും മൊസാംബിക് ഒറിജിൻ തോട്ടണ്ടി സപ്ലൈ ചെയ്യുന്നത്;

(ബി) ഈ കമ്പനികൾ എത്ര ടൺ പ്രസ്തുത തോട്ടണ്ടി വാങ്ങി; ഓരോ കമ്പനിയും വാങ്ങിയ വില എത്രയായിരുന്നു;

(സി) പ്രൊസസിംഗ് ചാർജ്ജ് ഉൾപ്പെടെ കണക്ക് കൂട്ടുമ്പോൾ ഇതിൽ നിന്നും ലഭിച്ച പരിപ്പ് എന്തു വിലയ്ക്ക് വിറ്റാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലാഭകരമാകും എന്നറിയിക്കാമോ?

ഉത്തരം

(എ) കാഷ്യൂ ബോർഡ് കാപ്പെക്സിനും കെ.എസ്.സി.ഡി.സി.-ക്കും മൊസാംബിക് ഒറിജിൻ തോട്ടണ്ടി നൽകിയത് ഒരു ടണ്ണിന് USD 1530 നിരക്കിലായിരുന്നു.

(ബി) കാഷ്യൂ ബോർഡ് കെ.എസ്.സി.ഡി.സി.-ക്ക് 1971.37 ടൺ കശുവണ്ടിയും കാപ്പെക്സിന് 1074.721 ടൺ തോട്ടണ്ടിയും ഒരു ടണ്ണിന് USD 1530 നിരക്കിലാണ് നൽകിയത്.

(സി) പരിപ്പിന്റെ വില മാത്രമല്ല പൊതുമേഖലാ കശുവണ്ടി വ്യവസായത്തിന്റെ നഷ്ടത്തിന് കാരണം; വ്യവസായത്തിന്റെ കാര്യക്ഷമത ഉൾപ്പെടെ വിവിധ ഘടകങ്ങൾ ഉൾച്ചേർന്നതാണ് നഷ്ടത്തിന് കാരണമാകുന്നത്. നഷ്ടം കുറയ്ക്കാനുള്ള ഫലപ്രദമായ ഇടപെടലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നത്.

**തോട്ടണ്ടി വാങ്ങുവാൻ എഗ്രിമെന്റ്**

370 (1493) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി വാങ്ങുവാൻ കാഷ്യൂ ബോർഡ് 2018-19 ൽ പത്രപ്പരസ്യം നൽകിയിരുന്നോ; എങ്കിൽ ഏത് പത്രത്തിലെന്ന് അറിയിക്കാമോ;

(ബി) എത്രപേർ ഇതുപ്രകാരം ഓഫർ നൽകിയെന്നും ആരൊക്കെയെന്നും ക്വാളിറ്റി, വില തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) മൊസാംബിക് ഒറിജിൻ തോട്ടണ്ടി വാങ്ങുവാൻ ഏത് കമ്പനിയുമായാണ് എഗ്രിമെന്റ് ഒപ്പിട്ടതെന്നും ആരാണ് എഗ്രിമെന്റ് ഒപ്പിട്ടതെന്നും വ്യക്തമാക്കാമോ;

(ഡി) സപ്ലൈ ചെയ്യുന്നതിന്എഗ്രിമെന്റിൽ കാലാവധി വച്ചിരുന്നുവോ;

(ഇ) കട്ടിംഗ് ടെസ്റ്റ് ഏത് ഏജൻസിയാണ് നടത്തിയത്; അവരെ എങ്ങനെയാണ് തെരഞ്ഞെടുത്തത്;

(എഫ്) കട്ടിംഗ് ടെസ്റ്റ് റിസൽട്ട് അനുസരിച്ച് വിലയിൽ എന്ത് കുറവ് വരുത്തിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു. ഗിനി-ബിസ്സാവുവിലെ അൽട്ടിമ ഹോറ, നോ പിൻച, മൊസാംബിക്കിലെ നോട്ടീസിയ, ഒ പയസ് ഘാനയിലെ ഡെയ് ലി ഗ്രാഫിക്, ഡെയ് ലി ഗൈഡ് എന്നീ പ്രാദേശിക ഭാഷാ പത്രങ്ങളിൽ പരസ്യം നൽകിയിരുന്നു.

(ബി)

| മൊസാംബിക്(ടെണ്ടർ നമ്പർ കെസിബി/4/231/2018/എം.ഇസെഡ്) | | | | |
|---|---|---|---|---|
| ക്രമ നമ്പർ | കമ്പനിയുടെ പേര് | ക്വാളിറ്റി | | വില (ഡോളർ) |
| | | ഔട്ട്ടേൺ (lbs) | നട്ട്കൗണ്ട് (Nos/Kg) | |
| 1 | ഓലം ഇന്റർനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ | 46 | 190 | 1647 |
| 2 | ലയൺ ഓവർസീസ് പിറ്റിഇ ലിമിറ്റഡ്, സിംഗപ്പൂർ | 46 | 190 | 1525 |
| 3 | അഗ്രീ കമ്മോഡിറ്റീസ് ഫിനാൻസ് എഫ്.ഇസെഡ്.ഇ., ദുബായ് | 46 | 200 | 1545 |

ഘാന-1(ടെണ്ടർനമ്പർ കെസിബി/5/006/2019/ഘാന)

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ക്വാളിറ്റി | | വില (ഡോളർ) |
|---|---|---|---|---|
| | | ഔട്ട്ടേൺ (lbs) | നട്ട്കൗണ്ട് (Nos/Kg) | |
| 1 | ഘോഷ് അഗ്രിടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം | 50 | 190 | 1665 |
| 2 | മൊറോ കൺസോളിഡേറ്റഡ് ഫാംസ് ലിമിറ്റഡ്, ഘാന | 50 | 190 | 1695 |
| 3 | ഓലം ഇന്റർനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1478 |
| 4 | എസ്.എൻ.കെ. ജനറൽ ട്രേഡേഴ്സ് പി.റ്റി.ഇ. ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1474 |
| 5 | ഏഷ്യ കമ്മോഡിറ്റീസ് എൽഎൽസി, ദുബായ് | 50 | 190 | 1449 |
| 6 | അഗ്രീ കമ്മോഡിറ്റീസ് ഫിനാൻസ് എഫ്.ഇസെഡ്.ഇ. | 50 | 190 | 1521 |
| 7 | റിയൽ ബ്ലൂ ഇന്റർനാഷണൽ പി.റ്റി.ഇ. ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1569 |
| 8 | റോയൽ നട്ട്സ് പി.റ്റി.ഇ. ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1625 |

ഘാന-2(ടെണ്ടർ നമ്പർ കെസിബി/06/058/2019/ഘാന(2))

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ക്വാളിറ്റി | | വില (ഡോളർ) |
|---|---|---|---|---|
| | | ഔട്ട്ടേൺ (lbs) | നട്ട്കൗണ്ട് (Nos/Kg) | |
| 1 | എസ്.എൻ.കെ. ജനറൽ ട്രേഡേഴ്സ് പി.റ്റി.ഇ. ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1393 |
| 2 | ഘോഷ് അഗ്രിടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം | 50 | 190 | 1557 |
| 3 | ഏഷ്യ കമ്മോഡിറ്റീസ് എൽഎൽസി, ദുബായ് | 50 | 190 | 1399 |
| 4 | ഓലം ഇന്റർനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ | 50 | 190 | 1423 |

ഘാന-3 (ടെണ്ടർ നം.കെസിബി/8/069/2019/ഘാന(3)

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ക്വാളിറ്റി | | വില (ഡോളർ) |
|---|---|---|---|---|
| | | ഔട്ട്ടേൺ (lbs) | നട്ട്കൗണ്ട് (Nos/Kg) | |
| 1 | ഓലം ഇന്റർനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ | 49 | 190 | 1243 |
| 2 | ഏഷ്യ കമ്മോഡിറ്റീസ് എൽഎൽസി, ദുബായ് | 49 | 190 | 1044 |
| 3 | എസ്.എൻ.കെ. ജനറൽ ട്രേഡേഴ്സ് പി.റ്റി.ഇ. ലിമിറ്റഡ്, സിംഗപ്പൂർ | 49 | 190 | 1278 |

(സി) ലയൺ ഓവർസീസ് പിറ്റിഇ ലിമിറ്റഡ്, സിംഗപ്പൂർ, ലയൺ ഓവർസീസ് പിറ്റിഇ ലിമിറ്റഡിന്റെ ആതറൈസ്ഡ് റെപ്രസന്റീവായ ശ്രീ.ജി.സതീശ്വരനാണ് എഗ്രിമെന്റിൽ ഒപ്പിട്ടത്.

(ഡി) സപ്ലൈ ചെയ്യുന്നതിന് 30-1-2019 വരെ എന്നാണ് എഗ്രിമെന്റിൽ കാലാവധി വച്ചിരുന്നത്.

(ഇ) ആർ.ബി.എസ്. മാരിടൈം സർവ്വീസസ് എന്ന ഏജൻസിയാണ് കട്ടിംഗ് ടെസ്റ്റ് നടത്തിയത്. സർക്കാർ ഓർഡർ പ്രകാരമാണ് ഈ ഏജൻസിയെ തെരഞ്ഞെടുത്തത്.

(എഫ്) മൊസാംബിക്കിൽ നിന്നുള്ള തോട്ടണ്ടിയുടെ ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,12,958.45 ഡോളറിന്റെ കുറവ് വരുത്തിയിട്ടുണ്ട്.

**മൊസാംബിക് തോട്ടണ്ടിയുടെ സ്പെസിഫിക്കേഷൻ**

371 (1494) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യു ബോർഡുവഴി എത്ര ടൺ മൊസാംബിക് ഒറിജിനൽ തോട്ടണ്ടിയാണ് 2018-19 കാലഘട്ടത്തിൽ വാങ്ങിയത് എന്നറിയിക്കാമോ;

(ബി) കാഷ്യു ബോർഡ് പ്രസ്തുത തോട്ടണ്ടി വാങ്ങിയത് എപ്രകാരമാണ്;അതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നോ;

(സി) തോട്ടണ്ടിയുടെ സ്പെസിഫിക്കേഷൻ എന്തൊക്കെയായിരുന്നു; എന്തുവിലയ്ക്കാണ് പ്രസ്തുത തോട്ടണ്ടി വാങ്ങിയത്;

(ഡി) 2018-ലെ ക്രോപ്പ് ആണെന്നുള്ള സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 3048.887 മെട്രിക് ടൺ മൊസാംബിക് ഒറിജിൻ തോട്ടണ്ടിയാണ് 2018-19 ൽ വാങ്ങിയത്.

(ബി) മൊസാംബിക്കിലെ പ്രാദേശിക ഭാഷാ പത്രങ്ങളിൽ പരസ്യം നൽകി ആഗോള മത്സര ടെണ്ടർ മുഖേനയാണ് വാങ്ങിയത്. ഇ-ടെണ്ടർ ക്ഷണിച്ചിരുന്നില്ല.

(സി) തോട്ടണ്ടിയുടെ പ്രധാനപ്പെട്ട സ്പെസിഫിക്കേഷൻ ഔട്ട്ടേൺ 46 lbs per 80 kg. bag, നട്ട്കൗണ്ട് - 190 per kg. ഫോറിൻ മാറ്റർ- 0% ഈർപ്പം - upto 10% എന്നിവയാണ്. ഒരു മെട്രിക് ടണ്ണിന് 1515 യു.എസ്.ഡോളർ എന്ന നിരക്കിലാണ് വില നൽകിയത്.

(ഡി) 2018-ലെ ക്രോപ്പ് ആണെന്ന് സർട്ടിഫൈ ചെയ്യുന്ന മൊസാംബിക് സർക്കാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ ലഭ്യമാക്കിയിരുന്നു.

**തോട്ടണ്ടി ഇറക്കുമതി**

372 (1495) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുവാൻ രൂപം നൽകിയ കാഷ്യു ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാഷ്യു ബോർഡ് പ്രവർത്തനം ആരംഭിച്ചശേഷം എത്ര മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തുവെന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണെന്നും വ്യക്തമാക്കുമോ;

(സി) 2018 സെപ്റ്റംബറിൽ നടത്തിയ ഇടപാട് വഴി എത്ര മെട്രിക് ടൺ തോട്ടണ്ടി വാങ്ങിയെന്നും എന്ത് വിലയ്ക്കെന്നും പ്രസ്തുത തോട്ടണ്ടി വിറ്റ വകയിൽ കാഷ്യു ബോർഡിന് എന്ത് ലാഭം ലഭിച്ചുവെന്നും വിശദീകരിക്കാമോ;

(ഡി) 2019 ജനുവരിയിൽ മൊസാംബിക്കിൽ നിന്നും എത്ര മെട്രിക് ടൺ തോട്ടണ്ടി വാങ്ങി; ഇത് വിറ്റ വകയിൽ എന്ത് ലാഭം ലഭിച്ചു;

(ഇ) ജനുവരിയിൽ വാങ്ങിയ തോട്ടണ്ടിയുടെ ഔട്ട്ടേൺ എത്രയായിരുന്നു; ഗുണമേന്മ കുറഞ്ഞ തോട്ടണ്ടി വാങ്ങിയതുകാരണം ഔട്ട് ടേൺ കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഗുണമേന്മ ഇല്ലാത്ത തോട്ടണ്ടി വാങ്ങിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാഷ്യു ബോർഡ് ഇതിനകം 12473 ടൺ തോട്ടണ്ടി ഗിനി-ബിസ്സാവു, മൊസാംബിക്, ഘാന എന്നീ രാജ്യങ്ങളിൽ നിന്നായി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഘാനയിൽ നിന്ന് 5000 ടൺ തോട്ടണ്ടി കൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഇത് ജൂൺ മാസാവസാനത്തിനു മുമ്പ് എത്തിച്ചേരും.

(സി) 2018 സെപ്റ്റംബറിലെ ഓർഡർ പ്രകാരം ഗിനി-ബിസ്സാവുവിൽ നിന്ന് 2880 ടൺ തോട്ടണ്ടി ടണ്ണിന് 1815 ഡോളർ എന്ന നിരക്കിൽ ഇറക്കുമതി ചെയ്തു. പ്രസ്തുത തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷന് സപ്ലൈ ചെയ്ത വകയിൽ 25.86 ലക്ഷം രൂപ ലഭ്യമായി.

(ഡി) 2019 ജനുവരിയിലെ ഓർഡർ പ്രകാരം മൊസാംബിക്കിൽ നിന്ന് 3048 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത പ്രസ്തുത തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സപ്ലൈ ചെയ്ത വകയിൽ ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ല.

(ഇ) 2019 ജനുവരിയിൽ വാങ്ങിയ തോട്ടണ്ടിയുടെ ശരാശരി ഔട്ട്ടേൺ 45.334 ആയിരുന്നു. ആവശ്യപ്പെട്ട ഔട്ട്ടേണായ 46-ൽ നിന്ന് ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല. അതിനാൽ ഗുണമേന്മ ഇല്ലാത്ത തോട്ടണ്ടിയാണ് വാങ്ങിയതെന്ന് കണക്കാക്കാനാവില്ല. മാത്രമല്ല ഔട്ട്ടേണിൽ ഉണ്ടായ നാമമാത്രമായ കുറവിന് ആനുപാതികമായി ഫൈനൽ ബില്ലിൽ കുറവ് വരുത്തിയിട്ടുണ്ട്.

**കശുവണ്ടിയുടെ ഇറക്കുമതിയും ആഭ്യന്തര വിപണിയും**

373 (1496) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മാർഗ്ഗത്തിലൂടെ വിദേശത്ത് നിന്നും നിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് ഇവിടെ ഉല്പാദിപ്പിക്കുന്ന കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇറക്കുമതി ചെയ്യുന്ന കശുവണ്ടി പരിപ്പിന്മേൽ നിലവിലുള്ള മിനിമം ഇൻപുട്ട്പ്രൈസ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര കൃഷി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തേയ്ക്ക് വിയറ്റ്നാം മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നും സ്പെഷ്യൽ ഇക്കണോമിക്സ് സോൺ വഴി കുറഞ്ഞ നിലവാരത്തിലുള്ള കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്ത് കേരളത്തിലെ നല്ല കശുവണ്ടി പരിപ്പുമായി കൂട്ടിക്കലർത്തി ഇന്ത്യൻ പരിപ്പായി വീണ്ടും കയറ്റുമതി ചെയ്യുന്ന രീതിയും ആഭ്യന്തര മാർക്കറ്റിൽ വിറ്റഴിക്കുന്ന പ്രവണതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കശുവണ്ടി പരിപ്പ് ഇറക്കുമതി ആഭ്യന്തര വിപണിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന പരിപ്പിന്റെ വില കുറയുവാൻ ഇത് കാരണമായിട്ടുണ്ട്.

(ബി) ഇക്കാര്യം കാഷ്യൂ ബോർഡുവഴി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

**വിദേശരാജ്യങ്ങളിൽ നിന്നുള്ള കശുവണ്ടി ഇറക്കുമതി**

374 (1497) ശ്രീ. മഞ്ഞളാംകുഴി അലി:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കാലിത്തീറ്റയെന്നും മറ്റ് ഉൽപ്പന്നങ്ങളെന്നുമുള്ള വ്യാജേന ആഫ്രിക്ക തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നും കശുവണ്ടി ഇറക്കുമതി ചെയ്യുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കശുവണ്ടി ഇറക്കുമതി ചെയ്യുന്നത് കശുവണ്ടി വ്യവസായ മേഖലയിൽ വൻ പ്രതിസന്ധിയുണ്ടാക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം നടപടികൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലും ഇത്തരത്തിലുള്ള നിവേദനം കേന്ദ്ര വാണിജ്യമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

**സ്വകാര്യ കശുവണ്ടി ഫാക്ടറികൾ**

375 (1498) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അടഞ്ഞുകിടന്ന എത്ര സ്വകാര്യ ഫാക്ടറികൾ ഈ സർക്കാർ നിലവിൽ വന്ന ശേഷം തുറക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്വകാര്യ മാനേജ്മെന്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ തലത്തിൽ അനുവദിച്ച് നൽകിയതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ നിരന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ആകെ 864 ഫാക്ടറികളിൽ 432 എണ്ണം തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ കടക്കെണിമൂലം അടച്ചിടേണ്ടിവന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പുനരുദ്ധാരണ പാക്കേജ് വിലയിരുത്തി ശിപാർശ സമർപ്പിക്കാൻ നിശ്ചയിക്കപ്പെട്ട എസ്.എൽ.ബി.സി. ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റി വ്യവസായങ്ങളെ കേൾക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അധിക വായ്പ നൽകിയാൽ പുനരുദ്ധരിക്കാൻ കഴിയാവുന്നവയേയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധരിക്കാൻ കഴിയാവുന്നവയേയും ഒറ്റത്തവണ തീർപ്പാക്കൽ മാത്രം പരിഹാരമായിട്ടുള്ളവയേയും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അസറ്റ് റീസട്രക്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളേയും കണ്ടെത്തിയിട്ടുണ്ട്. ഇതിൽപ്പെട്ട 30 ലധികം വ്യവസായങ്ങൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതിപത്രങ്ങൾ ബാങ്കുകൾ നൽകുകയും നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സ്വകാര്യ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ എസ്.എൽ.ബി.സി.യുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും വ്യവസായികളുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും യോഗത്തിലെടുത്ത തീരുമാനങ്ങൾ.

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.
2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച് 9 % ആയി നിശ്ചയിക്കും.
3. പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി, ഗഡുക്കളാക്കി നിശ്ചയിക്കും.
4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് ഗവൺമെന്റ് ഏറ്റെടുക്കും.

5. പാക്കേജിൽപ്പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.

6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തരം പുനരുദ്ധരണം പ്രപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ചത്തെ സമയം അനുവദിച്ചു.

7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.

8. കേരളാ കാഷ്യു ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൊ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.

9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

10. ഒറ്റത്തവണ തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

**കശുവണ്ടി മേഖലയിലെ തൊഴിൽദിനങ്ങൾ**

376 (1499) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള കശുവണ്ടി ഫാക്ടറികളിൽ ഒരു വർഷം പൂർണ്ണതോതിൽ തൊഴിൽ നൽകുവാൻ എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2018-ൽ കാഷ്യു ബോർഡ് വഴി എത്ര മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു; അതിന് എന്ത് വില നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കശുവണ്ടി വ്യവസായ വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2018-ൽ എത്ര ദിവസം വീതം തൊഴിൽ നൽകിയെന്ന് അറിയിക്കുമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ ഓരോ വർഷവും പ്രസ്തുത ഫാക്ടറികളിൽ എത്ര ദിവസം വീതം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാപ്പെക്സ് ഫാക്ടറികൾ ഒരു വർഷം പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ 12000 ടൺ തോട്ടണ്ടി ആവശ്യമാണ്.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഒരു വർഷം 200 ദിവസം തൊഴിൽ നൽകുന്നതിന് ഏകദേശം 20000 മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമുള്ളത്.

(ബി) ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ (DCCD) കൊച്ചിയുടെ റിപ്പോർട്ട് പ്രകാരം നിലവിൽ സംസ്ഥാനത്ത് ഏകദേശം 88180 ടൺ തോട്ടണ്ടിയാണ് ഉല്പാദിപ്പിക്കുന്നത്.

(സി) കാഷ്യൂ ബോർഡ് 2018-ൽ ഗിനി-ബിസ്സാവുവിൽ നിന്ന് 2887.934 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു. ഇതിന് 38.11 കോടി രൂപ നൽകി.

(ഡി) 2018-ൽ കാപെക്സ് 181 തൊഴിൽ ദിനം നൽകിയിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ തൊഴിലാളികൾക്ക് 2018-ൽ 135 ദിവസം തൊഴിൽ നൽകിയിട്ടുള്ളതാണ്.

(ഇ) <u>കാപെക്സ്</u>

2011 ജൂൺ മുതൽ ഡിസംബർ വരെ - 130 ദിവസം

2012 - 274 ദിവസം

2013 - 211 ദിവസം

2014 - 246 ദിവസം

2015 - 192 ദിവസം

<u>കെ.എസ്.സി.ഡി.സി.</u>

2011 – 288

2012 - 231

2013 - 222

2014 - 173

2015 - 75

## കാഷ്യൂ ബോർഡ്

377 (1500) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) കാഷ്യൂ ബോർഡിന്റെ ഭരണ സമിതിയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അവരുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്; എത്ര ടൺ ഇറക്കുമതി ചെയ്തു; ഇതിന് എത്ര കോടി രൂപ ചെലവായി; ഇതുമൂലം ഉണ്ടായ നഷ്ടം എത്രയാണ്; വിശദാംശം നൽകുമോ ;

(ഡി) കാഷ്യൂ ബോർഡ് നാളിതുവരെ സംഭരിച്ച തോട്ടണ്ടി കാപ്പെക്സിനും കശുവണ്ടി വികസന കോർപ്പറേഷനുമല്ലാതെ മറ്റാർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ഇ) കാഷ്യൂ ബോർഡിൽ ഇ-ടെണ്ടർ ഒഴിവാക്കുവാൻ മന്ത്രിസഭായോഗം തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇ-ടെണ്ടർ നിബന്ധന ഒഴിവാക്കുവാനുള്ള തീരുമാനം എടുക്കുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) ഇ-ടെണ്ടർ ഒഴിവാക്കി സീൽഡ് ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയതുമൂലം ഇൻഡ്യയിലുള്ളവർ അല്ലാതെ വിദേശത്തുള്ള വ്യക്തികളും സ്ഥാപനങ്ങളും ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

ഇന്ത്യയിൽ നിന്നോ വിദേശത്തെ കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്നോ ഗവൺമെന്റ് ടു ഗവൺമെന്റ് സംവിധാനത്തിൽ നേരിട്ടോ അല്ലെങ്കിൽ കമ്മീഷൻ ഏജന്റുമാർ വഴിയോ തോട്ടണ്ടി ഇറക്കുമതി ചെയ്ത് ആഭ്യന്തരതലത്തിൽ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുകയും സംസ്കരിച്ച പരിപ്പ് ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിൽ വിപണനം ചെയ്യുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 9-10-2017-ൽ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ സംസ്ഥാന സർക്കാർ കമ്പനിയായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്.

(ബി) കേരള കാഷ്യു ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി. മാരപാണ്ഡ്യൻ ആണ്. ബോർഡിന്റെ മറ്റ് ഡയറക്ടർമാർ താഴെ പറയുന്നവരാണ്;

1. ശ്രീ. എസ്. ജയമോഹൻ, ചെയർമാൻ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
2. ശ്രീമതി എൻ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ. ശിവദാസൻ. ഇ. കെ., ജോയിന്റ് സെക്രട്ടറി, വ്യവസായവകുപ്പ്
4. ശ്രീ. രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
5. ശ്രീ. രാജേഷ് രാജു, മുൻ മാനേജിംഗ് ഡയറക്ടർ, കാപെക്സ്
6. ശ്രീ. ബാബു ഉമ്മർ, പ്രൊപ്പറൈറ്റർ, അൽഫോൺസ് കാഷ്യു ഇൻഡസ്ട്രീസ്

(സി) ഉണ്ട്. ഗിനി-ബിസ്സാവു: 2887.934 ടൺ വില: 38.11 കോടി രൂപ

മൊസാംബിക്: 3048.887 ടൺ വില 31.50 കോടി രൂപ

ഘാന(1): 3263.161 ടൺ വില 32.09 കോടി രൂപ

ഘാന(2): 3276.98 ടൺ വില 25.57 കോടി രൂപ

(7-6-2019 വരെയുള്ള കണക്ക്)

ഘാന(3): 3289.805 ടൺ വില 19.22 കോടി രൂപ

(7-6-2019 വരെയുള്ള കണക്ക്)

നഷ്ടമൊന്നും സംഭവിച്ചിട്ടില്ല.

(ഡി) വിതരണം ചെയ്തിട്ടില്ല.

(ഇ) ഉണ്ട്.

കാഷ്യു ബോർഡ് ഇ-ടെണ്ടർ സംവിധാനത്തിലൂടെ ക്ഷണിച്ച കശുവണ്ടി സപ്ലൈയ്ക്കുള്ള താൽപ്പര്യപത്രത്തിന് വിദേശ സ്ഥാപനങ്ങളിൽനിന്ന് പ്രതികരണമൊന്നും ലഭിച്ചിരുന്നില്ല. ഇ-ടെണ്ടർ സംവിധാനത്തിൽ വിദേശ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കെടുക്കുന്നതിന് സാങ്കേതികമായ പരിമിതികളുണ്ടെന്ന് കണ്ടിരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിലെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാനും

ഏജന്റുമാരുടെയും ഇടനിലക്കാരുടെയും പങ്കാളിത്തം പരിമിതപ്പെടുത്തുവാനും വേണ്ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സീൽഡ് ടെണ്ടർ രീതി വഴി കശുവണ്ടി ഇറക്കുമതി ചെയ്തത്.

(എഫ്) ഉണ്ട്.

വിവിധ ടെണ്ടറുകളിലായി ഘാനയിലെ മോറോ കൺസോളിഡേറ്റഡ് ഫാംസ് ലിമിറ്റഡ്, സിംഗപ്പൂരിലെ ഓലം ഇന്റർനാഷണൽ ലിമിറ്റഡ്, സിംഗപ്പൂർ, എസ്.എൻ.കെ.ജനറൽ ട്രേഡേഴ്സ്, പി.റ്റി.ഇ. ലിമിറ്റഡ്, ദുബായിലെ ഏഷ്യ കമ്മോഡിറ്റീസ് എൽഎൽസി, ദുബായിലെ അഗ്രി കമ്മോഡിറ്റീസ് ഫിനാൻസ് എഫ്.ഇസെഡ്.ഇ., സിംഗപ്പൂരിലെ റിയൽ ബ്ലൂ ഇന്റർനാഷണൽ പി.റ്റി.ഇ.ലിമിറ്റഡ്, റോയൽ നട്ട്സ് പി.റ്റി.ഇ.ലിമിറ്റഡ് എന്നീ വിദേശ കമ്പനികൾ പങ്കെടുത്തിട്ടുണ്ട്.

**കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക**

378 (1501) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് വിതരണം ചെയ്യാനായി കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക വ്യാജരേഖ ചമച്ച് തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം തട്ടിപ്പു നടത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള വിഷു സമാശ്വാസ ധനസഹായത്തിൽ ക്രമക്കേട് നടത്തിയ പഞ്ചായത്ത് വകുപ്പിൽനിന്നും കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന ക്ലാർക്ക് ശ്രീ. ജെ. മണികണ്ഠനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 9-5-2019-ലെ ഇ/2689/16 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. കൂടാതെ ടി ക്രമക്കേടിൽ

ശ്രീ. ജെ. മണികണ്ഠനോടൊപ്പം നേരിട്ട് പങ്കാളികളായ ശ്രീമതി രാജിമോൾ, കുമാരി ആശ, ശ്രീ. അനിൽകുമാർ (ദിവസവേതനക്കാർ) എന്നിവരെ ബോർഡിലെ സേവനത്തിൽ നിന്നും പിരിച്ചുവിട്ടു. കൂടാതെ ടി സാമ്പത്തിക ക്രമക്കേട് ക്രിമിനൽ കുറ്റമായതിനാൽ കുറ്റകൃത്യം നടന്ന വിതരണ കേന്ദ്രത്തിന്റെ പരിധിയിലുള്ള (കൊട്ടിയം, ചാത്തന്നൂർ, കുണ്ടറ, കൊട്ടാരക്കര) പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഫിഷറീസ് സർവ്വകലാശാല

379 (1502) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാല പയ്യന്നൂർ റീജണൽ സെന്ററിൽ ഡിഗ്രി ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഈ അക്കാദമിക് വർഷം ഡിഗ്രി ക്ലാസ്സുകൾ ആരംഭിക്കാൻ സാധിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) കേരള ഫിഷറീസ് സർവ്വകലാശാലയുടെ പയ്യന്നൂരിലെ പ്രാദേശിക കേന്ദ്രം നിലവിൽ സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കേന്ദ്രം സ്ഥിരമായി സ്ഥാപിക്കുന്നതിലേയ്ക്കായി ഉചിതമായ സ്ഥലം പരിശോധിച്ച് കണ്ടെത്തുന്നതിന് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ സമിതിയെ നിയോഗിക്കുകയും സമിതിയുടെ റിപ്പോർട്ട് 15-6-2019-ലെ ഗവേണിംഗ് കൗൺസിലിൽ അവതരിപ്പിക്കുകയുമുണ്ടായി. ICAR മാനദണ്ഡങ്ങൾക്കനുസരിച്ച് ഫിഷറീസിലെ ബിരുദ കോഴ്സ് തുടങ്ങുന്നതിനായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ, കെട്ടിടങ്ങൾ, ലാബുകൾ എന്നിവ ഒരുക്കുന്ന മുറയ്ക്ക് ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II. അടിയന്തരപ്രമേയം

കൊലപാതക ശ്രമം

മി. സ്പീക്കർ: കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ വടകര ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. സി. ഒ. ടി. നസീറിനെ ഒരുകൂട്ടം ആളുകൾ സംഘം ചേർന്ന് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ അന്വേഷണസംഘത്തെ മാറ്റി അന്വേഷണം അട്ടിമറിക്കാനും അക്രമികളെ രക്ഷിക്കാനും പോലീസ് ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, ഡോ. എൻ. ജയരാജ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019 മേയ് 18-ന് വൈകുന്നേരമാണ് ശ്രീ. സി. ഒ. ടി. നസീറിനെ കണ്ടാലറിയാവുന്ന മൂന്ന് പേർ വാഹനം തടഞ്ഞുനിർത്തി അക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചത്. പരിക്കുകളെത്തുടർന്ന് തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കുശേഷം കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ടിയാൻ ചികിത്സ തേടിയിട്ടുള്ളതും 24-5-2019-ൽ ഡിസ്ചാർജ് ചെയ്തിട്ടുള്ളതുമാണ്. ശ്രീ. സി. ഒ. ടി. നസീർ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി പോലീസ് സ്റ്റേഷനിൽ IPC 341, 324, 307, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 500/19 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ വെളിവായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ IPC 120(B), 212 എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം തുടർന്ന് വരുന്നതുമാണ്. കേസിലെ പ്രതികളായ പൊന്ന്യം വെസ്റ്റ് ചേരി അശ്വന്ത് കെ., സോജിത്ത് വി. കെ. എന്നിവരെ 25-5-2019-നും മറ്റൊരു പ്രതിയായ വിശ്വാസിനെ 5-6-2019-നും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കേസിലെ ഒന്നാം പ്രതി ശ്രീജൻ, രണ്ടാം പ്രതി റോഷൻ എന്നിവർ 7-6-2019-ന് ബഹുമാനപ്പെട്ട തലശ്ശേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും ടിയാന്മാരെ കോടതി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. റോഷൻ, ശ്രീജൻ എന്നീ പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി അന്വേഷണം തുടരുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിപിൻ @ ബ്രിട്ടോ, ജിതേഷ് @ ജിത്തു, മൊയ്തീൻ @ മൊയ്തു എന്നിവർ തലശ്ശേരി കോടതിയിൽ മുൻകൂർ ജാമ്യത്തിനായി അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി ഇൻസ്പെക്ടർ കേസ്സന്വേഷണം നടത്തിവരുന്നു. പരിക്കേറ്റ സി. ഒ. ടി. നസീറിന്റെ മൊഴി ക്രിമിനൽ നടപടിക്രമം 161 അനുസരിച്ച് മൂന്ന് തവണ അന്വേഷണ ഉദ്യോഗസ്ഥൻ നേരിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് തവണ രേഖപ്പെടുത്തിയ മൊഴികളും സി. ഒ. ടി. നസീറിനെ അന്വേഷണ ഉദ്യോഗസ്ഥൻ വായിച്ച് കേൾപ്പിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ സംഘത്തെ മാറ്റിയിട്ടില്ല. തലശ്ശേരി പോലീസ് ഇൻസ്പെക്ടർ അന്വേഷണം തുടർന്നുവരുന്നു. കാസർഗോഡ് ജില്ലയിലെ പെരിയ കല്ലിയോട് ശരത് ലാൽ, കൃപേഷ് എന്നിവർ കൊല ചെയ്യപ്പെട്ട കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി പതിനാല് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി നിയമനടപടിക്ക് വിധേയമാക്കിയിട്ടുള്ളതും കേസിന്റെ കുറ്റപത്രം കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. Cr.no. 75/CB/KNRANKSD/ 2019 u/s 143, 147, 148, 341, 326, 302, 149, 120(B), 201, 212, 118 IPC. ടി. പി. ചന്ദ്രശേഖരൻ കേസിൽ കോടതി വിചാരണ നടത്തി ശിക്ഷ വിധിച്ചിട്ടുള്ളതാണ്. വടകര ഭാഗത്ത് ഈയടുത്ത കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിട്ടില്ല. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനുള്ള നീക്കം ദൗർഭാഗ്യകരമാണ്. കേസ്സന്വേഷണം ഫലപ്രദമായി നടക്കുകയാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ലോക്സഭാ തെരഞ്ഞെടുപ്പിൽ വടകരയിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. സി. ഒ. ടി. നസീർ കഴിഞ്ഞ മേയ് 18-ന് വൈകുന്നേരം 7 മണിയോടെ തലശ്ശേരി കായത്ത് റോഡിൽ മൃഗീയമായി ആക്രമിക്കപ്പെടുകയാണുണ്ടായത്. തലശ്ശേരി നഗരസഭാ മുൻ കൗൺസിലറും സി.പി.ഐ(എം). ഏരിയാ കമ്മിറ്റി അംഗവുമായ ശ്രീ. സി. ഒ. ടി. നസീർ മൂന്ന് വർഷമായി പാർട്ടിയുമായി അകന്ന് നിൽക്കുകയാണ്. നോമ്പ് തുറന്നശേഷം മുൻ എസ്.എഫ്.ഐ. പിണറായി ഏരിയാ കമ്മിറ്റി അംഗം സി. എച്ച്. നൗഫലിന്റെ സ്കൂട്ടറിനു പിന്നിലിരുന്ന് വീട്ടിലേയ്ക്ക് പോകുമ്പോഴായിരുന്നു ആക്രമണം. സി.പി.ഐ.(എം).-കാരാണ് ആക്രമിച്ചതെന്നാണ് സി. ഒ. ടി. നസീർ പോലീസിൽ മൊഴി നൽകിയത്. ഈ സഭയിലെ ഒരംഗത്തിനും തലശ്ശേരി എം.എൽ.എ.-യ്ക്കും പങ്കുണ്ടെന്ന് സി. ഒ. ടി. നസീർ മൊഴി നൽകിയിട്ടുണ്ട്. സി.പി.ഐ.(എം)-കാരാണ് ആക്രമിച്ചതെന്ന് സി. ഒ. ടി. നസീർ പോലീസിൽ നൽകിയ മൊഴി വളരെ സത്യമാണെന്ന് സി.സി.ടി.വി. ദൃശ്യങ്ങൾ ഇപ്പോൾ കാണിക്കുകയാണ്. വടകര - തലശ്ശേരി പ്രദേശങ്ങളിലൊക്കെത്തന്നെ ആളുകൾ കൂട്ടംകൂടി നിന്ന് സിനിമ കാണുന്നതുപോലെ സി.സി.ടി.വി. ദൃശ്യം കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു മനുഷ്യനെ എങ്ങനെയൊക്കെ വെട്ടി നുറുക്കാനും കൊല്ലാനും സാധ്യമാകുമെന്ന് കാണിക്കുന്ന രൂപത്തിലുള്ള സി.സി.ടി.വി. ദൃശ്യങ്ങളാണ് അവിടെ കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാ പത്രങ്ങളിലും അത് വന്നതാണ്. ഇല്ലാത്ത

അതിക്രമം അവിടെ നടന്നുവെന്ന് ഞങ്ങളാരും രാഷ്ട്രീയമായി പറയുന്നതല്ല. സി. ഒ. ടി. നസീറിനെ കാണാൻ സംഭവത്തിന്റെ പിറ്റേ ദിവസം തന്നെ സി.പി.ഐ.(എം). നേതാക്കന്മാർ ആശുപത്രിയിലേയ്ക്ക് ഒഴുകുന്ന കാഴ്ചയാണ് അവിടെ കണ്ടത്. വടകരയിൽ മത്സരിച്ച സ്ഥാനാർത്ഥി ശ്രീ. പി. ജയരാജനും ഒപ്പം ഉണ്ടായിരുന്നു. സാധാരണ സി.പി.ഐ.(എം)-ന്റെ വിമതർ ആക്രമിക്കപ്പെട്ടാൽ ഒരു കാരണവശാലും പാർട്ടി നേതാക്കന്മാരോ പ്രവർത്തകരോ അവരെ കാണാൻ പോകുന്ന പതിവ് ഉണ്ടായിട്ടില്ല. അങ്ങനെ ഒരു പതിവ് സി.പി.ഐ.(എം)-ന് ഇല്ല. പക്ഷേ അതിൽ നിന്ന് വ്യത്യസ്തമായി സി. ഒ. ടി. നസീറിനെ കാണാൻ ജില്ലയിലെ സി.പി.ഐ.(എം) നേതാക്കന്മാർ ആശുപത്രിയിലേയ്ക്ക് ഒഴുകിയെത്തിയതിന്റെ കാരണം ആ തെരഞ്ഞെടുപ്പിനോടനുബന്ധമായി ചർച്ച ചെയ്യപ്പെട്ടു. അക്രമ രാഷ്ട്രീയം, കൊലപാതക രാഷ്ട്രീയം, ആ രാഷ്ട്രീയത്തിന്റെ പേരിൽ, ആ ചെയ്തികളുടെ പേരിൽ സി.പി.ഐ.(എം) പ്രതിക്കൂട്ടിൽ നിൽക്കുക മാത്രമല്ല, റോഡിൽ ഇറങ്ങാൻ പോലും പറ്റാത്ത സാഹചര്യം ആ പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. അവിടെ വീണ്ടും ഒരു അക്രമം സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ ഉണ്ടായി എന്ന് പറഞ്ഞാൽ അതുകൂടി താങ്ങാനുള്ള ആരോഗ്യം സി.പി.ഐ.(എം.)-ന് ഇല്ലാത്തതുകൊണ്ടാണ് ഈ ആളുകൾ അവിടെ പോയത്. സി.പി.ഐ.(എം.)-ന് ഇതിൽ പങ്കില്ലെന്ന് സി. ഒ. ടി. നസീർ എന്നോട് പറഞ്ഞിട്ടുണ്ടെന്ന് ശ്രീ. പി. ജയരാജൻ പറയുകയുണ്ടായി. 'എന്നെ ആക്രമിച്ചത് സി.പി.ഐ.(എം.) നേതൃത്വമാണ്, സി.പി.ഐ.(എം.) ആണെ'ന്ന് സി. ഒ. ടി. നസീർ വളരെ കൃത്യമായി വീണ്ടും വീണ്ടും പത്രക്കാരോടും പോലീസുകാരോടും എല്ലാവരോടും പറഞ്ഞു. സി.പി.ഐ.(എം.)-ന്റെ അറിവോടെയല്ലാതെ ഒരു ഇലപോലും അവിടെ അനങ്ങില്ല. സി.പി.ഐ.(എം.)-ന്റെ ഈ ക്രിമിനൽ സംഘം സി.പി.ഐ.(എം.) നേതാക്കന്മാരുടെ പെർമിഷനില്ലാതെ ഒരു കാര്യവും ചെയ്യില്ല. അത് വടകരയിലെയും തലശ്ശേരിയിലെയും കണ്ണൂരിലെയും രാഷ്ട്രീയമറിയുന്ന ആളുകൾക്കറിയാം. സി.സി.ടി.വി. ദൃശ്യം പുറത്തുവന്നപ്പോൾ സി.പി.ഐ.(എം.)-ന്റെ ആക്ടീവായ പ്രവർത്തകർ, ക്രിമിനലുകളായ ആളുകളാണ് പൂർണ്ണമായും കൃത്യം നടത്തുന്നതെന്ന് കാണാം. സി.പി.ഐ.(എം.)-ന്റെ, ഡിവൈ.എഫ്.ഐ.-യുടെ പ്രാദേശിക നേതാക്കന്മാരാണ് ഈ കൃത്യം ചെയ്യുന്നതെന്നത് ഊഹമല്ല. സി. ഒ. ടി. നസീർ പ്രതികളുടെ പേര് പറഞ്ഞില്ലെങ്കിലും സി.സി.ടി.വി. ദൃശ്യത്തിൽ വളരെ കൃത്യമായി ഇവരെ കാണുകയാണ്. ഇതിൽ സി.പി.ഐ.(എം.)-ന്റെ പങ്കും അവരുടെ ക്വട്ടേഷൻ സംഘത്തിന്റെ പങ്കുമൊക്കെ പകൽവെളിച്ചം പോലെ വ്യക്തമായിക്കഴിഞ്ഞ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ശ്രീ. പി. ജയരാജനെ മുഖ്യ എതിരാളിയായിക്കണ്ട് സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കാൻ എത്തിയപ്പോൾത്തന്നെ പല തവണ സി. ഒ. ടി. നസീറിനെ മേപ്പയ്യൂരിൽ വച്ച്

ആക്രമിച്ചിട്ടുണ്ട്. സി. ഒ. ടി. നസീർ തെരഞ്ഞെടുപ്പ് പ്രചരണസമയത്ത് പാർലമെന്റ് മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് ആക്രമിക്കപ്പെടുകയും പരിക്കുപറ്റി വടകര താലൂക്കാശുപത്രിയിൽ ഒരു ദിവസം കിടക്കുകയും ചെയ്തു. എതിരഭിപ്രായക്കാരെ കയ്യൂക്കിന്റെ ബലത്തിൽ അവസാനിപ്പിക്കുകയാണ്. സി. ഒ. ടി. നസീറിന് കിട്ടിയത് ആകെ അഞ്ഞൂറോ അറുന്നൂറോ വോട്ടാണ്. 12-13 ലക്ഷം വോട്ടർമാരുള്ള ഒരു നിയോജകമണ്ഡലത്തിൽ പത്തോ നാനൂറോ അഞ്ഞൂറോ വോട്ട് കിട്ടുന്ന, അല്ലെങ്കിൽ അങ്ങനെ ഒരു സ്ഥാനാർത്ഥിയെ ഇത്ര ക്രൂരമായി മർദ്ദിക്കുന്നതിന് പിന്നിലെ ഉദ്ദേശ്യം എന്താണ്? പൊതുപ്രവർത്തകർക്ക് അവിടെ റോഡിലിറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യമാണ്. അടുത്ത കാലത്തായി അവിടെ രാഷ്ട്രീയ കൊലപാതകം നടന്നിട്ടില്ല എന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. കൊലപാതകം മാത്രമാണോ? പൊതുപ്രവർത്തകർക്ക് റോഡിലിറങ്ങാൻപോലും ഭയമാണ്.

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ ഞങ്ങൾക്കൊക്കെ ഭയമാണ്. കാരണം ആർക്കൊക്കെയാണ് കാലും കയ്യും നഷ്ടപ്പെടുക, ആരുടെ വീടാണ് ബോംബെറിഞ്ഞ് തകർക്കുക, ആരുടെ വണ്ടിയാണ് അടിച്ചു പൊളിക്കുക, ആരുടെയൊക്കെ കടകളാണ് തീ വയ്ക്കുക എന്ന് ആർക്കറിയാം. ഇഷ്ടമില്ലാത്ത ആളുകളെയൊക്കെ അരിഞ്ഞുതള്ളുന്ന കാഴ്ചയാണ് നാം കാണുന്നത്. കേരളത്തിലെ ഒരു പ്രമുഖ പത്രത്തിന്റെ റിപ്പോർട്ട് 'മതിയായില്ലേ കൊന്നു തള്ളിയിട്ട്', 'അർത്ഥമില്ലാത്ത കഠാര രാഷ്ട്രീയം', 'ബോംബേറിന്റെ രാഷ്ട്രീയം', 'ജനാധിപത്യത്തെ ചോദ്യം ചെയ്ത് തുടർച്ചയായ അക്രമങ്ങൾ.' എന്നിങ്ങനെയാണ്. പാർലമെന്റിലേയ്ക്ക് മത്സരിച്ച സ്ഥാനാർത്ഥി ശ്രീ. കെ. മുരളീധരൻ ചൊക്ലി പഞ്ചായത്തിലെ 157-ാം നമ്പർ ബൂത്തിലേയ്ക്ക് ഞങ്ങൾക്കൊപ്പം കടന്നു ചെല്ലുമ്പോൾ ഗുണ്ടകൾ തെറി വിളിക്കുകയാണ്. ആ തെറി എനിക്കിവിടെ പറയാൻ സാധിക്കില്ല. അവസാനം ഇറങ്ങി വരുമ്പോൾ ശ്രീ. കെ. മുരളീധരന്റെ ശരീരത്തിൽ പിടിക്കാൻ വേണ്ടി പോയപ്പോൾ ഞങ്ങൾ ഇടപെട്ടു. അപ്പോൾ ഒരു പറ്റം ഗുണ്ടകൾ ഞങ്ങളെ തല്ലാനായി വരികയാണ്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ശ്രീ. സജീവ് മാറോളി ഉൾപ്പെടെയുള്ള ആളുകൾക്ക് തല്ലുകൊണ്ടു. ഞങ്ങൾ രക്ഷപ്പെട്ടത് ആയുസ്സിന്റെ ബലം കൊണ്ടുമാത്രമാണ്. അരമണിക്കൂറോളം ഞങ്ങളെ അവിടെ തടഞ്ഞുവച്ചു.

ഇവിടെ നവ കേരളം പ്രസംഗിക്കുന്ന ആളുകൾ, നവോത്ഥാനത്തിനുവേണ്ടി ജാഥ നടത്തുന്ന ആളുകൾ, സ്ത്രീ സംരക്ഷണത്തിനുവേണ്ടി പൊരുതുന്ന ആളുകൾ, ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവർ.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്പരിശോധിക്കണം. ചൊക്ലി പഞ്ചായത്തിലെ മേനപ്രം ഭാഗത്തുള്ള 157-ാം നമ്പർ ബൂത്തിൽ നിന്നും ഞങ്ങൾ എങ്ങനെയാണ് രക്ഷപ്പെട്ടതെന്ന്

ദൈവത്തിനുമാത്രമേ അറിയൂ. ഞങ്ങൾ പോകുമ്പോൾ ഒരു ബോംബ് വരാം, കഠാര വരാം, വടിവാൾ വരാം, ഏതു നിമിഷവും വീട് ബോംബ് വച്ച് തകർക്കപ്പെടാം; ഈ രൂപത്തിൽ പൊതുപ്രവർത്തനം നടത്താൻ എത്ര കാലം സാധിക്കും. മുസ്ലീം ലീഗുകാരാണ് അവിടെ അക്രമം നടത്തുന്നതെങ്കിൽ അതിനെതിരെ അതിശക്തമായി നിങ്ങൾക്കൊപ്പം നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. ഒരു സംശയവുമില്ല. ഞങ്ങളുടെ രാഷ്ട്രീയം ....(ബഹളം)....

മി. സ്പീക്കർ: അങ്ങ് നോട്ടീസിൽ ഒതുങ്ങി നിന്ന് സംസാരിച്ച് അവസാനിപ്പിക്കണം. ....(ബഹളം)....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മത്സരിച്ച ബൈ ഇലക്ഷനിൽ എനിക്ക് ചാർജ്ജുണ്ടായിരുന്ന പെരുവള്ളൂർ പഞ്ചായത്തിൽ ഇടതുപക്ഷവും യു.ഡി.എഫ്.-ഉം തമ്മിൽ അതിശക്തമായ മത്സരമായിരുന്നു. പലപ്പോഴും ഇടതുപക്ഷത്തിന്റെയും യു.ഡി.എഫ്-ന്റെയും കൊടികൾ തമ്മിൽ അപ്പുറവും ഇപ്പുറവുമൊക്കെ പിണഞ്ഞ് അവസാനം അത് അക്രമത്തിലേയ്ക്ക് പോകും. വടകരയിലെ എന്റെ അനുഭവം വച്ച് എനിക്ക് തോന്നിയത് ഇപ്പോൾ വെടി വയ്ക്കും, ബോംബേറുണ്ടാകും, അവിടത്തെ ആളുകളുടെ കയ്യും കാലുമൊക്കെ പോകും എന്നാണ്. പക്ഷേ ഒന്നുമുണ്ടായില്ല. മലപോലെ വന്നത് മഞ്ഞുപോലെ പോയി. അവിടെ ഒരു കുഴപ്പവുമില്ല. മാത്രവുമല്ല അവിടെ വോട്ടെണ്ണി ....(ബഹളം).... ഇതാണ് നിങ്ങളുടെ പ്രശ്നം. നിയമസഭയിൽ സ്വന്തം നാട്ടിലെ ജനങ്ങളുടെ കാര്യം പറയാൻ അവകാശമില്ല. പെരുവള്ളൂർ തെരഞ്ഞെടുപ്പിൽ വോട്ട് എണ്ണിക്കഴിഞ്ഞപ്പോൾ ഞങ്ങൾ 17000-ത്തിൽ ചില്ലാനം വോട്ടാണ് പോൾ ചെയ്തത്. സി.പി.ഐ.(എം.)-നും ഇടതുപക്ഷത്തിനും കിട്ടിയത് 3600 വോട്ടാണ്. വടകരയിലോ കോഴിക്കോടോ കണ്ണൂരോ ആണെങ്കിൽ മുസ്ലീം ലീഗിന്റെയോ യു.ഡി.എഫ്-ന്റെയോ ഏതെങ്കിലും പ്രവർത്തകർ റോഡിൽ ഇറങ്ങുമോ? എന്നാൽ പെരുവള്ളൂരിൽ ഒരു പ്രശ്നവുമില്ല. മൂവായിരത്തി ചില്ലാനം വോട്ടും പതിനാലായിരത്തി ചില്ലാനം വോട്ടും യു.ഡി.എഫ്.-ന് കിട്ടിയ ഒരു പഞ്ചായത്തിൽ പരസ്പരം പോർവിളി നടന്നു; മുഖാമുഖം വന്നു. ഒരു കുഴപ്പവും ഉണ്ടായില്ലെന്നു മാത്രമല്ല വൈകുന്നേരം ഞാൻ ഒരു കടയിൽ നിൽക്കുമ്പോൾ ഒരു ബൈക്ക് പോകുകയാണ്. ആ ബൈക്കിനു മുന്നിൽ ഒരു പച്ചക്കൊടി വച്ചിരിക്കുന്നു. പിന്നിൽ ഇരിക്കുന്നയാളിന്റെ കയ്യിൽ ഒരു ചുവന്ന കൊടി ചുരുട്ടിപ്പിടിച്ചിരിക്കുന്നു. ഞങ്ങൾ സഹിഷ്ണുതയുടെ രാഷ്ട്രീയവും സൗഹൃദത്തിന്റെ രാഷ്ട്രീയവുമാണ് പറയുന്നത്. അല്ലാതെ നിങ്ങളെപ്പോലെ ....(ബഹളം).... ഞാൻ ഒന്നു പറയട്ടെ. നിങ്ങൾ വനിതാ മതിൽ തീർത്തില്ലേ.

മി. സ്പീക്കർ: വനിതാ മതിലൊന്നും അങ്ങയുടെ വിഷയത്തിലില്ല. സമയം കഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം.....(ബഹളം)....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ വനിതാ മതിൽ തീർത്തപ്പോൾ മുഖ്യമന്ത്രിയുടെ മണ്ഡലത്തിന്റെ തൊട്ടടുത്ത പഞ്ചായത്തായ കോട്ടയം ഗ്രാമ പഞ്ചായത്തിലെ 2-ാം നമ്പർ ബൂത്ത് ഏജന്റായ വനിതയെ നായ്ക്കുരണ പൊടി പാറ്റി അവിടെ നിന്നും മാറ്റുന്ന സംഭവമുണ്ടായി. ....(ബഹളം).... കോട്ടയം ഗ്രാമ പഞ്ചായത്തിലെ രണ്ടാം നമ്പർ ബൂത്തിൽ ശ്രീമതി റീലയ്ക്കുണ്ടായ അനുഭവമാണ്. കതിരൂർ പഞ്ചായത്തിലെ ബൂത്ത് ഏജന്റിന്റെ രണ്ട് മക്കളും ആറ് മരുമക്കളും ദുബായിലാണ്. ആ ബൂത്ത് ഏജന്റ് ഇരിക്കുമ്പോഴാണ് ആദ്യം ദുബായിലുള്ള മൂത്ത മകൻ വന്ന് വോട്ട് ചെയ്യുന്നത്. പിന്നെ രണ്ടാമത്തെ മകൻ വരികയാണ്. തുടർച്ചയായി ഈ ആറുപേരും വരികയാണ്. നിങ്ങൾ ഒരു അദ്ധ്യാപകനല്ലേ. എന്റെ മക്കളല്ലേ വന്ന് വോട്ട് ചെയ്യുന്നത്. ഇതിലും വലിയ നെറികേടുണ്ടോ എന്ന് അദ്ധ്യാപകനായ ബൂത്ത് ഏജന്റ് അടുത്തിരിക്കുന്ന സി.പി.എം. കാരനോട് ചോദിച്ചപ്പോൾ മിണ്ടരുത് കണ്ണ് ചൂഴ്ന്ന് കളയുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിൽ എവിടെയാണ് രാഷ്ട്രീയം.

മി. സ്പീക്കർ: ഇനി ഉച്ചഭാഷിണി ഓഫ് ചെയ്യേണ്ടി വരും. പതിമൂന്ന് മിനിറ്റായി. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തലശ്ശേരി മണ്ഡലത്തിൽ 48-ാം നമ്പർ ബൂത്തിലിരിക്കാൻ ഞങ്ങൾക്ക് സാധിക്കില്ല. 26-ാം നമ്പർ ബൂത്തിന്റെ അടുത്തുപോലും പോകാൻ പറ്റില്ല. കൂത്തുപറമ്പ് മണ്ഡലത്തിൽ 24 -ാം നമ്പർ ബൂത്തിൽ ഞങ്ങൾക്ക് അകത്തേയ്ക്ക് പ്രവേശിക്കാൻപോലും സാധിക്കില്ല. നാദാപുരത്ത് 14 ബൂത്തുകളിൽ ഞങ്ങൾക്ക് പോകാൻ പറ്റില്ല. കുറ്റ്യാടിയിൽ 16 ബൂത്തുകളിൽ ഞങ്ങൾക്ക് ഇരിക്കാനോ പോകാനോ പറ്റില്ല. ഇതെന്ത് രാഷ്ട്രീയമാണ്. പന്ന്യന്നൂർ പഞ്ചായത്തിൽ ഒരു ഫ്ലക്സ് ബോർഡ് വയ്ക്കാനോ ഒരു പ്രചരണം നടത്താനോ തെരഞ്ഞെടുപ്പിന്റെ വോട്ടർ സ്ലിപ്പ് കൊടുക്കാനോ സാധിക്കില്ല. ഞങ്ങൾ സ്ത്രീകളെ അയച്ചു. കാരണം പുരുഷന്മാർ പോയാൽ അവരുടെ കയ്യും കാലും ബാക്കിയുണ്ടാകില്ല. സ്ത്രീകളെ അയച്ചാണ് അവിടെ വോട്ടിംഗ് സ്ലിപ്പ് കൊടുത്തത്. അവിടെ നിങ്ങൾക്ക് ഏഴായിരത്തിൽ ചില്ല്വാനം വോട്ട് കിട്ടിയപ്പോൾ യു.ഡി.എഫ്.-ന് അയ്യായിരത്തി അറുന്നൂറ് വോട്ട് കിട്ടി. അവിടെ ആളുകൾ ഇല്ലാഞ്ഞിട്ടല്ല. നിങ്ങൾ യു.ഡി.എഫ്.-ന്റെ പ്രവർത്തകന്മാരെ റോഡിലിറങ്ങാൻ അനുവദിക്കാത്തതുകൊണ്ടാണ്.

മി. സ്പീക്കർ: അങ്ങ് ദയവുചെയ്ത് അവസാനിപ്പിക്കണം. അല്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ എം. വി. രാഘവനെ ആക്രമിച്ചു. എം. വി. രാഘവൻ പാർട്ടി വിട്ടുപോയപ്പോൾ നിങ്ങൾ ചെയ്തതെന്താണ്? ആന്ധ്രയുടെ മണ്ണിൽ എൻ.ടി.ആർ., തമിഴ്നാടിന്റെ മണ്ണിൽ എം.ജി.ആർ., കേരള മണ്ണിൽ എം.വി.ആർ., ആ എം.വി.ആർ-നെ നിങ്ങൾ വീട് കയറി ചുട്ടുകരിക്കുന്ന സാഹചര്യമുണ്ടായി. ഇവിടെ നിങ്ങൾ കാണേണ്ടത് ആ കാലം മുപ്പത് വർഷത്തിന് മുൻപാണെങ്കിൽ മുപ്പത് വർഷത്തിനുശേഷം ടി. പി. ചന്ദ്രശേഖരൻ എന്നു പറയുന്ന ഒരു സാധാരണ കമ്മ്യൂണിസ്റ്റുകാരൻ വന്നു.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല... അങ്ങ് എല്ലാ മര്യാദകളും ലംഘിക്കുകയാണ്. ഇത് ശരിയല്ല. പതിനാല് മിനിറ്റായി. ഇരിക്കൂ. ഈ സഭയിൽ ഇതിലും വലിയ വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇത്രയും സമയം എടുത്തിട്ടില്ല. പ്ലീസ് ഇരിക്കൂ. ....(ബഹളം)....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ആ കമ്മ്യൂണിസ്റ്റുകാരൻ പൊന്നാപുരം കോട്ടയിൽ ഒരു ലക്ഷത്തിനാല്പതിനായിരം വോട്ടിന് ജയിക്കുന്നിടത്ത് എൺപത്തിയാറായിരത്തിന് യു.ഡി.എഫ്. ജയിക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് ആ നിയോജകമണ്ഡലത്തെ കൊണ്ടുവന്നത് നിങ്ങളുടെ നിലപാടിന്റെ ദോഷമാണ്. ഒഞ്ചിയം എന്നു പറയുന്ന ഒരു നാടും അവിടത്തെ പതിനായിരക്കണക്കിന് ആളുകളും ടി. പി. ചന്ദ്രശേഖരന്റെ പിൻഗാമികളായി ആർ.എം.പി.-ക്ക് ഒപ്പം നിൽക്കുന്ന കാഴ്ച സി.പി.ഐ.(എം.)-കാരുടെ കണ്ണ് തുറപ്പിക്കണം. എനിക്ക് അവസാനമായി സൂചിപ്പിക്കാനുള്ളത്, ഞങ്ങൾക്കൊരു പുനരധിവാസ കേന്ദ്രം നിങ്ങൾ തന്നാൽ ഞങ്ങൾ അവിടെ പോകാം. ഞങ്ങൾ ഏത് സ്ഥലത്താണ് പോകേണ്ടതെന്ന് നിങ്ങൾ പറഞ്ഞാൽ ഞങ്ങൾ അങ്ങോട്ട് പോകാം. വീട്ടിൽ തിരിച്ചുവരുന്നത് എങ്ങനെയെന്ന് ഭയപ്പെട്ടുകൊണ്ടാണ് ഞങ്ങൾ എന്നും രാവിലെ ഇറങ്ങുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒപ്പം വടകരയിലെയും തലശ്ശേരിയിലെയും സാഹചര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പാറക്കൽ അബ്ദുല്ല അദ്ദേഹത്തിന്റെ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമല്ല ഇവിടെ സംസാരിച്ചിട്ടുള്ളത്. അദ്ദേഹം പറയാൻ ബാക്കിയുള്ളതെന്തോ വിളിച്ചുപറയുന്നുണ്ട്.

മി. സ്പീക്കർ: അദ്ദേഹം വിളിച്ചുപറയുന്നത് ശ്രദ്ധിക്കേണ്ട. പ്ലീസ്..... പ്ലീസ്. .......(ബഹളം)........ അദ്ദേഹം പറഞ്ഞു തുടങ്ങിയല്ലോ അത് നിങ്ങൾ കേൾക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, തലശ്ശേരിയിൽ സി. ഒ. ടി. നസീർ ആക്രമിക്കപ്പെട്ടുവെന്നുള്ളത് ഒരു വസ്തുതയാണ്. ആ കാര്യത്തിൽ ആര് ആക്രമിച്ചുവെന്നുള്ളത് പോലീസ് ഒരു വിഷയമായി എടുത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ ആര് ആക്രമിച്ചാലും അക്രമികൾക്ക് നേരെ ശക്തമായ നടപടി സ്വീകരിക്കുക എന്ന നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി സി. ഒ. ടി. നസീറിനെ ആക്രമിച്ച പ്രതികളെ പോലീസ് അന്വേഷണത്തിലൂടെ കണ്ടെത്തുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. അക്കാര്യത്തിൽ ഒരു വീഴ്ചയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സി. ഒ. ടി. നസീർ തന്നെ ആക്രമിച്ച ആരുടെയും പേര് നേരത്തെ പറഞ്ഞിരുന്നില്ല. പക്ഷെ ശാസ്ത്രീയമായ അന്വേഷണ രീതിയിലൂടെയാണ് അക്രമികളെ പോലീസ് കണ്ടെത്തിയത്. ഇവിടെ ബഹുമാന്യനായ പാറക്കൽ അബ്ദുല്ല തന്നെ സി.പി.ഐ.(എം.) കാർക്ക് ഇത്തരമൊരു ആക്രമണത്തോട് പൊതുവേ യോജിപ്പില്ലെന്ന് പറഞ്ഞു. അതിന്റെ ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം സി.പി.ഐ.(എം.)ന്റെ ഒട്ടേറെ ആളുകൾ കണ്ണൂർ ജില്ലയിൽനിന്ന് സി. ഒ. ടി. നസീറിന്റെ അടുത്തേയ്ക്ക് ഒഴുകുകയായിരുന്നുവെന്നാണ്. ഒരു പാർട്ടിയെന്ന നിലയ്ക്ക് സി.പി.ഐ.(എം.)-ന് സി. ഒ. ടി. നസീറിനോട് പ്രത്യേക വിരോധം ഉണ്ടായിരുന്നില്ല എന്നതു തന്നെയാണ് അദ്ദേഹത്തിന്റെ വാക്കുകളിലൂടെ വ്യക്തമാകുന്നത്. അതുകൊണ്ടുതന്നെയാണ് അവിടെ മത്സരിച്ച സ്ഥാനാർത്ഥി എന്ന നിലയ്ക്ക് ശ്രീ. പി. ജയരാജൻ സി. ഒ. ടി. നസീറിനെ കാണാൻ പോയതും കണ്ടതും. അവിടത്തെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. എം. വി. ജയരാജനും സി. ഒ. ടി. നസീറിനെ കണ്ട് കാര്യങ്ങൾ സംസാരിച്ചത് വാർത്തയായി വന്നിട്ടുണ്ട്. നസീറെന്ന വ്യക്തിയോട് പ്രത്യേകമായ പകയോ വിരോധമോ സി.പി.ഐ.(എം.)-ന് ഇല്ലെന്നുതന്നെയാണ് അതൊക്കെ കാണിക്കുന്നത്. അതുതന്നെയാണ് ശ്രീ. പാറക്കൽ അബ്ദുല്ലയുടെ വാക്കുകളും ഇവിടെ സാക്ഷ്യപ്പെടുത്തുന്നത്. സി. ഒ. ടി. നസീറിനെ ആക്രമിച്ച സംഭവത്തിൽ ഇനി ആരൊക്കെ ഉൾപ്പെടേണ്ടതുണ്ടോ അവരെയെല്ലാം അന്വേഷണത്തിലൂടെ കൃത്യമായി കണ്ടെത്തുകതന്നെ ചെയ്യും. ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും അക്കാര്യത്തിൽ ഉണ്ടാകുകയില്ല. അക്രമം ആര് കാണിച്ചാലും അവരുടെ മുഖം നോക്കിയല്ല നടപടി. അക്രമം നടത്തിയിട്ടുണ്ടോ അവർക്ക് നേരെ ശക്തമായ നടപടി സ്വീകരിക്കുകതന്നെ ചെയ്യും.

ശ്രീ. കെ. സി. ജോസഫ്: സർ, സി. ഒ. ടി. നസീറിന്റെ മൊഴി മൂന്നു പ്രാവശ്യം പോലീസ് എടുത്തെന്ന് അങ്ങിവിടെ പറയുകയുണ്ടായി. Cr.PC 154 ഒരു കോഗ്നിസബിൾ ഒഫൻസിന്റെ ഇൻഫോർമെന്റിന്റെ മൊഴി രേഖപ്പെടുത്തി വായിച്ച് കേൾപ്പിച്ച് ഒപ്പിട്ട് വാങ്ങിക്കണം. കഴിഞ്ഞ ഞായറാഴ്ച, ജൂൺ രണ്ടാം തീയതി സി. ഒ. ടി. നസീറിന്റെ മൊഴിയെടുത്തു. ആ മൊഴിയിൽ പറയുന്ന

പരാമർശമെന്തെന്നാൽ ഈ സംഭവത്തിന്റെ പിന്നിൽ ഒരു എം.എൽ.എ.-യുടെ കോൺസ്പിറസിയുണ്ടെന്നാണ്. അതുകൊണ്ടുതന്നെ അത് രേഖപ്പെടുത്തിയില്ല, വായിച്ചുകേൾപ്പിച്ചില്ല, പകർപ്പ് കൊടുത്തില്ല. അക്കാര്യം അങ്ങ് അന്വേഷിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആ സംഭവത്തിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ടോ അവരാരും രക്ഷപ്പെടുന്ന പ്രശ്നമേ വരുന്നില്ല. ഇതാണ് പോലീസിന്റെ കൃത്യമായ സമീപനം. ഇക്കാര്യത്തിൽ വിവിധ ഘട്ടങ്ങളിൽ മൊഴി എടുത്തിട്ടുണ്ട്. എടുത്ത മൊഴി സി. ഒ. ടി. നസീറിനെ വായിച്ച് കേൾപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത്രത്തോളം വിവരം എന്റെ കയ്യിലുണ്ട്; അതിനപ്പുറമുള്ള വിവരം എന്റെ കയ്യിലില്ല. എടുത്ത മൊഴി സി. ഒ. ടി. നസീറിനെ മൂന്ന് തവണ വായിച്ച് കേൾപ്പിച്ചു എന്നുള്ളത് തന്നെയാണ് എന്റെ കയ്യിലുള്ള വിവരം. അത് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അതിനപ്പുറമുള്ള വിവരം എന്റെ കയ്യിലില്ല. ഒരു സംഭവം നടന്നാൽ അതിന് ഉത്തരവാദികളായ ആളുകളെ ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ല; ശക്തമായ നടപടി പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകതന്നെ ചെയ്യുമെന്ന് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുകയാണ്. ഇവിടെ ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പാറക്കൽ അബ്ദുല്ല പറഞ്ഞ കാര്യങ്ങൾ വളരെ വിചിത്രമായിപ്പോയി. തലശ്ശേരിയിലും വടകരയിലും ആർക്കും റോഡിലിറങ്ങാൻ പറ്റുന്നില്ല എന്നൊക്കെ പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഇത്തരത്തിലുള്ള എന്തെങ്കിലുമൊരു സംഭവം ഈ പ്രദേശങ്ങളിൽ ഇല്ലെന്നത് വസ്തുതയാണ്. ഒരു കാലത്ത് ആർ.എസ്.എസ്.-ന്റെ അക്രമങ്ങളൊക്കെ നടക്കുകയും ഒരുപാട് ആളുകൾ കൊലചെയ്യപ്പെടുകയും ചെയ്ത ഒരു പ്രദേശമാണ് തലശ്ശേരി. ആ കാലം കഴിഞ്ഞല്ലോ. അതിന്റെ ഭാഗമായി ഇന്നത്തെ ചുറ്റുപാടും കുറേ കാലത്തെ ചരിത്രവും നോക്കിയാൽ അതൊക്കെ ശാന്തമായ പ്രദേശങ്ങളല്ലേ. എന്തിനാണ് അത്തരമൊരു ചിത്രം വരച്ച് കാട്ടാൻ അദ്ദേഹം ശ്രമിച്ചത്? നിരോധനാജ്ഞയുള്ള സ്ഥലത്തൊക്കെ ആളുകളെ ആക്രമിച്ചുകൊണ്ടിരിക്കുന്നുവെന്നാണോ അർത്ഥം? ഒരു സംഭവം നടന്നാൽ തുടർന്ന് മറ്റ് സംഭവമുണ്ടാകാതിരിക്കാനുള്ള കരുതൽ പോലീസ് സ്വീകരിക്കും. അതുതന്നെയല്ലേ പോലീസ് ചെയ്യുന്നത്. അതാണോ കാലുവെട്ടൽ; അതാണോ ആക്രമിക്കൽ; അതാണോ വീടിനുനേരെ ബോംബ് എറിയൽ; അതാണോ കഠാരയുമെടുത്ത് നടന്നുവെന്ന് പറഞ്ഞത്. എവിടെ, ഏത് പ്രദേശത്തുണ്ടായി അത്തരം കാര്യങ്ങൾ? സഭയെ എന്തും വിളിച്ചുപറയാനുള്ള ഒരു വേദിയായിട്ട് മാറ്റാമെന്നാണോ........(ബഹളം)........

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല സംസാരിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി നിശബ്ദമായി കേട്ടില്ലേ. പ്ലീസ്... പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ശ്രീ. പാറക്കൽ അബ്ദുല്ല ഒരുപാട് സംഭവങ്ങളെക്കുറിച്ച് പറയാൻ ശ്രമിച്ചു. പക്ഷെ സംഭവങ്ങളൊന്നുമില്ല. ഏത് സംഭവമാണ് പറഞ്ഞത്? അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ പാർട്ടിയെന്ന് പറയുന്നത് വളരെ സമാധാനകാംക്ഷികളാണ്; യാതൊരുതരത്തിലുള്ള അക്രമസംഭവങ്ങളും നടത്താൻ ആഗ്രഹിക്കുന്നവരല്ല; സഹിഷ്ണുതയുള്ളവരാണ്; പച്ചക്കൊടി മുമ്പിൽ പിടിച്ചിട്ട് ആളുകൾ പോകുന്നു; പിന്നിൽ ചുവന്ന കൊടി ചുരുട്ടി നടക്കുന്നു; അതിനൊക്കെ അദ്ദേഹം സാക്ഷിയായിട്ടുണ്ടെന്ന് പറയുന്നു. എന്തായിരുന്നു നാദാപുരത്തെ ബിനുവിന്റെ സംഭവം? എങ്ങനെയായിരുന്നു കൊലപ്പെടുത്തിയത്; എന്ത് പറഞ്ഞിട്ടായിരുന്നു. ഇല്ലാത്ത കഥ പറഞ്ഞായിരുന്നില്ലേ കൊല നടത്തിയത്. ബലാത്സംഗം ആരോപിച്ചു കൊണ്ടായിരുന്നില്ലേ കൊല നടത്തിയത്. അവസാനം ആ സഹോദരി തന്നെ കാര്യങ്ങൾ പറഞ്ഞില്ലേ. നിങ്ങൾ ഏത് തരം, എത്രമാത്രം വഞ്ചന കാണിക്കാൻ തയ്യാറാകുന്നു; അതല്ലേ വസ്തുത. .......(ബഹളം)........

മി. സ്പീക്കർ: ദയവായി നിങ്ങൾ ഈ സമീപനം സ്വീകരിക്കരുത്.

ശ്രീ. പിണറായി വിജയൻ: നിങ്ങൾ ഷിബിനെ മറന്നുപോയോ?

.......(ബഹളം)......

മി. സ്പീക്കർ: സഭാനാഥൻ സംസാരിക്കുമ്പോൾ കാണിക്കേണ്ട ഒരു മര്യാദയുണ്ട്. സഭയിലെ അംഗങ്ങൾക്ക് അതറിയില്ല; അറിയാത്തതുകൊണ്ടാണല്ലോ ഈ സ്വഭാവം കാണിക്കുന്നത്. .......(ബഹളം)........ നല്ല സാമാജികരായി തീരേണ്ടത് ഇങ്ങനെയല്ല. നിങ്ങളും ഇരിക്കൂ. .......(ബഹളം)........ നിങ്ങൾ തമ്മിൽ ആക്രോശിച്ചോ.... പക്ഷെ സഭയിൽ കാണിക്കേണ്ട മര്യാദ കാണിക്കണം. ദീർഘമായി ബഹു. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ അവർ കമന്റ് ചെയ്യാറില്ല. ഇരിക്കൂ ........(ബഹളം)........ നല്ല സാമാജികരാകേണ്ടത് ഇങ്ങനെയല്ല. പ്ലീസ്.... പ്ലീസ്... ശ്രീ. കെ. എസ്. ശബരീനാഥൻ ഇരിക്കൂ. .......(ബഹളം)........ ശ്രീ. റ്റി. വി. രാജേഷ് ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ഷിബിൻ എന്ന ചെറുപ്പക്കാരനെ എന്തിനായിരുന്നു വെട്ടിക്കൊലപ്പെടുത്തിയത്; എന്ത് തെറ്റായിരുന്നു ആ ചെറുപ്പക്കാരൻ ചെയ്തിരുന്നത്; ഏത് സംഭവത്തിലാണ് അദ്ദേഹം പങ്കാളിയായിരുന്നത്; ആരായിരുന്നു അതെന്ന് നമുക്കറിയില്ലേ? അതുകൊണ്ട് വല്ലാതെ മാലാഖ ചമയണ്ട. എന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇത്തരം സംഭവങ്ങൾ ഒരുകാലത്ത് നടന്നിട്ടുണ്ട്. അതുകൊണ്ട് ആ സംഭവങ്ങൾതന്നെ ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറയുവാൻ

കഴിയുമോ; ആ പ്രദേശം മുഴുവൻ അക്രമത്തിന്റെ കേന്ദ്രങ്ങളാണെന്ന് പറയുവാൻ കഴിയുമോ? തലശ്ശേരി, വടകര, നാദാപുരം, കുറ്റ്യാടി തുടങ്ങി നിങ്ങൾ പറയുന്ന ഏത് പ്രദേശമായാലും ആ പ്രദേശങ്ങളെല്ലാം സമാധാനപരമായിട്ടുള്ളവയല്ലേ; അതെല്ലാം അക്രമത്തിന്റെ കേന്ദ്രങ്ങളാണോ; അവിടെയെല്ലാം ആളുകൾ പരസ്പരം വെട്ടിയും കീറിയുമാണോ നടക്കുന്നത്? എത്ര സൗഹാർദ്ദപരമായും സാഹോദര്യ ഭാവത്തിലുമാണ് അവിടെയുള്ള ജനങ്ങൾ ജീവിക്കുന്നത്. എന്തിനാണ് ചില പ്രദേശങ്ങളെക്കുറിച്ച് തെറ്റായൊരു ചിത്രം വരച്ചുകാട്ടാൻ ശ്രമിക്കുന്നത്. ഇവിടെ ബഹുമാന്യനായ പാറക്കൽ അബ്ദുല്ല സംസാരിച്ചതിന്റെ അവസാനം ശ്രീ. നരേന്ദ്ര മോദിയെ ഉദ്ധരിക്കുന്നതാണല്ലോ കണ്ടത്. ശ്രീ. നരേന്ദ്ര മോദി പറഞ്ഞല്ലോ, അദ്ദേഹത്തിന്റെ പാർട്ടിക്കാർ പുറത്തുപോകുമ്പോൾ തിരിച്ച് വന്നില്ലെങ്കിൽ ഭയപ്പെടേണ്ട, അനുജനെ അയയ്ക്കണമെന്ന് അമ്മയോട് പറഞ്ഞുവെന്ന് പറഞ്ഞില്ലേ; ശ്രീ. നരേന്ദ്ര മോദിയുടെ അതേ വാചകമാണ് അദ്ദേഹവും പറഞ്ഞത്. നിങ്ങളത് ശ്രദ്ധിച്ചില്ല. ഇവിടെ ഞങ്ങളിറങ്ങിയാൽ ...... (ബഹളം)......

മി. സ്പീക്കർ: പ്രതിപക്ഷത്തിനുവേണ്ടി പ്രതിപക്ഷനേതാവ് സംസാരിക്കും. നിങ്ങൾ ബഹളമുണ്ടാക്കേണ്ട കാര്യമില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഞങ്ങൾ പുറത്തുപോയാൽ പിന്നെ തിരിച്ചെത്തുമോ എന്നറിയില്ലെന്നാണ് പറഞ്ഞത്. അതേ വാചകമാണ് അദ്ദേഹവും പറഞ്ഞത്. എന്തിനാണ് നിങ്ങൾ രണ്ടുകൂട്ടരും ഒരേ വാചകം പറയുന്നത്; എന്തിനാണ് നിങ്ങൾ ഒരേ വാദം അവതരിപ്പിക്കുന്നത്? അതിന്റെ ആവശ്യമില്ലല്ലോ. ....(ബഹളം)....

മി. സ്പീക്കർ: ദയവായി ഇരിക്കൂ...

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് പറഞ്ഞുവെന്നല്ല, അദ്ദേഹത്തിന്റെ ആശയം നിങ്ങൾ കടമെടുത്തിരിക്കുന്നുവെന്നതാണ് പ്രശ്നം. ...(ബഹളം).. എന്തിനാണത്? ഇവിടെ ചില പ്രദേശങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കോട്ടയം ഗ്രാമ പഞ്ചായത്തിനെക്കുറിച്ച് അദ്ദേഹത്തിനറിയാമോ? നല്ല മതനിരപേക്ഷ മനോഭാവത്തോടെ ജീവിക്കുന്ന ജനങ്ങളാണ് അവിടെയുള്ളത്, എല്ലാവരുമായി ഇടകലർന്ന് ജീവിക്കുന്നവരാണ്. അവിടെ സി.പി.ഐ.(എം) മാത്രമല്ല എല്ലാ പാർട്ടിക്കാരുമുണ്ട്. സി.പി.ഐ.(എം)-ന്റെ മഹാശക്തി കേന്ദ്രമല്ല അത്. എന്തായിരുന്നു കോട്ടയം ഇന്നലെയെന്ന് ചിലർക്കെങ്കിലും അറിയാമായിരിക്കും. എന്തിനാണ് നിങ്ങൾ അങ്ങനെയൊരു ചിത്രം ആ പ്രദേശത്തെക്കുറിച്ച് വരച്ചുകാട്ടിയത്. കതിരൂരിൽ കണ്ണ് ചൂഴ്ന്ന് കളയുമെന്ന് പറഞ്ഞിരുന്നുവെന്നാണ്

അദ്ദേഹം പറയുന്നത്. കതിരൂർ എന്നുപറയുന്നത് ആ തരത്തിലുള്ള ഒരു പ്രദേശമല്ല. എല്ലാ പ്രദേശങ്ങളിലും അവിടെയുള്ള ബൂത്ത് ഏജന്റുമാർ പ്രവർത്തിച്ചിട്ടുണ്ട്, അവർ ഏജന്റുമാരായി ഇരുന്നിട്ടുമുണ്ട്, കാര്യങ്ങൾ കൃത്യമായി നടത്തിയിട്ടുമുണ്ട്. ജയിച്ചതും തോറ്റതും വേറെ പ്രശ്നം. പക്ഷേ അതാതു സ്ഥലത്തെ പാർട്ടിയുടെ ശക്തിക്കനുസരിച്ച് ഓരോ പാർട്ടിയും പ്രവർത്തിച്ചുവരുന്ന പ്രദേശങ്ങളാണിതെല്ലാം. ഏതെങ്കിലും ഒരു പാർട്ടിക്ക് ഇത്തരമൊരു പ്രദേശത്ത് പ്രവർത്തിക്കാൻ കഴിയാതിരുന്നുവെന്ന് പറയുവാൻ സാധിക്കില്ല. അതുപോലെതന്നെ തെരഞ്ഞെടുപ്പിനുമുമ്പ് ഒരുപാട് കാര്യങ്ങൾ പ്രചരിപ്പിച്ചല്ലോ; ഇവിടെയെല്ലാം ഭയങ്കര സംഭവങ്ങളായിരിക്കും ഉണ്ടാകുന്നത് എന്നൊക്കെ പറഞ്ഞു. എന്തെങ്കിലും സംഭവം ഉണ്ടായോ; എത്ര ശാന്തമായാണ് തെരഞ്ഞെടുപ്പ് നടന്നത്; ഇതല്ലേ വസ്തുത? ഇവിടെ ബഹുമാന്യനായ പാറക്കൽ അബ്ദുല്ല പുനരധിവാസ കേന്ദ്രത്തിന്റെ കാര്യം പറഞ്ഞു. ഈ മണ്ണിൽ എല്ലാവർക്കും അവരവരുടേതായ അവകാശത്തോടെ ജീവിക്കാനുള്ള സൗകര്യം ഒരുക്കാൻ തന്നെയാണ് നമ്മളെല്ലാവരും പ്രവർത്തിക്കുന്നത്. ഒരു ആശങ്കയും ഒരു കൂട്ടർക്കും വേണ്ട. ഇവിടെ ഏതെങ്കിലും ഒരു കൂട്ടരെ അഴിഞ്ഞാടാൻ അനുവദിക്കുന്ന പ്രശ്നമേയില്ല. ക്രമസമാധാനം നല്ല രീതിയിൽ പുലർന്നുപോകുന്നൊരു സംസ്ഥാനമാണിത്. ഈ പറയുന്ന പ്രദേശങ്ങളും ക്രമസമാധാനത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. അനാവശ്യമായൊരു ചിത്രം വരച്ചുകാട്ടാനാണ് ഇവിടെ ശ്രമിച്ചത്. അത് ദൗർഭാഗ്യകരമായിപ്പോയി. അങ്ങനെയൊരു നിലപാട് ശ്രീ. പാറക്കൽ അബ്ദുല്ലയെപ്പോലുള്ള ഒരംഗം സ്വീകരിക്കാൻ പാടില്ലാത്തതായിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രതിനിധിയെന്ന നിലയ്ക്കും അദ്ദേഹം സ്വീകരിക്കാൻ പാടില്ലാത്തൊരു നിലപാടായിരുന്നു അത്. ഈ വിഷയം തീർത്തും രാഷ്ട്രീയമായി ഉന്നയിച്ച ഒരു വിഷയമാണ്. ഗവൺമെന്റ് എന്തെല്ലാം ചെയ്യേണ്ടതുണ്ടോ ആ നടപടികളെല്ലാം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇതിലടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് വളരെ ഗൗരവമുള്ളതാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വടകരയിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച മുൻ സി.പി.ഐ(എം) നേതാവ് സി. ഒ. ടി. നസീറിനെ സി.പി.ഐ.(എം)- പ്രവർത്തകർ തന്നെ റോഡിലിട്ട് തുരുതുരാ വെട്ടുന്ന

ദൃശ്യങ്ങൾ കണ്ട് കേരളം സ്തംഭിച്ചുനിൽക്കുകയാണ്. ഇന്നലെയാണ് എല്ലാ ദൃശ്യമാധ്യമങ്ങളിലൂടെയും അതിന്റെ വാർത്ത പുറത്തുവന്നത്. ഒരു മനുഷ്യനെ എങ്ങനെയാണ് കൊല്ലുന്നത് എന്നുള്ളതിന്റെ ഭയാനകമായ ചിത്രമാണ് ആ സി.സി.ടി.വി. ദൃശ്യങ്ങളിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. സ്കൂട്ടറിന്റെ പിന്നിലിരുന്നുപോയ ഒരാളിനെ എങ്ങനെയാണ് തള്ളിയിടുന്നത്, എങ്ങനെയാണ് വെട്ടിക്കൊല്ലുന്നത് എന്ന് വ്യക്തമായി ആ സി.സി.ടി.വി. ഫൂട്ടേജിലൂടെ കാണാൻ കഴിയും. ഇങ്ങനെ തന്നെയാണ് ടി. പി. ചന്ദ്രശേഖരനെയും കല്യോട്ടെ പാവപ്പെട്ട രണ്ട് ചെറുപ്പക്കാരായ കൃപേഷിനെയും ശരത് ലാലിനെയും കൊന്നത്. ആസൂത്രിതമായി ഇത്തരം കൊലപാതകങ്ങൾ നടത്താൻ പ്രാപ്തരായ, പരിശീലനം ലഭിച്ചിട്ടുള്ള ആളുകളാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഒരു മനുഷ്യനെ നടുറോഡിൽ പച്ചയ്ക്ക് വെട്ടിനുറുക്കുന്നു; വീണുകിടന്ന് പിടയുന്ന മനുഷ്യനുനേരെ ബൈക്കോടിച്ച് കയറ്റുന്നു. ആരെയും നടുക്കുന്ന ദൃശ്യങ്ങളാണ് കേരള ജനത രണ്ടുമൂന്ന് ദിവസമായി കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തെ നടുക്കിയത് ഇതുമാത്രമല്ല, കുറ്റകൃത്യം ചെയ്തത് ഈ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ പ്രവർത്തകരാണെന്നുള്ളത് അതിനേക്കാൾ ഗൗരവമുള്ള ഒരു കാര്യമാണ്. അദ്ദേഹത്തെ കാണാൻ പാർട്ടി ജില്ലാ സെക്രട്ടറിയും മത്സരിച്ച സ്ഥാനാർത്ഥിയും നിരവധി സി.പി.ഐ.(എം) നേതാക്കന്മാരും പോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. കുറ്റകൃത്യംചെയ്തത് തങ്ങളല്ലെന്ന് ബോധ്യപ്പെടുത്താൻ ഇതിനെക്കാൾ നല്ലൊരു മാർഗ്ഗമില്ലെന്ന് സി.പി.ഐ(എം) നേതൃത്വത്തിനറിയാം. അദ്ദേഹം പറഞ്ഞ ഒരു വാചകം, 5-6-2019-ൽ മലയാള മനോരമയിൽ വന്നതാണ്, 'തന്നെ വധിക്കാൻ ശ്രമിച്ച സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് ബഹുമാനപ്പെട്ട ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ. ആണെന്ന ഗുരുതരമായ ആരോപണവുമായി മുൻ സി.പി.ഐ(എം) നേതാവും വടകരയിലെ സ്വതന്ത്ര സ്ഥാനാർത്ഥിയുമായ സി. ഒ. ടി. നസീർ മൊഴി നൽകിയിട്ടുണ്ടെന്നും കേസ് അട്ടിമറിക്കാനാണ് പോലീസ് ശ്രമിക്കുന്നതെന്നും സി. ഒ. ടി. നസീർ മനോരമയോട് പറഞ്ഞു'. ഏപ്രിൽ 28-ന് ശ്രീ. എ. എൻ. ഷംസീർ, സി. ഒ. ടി. നസീറിനെ ഓഫീസിൽ വിളിച്ചുവരുത്തി 'അടിച്ച് കാലുമുറിക്കും, കാണിച്ചുതരാം' എന്ന് ഭീഷണിപ്പെടുത്തിയിരുന്നു. തലശ്ശേരി സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട ചില ആരോപണങ്ങൾ ഉന്നയിച്ചത് എം.എൽ.എ.-യ്ക്കെതിരായി തോന്നിയതാകാമെന്നതാണ് കാരണം. ഇത് സി. ഒ. ടി. നസീർ മലയാള മനോരമയ്ക്ക് കൊടുത്ത വാർത്തയാണ്. ഒരു എം.എൽ.എ.യ്ക്കെതിരെ ഗുരുതരമായ ആരോപണം ഉന്നയിച്ചുകഴിഞ്ഞാൽ പോലീസ് അത് പരിശോധിക്കണ്ടേ, അത് അന്വേഷിക്കണ്ടേ? അത് ഒരു കൊഗ്നൈസബിൾ ഒഫൻസായി കണ്ടുകൊണ്ട് എഫ്.ഐ.ആർ. ഇട്ട് നടപടികൾ സ്വീകരിക്കുന്നതിനുപകരം സംരക്ഷണ

നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നുള്ളത് ഗുരുതരമായ പ്രശ്നമല്ലേ; എന്തുകൊണ്ട് പോലീസ് ഈ കാര്യം അന്വേഷിക്കുന്നില്ല? ശ്രീ. പി. ജയരാജന് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലായെന്ന് അദ്ദേഹം പറയുന്നുമുണ്ട്. തെരഞ്ഞെടുപ്പ് സമയത്ത് അക്രമം നടത്തിയ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണെന്ന് വരുത്തിത്തീർത്ത കുറ്റം മറ്റാരുടെയെങ്കിലും ചുമലിലാക്കാമെന്ന് കരുതിയേക്കാം. വടകരയിൽ മത്സരിച്ച സി.പി.ഐ.(എം) സ്ഥാനാർത്ഥി ശ്രീ. പി. ജയരാജന് സംഭവത്തിൽ പങ്കില്ലെന്ന് സി. ഒ. ടി. നസീർ നേരത്തെ വെളിപ്പെടുത്തിയിരുന്നു. വളരെ ഗുരുതരമായ ആരോപണമാണ് സി. ഒ. ടി. നസീർ ഉന്നയിച്ചിട്ടുള്ളത്. പോലീസ് ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; പോലീസ് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും എം.എൽ.എ.-യെ വിളിച്ചുവരുത്തി ചോദ്യം ചെയ്തിട്ടുണ്ടോ; സംഭവത്തെപ്പറ്റി അന്വേഷിക്കാൻ തയ്യാറായിട്ടുണ്ടോ; ഇവിടെ പരിക്കേറ്റയാൾ വളരെ വ്യക്തമായി പറഞ്ഞ കാര്യത്തെപ്പറ്റി പോലീസ് അന്വേഷിക്കുന്നില്ല. സ്വന്തം പാർട്ടിക്കാരനായ മുൻ സഖാവിനോടാണ് ഇത് ചെയ്തിട്ടുള്ളത്; അയാൾ തെരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചുവെന്നുള്ളതാണ് അയാൾ ചെയ്ത തെറ്റ്. അല്ലാതെ അയാൾ കോൺഗ്രസ് പാർട്ടിക്കാരനൊന്നുമല്ല; അയാൾ നേരത്തെ സി.പി.ഐ.(എം)-ന്റെ പ്രവർത്തകനായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കണ്ണൂരിൽ പോയപ്പോൾ അദ്ദേഹത്തെ കല്ലെറിഞ്ഞ കേസിലെ പ്രതിയാണ്. അവസാനം അദ്ദേഹത്തിന്റെയടുത്ത് വന്ന് മാപ്പ് പറഞ്ഞ ചിത്രം നമ്മൾ പത്രത്തിൽ കണ്ടതാണ്. 'പാർട്ടി പറഞ്ഞിട്ടാണ് ഞാൻ ഇത് ചെയ്തത്, ക്ഷമിക്കണം' എന്നുപറഞ്ഞ് ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ട് മാപ്പ് പറഞ്ഞ വ്യക്തിയാണ് ഇയാൾ. ഇയാൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചുവെന്നുള്ളതാണോ ഏറ്റവും വലിയ കുറ്റം. ജനപ്രാതിനിധ്യ നിയമം അനുസരിച്ച് ഇന്ത്യയിലെ ഏത് പൗരനും നമ്മുടെ രാജ്യത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അധികാരമില്ലേ; ബഹു. മുഖ്യമന്ത്രി പറഞ്ഞല്ലോ നാട്ടിൽ ഒരു കുഴപ്പവുമില്ലെന്ന്. ഒരു സ്ഥാനാർത്ഥിയായി മത്സരിച്ചുവെന്ന് കരുതി അയാൾക്ക് ആ നാട്ടിൽ ജീവിക്കാൻ കഴിയാത്ത അന്തരീക്ഷം ഉണ്ടാക്കുന്നതാണോ നാട്ടിലെ മെച്ചപ്പെട്ട ക്രമസമാധാനമെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതാണോ മെച്ചപ്പെട്ട ക്രമസമാധാനം? അതിനുശേഷം എത്ര ദിവസം തലശ്ശേരിയിലും വടകരയിലും നിരോധനാജ്ഞ പ്രഖ്യാപിച്ചു. ഇവിടെ കോട്ടയം കതിരൂർ പഞ്ചായത്തുകളിലെ കാര്യം ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞു. കല്ല്യാശ്ശേരിയിലെ പിലാത്തറയിൽ ബൂത്ത് നമ്പർ 19-ൽ മറ്റൊരാൾ തന്റെ വോട്ട് ചെയ്തുവെന്ന് പറഞ്ഞ ഷാർലറ്റിന് റീ-ഇലക്ഷൻ നടന്നപ്പോൾ വോട്ട് ചെയ്യാൻ കഴിഞ്ഞത് വലിയ ആശ്വാസമായി. എനിക്ക് എന്റെ വോട്ടവകാശം വിനിയോഗിക്കാൻ

കഴിഞ്ഞുവെന്നാണ് അവർ പറഞ്ഞത്. അവരുടെ വീടിന് ബോംബ് എറിഞ്ഞ സംഭവത്തെപ്പറ്റി അന്വേഷിക്കാൻ ഇവിടത്തെ പോലീസ് തയ്യാറാകുന്നില്ല. ഷാർലറ്റിന്റെ വീട് ബോംബ് എറിഞ്ഞു. കാരണം അവർ വോട്ട് ചെയ്യാനായി മുന്നോട്ടുപോയി. ഇങ്ങനെയാണോ പൗരാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും സംരക്ഷിക്കപ്പെടുന്നത്. ഒരാഴ്ച കഴിഞ്ഞ് പാവപ്പെട്ട ഒരു ബൂത്ത് ഏജന്റായ ശ്രീ. പത്മനാഭന്റെ വീടിന് ബോംബെറിഞ്ഞു. ഇതാണോ കേരളത്തിലെ പൗരാവകാശ സംരക്ഷണം; ജനാധിപത്യാവകാശങ്ങളുടെ സംരക്ഷണം? സംസ്ഥാനത്ത് സ്വതന്ത്രവും നീതിപൂർവ്വവുമായി രാഷ്ട്രീയ പ്രവർത്തനം നടത്താനുള്ള അവകാശങ്ങളെ ചോദ്യം ചെയ്യു നടപടിയെ പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കുന്നതാണോ ഈ ഗവൺമെന്റിന് ഭൂഷണമായിട്ടുള്ളത്. ഇതൊന്നും കേരളത്തിൽ നടക്കുന്ന കാര്യമല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഞാൻ ഉദാഹരണസഹിതം ഇവിടെ പറയുന്ന, ഇതെല്ലാം കേരളത്തിലെ കണ്ണൂരിലാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില സംഭവങ്ങൾ ഇവിടെ പറഞ്ഞല്ലോ, കണ്ണൂരിൽ ആരാണ് കലാപങ്ങൾ ഉണ്ടാക്കുന്നത്; ടി. പി. ചന്ദ്രശേഖരനെയും മട്ടന്നൂരിലെ ഷുഹൈബിനെയും അരിയിൽ ഷുക്കൂറിനെയും തലശ്ശേരിയിലെ ഫസലിനെയും കാസർഗോഡ് കൃപേഷിനെയും ശരത്‌ലാലിനെയും കൊന്നത് ആരാണ്? ഓരോ കൊലപാതകത്തിന്റെ പിന്നിലും സി.പി.ഐ.(എം)-ന്റെ കറുത്ത കൈകൾ ഉണ്ടായിരുന്നുവെന്നുള്ളത് വ്യക്തമായ കാര്യങ്ങളല്ലേ? നിങ്ങൾ ഇതുവരെ പഠിച്ചിട്ടില്ല, ജനങ്ങൾ നിങ്ങളെ പഠിപ്പിച്ചിട്ടും നിങ്ങൾ പഠിക്കുന്നില്ല. അക്രമ രാഷ്ട്രീയത്തിൽനിന്നും നിങ്ങൾ മാറാൻ തയ്യാറാകുന്നില്ല എന്നുള്ളത് തന്നെയാണ് ബഹു. മുഖ്യമന്ത്രിയുടെ ഈ പ്രസംഗത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. 'ഞങ്ങളെല്ലാം ശരിയാണ്, നിങ്ങളാണ് കുറ്റക്കാർ' എന്നുള്ളതാണ്. ഇവിടത്തെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം ആയുധങ്ങൾ താഴെയിട്ടാൽ കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കില്ല. കേരളത്തിൽ രാഷ്ട്രീയ കൊലപാതകം നടത്തുന്ന ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം ഒരു ഭാഗത്താണ്. കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരിക്കുന്ന പാർട്ടിയും ചേർന്ന് ഈ നാടിനെ കുരുതിക്കളമാക്കി മാറ്റാൻ ശ്രമിച്ച ഇന്നലെകളുടെ ചരിത്രം നമുക്കെല്ലാവർക്കും അറിയാം. ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ ജീവിക്കാൻ കഴിയുകയില്ല എന്ന് പറഞ്ഞതിന് അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് യോജിക്കുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹത്തിന് ശ്രീ. നരേന്ദ്ര മോദിയോട് വളരെ പ്രിയമാണെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. ഈ നാട്ടിൽ പൈശാചികമായ കൊലപാതകങ്ങൾ നടക്കുമ്പോൾ അവ നിയന്ത്രിക്കാൻ എന്തുകൊണ്ട് നടപടികൾ സ്വീകരിക്കുന്നില്ല.

പെരിയയിലെ കാര്യം ഇവിടെ പറഞ്ഞു. പെരിയയിലെ കൊലപാതകത്തിൽ വീട്ടുകാർ ആവശ്യപ്പെടുന്നത് സി.ബി.ഐ. അന്വേഷണമാണ്. എന്തുകൊണ്ട് നിങ്ങൾ സി.ബി.ഐ. അന്വേഷണത്തെ ഭയപ്പെടുന്നു? കേസ്സുകൾ സി.ബി.ഐ.ക്ക് വിടണമെന്ന് കൃപേഷിന്റെ അച്ഛനും ശരത്‌ലാലിന്റെ അമ്മയും അച്ഛനും ഷുഹൈബിന്റെ ഉപ്പയും പറയുന്നു. കാരണം യഥാർത്ഥ പ്രതികളിൽ പലരും രക്ഷപ്പെടുകയാണ്. യഥാർത്ഥ പ്രതികൾ മുഴുവൻ രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഡമ്മി പ്രതികൾ ഹാജരാക്കപ്പെടുന്നു. തെളിവുകൾ നശിപ്പിക്കപ്പെടുന്നു. ഇവിടെ കൃപേഷിന്റെയും ശരത്‌ലാലിന്റെയും കാര്യത്തിൽ സാക്ഷികളായി വന്നിട്ടുള്ളതിൽ ഒരു സാക്ഷി ശ്രീ. പീതാംബരന്റെ ഭാര്യയാണ്. ഈ കേസ് എങ്ങനെ തെളിയിക്കപ്പെടും? പോലീസ് സംഘത്തെ എത്ര തവണ മാറ്റി. ആദ്യം റഫീക്ക് എന്ന എസ്.പി.യുടെ ചുമതലയിലായിരുന്നു. ആ ആൾ മാറി, രഞ്ജിത്ത് ആയിരുന്നു ഡിവൈ.എസ്.പി., അദ്ദേഹവും മാറി. ആദ്യത്തെ അന്വേഷണ സംഘത്തെ ആദ്യമേതന്നെ പിരിച്ചുവിട്ട് ക്രൈംബ്രാഞ്ചിന് കൊടുത്തു. ഇപ്പോഴും സാക്ഷി പട്ടികയിൽ വയ്ക്കുന്നത് പാർട്ടി പറയുന്ന ആളുകളായി മാറുന്നു. ഇത് സി.ബി.ഐ.യ്ക്ക് വിട്ടുകൊടുക്കുക, സി.ബി.ഐ. അന്വേഷിക്കട്ടെ. ഇത്തരം കൊലപാതകങ്ങളിൽ ഉൾപ്പെട്ട പാർട്ടി പ്രവർത്തകരെ സംരക്ഷിക്കാൻ വേണ്ടിയുള്ള വിചിത്രമായ കാര്യങ്ങളാണ് ഈ കേസ്സുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. ക്രമസമാധാനം പരിപാലിക്കപ്പെടണമെങ്കിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പോലീസ് പ്രവർത്തിക്കണം. ഇത് ജനാധിപത്യഭരണമല്ല, ഇതൊരു ഫാസിസ്റ്റ് ഭരണമാണ്.

ഇന്നലെ ബഹു. മുഖ്യമന്ത്രി പറഞ്ഞല്ലോ, യു.പി.-യിലെ മുഖ്യമന്ത്രി കാണിച്ചത് ഏറ്റവും തെറ്റായ കാര്യമാണെന്ന്. ശ്രീ. യോഗി ആദിത്യനാഥിനെതിരെ ആരോ വീഡിയോയെടുത്തു. വീഡിയോയിൽ പറയുന്ന കാര്യങ്ങൾ പ്രദർശിപ്പിച്ച രണ്ട് പത്രലേഖകരെ ഇന്നലെ പോലീസ് അറസ്റ്റ് ചെയ്തു. അതുമാത്രമല്ല, ഇന്നലെ ഡൽഹിയിൽ പത്രപ്രവർത്തകർ ജാഥ നടത്തി; അവരെ മുന്നോട്ട് പോകാൻ അനുവദിച്ചില്ല. കേരളത്തിലും സമാനമായ കാര്യങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. ബഹു. മുഖ്യമന്ത്രിക്കെതിരെ പോസ്റ്റിട്ടതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥന്മാരുടെമേൽ നടപടിയെടുത്തിരിക്കുന്നു. 149 പേരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷനേതാവായ എനിക്കെതിരെ അസഭ്യം പറഞ്ഞ ഒരാളിന്റെ പേരിൽപോലും ഇത്രയും നാളായി കേസെടുത്തില്ല, പരാതി കൊടുത്തിട്ടുണ്ട്. യോഗിയുടെ ഭരണം തന്നെയാണ് കേരളത്തിലും നടക്കുന്നത്. അതാണ് ഇന്നലെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞത്, 'മോദിപ്പേടിയും പിണറായിപ്പേടിയുമാണ് നിങ്ങളെ പരാജയപ്പെടുത്തിയത്.' കേരളത്തിലെ ജനങ്ങൾ ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ബഹു. സ്പീക്കർക്കും മന്ത്രിമാർക്കും മറ്റുള്ളവർക്കുംനേരെ പോസ്റ്റിട്ടാൽ നടപടിയുണ്ടാകണം. ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ എത്ര പോസ്റ്റിട്ടു;

പരാതി കൊടുത്താൽ പ്രയോജനമുണ്ടോ; അതുകൊണ്ടാണ് കേസുകൾ അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് ഞാൻ പറഞ്ഞത്. കേസുകൾ അട്ടിമറിക്കാൻ ശ്രമിക്കുന്നത് ശരിയാണോ; കൊലപാതകത്തെയും അക്രമങ്ങളെയും നിയന്ത്രിക്കാൻ ബാധ്യസ്ഥനായ, ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി നീതിപൂർവ്വമായി പെരുമാറിയാൽ ഇത്തരം സംഭവങ്ങൾ ഇവിടെ ആവർത്തിക്കാതിരിക്കും. ഉന്നതന്മാരായ സി.പി.ഐ.(എം) നേതാക്കന്മാരുടെ പേരിലേയ്ക്ക് അന്വേഷണം നീങ്ങുമ്പോൾ കേസ് അവിടെ അവസാനിക്കും; കേസ് മുന്നോട്ട് പോകില്ല, അന്വേഷണ സംഘത്തെയും സാക്ഷിപ്പട്ടികയും മാറ്റും.

പ്രോഗ്രസ് കാർഡുകൾ ഇറക്കുന്ന ആളുകൾ ഒരു കാര്യംകൂടി മനസ്സിലാക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിൽ 31 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. എന്നിട്ടും മുഖ്യമന്ത്രി പറയുന്നു 'ഒരു കുഴപ്പവുമില്ല, നാട്ടിൽ ക്രമസമാധാനം ഭദ്രം'. നാട്ടിലെ പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയുന്നില്ല. എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ പറയാം, അങ്ങ് കുറെ പഴയ കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ശ്രീജിത്തിന്റെ കാര്യം പറയാം, ശ്രീജിത്തെന്ന ഒരു പാവപ്പെട്ട ചെറുപ്പക്കാരനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അടിച്ചുകൊല്ലുന്നതിന് നേതൃത്വം കൊടുത്ത എ. വി. ജോർജ്ജിന് ഡി.ഐ.ജി.യായി പ്രൊമോഷൻ കൊടുക്കുകയാണ്; കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറായി നിയമനം കൊടുക്കുകയാണ്. പാവപ്പെട്ട ഒരു മനുഷ്യന്റെ ജീവന് എന്ത് വിലയാണുള്ളത്? പോലീസ് സ്റ്റേഷനുകൾ കൊലക്കളമായി മാറിക്കൊണ്ടിരിക്കുന്നു. പാവപ്പെട്ട ആളുകളെ സംരക്ഷിക്കാൻ കഴിയുന്നില്ല. ബൂത്തിലിരിക്കാൻ കഴിയാത്ത പാവപ്പെട്ടവരുടെ വികാരമാണ് ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ പറഞ്ഞത്. ഞങ്ങൾ ഇരിക്കാത്ത ബൂത്തിലും ഇത്തവണ ഞങ്ങൾക്ക് തന്നെയായിരുന്നു ഭൂരിപക്ഷമെന്നുള്ളതാണ് സത്യം. എന്തുകൊണ്ടാണ്; നിങ്ങളുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടാണ് ബൂത്ത് ഏജന്റ് ഇല്ലെങ്കിലും ജനങ്ങൾ ഞങ്ങൾക്ക് വോട്ടുചെയ്തത് എന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങളുടെ കണ്ണുകൾ തുറക്കണം. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കണം. സി. ഒ. ടി. നസീറിന്റെ കാര്യത്തിൽ പോലീസ് സ്വീകരിക്കുന്ന നടപടി അപര്യാപ്തമാണ്. യഥാർത്ഥത്തിലുള്ള പ്രതികളെ കണ്ടെത്തണം. ശക്തമായ നടപടികൾ സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ഈ മറുപടി പ്രസംഗത്തിൽ ഞങ്ങൾ ഒട്ടും തൃപ്തരല്ല; അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ശ്രീ. സി.ഒ.ടി. നസീറിന്റെ തെരഞ്ഞെടുപ്പ് മുദ്രാവാക്യം "മാറ്റി കുത്തിയാൽ മാറ്റം കാണാം" എന്നായിരുന്നു. മാറ്റം കാണാൻ അദ്ദേഹത്തിന്റെ പ്രതിയോഗികൾ അദ്ദേഹത്തിന്റെ വയറ്റിൽ കുത്തുന്ന അവസ്ഥയാണ് അവസാനം കാണാൻ കഴിഞ്ഞത്. കൊതുകിനെ കൊല്ലാൻ തോക്കെടുക്കേണ്ട കാര്യമില്ല എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു പ്രസ്താവനയിറക്കിയിരുന്നു. അദ്ദേഹം ശ്രീ. സി. ഒ. ടി. നസീറിനെ ഒരു കൊതുകായിട്ടാണ് കാണുന്നത്. പക്ഷെ ആ കൊതുകിനെ ഏത് തരത്തിൽ മാരകമായി കൊല്ലാമെന്ന് സി.സി.റ്റി.വി.-യിലൂടെ നമ്മൾ കണ്ടു. ഒരു കൊതുകിനെ കൊല്ലാൻ, ഒരു ബൈക്കും വാളും വടിയുമൊക്കെ ആവശ്യമായി വരുന്നുവെന്നുള്ളതാണ് ശ്രീ. സി.ഒ.ടി. നസീറിനെ തലശ്ശേരിയിലെ ഒരു റോഡിലിട്ട് അതിദാരുണമായി ആക്രമിച്ചതിലൂടെ കേരളം കണ്ടത്. ആ സമയത്ത് ആ വഴിയിലൂടെ ധാരാളം വാഹനങ്ങളും കാൽനടയാത്രക്കാരും പോകുന്നത് ആ സി.സി.റ്റി.വി. ദൃശ്യത്തിൽ നമുക്ക് കാണാൻ സാധിക്കും. ശ്രീ. സി. ഒ. ടി. നസീറിനെ രക്ഷിക്കാൻപോലും കഴിയാത്തത്ര ഭയമുള്ളൊരു നാടായി നമ്മുടെ കേരളം മാറിയിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേരളത്തിലൊന്നും സംഭവിക്കുന്നില്ലെന്ന് തോന്നുന്നുണ്ടെങ്കിൽ അങ്ങ് കേരളത്തിലെന്താണ് നടക്കുന്നതെന്ന് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. സി. ഒ. ടി. നസീറിനെ കൊലപ്പെടുത്താൻ ശ്രമിച്ച പ്രതികളാണ് ശരി എന്ന രീതിയിൽ പോസ്റ്ററുകളിറക്കാൻ ധൈര്യം കാണിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. ശ്രീ. സി. ഒ. ടി. നസീർ തെരഞ്ഞെടുപ്പ് ഘട്ടത്തിൽത്തന്നെ പല സമയത്തും ഭീഷണിക്കും ആക്രമണത്തിനും വിധേയനായി. ഇഫ്താർ പാർട്ടിയിൽ പങ്കെടുക്കുന്ന സമയത്തുപോലും അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം അദ്ദേഹം മൊഴിയായി നൽകിയിട്ടുണ്ട്. അതിന്റെ അർത്ഥം ഇത്തരത്തിലൊരു വലിയ ആക്രമണം വരാനിരിക്കുന്നുവെന്നുള്ളത് ശ്രീ. സി. ഒ. ടി. നസീർ മുൻകൂട്ടി അറിഞ്ഞു എന്നാണ്. ശ്രീ. സി.ഒ.ടി. നസീർ യഥാർത്ഥത്തിൽ ആരായിരുന്നു? ശ്രീ. ഉമ്മൻ ചാണ്ടിയെ വഴിയിൽത്തടഞ്ഞ് കല്ലെറിഞ്ഞ കേസ്സിലെ പ്രതിയാണദ്ദേഹം. അന്ന് അദ്ദേഹം സി. പി. ഐ.(എം) കാരനായിരുന്നു. പിന്നെ അദ്ദേഹം തന്റേതായിട്ടുള്ള Kiwis Club ഉണ്ടാക്കി. അദ്ദേഹം പാർട്ടിക്കകത്ത് ചില പ്രതിഷേധങ്ങളുയർത്തി. പാർട്ടി മെമ്പർഷിപ്പ് പുതുക്കിക്കൊടുക്കുന്ന സമയത്ത് അതിൽ മതം, ജാതി എന്നിവ ചേർക്കണമെന്ന് പറഞ്ഞപ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ടാണദ്ദേഹം പാർട്ടി വിട്ടുപോയത്. അദ്ദേഹത്തിന് യാതൊരുവിധ സംരക്ഷണവും കിട്ടിയില്ല. അദ്ദേഹത്തിന്റെ പാസ്പോർട്ട് പോലീസ് പിടിച്ചുവച്ച്

വിദേശത്ത് പോകാൻ പോലും കഴിയാത്ത അവസ്ഥയുണ്ടാക്കിയിരുന്നു. മുഖ്യമന്ത്രിക്ക് എഴുതിയ കത്തിലദ്ദേഹം പറയുന്നുണ്ട്, എന്റെ കുട്ടിക്കാലം മുതൽ അറിയുന്ന ആളാണ് അങ്ങ് എന്ന്. മാത്രമല്ല, ശ്രീ. സി.ഒ.ടി. നസീറിനെ പഠിപ്പിച്ചത് അങ്ങയുടെ ഭാര്യയാണെന്നുപോലും ആ കത്തിൽ പറഞ്ഞിട്ടുണ്ട്. ആ സി.സി.റ്റി.വി. ദൃശ്യം കണ്ടാൽ, ഇത്തരത്തിൽ ആക്രമിക്കപ്പെട്ടിട്ടും അദ്ദേഹമെങ്ങനെ ജീവിച്ചിരിക്കുന്നുവെന്നുള്ളത് നമ്മളെ അത്ഭുതപ്പെടുത്തുകയാണ്. വാൾ ഉപയോഗിച്ച് തുടർച്ചയായി വെട്ടുകയും മരിച്ചുവെന്ന് കരുതി അദ്ദേഹത്തിന്റെ ശരീരത്തിലൂടെ ബൈക്ക് കയറ്റിയുമാണ് അക്രമികൾ പോകുന്നത്. ഇത്തരത്തിൽ ആക്രമണം നടക്കുമ്പോൾ അദ്ദേഹത്തെ പരിചയമുള്ളവർ വഴി യാത്രക്കാരായുണ്ടായിരുന്നെങ്കിലും അവർ പോലും അദ്ദേഹത്തെ സഹായിക്കാൻ ഭയപ്പെട്ടുവെന്നാണ് ശ്രീ. സി. ഒ. ടി. നസീർ പറയുന്നത്. അദ്ദേഹം പറഞ്ഞിട്ടുള്ള മൊഴിയിലുള്ള ഒരു പ്രധാനപ്പെട്ട കാര്യം സി.പി.ഐ.(എം)-ന്റെ ഒരു യുവ എം.എൽ.എ. ഈ ഗൂഢാലോചനയിൽ ഉണ്ടെന്നുള്ളതാണ്. ഇതിനെക്കുറിച്ചന്വേഷിക്കാൻ പോലീസുള്ളപ്പോൾ പിന്നെന്തിനാണ് പാർട്ടി ഒരന്വേഷണ കമ്മീഷനെ വച്ചിരിക്കുന്നത്; ഏത് കാര്യം നടന്നാലും പാർട്ടി എന്തിനാണ് സമാന്തരമായി ഒരന്വേഷണം വയ്ക്കുന്നത്? പാർട്ടി നിയോഗിക്കുന്ന അന്വേഷണ കമ്മീഷനും എം.എൽ.എ. മാരാണ്. അപ്പോൾ ശ്രീ. സി.ഒ.ടി. നസീർ പറഞ്ഞതിനെന്ത് നീതി കിട്ടും. സി. പി. ഐ.(എം) സി.ബി.ഐ. ആകേണ്ട. ഏത് കാര്യത്തിനും പാർട്ടിയൊരു അന്വേഷണ കമ്മീഷനെ വയ്ക്കുകയും ആ അന്വേഷണ കമ്മീഷൻ കുറ്റക്കാരനല്ലെന്ന് പറഞ്ഞാൽ പിന്നെ അത് സംബന്ധിച്ചൊരന്വേഷണവുമില്ല. ഈ രീതിയിലുള്ള അപകടകരമായ അവസ്ഥ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ഈ സംഭവത്തിൽ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് ബഹു. മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഇത്രയും ഗൗരവമായൊരു വിഷയം നമ്മൾ ചർച്ച ചെയ്യുന്നില്ല. ഒരു തെരഞ്ഞെടുപ്പിൽ മത്സരിച്ചുവെന്നുള്ളതാണോ ശ്രീ. സി.ഒ.ടി. നസീർ ചെയ്ത തെറ്റ്? അദ്ദേഹത്തെ എല്ലാവരും സന്ദർശിച്ചുവെന്നത് ശരിയാണ്. പക്ഷേ സന്ദർശനമല്ല വേണ്ടത് അദ്ദേഹത്തിന് നീതി ലഭിക്കണം. പോലീസിൽ നിന്ന് നീതി കിട്ടില്ലെന്ന് ശ്രീ. സി.ഒ.ടി. നസീറിന് തന്നെ തോന്നിത്തുടങ്ങിയിരിക്കുന്നു. അദ്ദേഹം ഹൈക്കോടതിയെ സമീപിക്കാൻ പോകുന്നു. നമ്മുടെ നാട്ടിലെ ആളുകൾക്ക് നീതി ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ പോലീസും ഗവൺമെന്റും പ്രവർത്തിക്കണം. അക്രമികൾ പാർട്ടി പ്രവർത്തകരാണെങ്കിലും മുഖം നോക്കാതെ നടപടിയെടുക്കാൻ ഗവൺമെന്റിന് സാധിക്കണം. ഞാൻ ഡി.ജി.പി.ക്ക് ഒരു പരാതി കൊടുത്തിട്ടുണ്ട്. വാട്ട്സ് ആപ്പിൽ എന്റെ പിതാവിനേയും എന്റെ മാതാവിനേയും അവഹേളിക്കുന്ന രീതിയിൽ ഒരു പോസ്റ്റ് വന്നു. എന്റെ

പിതാവിനേയും മാതാവിനേയും അങ്ങേയ്ക്കറിയാം. അത്തരത്തിലുള്ളൊരു പോസ്റ്റിനെപ്പറ്റി ഡി. ജി. പി.ക്ക് പരാതി നൽകിയിട്ട് മാസങ്ങൾ പലത് കഴിഞ്ഞിട്ടും ആ പരാതിക്ക് ഒരു കടലാസ്സിന്റെ വില പോലും കൽപ്പിക്കാതെ, ഒരു നടപടിപോലും കൈക്കൊള്ളാത്തതിലുള്ള ദുഃഖം കൂടി രേഖപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ളൊരവസ്ഥ ഞങ്ങൾക്കൊക്കെ ഉണ്ടാകുന്നൊരു സാഹചര്യം അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഉണ്ടാകരുത് എന്ന് പറഞ്ഞുകൊണ്ട് ഈ കാര്യങ്ങളിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹു. മുഖ്യമന്ത്രിയുടെ മറുപടി ഞാൻ ഗൗരവത്തിലെടുക്കുകയാണ്. കാസർഗോഡ് കൊല ചെയ്യപ്പെട്ട കൃപേഷിന്റേയും ശരത് ലാലിന്റേയും വീട്ടിൽ ഞാൻ പോയിരുന്നു. ഒറ്റമുറിയിൽ താമസിക്കുന്ന ഒരു കുടുംബമാണത്. അവിടെ ദുഃഖം തളംകെട്ടി നിൽക്കുന്നു. ഒരു ആൺകുട്ടിയാണുണ്ടായിരുന്നത് കൃപേഷ്. ശരത് ലാലിന്റെ അച്ഛൻ പറഞ്ഞത് ശരത് ലാലിന്റെ കലാരംഗത്തുള്ള കഴിവിനെക്കുറിച്ചാണ്. അവധിക്ക് വരുമ്പോൾ കൂട്ടുകാരെക്കൂട്ടി കലാപരിപാടികൾ നടത്താറുണ്ടായിരുന്നു. കോൺഗ്രസ്, സി.പി.ഐ.(എം) തുടങ്ങി എല്ലാ പാർട്ടിയിലുംപെട്ട കൂട്ടുകാർ വന്നുചേരുമായിരുന്നു. മംഗലാപുരത്തുനിന്ന് ബാംഗ്ലൂരിലേയ്ക്ക് ശരത് ലാലിനെ മാറ്റിയത് വഴക്കുണ്ടാകാതിരിക്കാനാണ്. പക്ഷെ ശരത് ലാലും കൊല ചെയ്യപ്പെട്ടു. എത്ര ശ്രമിച്ചിട്ടും കാരണം കണ്ടെത്താൻ കഴിയുന്നില്ല. അത്തരത്തിലുള്ള നടപടികൾ കേരളത്തിലുണ്ടാകുന്നു. മുൻ എം.എൽ.എ. ശ്രീ. ഹൈബി ഈഡൻ കൃപേഷിന്റെ കുടുംബത്തിനൊരു വീട് പണിത് നൽകുന്നുണ്ട്. ഞാൻ അവിടെ ചെന്നപ്പോൾ ആ വീടിന്റെ പണികൾ നടക്കുകയാണ്. അത്ര ദയനീയമാണ് അവർ താമസിക്കുന്ന വീടിന്റെ ചിത്രം. അവരുടെ ഏക ആൺസന്തതിയാണ് കൊല ചെയ്യപ്പെട്ടത്. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇതിനി ആവർത്തിക്കപ്പെടാൻ പാടില്ല. ഈ ഒരു കേസ് ടെസ്റ്റ് കേസായി കേരളം കാണണം. യഥാർത്ഥ പ്രതികളെ കണ്ടെത്താൻ അങ്ങ് നടപടി സ്വീകരിക്കണം, വിശ്വാസ്യത തെളിയിക്കണം. പക്ഷെ ഇതുവരേയും ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുള്ളതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

11.00 a.m]

ശ്രീ. അനൂപ് ജേക്കബ്: സർ, ശ്രീ. നസീർ അദ്ദേഹത്തിന്റെ ഭാഗ്യം കൊണ്ടാണ് രക്ഷപ്പെട്ടത്. അല്ലെങ്കിൽ കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം 32 ആകുമായിരുന്നു. അക്രമികൾക്കെതിരെ ശക്തമായ നടപടികളെടുക്കുമെന്ന് മുഖ്യമന്ത്രി സൂചിപ്പിക്കുമ്പോൾത്തന്നെ, അത്തരത്തിലുള്ള യാതൊരു നടപടിയും കഴിഞ്ഞ കാലങ്ങളിലൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള അക്രമങ്ങൾ ആവർത്തിക്കപ്പെടുന്നത്. ഈ വ്യക്തിക്കുനേരെ നടന്ന അതിക്രമങ്ങൾ സി.സി.റ്റി.വി. ദൃശ്യങ്ങളിലൂടെ വളരെ വ്യക്തമാണ്. അദ്ദേഹത്തെ കൊലപ്പെടുത്തുക എന്ന ലക്ഷ്യത്തിലൂടെത്തന്നെ നീങ്ങുന്നു. ഏറ്റവും ഗുരുതരമായ വിഷയമാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. ഈ സംഭവത്തിൽ ഉന്നതമായ ഗൂഢാലോചനയുണ്ടായിട്ടുണ്ട്. ബഹുമാന്യനായ എം. എൽ. എ. അടക്കമുള്ളവർ ഇന്ന് ആക്ഷേപത്തിന്റെ മുൾമുനയിൽ നിൽക്കുകയാണ്. ഇത് സംബന്ധിച്ച് വ്യക്തമായ അന്വേഷണമുണ്ടാകണം. പോലീസ് യഥാർത്ഥ അക്രമികളെ അല്ലെങ്കിൽ ഈ ആക്രമണത്തിന് ഗൂഢാലോചന നടത്തിയവരെയും ആക്രമിക്കുവാൻ അവരെ പ്രേരിപ്പിച്ചവരെയും കുറിച്ച് ഉന്നതതലത്തിൽ അന്വേഷിക്കേണ്ടതാണ്. അത് സംബന്ധിച്ചുള്ള അന്വേഷണങ്ങൾ ഇവിടെ നടക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്തരത്തിലുള്ള വിഷയങ്ങളെ അടിച്ചമർത്താൻ ഗവൺമെന്റിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ ഗൂഢാലോചനയിൽ പങ്കാളികളായവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ തയ്യാറാകണം. ഇവിടെ നടന്നിട്ടുള്ള 31 രാഷ്ട്രീയ കൊലപാതകങ്ങളിലും അതുണ്ടായിട്ടില്ല. ഇതിലും അതുണ്ടാകുമെന്ന് ഞങ്ങൾ കരുതുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, കുറച്ചുകൊല്ലം മുമ്പ് കണ്ണൂർ ജില്ലയിൽ ഇതുപോലുള്ള ക്രാഷസൊക്കെ നടന്നിട്ടുണ്ടായിരുന്നു. ഭാഗ്യവശാൽ ആ അന്തരീക്ഷം, ആ അദ്ധ്യായം അവസാനിച്ചിരിക്കുന്നു. നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് നിലനിൽക്കുന്ന സാഹചര്യത്തിൽ, സി.സി.ടി.വി.- യിൽ കൂടി കാണുന്ന കാര്യങ്ങളും ഇവിടെ നടന്നിട്ടുള്ള ചർച്ചകളിൽ പുറത്തുവന്നിട്ടുള്ള വസ്തുതകളും വളരെയധികം ഖേദകരമായിട്ടുള്ളതാണ്. ഇവിടെ ഐ.പി.സി (Indian Penal Code) -യോ, സി.പി.സി (Civil Procedure Code) -യോ ഒന്നും തന്നെ ബാധകമല്ല. ഇവിടെ ഭരിക്കുന്ന കക്ഷിയുടെ ചില നേതാക്കന്മാർക്കും ചില

സ്ഥലത്തുള്ള നേതാക്കന്മാർക്കും എന്തും ചെയ്യാം, എം. എൽ. എ.- മാരായാൽ ഒരു പ്രശ്നവുമില്ല എന്ന രീതിയിലുള്ള പോക്ക് നിയമവാഴ്ചയോടുള്ള ചോദ്യം ചെയ്യലാണ്. ഈ വിഷയം തികച്ചും അധിക്ഷേപകരമായിട്ടുള്ള കാര്യമാണ്. ഈ വിഷയം വിശദമായി ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) മാലിന്യ സംസ്കരണം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വലിയ പ്രശ്നമാണ് നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള മാലിന്യ സംസ്കരണത്തിൽ നേരിടുന്ന വെല്ലുവിളികൾ. ഈ രംഗത്ത് കേരളം കുറേയൊക്കെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും കേരളത്തിലെ നഗര-ഗ്രാമ മേഖലകളിൽ മാലിന്യം ഇപ്പോഴും അതിരൂക്ഷമായി കുമിഞ്ഞു കൂടുന്നുണ്ട്. മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് രംഗത്ത് കുറേ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വമിഷനും തയ്യാറായിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. 2016-ലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഏഴ് മേഖലകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും അത് പ്രാവർത്തികമാക്കുന്ന തലത്തിലേയ്ക്ക് എത്തുകയുമാണ്. കേരളം വളരെ വേഗത്തിൽ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഗ്രാമങ്ങളിലും നഗരങ്ങളിലുമൊക്കെ സംസ്കരിക്കുവാൻ കഴിയാത്തവിധം മാലിന്യമുണ്ടാകുന്നത് ആശങ്കാജനകമായൊരു അന്തരീക്ഷമുണ്ടാക്കുന്നുണ്ട്. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മികച്ച ആരോഗ്യമുണ്ടാകണം; ശുദ്ധവായു ശ്വസിക്കാൻ കഴിയണം; മാലിന്യമില്ലാത്ത കുടിവെള്ളം ലഭ്യമാക്കാൻ കഴിയണം; പാരിസ്ഥിതിക രംഗത്ത് കുറവുകളില്ലാത്തവിധം നമുക്ക് മുന്നേറാൻ കഴിയണം. സന്തുലിതമായ വികസനത്തിന് പരിസര ശുചീകരണം അത്യന്താപേക്ഷിതമാണെന്ന് ആധുനിക പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുമായി

ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് മാലിന്യ സംസ്കരണം. പഞ്ചായത്ത് രാജ് ആക്ട് നിയമത്തിലും മുനിസിപ്പൽ നിയമത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതല മാലിന്യ സംസ്കരണവും മാലിന്യമില്ലാതെ തങ്ങളുടെ പ്രദേശം കാത്തു സൂക്ഷിക്കുക എന്നുള്ളതുമാണ്. ആ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും കുറ്റകരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. താൻ താമസിക്കുന്നിടം മെച്ചപ്പെട്ടാൽ മതി തന്റെ വീടിനകത്തെ അഴുക്കുപോലും അയൽവീട്ടുകാരന്റെ പറമ്പിലേയ്ക്ക് പോയാൽ കുഴപ്പമില്ല എന്നൊരു മനോഭാവം കേരളജനത വച്ചുപുലർത്തുന്നുണ്ട്. ഇതാണ് മാലിന്യത്തെ സംബന്ധിച്ചുള്ള നമ്മുടെ നാട്ടിലെ ജനങ്ങളുടെ അവബോധം. പൊതു സ്ഥലങ്ങളിൽ യാതൊരു വിധത്തിലുള്ള തടസ്സങ്ങളുമില്ലാതെ ആളുകൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതാണ് മാലിന്യ സംസ്കരണത്തിൽ കഴിഞ്ഞ പത്തുകൊല്ലമായി കേരളം നേരിടുന്ന വലിയ പ്രശ്നം. അതിന്റെ ഫലമായി കേരളത്തിന്റെ പൊതു ഇടങ്ങൾ എന്നറിയപ്പെടുന്ന പല പ്രദേശങ്ങളും ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനമില്ലാത്തതുകൊണ്ടാണ് കേരളത്തിലെ ജലസ്രോതസ്സുകൾ പലതും മലിനമാകുന്നത്. ഹോട്ടൽ, വിവാഹം നടക്കുന്ന ഓഡിറ്റോറിയങ്ങളിലെ സദ്യാലയങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പലപ്പോഴും മാംസ കച്ചവടക്കാർ എറണാകുളം നഗരത്തിലെ പടിഞ്ഞാറൻ പ്രദേശത്തെ തോടുകളിലും പുഴകളിലുമാണ് വേസ്റ്റുകൾ നിക്ഷേപിക്കുന്നത്. പടിഞ്ഞാറൻ കൊച്ചിയിൽ ശാസ്ത്രീയമായ അറവുശാല നിലവിലില്ല. എറണാകുളം നഗരത്തിലെ കണ്ണായ പ്രദേശത്ത് പരിമിതികൾക്കുള്ളിലാണ് അറവുശാലയുള്ളത്. ഇന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സംസ്ഥാനത്ത് സെപ്റ്റേജ് വേസ്റ്റ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യം ഇവയൊക്കെയാണ് പ്രധാനമായും ഖര മാലിന്യമായി കണക്കാക്കുന്നത്. ഇവയെല്ലാം സംസ്കരിക്കാൻ കഴിയുന്ന കേന്ദ്രീകൃത സംവിധാനത്തോടൊപ്പം ഇവ വികേന്ദ്രീകരിച്ചുകൊണ്ട് ഉത്ഭവ സ്ഥലത്തുതന്നെ സംസ്കരിക്കാനാവശ്യമായ സംവിധാനം വേണം. ഇത് രണ്ടും ഒരുപോലെ കൊണ്ടുപോയെങ്കിൽ മാത്രമേ ഈ രംഗത്ത് പരിഹാരമുണ്ടാക്കാൻ കഴിയൂ. കേരളത്തിൽ ഏഴ് സ്ഥലങ്ങളിൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിൽ പെരിങ്ങമ്മല പ്രദേശം പരിസ്ഥിതിലോല മേഖലയാണെന്നുള്ളതുകൊണ്ട് വലിയ തോതിലുള്ള പ്രശ്നങ്ങൾ ജനങ്ങളുടെ ഇടയിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ മാലിന്യ പ്രശ്നം നേരിടുന്നത് കൊച്ചി നഗരമാണ്. കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണ കേന്ദ്രം ഏതാനും കിലോമീറ്റർ ദൂരെയുള്ള ബ്രഹ്മപുരമാണ്. അവിടെ നൂറ് ഏക്കറാണുള്ളത്. ആ സ്ഥലത്ത് ഇന്ന് മാലിന്യ സംസ്കരണ പ്ലാന്റ്

പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല ആ മാലിന്യങ്ങളെല്ലാം കുന്നുകൂടി മാലിന്യമലയാണുണ്ടാകുന്നത്. ആ മാലിന്യമലയിലെ മലിനജലം തൊട്ടടുത്തുള്ള കടമ്പ്രയാറിലേക്കൊഴുകി അിടത്തെ ജലവും മലിനപ്പെട്ടിരിക്കുന്നു. ബ്രഹ്മപുരത്തെ ദുർഗന്ധം കിലോമീറ്ററോളം ദൂരം വ്യാപിക്കുകയാണ്. സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, കളക്ടറേറ്റ്, നിരവധി കോളേജുകൾ എന്നിവ പ്രവർത്തിക്കുന്ന മേഖലയാണത്. അവിടെ ദുർഗന്ധം കാരണം ഇരിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ആറുമാസത്തിനുള്ളിൽ അഞ്ച് തവണ ബ്രഹ്മപുരത്തെ പ്ലാസ്റ്റിക് കുമ്പാരത്തിന് തീപിടിച്ചതിനെത്തുടർന്ന് കിലോമീറ്ററുകൾ ദൂരെയുള്ള കൊച്ചി നഗരത്തിൽപ്പോലും ഇതിന്റെ രൂക്ഷത അനുഭവപ്പെടുകയുണ്ടായി. അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ പ്രശ്നത്തിൽ അടിയന്തര പരിഹാരമുണ്ടാക്കിക്കൊണ്ട് സംസ്ഥാനത്താകെ മാലിന്യ സംസ്കരണത്തിനുള്ള ഒരുക്കങ്ങൾ ഊർജ്ജിതമാക്കുകയും കൊച്ചി നഗരസഭയുടെ കുറ്റകരമായ അനാസ്ഥ ഒഴിവാക്കുന്നതിനും ബ്രഹ്മപുരത്ത് മാലിന്യ സംസ്കരണ പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിൽ 6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ, 941 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ദിവസേന 10,044 ടൺ ഖരമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നു. അതിൽ 45% വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലങ്ങളിലുമായി സംസ്കരിക്കപ്പെടുകയാണ്. ജൈവമാലിന്യം സംസ്കരിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള ഗാർഹികതല കമ്പോസ്റ്റിംഗ്, Bio-Methanation unit-കളിൽ 1709478 എണ്ണം ശാസ്ത്രീയമായ സംവിധാനങ്ങളാണ്. ബാക്കിയുള്ളവ കുഴി കമ്പോസ്റ്റ് രീതിയും അവലംബിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി നടപ്പിലാക്കി വരുന്ന 585102 യൂണിറ്റുകൾ കൂടി പൂർത്തീകരിക്കുമ്പോൾ മാലിന്യ സംസ്കരണ ശേഷി 71% ആയി ഉയർത്തുവാനാകും. ഡോർ ടു ഡോർ അജൈവ മലിനീകരണ ശേഖരണം 67 നഗരസഭകളിലും 51 ഗ്രാമപഞ്ചായത്തുകളിലും ഭാഗികമായെങ്കിലും നടന്നുവരികയാണ്. അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിലേയ്ക്ക് 522 അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിലൂടെ ദിവസേന ഉൽപ്പാദിപ്പിക്കപ്പെടുന്ന അജൈവമാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യം 522 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയിട്ടുണ്ട്. 174 എം. സി. എഫ്. (Material Collection Facility)-കളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ കൂടി പൂർത്തിയാകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 67% സംഭരണശേഷിയുണ്ടാകും. പുനഃചംക്രമണം സാദ്ധ്യമാകുന്ന രീതിയിൽ അജൈവ

മാലിന്യത്തിന്റെ വേർതിരിവ് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലാണ് നടത്തേണ്ടത്. ലക്ഷ്യമിടുന്ന 263 ആർ. ആർ. എഫ് (Resource Recovery Facility) കളിൽ 107 എണ്ണം നിലവിൽ പ്രവർത്തന ക്ഷമമാണ്. 43 എണ്ണം മുനിസിപ്പാലിറ്റികളിലും 64 എണ്ണം ബ്ലോക്ക് പഞ്ചായത്ത് പരിധികളിലുമാണ്.

കൊച്ചി ഉൾപ്പെടെയുള്ള വൻ നഗരങ്ങളിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക മാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനുമായി സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മെസ്സേഴ്സ് ജി. ജെ. എംപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്ലാന്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയ ഭൂമി കമ്പനിക്ക് വിട്ടുനൽകിയിട്ടുള്ളതുമാണ്. എൻവയോൺമെന്റൽ ക്ലിയറൻസ് ബിൽഡിംഗ് പെൽമിറ്റ് ഒഴികെ പ്ലാന്റിന് വേണ്ട മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. ഈ അനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ 11-6-2018-ലെ സർക്കാർ ഉത്തരവുപ്രകാരം കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം കൊല്ലം, മലപ്പുറം എന്നീ 7 സ്ഥലങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 5 മെഗാവാട്ട് വരെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ എന്ന മാതൃകയിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. രണ്ട് വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലാവധി. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനപ്പെടുത്തിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും അതിൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Sonda Infrastructure pvt. Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമായാലുടൻ തന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതായിരിക്കും. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് ജില്ലകളിലേയ്ക്കുള്ള ടെണ്ടർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്ന് പദ്ധതികൾക്കും ഒരു ബിഡ്സ്

പോലും ലഭിക്കാത്ത സാഹചര്യത്തിൽ റീ- ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. മൂന്നാറിൽ എ. ജി. ഡോട്ടേഴ്സ് വാട്ടർ പ്രോസസ്സിംഗ് പ്രൈവറ്റ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവായിട്ടുണ്ട്. കൂടാതെ സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസമില്ലാതെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കൊച്ചിയിലെ ബ്രഹ്മപുരം പ്ലാന്റുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിച്ച വിഷയങ്ങൾ വളരെ ശരിയാണ്. കോർപ്പറേഷനെ ജാഗ്രതപ്പെടുത്തി-ക്കൊണ്ട് സർക്കാരിന്റെ ഇടപെടൽ അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അവിടെയുണ്ടായിരുന്ന ചില അപാകതകൾ താൽക്കാലികമായി പരിഹരിക്കുന്നതിന് ശ്രമിക്കുകയും ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുകയുമാണ് ചെയ്തത്. പക്ഷേ നേരത്തെ പറഞ്ഞ പ്ലാന്റിന്റെ പണി സമയബന്ധിതമായി പൂർത്തിയായാൽ മാത്രമേ പൂർണ്ണമായും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തെങ്കിലും അത് പ്രാവർത്തികമായിട്ടില്ല. ഇവിടെയുള്ള പ്രശ്നം പരിഹരിക്കാനായി കോർപ്പറേഷൻ അധികാരികളുടേയും ജനപ്രതിനിധികളുടേയും ഒരു ഉന്നത തലയോഗം വിളിച്ചുകൂട്ടി ഈ പ്രവർത്തനം ത്വരിതപ്പെടുത്താൻ ആവശ്യമായ നീക്കമുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ നേരത്തെ പറഞ്ഞു, കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ട്, എന്നാൽ അതിന് പാരിസ്ഥിതിക അനുമതി ലഭ്യമാകണം. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ജനപ്രതിനിധികൾ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷൻ അധികൃതർ എന്നിവർ ഉൾപ്പെട്ട യോഗം അടിയന്തരമായി വിളിച്ചുചേർത്ത് ഈ പ്രശ്നം പരിശോധിക്കാം.

## (2) തീരദേശവാസികളുടെ സുരക്ഷിതത്വം

ശ്രീ. വി. എസ്. ശിവകുമാർ: സർ, രൂക്ഷമായ കടലാക്രമണം കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനു മാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. രൂക്ഷമായ കടലാക്രമണംമൂലം കേരളത്തിലെ തീരദേശമേഖലയാകെ ദുരിതത്തിലാണ്. കഴിഞ്ഞ ദിവസത്തെ

കടലാക്രമണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം തുടങ്ങിയ ജില്ലകളിൽ കടലോര മേഖലയിലെ നൂറുകണക്കിന് വീടുകൾ പൂർണ്ണമായും തകർന്നു. ആയിരക്കണക്കിന് വീടുകളിൽ വെള്ളം കയറി സാധനസാമഗ്രികൾ നഷ്ടപ്പെടുകയും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടാകുകയും ചെയ്തു. ജൂൺ-ജൂലൈ മാസങ്ങൾ അതിരൂക്ഷമായ കടലാക്രമണത്തിന്റെ സീസണാണ്. ഇത് മുന്നിൽ കണ്ട് മുൻകരുതൽ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ റവന്യൂ വകുപ്പുമന്ത്രിക്കും ജലസേചന വകുപ്പുമന്ത്രിക്കും മത്സ്യബന്ധന വകുപ്പുമന്ത്രിക്കും നേരത്തെതന്നെ നൽകിയിട്ടുണ്ട്. യാതൊരു നടപടിയും മുൻകൂട്ടി എടുക്കാത്തതാണ് ഇപ്പോഴുണ്ടായ ഗുരുതരാവസ്ഥയ്ക്ക് കാരണം. കടൽഭിത്തി ഇല്ലാത്തതും കാലപ്പഴക്കംമൂലം കടൽഭിത്തി നശിച്ചിരിക്കുന്നതുമായ മേഖലകളിൽ കടൽഭിത്തി നിർമ്മിക്കണം. തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് വലിയതുറ മുതൽ ശംഖുംമുഖംവരെയുള്ള പ്രദേശങ്ങളിലാണ്. അഞ്ചുതെങ്ങ്, താഴംപള്ളി, വലിയതുറ, ബീമാപള്ളി, വിഴിഞ്ഞം എന്നിവിടങ്ങളിലും കഴിഞ്ഞ ദിവസത്തെ കടലാക്രമണത്തിൽ വൻനാശമാണ് ഉണ്ടായിട്ടുള്ളത്. കൊല്ലം ജില്ലയിൽ ചെറിയ അഴീക്കൽ, കളീക്കൽ കടപ്പുറം, നിത്യസഹായമാതാ ചർച്ച്, ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, കലവൂർ, കാട്ടൂർ ചർച്ചിന്റെ വടക്കുഭാഗം, വളഞ്ഞ വഴി, എറണാകുളം ജില്ലയിൽ ചെല്ലാനം, ചിറയിൻകീഴ് എന്നീ പ്രദേശങ്ങളിലും കടലാക്രമണമുണ്ടായിട്ടുണ്ട്. അതിരൂക്ഷമായ കടലാക്രമണം കാലവർഷം തുടങ്ങിയപ്പോൾത്തന്നെ ഉണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ വലിയതുറയിൽ സെന്റ് ആന്റണീസ് ഫുട്ബോൾ ഗ്രൗണ്ടിന് സമീപം സിംസൺ എന്നയാളിന്റെ തകർന്ന നിലയിലായ വീട് കഴിഞ്ഞ മാസം റവന്യൂ വകുപ്പുമന്ത്രി സന്ദർശിച്ചതാണ്. അത് പകുതി പൊളിഞ്ഞിരുന്നു. ഇപ്പോൾ ആ പ്രദേശമാകെ കടലെടുത്തു. സന്ദർശനം കഴിഞ്ഞ് ഒരുമാസമായെങ്കിലും അക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെ ശംഖുംമുഖത്തെ കൊച്ചുതോപ്പ് പ്രദേശത്ത് ഏഴ് വീടുകൾ തകർന്നു. വീട് തകർന്നവർ ബന്ധുവീടുകളിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. അവിടെ പുനരധിവാസത്തിനു വേണ്ടിയുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഒന്നുമില്ല. വലിയതുറ കടൽപ്പാലത്തിന്റെ ഒരു ഭാഗവും സെന്റർ ഫോർ എക്സലൻസ് സ്റ്റഡീസിന്റെ ഫീൽഡ് റിസർച്ചിന്റെ കെട്ടിടവും തകർന്നു. മൂന്നും നാലും നിലകളിലുള്ള വീടുകൾ വലിയ ഭീഷണിയിലാണ്. പല വീടുകളും തകരുകയുമുണ്ടായി. അതോടൊപ്പംതന്നെ നമ്മുടെ നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ ശംഖുംമുഖം റോഡ് കഴിഞ്ഞ കടലാക്രമണ സമയത്ത്,

അതായത് കഴിഞ്ഞ ജൂൺ മാസം തകർന്നതാണ്; ഒരു വർഷമായി ഒരു നടപടിയുമില്ല. വളരെ അപകടകരമായ സ്ഥിതിയിലാണ്. എയർപോർട്ടിലേയ്ക്ക് പോകുന്ന ആ റോഡ് എപ്പോൾ വേണമെങ്കിലും തകരാവുന്ന സ്ഥിതിയിലാണ്. മന്ത്രി അവിടെ വന്നപ്പോൾ ഞാൻ തന്നെ സൂചിപ്പിച്ചതാണ്. അത് അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ജൂൺ-ജൂലൈ മാസങ്ങളിലാണ് സാധാരണയായി കടലാക്രമണം ഉണ്ടാകുന്നത്. എന്നാൽ കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ കടലാക്രമണം ഉണ്ടായപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പാറ കിട്ടുന്നില്ല എന്നാണ് പറഞ്ഞത്. പക്ഷേ ക്ലേ ഫാക്ടറിയിൽനിന്നും കുറേ ക്ലേ ശേഖരിച്ച് മണൽച്ചാക്കുകൾ നിരത്തി താൽക്കാലികമായ സംവിധാനങ്ങൾ ഉണ്ടാക്കി. ഇപ്പോൾ അതെല്ലാം ഒലിച്ചുപോയി. പാറ കിട്ടുന്നില്ല എന്നുള്ളതാണ് ഈ വകുപ്പ് ഏറ്റവും പ്രധാനപ്പെട്ട ഒരു പരാതിയായി പറയുന്നത്. കടൽഭിത്തി നിർമ്മിക്കുന്നതിലേയ്ക്ക് ഒരു നിശ്ചിത ശതമാനം പാറ ലഭ്യമാക്കുന്നതിനുവേണ്ടി ക്വാറി മുതലാളിമാരുടെ യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. തുക അനുവദിച്ചാൽ പോലും ടെണ്ടർ എടുക്കുന്നില്ല. പാറ കിട്ടുന്നില്ലെന്ന് പറഞ്ഞ് മണൽച്ചാക്ക് അടുക്കിയാൽ എന്ത് പ്രയോജനമാണുള്ളത്? കഴിഞ്ഞ വർഷം ഇറിഗേഷൻ വകുപ്പ് 75 ലക്ഷം രൂപ കടൽഭിത്തി നിർമ്മാണത്തിനായി തന്നു. ഒരു വർഷമായെങ്കിലും ഇതുവരെ ആ തുക ഉപയോഗിച്ചുള്ള പണി നടത്താൻ കഴിഞ്ഞിട്ടില്ല. പാറ കിട്ടുന്നില്ലെന്ന് പറഞ്ഞ് കോൺട്രാക്ടർമാർ ടെണ്ടർ എടുക്കുന്നില്ല; അതുകാരണം തുക അനുവദിച്ചാൽപ്പോലും ഇതൊന്നും നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. അതിനെന്തെങ്കിലും ഒരു പരിഹാരമുണ്ടാകണം. അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയമായതുകൊണ്ട് ഈ കാര്യങ്ങളിൽ നടപടി ഉണ്ടാകണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ സ്കൂളുകളെല്ലാം തുറന്നു. രണ്ട് സ്കൂളുകളിൽ ആളുകളെ പുനരധിവസിപ്പിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് ഒരു താൽകാലിക പുനരധിവാസത്തിനായി 10 സെന്റ് സ്ഥലം അനുവദിച്ചുകൊണ്ട് പെർമനന്റ് ബിൽഡിംഗ് പണികഴിപ്പിക്കേണ്ടതാണ്. ഇത് കേരളം മുഴുവൻ ചെയ്യേണ്ടതാണ്. സ്കൂളുകളിൽ പുനരധിവാസം നടത്താൻ കഴിയില്ല. ആ സ്ഥലത്ത് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ആലോചിച്ചെങ്കിലും രണ്ടുമൂന്ന് വർഷമായി ഒന്നും നടക്കുന്നില്ല. എന്തെങ്കിലും പ്രശ്നമുണ്ടായാൽ ആളുകളെല്ലാം ബന്ധു വീടുകളിലേയ്ക്ക് പോകുകയാണ്.

അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. പ്രളയം ഉണ്ടായതു പോലെ തന്നെ അതിരൂക്ഷമായ പ്രശ്നമാണ് കാലവർഷം വരുമ്പോൾ തീരപ്രദേശം മുഴുവൻ ഉണ്ടാകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രധാനമായും കടൽഭിത്തി ഇല്ലാത്ത മേഖലകളിൽ കടൽഭിത്തി നിർമ്മിക്കണം. അതിന് ഫണ്ടില്ലെന്നാണ് ഇറിഗേഷൻ വകുപ്പുമന്ത്രി പറയുന്നത്. കോടിക്കണക്കിന് രൂപ വേണം; കുറച്ച് തുക അനുവദിച്ചിട്ട് കാര്യമില്ല; എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും കാര്യമില്ല. തീരദേശത്ത് കടൽഭിത്തി കെട്ടുന്നതിന് കിഫ്ബി പോലുള്ള സംവിധാനങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കണം. അതുപോലെ ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. നാശനഷ്ടം കണക്കാക്കി സമയബന്ധിതമായി മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകണം. 27-ാം തീയതിവരെ കടലിൽ പോകരുതെന്ന് പറഞ്ഞിരിക്കുകയാണ്. 27-ാം തീയതിവരെ കടലിൽ പോയില്ലെങ്കിൽ എങ്ങനെ മത്സ്യത്തൊഴിലാളികൾ ജീവിക്കും? അപ്പോൾ അതനുസരിച്ചുള്ള സാമ്പത്തിക സഹായം റവന്യൂ വകുപ്പിൽ നിന്നും നൽകണം. അതോടൊപ്പം അവർക്ക് ഈ കാലയളയിൽ സൗജന്യ റേഷൻ നൽകുന്നതിനും നടപടി ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ വിവിധ വകുപ്പുകളുടെ യോഗം ചേർന്നാൽ മാത്രമേ ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാകുകയുള്ളൂ. ഫിഷറീസ്, ഇറിഗേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെപ്പോലെ തന്നെ ധനകാര്യ വകുപ്പുമന്ത്രി അടക്കമുള്ള ആളുകളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, പ്രളയം പോലെതന്നെ കാലവർഷക്കെടുതിയിൽ കേരളത്തിൽ ഉണ്ടാകുന്ന ഏറ്റവും വലിയ ദുരന്തമാണിത്. ഇത് പരിഹരിക്കുന്നതിന് വളരെ ശ്രദ്ധയോടും ഗൗരവത്തോടുംകൂടി പ്രവർത്തിക്കണം. റവന്യൂ വകുപ്പ് മാത്രം വിചാരിച്ചാൽ ഇക്കാര്യം നടക്കുന്നതല്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഫണ്ടില്ലെന്ന് പറയുന്നു; കിഫ്ബി പോലുള്ള സംവിധാനങ്ങളിൽ നിന്നും പണം കണ്ടെത്തി കടൽഭിത്തി കെട്ടുന്നതിനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരുകാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ പേട്ടയിൽ കാലവർഷം തുടങ്ങിയപ്പോൾതന്നെ ഇലക്ട്രിക് കമ്പി തട്ടിവീണ് പ്രസന്നകുമാരി, രാധാകൃഷ്ണൻ എന്നിങ്ങനെ രണ്ടുപേർ

മരണപ്പെടുകയുണ്ടായി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അവർക്ക് സാമ്പത്തിക സഹായം നൽകണം. 10 ലക്ഷം രൂപ വീതം ഓരോ കുടുംബത്തിനും അനുവദിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ഉന്നയിച്ച കടലാക്രമണവുമായി ബന്ധപ്പെട്ട വിഷയം വളരെ ഗൗരവമായി നിലനിൽക്കുകയാണ്. രൂക്ഷമായ കടലാക്രമണമാണ് തീരദേശത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. കാലവർഷം ആരംഭിച്ചതിനെത്തുടർന്ന് മാത്രമല്ല, അതിന് തൊട്ടുമുമ്പും ചില സന്ദർഭങ്ങളിൽ പ്രക്ഷുബ്ധമായ കടലാക്രമണത്തെത്തുടർന്ന് ഇത്തരം സ്ഥിതിയുണ്ടായിട്ടുണ്ട്. ഈ വിഷയങ്ങൾ തീർച്ചയായും ഗൗരവമായ നിലയിൽത്തന്നെയാണ് സർക്കാർ പരിഗണിച്ചുവരുന്നത്. കടലാക്രമണംമൂലമുള്ള തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി 23-7-2015-ലെ ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും അതുപ്രകാരം കേന്ദ്ര മാനദണ്ഡങ്ങൾക്കു വിധേയമായി ദുരന്തബാധിതർക്ക് ദുരിതാശ്വാസം അനുവദനീയവുമാണ്. 9-5-2019-ലെ ഉത്തരവുപ്രകാരം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ കാലവർഷ /തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ-2019 അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ ദുരന്തസാഹചര്യം വിലയിരുത്തുവാനും ബന്ധപ്പെട്ട വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ചിട്ടുള്ളതിൽ അടിയന്തര സ്വഭാവത്തിൽ ചെയ്യേണ്ട കുറേ കാര്യങ്ങളുണ്ട്. അതേസമയം ഇത്തരമൊരു കടലാക്രമണം ഉണ്ടാകുന്ന സാഹചര്യത്തിൽ മുന്നൊരുക്കമെന്ന നിലയിൽ സർക്കാർ പൊതുവിൽ സ്വീകരിക്കേണ്ട നയങ്ങളെയും നിലപാടുകളെയുംകുറിച്ച് തീരുമാനിച്ചിരിക്കുകയാണ്. കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള ജൂൺ-ജൂലൈ മാസങ്ങളിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കണക്കിലെടുത്ത് മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനമാകെ കടൽരക്ഷാ പ്രവർത്തനങ്ങൾക്കായി 20 റെസ്ക്യൂ ബോട്ടുകളും 80 സീ റെസ്ക്യൂ ഗാർഡുകളെയും അധികമായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കിലോമീറ്റർവരെ സന്ദേശമെത്തിച്ചുകൊടുക്കാൻ പര്യാപ്തമായ നാവിക് ഉപകരണം ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ നിർമ്മിച്ച് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ജാക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി

കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമെ മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ, വെസൽ മോണിറ്ററിംഗ് സംവിധാനം എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാ-ളികൾക്ക് സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴിയും മുന്നറിയിപ്പ് നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്. ലൈഫ് ബോയ് (life buoy) എന്നിവയും നൽകിയിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ജലസേചന വകുപ്പിന്റെ കീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാ-ടിസ്ഥാനത്തിലും തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കൽ ഉപയോഗിച്ചുള്ള നിർമ്മാണമാണ് അടിയന്തര പ്രവൃത്തിക്കായി നടപ്പിലാക്കിവരുന്നത്. എന്നാൽ അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെതന്നെ ആവശ്യത്തിന് കരിങ്കൽ ലഭിക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് കടൽത്തീരത്തെ സംരക്ഷിച്ചുവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിനാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രസ്തുത പ്രദേശങ്ങളുടെ ഫോട്ടോ സഹിതം അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് എല്ലാ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ ഐ.ഐ.ടി.-യിൽനിന്നും ഡിസൈൻ തയ്യാറാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചുവരുന്നു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിലുള്ള കടലാക്രമണ പ്രതിരോധ നടപടികളുടെ ഭാഗമായി രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ കടൽഭിത്തി തകർന്ന ചെറിയതുറയിലും വലിയതുറ പിയറിന് സമീപവുമായി കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കടലാക്രമണം രൂക്ഷമായ ചെറിയതുറ കുരിശ്ശടി മുതൽ തെക്കോട്ട് 1245 മീറ്റർ നീളത്തിൽ 16.7 കോടി രൂപയുടെ 15 പുലിമുട്ടുകളുടെ

നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ വലിയതുറയിൽ 100 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കടലാക്രമണം നേരിടുന്നതിനായി സ്ഥലവാസികളുടെ ആവശ്യപ്രകാരം വലിയതുറ ഗ്രൗണ്ടിന്റെ വടക്കുഭാഗത്തും വർക്കല വെറ്റക്കട ഭാഗത്തും മണൽച്ചാക്ക് അടുക്കി താൽക്കാലിക ബണ്ട് നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ എടവനക്കാട് മേഖലയിൽ നാല് പുലിമുട്ടുകൾക്കും ചെല്ലാനത്ത് ജിയോട്യൂബ് ഉപയോഗിച്ചുള്ള 5 സംരക്ഷണ പ്രവൃത്തികൾക്കുമായി 11.77 കോടി രൂപയുടെ അനുമതി നൽകി പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടത്തിലാണ്. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ തീരദേശമാകെ നേരിടുന്ന ഒരു പ്രധാനപ്പെട്ട വിഷയമായാണ് ഇതിനെ കണ്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ തീരദേശ ജില്ലകളിലായി 78 കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12.19 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം ഇതുവരെ തീരസംരക്ഷണ പ്രവൃത്തികൾക്ക് 159.50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരത്തെ വലിയതുറയിൽ 100 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് 77 ലക്ഷം രൂപയ്ക്ക് നൽകിയ അനുമതിയും ഉൾപ്പെടുന്നു. ഇപ്രകാരം വരുംനാളുകളിൽ സംഭവിക്കാൻ സാധ്യതയുള്ള കടലാക്രമണ ഭീഷണി മുന്നിൽ കണ്ടുകൊണ്ട് സർക്കാർ ഊർജ്ജിതമായ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ശംഖുംമുഖം റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള നടപടി കഴിഞ്ഞ കാലത്തുതന്നെയുണ്ടായ കടലാക്രമണത്തിൽ സംഭവിച്ചതാണ്. അതുസംബന്ധിച്ച് കഴിഞ്ഞ തവണ വീണ്ടും അവിടെ സന്ദർശിച്ചപ്പോഴുണ്ടായ അഭിപ്രായംകൂടി കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയടക്കം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നടപടികളാരംഭിച്ചിരിക്കുകയാണ്. ഏതാണ്ട് 5 കോടിയിൽപ്പരം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾകൂടി ആരംഭിച്ചിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അങ്ങ് പറഞ്ഞത് പൊതുവായിട്ടുള്ള കാര്യങ്ങളാണ്. പക്ഷെ ഇപ്പോൾ അടിയന്തര പ്രാധാന്യത്തോടുകൂടി ചെയ്യേണ്ട ചില കാര്യങ്ങൾകൂടി ഞാനിവിടെ സൂചിപ്പിച്ചിരുന്നു. രാവിലെ ചോദ്യോത്തരവേളയിൽ ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത് പോർട്ടുമായി ബന്ധപ്പെട്ടുനിൽക്കുന്ന പ്രദേശങ്ങൾ മാത്രമാണ് ആ വകുപ്പ് ചെയ്യുന്നത് എന്നാണ്. ബാക്കിയുള്ള പ്രദേശങ്ങളിൽ പ്രവൃത്തി ചെയ്യുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്

ഫണ്ടില്ല. വളരെയധികം രൂക്ഷമായ പ്രശ്നമാണ്. അതുകൊണ്ട് ഇതിന് സാമ്പത്തികം കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കിഫ്ബിയിൽനിന്നും 12 കോടി രൂപയ്ക്ക് ഒരു വാർഡിൽ കടൽഭിത്തി കെട്ടാൻ സാധിക്കില്ല; കോടിക്കണക്കിന് രൂപ ആവശ്യമുണ്ട്. കേരളത്തിലെ കടലാക്രമണം അതിരൂക്ഷമാണ്. വെള്ളപ്പൊക്കം പോലുള്ള വലിയൊരു ദുരന്തമാണ് ഈ കാലഘട്ടത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ മണ്ഡലത്തിലും ഈ വിഷയമുണ്ട്. അത് മനസ്സിലാക്കി കിഫ്ബിയിൽനിന്നുതന്നെ ഇതിന് ഫണ്ട് കണ്ടെത്തണം. ഏതുഭാഗത്തുനിന്ന് ഫണ്ട് കണ്ടെത്തിയാലും കുഴപ്പമില്ല, പക്ഷെ കേരളത്തിന്റെ മറ്റ് മേഖലയിലേയ്ക്ക് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതുപോലെ ഇതിലേയ്ക്കും അനുവദിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. കാരണം, റവന്യൂ വകുപ്പ് അവരുടേതായ കാര്യങ്ങൾ മാത്രം ചെയ്യുന്നു, ഫിഷറീസ് വകുപ്പുമന്ത്രി ചെയ്യുമെന്ന് പറഞ്ഞ കുറേ കാര്യങ്ങളാണ് റവന്യൂ വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞത്. അതുപോലെതന്നെ ഇറിഗേഷൻ വകുപ്പുമന്ത്രിയോട് പലപ്പോഴും സംസാരിച്ചപ്പോൾ ഫണ്ടില്ലെന്നാണ് പറയുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നാൽമാത്രമേ സാധിക്കുകയുള്ളൂ. അടിയന്തര പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന പരിപാടികളാണ് ആവിഷ്കരിക്കുന്നത്. എസ്.ഡി.ആർ.എഫ്.(സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)-ൽ നിന്ന് സാധാരണഗതിയിൽ വളരെ പെട്ടെന്ന് ചെയ്യാവുന്ന, മണൽച്ചാക്കുകൾ നിരത്തി താൽക്കാലികമായി പ്രതിരോധിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. പൊതുവിൽ ഗവൺമെന്റ് ആലോചിക്കേണ്ട ഒരു വിഷയമാണിത്. അടിയന്തര സാഹചര്യങ്ങളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമാണ് എസ്.ഡി.ആർ.എഫ്.-മായി ബന്ധപ്പെട്ട് നിർവ്വഹിക്കാൻ സാധിക്കുന്നത്.

## IV. സബ്മിഷൻ

### (1) പ്രഥിന്റെ കൊലപാതകം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ദാരുണമായൊരു സംഭവമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാനുള്ളത്. തൃശ്ശൂർ ജില്ലയിലെ നാട്ടിക പെരിങ്ങോട്ടുകര

ചെമ്മാപ്പിള്ളി പറയൻകുട്ടി മകൻ പ്രഥിൻ ഒരു സിനിമാ പ്രവർത്തകനും തിരുവനന്തപുരത്ത് ഫാമിലിയായി താമസിക്കുകയും ചെയ്തുവന്നൊരാളാണ്. വിഷുവിന് അമ്മയെക്കാണാനായി വീട്ടിൽ വന്ന 46 വയസ്സുള്ള പ്രഥിനെ ആ സ്ഥലത്തുവച്ച് ഒരു കാരണവുമില്ലാതെ ഒരു കൂട്ടം ആളുകൾ ചേർന്ന് അടിച്ചുകൊല്ലുകയാണുണ്ടായത്. നല്ല രീതിയിൽ ജീവിച്ചുവന്നൊരു മനുഷ്യനായിരുന്നു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽകുമാറിന്റെ വീട്ടിന്റെ അടുത്താണ്. അവിടെ കഞ്ചാവും മറ്റ് മയക്കുമരുന്നുകളുമായി ബന്ധമുള്ള ഒരു ടീമാണ് ഇത് ചെയ്തത്. കഴിഞ്ഞ ദിവസം ഞാൻ തൃശ്ശൂരിൽ പോയപ്പോൾ എല്ലാവരും ആവശ്യപ്പെട്ടതനുസരിച്ച് ആ വീട്ടിൽ പോയിരുന്നു. പ്രഥിൻ വല്ലപ്പോഴും വീട്ടിൽ വന്നിരുന്നൊരാളാണെന്നാണ് അമ്മയും സഹോദരിമാരും പറയുന്നത്. അങ്ങനെയുള്ള ഒരാളെയാണ് ഒരു കാര്യവുമില്ലാതെ ഈ ഗുണ്ടാസംഘം അടിച്ചുകൊന്നത്. അതിനെക്കുറിച്ചുള്ള അന്വേഷണം തൃപ്തികരമല്ലാത്ത രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഞാനവിടെ ചെന്നപ്പോൾ ധാരാളം നാട്ടുകാർ വന്നു. അവരെല്ലാം പറഞ്ഞത് കൊല്ലപ്പെട്ട പ്രഥിൻ വിഷുവിനും ഓണത്തിനും മാത്രം ഇവിടെ വരുന്നൊരാളാണ്, കുഴപ്പക്കാരനല്ലെന്നാണ്. സിനിമാ പ്രവർത്തകനായ ഇയാളെ ഭീകരമായി മർദ്ദിച്ചാണ് കൊലപ്പെടുത്തിയത്. ചില പ്രാദേശിക രാഷ്ട്രീയകക്ഷികളുടെ സ്വാധീനമുള്ളതുകൊണ്ട് അന്വേഷണം വഴിതെറ്റുന്നു എന്നുള്ള പരാതിയാണ് അവിടത്തെ നാട്ടുകാർ ഉന്നയിച്ചത്. മരിച്ച പ്രഥിന് ഭാര്യയും 11-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന രണ്ട് പെൺകുട്ടികളുമാണുള്ളത്. ഈ കൊലപാതകത്തിൽ 9 പ്രതികളുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മൂന്നുപേരെ പിടിച്ചു. പക്ഷെ പ്രധാന പ്രതികളെല്ലാം ഇപ്പോഴും ഒളിവിലാണ്. എത്രയുംവേഗം അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികളെ പിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കുട്ടിച്ചാത്തൻ ക്ഷേത്രമൊക്കെയുള്ള പ്രസിദ്ധമായ ഒരു സ്ഥലമാണ് പെരിങ്ങോട്ടുകര. അവിടെ വ്യാപകമായ തോതിൽ കഞ്ചാവ് വിൽപ്പനയും ഗുണ്ടാസംഘങ്ങളുടെ വിളയാട്ടവും നടക്കുന്നുവെന്ന പരാതി ആ നാട്ടുകാരെല്ലാം അവിടെവച്ച് എന്നോട് പറഞ്ഞ കാര്യമാണ്. ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിഷുദിനമായ 15-4-2019-ന് തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ ചെമ്മാപ്പിള്ളി പഴയ പോസ്റ്റോഫീസിനു സമീപത്തുള്ള പറമ്പിലിരിക്കുകയായിരുന്ന പ്രദീപിനേയും സഹോദരൻ പ്രഥിനേയും സുഹൃത്തുക്കളേയും ഒന്നാം പ്രതി വിനയൻ,

രണ്ടാം പ്രതി മിഥുൻ, മറ്റ് പ്രതികളായ ലെനീഷ്, നൃപൻ, വിഘ്നേഷ്, അക്ഷയ് എന്നിവർ ചേർന്ന് ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ചു. പ്രസ്തുത സംഭവത്തിന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം 244/19 ആയി കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരവെ തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ ചികിത്സയിലിരിക്കെ തലയ്ക്കും മുഖത്തിനും സംഭവിച്ച ഗുരുതരമായ പരുക്കിന്റെ കാഠിന്യത്താൽ 18-4-2019-ന് പ്രഥിൻ മരണപ്പെടുകയുണ്ടായി. തുടർന്ന് IPC 302 വകുപ്പുകൂടി ചേർത്ത് അന്വേഷണം നടത്തി ഒന്നുമുതൽ മൂന്നുവരെയുള്ള പ്രതികളായ വിനയൻ, മിഥുൻ, ലെനീഷ് എന്നിവരെ 18-4-2019-നും നാലാം പ്രതി നൃപനെ 22-5-2019-നും അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രതികളായ വിഘ്നേഷ്, അക്ഷയ് എന്നിവരെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഈ കേസ്സിന്റെ അന്വേഷണ ചുമതല അന്തിക്കാട് പോലീസ് ഇൻസ്പെക്ടർക്കാണ്. ഒരു പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമാക്കുന്നതാണ്.

## (2) ധനസഹായം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലം ഉൾപ്പെടെ പല പ്രദേശത്തും ഇപ്പോൾ ജനങ്ങൾ വളരെ പ്രയാസത്തിലാണ്. പ്രളയക്കെടുതിയിൽനിന്നും അവരെ രക്ഷപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല ഘട്ടങ്ങളിലും അവലോകനയോഗം ചേരുകയും 2019 മേയ് മാസം 31-ാം തീയതിക്കുള്ളിൽ നഷ്ടപരിഹാരം കൊടുത്തുതീർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പല പഞ്ചായത്തുകളിലും വീട് നഷ്ടപ്പെട്ടവരുടെയും ഭിത്തി വിണ്ടുകീറിയ വീടുള്ളവരുടെയും മുറ്റം ഇടിഞ്ഞുപോയവരുടെയും കൂര ചോർന്നൊലിക്കുന്നവരുടെയും വീടുകളിൽ പെൺകുട്ടികളും കുഞ്ഞുങ്ങളുമടക്കം ഇപ്പോഴും ഭീതിയിലാണ് കഴിഞ്ഞുകൂടുന്നത്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കാലവർഷക്കെടുതിയിലുണ്ടായ നഷ്ടപരിഹാരത്തിന് സർക്കാർ തുക അനുവദിച്ചു. പക്ഷെ പട്ടയമില്ലെന്നുള്ള ഒറ്റ കാരണംകൊണ്ട് ഈ പഞ്ചായത്തിലെ ആളുകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ല. റവന്യൂ വകുപ്പ് ഇടുക്കി ജില്ലയിൽ പഠനം നടത്തണമെന്നാണ് എന്റെ അഭ്യർത്ഥന. ഹൈക്കോടതിയിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രഞ്ജിത്ത് തമ്പാനെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് പരിചയമുണ്ടാകും. അവിടത്തെ ആർ.ഡി.ഒ. പുതിയ ആളാണ്. വളരെ ചെറുപ്പമാണ്. മക്കളും മരുമക്കളും അടങ്ങുന്ന കുടുംബജീവിതം നയിച്ച് അനുഭവമില്ലാത്തവരാണ്. അങ്ങനെയുള്ള ആർ.ഡി.ഒ.-യിലൂടെ ഹൈക്കോടതി ഭരണം നടത്തിക്കൊണ്ട് അവിടെ കൈവശഭൂമിയിൽ താമസിക്കുന്നവർക്ക് ഒരു

ആനുകൂല്യവും കൊടുക്കേണ്ടെന്ന് പറഞ്ഞാൽ പിന്നെ അവർ എങ്ങോട്ട് പോകണമെന്നുകൂടി ഗവൺമെന്റും കോടതിയും പറയണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ക്യാബിനറ്റെടുത്ത തീരുമാനമനുസരിച്ച് അനുവദിച്ച പണം ഈ ഗുണഭോക്താക്കൾക്ക് നൽകുകയും അപ്രകാരം അവരുടെ മനഃപ്രയാസം മാറ്റുകയും സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നതോടൊപ്പം ഈ തുക നൽകുന്നതിന് വേണ്ടിവന്നാൽ ഗവൺമെന്റ് നിയമനിർമ്മാണം നടത്തുകയും വേണം. അല്ലാതെ അവർക്ക് എല്ലാക്കാലവും ഇങ്ങനെ ഭയന്ന് ജീവിക്കാൻ കഴിയില്ല. അതുകൊണ്ട് ഇടുക്കി ജില്ലയിൽ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് പ്രളയത്തിൽ നഷ്ടപരിഹാരം അനുവദിക്കപ്പെട്ട മുഴുവൻ ആളുകൾക്കും ഒരാഴ്ചയ്ക്കുള്ളിൽ പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പ്രളയവും ഉരുൾപൊട്ടലും ഉൾപ്പെടെയുള്ള ദുരന്തങ്ങൾ നടന്ന സാഹചര്യത്തിൽ ആ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകൾ താമസിച്ചുവന്നിരുന്ന വീടുകൾക്ക് പട്ടയമുണ്ടോ ഇല്ലയോ എന്ന് നോക്കാതെ അവർക്ക് ആശ്വാസം നൽകാനുള്ള നടപടിയാണ് സർക്കാർ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയത്തിൽ പ്രശ്നം എന്താണെന്ന് പ്രത്യേകം പരിശോധിക്കാവുന്നതാണ്. 2018 വർഷത്തിലുണ്ടായ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെ.ഡി.എച്ച്. വില്ലേജിൽ 393/3 പാർട്ട് സർവ്വെ നമ്പരിൽപ്പെട്ട ഭൂമിയിൽ 24 പേർക്കും വെള്ളത്തൂവൽ വില്ലേജിൽ ബ്ലോക്ക് 8-ൽ 98/4-ൽ സർവ്വേ നമ്പരിൽപ്പെട്ട 35 പേർക്കും ആനവിരട്ടി വില്ലേജിൽ ബ്ലോക്ക് 11-ൽ 56 റീ സർവ്വേ നമ്പരിൽപ്പെട്ട ഭൂമിയിൽ 15 പേർക്കും ഭൂമി അളന്നുതിരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ കെ.ഡി.എച്ച്. വില്ലേജിൽ 14-ഉം വെള്ളത്തൂവൽ വില്ലേജിൽ 20-ഉം ആനവിരട്ടി വില്ലേജിലെ 5-ഉം പേർ ഭൂമി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഭൂമി ഏറ്റെടുത്തവർക്ക് വീട് വയ്ക്കുന്നതിനുള്ള ആദ്യഗഡുവായി 1,01,900 രൂപ നൽകിയിട്ടുണ്ട്. വട്ടവട, കടവേരി ഭാഗത്ത് കുറിഞ്ഞി സാങ്ച്വറിയുടെ പരിധിയിൽ താമസിക്കുന്ന രണ്ട് വീട്ടുകാർ മാറിത്താമസിക്കാൻ വിസമ്മതിച്ചിട്ടുണ്ട്. ടിയാളുകൾക്ക് തമിഴ്നാട്ടിൽ വേറെ വീടും സ്ഥലവുമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം തകർന്ന വീട് ഒരു അംഗീകൃത നിർമ്മിതിയാണെങ്കിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതാണ്. വീട് പട്ടയമുള്ള ഭൂമിയിലായിരിക്കണമെന്നോ ഭൂമിയുടെ അവകാശിയുടെ മാത്രം വീടിനേ സഹായം നൽകാൻ പാടുള്ളൂവെന്നോ വ്യവസ്ഥ ചെയ്തിട്ടില്ല. അംഗീകൃത

നിർമ്മിതിയാണോ എന്ന കാര്യവും നാശനഷ്ടത്തോത് സംബന്ധിച്ച കാര്യവും നിർണ്ണയിക്കേണ്ടത് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. കാർഷിക നഷ്ടം, വളർത്തുമൃഗങ്ങളുടെ നഷ്ടം എന്നിവയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനും പട്ടയമുള്ള ഭൂമിയാകണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ഭൂമി പ്രളയത്തിലോ ഉരുൾപൊട്ടലിലോ നഷ്ടപ്പെട്ടാൽ അതിനുള്ള ദുരിതാശ്വാസം ഭൂമിയുടെ ഉടമസ്ഥന് മാത്രമേ നൽകാൻ സാധിക്കൂവെന്ന് കേന്ദ്രമാനദണ്ഡം നിഷ്കർഷിക്കുന്നുണ്ട്.

## (3) വില്ലേജ് രൂപീകരണം

ശ്രീ. ആർ. രാജേഷ്: സർ, ചാരുംമൂട് കേന്ദ്രീകരിച്ച് ഒരു വില്ലേജ് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ആലപ്പുഴ ജില്ലയിൽ ഏറ്റവും വേഗതയിൽ വളർന്നുവരുന്ന ഒരു പട്ടണമായ ചാരുംമൂട് സ്ഥിതി ചെയ്യുന്നത് നൂറനാട്, താമരക്കുളം, ചുനക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലായിട്ടാണ്. അത് മൂന്ന് വില്ലേജുമാണ്. അവിടെ ദീർഘകാലമായി പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യമുണ്ട്. മുമ്പ് പഞ്ചായത്തിന്റെ പ്രഖ്യാപനമുണ്ടായിരുന്നു. ആ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടപ്പോൾ വില്ലേജിൽ നോട്ടിഫൈ ചെയ്യാത്തതിനാൽ ഒരു കേസ്സുണ്ടായിരുന്നു. ആ കേസ്സിന്റെ ഭാഗമായിട്ടാണ് പഞ്ചായത്ത് രൂപീകരിക്കാൻ കഴിയാതിരുന്നത്. ചാരുംമൂടെന്നു പറയുന്നത് മൂന്ന് വില്ലേജിലും മൂന്ന് പഞ്ചായത്തിലുമാണെങ്കിലും ഭൂമിശാസ്ത്രപരമായി ഒരുമിച്ചുകിടക്കുന്ന സ്ഥലമാണ്. ആ സ്ഥലം കേന്ദ്രീകരിച്ച് ഒരു വില്ലേജ് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. താമരക്കുളം പഞ്ചായത്തിൽ ഏകദേശം മുപ്പത്തി ആറായിരവും ചുനക്കരയിൽ മുപ്പത്തിനാലായിരവും നൂറനാട് ഏകദേശം മുപ്പത്തി ഏഴായിരവും ജനസംഖ്യയുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പഞ്ചായത്ത് രൂപീകരിക്കാനും അതിന്റെ ആദ്യപടിയായി വില്ലേജ് രൂപീകരിക്കാനും ആവശ്യമായ അനുവാദവും നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആലപ്പുഴ ജില്ലയിൽ അതിവേഗം വികസിച്ചുവരുന്ന ചാരുംമൂട് പട്ടണം മൂന്ന് വില്ലേജുകളിലും മൂന്ന് പഞ്ചായത്തുകളിലുമായാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി ഒരു വില്ലേജിന്റെയും പഞ്ചായത്തിന്റെയും പരിധിയിലാക്കണമെന്ന ശ്രീ. ആർ. രാജേഷ് ഉന്നയിച്ച ആവശ്യം നേരത്തേയും ഉയർന്നുവന്നിട്ടുണ്ട്. അപ്രകാരം രൂപീകരിക്കുന്ന പുതിയ വില്ലേജിൽ താഴെപ്പറയുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

- ചുനക്കര വില്ലേജ് - ചുനക്കര തെക്കുംമുറി, കരിമുളയ്ക്കൽമുറി എന്നിവയിൽപ്പെട്ടതും ചുനക്കര പഞ്ചായത്തിലെ 6, 7, 8, 9, 10 എന്നീ വാർഡുകളിൽ ഉൾപ്പെട്ടതുമായ പ്രദേശം.
- താമരക്കുളം-കണ്ണനാകുഴി മുറി പൂർണ്ണമായും, വേടരപ്ലാവ്, പേരൂർ, കാരായ്മ എന്നിവയുടെ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളും കിഴക്കേ മുറിയുടെ വടക്ക് ഭാഗവും.
- നൂറനാട്-പുതുപ്പള്ളിക്കുന്നം, ഇടക്കുന്നം, തത്തംമുന്ന എന്നീ മുറികൾ ഉൾപ്പെടുന്നു.

മാവേലിക്കര താലൂക്കിലെ ചുനക്കര, താമരക്കുളം, നൂറനാട് വില്ലേജുകളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി ചാരുംമൂട് ആസ്ഥാനമായി പുതിയൊരു വില്ലേജ് രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വില്ലേജ് വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നതാണ് സർക്കാരിന്റെ തീരുമാനം. ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. ആർ. രാജേഷ് പറഞ്ഞ കാര്യം ഞങ്ങൾക്കെല്ലാം അനുഭവവേദ്യമാണ്. മന്ത്രി ശ്രീ. ജി. സുധാകരന്റെയും നാടാണത്. ഇതൊരു സ്പെഷ്യൽ കേസ്സായി പരിഗണിക്കണം. പ്രതിപക്ഷത്തിന്റെകൂടി പിന്തുണയോടെ അത് നടപ്പിലാക്കാൻ ശ്രമിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അഭിപ്രായമാണ് ഞാനിവിടെ രേഖപ്പെടുത്തിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി പറഞ്ഞ സാഹചര്യത്തിൽ അത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

### (4) റൈസ് മിൽ

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ വന്നതിനുശേഷം ഹരിത കേരള മിഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലം വരെ ഉൾപ്പെടുന്ന കൊട്ടാരക്കര-വെട്ടിക്കവല ബ്ലോക്കുകളുടെ അധീനതയിലുള്ള

പഞ്ചായത്തുകളുടെ കീഴിൽ വരുന്ന ഒട്ടേറെ സ്ഥലം തരിശുരഹിതമാക്കി, കൃഷി യോഗ്യമാക്കി, വൻതോതിൽ നെല്ലുല്പാദനവും പച്ചക്കറി ഉല്പാദനവും നടത്തുന്നുണ്ട്. ഈ സീസണിൽത്തന്നെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടെ 17 ഏക്കർ സ്ഥലത്ത് കൃഷി ചെയ്ത് നെല്ല് കൊയ്തെടുത്തിട്ടുണ്ട്. അതുപോലെ എന്റെ മണ്ഡലത്തിൽപ്പെട്ട പല പഞ്ചായത്തുകളിലും 100 ശതമാനവും തരിശ് രഹിതമാക്കി നെല്ലുല്പാദനവും പച്ചക്കറി കൃഷിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നേരിടുന്ന പ്രശ്നം, നെല്ല് ശേഖരിച്ച് വയ്ക്കാനൊരു സംവിധാനം അവിടെയില്ല എന്നുള്ളതാണ്. കഴിഞ്ഞ കാലത്തൊക്കെ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയുമെല്ലാം സഹായത്തോടെയാണ് അവിടെ ചാക്കിലാക്കി വച്ചിരുന്ന നെല്ലെല്ലാം ശേഖരിച്ച് കൊണ്ടുപോകാനായത്. കൊട്ടാരക്കര മുനിസിപ്പാലിറ്റിക്കുള്ളിൽ കൃഷി വകുപ്പിന്റേതായി ഏക്കർ കണക്കിന് സ്ഥലമുണ്ട്. അവിടെ മോഡേൺ റൈസ് മില്ലും അനുബന്ധ സ്ഥാപനങ്ങളും ഗോഡൗണുംകൂടി ചേർന്നുവന്നാൽ ഏറ്റവും ചുരുങ്ങിയത് തെക്കൻ കേരളത്തിൽ അല്ലെങ്കിൽ കൊല്ലം ജില്ലയിൽ ഉല്പാദിപ്പിക്കുന്ന നെല്ലും മറ്റും സൂക്ഷിച്ച് അരിയാക്കി കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാക്കാൻ സാധിക്കും. ഇതിനുവേണ്ടി സഹായിക്കണം. ഇപ്പോൾ ഒരുപാടുപേർ തരിശ് നിലങ്ങളിൽ കൃഷി ചെയ്യാൻ മുന്നോട്ട് വരുന്നത് ആശാവഹമായിട്ടുള്ള കാര്യമാണ്. സർക്കാരിന്റെ സഹായം കിട്ടുമെന്നുള്ളതു കൊണ്ടാണ് ഇത്തരത്തിൽ മുന്നോട്ടു വന്നിട്ടുള്ളത്. നമുക്ക് അവിടെ സ്ഥലമുണ്ട്. ആ സ്ഥലത്ത് ഒരു റൈസ് മില്ലും അനുബന്ധമായി ഒരു ഗോഡൗണും നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൊട്ടാരക്കര-വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന പഞ്ചായത്തുകളിൽ ഊർജ്ജിത നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായും ഹരിത കേരള മിഷനുമെല്ലാം ചേർന്ന് 352 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത് ഒരു വർഷം 2400 ടണ്ണിലധികം നെല്ല് ഉല്പാദിപ്പിച്ച് വരുന്നുണ്ട്. ഇവിടെയൊരു റൈസ് മിൽ സ്ഥാപിക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതിയിലൂടെ നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിന്റെ ഫലമായി കൃഷിഭൂമിയുടെ വിസ്തൃതിയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന നെല്ല് കേടുകൂടാതെ

സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും അത് വിപണനം നടത്തുന്നതിനും പ്രതിജ്ഞാബദ്ധമായ സംവിധാനങ്ങൾ നടപ്പാക്കി വരികയാണ്. ഇപ്പോൾ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില അപ്പപ്പോൾത്തന്നെ നൽകുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നെല്ലിന് കേന്ദ്ര സർക്കാർ നൽകുന്ന താങ്ങുവിലയായ 17.50 രൂപയ്ക്ക് പുറമേ സംസ്ഥാന സർക്കാർ നൽകുന്ന പ്രൊഡക്ഷൻ ബോണസ്സായ 7.80 രൂപയും കൂടിച്ചേർത്ത് കർഷകർക്ക് ഒരു കിലോ നെല്ലിന്റെ സംഭരണ വിലയായി 25.30 രൂപ നൽകിവരുന്നുണ്ട്. കൊട്ടാരക്കര എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിന് സമീപം കൃഷി വകുപ്പിന് ആകെ 11.1 ഹെക്ടർ സ്ഥലമാണുള്ളത്. ഇതിൽ 3.7 ഹെക്ടർ സ്ഥലത്ത് കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമും 7.4 ഹെക്ടർ സ്ഥലത്ത് കൊട്ടാരക്കര കശുമാവ് ഫാമും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥലം പൂർണ്ണമായും വിനിയോഗിച്ചുവരികയാണ്. പ്രസ്തുത സ്ഥലത്ത് റൈസ് മിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുമോയെന്ന് പരിശോധിക്കേണ്ടതാണ്. എന്നാൽ കൊല്ലം ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുഴവൻ നെല്ലും സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാനുതകുന്ന രീതിയിൽ ഒരു മിൽ സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലാ പഞ്ചായത്ത് 1,00,80,000 രൂപയും ശൂരനാട് നോർത്ത് പഞ്ചായത്ത് 15,55,377 രൂപയും ചേർത്ത് 1,16,35,537 രൂപ വകയിരുത്തി അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ശാസ്താംകോട്ട ബ്ലോക്കിൽ ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്തിൽ ഒരു റൈസ് മില്ലും പ്രോസസ്സിംഗ് യൂണിറ്റും അനുബന്ധ സംരംഭങ്ങളും നടന്നുവരുന്നുണ്ട്. ഈ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശൂരനാട് ഗ്രാമപഞ്ചായത്ത് 60 സെന്റ് സ്ഥലം ഇപ്പോൾത്തന്നെ വിട്ടുനൽകിയിട്ടുണ്ട്. നിലവിൽ പാടശേഖരാടിസ്ഥാനത്തിൽ നെല്ല് ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്താകെ ഇത്തരത്തിൽ 23 ബ്രാന്റുകളിലായി പ്രത്യേകമായ റൈസ് ബ്രാൻഡുകൾ വിപണിയിൽ ലഭ്യമാണ്. സ്ഥലം കൃഷി ആഫീസറുടെ സാങ്കേതിക സഹായത്തോടുകൂടി അതത് പാടശേഖരങ്ങളിലാണ് ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആ പ്രദേശത്തെ നെല്ല് കുത്തി അരിയാക്കി എടുക്കുന്നതിനും അത് പ്രത്യേക ബ്രാൻഡായി വിൽക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് കൊട്ടാരക്കര മണ്ഡലത്തിൽ റൈസ് മില്ലും വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗണും

സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ നിയമാവലി അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. എൽദോ എബ്രഹാം: സർ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന, സംസ്ഥാനത്തെ 288 അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ മാനസിക വെല്ലുവിളികൾ നേരിടുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനം തുച്ഛമാണ്. 6000 രൂപ മുതൽ 8000 രൂപവരെയാണ് പരമാവധി വേതനം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന ബഡ്സ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് 25,000 രൂപ മുതൽ 30,000 രൂപ വരെയും ആയമാർക്ക് 15,000 രൂപ മുതൽ 18,000 രൂപ വരെയും വേതനം ലഭ്യമാകുന്ന സാഹചര്യം നിലനിൽക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നിശ്ചയിച്ച സമിതി വിവിധ സ്കൂളുകൾ സന്ദർശിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ചും അതോടൊപ്പം സമഗ്രമായ ഒരു പാക്കേജ് ഈ മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുമെന്ന പ്രഖ്യാപനവും ഈ മേഖലയ്ക്ക് പ്രയോജനം ലഭ്യമാകുന്ന നിലയിൽ ശക്തമായ ഇടപെടലുകളിലൂടെ നടപ്പാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം ഉന്നയിക്കാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനും അവസരം നൽകുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നമ്മുടെ സംസ്ഥാനത്ത് വളരെ വർഷങ്ങളായി പണമുള്ളവരും ഇല്ലാത്തവരുമായവരുടെ മക്കൾക്ക് പ്ലസ് ടു വരെ സൗജന്യമായി പഠിക്കാനുള്ള സൗകര്യങ്ങളുണ്ട്. പക്ഷെ മാനസിക-ബുദ്ധി വൈകല്യങ്ങൾ നേരിടുന്ന കുട്ടികളെ സൗജന്യമായി പഠിപ്പിക്കാനുള്ള സംവിധാനം സംസ്ഥാനത്തില്ല എന്നുള്ളത് വളരെ ദുഃഖകരമായ സംഗതിയാണ്. ഇത് മനസ്സിലാക്കിയാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി മാറ്റാൻ തീരുമാനിച്ചത്. അതനുസരിച്ച് കുറേയധികം

സ്കൂളുകൾ എയ്ഡഡാക്കി മാറ്റി. പക്ഷെ അതിന്റെ നോംസിനുള്ളിൽ വരാത്തതുകൊണ്ട് പല സ്കൂളുകളെയും ഇപ്പോഴും എയ്ഡഡ് ആക്കാതിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താല്പര്യമുള്ള ആളാണ്. മാനസിക-ബുദ്ധി വൈകല്യങ്ങൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സംസ്ഥാനത്തെ എല്ലാ സ്കൂളുകളും എയ്ഡഡ് ആക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ബഡ്സ് സ്കൂളുകളും സ്പെഷ്യൽ സ്കൂളുകളും എയ്ഡഡാക്കി മാറ്റുകയെന്നത് അശാസ്ത്രീയമായ സമീപനമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുമായി മുന്നോട്ടുപോകരുതെന്ന് ഇതുമായി നല്ല ധാരണയുള്ള എല്ലാവരും നമ്മെ ഉപദേശിക്കുകയുമാണ്. അതുകൊണ്ട് കഴിഞ്ഞതവണ എയ്ഡഡാക്കി മാറ്റിയെന്നു പറയുന്നത് ശരിയല്ല, എയ്ഡഡാക്കി മാറ്റാൻ ഒരു ശ്രമം നടത്തിയിരുന്നു. ബാക്കിയുള്ള സ്കൂളുകളെപ്പോലെ നിയമനം നടത്തുമ്പോൾ കാശ് വാങ്ങാനുള്ള സൗകര്യമുണ്ടെന്നൊക്കെയുള്ള ധാരാളം ആരോപണങ്ങൾ അതിന്റെ ഭാഗമായി കേട്ടിരുന്നു. അതൊന്നുമല്ല അതിലുള്ള വിഷയം. ബഡ്സ് സ്കൂളും സ്പെഷ്യൽ സ്കൂളും സ്കൂൾ എന്ന നിലവാരത്തിലെടുക്കേണ്ടതല്ല. അവിടെ അദ്ധ്യയനമല്ല നടക്കേണ്ടത്. അതിനുപകരം ഈ കുട്ടികളെ എങ്ങനെ സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന തലത്തിലേയ്ക്ക്; ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് എങ്ങനെ കൊണ്ടുവരുമെന്നതാണ് പ്രധാന പ്രശ്നം. മാനസിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ അവകാശം എങ്ങനെ സംരക്ഷിക്കണമെന്ന് വ്യക്തമായി പറയുന്നുണ്ട്. അവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഈ മേഖലയിലെ വിദഗ്ദ്ധരായ ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് തുടങ്ങിയവരുടെ സേവനം ലഭ്യമാക്കണം. ഒരു കുട്ടിയുടെ അവസ്ഥയല്ല, മറ്റൊരാളിന്റേത്. ഒരു എയ്ഡഡ് സ്കൂളിൽ ചെയ്യുന്നതുപോലെ പിടിച്ചിരുത്തി വിദ്യാഭ്യാസം ചെയ്യിക്കാൻ കഴിയുന്ന അവസ്ഥയല്ല ഇത്. അതുകൊണ്ടുതന്നെ വളരെ വിശദമായി മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. 249 സ്ഥാപനങ്ങൾ, ചിലത് സ്വകാര്യ മേഖലയിലുണ്ട്; അതുപോലെ എൻ.ജി.ഒ.-കൾ നടത്തുന്ന കുറച്ച് സ്ഥാപനങ്ങളുമുണ്ട്. ചിലതൊക്കെ നന്നായി പ്രവർത്തിക്കുന്നുണ്ട്. ചില സ്ഥാപനങ്ങളുടെ പ്രവർത്തനം പരിതാപകരമാണ്. 2005-ന് മുമ്പുവരെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ 2005 ജനുവരി 18-ാം തീയതിയോടുകൂടി അത് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക്

മാറ്റകയുണ്ടായി. ഇതെല്ലാം കൺഫ്യൂഷനുണ്ടാക്കി. കാരണം കുറേ സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനുകീഴിലും കുറേ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്നുണ്ട്.. കുറച്ച് സ്ഥാപനങ്ങൾ എൻ.ജി.ഒ.-കൾ നടത്തുന്നു, ചിലത് ഗവൺമെന്റ് നേരിട്ട് നടത്തുന്നു. ഇങ്ങനെയെല്ലാം വന്നപ്പോൾ ഇതുസംബന്ധിച്ച് വളരെ വ്യക്തമായ തീരുമാനവും പ്രൊപ്പോസലുമുണ്ടാക്കുന്നതിനും ഭാവിയിൽ കുറ്റമറ്റ രീതിയിൽ ഈ കുഞ്ഞുങ്ങളെ കൈകാര്യം ചെയ്യാൻ സാധിക്കുന്നതിനുംവേണ്ടി 2017 നവംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മീറ്റിംഗ് വിളിച്ചുചേർത്തു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സാമൂഹ്യനീതി വകുപ്പുമന്ത്രിയും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. അതിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ ചുമതലപ്പെടുത്തി. സോഷ്യൽ സെക്യൂരിറ്റി മിഷൻ 2017 ഡിസംബറിൽത്തന്നെ യൂണിസെഫിന്റെ ആൾക്കാരുൾപ്പെടെയുള്ള വിവിധ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ആ ശിൽപ്പശാലയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും 2018 ആഗസ്റ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിൽ ആ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം കേന്ദ്രഗവൺമെന്റിൽ നിന്നുകിട്ടുന്ന ഗ്രാന്റ് വീതിക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നം വന്നു. പ്രൊപ്പോസൽ തയ്യാറാക്കിയിരിക്കെതന്നെ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്ത് ആനുകൂല്യം വിതരണം ചെയ്യാൻ തീരുമാനിച്ചു. സാധാരണ എല്ലാവർക്കും ഒരേ റേഷൻ തന്നെയാണ് കൊടുക്കുന്നത്. ഇരുപത്തിയഞ്ചും അമ്പതും നൂറും കുട്ടികളുള്ള സ്ഥാപനങ്ങളുണ്ട്. പ്രൊഫഷണലുകളായ ആളുകൾ ഉള്ളതും ഇല്ലാത്തതുമായ സ്ഥാപനങ്ങളുണ്ട്. ഇത് സംബന്ധിച്ച് വളരെ പെട്ടെന്നുതന്നെ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നേതൃത്വത്തിൽ പഠിക്കുകയും സ്ഥാപനങ്ങളെ 'എ', 'ബി', 'സി' എന്ന് ഗ്രേഡ് ചെയ്തുകൊണ്ട് ധനസഹായം കൊടുക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു. 'എ' ഗ്രേഡ് സ്കൂളുകളിൽ നൂറ് കുട്ടികളിൽ കൂടുതലുണ്ടാകണം. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും കണക്കും പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് പരിശോധിച്ച് 'എ' ഗ്രേഡിലുള്ള സ്കൂളുകൾക്ക് പ്രതിവർഷം 83,05,200 രൂപയും 'ബി' ഗ്രേഡുള്ള സ്കൂളുകൾക്ക് 51,55,200 രൂപയും 'സി' ഗ്രേഡുള്ളതും 50-ൽ താഴെ കുട്ടികളുള്ളതുമായ സ്കൂളുകൾക്ക് 19,47,000 രൂപയും ഗ്രാന്റായി നൽകാൻ നിശ്ചയിച്ചു. മാനസിക വെല്ലുവിളികൾ നേരിടുന്ന 25-ലധികം കുട്ടികൾ പഠിക്കുന്ന 155 സ്പെഷ്യൽ സ്കൂളുകൾക്ക് 2019 ജനുവരി മാസം മുതൽ മാർച്ച് മാസം വരെയുള്ള മൂന്ന് മാസത്തെ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. 9-8-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ

ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, ധനകാര്യം എന്നീ വകുപ്പുമന്ത്രിമാരും ചീഫ് സെക്രട്ടറിയുമുണ്ടായിരുന്നു. ആ യോഗത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കാൻ നിശ്ചയിച്ചത്. ഇപ്പോൾ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പാക്കേജിനോടനുബന്ധിച്ച് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ തീരുമാനിക്കാനുണ്ട്. കാരണം, ഇതിന്റെ ഭരണക്രമം തന്നെ മാറ്റേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ചീഫ് സെക്രട്ടറി 17-6-2019-ന് ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്തിട്ടുണ്ട്. അധികം വൈകാതെ തന്നെ ഇതിന്റെ നടത്തിപ്പുസംബന്ധിച്ച് വളരെ വ്യക്തമായ തീരുമാനമെടുക്കാൻ സാധിക്കും. ഒരിക്കലും ഇതിനെ എയ്ഡഡ് സ്കൂളുകളാക്കാനുള്ള സമീപനം ഈ ഗവൺമെന്റിനില്ല. പകരം കുറ്റമറ്റ രീതിയിൽ നടത്താനുള്ള ക്രമീകരണമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്.

(6) <u>റേഷൻ കാർഡ്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഈ സബ്മിഷന് മറുപടി പറയുന്നത് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയാണെങ്കിലും ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കേണ്ട വിഷയമാണ്. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളുള്ള വീടുകളിലെ കഷ്ടപ്പാടുകൾ നമുക്കെല്ലാവർക്കും അറിയാം. അങ്ങനെയുള്ള വീടുകളിലെ റേഷൻ കാർഡ് ഇപ്പോഴും മുൻഗണനാ പട്ടികയിലല്ല. റേഷൻ കാർഡ് നൽകുന്നതിനുള്ള പൊതുമാനദണ്ഡപ്രകാരം നാല് ചക്രമുള്ള വാഹനമുള്ളവർക്കും ആയിരം സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള വീടുള്ളവർക്കും മുൻഗണന ലഭിക്കില്ല. നാല് ചക്ര വാഹനം ഭിന്നശേഷിക്കാരായ കുട്ടികളെ സ്കൂളിലോ ഹോസ്പിറ്റലിലോ കൊണ്ടുപോകുന്നതിന് അവശ്യമാണ്. ആ വാഹനമുണ്ടെന്നതിന്റെ പേരിൽ അവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുകയാണ്. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള വീടുകൾക്ക് പൊതു മാനദണ്ഡങ്ങൾക്ക് അതീതമായി റേഷൻ കാർഡുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുകയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013, സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്ത് തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ധാരാളം

അനർഹർ ഉൾപ്പെട്ടതായും ഭിന്നശേഷിക്കാർ ഉൾപ്പെടുന്ന റേഷൻ കാർഡുകൾ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടതിനെക്കുറിച്ചും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അർഹരായവരെ കണ്ടെത്തി മുൻഗണനാ പട്ടികയിലുൾപ്പെടുത്തുന്നതിനായി നടത്തിയ മുൻഗണനാ മാനദണ്ഡ പരിഷ്കരണം സംബന്ധിച്ച് 18-9-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 320/2017 പ്രകാരം മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ശാരീരിക മാനസിക വൈകല്യങ്ങളുള്ള അംഗങ്ങളുൾപ്പെടുന്നതുമായ കുടുംബങ്ങൾ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻഗണനാ പട്ടികയിലുൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകൾക്ക് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലുള്ള മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണ പ്രക്രിയയിലൂടെ തദ്ദേശസ്വയംഭരണം, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും മുൻഗണന ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് പ്രസ്തുത വിഭാഗത്തിൽ നിന്ന് ഒഴിവായി മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണനാ വിഭാഗത്തിന് ലഭ്യമാകുന്നതുപോലുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018-ന്റെ ചട്ടം 5 പ്രകാരവും സ്റ്റേറ്റ് പ്രയോറിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

12.00 Noon]

(7) ഗവൺമെന്റ് റീജിയണൽ ടെക്നിക്കൽ ഹൈസ്കൂൾ

ശ്രീ. കെ. ദാസൻ: സർ, കേരളത്തിൽ കൂടുതൽ കടൽത്തീരവും മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന ഒരു നിയോജകമണ്ഡലമാണ് കൊയിലാണ്ടി. സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വളരെക്കാലം മുമ്പേ ആവിഷ്കരിച്ചതും റെസിഡൻഷ്യൽ രീതിയിൽ വിദ്യാഭ്യാസം നൽകുന്നതിനായി സ്ഥാപിച്ചതുമായ കേരളത്തിലെ 10 ഹൈസ്കൂളുകളിൽ ഒന്ന് കൊയിലാണ്ടിയിലാണ്. എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെടുന്ന പെൺകുട്ടികളായ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളുമൊരുക്കിയാണ് സ്കൂൾ

പ്രവർത്തിച്ചുവരുന്നത്. 1994-ൽ സ്ഥാപിതമായ ഈ സ്കൂളിൽ ഒരു ക്ലാസ്സിൽ 40 കുട്ടികൾ വീതം ആകെ 120 വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനാവശ്യമായ കളിസ്ഥലമടക്കമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും നിലവിലുണ്ട്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്ന് കുട്ടികൾ പഠനത്തിനായി സ്കൂളിലേയ്ക്ക് വരാൻ ആഗ്രഹിക്കുന്നില്ല. അവിടെ താമസിച്ചുപഠിക്കണമെന്ന നിബന്ധനയിൽ 50 ശതമാനം ഇളവുകൾ നൽകിയിട്ടും വിദ്യാർത്ഥിനികൾ സ്കൂളിലേയ്ക്ക് വരുന്നില്ല. ഈ വർഷം പത്താം സ്റ്റാൻഡേർഡിൽ 8-ഉം 9-ാം സ്റ്റാൻഡേർഡിൽ 6-ഉം 8-ാം സ്റ്റാൻഡേർഡിൽ 8-ഉം വിദ്യാർത്ഥിനികളാണ് എത്തിയത്. ആകെ 22 വിദ്യാർത്ഥിനികൾ മാത്രമാണ് ഇപ്പോൾ സ്കൂളിലുള്ളത്. എല്ലാ ഭൗതിക സൗകര്യങ്ങളുമുള്ള ഒരു വലിയ സ്കൂൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്താത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ അവസ്ഥ മാറ്റിയെടുത്ത് സ്കൂളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയണം. നിലവിൽ ഈ സ്കൂളിൽ പെൺകുട്ടികൾക്ക് മാത്രമാണ് താമസിച്ചുപഠിക്കാൻ പ്രവേശനമുള്ളത്. ആൺകുട്ടികൾക്കുകൂടി പ്രവേശനം നൽകുന്ന തരത്തിൽ മിക്സഡ് സ്കൂളാക്കി മാറ്റണം. പ്രവേശനം നേടുന്ന പെൺകുട്ടികളിൽ താമസിച്ചുപഠിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥിനികൾക്ക് മാത്രം ഹോസ്റ്റൽ സൗകര്യം നൽകണം. താമസിച്ചുപഠിക്കാൻ താല്പര്യമില്ലാത്ത ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന മറ്റെല്ലാവർക്കും ദിവസേന വീട്ടിൽ പോയി വരാവുന്നരീതിയിൽ പ്രവേശനം നൽകണം. പ്രസ്തുത നിർദ്ദേശം പരിഗണിച്ചും പരിശോധിച്ചും മേൽപ്പറഞ്ഞ സ്കൂളിനെ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്ന രീതിയിൽ മാറ്റിത്തീർക്കാനാവശ്യമായ സത്വര നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, തീരദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് ഫിഷറീസ് വകുപ്പിന്റെ കീഴിൽ 1962-ലാണ് മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്തൊട്ടാകെ ഇത്തരം 10 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ കാഞ്ഞങ്ങാട്, കൊയിലാണ്ടി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പെൺകുട്ടികൾക്കും വലിയതുറ, കരുനാഗപ്പള്ളി, അർത്തുങ്കൽ, തേവര, ചാവക്കാട്, താനൂർ, ബേപ്പൂർ, അഴീക്കൽ സ്കൂളുകൾ ആൺകുട്ടികൾക്കുമാണ് 2018-19 അദ്ധ്യയനവർഷം വരെ പ്രവേശനം അനുവദിച്ചിരുന്നത്. ഓരോ ക്ലാസ്സിലും 40

കുട്ടികൾ എന്ന ക്രമത്തിൽ ഓരോ സ്കൂളിലും 120 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് താമസിച്ചുപഠിക്കാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. 2016-ൽ സർക്കാർ ഈ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് തീരുമാനിക്കുകയും സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പരിഗണന നൽകി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സ്കൂളുകളിൽ കായിക സൗകര്യത്തിനും ക്ലബ് പ്രവർത്തനങ്ങൾക്കും ട്യൂഷൻ സൗകര്യത്തിനും മറ്റു വിദ്യാഭ്യാസ പദ്ധതികളും ഫിഷറീസ് വകുപ്പ് മുഖേന വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ടി സ്കൂളുകളിലെ പഠനസൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി 2017-18 വർഷം മുതൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ 50 ശതമാനത്തിൽ അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സായി മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2019-20 വർഷം മുതൽ എല്ലാ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലും 50 ശതമാനത്തിലധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സായി ആൺ-പെൺ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനായി 25-5-2019-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. (ഉത്തരവ് ഉള്ളടക്കം* ചെയ്യുന്നു). ഇതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂളിലും 50 ശതമാനത്തിൽ അധികരിക്കാത്തവിധം ആൺകുട്ടികൾക്ക് പ്രവേശനം അനുവദിക്കാവുന്നതാണ്. അങ്ങയുടെ ആഗ്രഹം ഈ വർഷം മുതൽ പ്രയോഗത്തിൽ വരികയാണ്.

## (8) വന്യജീവികൾ വരുത്തുന്ന നാശനഷ്ടം

ശ്രീ. സണ്ണി ജോസഫ്: സർ, വന്യമൃഗങ്ങളുടെ അക്രമംമൂലം മനുഷ്യജീവനും കൃഷിക്കും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് സഭയിൽ ഞാനും മറ്റ് പല അംഗങ്ങളും ഇതിനോടകം പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. ഈ പ്രശ്നം ഇപ്പോഴും പരിഹാരമില്ലാതെ നിൽക്കുകയാണ്. എളുപ്പത്തിൽ പരിഹരിക്കാൻ കഴിയില്ലെന്ന് ഞങ്ങൾക്കറിയാം; പക്ഷെ പരിഹാരനടപടികൾ വേണം. ഇന്ന് കേരളത്തിൽ ഈ വനാതിർത്തികളിൽ മാത്രമല്ല, അതിനപ്പുറത്തേയ്ക്ക് ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ആനയും കാട്ടുപന്നിയും ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വന്ന് മനുഷ്യജീവന് അപകടമുണ്ടാക്കുന്നുണ്ട്. ഈ വന്യജീവികളുടെ ആക്രമണംമൂലം കേരളത്തിൽ 2017-18-ൽ 168 ആളുകൾ മരിച്ചിട്ടുണ്ട്. 2016-17-ൽ അത് 145 ആണ്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 3,585 ആളുകൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അതുപോലെ തന്നെ 30,000-ത്തിലധികം ആളുകളുടെ കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 38,994. ഇത് കൂടുതലും മലബാർ മേഖലയിലാണ്. നോർത്ത് വയനാട്, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, മണ്ണാർക്കാട്, പാലക്കാട് ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നൊക്കെ ആയിരക്കണക്കിന് പരാതികൾ വനം വകുപ്പിന് ദിവസേന കിട്ടിക്കൊണ്ടിരിക്കുകയാണ്. ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങൾ എന്റെ നിയോജകമണ്ഡലത്തിലാണ്. അതിന്റെ അതിർത്തി പങ്കിടുന്ന അഞ്ച് പഞ്ചായത്തുകളിലെ ആളുകൾ വന്യമൃഗശല്യം പ്രത്യേകിച്ച് കാട്ടാന കാരണം ഭയവിഹ്വലരായി കഴിയുകയാണ്. ആറളം ആദിവാസി മേഖലയിൽ ജനങ്ങൾക്ക് ഭൂമി നൽകിയെങ്കിൽപ്പോലും ജീവന് സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് അവർക്കവിടെ സ്വൈര്യമായി ജീവിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ വർഷം തന്നെ ആദിവാസി ജനവിഭാഗത്തിൽപ്പെട്ട രണ്ടാളുകളെ വളരെ ക്രൂരമായി കാട്ടാന കൊലപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അന്നത്തെ ദിവസം വന്നിരുന്നു. അതുപോലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും അവിടെ വന്നിരുന്നു. ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു. അദ്ദേഹം വന്ന് ചില പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചെങ്കിൽപ്പോലും ആ വിഷയങ്ങൾക്കൊന്നും ഇതുവരെ പരിഹാരമുണ്ടായിട്ടില്ല. ആദിവാസി മേഖലയിലെ ആളുകൾ ഇന്ന് സുരക്ഷിതരല്ല. ഇന്നലെ ആറളം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനപ്രതിനിധികളും ഒറ്റക്കെട്ടായി കക്ഷിഭേദമെന്യേ ഫോറസ്റ്റ് ഓഫീസ് ഉപരോധിക്കുന്ന തരത്തിലേയ്ക്ക് പോകാൻ നിർബന്ധിതരായി. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നില്ല. കാട്ടുപന്നിയുടെ ഗുരുതരമായിട്ടുള്ള അക്രമങ്ങൾ കാർഷിക മേഖലയ്ക്ക് വലിയ ഭീഷണിയായി നിൽക്കുകയാണ്. അവിടത്തെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളിൽ വന്യമൃഗശല്യം അതീവഗുരുതരമാണ്. ഇതിനാവശ്യമായ പണം വകയിരുത്തി ആവശ്യമായ ഭിത്തി കെട്ടി, ഇതിനെ വേർതിരിക്കാൻ സാധിക്കണം. പലപ്പോഴും ഈ വിഷയം ഉന്നയിക്കുമ്പോൾ മന്ത്രി വളരെ പോസിറ്റീവായി മറുപടി പറയും. പക്ഷെ മറുപടി വാക്കുകളിൽ മാത്രം ഒതുങ്ങുകയാണ്. ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത്; അതിനുള്ള പണം സമാഹരിച്ച്; പദ്ധതികൾക്ക് പ്രവർത്തനാനുമതി നൽകി അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സാധിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രദേശമായ ആലപ്പുഴ ജില്ലയിൽ വനമില്ല, അതുകൊണ്ടുതന്നെ വന്യമൃഗശല്യമുണ്ടാവില്ല. അതുകൊണ്ടായിരിക്കും ഈ കാര്യത്തിൽ ആവശ്യമായിട്ടുള്ള പണം വകയിരുത്താത്തത് എന്നുള്ള നഗ്നസത്യം

വളരെ വേദനയോടുകൂടി ഇവിടെ അറിയിക്കാൻ നിർബന്ധിതമാകുകയാണ്. ഇത് ഒരാളുടെയോ ഒരു നിയോജകമണ്ഡലത്തിന്റെയോ ഒരു ജില്ലയുടെയോ കേസ്സല്ല; ഇത് കേരളത്തിൽ പരക്കെയുള്ള പ്രശ്നമാണ്; അതീവഗുരുതരവുമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ വേണം. കിഫ്ബിയിൽ അനുവദിച്ച പണംപോലും ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഫണ്ട് കണ്ടെത്തി അതിരൂക്ഷമായ ഞങ്ങളുടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കേരള വനം-വന്യജീവി വകുപ്പ് ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് മനുഷ്യ-വന്യജീവി സംഘർഷം. ഇത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല, വനമേഖല ഒട്ടാകെയുള്ള ഒരു വിഷയമാണ്. ആറളം വന്യജീവി സങ്കേതത്തിൽ നിന്നും കാട്ടാനക്കൂട്ടം നാട്ടിലിറങ്ങുന്ന അവസ്ഥ നിലവിലുണ്ട്. പ്രധാനമായും ആറളം വന്യജീവി സങ്കേതത്തിന് സമീപത്തുള്ള ആദിവാസി ജനവാസ കേന്ദ്രത്തിലാണ് കാട്ടാനക്കൂട്ടമിറങ്ങി കൃഷിനാശം വരുത്തുന്നത്. കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി തെക്കേ അതിർത്തിയിൽ പുതിയതായി 9.6 കിലോമീറ്റർ നീളത്തിൽ പണിത ആനപ്രതിരോധ മതിൽ വളരെ ഫലപ്രദമാണ്. ആറളം പുനരധിവാസ മേഖലയിലേയ്ക്ക് കാട്ടാനകൾ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് മുഖേന വളയഞ്ചാൽ മുതൽ 11 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ മതിലും ട്രഞ്ചും ഉരുക്കുവേലിയും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കാലപ്പഴക്കം കാരണം പല ഭാഗത്തായി മതിൽ പൊളിച്ചും ട്രഞ്ച് നികത്തിയും ആന ജനവാസ മേഖലകളിൽ പ്രവേശിക്കുന്നുണ്ട്. പൊളിഞ്ഞുപോയ ഭാഗങ്ങളിൽ മതിൽ പുതുക്കി പണിയുന്നതിനും ട്രഞ്ച് മെയിന്റനൻസ് ചെയ്യുന്നതിനുമായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആനയിറങ്ങുന്ന സമയങ്ങളിൽ ആനകളെ തുരത്തുന്നതിനായുള്ള സത്വരനടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ആറളം പുനരധിവാസ മേഖലയിൽ കാളിക്കയം മുതൽ ഇരിട്ടിപ്പുഴ വരെ 16.5 കിലോമീറ്റർ നീളത്തിൽ പുതിയതായി ആനപ്രതിരോധ മതിൽ പണിയുന്നതിനുള്ള നടപടികൾ TRDM (Tribal Resettlement and Development Mission)-ന്റെ കീഴിൽ പുരോഗമിച്ചുവരുന്നുണ്ട്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ വനാതിർത്തിയിൽ നിലവിൽ 9.3 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലിയുണ്ട്. പ്രവർത്തനക്ഷമമല്ലാതിരുന്ന സ്ഥലത്തെ സൗരോർജ്ജവേലി ഇപ്പോൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിൽ നിന്നും ജനവാസകേന്ദ്രങ്ങളിൽ ആനയിറങ്ങുമ്പോൾ അവയെ തുരത്തുന്നതിനുള്ള

നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽനിന്ന് ജനവാസകേന്ദ്രങ്ങളിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനാവശ്യമായിട്ടുള്ള വാച്ചർമാരെ ഉൾപ്പെടുത്തി പ്രത്യേക ടീം പ്രവർത്തിച്ചുവരുന്നു. മേൽ പ്രവർത്തനത്തിന് റെയ്ഞ്ച് സ്റ്റാഫും ആർ.ആർ.ടി.-യും നേതൃത്വം നൽകുന്നു. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ കാട്ടാനകളെ തിരികെ കാട്ടിൽ കയറ്റുന്നതിനുവേണ്ടി കൂടുതൽ വാച്ചർമാരുടെ സേവനം ഉപയോഗിക്കാറുണ്ട്. കാട്ടാന ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ച് അത് നൽകുന്നുണ്ട്. കൂടാതെ 2018 ഒക്ടോബർ-ഡിസംബർ മാസങ്ങളിലായി ആറളം ഫാമിലെ പുനരധിവാസ മേഖലയിൽ കാട്ടാനയുടെ അക്രമണത്തിൽ രണ്ടുപേർ മരണപ്പെട്ടിരുന്നു. മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യമനുസരിച്ചുതന്നെ വനം വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയുമൊക്കെ പങ്കെടുത്തുകൊണ്ട് അവിടെ യോഗങ്ങൾ ചേർന്നിരുന്നു. പ്രാദേശികമായി ചില നിർദ്ദേശങ്ങൾ അവിടെ ഉയർന്നുവന്നിട്ടുണ്ട്. ആറളം ഫാമിലെ ആദിവാസികൾ കൃഷി ചെയ്യുന്നതുകഴിച്ച് ബാക്കി ആ ഫാമിന്റെ നല്ലൊരു ഭാഗം കാടുപിടിച്ച് കിടക്കുന്നു. ആ കാട് വെട്ടിമാറ്റിയില്ലെങ്കിൽ ആനകൾക്കും മറ്റു കാട്ടുമൃഗങ്ങൾക്കും അവിടം ഏറ്റവും പറ്റിയ സങ്കേതമായി മാറും. അതുകൊണ്ട് ആ കാട് വെട്ടിമാറ്റേണ്ടതുണ്ട്; ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അർഹതപ്പെട്ടയാളുകൾക്ക് വിതരണം ചെയ്യേണ്ടതടക്കമുള്ള കാര്യങ്ങളുണ്ട്. അതുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃഷി, റവന്യൂ, വനം എന്നീ വകുപ്പുകൾ കൂടി ചേർന്നുകൊണ്ടുള്ള ഒരു യോഗം നടത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. യോഗം ഉടനെ തന്നെ വിളിച്ചുചേർക്കുന്നതാണ്.

(9) വോൾട്ടേജ് ക്ഷാമം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ച നമ്മുടെ കേരളത്തിലെ ഒരു നിയോജകമണ്ഡലം മുഴുവനും വോൾട്ടേജ് ക്ഷാമം അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന് പറയുന്നത് എനിക്കും വൈദ്യുതി ബോർഡിനും പ്രയാസം ഉണ്ടാക്കുന്ന കാര്യമാണ്. കഴിഞ്ഞ മൂന്നുമാസക്കാലമായി വണ്ടൂർ നിയോജകമണ്ഡലത്തിലെ ഏതാണ്ട് മുഴുവൻ പഞ്ചായത്തുകളിലും വൈകുന്നേരം ലൈറ്റിട്ടാൽ ആവശ്യത്തിന് വെളിച്ചവുമില്ല ഫാൻ ഇട്ടാൽ കറങ്ങുകയുമില്ല. ഇവിടെ വൈദ്യുതിക്ഷാമം രൂക്ഷമാണ്. വൈദ്യുതി

പൂർണ്ണമായും ലഭിക്കാത്തതിന്റെ പേരിൽ 12 ദിവസത്തോളം ആ പ്രദേശത്തേയ്ക്ക് കുടിവെള്ളം ലഭിച്ചില്ലെന്ന് പറഞ്ഞാൽ അത് പൂർണ്ണമായും ശരിയാണ്. ഇക്കാര്യം ജനങ്ങൾ എന്നോട് വിളിച്ച പറഞ്ഞപ്പോൾ ഞാൻ ആ പ്രദേശം സന്ദർശിക്കുകയും തുടർന്ന് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥന്മാരോട് നേരിട്ട് സംസാരിച്ചപ്പോൾ 12 ദിവസമായി ആ പ്രദേശത്ത് ശുദ്ധജലം കൊടുത്തിട്ടില്ലെന്നുള്ളത് അവർ അംഗീകരിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് വരെ വൈദ്യുതി ലഭിക്കാത്തതുകൊണ്ട് ദിവസവും 15,000 രൂപ ചെലവാക്കി ജനറേറ്റർ വച്ച് വെള്ളം പമ്പ് ചെയ്താണ് അവിടെ കുടിവെള്ളം എത്തിച്ചത്. ഇനി ഇത്തരത്തിൽ ഞങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയില്ലെന്ന് വാട്ടർ അതോറിറ്റി അറിയിക്കുകയും ചെയ്തു. താൽക്കാലികമായി നിലമ്പൂർ ഫീഡറിൽ നിന്ന് വൈദ്യുതി കൊടുത്തെങ്കിലും അതും നിർത്തി വച്ചിരിക്കുകയാണ്. മേലാറ്റൂരിൽ നിന്നും അതുപോലെ കീഴിശ്ശേരിയിൽ നിന്നുമാണ് 110 കെ.വി. ലൈൻ വന്നുകൊണ്ടിരുന്നത്. കീഴിശ്ശേരി ഭാഗത്തുനിന്നുവരുന്ന വൈദ്യുതിയുടെ അഡീഷണൽ ലൈനിന്റെ പ്രവൃത്തി നടക്കുന്നതുകൊണ്ട് മൂന്നുമാസമായി വൈദ്യുതി വിതരണം നിർത്തി വച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തി ഇനിയും അനന്തമായി നീണ്ടുപോകുമെന്നാണ് വൈദ്യുതിവകുപ്പിലെ ഉദ്യോഗസ്ഥർ പറയുന്നത്. മേലാറ്റൂരിൽ നിന്നും ലഭിക്കുന്ന വൈദ്യുതി വളരെ കുറവാണ്. ആ പ്രദേശത്തെ സ്ത്രീകളും കുട്ടികളും കുടുംബവും മുഴുവൻ കുടിവെള്ളത്തിനുവേണ്ടി ദിവസങ്ങളോളം കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. ഇടയ്ക്കിടയ്ക്ക് വൈദ്യുതി ലഭ്യമാകാതെ പോകുന്ന കാര്യത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. മഴപെയ്തിട്ട് പോലും ശുദ്ധജലം എത്തിക്കാൻ കഴിയാത്തതിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ കൈമലർത്തുന്ന സാഹചര്യത്തിൽ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഗവൺമെന്റും മന്ത്രിയും ഇടപെടണം. ഇപ്പോൾ 110/33 കെ.വി. ലൈൻ മഞ്ചേരിയിൽ നിന്നും നിലമ്പൂരിലേയ്ക്ക് പോകുന്നുണ്ട്. അവിടെ ഒരു സബ് സ്റ്റേഷൻ ആരംഭിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. കെ.എസ്.ഇ.ബി.-ക്ക് അതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകാൻ ജനങ്ങൾ തയ്യാറാണ്. ജനങ്ങളുടെ ഭാഗത്തുനിന്ന് എല്ലാ രീതിയിലുമുള്ള പിന്തുണയുമുണ്ടാകും. അതുകൊണ്ട് എത്രയും പെട്ടെന്ന് വോൾട്ടേജ് ക്ഷാമം പരിഹരിച്ച് വണ്ടൂരിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന കാര്യത്തിലും വൈദ്യുതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ, വണ്ടൂർ പ്രദേശത്തേയ്ക്ക് വണ്ടൂർ 33 കെ.വി. സബ് സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത് കീഴിശ്ശേരി 110

കെ.വി. സബ് സ്റ്റേഷനിൽ നിന്നും എടവണ്ണ വഴി 30 കി.മീ. ലൈൻ വഴിയാണ്. എടവണ്ണ സബ് സ്റ്റേഷനിലേയ്ക്ക് കീഴിശ്ശേരിയിൽ നിന്നും ഒരു അഡീഷണൽ ലൈനിന്റെ നിർമ്മാണം നടക്കുന്നുണ്ട്. രണ്ടു മാസത്തിനകം ഈ ലൈനിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വോൾട്ടേജ് നില കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയും. ഇപ്പോൾ നിർമ്മാണം നടക്കുന്ന നിലമ്പൂർ-മഞ്ചേരി 110 കെ.വി. ലൈനിന്റെ കൂടെ തിരുവാലിൽ 110 കെ.വി. സബ് സ്റ്റേഷൻ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത സബ് സ്റ്റേഷൻ പൂർത്തിയാകുന്നതോടെ വണ്ടൂരിലെ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകും. ഇത് സംബന്ധിച്ച് ഈ നിലയിൽ പരിശോധിക്കാം. ഇതിനപ്പുറം എന്തെങ്കിലും ചെയ്യാനുള്ള സാധ്യതയുണ്ടെങ്കിൽ അതും നമുക്ക് പരിശോധിക്കാം.

## (10) പകൽവീട്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ കൂട്ടുകുടുംബ വ്യവസ്ഥയാണ് നിലനിൽക്കുന്നത്. പട്ടയ ഭൂമിയാണെങ്കിലും ഊര് മൂപ്പന്റെ കീഴിലാണ്. വർഷങ്ങളോളം നികുതി അടച്ച് പട്ടയങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങളുമുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് വൃദ്ധജനങ്ങൾക്കാവശ്യമായ പകൽ വീട് നിർമ്മിക്കാൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഭരണാനുമതി നൽകുകയും അതിന്റെ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. പക്ഷെ, എഗ്രിമെന്റ് വയ്ക്കണമെങ്കിൽ അവർക്ക് ഭൂമി രജിസ്റ്റർ ചെയ്ത് കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. വർഷങ്ങളോളമായി ഫോറസ്റ്റ് ലീസ് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വനാവകാശ നിയമം അനുസരിച്ച് കൊടുത്തതല്ല. 40-ഉം 50-ഉം വർഷത്തോളമായി താമസിക്കുന്ന കുടുംബങ്ങളാണ്. അവർക്കും ഇതുപോലുള്ള പകൽ വീടുകൾ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് കളക്ടർക്ക് റിക്വസ്റ്റ് കൊടുത്തതിന്റെ ഫലമായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും ചെയ്തു. പക്ഷെ, എഗ്രിമെന്റ് വയ്ക്കാൻ സാങ്കേതികമായ തടസ്സമുണ്ട്. ലീസ് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൊടുത്ത കത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കൈമാറുകയും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഗവൺമെന്റിന് ഉചിതമായ തീരുമാനം എടുക്കാമെന്നുള്ള കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധജനങ്ങൾക്ക് പത്രം വായിക്കാനും അവരുടെ പൈതൃകമായ കാര്യങ്ങൾ നടത്താനും അവർക്കാവശ്യമായ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും ഉപയോഗപ്രദമായ സംഗതിയാണ്. മാത്രമല്ല, അഞ്ച് പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് പൂർത്തീകരിച്ചുവെങ്കിലും അതിന് ബിൽ കൊടുക്കാൻ കഴിയുന്നില്ല.

പട്ടികവർഗ്ഗ കോളനിയിലേയ്ക്ക് അനുവദിക്കുമ്പോൾ ഭൂമി രജിസ്റ്റർ ചെയ്ത് കൊടുക്കണമെന്ന സാങ്കേതിക തടസ്സമുള്ളതുകൊണ്ട് അന്ന് ഊര് മൂപ്പന്റെ സമ്മതപ്രകാരം ആ ഭൂമിയിൽ പദ്ധതി പണിയാം എന്നുള്ള തീരുമാനം ജനകീയാസൂത്രണ കാലഘട്ടത്തിൽ എടുത്തിട്ടുണ്ട്. അന്ന് ഞാൻ പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്നു. ഈ ഒരു സാങ്കേതികത്വം നീക്കിയാൽ പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് നടപ്പാക്കാൻ കഴിയും. പൂർത്തീകരിച്ച നാല് പ്രവൃത്തികൾക്ക് ബിൽ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉചിതമായ തീരുമാനം ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :സർ, എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ അനുസരിച്ച് പൊതുജനങ്ങളുടെ ഉപയോഗത്തിന് ലഭ്യമാകുന്ന തരത്തിലുള്ള മൂലധനസ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഫണ്ട് വിനിയോഗിക്കേണ്ടത്. അത്തരത്തിൽ സൃഷ്ടിക്കുന്ന ആസ്തികൾ സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കുന്നതും അവയുടെ വിൽപ്പന, കൈമാറ്റം, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതിയില്ലാതെ നടത്തുവാൻ പാടില്ലാത്തതുമാണ്. എന്നാൽ വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ കോളനികളിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മറ്റൊരു കെട്ടിടമോ സ്ഥാപനമോ ഇല്ലാത്ത സാഹചര്യത്തിൽ വനാവകാശ നിയമപ്രകാരം ആർജ്ജിച്ച ഭൂമിയിൽ പട്ടികവർഗ്ഗ സമൂഹത്തിന് അവരുടെ ആചാരാനുഷ്ഠാനങ്ങളും അവരുടെ ജനന-മരണ വിവാഹ ചടങ്ങുകളും നടത്തുന്നതിന് ഒരു പൊതു ഇടം എന്ന നിലയ്ക്കാണ് പകൽവീട് നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്ന് തുക അനുവദിച്ചിരുന്നതെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിട്ടുള്ളത്.

വനാവകാശ നിയമപ്രകാരം ആർജ്ജിച്ച ഭൂമിയിലാണ് പകൽവീട് നിർമ്മിക്കുന്നതിനുള്ള സമ്മതപത്രം ബി.ഡി.ഒ.-യ്ക്ക് ഉടമസ്ഥൻ നൽകിയിട്ടുള്ളത്. എന്നാൽ വനാവകാശ നിയമപ്രകാരം ലഭ്യമായ ഭൂമി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നതിന് സാധ്യമല്ലെന്ന് ഗവൺമെന്റ് പ്ലീഡറിൽനിന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതായി വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉടമസ്ഥാവകാശം കൈമാറാൻ വ്യവസ്ഥയില്ലാത്ത, ആർജ്ജിച്ച ഭൂമിയിൽ സമ്മതപത്രം സ്വീകാര്യമായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെ ബിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നഭ്യർത്ഥിച്ച് വയനാട് എ.ഡി.സി. ഒരു കത്ത് സമർപ്പിച്ചിരുന്നു. ഈ

വിഷയത്തിൽ വനാവകാശ നിയമപ്രകാരം ആർജ്ജിച്ച ഭൂമി സർക്കാർ ഭൂമിയായി കണക്കാക്കി ബിൽ തുക അനുവദിക്കാമോ എന്നതിൽ വ്യക്തത നൽകണമെന്ന് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിൽനിന്ന് വനം വകുപ്പിന് അനൗദ്യോഗിക കുറിപ്പ് നൽകിയിട്ടുണ്ട്.

അങ്ങ് പറഞ്ഞത് മറുപടി തന്നു എന്നുള്ളതാണ്. അക്കാര്യം ഞാൻ പരിശോധിക്കാം. ഈ സാഹചര്യത്തിൽ വനം വകുപ്പിന്റെ അഭിപ്രായംകൂടി കണക്കിലെടുത്ത് വനാവകാശ നിയമപ്രകാരം ആർജ്ജിച്ച ഭൂമിയിൽ പകൽവീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച പ്രശ്നത്തിന്മേൽ സഹായകരമായ രീതിയിൽ എങ്ങനെ തീരുമാനമെടുക്കാം എന്ന സമീപനമായിരിക്കും സർക്കാർ കൈക്കൊള്ളുക.

## V. **ധനകാര്യം**

### 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| XXXVII | വ്യവസായങ്ങൾ | 204,36,79,000 | 334,96,43,000 | 408,73,59,000 | 669,92,84,000 | 1078,66,43,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 160,84,93,000 | 13,58,67,000 | 321,69,86,000 | 27,17,33,000 | 348,87,19,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്ക് XXXVII, XXXIX എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. സി. ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായങ്ങളെ

തകർച്ചയിൽനിന്നും രക്ഷിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറുകിട വ്യവസായ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിമന്റിന്റെ വില നിയന്ത്രിക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഐ. ടി. മേഖലയിൽ ജോലി ചെയ്യുന്നവർ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാ നിക്ഷേപം കൂട്ടുതൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രൊഫഷണൽ മാനേജർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് റിയാബ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുമേഖലാ എം.ഡി.മാരുടെ നിയമനാധികാരം റിയാബിൽ നിന്നും മാറ്റി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് മന്ത്രിമാരുടെ ബന്ധുക്കളെ അനധികൃതമായി നിയമിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ വളർച്ചയ്ക്ക് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (" ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്" ഓരോ വർഷവും നടത്തി കൂടുതൽ വ്യവസായികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,66,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വഴിയുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാരമ്പര്യേതര ഊർജ്ജോല്പാദന മേഖലയിൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിന്നിലാണെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അലംഭാവം അവസാനിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ലഭ്യതയിൽ നിലവിലുള്ളതായി പറയപ്പെടുന്ന തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫിലമെന്റ് രഹിത പദ്ധതിയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിക്കാവശ്യമായ

മെറ്റീരിയൽസിന്റെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തുണ്ടായ പ്രളയം മനുഷ്യനിർമ്മിതമാണെന്ന അമിക്കസ്ക്യൂറി റിപ്പോർട്ട് സർക്കാർ പരിഗണിക്കുന്നില്ലെന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഡാം മാനേജ്മെന്റ് പാളിച്ചമൂലം സംസ്ഥാനത്തെ ജനങ്ങൾക്ക് ദുരിതമുണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ ഡാമുകളിൽനിന്നും വെള്ളം തുറന്നുവിട്ടത് പ്രളയത്തിന് കാരണമായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് അപ്രഖ്യാപിത പവർകട്ട് നടപ്പിലക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്നതിന് കാരണമായേക്കാവുന്ന അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇടുക്കി ജില്ലയിലെ അനധികൃത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. അനൂപ് ജേക്കബ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,87,19,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## VI. Announcement

### VISIT OF UNION MINISTER SHRI. NIDHIN JAIRAM GADKARI

Mr. Speaker: Hon'ble Members, I am pleased to inform you about the presence of Shri. Nidhin Jairam Gadkari, Hon'ble Central Minister, in our Distinguished Visitors' Gallery. Shri Nidhin Jairam Gadkari who is used to take his portfolio in a different way of approach which I like to call 'The man of action' and he is bold enough to call a spade.

May I, on behalf of the Kerala Legislative Assembly, and the people of Kerala, extend our heartiest welcome to you and family to the Kerala Legislative Assembly and the State of Kerala.

**(ധനകാര്യം ......തുടർച്ച)**

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ന് ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് വളരെ അഭിമാനകരമായ നേട്ടങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ നമ്മുടെ സംസ്ഥാനത്തുണ്ടായതെന്ന് ആദ്യമേ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ മൂന്ന് വർഷത്തിനിടയിൽ വ്യവസായ വകുപ്പുണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ കേരളത്തെയും ഈ രാജ്യത്തെയും സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. പൊതുമേഖല വലിയ ലാഭത്തിലേയ്ക്ക് വന്നിരിക്കുകയാണ്. 12 സ്ഥാപനങ്ങൾ മാത്രം ചേർന്ന് 241 കോടി രൂപയുടെ ലാഭമുണ്ടാക്കിയിരിക്കുന്നുവെന്ന് എടുത്തുപറയാൻ ഞങ്ങൾക്ക് സന്തോഷവും അഭിമാനവുമുണ്ട്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് സംസ്ഥാനത്തെ വ്യവസായത്തെ കുപ്പത്തൊട്ടിയിലാക്കിയ ഒരു മുന്നണിയാണ് കേരളം ഭരിച്ചിരുന്നത്. എല്ലാ വ്യവസായങ്ങളും നഷ്ടത്തിലായിരുന്നു. പേരിനുമാത്രമുള്ള ലാഭം. ഉദാഹരണത്തിന്, കെ.എം.എം.എൽ. ഇപ്പോൾ വലിയ ലാഭത്തിലേയ്ക്ക് വന്നിരിക്കുകയാണ്. യു.ഡി.എഫ്. ഭരിച്ചപ്പോൾ കെ.എം.എം.എൽ.-ന്റെ ലാഭം മൂന്ന് കോടി രൂപ. ഇപ്പോൾ അതിന്റെ ലാഭം 181 കോടി രൂപ. വലിയ വ്യത്യാസമാണ്. പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി T.C.C. (Travancore Cochin Chemicals)-യുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചപ്പോൾ എത്ര കൊടിയ അഴിമതിയാണ് നടത്തിയിട്ടുള്ളതെന്ന് കാണാൻ സാധിച്ചു. പി.യു.സി.-യുടെ

ചെയർമാനായ ശ്രീ. സി. ദിവാകരൻ ഇവിടെ സംസാരിക്കാനുണ്ട്. ഞെട്ടിക്കുന്ന അഴിമതിയായിരുന്നു, അങ്ങനെ ആ സ്ഥാപനം പ്രതിസന്ധിയിലായി. 23 വർഷത്തിനുശേഷം കഴിഞ്ഞ സാമ്പത്തിക വർഷം ആ കമ്പനി സർക്കാരിന് ലാഭവിഹിതം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും വിഹിതമായ 58 ലക്ഷം രൂപ നൽകി. ടൈറ്റാനിയം ഫാക്ടറി നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമായിരുന്നു. ആ ടൈറ്റാനിയം ഫാക്ടറിയുടെ ട്രീറ്റ്മെന്റ് പ്ലാന്റടക്കമുള്ളവയുടെ നഷ്ടത്തിന്റ ചരിത്രം നമുക്ക് പറയേണ്ടതായി വരും. ഇപ്പോൾ ടൈറ്റാനിയം ലാഭത്തിലേയ്ക്ക് വന്നിരിക്കുന്നു. 'കെൽട്രോൺ' - ഡൽഹി, നാഗ്പൂർ, ബോംബെ തുടങ്ങി രാജ്യമൊട്ടാകെ വിവിധ സ്ഥലങ്ങളിൽ കെൽട്രോണിന്റെ ഇലക്ട്രോണിക് പ്രോജക്ടുകൾ ആരംഭിക്കാൻ കഴിഞ്ഞു. ഇന്ന് ഇൻഡ്യ മുഴുവൻ മരുന്നുകൾ നൽകുന്ന സ്ഥാപനമായി K.S.D.P. (Kerala State Drugs and Pharmaceuticals Limited) വളർന്നിരിക്കുന്നു. ആലപ്പുഴ ജില്ലയ്ക്ക് മാത്രമല്ല, കേരളത്തിനാകെ അഭിമാനിക്കാൻ കഴിയുന്ന വലിയൊരു സ്ഥാപനമായാണ് കെ.എസ്.ഡി.പി. വളർന്നിരിക്കുന്നത്. പ്രവർത്തനമില്ലാതെ കിടന്ന സ്ഥാപനം ഈ വർഷം 58 കോടി രൂപയുടെ ഉല്പാദനം കൈവരിച്ചു. ഇപ്പോൾ ലഭിച്ചിരിക്കുന്ന ഓർഡർ പ്രകാരം അടുത്ത വർഷമാകുമ്പോൾ അത് 150 കോടി രൂപയിലേയ്ക്ക് എത്തുകയാണ്.

'ടെൽക്'-നെ സംബന്ധിച്ചും എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട് വളരെ മോശപ്പെട്ടതായിരുന്നു, കോടാനുകോടികളുടെ അഴിമതിയാണ് ഒരു കാലഘട്ടത്തിൽ 'സിൽക്ക്' നമ്മുടെ അഭിമാനമായിരുന്നു. ആ സിൽക്ക് ഇപ്പോൾ ലാഭത്തിലേയ്ക്ക് വന്നിരിക്കുന്നു. 'ആട്ടോകാസ്റ്റ്'-ന് ട്രെയിൻ ബോഗി നിർമ്മിക്കാനുള്ള അംഗീകാരം ലഭിച്ചിരിക്കുന്നു. ബോഗികൾ, കപ്ലർ, ബഫർ ഫ്ലാഞ്ച് ഇതിന്റെയെല്ലാം ഓർഡർ ആദ്യമായി നമുക്ക് കിട്ടുകയാണ്. ട്രാക്കോ കേബിൾ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, കേരള സിറാമിക്സ്, കെൽ, കേരള സോപ്പ്സ്, ചേന്നമംഗലം കൈത്തറി; തുടങ്ങിയവയെ കൈപിടിച്ചുയർത്താൻ കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ചേന്നമംഗലം കൈത്തറിക്ക് വലിയ സഹായമാണ് നൽകിയത്. ഇവിടത്തെ സൗജന്യ യൂണിഫോം പദ്ധതിയിൽ പ്രധാന പങ്കാളിയാണ് ചേന്നമംഗലം കൈത്തറി. കാഡ്കോ, കെൽപാം, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, പിണറായി ഹൈടെക് വീവിംഗ് മിൽ, ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ, കൂടാതെ വയനാട് കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക്; ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതിന്റെ പ്രവർത്തന ഉദ്ഘാടനം നടത്തി. ഒന്നരലക്ഷം കാപ്പിത്തൈകൾ വച്ചുപിടിപ്പിക്കുന്ന നടപടി തുടങ്ങി. അതിന്റെ ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിക്കുകയാണ്.

പാലക്കാട് ജില്ലയിലെ റൈസ് പാർക്ക്-പാലക്കാട് ജില്ലയിലെ കോഴിപ്പാറയിലും തൃശ്ശൂർ ജില്ലയിലെ ചേലക്കരയിലും റൈസ് പാർക്കുകൾക്ക് ശിലയിട്ടു കഴിഞ്ഞു. പാലക്കാട് റൈസ് പാർക്കിൽ മെഗാ ഫുഡ് പാർക്ക് ഈ ഗവൺമെന്റ് പുതുതായി ആരംഭിക്കുകയാണ്. ആലപ്പുഴ റൈസ് പാർക്ക് നിർമ്മാണം വൈകാതെ ആരംഭിക്കും. അതിന്റെ എല്ലാ നടപടികളും പൂർത്തിയായി വരികയാണ്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, കേരളം മാറുകയാണ്; കേരളത്തിലേയ്ക്ക് വ്യവസായികൾ വരില്ലായിരുന്നു. കേരളത്തിലേയ്ക്ക് വ്യവസായികൾ എന്തുകൊണ്ട് വരുന്നില്ല; ഇവിടത്തെ ചുവപ്പ് നാടയാണ് പ്രശ്നം. ഓഫീസുകൾ കയറിയിറങ്ങി ജീവിതം അവസാനിപ്പിച്ച നിരവധി തൊഴിൽ സംരംഭകർ ഇവിടെയുണ്ട്. അവരുടെ മുമ്പിലാണ് 7 വകുപ്പുകൾ ഒന്നാക്കിമാറ്റി 2018-ൽ ഇവിടെ ഒരു പുതിയ നിയമനിർമ്മാണമുണ്ടാക്കിയത്. 60-ഓളം ആളുകൾക്ക് വ്യവസായം ആരംഭിക്കാൻവേണ്ടിയുള്ള നടപടികൾ 'കെ-സിഫ്റ്റ്' എന്ന സോഫ്റ്റ്‌വെയറിൽ കൂടി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി അതിനെല്ലാം അനുമതി ലഭിക്കുന്നില്ലെങ്കിൽ, ഒരു മാസത്തിനുള്ളിൽ വ്യവസായം ആരംഭിക്കാൻവേണ്ടിയുള്ള ഒരു ഡീംഡ് പദവിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം ഒരു പുതിയ റെക്കോർഡ് ഇട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തുതന്നെ ആദ്യത്തെ നടപടിയാണിത്. വ്യവസായം ആരംഭിക്കുന്ന ഏറ്റവും വലിയ ഒരു കേന്ദ്രമായി കേരളം മാറുകയാണ്. ഇക്കണോമിക് റിവ്യൂ-2018-ൽ വളരെ വ്യക്തമായി തന്നെ പറഞ്ഞിരിക്കുന്നു. 2017-18-ൽ വ്യവസായ വകുപ്പിനുകീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ചില ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചത്. ആകെ വിറ്റുവരവ് 2978.54 കോടി രൂപയാണ്. 2016-17-ൽ നിന്ന് 9.5 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്; ചെറിയ വർദ്ധനവല്ല. ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ 14 ആയി വർദ്ധിച്ചിരിക്കുന്നുവെന്നാണ് സാമ്പത്തിക അവലോകനം. വലിയ മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് വന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് തികച്ചും അഭിമാനകരമായ കാര്യം തന്നെയാണ്.

കെൽട്രോൺ അടക്കമുള്ളവയുടെ കാര്യങ്ങൾ ഞാൻ ഇവിടെ ആദ്യം സൂചിപ്പിക്കുകയുണ്ടായി. 43021 ചെറുകിട-ഇടത്തരം യൂണിറ്റുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം രജിസ്റ്റർ ചെയ്തു. ചെറിയ കാര്യമല്ല, ചെറുകിട വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും കേരളത്തിലേയ്ക്ക് വരാൻ മടിച്ചുനിന്ന ഒരു കാലഘട്ടത്തിൽ നിന്ന് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റ് അധികാരമേറ്റെടുത്തപ്പോൾ വ്യവസായ അനുകൂല അന്തരീക്ഷം കേരളത്തിൽ ഉണ്ടായിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 43021 ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ കേരളത്തിലേയ്ക്ക് വന്നിരിക്കുന്നത്. ഇതിലൂടെ 3804.55 കോടി

രൂപയുടെ നിക്ഷേപം, 151072 തൊഴിലവസരങ്ങൾ എന്നിവ ഇവിടെ സൃഷ്ടിക്കാൻ കഴിഞ്ഞിരിക്കുന്നു. വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ പൂർണ്ണമായും ഈ വകുപ്പിൽ കേന്ദ്രീകരിച്ചുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നവീകരണത്തിന്റെ പാതയിലേയ്ക്ക് ഒരു വകുപ്പിനെ കൊണ്ടുവന്നിരിക്കുന്നു. ആദ്യം അദ്ദേഹം തുടങ്ങിവച്ച പദ്ധതികൾ, ഇടക്കാലത്ത് വ്യവസായ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എ. സി. മൊയ്തീൻ ഏറ്റെടുത്ത പദ്ധതികൾ തുടങ്ങിയവയെല്ലാം ഈ കാലഘട്ടത്തിൽ അതിന്റെ പൂർണ്ണതയിലേയ്ക്ക് കടന്നുവരുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. പുതിയ സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കാനും നടപടിയുണ്ട്. 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കർ ഭൂമിയും പാർക്കുകളായി ഗവൺമെന്റ് അംഗീകരിക്കുന്നു. അവർക്ക് സർക്കാർ 5 കോടി രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി ആരംഭിക്കുകയാണ്.

കിൻഫ്ര - അഭിമാനകരമായ പ്രവർത്തനമാണ് നടത്തിയിരിക്കുന്നത്. 2016 നവംബർ മാസം 22-ാം തീയതി തിരുവനന്തപുരം ആനിമേഷൻ ആൻഡ് ഗെയിംസ് പദ്ധതിക്കുള്ള സ്പെഷ്യൽ ഇക്കണോമിക് സോണിന്റെ രണ്ടാംഘട്ടത്തിന്റെ ശിലാസ്ഥാപനം തിരുവനന്തപുരം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. 2017 ജൂൺ 5 കൊരട്ടി കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ശിലാസ്ഥാപനം അന്നത്തെ വ്യവസായ വകുപ്പുമന്ത്രി എ. സി. മൊയ്തീൻ നിർവ്വഹിച്ചു. 2017 ജൂൺ 15-ന് കാക്കഞ്ചേരി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെയും രാമനാട്ടുകര കിൻഫ്ര അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെയും ശിലാസ്ഥാപനം അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. സി. മൊയ്തീൻ നിർവ്വഹിച്ചു. തലശ്ശേരി കിൻഫ്ര സ്മാൾ ഇൻഡസ്ട്രിയൽ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ഉദ്ഘാടനവും നടന്നു. കഞ്ചിക്കോട് കിൻഫ്ര മെഗാ ഫുഡ് പാർക്കിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കേന്ദ്ര മന്ത്രി ഹർസിമ്രത്കൗർ ബാദൽ എന്നിവർ സംയുക്തമായി നിർവ്വഹിച്ചു. 1800 കോടി രൂപ മുടക്കി കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനായി കേരള സർക്കാർ ഫാക്ടുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു കഴിഞ്ഞിരിക്കുന്നു. കേരളം അതിവേഗം മുന്നേറുകയാണ്. വലിയ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് കേരളം മുന്നോട്ടുവരുന്നത് എന്നുള്ളത് തികച്ചും അഭിമാനകരമാണ്. ഈ വ്യവസായ മുന്നേറ്റത്തിൽ തീർച്ചയായും നമ്മുടെ നാഷണൽ ഹൈവേകൾക്ക് വലിയ പങ്കുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരി നാഷണൽ ഹൈവേയ്ക്കുള്ള പ്രതിസന്ധികളൊക്കെ മാറ്റുവാൻ തീർച്ചയായും നേതൃത്വം കൊടുക്കുമെന്നാണ് നമ്മളെല്ലാം പ്രതീക്ഷിക്കുന്നത്. ഈ വരുന്ന നാലുമാസംകൊണ്ട് കൊരട്ടി ഡിസൈൻ ഫാക്ടറി ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാക്കഞ്ചേരി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, മട്ടന്നൂർ പാർക്ക് കണ്ണൂർ, മെഗാ ഫുഡ് പാർക്ക് പാലക്കാട്, ഡിഫൻസ് പാർക്ക് ഒറ്റപ്പാലം തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കുകയാണ്. അതിന്റെ നടപടികൾ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങി. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് 5 വർഷം ഏതെങ്കിലുമൊരു ചെറിയ വ്യവസായ യൂണിറ്റെങ്കിലും കേരളത്തിൽ ആരംഭിച്ചോ; പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായ യൂണിറ്റുകൾ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന കാഴ്ചയായിരുന്നു നമ്മൾ കഴിഞ്ഞ 5 വർഷക്കാലം കണ്ടത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ യൂണിറ്റുകളെയെല്ലാം ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നു എന്നുമാത്രമല്ല പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. ഇ. പി. ജയരാജൻ ഇന്ന് നേതൃത്വം കൊടുത്തുക്കൊണ്ടിരിക്കുന്നതെന്നത് കേരളത്തിനാകെ അഭിമാനം പകരുന്ന കാര്യമാണ്. വ്യവസായ പാർക്കുകൾക്കായി 15,600 കോടി രൂപ കിഫ്ബിയിലുൾപ്പെടുത്തി അനുവദിച്ചുകഴിഞ്ഞു. 6700 ഏക്കർ ഭൂമിയാണ് വ്യവസായ പാർക്കുകൾക്കുവേണ്ടി മാത്രം ഇവിടെ നീക്കിവച്ചിരിക്കുന്നത്. വിമാനത്താവളത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി, പുതിയ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൊച്ചിൻ റിഫൈനറിയുമായി ബന്ധപ്പെട്ട് പെട്രോ കെമിക്കൽ പാർക്കിനായുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് നീങ്ങുകയാണ്. ഇൻഫർമേഷൻ ആണെങ്കിൽപ്പോലും നിസാൻ, ടോറസ്, സ്പേസ് ആന്റ് എയ്റോ, ടെക് മഹീന്ദ്രാ; കോഴിക്കോട് സൈബർ പാർക്കിൽ മാത്രം 6 കമ്പനികൾ, Ernst & Young, Teranet, Airbus തുടങ്ങി നിരവധി കമ്പനികൾ കേരളത്തിലേയ്ക്ക് കടന്നുവരുന്നുവെന്നുള്ളത് കേരളത്തിലെ വ്യവസായരംഗത്തെപ്പറ്റി മലയാളികൾക്ക് മാത്രമല്ല ലോകമെങ്ങുമുള്ള വ്യവസായ ഉടമകൾക്ക് വിശ്വാസമുണ്ടായിരിക്കുന്നുവെന്നാണ് കാണിക്കുന്നത്. ഹൈദ്രാബാദിലും ബാംഗ്ലൂരിലും ഹരിയാനയിലും ഡൽഹിയിലും ഗുജറാത്തിലും പണം മുടക്കിയിരുന്ന വ്യവസായികൾ കേരളത്തിലേയ്ക്ക് എത്തുന്നുവെന്ന്

പറയുമ്പോൾ അത് വലിയ കാര്യമാണ്. അതുകൊണ്ടാണ് വളരെ അഭിമാനത്തോടെ വ്യവസായ വകുപ്പിനെപ്പറ്റിയുള്ള ചർച്ച നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത്.

ഒരു കാര്യം കൂടി സൂചിപ്പിക്കുന്നു, വൈദ്യുതി വകുപ്പിനെപ്പറ്റി പറയാൻ നമുക്ക് നൂറ് നാവുകൾ വേണം. പവർ കട്ട് ഇല്ലാത്ത, ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത കേരളത്തെ സമ്മാനിക്കുവാൻ ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിലുള്ള വൈദ്യുതി വകുപ്പിന് കഴിഞ്ഞിരിക്കുന്നുവെന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യവസായികൾക്കും ജനങ്ങൾക്കും പ്രയോജനകരമാണ്.

ഇന്നലെയാണ് നമ്മുടെ നാടിന്റെ പുരോഗതി സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് പ്രസന്റ് ചെയ്തത്. ആ പ്രോഗ്രസ് റിപ്പോർട്ടിൽ മൂന്ന് മെട്രോ നഗരങ്ങളുമായി കേരളം ലോകത്തിന് മുന്നിലേയ്ക്ക് കടന്നുവരികയാണെന്നാണ് പറഞ്ഞിരിക്കുന്നത്. വൈദ്യുതിയുള്ളൊരു കേരളം, 1000 മെഗാ വാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുമ്പോൾ വൈദ്യുതി മിച്ചമുള്ളൊരു സംസ്ഥാനമായി കേരളം മാറുന്നുവെന്ന ഏറ്റവും അഭിമാനകരമായ മുഹൂർത്തത്തിലാണ് ഈ ചർച്ചകൾ നടക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയെല്ലാം പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ XXXVII-വ്യവസായങ്ങൾ, XXXIX-വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നലെ കൊട്ടിഘോഷിച്ചുകൊണ്ട് സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് ഇറക്കിയിരുന്നു. ഇപ്പോഴാണ് അതിന്റെ കോപ്പി എനിക്ക് കിട്ടിയത്. സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് ഇറക്കുവാൻ നിശാഗന്ധിയിൽ വലിയൊരു പ്രോഗ്രാം തയ്യാറാക്കുന്നതിനുമുമ്പുതന്നെ, താങ്കളുടെ പരിധിയിലുള്ള മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിക്കണമെന്നും ആദ്യാവസാനം പങ്കെടുക്കുന്ന ജീവനക്കാരുടെ പങ്കാളിത്തം മേലധികാരികൾ ഉറപ്പുവരുത്തണമെന്നും തിരുവനന്തപുരത്തെ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. അതോടൊപ്പം പൊതുജനങ്ങൾ വരുന്നതിനായി ശ്രീ. സ്റ്റീഫൻ ദേവസ്സിയുടെ ഗാനമേളയും വച്ചിട്ടുണ്ടായിരുന്നു. ഇന്നത്തെ എല്ലാ പത്രത്തിലും ഈ പ്രോഗ്രാമിന്റെ എല്ലാ ഫ്ലക്സ് ബോർഡുകളിലും ശ്രീ. സ്റ്റീഫൻ ദേവസ്സിയുടെ ഫോട്ടോയുമുണ്ട്. എന്തായാലും ശ്രീ. സ്റ്റീഫൻ ദേവസ്സിയെയും സർക്കാർ ഉദ്യോഗസ്ഥരെയും

കൊണ്ടുവന്ന് കൊട്ടിഘോഷിച്ച് പുറത്തിറക്കിയ പ്രോഗ്രസ്സ് റിപ്പോർട്ടിലുള്ള കാര്യങ്ങളെല്ലാം അതൃപ്തമാണ്. വിദ്യാഭ്യാസ നയം മാറിയോയെന്ന് എനിക്ക് അറിയില്ല. സാധാരണ സ്കൂളുകളിൽ പരീക്ഷ നടത്തുന്നത് സ്കൂൾ അധികൃതരോ ഡിപ്പാർട്ടുമെന്റോ ആണ്. മാർക്കിടുന്നത് ടീച്ചർമാരും പ്രോഗ്രസ്സ് റിപ്പോർട്ട് നമ്മുടെ കൈകളിൽ തരുന്നത് ക്ലാസ് ടീച്ചറുമായിരിക്കും. നമ്മൾ അത് വീട്ടിൽ കൊണ്ടുപോയി മാതാപിതാക്കളിൽ നിന്നും ഒപ്പിട്ടു വാങ്ങിക്കും. ഇതിപ്പോൾ സർക്കാർ തന്നെ പരീക്ഷയിട്ട് അവർ തന്നെ പ്രോഗ്രസ്സ് റിപ്പോർട്ട് വിലയിരുത്തി അവർതന്നെ ആളുകളുടെ കൈകളിൽ എത്തിച്ചിരിക്കുകയാണ്. ജനാധിപത്യത്തിൽ ഏറ്റവും വലിയൊരു പ്രോഗ്രസ്സ് റിപ്പോർട്ടിന് കിട്ടുന്ന മാർക്ക് ജനങ്ങൾ നൽകുന്ന വോട്ടാണെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഇരുപതിൽ ഒന്ന് ($^1/_{20}$) എന്നുള്ള, എല്ലാത്തിനും 'ഡി' ഗ്രേഡ് മാർക്ക് ലഭിച്ച ഈ സർക്കാർ ഇങ്ങനെയൊരു പ്രോഗ്രസ്സ് റിപ്പോർട്ട് ഇറക്കിയിട്ട് ഒരു കാര്യവുമില്ല. രാഷ്ട്രീയത്തിൽ വലിയൊരു വാക്കുണ്ട്- ‘ The lesson of history is clear: democracy always wins in the end’ മലയാളത്തിൽ പറയുകയാണെങ്കിൽ 'ചരിത്രം നൽകുന്ന ശാസനം വളരെ വ്യക്തമാണ്, ആത്യന്തികമായി എപ്പോഴും വിജയിക്കുന്നത് ജനാധിപത്യം തന്നെയാണ് ' എന്നാണ്. ഇരുപതിൽ പത്തൊൻപത് സീറ്റിൽ യു.ഡി.എഫ്. വിജയിച്ചതും 123 സീറ്റുകളിൽ മുന്നേറിയതുമൊക്കെ അതിന്റെയൊരു ലക്ഷണമാണ്. ഇന്നത്തെ ചർച്ചാവിഷയമായ വ്യവസായങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ മുന്നേറ്റമാണെന്നാണ് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. രാജു എബ്രഹാം പറഞ്ഞത്. ഇത് പകുതി കാര്യങ്ങൾ മാത്രം പറഞ്ഞുള്ള കഴിഞ്ഞ രണ്ടുവർഷമായുള്ള ഒരു നുണപ്രചരണം മാത്രമാണ്. Review of Public Enterprises in Kerala 2017-18 നെ സംബന്ധിച്ച് Bureau of Public Enterprises January 2019-ൽ നിയമസഭയിൽ വച്ച പേപ്പറാണ്. അതിൽ State Level Public Enterprises-നെക്കുറിച്ചും number of Profit Earning Enterprises-നെക്കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. 'The number of profit earning enterprises during 2017-18 has decreased to 42 as compared to 46....'. 78 സ്ഥാപനങ്ങളുള്ളതിൽ കഴിഞ്ഞ വർഷം ഏകദേശം 42 സ്ഥാപനങ്ങൾ Profit Earning Enterprises ആയി കുറഞ്ഞിരിക്കുകയാണ്. അതിന് മുമ്പിലത്തെ വർഷം 46 ആയിരുന്നു. 'Number of loss incurring enterprises during the year 2017-18;49 enterprises have incurred losses as against 48....' നഷ്ടമുള്ള സ്ഥാപനങ്ങളുടെ എണ്ണം 2016-ൽ 48 ആയിരുന്നുവെങ്കിൽ അതിപ്പോൾ വർദ്ധിച്ച് 49 ആയി മാറിയിരിക്കുയാണ്. 'The amount of loss; the total loss incurred by SLPEs (State Level Public Enterprises) during 2017-18 amounts to 4807 crores as against 4100 crores during previous year'. ഒറ്റ വർഷം കൊണ്ട് 4100 കോടി രൂപയുടെ

നഷ്ടത്തിൽ നിന്ന് 4700 കോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് നിങ്ങൾ മാറിയിരിക്കുകയാണ്. ഇന്ന് ഇൻഡസ്ട്രീസിൽ സർക്കാരിന് ലാഭമുണ്ടാക്കുന്ന അഞ്ചോ ആറോ സ്ഥാപനങ്ങളുടെ പേര് പറയുമ്പോൾ, നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ റാങ്കിംഗിൽ കേരളം പത്തൊൻപതിൽ നിന്നും ഇരുപത്തിമൂന്നിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണെന്ന് മനസ്സിലാക്കണം. ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി നിധിൻ ഗഡ്ഗരി നേരത്തെ ഗ്യാലറിയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് കണക്കുകൾ അറിയാം. എന്നുമാത്രമല്ല, March 2017-ൽ accumulated loss 19,000 കോടി രൂപയായിരുന്നുവെങ്കിൽ 52 സർക്കാർ സ്ഥാപനങ്ങളിൽ ഈ നഷ്ടമുണ്ടാക്കുന്ന 49 സ്ഥാപനങ്ങളുംകൂടി ചേർത്ത് 19,806 കോടി രൂപയുടെ നഷ്ടത്തിൽ നിന്നും 23,760 കോടിയുടെ നഷ്ടത്തിലേയ്ക്ക് ഈ സർക്കാർ കൊണ്ടുപോയിരിക്കുകയാണ്. അതൊന്നും പറയാതെ അച്ഛനെയും അമ്മയെയും കബളിപ്പിക്കാൻ വേണ്ടി മാർക്ക് മാറ്റിയിടുന്ന കുട്ടികളെപ്പോലെ ഇതിനകത്ത് വന്ന്, 2015-16-ൽ 8 പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമാണ് ലാഭമുണ്ടായിരുന്നതെങ്കിൽ അത് ഇപ്പോൾ 17 ആയി മാറിയെന്ന് പറയുകയാണ്. ഞാൻ കണക്കിനും കെമിസ്ട്രിക്കും തോറ്റെങ്കിലും മലയാളത്തിനും ഇംഗ്ലീഷിനും ഫുൾ മാർക്ക് വാങ്ങിയെന്ന് വീട്ടിൽ പറയുന്നതുപോലെ, അൻപതോളം സ്ഥാപനങ്ങളിൽ കേവലം ഏഴോ എട്ടോ സ്ഥാപനങ്ങളിൽ ലാഭം എത്തിക്കുന്നത് മാത്രമാണ് ഇതിൽ കാണിച്ചിരിക്കുന്നത്. നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന അഞ്ചോ ആറോ പോയിന്റ് പൊതുമേഖലാ വ്യവസായത്തിൽ പറയുന്നുണ്ട്. അതിൽ ആറേഴ് എണ്ണത്തിന് സർക്കാരിന്റെ, സെക്രട്ടേറിയറ്റിന്റെ സാധാരണ ഭാഷയിലാണ് പ്രോഗ്രസ്സ് റിപ്പോർട്ട് എഴുതിയിരിക്കുന്നത്. '150-ാം നമ്പർ - അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 151-ാം നമ്പർ - നടപടികൾ സ്വീകരിക്കും. 152-ാം നമ്പർ- നടപടികൾ സ്വീകരിച്ചുവരുന്നു. 153-ാം നമ്പർ ഇതിലേയ്ക്കായി പ്രാഥമിക ചർച്ചകൾ തുടങ്ങി, മൂന്ന് വർഷം കഴിഞ്ഞു. 154-ാം നമ്പർ - നടപടി സ്വീകരിച്ചിരിക്കുന്നു.' ഇൻഡസ്ട്രീസ് മേഖലയിൽ നിങ്ങൾ കൊട്ടിഘോഷിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന് മാത്രമല്ല പ്രോഗ്രസ്സ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിൽ 60 ശതമാനം കാര്യങ്ങളിലും ഒരു പ്രോഗ്രസ്സും ഉണ്ടായിട്ടില്ല.

എനിക്ക് മസാല ബോണ്ടിന്റെ ബാധ കയറിയിരിക്കുകയാണെന്ന് ചിലയാളുകൾ പറഞ്ഞു. അതിലേയ്ക്ക് ഞാൻ പോകുന്നില്ല. സർക്കാരിന്റെ വലിയ പദ്ധതിക്കായി 12,710 കോടി രൂപ ചെലവാക്കി ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടി 6000 ഏക്കർ ഭൂമി ഏറ്റെടുത്തുവെന്ന് ശ്രീ. രാജു എബ്രഹാം പ്രസംഗിച്ചപ്പോൾ പറഞ്ഞു. നിങ്ങൾ കൊട്ടിഘോഷിച്ച പ്രോഗ്രസ്സ് റിപ്പോർട്ടിൽ വ്യവസായ വകുപ്പിന്റെ

ഏതെങ്കിലുമൊരു പേജിൽ ആ പ്രോജക്ടിന്റെ കാര്യം പറയുന്നുണ്ടോ? ഒന്നും വേണ്ട, ഇതിനകത്ത് മലബാർ വികസനമെന്ന് പറഞ്ഞ് മലബാറിനുവേണ്ടി ലോഗൻ സായിപ്പിന്റെ മാന്വൽ പോലൊരു മാന്വൽ നിങ്ങൾ ഇറക്കിയിട്ടുണ്ട്; ആ മാന്വലിനകത്തും ഈയൊരു പ്രോജക്ടിന്റെ കാര്യം പറയുന്നില്ല. അപ്പോൾ 5366 ഏക്കർ ഭൂമി ഏറ്റെടുത്തുവെന്ന് പറയുമ്പോൾ അത് എന്ത് പ്രോജക്ടിനാണെന്ന കാര്യത്തിൽ യാതൊരു ധാരണയുമില്ല.

ജൂൺ 1-ാം തീയതി ദേശാഭിമാനിയിൽ വന്ന വാർത്തയാണ്: 5366 ഏക്കർ ഏറ്റെടുത്തു. 1210 കോടിയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതി, കണ്ണൂരിൽ പനയത്ത് പറമ്പ്, കീഴല്ലൂർ, മട്ടന്നൂർ തുടങ്ങി പല സ്ഥലങ്ങളിൽ നിന്നും ഭൂമി ഏറ്റെടുത്തെന്നാണ് പറയുന്നത്. എന്തിനാണെന്ന് പറയാതെ, മൂന്ന് വർഷം കഴിഞ്ഞിട്ടും വ്യവസായ വകുപ്പ് മുന്നോട്ട് പോകുകയാണ്. അതുപോലെയാണ് വൈദ്യുതി വകുപ്പിന്റെയും കാര്യം; ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്നപ്പോൾ ഒപ്പിട്ട ഉടമ്പടിയാണ് ഇന്ന് കേരളത്തിൽ ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്തതിന് പ്രധാന കാരണം. 2014-15 കാലഘട്ടത്തിൽ യു.ഡി.എഫ്. സർക്കാർ ഒപ്പിട്ട ഉടമ്പടി കാരണമാണ് ഇന്ന് ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്തത്. എന്നുമാത്രമല്ല, മലബാറിലെ കണ്ണൂരിലെയും കാസർഗോഡിലെയും വൈദ്യുതി പ്രതിസന്ധി മാറ്റാൻ വേണ്ടി 500 മെഗാവാട്ട് എന്ന കേന്ദ്രനിയമം ഉണ്ടായിട്ടും അത് മാറ്റി. സൗരോർജ്ജ പാർക്കിനുവേണ്ടി 250 മെഗാവാട്ടിന്റെ പ്രോജക്ടുകൾക്കുവേണ്ടി കാസർഗോഡിലെയും കണ്ണൂരിലെയും ചില വില്ലേജുകൾ ഐഡന്റിഫൈ ചെയ്തപ്പോൾ ചില സി.പി.ഐ.(എം) പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ആ പ്രോജക്ടിൽ താൽപ്പര്യമില്ലാതിരുന്നതുകൊണ്ട് അതിനെ 50 മെഗാവാട്ടായി വെട്ടിച്ചുരുക്കിയ പദ്ധതിയാണ് ഇതിനകത്ത് വൈദ്യുതിയിൽ സൗരോർജ്ജത്തിന്റെ വലിയ മികവായി കാണിച്ചിരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ 700 കിലോമീറ്ററിൽ എല്ലായിടത്തും സൗരോർജ്ജ പാർക്കുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്.........അവസാനിപ്പിക്കണം, സമയം കഴിഞ്ഞിരിക്കുകയാണ്. ശ്രീ. രാജു എബ്രഹാം സ്വീകരിച്ച മാതൃക കാണിക്കണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. സഭയിൽ നടന്ന എല്ലാ ചർച്ചകളിലും ബി.ജെ.പി.യുടെ കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തവണ ഇന്ത്യയിൽ എല്ലായിടത്തും ബി.ജെ.പി.ക്ക് തേരോട്ടമുണ്ടായപ്പോൾ ആ തേരോട്ടം കേരളത്തിൽ ഇല്ലാതാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് അടങ്ങുന്ന യു.ഡി.എഫ്.

ആണെന്ന കാര്യം അഭിമാനത്തോടെ ഞാൻ പറയുകയാണ്. 2014-ൽ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ തിരുവനന്തപുരം മണ്ഡലത്തിലും വട്ടിയൂർക്കാവിലും കഴക്കൂട്ടത്തും നേമത്തുമൊക്കെ ബി.ജെ.പി. ലീഡ് ചെയ്തപ്പോൾ, 2019-ലെ തെരഞ്ഞെടുപ്പിൽ കഴക്കൂട്ടത്തും വട്ടിയൂർക്കാവിലും തിരുവനന്തപുരം സെൻട്രലിലുമൊക്കെ മൂന്നാം സ്ഥാനത്തെത്തിയത് സി.പി.ഐ.(എം) സ്ഥാനാർത്ഥികളാണ്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നിങ്ങൾ എപ്പോഴും ബി.ജെ.പി.യെ എതിർക്കുന്ന രാഷ്ട്രീയം പറയുന്നതിനേക്കാൾ ജനങ്ങൾ ഈ കാര്യങ്ങൾ മനസ്സിലാക്കിയിരിക്കുകയാണ്. ഒരു പ്രോഗ്രസ്സുമില്ലാത്ത ഈ പ്രോഗ്രസ്സ് റിപ്പോർട്ട് കൂടുതൽ ചർച്ച ചെയ്യപ്പെടണം. ഒരു പ്രോഗ്രസ്സുമില്ലാത്ത ഈ സർക്കാരിന്റെ രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിൻതുണയ്ക്കുകയാണ്. വ്യവസായ വൈദ്യുത പദ്ധതികൾക്കായി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥന, സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും ബാധിക്കുന്ന അത്യന്തം പ്രധാനമായ രണ്ട് വകുപ്പുകളെ സംബന്ധിച്ചാണ്. അതിശക്തമായ സാന്നിദ്ധ്യവും വൻവിജയവും ഇതിനകം കൈവരിക്കാൻ കഠിനമായി പ്രയത്നിച്ച വകുപ്പുമന്ത്രിമാരെ ഞാൻ അഭിനന്ദിക്കുന്നു. വ്യവസായ വകുപ്പിനും വൈദ്യുതി മേഖലയ്ക്കും പുതിയ പ്രതീക്ഷ ഉണർത്തുന്ന അനുഭവങ്ങളാണ് ഈ രണ്ട് വകുപ്പുകളിലും പ്രകടമാകുന്നത്. വ്യവസായ സ്ഥാപനങ്ങൾ കാര്യക്ഷമമായ പ്രവർത്തനശൈലി കൈവരിച്ചിരിക്കുന്നു. അടച്ചുപൂട്ടാൻ മുൻസർക്കാർ തീരുമാനിച്ച നിരവധി സ്ഥാപനങ്ങൾ ഇന്ന് ലാഭം കൈവരിച്ചുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വൈദ്യുതി മേഖലയിൽ ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങൾ അസൂയാവഹമായ കാര്യക്ഷമതയിൽ എത്തിക്കഴിഞ്ഞു. ബോർഡ് അഴിമതിരഹിതമായ ഒരു പൊതുമേഖലാ സ്ഥാപനമായി മാറി. പ്രളയകാലത്ത് വൈദ്യുതി ബോർഡും ജീവനക്കാരും വകുപ്പുമന്ത്രിയും വിശ്രമരഹിതമായി അദ്ധ്വാനിച്ചതിന്റെ ഫലമായി വൻസാമ്പത്തിക നഷ്ടം നേരിട്ടുകൊണ്ട് വൈദ്യുതി വിതരണം സമയബന്ധിതമാക്കിയ ജനസേവനം എല്ലാകാലത്തും കേരളം ഓർമ്മിക്കുമെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വൈദ്യുതി മേഖലയിലുണ്ടായ മാറ്റങ്ങളെല്ലാമുണ്ടായത് പണ്ടാരോ ചെയ്തതിന്റെ ഫലമായാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിലാരോ പറയുകയുണ്ടായി. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. ഇപ്പോൾ കേരളത്തിലെ

എല്ലാ വീടുകളിലും സമ്പൂർണ്ണ വൈദ്യുതിവൽക്കരണമെന്ന മഹത്തായ ലക്ഷ്യം കൈവരിച്ചത് ഈ ഗവൺമെന്റാണ്, ഇന്ത്യയ്ക്ക് മാതൃകയാണത്. രാജസ്ഥാനിൽ സമ്പൂർണ്ണ വൈദ്യുതിവൽക്കരണമായോ; മദ്ധ്യപ്രദേശിൽ ആയോ; കോൺഗ്രസ്സുകാർ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത്, ബി.ജെ.പി. ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് വൈദ്യുതി ക്ഷാമവും പവർകട്ടും അല്ലാതെ സമ്പൂർണ്ണമായ വൈദ്യുതീകരണം എവിടെയെങ്കിലും നടന്നിട്ടുണ്ടോ? വസ്തുതകളെ കാണാനുള്ള വിശാലമായ മനസ്സ് വേണ്ടേ? നമ്മുടെ രാജ്യത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റം ആരുടെയും കുത്തകയല്ല. ഞങ്ങൾ അത് അവകാശപ്പെടുന്നില്ല. എന്നാൽ മാറ്റം മാറ്റമാണ്. വൈദ്യുതി മേഖലയിൽ ഇന്ന് അപേക്ഷ കൊടുത്താൽ നാളെ കണക്ഷൻ ലഭിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. നമ്മുടെ ഉല്പാദന മേഖലയിലും കുറച്ച് വർദ്ധനവുണ്ടായി. ഹൈഡൽ പ്രോജക്ടിനെയാണ് പ്രധാനമായും നമ്മൾ ആശ്രയിക്കുന്നത്. ജലത്തിൽ നിന്നും വൈദ്യുതിയുണ്ടാക്കലാണ്; പുതിയ പരീക്ഷണങ്ങൾ നടക്കുകയാണ്. കൂടുതൽ കൂടുതൽ വൈദ്യുതി ആവശ്യമായി വരികയാണ്. വ്യവസായത്തിന്റെ അടിത്തറ വൈദ്യുതിയാണ്. ആധുനിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും വൈദ്യുതിയാണ്. ആ രംഗത്ത് സ്വയംപര്യാപ്തത നേടാനുള്ള പരിശ്രമങ്ങളിലേയ്ക്കാണ് ഇനി വരുന്ന രണ്ട് വർഷത്തേയ്ക്ക് വൈദ്യുതി മേഖല നീങ്ങേണ്ടത്. അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. പ്രതിപക്ഷാംഗങ്ങളെ ആക്ഷേപിക്കാനൊന്നും ഞാൻ തയ്യാറല്ല; ആരെയും പേരെടുത്ത് പറയാൻ ഞാൻ തയ്യാറല്ല. പക്ഷേ വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ആലോചിക്കണം, ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം പണ്ട് ലാഭത്തിലായിരുന്നുവെന്ന് പറഞ്ഞ ആളുകൾ ഇവിടെയില്ല. കഴിഞ്ഞ കാലത്ത് ഈ സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരുന്നു? അടച്ചുപൂട്ടി വിൽക്കാൻ വച്ചിരുന്ന കെൽട്രോൺ, യൂണിയൻ നേതാവെന്ന നിലയിൽ സമരം ചെയ്തു എന്നെയും ജീവനക്കാരെയും മ്യൂസിയം പോലീസ് സ്റ്റേഷന്റെ ലോക്കപ്പിലിട്ടു. അവർക്കത് വിൽക്കാൻ കഴിഞ്ഞില്ല. ഇന്ന് കെൽട്രോൺ കേരളത്തിലെ വ്യവസായ ഭൂപടത്തിലെ ഏറ്റവും ശക്തമായ സാന്നിദ്ധ്യമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കാൻ തുടങ്ങിയിട്ടുണ്ട്. നമ്മുടെ സ്ഥാപനമായ കെൽട്രോണിനെ നന്നാക്കണം. അതിനെ തള്ളിപ്പറയരുത്. കേരളത്തിന്റെ വേൾഡ് മാർക്കറ്റിലുള്ള ഏക സ്ഥാപനം കെൽട്രോണാണ്. അതിനെ നന്നാക്കി എടുക്കണമെന്ന് പറയാം. അല്ലാതെ അതിനപ്പുറത്തേയ്ക്ക് പറഞ്ഞ് ആ സ്ഥാപനത്തെ നശിപ്പിക്കരുത്. അതെന്തു കൊണ്ടാണ് നിങ്ങൾക്ക് തോന്നാത്തത്? വ്യവസായരംഗത്തെ ഗുരുതരമായ ഒരു പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്; ഇവിടെ എല്ലാവരും ഘോരഘോരം പറയുന്നുണ്ട്, കേരളത്തിന്റെ വ്യവസായ മേഖലയുടെ സ്ഥിതിയെന്താണ്? ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം

കിട്ടിയിട്ട് എത്രവർഷമായി; ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളുടെ കണക്കെടുത്താൽ 1.9 ശതമാനം മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിലെ വ്യവസായ നിക്ഷേപം. നമ്മെക്കാൾ ചെറിയ സംസ്ഥാനമായ പോണ്ടിച്ചേരിക്ക് രണ്ട് ശതമാനമുണ്ട്. അതിനെതിരെ നിങ്ങൾ ശബ്ദമുണ്ടാക്കുന്നുണ്ടോ; ആരുടെ കുഴപ്പമാണ്? കാലാകാലങ്ങളിൽ ശ്രീ. പി. സി. ജോർജ് അടക്കം ഇവിടെയിരുന്ന ആളുകളുടെ കുഴപ്പമാണ്. വേറെ ആരുടെയും കുഴപ്പമല്ല. നമ്മുടെയെല്ലാം കുഴപ്പമാണ്. നമ്മൾ ഇനിയെങ്കിലും കണ്ണ് തുറക്കണം. ഇപ്പോൾ എന്താണ് അവസ്ഥ; 1990-91 മുതൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പുതിയ നയം വന്നു. ആ നയപ്രകാരം അതാത് സംസ്ഥാനങ്ങൾക്ക് വിദേശ മൂലധനം ഇഷ്ടംപോലെ സ്വീകരിക്കാം. ആ തക്കം ഉപയോഗിച്ച് തമിഴ്നാട്, കർണ്ണാടക തുടങ്ങിയ നിരവധി സംസ്ഥാനങ്ങളിൽ ധാരാളം സൗജന്യങ്ങൾ കോർപ്പറേറ്റ് കമ്പനികൾക്ക് കൊടുത്തു. സൗജന്യമായി വൈദ്യുതിയും സ്ഥലവും കൊടുത്തു; വിദേശമൂലധനം അവിടെയുണ്ടായി; വിദേശകമ്പനികൾ വന്നു. നമ്മെ സംബന്ധിച്ചിടത്തോളം അങ്ങനെ കൊടുക്കാൻ നമുക്ക് സ്ഥലമില്ല. ഇവിടെ ലോല പരിസ്ഥിതികളാണുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, എറണാകുളത്ത് ആവശ്യത്തിന് സ്ഥലമെടുത്ത് എച്ച്.എം.ടി. 12 സ്ഥാപനങ്ങൾ സ്ഥാപിക്കുമെന്ന് പറഞ്ഞു. മൂന്ന് സ്ഥാപനങ്ങൾ സ്ഥാപിച്ചു, ബാക്കി സ്ഥാപിച്ചിട്ടില്ല. ഇപ്പോഴും കേരള സർക്കാർ തടി വെട്ടിവിറ്റ് കാശുണ്ടാക്കാൻ നോക്കുകയാണ്. ആ നിലയിലേയ്ക്ക് വ്യവസായത്തെ നശിപ്പിച്ച ഉത്തരവാദിത്വം മാറിമാറി വന്ന കേരളത്തിലെ ഗവൺമെന്റുകൾക്കില്ലേ; അതിനെപ്പറ്റി അങ്ങെന്താണ് സംസാരിക്കാത്തത്?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. സി. ജോർജ് മാറിമാറിവന്ന എല്ലാ ഗവൺമെന്റിന്റെയും ഭാഗമായിരുന്നതിനാൽ ഒന്നും പറയാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി ആ വിമർശനത്തെ സ്വയം വിമർശനമെന്നാണ് പറയുന്നത്.

1.00 pm]

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞത് ശരിയാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് HMT സ്ഥിതി ചെയ്യുന്നത്. HMT-യുടെ സ്ഥിതി വളരെ പരിതാപകരമാണ്. പക്ഷേ കളമശ്ശേരി HMT-ക്ക് ഇത്തവണ 3 കോടി രൂപയിൽ ചില്വാനം ലാഭമുണ്ടായി. പക്ഷേ രാജ്യത്തുള്ള മുഴുവൻ സ്ഥാപനങ്ങളും ലിങ്ക് ചെയ്തതുകൊണ്ട് അതിന്റെ ലാഭനഷ്ട കണക്കുകൾ നോക്കുമ്പോൾ ഈ HMT നഷ്ടത്തിലാണ്. അവിടെ ലെയ്ത്തും മെഷീൻ ടൂൾസുമാണ് ഉണ്ടാക്കുന്നത്. അത് വളരെ ലാഭകരമായി വിറ്റഴിക്കുന്നതുമാണ്. ശ്രീ. പി. സി.

ജോർജിന്റെ ഇന്ത്യാ ഗവൺമെന്റ് ചെയ്യേണ്ടത്, ശ്രീ. നരേന്ദ്ര മോഡി ഗവൺമെന്റുമായി ആലോചിച്ച് കളമശ്ശേരി HMT ഡീലിങ് ചെയ്യണം. അങ്ങനെയാണെങ്കിൽ അവിടെ എക്സ്പാൻഷൻ പ്രോജക്ട് കൊണ്ടുവരാൻ സാധിക്കും. കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്യാം, പതിനായിരക്കണക്കിനാളുകൾക്ക് ജോലി കൊടുക്കുന്ന വ്യവസായം കളമശ്ശേരി HMT-യിൽ കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് പറഞ്ഞ നിർദ്ദേശം വളരെ ഫലപ്രദമാണ്. നിങ്ങൾക്കത് ചെയ്യാമായിരുന്നു. പക്ഷേ നിങ്ങൾ അത് ചെയ്തില്ല. ഇത്തവണ നിങ്ങൾക്ക് എം.പി.-മാർ കൂടുതലുണ്ട്, മുസ്ലീംലീഗിന്റെ എം.പി.-മാരുമുണ്ട്. അവരോട് പറഞ്ഞ് കേന്ദ്ര ഗവൺമെന്റുമായി നെഗോഷ്യേറ്റ് ചെയ്യാം. സ്റ്റേറ്റ് ഗവൺമെന്റ് സഹായിക്കും; അതിന് കുഴപ്പമില്ല. അതുകൊണ്ടൊന്നും ഈ പ്രശ്നം തീരില്ല. കേരളത്തിലെ വ്യവസായ മേഖലയ്ക്ക് പുതിയ മുഖം വേണം. ഇവിടെയുള്ള കുറച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ നന്നാക്കിയാൽ കേരളത്തിലെ ലക്ഷക്കണക്കിനുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുമെന്നുള്ള വ്യാമോഹമൊന്നും വേണ്ട. ഇന്നത്തെ നിലയിൽ കേരളത്തിലെ ആധുനിക വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും പുനരുദ്ധരിച്ചുകൊണ്ട് ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടിവരും. അതിന് ധാരാളം സാധ്യതകളുണ്ട്. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ്, ടൂറിസം ഡിപ്പാർട്ടുമെന്റ് അതുപോലെ സമാന്തരമായ മറ്റ് വകുപ്പുകളെല്ലാം ചേർന്ന് അവിടെ നിന്നുണ്ടാകുന്ന അസംസ്കൃത സാധനങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനും പ്രോസസ്സ് ചെയ്യാനും വേണ്ടിയുള്ള മെഗാ പ്രോജക്ട് തയ്യാറാക്കാൻ കേരളത്തിലെ പ്ലാനിംഗ് ബോർഡിന് കഴിയണം. കേരളം അതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കണം. കേരളത്തിന് ഒരു വ്യവസായ ദിശാമുഖം ഉണ്ടാകണം. പരമ്പരാഗതമായ കാര്യങ്ങൾ പറഞ്ഞിട്ട് ഇനി കാര്യമില്ല. അവഗണിക്കാൻ കഴിയുന്നതല്ല പരമ്പരാഗത വ്യവസായ മേഖലകൾ. അതെല്ലാം പുനരുദ്ധരിക്കേണ്ടിവരും. കഴിഞ്ഞ തവണ ഇവിടെ സ്വർഗ്ഗീയമായിരുന്നു എന്നൊക്കെ പറയുന്നു. ഞാൻ ചോദിക്കട്ടെ; കഴിഞ്ഞ തവണ എത്ര കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടന്നിരുന്നു; പതിനായിരക്കണക്കിനു വരുന്ന പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾ കൊടും പട്ടിണിയിലായിരുന്നില്ലേ; ഒരു ഫാക്ടറിയെങ്കിലും നിങ്ങൾക്ക് തുറക്കാൻ കഴിഞ്ഞോ? കേരളത്തിലെ ഏറ്റവും അടിസ്ഥാനപരമായ ഒരു വ്യവസായം, ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന, പാവപ്പെട്ടവർ പണിയെടുക്കുന്ന, ദേശീയ കൂലിനിരക്കിൽ ഏറ്റവും താഴ്ന്ന കൂലി വാങ്ങുന്നവരും ജോലി ചെയ്യുന്നവരുമുള്ളതുമായ വ്യവസായ മേഖലയെ

ശവപ്പറമ്പാക്കി. ഇന്ന് അവിടെ കശുവണ്ടി ഫാക്ടറികൾ തുറന്നു. ആളുകൾക്ക് ജോലി കൊടുക്കുന്നു. ജോലി ഇല്ലാത്ത സമയത്ത് വേതനം കൊടുക്കുന്നു. എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നു. ഗ്രാറ്റുവിറ്റി, പെൻഷൻ, വെൽഫെയർ സ്കീമുകൾ എന്നിവ ആയി. ഇതൊക്കെ കാണണ്ടേ; വ്യവസായത്തെ ഏത് രീതിയിലാണ് ഇനി നന്നാക്കേണ്ടത്; നിങ്ങൾ അതിന് നിർദ്ദേശങ്ങൾ പറയണം. നിങ്ങൾ ഞങ്ങളെ ഒരുപാട് ആക്രമിച്ചു. ഇരുപതിൽ പത്തൊമ്പത് സീറ്റ് അവർക്ക് കിട്ടി, രാജ്യം പിടിച്ചടക്കി കഴിഞ്ഞുവെന്ന് എന്റെ ഒരു മാന്യസുഹൃത്ത് പറയുകയുണ്ടായി. നിങ്ങൾ ഈ വ്യവസായ മേഖലയിൽ കുറെക്കൂടി സജീവമായി ഗവൺമെന്റുമായി സഹകരിക്കാതെ, കമ്മ്യൂണിസ്റ്റ് വിരുദ്ധമായി, ഇടതുപക്ഷ വിരുദ്ധമായി നിങ്ങൾ എവിടെയാണ് പോകുന്നത്; നിങ്ങൾക്ക് എവിടെയാണ് ഒരഭയം; മുസ്ലീം ലീഗും കോൺഗ്രസ്സും യു.ഡി.എഫ്.-ഉം എങ്ങോട്ടാണ് പോകുന്നത്; കേരളം വിട്ട് എവിടെയെങ്കിലും പോകാൻ നിങ്ങൾക്ക് പറ്റുമോ; നിങ്ങൾ ഇന്ത്യയെക്കുറിച്ചും ഇന്ത്യയുടെ ഭാവിയെക്കുറിച്ചും ഇന്ത്യൻ രാഷ്ട്രീയത്തെക്കുറിച്ചും ആലോചിക്കണം. ഈ രാജ്യം ഭ്രാന്താലയമാകുകയാണ്. വടക്കേ ഇന്ത്യയിൽ എന്താണ് നടക്കുന്നത്; മനുഷ്യജീവന് എന്തെങ്കിലും വിലയുണ്ടോ; അതിന് കേസ് എന്തെങ്കിലും എടുക്കുന്നുണ്ടോ; മനുഷ്യരെ അടിച്ചുകൊന്ന് തണൽ മരങ്ങളുടെ ശിഖരങ്ങളിൽ കെട്ടിത്തൂക്കുകയല്ലേ; പശുവിനെ കൊന്നു, തൊലിയുരിച്ചു, കന്നുകാലികളെ വളർത്തി, കന്നുകാലികളെ അടിച്ചു എന്നിങ്ങനെ പറഞ്ഞ് എന്ത് ഭ്രാന്താണ് കാണിക്കുന്നത്; അതല്ലേ നിങ്ങൾ കാണേണ്ടത്; ആ ഇന്ത്യയെ കാണാതെ നിങ്ങൾ കേരളത്തിലെ ഗവൺമെന്റിനെ ആക്ഷേപിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇതിനെക്കാൾ മെച്ചപ്പെട്ട ഏത് ഗവൺമെന്റാണ് ഇന്ത്യയിലുള്ളത്; ബി.ജെ.പി. ഭരിക്കുന്ന ഏത് സംസ്ഥാന ഗവൺമെന്റാണുള്ളത്; ഇതിനെക്കാൾ മെച്ചപ്പെട്ട ഏതെങ്കിലും സംസ്ഥാന ഗവൺമെന്റുണ്ടോ; നിങ്ങൾ ഈ ഗവൺമെന്റിനെ അന്ധമായി എതിർക്കുന്നിടത്തോളം കാലം ഞങ്ങൾക്ക് താൽക്കാലികമായി പരാജയമുണ്ടാകും. തോൽവിയെക്കുറിച്ച് വലിയ ആശങ്കയുള്ള പാർട്ടിയിൽപ്പെട്ട ആളല്ല ഞാൻ. എന്റെ പാർട്ടി നന്നായി തോറ്റിട്ടുണ്ട്. ജയിച്ചിട്ടുമുണ്ട്. തെരഞ്ഞെടുപ്പിൽ ജയപരാജയങ്ങളാണ് മാനദണ്ഡമെങ്കിൽ അങ്ങനെ തീരുമാനിക്കുന്നത് രാഷ്ട്രീയ പാപ്പരത്തമാണ്. അടൽ ബിഹാരി വാജ്പേയിയുടെ കാലത്ത് രണ്ട് എം.പി.-മാരാണുണ്ടായിരുന്നത്. അത് ഇവിടെ പറയുന്ന മാന്യവ്യക്തികൾക്ക് അറിഞ്ഞുകൂടേ; ചെറുപ്പക്കാർക്ക് അതെല്ലാം അറിഞ്ഞുകൂടേ; രണ്ടുപേരാണുണ്ടായിരുന്നത്. അവരാണ് തിരിച്ചുവന്നത്. രാഷ്ട്രീയത്തിൽ കയറ്റിറക്കങ്ങളുണ്ടാകും. നിങ്ങളുടെ ഗതി എന്താണ്; 1950-നുശേഷം നിങ്ങൾക്ക് നൂറിന് നൂറ് സീറ്റും എല്ലാ സംസ്ഥാനവും കിട്ടി. കേന്ദ്രം നിങ്ങളുടെ

കൈവെള്ളയിൽ ഇരുന്നില്ലേ; ഇന്ന് കോൺഗ്രസ്സിന്റെ ഗതി എന്താണ്; നിങ്ങൾ താഴോട്ട് പോകുകയാണോ; പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും നടക്കുന്നുണ്ടോ; പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാര്യങ്ങൾ നിങ്ങൾക്കറിയാമോ; അദ്ദേഹം പറഞ്ഞ കാര്യം ഞാൻ പറഞ്ഞുതരാം. ശ്രീ. രാഹുൽ ഗാന്ധിയെ ഞാൻ പരസ്യമായി അഭിനന്ദിക്കുന്നു. കാരണമെന്താണ്; ശ്രീ. രാഹുൽ ഗാന്ധി ഒരു ആശയത്തിന്റെ പേരിൽ സമരം ചെയ്തപ്പോൾ അദ്ദേഹം തന്നെ ചോദിച്ചു, ഞാൻ ഒരു ആശയത്തിന്റെ പേരിൽ സമരം ചെയ്തപ്പോൾ ഞങ്ങളുടെ പിന്നിൽ ആരുമില്ലായിരുന്നു. കോൺഗ്രസ് നേതാക്കന്മാരെല്ലാം എന്നെ ഒറ്റി കൊടുത്തു. അതുകൊണ്ട് ഞാൻ രാജി വയ്ക്കുന്നു. ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞ ആ കാര്യം വായിച്ചോ; ഞാൻ ബി.ജെ.പി.-ക്കെതിരായി സമരം ചെയ്തപ്പോൾ സീനിയർ നേതാക്കന്മാർ എന്നെ കാലുവാരി. അതുകൊണ്ട് ഞാൻ ഈ സ്ഥാനത്ത് ഇരിക്കുന്നില്ല. ശ്രീ. രാഹുൽ ഗാന്ധിയെ ഒറ്റപ്പെടുത്തിയ, ആ കാലുവാരിയ ആൾ ഇവിടെയുണ്ട്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ വയനാട്ടിൽ ആ പാവത്തിനെ കൊണ്ടുവന്ന് എന്ത് കളിയാണ് കളിച്ചത്; സ്വന്തംനാട്ടിൽ നിൽക്കാൻ നിവൃത്തിയില്ല. സ്വന്തം മണ്ഡലത്തിൽ തെരഞ്ഞെടുപ്പിന് നിർത്താതെ എന്ത് കളിയാണ് അവിടെ നടന്നത്; രണ്ടിടത്ത് നിൽക്കാമല്ലോ; എന്തുകൊണ്ട് നിന്നില്ല; ശ്രീ. രാഹുൽ ഗാന്ധി എന്താണ് അവിടെ നിൽക്കാത്തത്; ശ്രീ. രാഹുൽ ഗാന്ധിയുടെ മണ്ഡലം ഇതാണോ; നിങ്ങൾ അദ്ദേഹത്തെ ഇവിടെ കൊണ്ടുവന്നത് ബി.ജെ.പി.-യെ സഹായിക്കാനും എൽ.ഡി.എഫ്.-നെ തോൽപ്പിക്കാനുമാണ്. അതാണ് ഞാൻ പറഞ്ഞത്, നിങ്ങളുടെ സമരം എൽ.ഡി.എഫ്.-നെതിരായിട്ടാണ്, ബി.ജെ.പി.ക്കെതിരായിട്ടല്ല. നിങ്ങൾ ബി.ജെ.പി.ക്കെതിരായി വരണം. നിങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മനോഭാവം മാറ്റണം. രാഷ്ട്രീയം പറഞ്ഞാൽ ഇവർക്ക് മനസ്സിലാകില്ല; നിങ്ങൾക്ക് എന്തുപറഞ്ഞാലും മനസ്സിലാകില്ല. നിങ്ങൾ വരുന്നത് എന്തിനാണ്; ഇവിടെ വന്ന് കുറേ കാര്യങ്ങൾ പറയുന്നതിനാണ്. നിങ്ങൾ ഈ കേരളത്തിലെ എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞോ; കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയണ്ടേ; കേരളത്തിലെ വിലക്കയറ്റത്തെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടോ; അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കാര്യം നിങ്ങൾ പറയുന്നുണ്ടോ; കേരളത്തിലെ ഭരണപരമായ കാര്യങ്ങൾ നിങ്ങൾ പറയുന്നുണ്ടോ; കേരളത്തിലെ ആളുകൾക്ക് പെൻഷൻ ലഭിക്കുന്ന കാര്യത്തെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടോ; വീടില്ലാത്തവർക്ക് വീട് കിട്ടിയ കാര്യം നിങ്ങൾ പറയുന്നുണ്ടോ; ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭിച്ച കാര്യം നിങ്ങൾ പറയുന്നുണ്ടോ; വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ; നിങ്ങൾ ഒന്നും അംഗീകരിക്കില്ല. അന്ധമായ

വിരോധമാണ്. രാഷ്ട്രീയമായി അന്ധമായ സമീപനമെടുക്കരുത്. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ഇലക്ട്രിസിറ്റിയെക്കുറിച്ച്, ഇവർക്ക് മനസ്സിലാകാത്ത ഒരു കാര്യത്തെക്കുറിച്ച് ഞാൻ പറയാം. ജവഹർലാൽ നെഹ്റു തന്റെ പ്രിയപുത്രിക്ക് അയച്ച കത്ത് നിങ്ങൾ വായിക്കണം. അതിൽ പറഞ്ഞിട്ടുണ്ട്. 'മകളേ, പ്രിയദർശിനീ, നീ വലിയ ഒരാളാകും. നിന്റെ ജന്മനാളിൽ എനിക്ക് സമ്മാനം നൽകാൻ ഒന്നുമില്ല. ഞാൻ ജയിലിൽ കിടന്നുകൊണ്ട് എഴുതുന്ന കത്താണ്. എന്തുകൊണ്ടെന്നാൽ നിന്റെ ജനനം 1917-ലാണ്. ലോകത്തെ മാനവരാശിക്ക് മോചനം കിട്ടിയ ഒക്ടോബർ വിപ്ലവത്തിന്റെ വർഷം.' ആ ഒക്ടോബർ വിപ്ലവത്തിന്റെ ഉൽപ്പന്നമാണ് മഹാനായ ലെനിൻ. അദ്ദേഹം ഇലക്ട്രിസിറ്റിയെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്, 'A Unified Economic Plan'. വളരെ പ്രസിദ്ധമായ പ്ലാൻ ആണത്. A great plan - Electrification plus Soviet power means Communism എന്നാണ്. ഇലക്ട്രിസിറ്റിക്ക് അത്രയും വലിയ പ്രാധാന്യമുണ്ട്. വൈദ്യുതിയാണ് ഒരു രാഷ്ട്രത്തിന്റെ എല്ലാ പുരോഗതിയുടെയും മാനദണ്ഡം. വൈദ്യുത രംഗത്ത് കേരളം ഒന്നാം സ്ഥാനത്ത് എത്താൻ പോകുകയാണ്. വൈദ്യുത രംഗത്ത് സ്വയം പര്യാപ്തത നേടുന്നതോടുകൂടി കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മാറ്റം വരും. ആ പരിശ്രമങ്ങൾ തുടരണമെന്ന് ശ്രീ. എം. എം. മണിയോടും അതുപോലെ തന്നെ വ്യവസായത്തിൽ അമ്പരപ്പില്ലാതെ പോകുന്ന താങ്കളെയും ഞാൻ അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, വ്യവസായ രംഗത്ത് മുതൽ മുടക്കുന്നതിനും മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനും കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും Ease of Doing Business കൊണ്ടുവന്നിട്ട് ഒരു വർഷം കഴിഞ്ഞു. ഈ നിയമസഭ വളരെ പ്രതീക്ഷയോടുകൂടി ഏകകണ്ഠമായി പാസ്സാക്കിയതാണ്. പക്ഷെ അതിന്റെ ഗുണം എത്രമാത്രം ഉണ്ടായി എന്ന് ഒരു റിപ്പോർട്ടിലും ഇന്നുവരെ പറഞ്ഞിട്ടില്ല. വ്യവസായ വകുപ്പിന്റെ പല റിപ്പോർട്ടുകളും ഇവിടെ ഉദ്ധരിക്കപ്പെട്ടു. അതിലൊന്നും Ease of Doing Business നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ വ്യവസായ രംഗത്ത് എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് സൂചിപ്പിച്ചിട്ടില്ല. ആ നിയമം പാസ്സാക്കുന്നതിനുമുമ്പ് നമ്മൾ 21-ാം സ്ഥാനത്തായിരുന്നു. ഇപ്പോൾ നമ്മൾ എത്രാമത്തെ സ്ഥാനത്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ ഒരു പ്രധാന കാര്യം പറയാൻ പോകുന്നത്, ഇതൊരു രാഷ്ട്രീയ പ്രേരിതമായ സംഗതിയല്ല. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കളമശ്ശേരി, ഏലൂർ, ആലുവ വ്യവസായ മേഖലയിൽനിന്നും പൂട്ടിപ്പോയത് 24 വ്യവസായങ്ങളാണ്. അത്

ഏതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടേയോ ഏതെങ്കിലും ഗവൺമെന്റിന്റേയോ കുറ്റമായി ഞാൻ പറയുന്നില്ല. പന്ത്രണ്ടായിരത്തിലധികം തൊഴിലാളികളാണ് വഴിയാധാരമായത്. ഒഗലെ ഗ്ലാസ്, ശ്രീചിത്രാ മിൽസ്, പ്രീമിയർ കേബിൾസ്, തോഷിബാ ബാറ്ററീസ്, അശോകാ ടെക്സ്റ്റൈൽസ്, ക്രോംപ്റ്റൺ ഗ്രീവ്സ്, ആർ.കെ. ഇൻഡസ്ട്രീസ്, ദത്താ ടിൻ, ചക്കോളാസ് സ്പിന്നിംഗ് മിൽസ്, ടി.സി.എം., കാത്തായി കോട്ടൺ മിൽസ്, അൽസ്റ്റോം......

<u>ശ്രീ. സി. ദിവാകരൻ:</u> സർ, നിങ്ങളുടെ കാലത്ത് പൂട്ടിയതുമുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, 20 വർഷങ്ങൾക്കുള്ളിൽ പൂട്ടിയതാണെന്ന് ഞാൻ പറഞ്ഞല്ലോ; ഞങ്ങളുടെ കാലത്തും നിങ്ങളുടെ കാലത്തും പൂട്ടിയിട്ടുണ്ട്. ഹിൻഡാൽകോ സ്മെൽട്ടർ, കൊച്ചിൻ കാഗസ്, ടാറ്റാ സോപ്പ്, ആനന്ദ് വയർ റോപ്പ്, റാഡോ ടയേഴ്സ്, പെരിയാർ കെമിക്കൽസ്, ശ്രീശക്തി പേപ്പർ മിൽസ്, വൈശാലി ഫാർമ, ബിനാനി സിങ്ക്, മെർക്കം, ട്രാവൻകൂർ റയോൺസ്, ബി.എസ്.ഇ.എസ്. തുടങ്ങിയ 24 സ്ഥാപനങ്ങളാണ് കഴിഞ്ഞ 20 വർഷത്തിനുള്ളിൽ പൂട്ടിപ്പോയത്. അത് ഏതെങ്കിലും ഒരു സർക്കാരിന്റെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. നമ്മുടെ നിലപാടുകളും അതോടൊപ്പംതന്നെ ആഗോളവൽക്കരണവും അതിനൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഗവൺമെന്റ് വ്യവസായമായാലും സംയുക്ത മേഖലയിലുള്ള വ്യവസായമായാലും സ്വകാര്യ മേഖലയിലുള്ള വ്യവസായമായാലും ഒരു പ്രശ്നമുണ്ടായാൽ ഇടപെടാൻ നമ്മൾ വൈകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം. ഈ വ്യവസായ സ്ഥാപനങ്ങളിലെ മുതലാളിമാർക്ക് യാതൊരു കുഴപ്പവുമില്ല. അവർ സൗജന്യവിലയ്ക്ക് കേരള ഗവൺമെന്റിൽനിന്നും തരപ്പെടുത്തിയിട്ടുള്ള ഇൻഡസ്ട്രിയൽ ലാന്റിന്റെ തരം മാറ്റി വൻസമുച്ചയങ്ങളും വലിയ ഷോപ്പിംഗ് മാളുകളുമാക്കി മാറ്റിയിരിക്കുകയാണ്. ചിലതൊക്കെ കാടുകയറി കിടക്കുന്നുണ്ട്. നമ്മുടെ സമീപനത്തിന്റെ പ്രശ്നമാണിത്. ആ സമീപനം മാറ്റിയെടുക്കാൻ നമുക്ക് സാധിക്കണം. തുറക്കാൻ സാധിക്കാത്ത വ്യവസായ സ്ഥാപനങ്ങളുടെ ബാക്കി കിടക്കുന്ന സ്ഥലങ്ങൾ; പുകക്കുഴൽ ഇല്ലാത്ത ന്യൂ ജനറേഷൻ ഇൻഡസ്ട്രികളുണ്ട്. വലിയ പൊല്യൂഷൻ ഇല്ലാത്ത, സ്റ്റാർട്ട്-അപ്പുകൾ- കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കളമശ്ശേരിയിൽ സ്റ്റാർട്ട്-അപ് വില്ലേജ് തുടങ്ങിയത്. അത് ഈ ഗവൺമെന്റ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. പക്ഷെ ആവശ്യത്തിനനുസരിച്ച് സ്റ്റാർട്ട്-അപ്പുകൾ ഉയർന്നുവന്നിട്ടില്ല. അതിനുള്ള സഹായങ്ങൾ വന്നിട്ടില്ല. സ്റ്റാർട്ട്-അപ്പുകളും ന്യൂ ജനറേഷൻ ഇൻഡസ്ട്രികളും തുടങ്ങാൻ ഈ സ്ഥലങ്ങൾ ഉപയോഗിക്കണം. അത് പിടിച്ചെടുക്കാൻ/ഏറ്റെടുക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ നിയമസഭയിൽ ഒരു ബിൽ തന്നെ കൊണ്ടുവരണമെന്നാണ്

എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. Ease of Doing Business ബിൽ ഏകകണ്ഠമായി പാസ്സാക്കിയ നിയമസഭയാണിത്. അത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്ന് ഈ സ്ഥലങ്ങൾ ഉപയോഗിക്കാൻ നമുക്ക് സാധിക്കണം. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കേരളത്തിലെ സ്ഥിതി, അവ വളരെ ദയനീയാവസ്ഥയിലാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ പ്രശ്നം. അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. അവിടത്തെ തൊഴിലാളികൾക്ക് 15 മാസമായി ശമ്പളം കിട്ടിയിട്ടില്ല. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് ഇവിടെ സ്ഥാപിച്ചത് ഒരു വ്യവസായം എന്നതിലുപരി സാംസ്കാരികമായ മുന്നേറ്റംകൂടി കണ്ടുകൊണ്ടാണ്. അതിൽ പ്രധാനം, ഇവിടെയുള്ള പത്രസ്ഥാപനങ്ങൾക്ക് ന്യൂസ്പ്രിന്റ് കൊടുക്കാൻ സാധിക്കുമെന്നുള്ളതായിരുന്നു. സി. അച്യുത മേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആ സ്ഥാപനം തുടങ്ങാൻ കേന്ദ്ര ഗവൺമെന്റിൽ പ്രേരണ ചെലുത്തിയത്. അത് വിൽപ്പനയ്ക്ക് വച്ചിരിക്കുന്നുവെന്നതാണ് ഇന്നത്തെ അവസ്ഥ. അത് കേരള ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ സ്ഥലം മുഴുവൻ കേരള ഗവൺമെന്റ് കൊടുത്തതാണ്. യൂക്കാലിപ്റ്റ്സ് നടുന്നതിനും അതിന്റെ റാ മെറ്റീരിയലിന് ആവശ്യമുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങളും സ്ഥലങ്ങളുമൊക്കെ കേരള ഗവൺമെന്റ് കൊടുത്തിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് നഷ്ടപരിഹാരം കൊടുത്ത് വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കാനുള്ള നടപടി കേരള ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എല്ലാ പാർട്ടികൾക്കും പത്രമുണ്ടെന്ന് നമുക്കറിയാം. മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ വലിയ പത്രങ്ങളുമുണ്ട്. എല്ലാവർക്കും ന്യൂസ്പ്രിന്റിന് വലിയ ക്ഷാമമാണ്. മറ്റുള്ള ചെറുകിട പത്രങ്ങൾക്ക്, ദേശാഭിമാനി ഉൾപ്പെടെയുള്ള പാർട്ടി പത്രങ്ങൾക്ക് ന്യൂസ്പ്രിന്റ് കിട്ടാൻ വലിയ ബുദ്ധിമുട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ കാര്യത്തിൽ 2018 ഒക്ടോബറിൽത്തന്നെ സംസ്ഥാന ഗവൺമെന്റ് അത് ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര ഗവൺമെന്റ് നാഷണൽ കമ്പനി ലാ ട്രൈബ്യൂണലിന് വിട്ടിരിക്കുകയാണ്. അവർ ഇത് ലിക്വിഡേറ്റ് ചെയ്യാൻ ലിക്വിഡേറ്ററെ വച്ചിരിക്കുകയാണ്. ഒരു സമഗ്രമായ പ്രൊപ്പോസൽ ലിക്വിഡേറ്റർ തയ്യാറാക്കുന്നുണ്ട്, ഇപ്പോൾ അവർ പറഞ്ഞു കൊണ്ടിരിക്കുന്നത് അവർ എടുക്കുന്ന ലിക്വിഡേഷൻ നടപടികൾക്കനുസരിച്ച്

നിങ്ങൾക്ക് ഇടപെടാമെന്നാണ്. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ഈ കാര്യത്തിൽ നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോഴും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഗവൺമെന്റ് എടുത്ത നിലപാടിനെ സ്വാഗതം ചെയ്യുകയാണ്. എം.പി.മാരുടെ പീരിയോഡിക്കൽ കോൺഫറൻസ് ഗവൺമെന്റ് നടത്തുന്നുണ്ട്. ഇത് വലിയൊരു പ്രശ്നമാക്കി മാറ്റിക്കൊണ്ട്, ലിക്വിഡേഷനിൽ വച്ചിരിക്കുന്ന ഒരു സ്ഥലം അതിന്റെ കോടതി നടപടികളൊക്കെ ആയി വരുമ്പോൾ നമ്മൾ ഉദ്ദേശിച്ച രീതിയിൽ കേരളത്തിന് കിട്ടണമെന്നില്ല. അതിനൊരു പ്രത്യേക തീരുമാനം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കാൻ നമ്മുടെ എം.പി.-മാരെല്ലാം തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കളമശ്ശേരി എച്ച്.എം.ടി.-യുടെ കാര്യവും ഇവിടെ സാന്ദർഭികമായി ചർച്ചയിൽ വന്നു. അത് ഡീ-ലിങ്ക് ചെയ്താൽ തീർച്ചയായും നല്ല ലാഭമുണ്ടാക്കി എക്സ്പാൻഷൻ നടത്തി കൂടുതൽ തൊഴിലവസരവും സംസ്ഥാനത്തിനും രാജ്യത്തിനും നേട്ടമുണ്ടാക്കാനും സാധിക്കുമെന്ന് പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. എഫ്.എ.സി.ടി.-യുടെ റിവൈവൽ പാക്കേജ്, നമ്മുടെ വ്യവസായ മുത്തശ്ശി, വ്യവസായം എന്തെന്ന് കേരളം കണ്ടത് എഫ്.എ.സി.ടി.-യിലൂടെയാണ്. വ്യവസായ മുത്തശ്ശിയാണ് എഫ്.എ.സി.ടി. അതിന്റെ റിവൈവൽ പ്രോഗ്രാം ഇന്നുവരെ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടില്ല. ശക്തമായ സമ്മർദ്ദം ചെലുത്തണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 'വാറ്റ്' (VAT)-ൽ അവർക്ക് എക്സംപ്ഷൻ കൊടുത്തിട്ടും റിവൈവൽ പ്രോഗ്രാം അനുവദിച്ചില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാടെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഞാൻ വൈദ്യുതിയെപ്പറ്റി കൂടുതൽ പറയുന്നില്ല, ഏത് വിധത്തിലാണെങ്കിലും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്. പക്ഷെ അങ്ങ് ഒരു കാര്യം ചെയ്യണം. ഇപ്പോൾ മഴ പെയ്ത് തുടങ്ങി. കഴിഞ്ഞ വർഷം മഴ പെയ്തു തുടങ്ങിയപ്പോൾ അങ്ങ് ലാഭക്കൊതിയനെപ്പോലെ ആ വെള്ളം മുഴുവൻ ഡാമുകളിൽ സംഭരിക്കുകയും അത് പൊട്ടാറായ സ്ഥിതിവിശേഷത്തിൽ തുറന്നുവിടുകയും ചെയ്തതിനാൽ ഞങ്ങളെല്ലാം അപകടത്തിലായി. പെരിയാറിന്റെ തീരത്ത് താമസിക്കുന്ന ആളായതിനാൽ അതിന്റെ ഏറ്റവും വലിയ ഇരയാണ് ഞാൻ. എന്റെ മണ്ഡലം പെരിയാറിന്റെയും ചാലക്കുടി പുഴയുടെയും തീരത്താണ്. ഞാൻ വ്യക്തിപരമായി അതിലെ ഒരു ഇരയാണ്. ദയവായി അങ്ങനെ ചെയ്യരുതെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ജൂലൈ 1-ാം തീയതി കളക്ടർ വിളിച്ച യോഗത്തിൽ എം.എൽ.എ.മാരെല്ലാം

ഉണ്ടായിരുന്നു. ആ യോഗത്തിൽ വച്ച് ഡാമുകൾ തുറന്നുവിടേണ്ട സമയമായെന്ന് ഞാൻ പറഞ്ഞതാണ്. അത് പീരിയോഡിക്കലായി തുറന്നുവിടണം. 2013-ൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു സാഹചര്യം ഉണ്ടായി. കാബിനറ്റ് രഹസ്യം പറയുന്നത് ശരിയല്ല. പക്ഷെ രഹസ്യമല്ലാത്തതുകൊണ്ട് ഞാൻ പറയുകയാണ്. അന്നത്തെ കാബിനറ്റിൽ അങ്ങയുടെ സ്ഥാനം വഹിച്ചിരുന്ന വൈദ്യുതി വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ഇതേപോലെ ഡാമുകൾ തുറന്നുവിടുന്നതിനെ സംബന്ധിച്ച് ഒരു അപ്രിഹെൻഷൻ വച്ചു. അന്ന് മറ്റുള്ളവരെല്ലാം പ്രത്യേകിച്ച് ശ്രീ. പി. ജെ. ജോസഫിനെപ്പോലെയുള്ള ആളുകൾ വളരെ ശക്തമായ നിലപാട് സ്വീകരിച്ചതുകൊണ്ട് അന്നത് ഡ്രെയിൻ ചെയ്ത് 2018-ൽ ഉണ്ടായ മഹാപ്രളയം പോലൊരു സാഹചര്യം ഉണ്ടാകാതെ പരിഹരിക്കുകയായിരുന്നു. അതുപോലെ കേന്ദ്ര ജല കമ്മീഷനും കേന്ദ്ര ഗവൺമെന്റും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ അണക്കെട്ടിനും പ്രത്യേകമായി ഒരു എമർജൻസി ആക്ഷൻ പ്ലാൻ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്നുവരെ അത് നടപ്പിലാക്കിയിട്ടില്ല; അത് നടപ്പിലാക്കണം. മഴക്കാലം തുടങ്ങിക്കഴിഞ്ഞു, ഇനിയും ഒരു മഹാ പ്രളയത്തിന് വഴി വയ്ക്കരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉണ്ണി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ ദുരന്തത്തെയാണ് കേരളം കഴിഞ്ഞ വർഷത്തിൽ അഭിമുഖീകരിച്ചത്. അതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അത്ഭുതകരമായ ഒരവസ്ഥയായിരുന്നു ഇലക്ട്രിസിറ്റി മേഖലയിലുണ്ടായത്. കഴിഞ്ഞ വർഷം ഉണ്ടായ മഹാപ്രളയം വൈദ്യുതി മേഖലയിലും വലിയ നഷ്ടമാണ് വരുത്തിവച്ചത്. 820 കോടി രൂപയുടെ നഷ്ടമാണ് കെ.എസ്.ഇ.ബി.ക്ക് ഉണ്ടായത്. 26 ലക്ഷത്തോളം കണക്ഷനുകൾ ഇതിന്റെ ഭാഗമായി വെള്ളത്തിലായി. പതിനേഴായിരം ട്രാൻസ്ഫോർമറുകൾ വെള്ളത്തിൽ മുങ്ങി. ലക്ഷക്കണക്കിന് പോസ്റ്റുകൾ തകർന്നു. അൻപത് സബ്സ്റ്റേഷനുകൾ മുങ്ങി. പത്തൊൻപത് ജല വൈദ്യുത നിലയങ്ങൾ വെള്ളവും ചെളിയും കയറി കേടായി. എന്നാൽ വൈദ്യുതി മേഖലയിലെ തൊഴിലാളികൾ പത്തുദിവസം രാവുംപകലും മിനക്കെട്ടാണ് ഈ വൈദ്യുതി പുനഃസ്ഥാപിച്ചത്. ഇന്ന് സമ്പൂർണ്ണ വൈദ്യുതി, പവർ കട്ടില്ലാത്ത, ലോഡ് ഷെഡ്ഡിംഗില്ലാത്ത, വൈദ്യുതി ഇപ്പോൾ കേരളത്തിലുണ്ടെന്ന് പറയുമ്പോൾ കഴിഞ്ഞ ആഗസ്റ്റ് മാസം 8-ാം തീയതിക്ക് ശേഷമാണ് ഇത്രയും വലിയ ദുരന്തം വൈദ്യുതി മേഖലയിലുണ്ടായതെന്ന് ഓർത്തുകൊണ്ട് വേണം ഇപ്പോഴത്തെ ഈ അവസ്ഥയിൽ നമ്മൾ മുന്നോട്ടുപോകുവാൻ. വലിയ ദുരന്തമാണ് നമ്മൾ

അനുഭവിച്ചത്. അതിൽനിന്നും കരകയറാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത് എന്നുള്ളതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനയെ ആത്മാർത്ഥമായി, കേരളത്തെ സ്നേഹിക്കുന്ന, മലയാളികളുടെ നാടിനെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഇതിനെ എതിർക്കാൻ കഴിയില്ല. കേരളത്തിലെ വ്യവസായ മേഖലയെ സംബന്ധിച്ച് സത്യസന്ധമായി പറയുകയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖല അടിമുടി മാറ്റത്തിന് വിധേയമായി. അടിമുടി മാറ്റത്തിന്റെ പാതയിലാണെന്ന് പറയുമ്പോൾ സൃഷ്ടിപരമായ ബാധ്യതയുള്ള, അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രി വ്യവസായ വകുപ്പിനുണ്ടെന്നുള്ളത് ഈ മാറ്റത്തിന്റെ ഒരു പ്രധാന കാര്യമാണ്. സ്ഥിരമായി വ്യവസായങ്ങളെ പഠിക്കുന്നതിനും തൊഴിലാളികളുടെ ഇംഗിതത്തിനനുസരിച്ച് വ്യവസായങ്ങളെ വളർത്തിക്കൊണ്ട് വരുന്നതിനുമുള്ള നിരന്തര ജാഗ്രതയാണ് എന്റെ അനുഭവത്തിൽ വ്യവസായ വകുപ്പുമന്ത്രി ഈ രംഗത്ത് കാഴ്ചവയ്ക്കുന്നത്. ഒരു വ്യവസായ വിപ്ലവത്തിന് തിരികൊളുത്തുന്ന സമീപനമാണ് ഈ ബഡ്ജറ്റിൽ ഉള്ളതെന്ന് നിസ്സംശയം പറയുവാൻ കഴിയും. ഈ വ്യവസായ മേഖലയിൽ കേരള ഗവൺമെന്റ് നീണ്ട നേട്ടങ്ങളുടെ പട്ടികയിലേയ്ക്ക് കുതിക്കുകയാണ്; പ്രത്യേകിച്ചും സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാർ. വ്യവസായ രംഗത്ത് ഇന്ന് ഉണർവ് പ്രകടമാണ്. കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാവുകയാണ്. അത്യന്തം പ്രോത്സാഹനജനകമായ കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ഥിതി ഇതായിരുന്നില്ല. ഒട്ടുമിക്ക വ്യവസായ സ്ഥാപനങ്ങളും വ്യവസായങ്ങളും നഷ്ടത്തിലായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപ ആയിരുന്നു. സർക്കാർ ആദ്യം നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള നടപടിയാണ് സ്വീകരിച്ചത്. അതിന്റെ ഗുണം കണ്ടു. ഭരണത്തിലേറി ആദ്യ വർഷംതന്നെ നഷ്ടം 71 കോടി രൂപയായി കുറയ്ക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞു. 2017-18 ലാഭത്തിലാവുകയും ചെയ്തു. അതായത് 170 കോടി രൂപ ലാഭത്തിലാകുന്ന ഒരവസ്ഥയാണ് പിന്നീടുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ അവസാന ഘട്ടത്തിൽ 8 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മാത്രമായിരുന്നു ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഭൂരിഭാഗവും നഷ്ടത്തിലായിരുന്നു. വ്യവസായ മേഖലയിൽ വ്യവസായ രംഗത്തുണ്ടായ കെടുകാര്യസ്ഥതയാണ് ഈ നഷ്ടത്തിലേയ്ക്ക് വ്യവസായങ്ങൾ പോകുന്നതിനുള്ള കാരണമായത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നശേഷം 2016-2017 കാലത്ത് പതിമൂന്ന് വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 കാലയളവിൽ പതിനാല് വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ

കഴിഞ്ഞു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, വർഷങ്ങൾക്കുശേഷം ലാഭത്തിലാവുകയും ലാഭവിഹിതം വിതരണം ചെയ്യുകയും ചെയ്തു. ഇത് എടുത്ത് പറയുവാൻ കാരണം, എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ടി.സി.സി. നഷ്ടത്തിലായിരുന്നു. വേണമെങ്കിൽ കൃത്യമായും തുക തന്നെ പറയാം. ഈ സ്ഥാപനം 7.37 കോടി രൂപ നഷ്ടത്തിലായിരുന്നു. ഉൽപ്പാദന വർദ്ധനവ് എന്ന തത്വം പ്രയോഗിച്ചാണ് ഈ വ്യവസായ സ്ഥാപനത്തെ ലാഭകരമാക്കാൻ കഴിഞ്ഞത്. സമാധാനപരമായ വ്യവസായ അന്തരീക്ഷം, സംതൃപ്തരായ തൊഴിലാളികൾ, ഉയർന്ന ഉൽപ്പാദനം, അഴിമതി തീരെയില്ലാത്ത സംശുദ്ധമായ വ്യവസായമേഖല ഇതെല്ലാമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ മുഖമുദ്ര. ഇനിയും ഒട്ടേറെ പറയാനുണ്ട്. എങ്കിലും എന്റെ ജില്ലയിലെ ഒരു വ്യവസായ സ്ഥാപനത്തിന്റെ കാര്യംകൂടി ഇക്കൂട്ടത്തിൽ പറയാനുണ്ട്. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ എന്ന വ്യവസായ സ്ഥാപനം കേന്ദ്ര ഗവൺമെന്റ് വിൽക്കാൻ ശ്രമിച്ചതാണ്. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു മാതൃകയായി ആ വ്യവസായം ഏറ്റെടുക്കാൻ തീരുമാനിച്ചത്. സംസ്ഥാന ഗവൺമെന്റ് ഈ വ്യവസായം ഏറ്റെടുക്കാൻ തീരുമാനിച്ചപ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ബി.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള തൊഴിലാളി യൂണിയൻ കോടതിയിൽ പോയി ഏറ്റെടുക്കൽ നടപടിയെ തടസ്സപ്പെടുത്തുന്ന സമീപനമാണ് സ്വീകരിച്ചത്. ഇന്നിപ്പോൾ 'ഇല്ലത്തുനിന്നും വിടുകയും ചെയ്തു അമ്മാത്തെത്തീട്ടുമില്ല' എന്ന അവസ്ഥയാണ് ഈ വ്യവസായ സ്ഥാപനത്തിനുള്ളത്. നമ്മുടെ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളെപ്പറ്റി എം.എൽ.എ.മാർ പറയുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് കശുവണ്ടിയും കയറും. ഇന്നലെ ഇവിടെ പല എം.എൽ.എ.-മാരും സംസാരിച്ച അവസരത്തിൽ കൃഷിക്കാരുടെ ആത്മഹത്യയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. കൃഷിക്കാർക്കു മാത്രമല്ല ആത്മഹത്യ ചെയ്യേണ്ടിവന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഈ പരമ്പരാഗത വ്യവസായ മേഖലയിലെ ആളുകൾ ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. കശുവണ്ടി/കയർ മേഖലകൾ ഒരു പ്രതീക്ഷയും ഇല്ലാതെ നിൽക്കുന്ന അവസ്ഥയാണുണ്ടായത്. പൂർണ്ണമായും ജീവിതത്തിൽത്തന്നെ ഇരുട്ട് കയറിയ ഒരു വിഭാഗമായിരുന്നു ഈ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ. അവർ അവിടെ വളരെ വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിച്ചിരുന്നത്. പാവപ്പെട്ട ജനങ്ങളുടെ കൈത്താങ്ങും ആശ്രയവുമായ വ്യവസായശാലകളെ തകർത്തെറിയുന്നതായിരുന്നു യു.ഡി.എഫ്. നയമെങ്കിൽ അത്തരം വ്യവസായശാലകളെ സംരക്ഷിക്കുന്ന നയമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. പരമ്പരാഗത വ്യവസായ മേഖലയിൽ അതിനെ സംരക്ഷിച്ച് നിർത്തുന്നതിനോടൊപ്പം ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂലി

ഉറപ്പ് വരുത്തുന്നതിനും 2018-19-ൽ 28 കോടിയോളം രൂപ അനുവദിച്ചുവെന്നത് ഒരു ദിശാബോധമുള്ള സർക്കാരിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ പ്രവർത്തനം ഈ രംഗത്ത് എടുത്തുപറയേണ്ടതാണ്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ഈ സർക്കാരിന്റെ കീഴിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 258.20 കോടി രൂപയാണ് ലാഭമുണ്ടാക്കിയത്. അധികാരമേൽക്കുമ്പോൾ ഈ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്ന കാര്യം നമ്മൾ വിസ്മരിക്കരുത്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ക്രമാനുഗതമായി വളർച്ചയുണ്ടാക്കി ലാഭത്തിലാകുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചത് വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികളാണ്. അതിന് നേതൃത്വം നൽകിയ വകുപ്പുമന്ത്രിയെ ഈ വേളയിൽ ഞാൻ അഭിനന്ദിക്കുകയാണ്.

ചെറുകിട ഇടത്തരം വ്യവസായശാലകളിലും എൽ.ഡി.എഫ്. സർക്കാർ വൻ മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. 36,000-ത്തിലേറെ സ്ഥാപനങ്ങളാണ് ഈ മൂന്ന് വർഷത്തിനകം ചെറുകിട വ്യവസായ മേഖലയിൽ പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത മേഖലയിൽ 3250 കോടി രൂപയാണ് നിക്ഷേപം. 1.3 കോടി തൊഴിലവസരങ്ങളുണ്ടായി. ഗൾഫിലെ തൊഴിലവസരങ്ങൾ കുറഞ്ഞ് തൊഴിൽ നഷ്ടമായി നാട്ടിലേയ്ക്ക് തിരികെ എത്തുന്നവരുടെ എണ്ണം ഓരോ ദിവസവും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഏവരേയും ആശങ്കപ്പെടുത്തുന്ന കാര്യമാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കടമ നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്. അതിനായി ചെറുകിട പരമ്പരാഗത വ്യവസായ മേഖലകളിൽ പുതിയ തൊഴിൽസാധ്യതകൾ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. വ്യവസായ വകുപ്പും സർക്കാരും നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ തുക ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേട്ടത്തിന്റെ നെറുകയിൽ ആണെന്നത് ഈ സർക്കാരിന്റെ ഏറ്റവും സവിശേഷമായ കാര്യമാണ്. കഴിഞ്ഞ കാലങ്ങളിലുണ്ടായ വ്യവസായ തകർച്ചയുടെ ഒരു പ്രധാനപ്പെട്ട കാരണം കെടുകാര്യസ്ഥതയാണ്. ഇവിടെ സഖാവ് സി. ദിവാകരൻ സംസാരിക്കുന്ന അവസരത്തിൽ അദ്ദേഹം ചെയർമാനായ കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. പി.യു.സി. ചേരുന്ന അവസരത്തിൽ പലപ്പോഴും കഴിഞ്ഞ കാലങ്ങളിൽ വ്യവസായ മേഖലകളിൽ നടന്നിരുന്ന അഴിമതിയെ സംബന്ധിച്ചാണ് ചർച്ച വരാറുള്ളത്. നായകനില്ലാത്ത രീതിയിലേയ്ക്ക് വ്യവസായ രംഗം കടന്നുപോയിരുന്നു എന്ന് പി.യു.സി.-യിൽ പങ്കെടുക്കുന്ന ഏതൊരാൾക്കും ബോധ്യമാകുന്നതാണ്.

ഇത് സ്കൂൾ തുറന്ന സമയമാണ്. കാർഷിക വ്യവസായ മേഖലയിലെ വളർച്ച പ്രകടമാകുന്നത് വിദ്യാലയങ്ങൾ തുറക്കുന്ന അവസരത്തിലാണ്. കുട്ടികളെ സ്കൂളിൽ പറഞ്ഞയയ്ക്കാൻപോലും നിവൃത്തിയില്ലാത്ത, രാവിലെ സ്കൂളിൽ പോകുമ്പോൾ ആഹാരംപോലും കൊടുക്കാൻ കഴിയാത്ത, വളരെ യാതന അനുഭവിക്കുന്ന ഒരുപാട് കുടുംബങ്ങൾ നമ്മുടെ ഗ്രാമങ്ങളിലുണ്ട്. വ്യവസായമെന്ന് പറയുമ്പോൾ സാധാരണയായി വൻകിട നഗരങ്ങളെയാണ് നമ്മൾ ഓർമ്മിക്കാറുള്ളത്. എന്നാൽ ഇപ്പോൾ നഗരങ്ങളിൽമാത്രം കേന്ദ്രീകരിച്ചിരുന്ന വ്യവസായ ശാലകൾ ഗ്രാമങ്ങളിലേയ്ക്ക് ഇറങ്ങിവരുന്നു. ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെടുന്നു എന്നത് അടുത്തകാലത്തായി കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. അക്കൂട്ടത്തിലാണ് സ്കൂളുകളുടെ കാര്യം പറയേണ്ടിവരുന്നത്. വളരെ ഉത്സാഹത്തോടുകൂടിയാണ് ഇന്ന് രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കുന്നത്. അതിനുകാരണം അവർക്ക് തൊഴിലുണ്ട് എന്നതാണ്. കാർഷിക മേഖലയാണെങ്കിലും വ്യവസായ മേഖലയാണെങ്കിലും തൊഴിലെടുത്ത് ഉപജീവനം നടത്തുന്നതിന് ഒരു വരുമാനം ആ കുടുംബങ്ങളിലുണ്ട് എന്നുള്ളതാണ് അതിന്റെ പ്രത്യേകത. കുട്ടികൾ നാളെയുടെ സമ്പത്താണ്. അവരുടെ വിദ്യാഭ്യാസത്തിനായി മുടക്കുന്ന നയാപൈസപോലും വെറുതെയാകില്ല. അവർക്ക് മികച്ച വിദ്യാഭ്യാസ സാഹചര്യം ഒരുക്കുന്നതിനുള്ള ശ്രമമാണ് ആ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. അധികാരമേറ്റ് മൂന്ന് വർഷം കഴിയുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്.

അഭിമാനത്തോടുകൂടി പറയട്ടെ, സംസ്ഥാനത്ത് കാൽ നൂറ്റാണ്ടിനിടയിൽ ആദ്യമായി പൊതുമേഖലാ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. ഏകദേശം നാല് ലക്ഷത്തോളം കുട്ടികൾ അധികമായി എത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് പറയുന്നത്, അവർക്കുണ്ടായിട്ടുള്ള ഉന്മേഷവും ആവേശവുമെല്ലാം വ്യവസായ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൂടിയുണ്ടായതാണെന്നാണ്. നമ്മുടെ തൊഴിൽ മേഖലയിൽ ഏതാണ്ട് 80 ശതമാനത്തോളം ആളുകളുടെ ഉപജീവന മാർഗ്ഗം കാർഷിക മേഖലയാണ്. മറ്റ് നിരവധി പേർ വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരാണ്. അവരുടെ സംതൃപ്തി കൂടിയാണ് വിദ്യാഭ്യാസ രംഗത്ത് കാണുന്നത്.

ഞാൻ എന്റെ മണ്ഡലത്തിൽ 86 സ്കൂളുകളിലായി 128-ഓളം ഒന്നാം ക്ലാസ്സുകൾ ഡിജിറ്റലാക്കാൻവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്ന് ഒന്നേകാൽ കോടി രൂപ ചെലവഴിച്ചു. എല്ലാ ഒന്നാംക്ലാസ്സും ഡിജിറ്റലാക്കി. ആ സൗകര്യം എന്താണെന്ന് മനസ്സിലാക്കാൻ കുട്ടികൾ മാത്രം വന്നാൽപോര. അവരുടെ രക്ഷിതാക്കളും ഈ

പുതിയ മാറ്റം കാണണമെന്ന് പറഞ്ഞുകൊണ്ട് അവരെയെല്ലാം ഈ സ്കൂൾ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ രീതിയിൽ വ്യവസായ കാർഷിക മേഖലയിലെ മാറ്റം വിദ്യാഭ്യാസ മേഖലയിലും കാണാൻ കഴിയും. വളരെ ആവേശകരമായ അനുഭവമാണ് ഇന്ന് കാർഷിക-വിദ്യാഭ്യാസ-വ്യവസായ മേഖലകളിൽ ഉണ്ടായിട്ടുള്ളത്. അതിന് ഈ ഗവൺമെന്റിനെയും വ്യവസായ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്യുന്ന സഖാവ് എം. എം. മണിയെ അഭിനന്ദിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, നമ്മളിൽനിന്ന് അകന്നുപോയ, കെ. എം. മാണി ഇല്ലാത്ത ഈ സഭയിൽ വൈദ്യുതി വകുപ്പിനെക്കുറിച്ച് സംസാരിക്കുമ്പോൾ അദ്ദേഹം ഹ്രസ്വകാലം ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്താണ് കേരളത്തിൽ വെളിച്ചവിപ്ലവം കൊണ്ടുവന്നത്. നമ്മുടെ മലയോര മേഖലയിൽ വൈദ്യുതി എത്താത്ത ഒരു കാലയളവിൽ മലയോര മേഖലയടക്കമുള്ള ദുർഘട പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ അദ്ദേഹം നടത്തിയ ശ്രമം ഞാൻ സാന്ദർഭികമായി ഓർക്കുകയാണ്.

ഈ സഭയിൽ അംഗമായിരുന്ന എന്റെ പിതാവ്. വികസനത്തിന് മൂന്ന് 'വി' ഉണ്ടെന്നും വെളിച്ചം, വഴി, വെള്ളം എന്നീ മൂന്ന് 'വി' കളാണ് യഥാർത്ഥത്തിൽ വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളെന്നും അദ്ദേഹം പലപ്പോഴും സൂചിപ്പിക്കാറുണ്ട്. സംസ്ഥാനത്തിന്റെ വികസന പാതയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളെ സംബന്ധിച്ചാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നത്. അതോടൊപ്പംതന്നെ അവ പരസ്പര പൂരകങ്ങളുമാണ്. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻവേണ്ടിയുള്ള നിയമം ഒരു വർഷത്തിന് മുൻപ് നമ്മൾ ഈ നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. പുതിയ വ്യവസായികൾക്ക് ഓൺലൈനിലൂടെ അപേക്ഷ നൽകാനും 30 ദിവസത്തിനുള്ളിൽ അനുമതി നൽകാനുമുള്ള ശ്രമങ്ങളായിരുന്നു നടത്തിയത്. അതുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി. KSWIFT എന്ന ഒരു പോർട്ടൽ തയ്യാറാക്കുകയും ചെയ്തു. പക്ഷേ അതിന്റെ പ്രവർത്തനങ്ങൾ അത്ര കാര്യക്ഷമമല്ല എന്നുള്ള പരാതി ഇപ്പോഴും പല മേഖലകളിൽനിന്നും വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇക്കാര്യത്തിൽ അവരുടെ മനോഭാവം ഇപ്പോഴും മാറ്റിയിട്ടില്ല. ഓൺലൈനിൽ വരുന്ന അപേക്ഷകൾക്ക് അനുമതി നൽകുന്നതിനുള്ള ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തുനിന്നുള്ള സമീപനം ഒട്ടും സ്വാഗതാർഹമല്ല. പ്രത്യേകിച്ചും മലയാളികൾക്ക് ഏത് തീരുമാനങ്ങളോടും നെഗറ്റീവായ സമീപനമാണുള്ളത്. മനോഭാവങ്ങൾ മാറാത്തതാണ് പ്രധാനപ്പെട്ട കാര്യം. 30 ദിവസം കഴിഞ്ഞ് ഫീസ് അടച്ചുകഴിഞ്ഞാൽ അനുമതി കിട്ടിയതായി

കണക്കാക്കും എന്നൊക്കെ നമ്മൾ ചട്ടത്തിൽ പറയുന്നുണ്ടെങ്കിലും ആളുകളെ സംബന്ധിച്ചിടത്തോളം, പുതിയ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം കൃത്യമായി ഗവൺമെന്റിൽനിന്നുള്ള രേഖകൾ കിട്ടാതെ അത് ഏറ്റെടുക്കാൻ, അല്ലെങ്കിൽ വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറാകുന്നില്ല. അക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ ഉണ്ടാകണം.

ഞാനും ശ്രീ. പി. സി. ജോർജ്ജുമൊക്കെ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന മേഖലയിൽനിന്ന് കടന്നുവരുന്ന ജനപ്രതിനിധികളാണ്. റബ്ബർ കർഷകർ വലിയ പ്രതിസന്ധിയിലാണ്. അക്കാര്യം ഇവിടെ പലതവണ ചർച്ച ചെയ്തതാണ്. റബ്ബറിനെ സംബന്ധിച്ചിടത്തോളം പല രീതിയിലുള്ള ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളുണ്ടെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. കോട്ടയം ജില്ലയിൽ സിയാൽ മാതൃകയിൽ ഏകദേശം 200 ഏക്കർ സ്ഥലത്ത് റബ്ബറുമായി ബന്ധപ്പെട്ട് മാത്രമുള്ള ഉൽപ്പന്നങ്ങൾക്കുവേണ്ടി വലിയൊരു വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എടുത്തുപറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോടും കൃഷി വകുപ്പുമന്ത്രിയോടും പറയാനുള്ളത്, ഏറ്റവും പ്രധാനപ്പെട്ട റബ്ബർ ഉൽപ്പാദന കേന്ദ്രം കാഞ്ഞിരപ്പള്ളിയാണ്. കാഞ്ഞിരപ്പള്ളി ഒരു റബ്ബർ മേഖലയാണ്. അത് കാഞ്ഞിരപ്പള്ളിയിൽത്തന്നെ ആരംഭിക്കാനുള്ള നടപടികളുണ്ടാകണം. അവിടെ സൗജന്യമായി ഭൂമി നൽകാൻ ആളുകൾ തയ്യാറാണ്. കോട്ടയം ജില്ലയിൽ അത് ആരംഭിക്കുമ്പോൾ കാഞ്ഞിരപ്പള്ളിയെ കൂടി പരിഗണിക്കണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

റബ്ബർക്കുരു ആർക്കും വേണ്ടാതെ നഷ്ടപ്പെടുന്ന ഒരു വസ്തുവാണ്. ബയോ പ്ലാസ്റ്റിക് നിർമ്മിക്കുന്നതിന് പ്രധാനമായും വേണ്ടത് എണ്ണയാണ്. വിലകൂടിയ എണ്ണയിൽ നിന്ന് ബയോ പ്ലാസ്റ്റിക് ഉണ്ടാക്കുമ്പോൾ സ്വാഭാവികമായിട്ടുള്ളതിനേക്കാൾ കൂടുതൽ വില അതിന്റെ ഉൽപ്പാദനത്തിന് വേണ്ടി വരും. എൻ.ഐ.ടി. സ്കൂൾ ഓഫ് ബയോടെക്നോളജിയിലുള്ള മലയാളികളായ രണ്ട് വനിതാ ഗവേഷകർ റബ്ബർ കുരുവിന്റെ എണ്ണയിൽ നിന്ന് ബയോ പ്ലാസ്റ്റിക് നിർമ്മിക്കാൻ കഴിയുമെന്നും അങ്ങനെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ വലിയൊരു പ്രതിസന്ധി മറികടക്കാൻ കഴിയുമെന്നുമുള്ള വളരെ ഗൗരവതരമായ ഒരു ഗവേഷണം നടത്തുകയും അത് അടുത്തകാലത്ത് ഇന്റർനാഷണൽ തലത്തിലുള്ള മാഗസിനുകളിൽ പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അവരുമായി ബന്ധപ്പെട്ടാൽ റബ്ബർ കർഷകരെ സഹായിക്കാൻ സാധിക്കും. റബ്ബർക്കുരു വേസ്റ്റായി പോകുന്നത് എണ്ണയാക്കി മാറ്റിയാൽ നമ്മുടെ

മാലിന്യ പ്രശ്നത്തിനുകൂടി ബയോ പ്ലാസ്റ്റിക് നിർമ്മാണം ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് വളരെ പ്രധാനമാണ്. ന്യൂസ് പ്രിന്റ് ഫാക്ടറിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കോട്ടയത്തിന്റെ അഭിമാനമാണ് വൈറ്റ് സിമന്റ് ഉണ്ടാക്കുന്ന കോട്ടയം സിമന്റ്. ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നുവെന്ന് പറഞ്ഞപ്പോൾ അവിടത്തെ തൊഴിലാളികൾ, വർഷങ്ങളായി ശമ്പളം കൃത്യമായി കിട്ടാതിരുന്നുവെന്നും എന്നാൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി ശമ്പളം കൃത്യമായിക്കിട്ടുന്നുവെന്നുള്ള സന്തോഷം അറിയിക്കണമെന്നും എന്നോട് പറഞ്ഞു. അത് ഞാനിവിടെ അറിയിക്കുന്നു. എന്നാൽ അവിടെ കക്ക വാരാനുള്ള പാരിസ്ഥിതിക പ്രശ്നമുള്ളതുകൊണ്ട് ഗ്രേ സിമന്റ് ഉല്പാദനത്തിന് വളരെയേറെ തടസ്സങ്ങളുണ്ട്. മറ്റു പല സ്ഥലങ്ങളിൽ നിന്നും അസംസ്കൃത സിമന്റ് കൊണ്ടുവന്നിട്ട് രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയയാണിപ്പോൾ അവിടെ നടക്കുന്നത്. 10 കോടി രൂപയുടെ പ്രോജക്ട്, ഗ്രേ സിമന്റ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരികയാണ്. ഗ്രേ സിമന്റ് കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. അവിടെ നിലവിലുള്ള ഫാക്ടറിയിലെ മെഷിനറി മാറ്റി പുനഃക്രമീകരിക്കാൻ കഴിഞ്ഞാൽ ഒരു ദിവസം 400 ടൺ ഗ്രേ സിമന്റ് ഉൽപ്പാദിപ്പിക്കാൻ കഴിയും. കേരളത്തിന്റെ അഭിമാനമായ സിമന്റ് കമ്പനിയായി ആ ഫാക്ടറിയെ കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ഞങ്ങളൊക്കെ ആദ്യകാലത്ത് കൂടംകുളം പദ്ധതിയെ എതിർത്തവരാണ്. കൂടംകുളം പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിക്കാർക്ക് കോമ്പൻസേഷൻ കൊടുക്കാമെന്ന് അന്ന് പാക്കേജിൽ പറഞ്ഞിരുന്നു. കോട്ടയം ജില്ലയിൽ ഇതുവരെ പൂർണ്ണമായും കോമ്പൻസേഷൻ കൊടുത്തിട്ടില്ല. കൃഷിക്കാർ അവരുടെ റബ്ബറെല്ലാം വെട്ടിക്കളഞ്ഞു. പവർ ഗ്രിഡ് കോർപ്പറേഷനിലേയ്ക്ക് പോയാൽ വളരെ ധാർഷ്ട്യത്തോടുകൂടിയുള്ള സമീപനമാണ്. കൃഷിക്കാർ വിട്ടുകൊടുത്ത സ്ഥലത്തിന് കോമ്പൻസേഷൻ കൊടുക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. സംസ്ഥാന ഗവൺമെന്റ് കാഞ്ഞിരപ്പള്ളിയിൽ 110 കെ.വി. സബ്സ്റ്റേഷനുള്ള അനുവാദം നൽകിയിട്ടുണ്ട്. വാഴൂരിലുള്ള അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കാനുള്ള നടപടി ഉണ്ടാകണം.

എൽ.ഇ.ഡി. ലാമ്പുകൾ മാറ്റണമെന്നുള്ളത് വളരെ നല്ല നിർദ്ദേശമാണ്. എൽ.ഇ.ഡി. ലാമ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണം താഴെത്തട്ടിൽ ഇപ്പോഴും എത്തിയിട്ടില്ല. അങ്ങനെയൊരു ബോധവൽക്കരണം ഉണ്ടാക്കാൻ കഴിഞ്ഞാൽ തീർച്ചയായും അത് വളരെ നല്ലൊരു പദ്ധതിയായി മാറും. ഈ ചർച്ച വ്യവസായ മേഖലയിലും വൈദ്യുതി മേഖലയിലും കൂടുതൽ

ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് ഇടയാക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, വൈദ്യുതി വകുപ്പിന്റേയും വ്യവസായ വകുപ്പിന്റേയും ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും പുതിയ വ്യവസായ സംരംഭങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ്. കേരളത്തിലെ വ്യാപാരി വ്യവസായി സമൂഹത്തോടൊപ്പം നടക്കുന്ന ഒരാളെന്ന നിലയിൽ കേരളത്തിൽ ഉണ്ടായിട്ടുള്ള വ്യവസായ മാറ്റങ്ങൾ വ്യവസായ വളർച്ചയ്ക്ക് ഏറ്റവും ഗുണകരമാണെന്ന് പറയാൻ എനിക്ക് സാധിക്കും. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിൽ വ്യവസായ വകുപ്പ് നല്ല വിജയം നേടിയിട്ടുണ്ട്. അക്കാര്യത്തിൽ വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരത്തിലുള്ള നല്ലൊരു സാഹചര്യം സൃഷ്ടിച്ചെടുക്കുന്നതിന് ഏറ്റവും സഹായകരമായത് 2018-ൽ നാം പാസ്സാക്കിയെടുത്ത ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ലക്ഷ്യമിട്ടുകൊണ്ടുള്ള 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടും' അതിനോട് അനുബന്ധമായി നടന്ന നിയമ ഭേദഗതികളുമാണ്.

നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുകയും അവയെ വളർച്ചയിലേയ്ക്ക് നയിക്കുകയും ലാഭകരമാക്കുകയും ചെയ്യുന്നതിന് വ്യവസായ വകുപ്പ് അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. നഷ്ടത്തിലായിരുന്നവയെ ലാഭത്തിലാക്കുകയും നല്ല നിലയിൽ പ്രവർത്തിച്ചവയെ കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്ക് അടിത്തറ പാകുന്നത് ഈ നാട്ടിലെ ചെറുതും വലുതുമായ ആയിരക്കണക്കിന് സ്വകാര്യ സംരംഭങ്ങളാണ്. ചെറുകിട-വൻകിട മേഖലയിലുള്ള ഈ വ്യാപാര-വ്യവസായ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിലും ജീവനോപാധിയും നൽകുന്നത്. അതുകൊണ്ട് ഈ മേഖലയെ പൂർവ്വാധികം ശക്തമാക്കി നിലനിർത്തുകയും പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും വേണം. അതിനായി ഏറ്റവും സൗഹാർദ്ദപരമായ നിക്ഷേപ സാഹചര്യം ഇവിടെ സൃഷ്ടിക്കണം. നിലവിലുള്ള തടസ്സങ്ങളും പോരായ്മകളും എന്തൊക്കെയാണെന്ന് പരിശോധിച്ച് ആവശ്യമായ

പ്രതിവിധികൾ ചെയ്യണം. ആ നിലയിലുള്ള കരുത്തുറ്റ ചുവടുവയ്പാണ് 2018-ലെ ആക്ട് ഉണ്ടാക്കിയെടുത്തിട്ടുള്ളത്. ഇതുമൂലം കൂടുതൽ നിക്ഷേപകരെ ഇവിടേയ്ക്ക് ആകർഷിക്കാൻ സാധിക്കും. നിലവിൽ വ്യവസായ സംരംഭങ്ങൾ നടത്തുന്നവർക്ക് അത് കൂടുതൽ വിപുലപ്പെടുത്തുന്നതിനും അവസരം ലഭിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ നിക്ഷേപ സാഹചര്യവും സാധ്യതയും കണക്കാക്കുന്നതിനുള്ള അളവുകോലാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ ആണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ നിക്ഷേപ സൗഹൃദ സാഹചര്യം സംബന്ധിച്ച റാങ്കുകൾ നിർണ്ണയിക്കുന്നത്. അതിനായി അവർ പരിശോധിക്കുന്നത് 10 മാനദണ്ഡങ്ങളിലും നിലവിലുള്ള നിയമങ്ങൾ ലഘൂകരിച്ച് യുക്തിപരമായി നവീകരിക്കുന്നതിന് ഈ നിയമം പ്രാബല്യത്തിൽ വരുത്തിയതോടെ സാധ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടപടിക്രമങ്ങൾ ലളിതമായിട്ടുണ്ട്. ഒരു വ്യവസായ-വാണിജ്യ സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ അനുമതികൾ അതിവേഗം ലഭ്യമാക്കാൻ ഇതുവഴി സാധിക്കും. ഇതിന്റെയെല്ലാം ഫലമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളത്തിന്റെ റാങ്ക് ഉയർന്നിട്ടുണ്ട്.

കേരളത്തിന്റെ മുൻകാല ചരിത്രത്തിൽ ഇല്ലാത്ത വിധത്തിൽ പ്രധാനപ്പെട്ട 7 ആക്ടുകളാണ് ഒരുമിച്ച് ഭേദഗതി ചെയ്തത്. അതോടൊപ്പം തന്നെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 10 ചട്ടങ്ങളും ഭേദഗതി ചെയ്തു. നല്ല ഇച്ഛാശക്തിയുള്ള ഒരു സർക്കാരിനാൽ മാത്രമേ ഇത്തരത്തിലുള്ള നടപടികൾ സാധ്യമാകൂ എന്നതാണ് നമ്മുടെ മുൻകാല അനുഭവം. ഭേദഗതി വരുത്തിയ ആക്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ടതും പുതിയതും പഴയതുമായ വ്യവസായ സംരംഭങ്ങൾക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും വരുത്തിയ ഭേദഗതികളാണ്. കേരളത്തിലെ വ്യവസായ അന്തരീക്ഷത്തെക്കുറിച്ച് വളരെ തെറ്റായ പ്രചാരണങ്ങൾ നടന്നിരുന്നു. ഇവിടെ വ്യവസായ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നത് തൊഴിലാളി സംഘടനകളും തൊഴിൽ സമരങ്ങളുമാണെന്ന് വ്യാപകമായി പ്രചരിക്കപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ആധികാരികമായ ഒരു പഠനം നടന്നപ്പോൾ മനസ്സിലായത് തികച്ചും ഞെട്ടിക്കുന്ന വസ്തുതകളായിരുന്നു. കേരളത്തിൽ വ്യവസായ വളർച്ചയ്ക്ക് ഏറ്റവും തടസ്സമായി നിന്നിരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗ് നിബന്ധനകളായിരുന്നു എന്നതാണ് പഠനത്തിന്റെ ഭാഗമായി വെളിപ്പെട്ടത്. അതോടൊപ്പം ഉദ്യോഗസ്ഥരുടെ അനാസ്ഥയും കൂടിയായപ്പോൾ ഇവിടത്തെ വ്യവസായികാന്തരീക്ഷത്തെപറ്റി പല തെറ്റിദ്ധാരണകളും രൂപപ്പെട്ടു.

ഇത്തരത്തിൽ നിലവിലുണ്ടായിരുന്ന പലവിധ പോരായ്മകളാണ് പുതിയ നിയമ നിർമ്മാണത്തിലൂടെ പരിഹരിക്കപ്പെട്ടത്. ഏത് വ്യവസായ വാണിജ്യ സ്ഥാപനത്തിനും അനുമതി കിട്ടണമെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ.ഒ.സി. ആവശ്യമായിരുന്നു. എന്നാൽ പുതിയ നിയമ ഭേദഗതിയുടെ ഭാഗമായി ഇനിമുതൽ ആശുപത്രി, ക്ലിനിക്കൽ ലാബ്, പാരാമെഡിക്കൽ സ്ഥാപനം എന്നിവയ്ക്ക് മാത്രമേ ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ.ഒ.സി. ആവശ്യമുള്ളൂ. ഇതുവഴി അനാവശ്യമായ കുറെയേറെ ഫയൽ നടപടികൾ ഒഴിവായിട്ടുണ്ട്. ഒരു തവണ നൽകുന്ന ലൈസൻസിന്റെ കാലാവധി അഞ്ചുകൊല്ലമായി ദീർഘിപ്പിച്ചതും നിശ്ചിത ഫീസ് 30 ദിവസം മുൻപ് അടവാക്കി അപേക്ഷിച്ചാൽ വീണ്ടും 5 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി കൊടുക്കാമെന്നതും പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഡി. ആന്റ് ഒ. ലൈസൻസ് നൽകുന്നതിനുള്ള 1994-ലെ റൂളിനടക്കം മാറ്റം വരുത്തിയത് ഏറ്റവും സ്വീകാര്യമായ രീതിയിൽ തന്നെയാണ്. 'ആപൽക്കരവും അസഹ്യവുമായ വ്യവസായങ്ങൾ' എന്ന പ്രയോഗം തന്നെ ഇതുവഴി ഉപേക്ഷിച്ചു. അതിനുപകരം വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും എന്നാക്കി മാറ്റി. വ്യവസായങ്ങളോടും സംരംഭങ്ങളോടുമുള്ള സൗഹാർദ്ദപരമായ സമീപനത്തിന്റെ വിശദാംശങ്ങളിൽപോലും ഈ സർക്കാർ ശ്രദ്ധചെലുത്തിയെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മറ്റൊരു പ്രധാന ഭേദഗതി ഫയർ സേഫ്റ്റി അനുമതിക്കുള്ള ക്ലിയറൻസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഏതൊരു സ്ഥാപനം തുടങ്ങണമെങ്കിലും ഇതുകാരണം വലിയ കാത്തിരിപ്പ് ആവശ്യമായി വരുന്നു. എന്നാൽ ചെറിയ നിർമ്മാണങ്ങൾക്ക് ഇനിമുതൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മതി. 15 മീറ്ററിൽ അധികരിക്കാത്ത ഉയരമുള്ളതും 300-നും 1000-ത്തിനുമിടയിൽ ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതുമായ നിർമ്മാണങ്ങൾക്കാണ് ഇത് ബാധകമാകുക. പുതിയ ആക്ടിന്റെ ഏറ്റവും ആകർഷകമായ ഒരു ഭാഗം, അപേക്ഷകൾ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയപരിധിയാണ്. ഏതൊരപേക്ഷകനും അവന്റെ അപേക്ഷയിൽ 30 ദിവസത്തിനകം തീർപ്പ് ലഭിക്കുമെന്നത് വലിയ മാറ്റമാണ്. ഒരു സംരംഭം തുടങ്ങാൻ ഇവിടെ നിലനിന്നിരുന്ന ഏറ്റവും വലിയ തടസ്സം നടപടിക്രമങ്ങളിലെ ബോധപൂർവ്വമായതും അല്ലാത്തതുമായ കാലതാമസമായിരുന്നു. വിവിധ തലങ്ങളിൽ കുടുങ്ങിക്കിടക്കുന്ന അപേക്ഷയുടെ പിന്നാലെ സംരംഭകർ സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ വലിയ അഴിമതിക്ക് ഇടവരുത്തി. എന്നാൽ ഏതൊരപേക്ഷയും 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കണമെന്നും അതിന് കഴിയാതെ വന്നാൽ കല്പിത അനുമതി (ഡീംഡ് പെർമിഷൻ) ലഭിച്ചതായി കണക്കാക്കുമെന്നും ആക്ടിൽ മാറ്റം വരുത്തിയത് ഏറെ ആശ്വാസകരം തന്നെയാണ്. അപേക്ഷകൾ അകാരണമായി

വച്ച് താമസിപ്പിക്കുന്നത് ഇനി നടക്കില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. കേരളത്തിന്റെ വ്യവസായ തൊഴിൽ മേഖലകളിൽ ഏറ്റവും മോശമായി ചിത്രീകരിക്കാൻ പലപ്പോഴും ബോധപൂർവ്വവും അല്ലാതെയും ഉപയോഗിച്ചുവന്ന ഒരു പദമാണ് നോക്കുകൂലി; ഇതും അവസാനിക്കുകയാണ്. പുതിയ നിയമത്തിന്റെ ഭാഗമായി 1978 -ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ വരുത്തിയ ഭേദഗതി ഇതുമായി ബന്ധപ്പെട്ടതാണ്.

പുതിയ നിയമഭേദഗതി പ്രകാരം സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള കയറ്റിറക്ക് ജോലികൾക്ക് മെഷീനറിയോ, സാങ്കേതിക വൈദഗ്ധ്യമുള്ള വ്യക്തികളെയോ തൊഴിലുടമയ്ക്ക് ഉപയോഗിക്കാം. ഇതുവരെയുള്ള നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഹെഡ് ലോഡ് വർക്കേഴ്സിനെ തൊഴിലുടമയ്ക്ക് ഉപയോഗിക്കാം എന്നുമാത്രമാണ് ഉണ്ടായിരുന്നത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രാദേശികമായി ഉണ്ടാകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സ്റ്റോപ്പ് മെമ്മോ ലഭിച്ച് പലവിധ കാരണങ്ങളാൽ തുറക്കാനാകാതെ പൂട്ടിപ്പോയ നിരവധി സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ചിലപ്പോഴെങ്കിലും പ്രാദേശികവും വ്യക്തിപരവുമായ ചില തെറ്റിദ്ധാരണകളുടെയും വ്യക്തിവൈരാഗ്യങ്ങളുടെയുമൊക്കെ ഇരകളായി സംരംഭകർ മാറിയിട്ടുമുണ്ട്. എന്നാൽ പുതിയ നിയമഭേദഗതിയുടെ ഭാഗമായി ഇത്തരം പരാതികളുണ്ടായാൽ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് തേടുകയും അതിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാൻ അവസരം നൽകുകയും ചെയ്യുന്നുണ്ട്. ഏകജാലക ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താനുള്ള തീരുമാനം ഇതിനോടൊപ്പം ചേർത്ത് പറയേണ്ടതാണ്. വ്യാവസായിക വളർച്ചയ്ക്ക് വേഗത കൂട്ടുന്ന ഈ സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതോടെ ഏറ്റവും സുഗമമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവസരം കേരളത്തിൽ ലഭ്യമാകും. വ്യവസായ വികസനത്തിന് ഏറ്റവും അനുകൂലമായ അന്തരീക്ഷവും കേരളത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് 'സെയിലുമായി' ഉണ്ടാക്കിയ കരാർപ്രകാരം അവർ ഇപ്പോൾ ജില്ലയിൽ ബില്ലറ്റ് നൽകുന്നില്ല. സെയിലുമായി ചർച്ച ചെയ്ത് കരാർ പ്രകാരം ബില്ലറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം; എന്റെ മണ്ഡലത്തിലുള്ള ഒരു വ്യവസായ സ്ഥാപനം എന്ന നിലയ്ക്കുള്ള ഒരു അഭ്യർത്ഥനയാണിത്.

വൈദ്യുതി രംഗത്ത് ഇന്ത്യയിൽതന്നെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന വകുപ്പാണ് കേരളത്തിന്റെ വൈദ്യുതി വകുപ്പ്. 2016-17 -ലെയും 2017-18 -ലെയും ഇന്ത്യാ ഗവൺമെന്റിന്റെ ഊർജ്ജ സംരക്ഷണ അവാർഡുകൾ ലഭിച്ചത് കേരളത്തിനാണ്. ഫോണി ചുഴലിക്കാറ്റ് നാശം വിതച്ച ഒഡീഷയിലും നമ്മുടെ വൈദ്യുതി വകുപ്പ് സ്തുത്യർഹമായ സേവനം കാഴ്ചവച്ചുവെന്നത് നമുക്ക് അഭിമാനിക്കാൻ വകനൽകുന്നുണ്ട്. കറന്റ് കട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നീ

വാക്കുകൾ ഇന്ന് കേരളത്തിൽ കേൾക്കുന്നില്ല. ഇക്കഴിഞ്ഞ കടുത്ത വേനലിൽപ്പോലും യാതാരുവിധ വൈദ്യുതി തടസ്സവുമില്ലാതെ എല്ലാവർക്കും ഫാൻ, എയർകണ്ടീഷനർ തുടങ്ങിയവയെല്ലാം ഉപയോഗിക്കാനായി എന്നത് ചെറിയ കാര്യമല്ല. അത്ഭുതകരമായ വീണ്ടെടുപ്പാണ് വൈദ്യുതി മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ കണ്ടത്. ജനങ്ങൾക്ക് ഏറ്റവും അപ്രാപ്യമായിരുന്ന ഈ വകുപ്പ് ഇന്ന് ജനസൗഹൃദ വകുപ്പുകളിൽ ഒന്നായി മാറിയിരിക്കുന്നു. പരാതികൾ ഏറെയുണ്ടായിരുന്ന വൈദ്യുതി വകുപ്പിനെ ഇത്തരത്തിൽ ജനകീയമാക്കി മാറ്റിയെടുത്തതിൽ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. വിവിധ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന് മാതൃകയായിരിക്കുന്ന കേരളത്തിലെ വൈദ്യുതി വകുപ്പ് ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. രാജ്യത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന ആദ്യ സംസ്ഥാനമായി കേരളം മാറി. ഇതിനായി വകുപ്പ് നടത്തിയ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ഒന്നരലക്ഷത്തിലധികം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകി. വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ചും എം.എൽ.എ., എം.പി. ഫണ്ടിൽ നിന്നും തുക ലഭ്യമാക്കിയും കൂടാതെ വിവിധ സന്നദ്ധ സംഘടനകളുടെയും വകുപ്പിലെ ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനവും സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സഹായിച്ചു. 50000-ൽ അധികം വീടുകൾ പുതിയതായി വയറിംഗ് ചെയ്യുന്നതിനുള്ള പ്രവർത്തനം വൈദ്യുതി വകുപ്പ് ഏകോപിപ്പിച്ചുവെന്നതാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. വകുപ്പിലെ ജീവനക്കാരും അവരുടെ സംഘടനകളും ഏറ്റവും ജനകീയമായ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകി. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചത് മറ്റൊരു പ്രധാന നേട്ടമാണ്. ഇപ്പോൾ 1000 സ്ക്വയർ ഫീറ്റിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഉടമസ്ഥതാ സർട്ടിഫിക്കറ്റ് ഇല്ലെങ്കിലും വൈദ്യുതി കണക്ഷന് അപേക്ഷിക്കാൻ സാധിക്കും. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് കണക്ഷൻ സൗജന്യമായി ലഭ്യമാക്കി. ഇത്തരത്തിൽ വളരെ ജനകീയമായും സുതാര്യമായും വകുപ്പ് മുന്നേറുകയാണ്. അതോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യത വരുംവർഷങ്ങളിലും ഉറപ്പുവരുത്തുന്നതിന് നല്ല ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളും നടപടികളും സ്വീകരിച്ചു. പലപ്പോഴും പുതിയ വൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും തടസ്സമാകുന്നത് പാരിസ്ഥിതിക പ്രശ്നങ്ങളാണ്. പല പദ്ധതികളും ഇക്കാരണത്താൽ ഉപേക്ഷിക്കപ്പെടുകയോ അനിശ്ചിതമായി നീണ്ടുപോകുകയോ ചെയ്തിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് വൈദ്യുതി ലഭ്യമാക്കാൻ മിതമായ നിരക്കിലുള്ള ദീർഘകാല കരാറുകളിൽ കെ.എസ്.ഇ.ബി. ഏർപ്പെട്ടിട്ടുണ്ട്.

വകുപ്പിന്റെ നവീകരണത്തിൽ ഏറെ ഗുണകരമായതാണ് അപേക്ഷകൾ ഓൺലൈനാക്കി മാറ്റുന്നതിനുള്ള നടപടി. വൈദ്യുതി ബോർഡിന്റെ ഇത്തരത്തിലുള്ള പ്രവർത്തനത്തെയും വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്; ശബരിമല വിഷയത്തിൽ കോടതി വിധിയുണ്ടായപ്പോൾ യു.ഡി.എഫ്. നേതാക്കന്മാരും ബി.ജെ.പി. നേതാക്കന്മാരുമൊക്കെ ഘോരഘോരം അഭിനന്ദിച്ചിരുന്നു. എന്നാൽ കുറച്ച് കാലം കഴിഞ്ഞപ്പോൾ അവരുടെ സ്വഭാവം മാറി. ഇക്കാര്യത്തിൽ എനിക്ക് ഓർമ്മവന്നത് 1968-ൽ റിലീസായ ഏഴുരാത്രികൾ എന്ന സിനിമയാണ്. അതിൽ പാഷാണം വർക്കിയുടെ റോളിൽ ആലുംമൂടൻ അഭിനയിച്ചിരുന്നു. ആ പടത്തിൽ അദ്ദേഹം പറയുന്നുണ്ട് "തെക്കോട്ട് പോകുമ്പോൾ അവിടെ ക്രിസ്ത്യാനികളാണ് കൂടുതലുള്ളത്, അതുകൊണ്ട് അവിടെ അന്തോണീസ് പുണ്യാളന്റെ ചിത്രം കഴുത്തിൽ തൂക്കും, വടക്കോട്ടുപോകുമ്പോൾ അവിടെ ഹിന്ദുക്കളാണ് കൂടുതൽ, അതുകൊണ്ട് ഗുരുവായൂരപ്പന്റെയും ശബരിമല അയ്യപ്പന്റെയും പടം തൂക്കും". അങ്ങനെ രണ്ടുപുറമുള്ള ഒരു ചിത്രം കഴുത്തിൽതൂക്കി നടക്കുന്ന പാഷാണം വർക്കിയുടെ സ്വഭാവമാണ് ശബരിമല വിഷയത്തിൽ യു.ഡി.എഫ്. കാണിച്ചതെന്നുള്ള കാര്യം കൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

2.00 pm]

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പ്രധാനപ്പെട്ട രണ്ട് വകുപ്പുകളുടെ ചർച്ചയാണ് ഇന്നിവിടെ നടക്കുന്നത്. വ്യവസായത്തിനും വൈദ്യുതിക്കും മനുഷ്യ ജീവിതത്തിൽ വളരെ പ്രാധാന്യമുണ്ട്. ടെലിവിഷൻ ഇന്ന് ഏത് പാവപ്പെട്ടവന്റെയും വീട്ടിലുള്ള ഒരു വസ്തുവാണ്. ഫ്രിഡ്ജ് ഇന്നത്തെക്കാലത്ത് ഒരു സുഖഭോഗവസ്തുവല്ല. എയർകണ്ടീഷണറിനെപ്പോലും സുഖഭോഗവസ്തുവായി കാണുന്നില്ല. ഒരുവിധമുള്ള എല്ലാ വീടുകളിലും ഇവയൊക്കെയുണ്ട്. പക്ഷെ ഇതെല്ലാം പ്രവർത്തിക്കണമെങ്കിൽ വൈദ്യുതി വേണം. ഡൽഹിയിൽപ്പോലും എല്ലാ കുടുംബങ്ങളിലും വൈദ്യുതി ഇല്ലാത്തതുകൊണ്ട് ഒരു കാര്യവും നടക്കുന്നില്ല. ഇന്ത്യാരാജ്യത്ത്, ഈ മൂന്ന് കാര്യങ്ങൾ സുഖഭോഗവസ്തുക്കളല്ലാതെ സ്ഥിരമായി ഉപയോഗിക്കാൻ കഴിയുന്നത് കേരളത്തിൽ മാത്രമാണ്. അത് വൈദ്യുതി വകുപ്പിന്റെ പ്രത്യേകതയാണ്. വൈദ്യുതി വകുപ്പിന്റെ കാര്യത്തിൽ, പ്രത്യേകിച്ച് ഒരു മന്ത്രിയെന്നല്ല എല്ലാ മന്ത്രിമാരുടെയും കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനമെടുത്ത് പരിശോധിക്കുമ്പോൾ വളരെ നല്ല നിലയിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം നടക്കുന്നുവെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഇനി എവിടെ നിന്ന് ജലവൈദ്യുത പദ്ധതി ഉണ്ടാക്കാൻ കഴിയുമെന്ന് പരിശോധിച്ചാൽ അതിരപ്പിള്ളി അല്ലാതെ ഇനി

മറ്റൊന്നില്ല. അതിരപ്പിള്ളി പദ്ധതിയെ പണ്ട് സി.പി.ഐ. എതിർത്തുവെന്ന് പറഞ്ഞുകൊണ്ട് സി.പി.ഐ.(എം) വിഷമിച്ച നടക്കുകയാണ്. ഇനിയെങ്കിലും ആ പദ്ധതി നടപ്പിലാക്കണം. ആ ജലത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ അതിൽനിന്ന് എന്തോ പോകുന്നതുപോലെയാണ് പ്രചരണം കൊടുക്കുന്നത്. ഇത്തരം തെറ്റിദ്ധാരണകൾ പരത്തി പാവപ്പെട്ട മനുഷ്യരെ കബളിപ്പിച്ച് എന്തിനാണ് ആ പദ്ധതി നടപ്പാക്കാതിരിക്കുന്നത്; മണി സഖാവെ, യാതൊരു സംശയവും വേണ്ട, അങ്ങ് അതിരപ്പിള്ളി പദ്ധതി നടപ്പാക്കണം. സി.പി.ഐ, അനുകൂലിക്കും. ഇതുസംബന്ധിച്ച് ശ്രീ. കാനം രാജേന്ദ്രനുമായി സംസാരിച്ചിരുന്നു. അതിരപ്പിള്ളി പദ്ധതി നടപ്പാക്കിയേ മതിയാവൂ. അല്ലാതെ ഇനി വേറൊരു പദ്ധതിയില്ല. ആ നിലയ്ക്ക് നീങ്ങണമെന്നാണ് പറയാനുള്ളത്.

വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട പരാതി എന്തെന്നാൽ കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മൂന്ന് ബഡ്ജറ്റിനുമുമ്പ് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളിക്കടുത്ത് പാറത്തോട് പഞ്ചായത്തിൽ 300 ഏക്കർ സ്ഥലം, സൗജന്യമായിട്ടല്ല, സൗജന്യവില വരത്തക്ക രീതിയിൽ, അറേഞ്ച് ചെയ്ത് മന്ത്രിക്ക് കത്ത് കൊടുത്തതാണ്. അത് മന്ത്രിയുടെ കയ്യിലുണ്ടോ എന്നെനിക്കറിയില്ല. ഇപ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് അറിയുന്നു. അത് ഏത് കമ്മിറ്റിയായാലും ആ കമ്മിറ്റിയുടെ മുന്നിൽ ഞാൻ വീണ്ടും പറയുന്നു; റബ്ബർ അധിഷ്ഠിത വ്യവസായം ഏറ്റവും കൂടുതൽ ഉണ്ടാക്കാൻ കഴിയുന്ന മേഖല പാറത്തോട് പഞ്ചായത്തിന്റെ ആ സ്ഥലമായിരിക്കും. കോട്ടയം-കുമളി റോഡ് ഉൾപ്പെടുന്ന നാഷണൽ ഹൈവേയോടു ചേർന്നുള്ള സ്ഥലമാണത്. അതൊന്ന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറയുകയാണ്.

അതുപോലെ, വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി വിറ്റ് തുലയ്ക്കുന്നത് അനുവദിക്കാൻ കഴിയില്ല. അത് ആരുമാകട്ടെ, കേരള സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ട് പോകണം; അവിടെ സമരം ഉദ്ഘാടനം നടത്തിയത് ഞാനാണ്. അത് ആര് വിൽക്കാൻ ശ്രമിച്ചാലും അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. കേരളത്തിന്റെ സ്വത്താണത്.

കശുവണ്ടി-കയർ മേഖലയെപ്പറ്റി പറയാതിരിക്കാൻ കഴിയില്ല. വകുപ്പ് വേറെയാണെങ്കിലും വ്യവസായവുമായി ബന്ധപ്പെട്ടതാണ്. കേരളത്തിൽ നിന്ന് കശുവണ്ടി വ്യവസായം നഷ്ടമാവുകയാണ്. ഏകദേശം 60-ഓളം കശുവണ്ടി ഫാക്ടറികൾ ഒഴികെ ബാക്കി മുഴുവനും തമിഴ്നാട്ടിലേയ്ക്ക് മാറിയിരിക്കുകയാണ്.

അത് വ്യവസായവുമായി ബന്ധപ്പെട്ട് വരുന്നതുകൊണ്ട് പറയുന്നതാണ്. ഇതുസംബന്ധിച്ച് വ്യവസായവകുപ്പും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ കൈകാര്യം ചെയ്യുന്ന വകുപ്പും യോജിച്ച് ചർച്ചചെയ്താൽ നന്നായിരിക്കും എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ഈ രണ്ട് മേഖലയിലും വിപ്ലവകരമായിട്ടുള്ള മാറ്റമാണ് നടക്കുന്നത്. എൽ.ഡി.എഫ് സർക്കാരിന്റെ നയവും യു.ഡി.എഫ്-ൽനിന്നും ബി.ജെ.പി-യിൽനിന്നും അത് എങ്ങനെ വ്യത്യസ്തമാകുന്നുവെന്നതും വ്യവസായ വകുപ്പിന്റെയും വൈദ്യുതവകുപ്പിന്റെയും പ്രവർത്തനങ്ങളും ഈ അടുത്തകാലത്തുണ്ടായ നേട്ടങ്ങളും നോക്കിയാൽ മനസ്സിലാകും. വ്യവസായ മേഖലയിൽ ഒരുപാട് നൂതനമായ സംരംഭങ്ങളുണ്ട്. പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നിരവധി പദ്ധതികൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല രാജ്യത്ത്, പ്രത്യേകിച്ച് സംസ്ഥാനത്തിന് വലിയ രീതിയിലുള്ള സാമ്പത്തിക മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നിരവധി കമ്പനികൾ കേരളത്തിലേയ്ക്ക് വരികയാണ്, അതിനുള്ള സാഹചര്യങ്ങൾ നമ്മൾ ഒരുക്കിക്കൊടുത്തു. ടെക്നോപാർക്കിൽ ടോറസ് കമ്പനിക്ക് 57 ലക്ഷം സ്ക്വയർഫീറ്റ് സ്ഥലം നൽകിക്കൊണ്ട് കരാർ ഒപ്പിട്ടു. ടെറാനെറ്റ് എന്നുപറയുന്ന കനേഡിയൻ കമ്പനി വരുന്നു, എയർബസ് കമ്പനിയുടെ 'ബിസ് ലാബ്' എന്ന ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു, നിസ്സാൻ കമ്പനിക്ക് ടെക്നോപാർക്കിൽ അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു; ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി ആളുകൾക്ക് തൊഴിൽ ലഭ്യമാവുകയാണ്. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ ബയോ ഇൻക്യുബേഷൻ സെന്റർ, അതോടൊപ്പം തന്നെ നാനോ സ്പെയ്സ് പാർക്ക്, വ്യവസായങ്ങൾക്കുവേണ്ടി പശ്ചാത്തലസൗകര്യം നന്നായി ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രോത്ത് കോറിഡോർ, കൂടാതെ വ്യവസായ പാർക്കുകൾ ഏറ്റെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വലിയ രീതിയിലുള്ള മുന്നേറ്റം കാഴ്ചവയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ വൻകിട പദ്ധതികൾ, ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് തുടങ്ങിയവയുടെ നിർമ്മാണങ്ങൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. വ്യവസായ പാർക്കുകൾക്ക് 6700 ഏക്കർ സ്ഥലം ഏറ്റെടുക്കുകയാണ്. വയനാട് കാർബൺ ന്യൂട്രൽ കോഫി വില്ലേജ്

വരുന്നതോടുകൂടി കേരളത്തിൽ സ്വന്തമായി ഒരു കോഫി ബ്രാന്റ് നമ്മൾ പുറത്തു കൊണ്ടുവരികയാണ്. ഇത് മാത്രമല്ല, യു.ഡി.എഫ്, ബി.ജെ.പി സർക്കാരിൽനിന്ന് ഇടതുപക്ഷ സർക്കാരിനെ വ്യത്യസ്തമാക്കുന്നത് എന്താണെന്ന് ചോദിച്ചാൽ നിരവധി കാര്യങ്ങൾ പറയാനുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാംതന്നെ വിൽക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യുന്ന അവസ്ഥയാണ് കാണുന്നത്. ഇവിടെ നിയമസഭ കൂടികൊണ്ടിരിക്കുന്ന സമയത്ത് ഇന്ത്യയിലെ ഒരു പ്രധാന പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ. തകർന്നുകൊണ്ടിരിക്കുകയാണ്. അവിടെ പുതിയ സ്റ്റാഫുകളെ നിയമിക്കുന്നില്ല. അൻപതിനായിരത്തോളം വരുന്ന തൊഴിലാളികളെ പിരിച്ചുവിടാനുള്ള ശ്രമത്തിലാണ്. ജിയോയെ പ്രൊമോട്ട് ചെയ്യുന്നതിന്റെ ഭാഗമായി വലിയ രീതിയിലുള്ള ബുദ്ധിമുട്ടാണ് ബി.എസ്.എൻ.എൽ. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്നത്. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡ് അടക്കമുള്ള സ്ഥാപനങ്ങളിൽ ഈ രീതിയിലുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രസർക്കാരും ബി.ജെ.പി-യും നടത്തുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പലതും വലിയ നഷ്ടത്തിലായിരുന്നു. നേരത്തെ പലരും ഇവിടെ പറഞ്ഞിട്ടുണ്ട്; പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നുവെന്ന് ഈ സർക്കാരിന്റെ ആദ്യവർഷത്തിൽ, കാര്യക്ഷമമായ ഇടപെടലിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നഷ്ടം 71 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചു. 2017-18 കാലമായപ്പോഴേയ്ക്കും വളരെ നല്ല പ്രവർത്തനങ്ങളിലൂടെ മികച്ച ലാഭം നേടി. 106.91 കോടി രൂപയുടെ ലാഭത്തിലേയ്ക്ക് എത്തിച്ചു. വെറും രണ്ട് വർഷംകൊണ്ട് പൊതുമേഖലയിൽ വലിയ മാറ്റം ഉണ്ടാക്കിക്കൊണ്ട്, ജനങ്ങളുടെ സ്വത്ത് സംരക്ഷിച്ചുകൊണ്ട്, ഈ നാടിന്റെ സാമ്പത്തിക പുരോഗതിക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരാണെന്ന് ഇടതുപക്ഷ സർക്കാർ തെളിയിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഭരണത്തിന്റെ അവസാനവർഷത്തിൽ എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിലായിരുന്നതെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലമായപ്പോഴേയ്ക്കും 13 സ്ഥാപനങ്ങൾ, അടുത്തവർഷം 14 സ്ഥാപനങ്ങൾ, ഇപ്പോൾ ഏതാണ്ട് 19-ഓളം പൊതുമേഖലാ സ്ഥാപനങ്ങൾ നല്ല രീതിയിൽ ലാഭത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 7.37 കോടി രൂപ നഷ്ടത്തിലായിരുന്നു. ആദ്യവർഷംതന്നെ ഈ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി 6 കോടി 33 ലക്ഷം രൂപയുടെ ലാഭത്തിലേയ്ക്ക് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിനെ എത്തിച്ചു. 2017-18-ൽ റെക്കോർഡ് ഉല്പാദനമാണ് ഉണ്ടായത്. 35 കോടി രൂപ ലാഭത്തിലേയ്ക്കാണ് നമ്മൾ എത്തിച്ചത്. വിറ്റുവരവിൽ 243.10 കോടിരൂപയുടെ

നേട്ടമാണ് നമുക്കുണ്ടായത്. ഇങ്ങനെ ഓരോ സ്ഥാപനങ്ങളുമെടുത്ത് പറയുകയാണെങ്കിൽ വലിയ മാറ്റം കാണാൻ കഴിയും. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ട്രാവൻകൂർ ടൈറ്റാനിയം 4.47 കോടി രൂപയുടെ നഷ്ടത്തിലായിരുന്നത് എൽ.ഡി.എഫ്.-ന്റെ ആദ്യ വർഷത്തിൽത്തന്നെ 8.53 കോടി രൂപ ലാഭത്തിലേക്കെത്തി. 2017-18-ൽ 18.83 കോടിരൂപയുടെ ലാഭം. 2018-19-ൽ ഒൻപത് മാസംകൊണ്ട് 17.77 കോടി രൂപയുടെ ലാഭത്തിലേയ്ക്ക് പോയി. കെ.എം.എം.എൽ. അടക്കമുള്ള സ്ഥാപനങ്ങൾ റെക്കോർഡ് ലാഭത്തിലാണ്. 2015-16-ൽ 3 കോടി രൂപയാണ് ലാഭമുണ്ടായിരുന്നതെങ്കിൽ 2017-18 ആയപ്പോഴേയ്ക്കും 195.78 കോടി രൂപയുടെ ലാഭത്തിലേയ്ക്കാണ് എത്തിച്ചത്. കേന്ദ്രസർക്കാർ വിൽക്കാൻ തീരുമാനിച്ച പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യം ഇവിടെ പറഞ്ഞു. അത് ഞങ്ങൾ ഏറ്റെടുത്തു. നിരവധി അടച്ചുപൂട്ടൽ - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടാൻ നടപടിയായ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ പുനരുദ്ധാരണ പ്രവർത്തനത്തിലൂടെ എൽ.ഡി.എഫ്.-ന്റെ നയമെന്താണെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. പൂട്ടി സീൽ വയ്ക്കേണ്ട അവസ്ഥയിലായിരുന്ന സ്ഥാപനം ഇന്ന് തായ്‌ലന്റിലേക്കും, ചൈനയിലേക്കും രണ്ട് കണ്ടെയ്നർ കോട്ടൺ നൂൽ കയറ്റികൊണ്ട് പുനരുജ്ജീവനത്തിന്റെ പാതയിൽ സഞ്ചരിക്കുന്നു. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങളുണ്ട്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

പരമ്പരാഗത വ്യവസായം തകർച്ചയിലായിരുന്നു. ഈ നാട്ടിലെ സാധാരണക്കാരും പാവങ്ങളുമായ ആളുകളുടെ വേദനകൾ മനസ്സിലാക്കിക്കൊണ്ട് കൈത്തറി-ഖാദി മേഖലയിലുള്ള തൊഴിലാളികൾക്ക് വലിയ മാറ്റമാണുണ്ടാക്കിയത്. ഖാദി ഗ്രാമമാണെങ്കിലും കൈത്തറി മേഖലയാണെങ്കിലും ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് യൂണിഫോം സൗജന്യമായി വിതരണം ചെയ്തുകൊണ്ട്, പാവപ്പെട്ട കുട്ടികൾക്ക് നന്നായി പഠിക്കാൻ യൂണിഫോമിന് കാശില്ലാതെ കഷ്ടപ്പെടേണ്ട സാഹചര്യമില്ലാതാക്കുകയും പാവപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് ജീവിക്കാനുള്ള നല്ലൊരു മാർഗ്ഗം സൃഷ്ടിച്ചുകൊണ്ട് എന്താണ് ഇടതുപക്ഷമെന്ന് വീണ്ടും ഞങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലയിലും വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്.

ഓഖി ദുരന്തം, പ്രളയം, നിപ, നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ എല്ലാവിധ പ്രതിബന്ധങ്ങളെയും തരണം ചെയ്തുകൊണ്ട് കേരളത്തിലെ വ്യവസായമേഖല വീണ്ടും ലാഭത്തിലേയ്ക്ക് പൊയിക്കൊണ്ടിരിക്കുകയാണ്. ലീഗിന്റെ ആളുകൾ ചോദിച്ചതുകൊണ്ട് പറയുകയാണ്. പാലാരിവട്ടം പാലം

അടക്കമുള്ളതാണ് യു.ഡി.എഫ്.-ന്റെ മോഡൽ; അവരുടെ അഴിമതിയുടെ മോഡൽ. യു.ഡി.എഫ്.-ന്റെ അഴിമതിയുടെ ഒരു ഇര കൂടിയാണ് ഞാൻ. ലീഗ് കൈകാര്യം ചെയ്ത പൊതുമരാമത്ത് വകുപ്പ് പട്ടാമ്പിയിൽ ഒരു റോഡ് നിർമ്മിച്ചിട്ടുണ്ട്. നിങ്ങളെല്ലാവരും പോയി കണ്ടിട്ടുണ്ടാകും - പുലാമന്തോൾ - പട്ടാമ്പി റോഡ്. ആ റോഡ് തകർന്നുകിടക്കുകയാണ്. എന്താണ് കാരണം? 2013-ൽ ആ റോഡ് നിർമ്മിച്ചു. അതിനുശേഷം പതിനൊന്നോളം കൾവർട്ടുകൾ സ്ഥാപിച്ചില്ല. അതിനുമുമ്പ് അവിടെ വേറൊരു റോഡ് വരാനിരുന്നതാണ് - നിലമ്പൂർ പാത. അത് ഉപേക്ഷിക്കാതെ ഒൻപത് കോടി രൂപ വച്ച് പണം തട്ടാൻ വേണ്ടി അതും നിർമ്മിച്ചു. ഒരു മാസം കൊണ്ട് അത് തകർന്ന് വിജിലൻസ് കേസ്സിലായി. ഇലക്ഷൻ കഴിഞ്ഞ് എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ട് വന്നതിനുശേഷം ഈ വിജിലൻസ് കേസ്സിൽക്കിടക്കുന്ന റോഡ് നവീകരിക്കാൻ കഴിയാതെ വളരെയേറെ ബുദ്ധിമുട്ടി. വിജിലൻസിന്റെ ഒരു പെർമിഷൻ കിട്ടാൻ ഒരുപാട് ബുദ്ധിമുട്ടി. അത് ഇന്നും കേസിലാണ്. ഉദ്യോഗസ്ഥരുടെ പെൻഷൻ അടക്കം നിർത്തലാക്കിക്കൊണ്ട് അഴിമതിയിലാണ്. അങ്ങനെയുള്ള ആ റോഡ് നവീകരണത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തി. അവസാനം വളരെയേറെ ബുദ്ധിമുട്ടി പെർമിഷൻ കിട്ടിയതിനുശേഷം, ബഡ്ജറ്റിൽ തുക വകയിരുത്താൻ കാത്തു നിൽക്കാതെ, അടുത്ത ഒരു വർഷം കൂടി കഴിഞ്ഞ് റോഡ് പണി നടക്കണം എന്നുവിചാരിച്ച്, ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി 17 കോടിയോളം രൂപ മൂന്ന് തവണയായി പണം നൽകി ടെണ്ടർ വിളിച്ചു. ആ സമയത്ത് ആദ്യത്തെ ടെണ്ടർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എടുക്കുകയും രണ്ടാമത്തെ ടെണ്ടർ വിളിച്ച സമയത്ത് മുസ്ലീം ലീഗിന്റെ പ്രവർത്തകർ അറിയണം, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തൊഴിലാളികളെയടക്കം ആക്രമിച്ചുകൊണ്ട് അടുത്ത ക്വാട്ടിംഗിന് അവർ വരാതിരിക്കാനുള്ള ശ്രമം നടത്തി. ഇപ്പോൾ ഈ മഴയ്ക്കുമുമ്പ് റോഡ് പണി നടക്കാതിരിക്കാൻ വേണ്ടി ഒൻപത് തവണയാണ് റോഡ് തടഞ്ഞത്. അങ്ങനെ കഴിഞ്ഞ തവണത്തെ അഴിമതി മൂടിവയ്ക്കാനും അത് എന്റെ തലയിലേയ്ക്കിടാനും വേണ്ടി ബോധപൂർവ്വമായ ശ്രമമാണ് നടത്തുന്നത്. നല്ല കോൺട്രാക്ടർമാർ ആ വർക്ക് എടുക്കരുതെന്ന് കരുതിക്കൊണ്ട്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെപ്പോലെയുള്ള സൊസൈറ്റി വർക്ക് എടുക്കാതിരിക്കാൻ വേണ്ടി അവരെ ആക്രമിക്കുകയും അവരുടെ വർക്ക് തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് അടുത്ത ക്വാട്ടിംഗിൽ അവർ ടെണ്ടർ കൊടുക്കാതിരിക്കാൻ ശ്രമം നടത്തുകയും ചെയ്തു. നിലവാരം കുറഞ്ഞ, നിങ്ങളോട് താൽപ്പര്യമുള്ള, കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുത്തോട്ടെ എന്ന് കരുതുകയും ചെയ്ത സമയമാണ്. എന്തായാലും ഇപ്പോൾ അതിൽ കൊപ്പം വരെയുള്ള

റോഡ് നന്നാക്കിയിട്ടുണ്ട്. കഴിഞ്ഞ അഴിമതിയുടെ പാപഭാരം പേറാൻ ഞങ്ങളെപ്പോലെയുള്ളവരെ നിങ്ങൾ അനുവദിക്കരുത്. പാലാരിവട്ടത്തിന് പട്ടാമ്പി റോഡിന്റെ അവസ്ഥയുണ്ടാകരുത്. വിജിലൻസ് കേസ് നടക്കുമ്പോൾത്തന്നെ പാലാരിവട്ടം പാലം നവീകരിക്കാനുള്ള ശ്രമം ഉണ്ടാകണം. അതോടൊപ്പം പട്ടാമ്പി റോഡ് അഴിമതിക്ക് കാരണക്കാരായ ജനപ്രതിനിധികൾ ആരെങ്കിലും ഉണ്ടെങ്കിൽ അതും കേസിന്റെ അന്വേഷണത്തിൽ വകയിരുത്തണം.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ബോധപൂർവ്വം നിങ്ങളുടെ മന്ത്രിയെ രക്ഷിക്കാൻവേണ്ടി റോഡ് നവീകരണം തടസ്സപ്പെടുത്തരുത് എന്നാണ് മുസ്ലീം ലീഗ് പ്രവർത്തകരോട് എനിക്ക് പറയാനുള്ളത്. എന്തായാലും മഴ വരെ പലതവണ നിങ്ങൾ വർക്ക് തടസ്സപ്പെടുത്തി. നിങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. എന്തായാലും ഈ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. അഴിമതിയില്ലാതെ, വളരെ സിൻസിയറായി, അട്ടഹാസങ്ങളില്ലാതെ ഓരോ മേഖലയും ലാഭത്തിലാക്കിക്കൊണ്ട് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണ് ഇടതുപക്ഷം. അത് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും വ്യവസായ മേഖലയിലും വൈദ്യുതിയുടെ കാര്യത്തിലും എല്ലാം വലിയ മാറ്റങ്ങളാണ് വരുത്തിയത്. ഇവിടെ നേരത്തെ പറഞ്ഞ അതിരപ്പിള്ളി പദ്ധതിയടക്കമുള്ളവ നടപ്പിലാക്കാതെ തന്നെ സോളാർ പദ്ധതിയിലൂടെയും മറ്റ് റിന്യൂവബിൾ എനർജിയിലൂടെയും കേരളത്തിൽ വലിയ രീതിയിലുള്ള വൈദ്യുതി ഉൽപ്പാദനം നമുക്കുണ്ടാക്കാൻ കഴിയുമെന്ന് തെളിയിച്ചിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങൾക്ക് കൂടുതൽ പ്രയോറിറ്റി കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. അഭിവാദ്യങ്ങൾ.

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയ ഒരു വ്യവസായ നയം, ഒരു വിദ്യുച്ഛക്തി നയം - ഈ സമീപനം ഐശ്വര്യപൂർണ്ണമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന വലിയ കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഒരു നാടിന്റെ വ്യവസായ വികസനം എന്നത് എളുപ്പമുള്ള ഒരു പ്രോസസ്സ് അല്ല. അത് ഒരു കെട്ടിട നിർമ്മാണത്തെപ്പോലെ ലാഘവത്തോടുകൂടി നിർവ്വഹിക്കാൻ സാധിക്കുന്ന ഒരു

ചുമതലയുമല്ല. വ്യവസായ വികസനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി കടമ്പകൾ കടക്കേണ്ടതുണ്ട്. അതിലേറ്റവും പ്രധാനം ഒരു ഗവൺമെന്റിന്റെ നയം തന്നെയാണ്. അതുപോലെ രണ്ടാമത്തെ ഫാക്ടറാണ് മൂലധനം, മൂന്നാമത്തേത് മാർക്കറ്റും നാലാമത്തേത് തൊഴിലാളികളും അഞ്ചാമത്തേത് പരിസ്ഥിതി അല്ലെങ്കിൽ ഇക്കോളജിയുമാണ്. ഈ വ്യത്യസ്ത ഘടകങ്ങളെയെല്ലാം സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കുക എന്ന ദുഷ്കരമായ ജോലിയാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. കഴിഞ്ഞ രണ്ട് കൊല്ലക്കാലമായി തൊഴിൽ സമരങ്ങൾമൂലം കേരളത്തിൽ ഒരു തൊഴിൽ നഷ്ടവും ഉണ്ടായിട്ടില്ല. സമരങ്ങൾ ഇല്ലാതിരുന്നിട്ടും ആഭ്യന്തര മൂലധനവും വിദേശ മൂലധനവും ഇവിടേയ്ക്കു വരാൻ മടിക്കുകയാണ്. അതൊരു യാഥാർത്ഥ്യമാണ്. ഈ വിഷയത്തെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഡ്രസ്സ് ചെയ്തത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. വളരെ ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെടാൻ സാധിച്ചതിന്റെ ഭാഗമായാണ്, നിസാനെയും ടോറസുംപോലെയുള്ള നാടനും മറുനാടനുമായിട്ടുള്ള വിദേശ മൂലധനം നമ്മുടെ നാട്ടിലേയ്ക്ക് വന്നത്, അവർ മൂലധനം നിക്ഷേപിക്കാൻ തയ്യാറായത്.

വ്യവസായ വികസനത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകം മൂലധന നിക്ഷേപം തന്നെയാണ്. അതിൽ കേന്ദ്ര ഗവൺമെന്റിന് വലിയ പങ്കുണ്ട്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് ശത്രുതാപരമായ ഒരു നിലപാട് സ്വീകരിക്കുകയാണ്. കേരളത്തിന് വ്യവസായങ്ങളില്ല, റെയിൽവേ വികസനമില്ല, കോച്ച് ഫാക്ടറിയില്ല. ന്യായമായും ഒരു സംസ്ഥാനത്തിന് ലഭിക്കേണ്ട ഒരു പരിഗണനയും നമുക്ക് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ശത്രുരാജ്യത്തെപ്പോലെ കേരളത്തെ സമീപിക്കുകയാണ്. മാത്രവുമല്ല, ഉള്ള പൊതുമേഖലാ സ്ഥാപനങ്ങൾതന്നെ അടച്ചുപൂട്ടുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുകയാണ്. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ സമീപനമെന്താണ്; കോൺഗ്രസിന്റെ സമീപനമെന്താണ്? ഇതിനെതിരായ നിലപാട് സ്വീകരിക്കലല്ല കോൺഗ്രസിന്റെ സമീപനം. കേരളത്തിൽ ശ്രീ. പിണറായി വിജയൻ ഭരിക്കുമ്പോൾ നാട് തകർന്നാലും വേണ്ടില്ല എന്ന നിലപാട് യു.ഡി.എഫ്. സ്വീകരിക്കുകയാണ്; പ്രത്യേകിച്ച് കോൺഗ്രസ് സ്വീകരിക്കുകയാണ്. 1991 മുതൽ കോൺഗ്രസ് കൊണ്ടുവന്ന വികലമായ സാമ്പത്തിക പരിഷ്കാരത്തിന്റെ തുടർച്ചയാണ് ഈ സമീപനം. അതുകൊണ്ട് അവർക്കതിനെ തള്ളിപ്പറയാൻ സാധിക്കില്ല. അതിന് ഒരുപാട് ഉദാഹരണങ്ങളുണ്ട്. ഏറ്റവും കൂടുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നതാണ് റെയിൽവെ. കോടാനുകോടി രൂപയുടെ ലാഭം കൊയ്യുന്ന, രാജ്യത്ത് ഏറ്റവും നല്ല

ലാഭത്തിൽ പ്രവർത്തിക്കുന്ന റെയിൽവെ സംവിധാനത്തെ എന്തിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വകാര്യവത്കരിക്കുന്നത്? ഭൂമിയിൽനിന്ന് ചന്ദ്രനിലേയ്ക്കുള്ള ദൂരം മൂന്ന് ലക്ഷം കിലോമീറ്ററാണെന്നാണ് പറയുന്നത്. ഓരോ ദിവസവും അതിന്റെ മൂന്നര മടങ്ങ് ദൂരം ഇന്ത്യയിലെ യാത്രക്കാരെയും കയറ്റി നാലായിരം തീവണ്ടികൾ ഓടിക്കൊണ്ടിരിക്കുകയാണ്. ആദ്യത്തെ ലിസ്റ്റിൽ തിരുവനന്തപുരം റെയിൽവെ സ്റ്റേഷൻ വന്നു. രണ്ടാമത്തെ ലിസ്റ്റിൽ കോഴിക്കോട് റെയിൽവെ സ്റ്റേഷൻ വന്നു. മൂന്നാമത്തെ ലിസ്റ്റിൽ പാലക്കാട് റെയിൽവെ സ്റ്റേഷനും വന്നിരിക്കുന്നു.

അതുപോലെതന്നെയാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യവും. നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനമാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. ആ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാടുള്ള യൂണിറ്റുൾപ്പെടെ സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ വേണ്ടി തീരുമാനമെടുത്തപ്പോൾ വ്യത്യസ്തമായ നിലപാട് കേരളാ ഗവൺമെന്റ് സ്വീകരിച്ചില്ലേ? എഴുപത് കോടി രൂപ ഈ ഗവൺമെന്റ് മാറ്റിവച്ചു. തങ്ങൾ ഏറ്റെടുക്കുമെന്ന നിലപാട് കേരള ഗവൺമെന്റ് സ്വീകരിച്ചില്ലേ?

BEML (Bharath Earth Movers Ltd)-ഉം വിൽക്കാൻ വച്ചിരിക്കുകയാണ്. സായുധസേനയ്ക്ക് കവചിത വാഹനമുണ്ടാക്കുന്ന BEML സ്വകാര്യവത്കരിക്കാൻ പോകുകയാണ്. കേന്ദ്രത്തിന്റെ ഈ വികലമായ നയത്തെ ചെറുക്കാൻ കോൺഗ്രസ് തയ്യാറുണ്ടോ എന്നതാണ് ചോദ്യം. അവർ ആത്മാർത്ഥതയോടുകൂടി ഇതിനെ ചെറുക്കാൻ തയ്യാറാകില്ല. കാരണം ഇതിനെല്ലാം കാരണമായിട്ടുള്ള നാശോന്മുഖമായ സാമ്പത്തിക നയത്തിന്റെ അച്ഛൻ വേറെയാരുമല്ല, കോൺഗ്രസ്സാണ് എന്നുള്ളത് തന്നെയാണ് അതിന്റെ അടിസ്ഥാനപരമായ കാര്യം.

കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ഇക്കോ ഫ്രണ്ട്‌ലി ആയ ഒരു നിക്ഷേപ സംസ്ഥാനമാക്കി മാറ്റാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ആ കാഴ്ചപ്പാടോടു കൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. വാണിജ്യ രംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടാക്കണം. ന്യായമായ വേതനം തൊഴിലാളികൾക്ക് ലഭ്യമാകുന്ന തരത്തിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കണം. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി പുതിയ വ്യവസായങ്ങൾ ആരംഭിക്കണം. ഈ കാഴ്ചപ്പാടുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. Ease of doing business-ന്റെ ഭാഗമായി ഒരു പുതിയ വ്യവസായ സംരംഭം വരുമ്പോൾ ഒരായിരം തർക്കങ്ങൾ ഉന്നയിച്ച് അയാളെ പിന്തിരിപ്പിക്കുകയല്ല വേണ്ടത്. അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കണം. അങ്ങനെ നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മാത്രമല്ല ഞാൻ ഒരു കാര്യം ചോദിക്കട്ടെ, എന്തുകൊണ്ടാണ്

എൽ.ഡി.എഫ്. വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്നത്; എന്തുകൊണ്ടാണ് മറ്റുള്ള കാലത്ത് നഷ്ടത്തിലേയ്ക്ക് പോകുന്നത്: എൽ.ഡി.എഫ്. വന്നപ്പോൾ നഷ്ടത്തിലായിരുന്ന പതിനെട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. ഇവിടെ അതിന്റെ കണക്കുകളെല്ലാം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനെക്കുറിച്ച് ശ്രീ. രാജു എബ്രഹാം വളരെ വിശദമായി സംസാരിച്ചു. കെ.എം.എം.എൽ, സിൽക്ക്, കെൽട്രോൺ, ടി.സി.സി. എന്നിവ ലാഭത്തിലാണ്. ഈ വ്യവസായ ശാലകളെല്ലാംതന്നെ വലിയ തകർച്ചയെ നേരിട്ടതാണ്. സ്വർണ്ണം വാരുന്ന കമ്പനിയായിരുന്ന കെ.എം.എം.എൽ. കഴിഞ്ഞ കാലത്ത് അതുപോലും നഷ്ടത്തിലാക്കിയില്ലേ? അതിൽനിന്നും വ്യത്യസ്തമായൊരു സമീപനം ഞങ്ങൾ സ്വീകരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജന്റെ കയ്യിൽ ജാലവിദ്യയുള്ളതുകൊണ്ടാണോ ഈ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലായത്? അല്ല. ശരിയായ നിലപാട്, ശരിയായ ദിശാബോധം ഈ ഗവൺമെന്റിനുണ്ട്, വ്യവസായ വകുപ്പിനുണ്ട് എന്നുള്ളതുതന്നെയാണ് കാരണം.

അതുപോലെതന്നെ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാനിപ്പോൾ ആഗ്രഹിക്കുന്നില്ല. വൈദ്യുത രംഗത്ത് വലിയ കുതിപ്പുണ്ടായ കാലമല്ലേ ഇത്. പവർകട്ടിന്റെയും ലോഡ്ഷെഡിന്റെയും കാലം എന്നെന്നേയ്ക്കുമായി അവസാനിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യസംസ്ഥാനമായി കേരളം മാറി. കഴിഞ്ഞ രണ്ടരവർഷക്കാലത്തിനിടയിൽ പത്ത് ലക്ഷത്തിലധികം പുതിയ വൈദ്യുതി കണക്ഷനുകൾ ഈ ഗവൺമെന്റ് നൽകി.

ഇത്രമാത്രം വലിയ നേട്ടങ്ങൾ ഈ കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്തിനിടയിൽ പ്രാവർത്തികമാക്കിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ്. പക്ഷേ നിങ്ങൾ നല്ല കാര്യം ചെയ്താൽ അത് നല്ലതാണെന്ന് കാണാനും അതിനെ അംഗീകരിക്കാനും തയ്യാറാകുന്നില്ല. ഈ നാടിനോട് ബാധ്യതയുള്ള ആളുകളാണെങ്കിൽ, നാടിനോട് കടപ്പെട്ട ആളുകളാണെങ്കിൽ സ്വാഭാവികമായും അത്തരം സമീപനമല്ലേ സ്വീകരിക്കുക? പക്ഷേ നിങ്ങൾ അങ്ങനെയല്ല. ഞങ്ങൾക്ക് ഇഷ്ടമില്ല, ഞങ്ങൾക്ക് ഇടതുപക്ഷക്കാരോട് കടുത്ത വിരോധമാണുള്ളത്. അതുകൊണ്ട് ഇടതുപക്ഷക്കാരൻ ചെയ്തതൊക്കെ തെറ്റ്. 'ഇഷ്ടമില്ലാത്ത അച്ചി ചെയ്തതൊക്കെ തെറ്റ്' എന്ന സമീപനം ഇവർ തുടർച്ചയായി സ്വീകരിക്കുകയാണ്.

ഇവിടെ യു.ഡി.എഫ്.-ന്റെ സ്നേഹിതരോട് അത് കോൺഗ്രസ്സ് ആണെങ്കിലും മുസ്ലീം ലീഗ് ആണെങ്കിലും ഒരു കാര്യം വളരെ വിനീതമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ അധികം ആഹ്ലാദിക്കേണ്ട. ഇവിടെ ശ്രീ. എസ്. ശർമ്മ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞു - ഓരോ തെരഞ്ഞെടുപ്പും അതിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് ലോക്സഭയിലേയ്ക്കുള്ളതാണ്. അവിടെ ചർച്ച ചെയ്യുന്നത് ദേശീയ രാഷ്ട്രീയത്തിന്റെ പ്രശ്നങ്ങളാണ്. അത് മനസ്സിലാക്കി നിങ്ങൾ പ്രവർത്തിക്കുന്നതായിരിക്കും നല്ലത്. ഞങ്ങൾ ചോദിക്കട്ടെ, കോൺഗ്രസ്സിന് എങ്ങനെയാണ് അഭിമാനിക്കാൻ സാധിക്കുക, സന്തോഷിക്കാൻ സാധിക്കുക, ഇന്ത്യാ രാജ്യത്ത് കോൺഗ്രസ്സിന്റെ അവസ്ഥയെന്താണിപ്പോൾ? കേന്ദ്രഭരണ പ്രദേശമുൾപ്പെടെയുള്ള 18 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് വട്ടപൂജ്യമാണ്. ഇന്ത്യാ മഹാരാജ്യത്ത് നിങ്ങളുടെ ശക്തികേന്ദ്രം ഇപ്പോൾ ഏതാണ്, കേരളമാണോ? എങ്കിൽ നിങ്ങൾ തുലഞ്ഞത് തന്നെയാണ്. ഈ ആപത്തിൽ നിന്നും ലോകത്തൊരാൾക്കും നിങ്ങളെ രക്ഷപ്പെടുത്താനാകില്ല. അതാണ് നിങ്ങളുടെ അവസ്ഥ.

ഒരു കാലഘട്ടത്തിൽ 404 സീറ്റുകൾ സ്വന്തമായുണ്ടായിരുന്ന രാഷ്ട്രീയ പാർട്ടിയായിരുന്നു കോൺഗ്രസ്സ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ശാഖകളും ശാഖോപശാഖകളും ഉണ്ടായിരുന്ന മഹാപ്രസ്ഥാനത്തിനെ ഇപ്പോൾ 52 സീറ്റുകളിലേയ്ക്ക് നിങ്ങൾ എത്തിച്ചു. ഞങ്ങൾക്ക് കേരളത്തിൽ ദൗർബ്ബല്യമുണ്ടായി. ഞങ്ങളത് പരിശോധിക്കും. പക്ഷേ ഞങ്ങളുടെ ദൗർബ്ബല്യം കൗമാര പ്രായക്കാരന്റെ ദൗർബ്ബല്യമാണ്. നിങ്ങളുടെ ദൗർബ്ബല്യം കുഴിയിലേയ്ക്ക് കാലും നീട്ടിയിട്ടിരിക്കുന്നവന്റെ ദൗർബ്ബല്യമാണ് എന്ന് മനസ്സിലാക്കണം. നിങ്ങളെ രക്ഷപ്പെടുത്താൻ ആർക്കും കഴിയില്ലെന്ന് മനസ്സിലാക്കണം. നിങ്ങളുടെ ശത്രു ഞങ്ങളാണ്. ഞങ്ങൾ ഈ തെരഞ്ഞെടുപ്പിൽ ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും എതിരായി ക്യാമ്പയിൻ നടത്തി. നിങ്ങൾ ആർക്കെതിരായിട്ടാണ് ക്യാമ്പയിൻ നടത്തിയത്? നിങ്ങളുടെ ശത്രു ശ്രീ. പിണറായി വിജയനാണ്. നിങ്ങളുടെ ശത്രു ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. അവിടെയാണ് നിങ്ങളും ബി.ജെ.പി.-യും തമ്മിലുള്ള ബന്ധമെന്നു പറയുന്നത്. ഇത് അവസാനത്തെ വെള്ളിയാഴ്ച അല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ പെട്ടിയും മടക്കി പോകുന്ന പാരമ്പര്യം കമ്മ്യൂണിസ്റ്റുകാർക്കില്ല. അത് ശ്രീ. രാഹുൽ ഗാന്ധിയുടെ പാരമ്പര്യമാണ്. ആ സമീപനമൊന്നും ഞങ്ങൾ സ്വീകരിക്കില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. നാട് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ ഗൗരവത്തോടുകൂടി കാണുന്നതിൽ കോൺഗ്രസ്സ് അതിദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. രാജ്യം വലിയ അപകടത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി

അധികാരത്തിൽ വന്നു. ഭീകരമായ രൂപത്തിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു, മതസൗഹാർദ്ദം തകർന്നുകൊണ്ടിരിക്കുന്നു. ഈ ആപത്തിനെ ചെറുക്കുന്ന കാര്യത്തെപ്പറ്റി നിങ്ങൾ ആലോചിക്കുന്നേയില്ല. വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ഒരിഞ്ച് വിട്ടുവീഴ്ച ചെയ്യാൻ ഞങ്ങൾ ഒരുക്കമല്ല. അവസാനത്തെ ശ്വാസംവരെ ഞങ്ങൾ മതഭ്രാന്തിനെതിരായി പോരാടും. ഞങ്ങളുടെ ജീവവായുവാണ് ഉന്നതമായ ജനാധിപത്യത്തിന്റെ മൂല്യങ്ങൾ, മതനിരപേക്ഷതയുടെ മൂല്യങ്ങൾ; ആ മൂല്യങ്ങൾ സംരക്ഷിക്കാൻ അവസാന ശ്വാസംവരെ ഞങ്ങൾ പോരാടും എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ആർ.എസ്.എസ്.-ന്റെ വലിയ ശത്രുക്കളാകുന്നത്. അതുകൊണ്ടാണ് സഖാവ് പിണറായി വിജയന്റെ തലയ്ക്ക് ഒരു കോടി രൂപ ആർ.എസ്.എസ്. വിലയിട്ടത്. അപ്പുറത്ത് തലയില്ലാത്തതു കൊണ്ടല്ലല്ലോ. തലയിൽ കഥയില്ലെങ്കിലും പേരിനൊരു തലയുണ്ടല്ലോ. പക്ഷേ ആ തല ആർക്കും വേണ്ട. ആർ.എസ്.എസ്.-കാർക്ക് ആ തലയേ വേണ്ട. അവർക്ക് വേണ്ടത് കമ്മ്യൂണിസ്റ്റുകാരന്റെ തലയാണ്, സഖാവ് പിണറായി വിജയന്റെ തലയാണ്. എന്തുകൊണ്ട്? വ്യക്തമായൊരു രാഷ്ട്രീയ നിലപാട് ഞങ്ങൾക്കുണ്ട്. 'അപ്പപ്പോൾ കാണുന്നവരെ അപ്പായെന്നു വിളിക്കുന്ന' ഹീനമായ സംസ്കാരമുള്ളവരല്ല ഞങ്ങൾ. ആ സംസ്കാരം നിങ്ങൾക്കുള്ളതാണ്. ഒരോ സമയത്തും ഓരോന്ന് പറയും. മദ്ധ്യപ്രദേശിൽ പോയാൽ രാമക്ഷേത്രമുണ്ടാക്കാൻ കഴിയുന്നത് ബി.ജെ.പി.-ക്കല്ല, അതിനുള്ള യോഗ്യത ഞങ്ങൾക്കാണെന്ന് പറഞ്ഞ് അവിടെയുള്ള വോട്ട് പിടിക്കും. ശ്രീ. രാഹുൽ ഗാന്ധി സാക്ഷാൽ ശിവഭക്തനാണ് എന്നുപറഞ്ഞ് അതിന്റെ പേരിൽ വോട്ട് പിടിക്കാനും നിങ്ങൾക്ക് ഒരു നാണവുമുണ്ടായില്ല. അതാണ് നിങ്ങളുടെ രാഷ്ട്രീയം. ഞങ്ങളങ്ങനെയല്ല. ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി ഞങ്ങളുടെ രാഷ്ട്രീയ നിലപാടിൽ വിട്ടുവീഴ്ച ചെയ്യുന്ന ആളുകളല്ല ഞങ്ങൾ.

ഒറ്റ കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. പാറക്കൽ അബ്ദുല്ലയുടെ റൂൾ 50 പ്രകാരമുള്ള പ്രസംഗം അതിഗംഭീരമായിരുന്നു. മുസ്ലീം ലീഗ് എന്നാണ് സമാധാനത്തിന്റെ മാലാഖമാരായതെന്ന് എനിക്കറിയില്ല. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ പറയാം. 2006-ൽ കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത സംഭവമുണ്ടായി. സഖാവ് കെ. വി. അബ്ദുൾ ഖാദറിന്റെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ ചാവക്കാട് നഗരസഭാ ചെയർമാനായ ശ്രീ. കെ. പി. വത്സലനെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ പ്രതികൾ മുസ്ലീംലീഗിന്റെ ആളുകളല്ലേ; മണ്ണാർക്കാട് ഹംസയെയും നൂറുദ്ദീനെയും വെട്ടിക്കൊന്നത് ആരാണ്; കോഴിക്കോട് എസ്.എസ്.എഫ്.-ന്റെ പ്രധാനപ്പെട്ട സംഘാടകനായിരുന്ന കെ.ടി.സി. അബ്ദുൾ ഖാദറിനെ കൊലപ്പെടുത്തിയത് മുസ്ലീം

ലീഗല്ലേ; ഷിബിനെ കൊലപ്പെടുത്തിയതാരാണ്; ബിനുവിനെ വെട്ടിനുറുക്കി കൊലപ്പെടുത്തിയതാരാണ്? നിങ്ങൾ സമാധാനത്തിന്റെ മാലാഖ ചമയരുത്. അത് നല്ലതല്ല. ഒരു കാര്യം പറയാം. വാദിയെ പ്രതിയാക്കുന്ന ഈ കുടുക്ക കാര്യസ്ഥന്മാരുടെ വേലയൊന്നും കേരളമെന്നു പറയുന്ന ഈ കുടുക്കയിൽ വേകാൻ പോകുന്നില്ല എന്ന കാര്യം ലീഗും മനസ്സിലാക്കേണ്ടതുണ്ട് എന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഒരുപോലെ കൈവിട്ട ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. മത്സരിച്ച ഇരുപത് സീറ്റിൽ പത്തൊൻപതിലും ഭീമൻ പരാജയം ഏറ്റുവാങ്ങിയ സർക്കാരിന് ഭരണത്തിൽ തുടരാൻ അർഹതയുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടത് ഈ സർക്കാർ തന്നെയാണ്. ശ്രീ. പി. കെ. ശശി പറഞ്ഞ കാര്യങ്ങൾക്കെല്ലാം ഞാൻ മറുപടി പറയാം. ഒരുപാട് കാര്യങ്ങൾ അതുമായി ബന്ധപ്പെട്ട് പറയാം. കൊലപാതകത്തിന്റെ കണക്ക് പറയുമ്പോൾ എണ്ണിയെണ്ണി പറയാൻ ഇവിടെ ലിസ്റ്റുണ്ട്. ഇടതുപക്ഷത്തെ കൂടുതൽ ക്ഷീണിപ്പിക്കണം എന്ന വിശ്വാസവും ധാരണയും നമുക്കില്ല. പക്ഷേ ചില പ്രത്യേക സാഹചര്യം വടകരയിലുണ്ടായതുകൊണ്ട് പറഞ്ഞതാണ്. ഇന്ത്യയിൽ ആദ്യ ഇലക്ട്രോണിക് വികസന കോർപ്പറേഷനായ കെൽട്രോണും ആദ്യ ഐ.റ്റി. പാർക്കായ ടെക്നോപാർക്കും സ്ഥാപിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ, ഇലക്ട്രോണിക്, ഐ.റ്റി. വ്യവസായങ്ങൾ തഴച്ചുവളർന്നുകൊണ്ടിരിക്കുന്നത് കേരളത്തിന് പുറത്താണെന്ന് എല്ലാവർക്കുമറിയാം. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക നിയമം പാസ്സാക്കിയിട്ട് പതിമൂന്ന് മാസം പിന്നിടുന്നു. അതിലെന്ത് നേട്ടമുണ്ടായി എന്ന കാര്യം പരിശോധിക്കേണ്ടതാണ്. മാത്രമല്ല, ഇതിനെ അടിസ്ഥാനമാക്കി വ്യവസായ സംരംഭകർക്ക് ഓൺ-ലൈനിലൂടെ അനുമതി നൽകാനുള്ള വ്യവസായ വകുപ്പിന്റെ K-SWIFT പോർട്ടൽ സംവിധാനം ആരംഭിച്ചിട്ട് മാസങ്ങളായി. ഫലം നിരാശാജനകം എന്നതുമാത്രമാണ് ഇതുവരെയുള്ള അനുഭവം. സംസ്ഥാനത്ത് നാല്പത് പൊതുമേഖലാ സ്ഥാപനങ്ങളിൽ മുപ്പത്തിരണ്ടെണ്ണവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാത്രം ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തിനുണ്ടാക്കിയ നഷ്ടം 165.03 കോടി രൂപയാണ് പകുതിയിലധികം പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലപ്പത്തിരുന്ന് ഭരണം നടത്തുന്ന മാനേജിംഗ്

ഡയറക്ടർ, ജനറൽ മാനേജർ, സി.ഇ.ഒ. തുടങ്ങിയവർ വിജിലൻസ് ക്ലിയറൻസ് ഇല്ലാത്തവരാണ്. എഴുപതിനായിരം രൂപമുതൽ രണ്ട് ലക്ഷം രൂപവരെ ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നുണ്ട്. വർഷങ്ങളായി ഇവരിൽ പലരും തൽസ്ഥാനങ്ങളിൽ തുടരുകയാണ്. വ്യവസായ മേഖലയോടുള്ള നമ്മുടെ കാഴ്ചപ്പാടിന്റെ അടയാള സൂചിക എന്ന നിലയിലാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ വ്യവസായങ്ങളുടെ ഒരു ശൃംഖല കേരളത്തിലുണ്ടായിരുന്നു. ഇന്നിപ്പോൾ നമ്മുടെ സംസ്ഥാനം വ്യവസായങ്ങളുടെ ഒരു ശവപ്പറമ്പായി മാറുന്ന സാഹചര്യമാണുള്ളത്. സർക്കാർ നയവും സഹായങ്ങളുമൊക്കെ വർഷങ്ങളായി വ്യവസായങ്ങൾക്ക് ഇവിടെയുണ്ടെങ്കിലും ദ്രുതഗതിയിൽ വളരാനുള്ള സാഹചര്യം ഇല്ലെന്ന് സംരംഭകർ തന്നെ പറയുന്നു. ഹർത്താലും മിന്നൽ പണിമുടക്കും തൊഴിൽ സമരങ്ങളും നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാക്കിവച്ച ദുഷ്പേര് ചെറുതല്ല. ഇത് സംരംഭകർക്ക് നേരെ കണ്ണുരുട്ടുകയാണ്. ശുചിത്വത്തിന്റെയും നല്ല റോഡിന്റെയും കാര്യത്തിൽ നാം ഇപ്പോഴും ഏറെ പിന്നിലാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കാത്തതിന്റെ പേരിൽ ദേശീയ ഹരിത ട്രൈബ്യൂണൽ കേരളത്തിന് ഒരു കോടി രൂപ പിഴയിട്ടത് ഈയിടെയാണ്. ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഇത്രത്തോളം നാടിന്റെ ഹൃദയത്തിൽ ഇടം പിടിക്കാനാകുമെന്നതിന്റെ തെളിവാണ് മുപ്പത്തിയേഴ് വർഷം സംസ്ഥാനത്ത് പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന പത്രക്കടലാസ് നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന സ്ഥാപനം. വെള്ളൂർ എന്ന ഒരു ടൗൺഷിപ്പുതന്നെ ഇതിന് ചുറ്റുമായി രൂപം കൊണ്ടു. കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്ന എച്ച്.പി.സി.-ക്കാണ് എച്ച്.എൻ.എൽ.-ന്റെ ഉടമസ്ഥത. ഒട്ടേറെ തൊഴിലാളികളും കരാർ തൊഴിലാളികളും ട്രെയിനികളുമുള്ള ഈ സ്ഥാപനം കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ അലംഭാവം കാരണം അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഇത് ഒഴിവാക്കാൻ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലും അല്ലാതെയുമായി പ്രവർത്തിക്കുന്ന പതിനഞ്ച് സ്പിന്നിംഗ് മില്ലുകളിലായി അയ്യായിരത്തിലേറെ തൊഴിലാളികൾ സംസ്ഥാനത്തുണ്ട്. വൈദ്യുതി കുടിശ്ശികമൂലം കെ.എസ്.ഇ.ബി. ഫ്യൂസ് ഊരിയത് കാരണം ഇവയിൽ പലതും ആറ് മാസത്തിലധികം അടച്ചിട്ടിരുന്നു. വ്യവസായത്തിന്റെ കാര്യത്തിൽ രണ്ട് വകുപ്പുകൾക്കിടയിലുള്ള നിലപാട് ഇതാണെങ്കിൽ എങ്ങനെയാണ് പുറത്തുനിന്ന് സംരംഭകർ ഇവിടെയെത്തുക?

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ചൈന കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ സിമന്റ് നിർമ്മാതാക്കൾ ഇന്ത്യയാണ്. പ്രതിവർഷം 502 മെട്രിക് ടൺ സിമന്റാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. അൻപത് കിലോയുടെ ഒരു ചാക്ക് സിമന്റിന്റെ വില മാർച്ച് മാസത്തിൽ 270-300 രൂപയായിരുന്നു. മേയ് മാസത്തോടെ 390-400 രൂപയാണ് വില. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവടക്കം ബാഹ്യകാരണങ്ങളൊന്നും കൂടാതെയാണ് നിർമ്മാതാക്കൾ വില ഉയർത്തുന്നത്. ഇത് സംസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കും. ചെറിയ വീടുകൾ നിർമ്മിക്കുക എന്ന സ്വപ്നം ഇല്ലാതാകും. ഈ സാഹചര്യത്തിൽ സർക്കാർ ഇടപെടണം; വില നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത്, വേളം പഞ്ചായത്തിലെ മണിമല എസ്റ്റേറ്റിൽ 115 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് നാളികേര വികസന പാർക്കിനുവേണ്ടി ഏറ്റെടുത്തിട്ടുണ്ട്. നാല്പത്തിരണ്ട് കോടി രൂപയുടെ ഭരണാനുമതിയും ഇതിന് നൽകിയിട്ടുണ്ട്. എന്നിട്ടും നാളിതുവരെയായി യാതൊരുവിധ പ്രവർത്തനവും പദ്ധതിയുമായി ബന്ധപ്പെട്ട് അവിടെ നടന്നിട്ടില്ലെന്നത് അത്യന്തം ഖേദകരമാണ്. പ്രശസ്തമായ കുറ്റ്യാടി തേങ്ങയുടെ പശ്ചാത്തലം കൂടി കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്, കേര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഒരു നാളീകേര പാർക്ക് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

അതുപോലെതന്നെയാണ് നീരയോടുള്ള നീരസം. തമിഴ്നാട്ടിൽ കഴിഞ്ഞ സീസണിൽ നീര നന്നായി ചെലവായിട്ടുണ്ട്. നീരയ്ക്ക് ഒരു ബോട്ടിലിന് നാല്പതും അൻപതും രൂപയാണ് വാങ്ങിയത്. കേരളക്കരയിൽ നീരയോട് മുഖം തിരിഞ്ഞ് നിൽക്കുന്ന ഒരവസ്ഥയുണ്ട്. കേര കർഷകരെ സംബന്ധിച്ചിടത്തോളം നീര ഉൽപ്പാദിപ്പിക്കാൻ സാധിച്ചാൽ അതവർക്ക് ഏറെ വരുമാനമുണ്ടാകുന്ന, വലിയ നേട്ടമുണ്ടാകുന്ന ഒരു കാര്യമായിരിക്കും. പക്ഷേ എന്തിനാണ് അതിനോട് ഇങ്ങനെയൊരു സമീപനം എന്നത് മനസ്സിലാക്കാൻ സാധിക്കുന്നില്ല. അന്യ സംസ്ഥാനമായ തമിഴ്നാടിനെ അപേക്ഷിച്ച് വളരെ നന്നായി കേരളത്തിൽ നീര ഉൽപ്പാദിപ്പിച്ച് തുടങ്ങിയിട്ടുണ്ട്. കൂടുതലായി ഞാൻ സംസാരിക്കുന്നില്ല.

വൈദ്യുതിയുമായി ബന്ധപ്പെട്ടുകൊണ്ട് പറയാനുള്ളത്, മഴ നിലത്തുവീഴും മുമ്പ് തന്നെ ഇലക്ട്രിക് ലൈനുകൾ നിലത്തുവീണ് തുടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. ഇന്നത്തെ പത്രത്തിലും രണ്ടാളുകൾ മരിച്ച റിപ്പോർട്ടുണ്ട്. സംസ്ഥാനത്ത് ലോ വോൾട്ടേജ് ലൈനാണുള്ളത്. ഇത് പൊട്ടിവീണാൽ വൈദ്യുതിബന്ധം സ്വയം

നിലയ്ക്കാത്തതാണ് അപകടത്തിന് കാരണം. മഴ തുടങ്ങുന്നതിന് മുമ്പ് വൈദ്യുതി ലൈനുകളുടെ സുരക്ഷ ഉറപ്പാക്കുന്ന ജോലികൾ ബോർഡ് നടത്താത്തതാണ് മറ്റൊരു പ്രശ്നം. ഇതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരുന്നത് സാധാരണ ജനങ്ങളാണ്. ഇനിയെത്ര ആളുകളാണ് മരിക്കുക എന്നറിയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ സത്വര ശ്രദ്ധയുണ്ടാകണം. കൊലപാതകത്തിന്റെ കണക്ക് പറയുമ്പോൾ നിങ്ങൾക്ക് ഒന്നോ രണ്ടോ ആളുകളുടെ പേരുകളേ പറയാനുണ്ടാകൂ.

മി. ചെയർമാൻ: ശ്രീ. പാറക്കൽ അബ്ദുല്ല ഇങ്ങോട്ട് നോക്കി പറയൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സി.പി.ഐ. (എം), ഇടതുപക്ഷം ബി.ജെ.പി.-യിലേയ്ക്ക് ആളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസിപ്പണി എടുക്കരുതെന്ന് ഇവിടെ മൂന്ന് വർഷമായി പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നിയമസഭയിൽ നിരന്തരമായി പറയുന്നുണ്ട്. ആ പണി എടുത്തതാണ് നിങ്ങൾ ഇന്ന് ഇത്രയും വലിയ പതനത്തിലേയ്ക്ക് പോയത് എന്നതിന് വേറെ തെളിവൊന്നും വേണ്ട. കേരളത്തിന്റെ ചരിത്രത്തിൽ, നിയമസഭയുടെ ചരിത്രത്തിൽ പതിനൊന്ന് ദിവസം നീണ്ടുനിന്ന സത്യാഗ്രഹം, ശ്രീ. വി. എസ്. ശിവകുമാറിന്റെയും ഡോ. എൻ. ജയരാജിന്റെയും നേതൃത്വത്തിൽ ഇവിടെ സത്യാഗ്രഹം ഇരിക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ശബരിമല വിശ്വാസവുമായി ബന്ധപ്പെട്ട വിഷയം കേരളത്തിലെ ജനങ്ങൾ വൈകാരികമായി എടുത്തു. ആ വിഷയത്തിൽ നിങ്ങൾ കാണിച്ച നെറികേടാണ് നിങ്ങൾക്ക് ഏറ്റവും വലിയ പതനമുണ്ടാക്കിയത്. പിന്നെ ഞങ്ങൾ നേട്ടമുണ്ടാക്കിയെന്ന് നിങ്ങൾ പറയുന്നു. ഞങ്ങളാണോ നിങ്ങളെ തോൽപ്പിച്ചത്; ജനങ്ങളാണ് തോൽപ്പിച്ചത്. ഏതാ തോൽവി. 404 സീറ്റുള്ള കോൺഗ്രസ്സ് 54 ആയി മാറി എന്ന് നിങ്ങൾ പറയുന്നു; എന്നാൽ 12 ശതമാനമുണ്ട്. 56 സീറ്റുള്ള സി.പി.ഐ. (എം)-ന് ഇപ്പോൾ എത്രയാണുള്ളത്, മൂന്നാണുള്ളത്. അതിൽ ലീഗിന്റെയും കോൺഗ്രസ്സിന്റെയും ഔദാര്യത്തിന്റെ പുറത്ത് തമിഴ്നാട്ടിൽ നിന്ന് കിട്ടിയതാണ് രണ്ട് സീറ്റ്. നിങ്ങളുടെ വായിലെ നാവ് അടക്കിവയ്ക്കാത്തതാണ് ഈ പ്രശ്നങ്ങൾക്ക് കാരണം. നിങ്ങൾ അല്പമെങ്കിലും ഇക്കാര്യത്തിൽ മിതത്വം പാലിക്കണം. തോൽവി അംഗീകരിക്കണം. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം പ്രസംഗിച്ചാൽ അത് ആളുകൾക്ക് മനസ്സിലാകില്ല. അതുപോലെതന്നെയാണ് നിങ്ങളുടെ വർത്തമാനവും. അത് മാറ്റാൻ നിങ്ങൾ തയ്യാറാകണം. ഞാൻ നേരത്തെ പറഞ്ഞു: ബി.ജെ.പി.-യെ ഒരു കാലത്തും ഞങ്ങൾ അംഗീകരിച്ചിട്ടില്ല. ബി.ജെ.പി.-യുമായി ബന്ധമുണ്ടാക്കിയത് ജ്യോതി ബസു ഉൾപ്പെടെയുള്ള ആളുകളാണ്. വി. പി. സിംഗിന്റെ മന്ത്രിസഭയിൽ സ്റ്റിയറിംഗ് കമ്മിറ്റിയുണ്ടാക്കി. ശ്രീ. എൽ. കെ. അദ്വാനിയും അടൽ ബിഹാരി വാജ്പേയിയുമായി ഒരുമിച്ചിരുന്ന് ബി.ജെ.പി.-യെ

പ്രോത്സാഹിപ്പിച്ച ആളുകളാണ് നിങ്ങൾ. ഈ തെരഞ്ഞെടുപ്പിൽ നിങ്ങളുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി ആരായിരുന്നു? ശ്രീ. രാഹുൽ ഗാന്ധി പറ്റില്ല; ശ്രീ. രാഹുൽ ഗാന്ധി തോൽക്കുമെന്ന് ശ്രീ. സീതാറാം യെച്ചൂരി സ്ഥിരമായി പറയും. പകരം ആര്? പകരം ശ്രീ. നരേന്ദ്ര മോദിയാണ് നിങ്ങളുടെ സ്ഥാനാർത്ഥിയെന്ന് നിങ്ങൾ പറഞ്ഞില്ലെങ്കിലും പറയാതെ പറഞ്ഞു. അതുകൊണ്ടാണ് കേരളത്തിൽ ഇത്രയും വലിയ തോൽവിയുണ്ടായത്. അത് നിങ്ങളുടെ നിലപാടിന്റെ ദോഷമാണ്. ആരെയാണ് നിങ്ങൾ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി കണ്ടത്. ഈ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി സ്ഥാനാർത്ഥി വേണ്ടേ?

മി. ചെയർമാൻ: സമയമായി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശ്രീ. സീതാറാം യെച്ചൂരി രാജ്യസഭയിൽ വേണം. രാജ്യസഭയിലേയ്ക്ക് സീറ്റ് തരാമെന്ന് ഞങ്ങൾ പറഞ്ഞു. ശ്രീ. നരേന്ദ്ര മോദിക്കെതിരെ ശബ്ദിക്കാൻ ഇടതുപക്ഷത്തിന്റെ ശബ്ദം വേണം. പക്ഷേ വേണ്ടായെന്ന് നിങ്ങൾ പറഞ്ഞു. എന്നിട്ടിപ്പോൾ നിങ്ങളെന്താണ് ചെയ്യുന്നത്? ശ്രീ. യെച്ചൂരിയെ രാജ്യസഭയിലേയ്ക്ക് അയയ്ക്കേണ്ടെന്ന പറഞ്ഞ നിങ്ങൾ തമിഴ്നാട്ടിൽ പോയി കോൺഗ്രസ്സിന്റെയും ലീഗിന്റെയും വോട്ട് വാങ്ങുന്ന സാഹചര്യമുണ്ടായി. നിങ്ങളുടെ നിലപാട് എവിടെയാണ്. ഇടതുപക്ഷം തകർന്നുപോകുന്നതിൽ സന്തോഷിക്കുന്ന ആളുകളല്ല ഞങ്ങൾ. ഇടതുപക്ഷം തകർന്നുപോയതിൽ ഒരു കാരണവശാലും ഞങ്ങൾ സന്തോഷിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്)

ശ്രീ. എം. രാജഗോപാലൻ: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിന്റെ വികസന ചർച്ചകളിൽ വ്യവസായ വികസനം ഒരു പ്രധാന അജണ്ടയായി വന്നിരിക്കുകയാണ്. വ്യവസായ വികസനത്തിന് ആവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങളുടെയും അസംസ്കൃത പദാർത്ഥങ്ങളുടെയും അഭാവവും അപര്യാപ്തതയും പരിഹരിച്ചുകൊണ്ട് ലാഭകരമായ ഒരു വ്യവസായ നിക്ഷേപത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ നടത്തിയിട്ടുള്ള ശ്രമം ശ്ലാഘനീയമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം നടക്കുകയുണ്ടായി. വിപണന സാധ്യതയുള്ള

ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, അതിന്റെ വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് വിവിധ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചത്. വൻകിട വ്യവസായികൾ വിശേഷിച്ചും ഉപഭോക്തൃ ഉൽപ്പന്ന വ്യവസായികൾ കേരളത്തെ ഒരു ഉപഭോക്തൃ സംസ്ഥാനമായി നിലനിർത്താനാണ് ആഗ്രഹിക്കുന്നത്. കേരളം അവർക്ക് ലാഭകരമായ വിപണിയാണ്. ഇതിനെക്കൂടി മറികടക്കാൻ കഴിയുംവിധത്തിലുള്ള ഇടപെടലാണ് കേരളത്തിലെ സർക്കാർ നടത്തിയത്. അതിന് ശക്തമായ പിൻബലം കൊടുക്കാൻ കേരളാ ഗവൺമെന്റിന് കഴിഞ്ഞു.

2017- ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വ്യവസായ വാണിജ്യ നയം ഇതിന് കൂടുതൽ കരുത്തേകുന്ന എന്നുള്ളതാണ് ഏറ്റവും പ്രധാനം. വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ-അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുമെന്നും പൊതു സ്വകാര്യ പങ്കാളിത്തവുമായി വ്യാവസായിക അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്നും വ്യവസായ വാണിജ്യ നയത്തിൽ വളരെ കൃത്യമായി വ്യക്തമാക്കിയിരിക്കുകയാണ്. മറ്റ് അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ, വ്യവസായ നിക്ഷേപത്തിന്റെ ഒരു പ്രധാന ഘടകം കേന്ദ്ര സർക്കാരാണ്. ശക്തമായ മുൻ-പിൻ ബന്ധമുള്ള മാതൃ വ്യവസായങ്ങൾ ആരംഭിച്ച് കേന്ദ്ര സർക്കാരിനാൽ കേരളത്തിന്റെ വ്യവസായ പിന്നാക്കാവസ്ഥ ലഘൂകരിക്കുവാൻ കഴിയും. പക്ഷേ കേന്ദ്രം കേരളത്തോട് വിവേചനപൂർണ്ണമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. സാമ്പത്തിക നീതിയേക്കാൾ രാഷ്ട്രീയ ചായ്വുകൾക്ക് ഊന്നലുകൾ നൽകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മാതൃ വ്യവസായങ്ങൾ ആരംഭിച്ചാൽ അത് സംസ്ഥാനത്തിന്റെ വ്യവസായവത്കരണത്തിന് കരുത്ത് പകരും. ദൗർഭാഗ്യവശാൽ അതിന് കേന്ദ്ര ഗവൺമെന്റ് ഒരിക്കലും തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ വ്യാവസായിക മുന്നേറ്റത്തിന് പത്തരമാറ്റിന്റെ തിളക്കമനുഭവപ്പെടുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എസ്. ശബരീനാഥൻ പ്രോഗ്രസ് റിപ്പോർട്ട് ഉയർത്തിക്കാണിച്ചുകൊണ്ട് ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. നിങ്ങൾക്ക് ഈ സഭാതലത്തിൽ ഉയർത്താൻ ഒരു പ്രോഗ്രസ് റിപ്പോർട്ടെങ്കിലും കയ്യിലുണ്ട്. കേരളീയ സമൂഹത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള സമ്പന്നമായ ഉള്ളടക്കമുള്ള ഒരു പ്രോഗ്രസ് റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വ്യാവസായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മികച്ച നേട്ടങ്ങൾ കൊയ്ത വർഷമാണിത്. അതിന്റെ

വിശദാംശത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. വിറ്റുവരവിനും ഉത്പാദനത്തിനും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. വ്യവസായ വകുപ്പിന് കീഴിലെ 42 പൊതുമേഖലാ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം 3442.74 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കി. ഇത് നഷ്ടമാണോ; അതാണിവിടെ ഉന്നയിച്ചുകേട്ടത്. 31 സ്ഥാപനങ്ങൾ കേരളത്തിൽ വിറ്റുവരവിൽ വർദ്ധനവുണ്ടാക്കി. ഇത് നഷ്ടമാണോ; 16 പൊതുമേഖലാ സ്ഥാപനങ്ങളെ പ്രവർത്തന ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും ഈ ഗവൺമെന്റിന്റെ കാലയളവിൽ കഴിഞ്ഞു. 129.50 കോടി രൂപയിൽ നിന്ന് 155.80 കോടി രൂപയിലേയ്ക്ക് വർദ്ധനവ് വരുത്താനും ഈ കാലയളവിൽ കഴിഞ്ഞു. നഷ്ടത്തിലായിരുന്ന പത്തൊൻപത് പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിയ സ്ഥാപനമാണ് കെ.എം.എം.എൽ. എന്നിവിടെ പറഞ്ഞു. വ്യാവസായികരംഗത്ത് സമഗ്രമായ വികസനവും മുന്നേറ്റവും ഉണ്ടാക്കിയെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വിസ്മയകരമായ വിജയത്തിളക്കവുമായി എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. ഈ രണ്ടര വർഷക്കാലയളവിൽ നാളിതുവരെ പത്ത് ലക്ഷത്തോളം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാൻ കഴിഞ്ഞു. പവർകട്ടും ലോഡ്ഷെഡ്ഡിംഗുമില്ലാതെ കേരളം മുന്നോട്ടു പോകുകയാണ്. ഒരു കാലഘട്ടത്തിൽ ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുമ്പോൾ പട്ടാപ്പകൽ ലോഡ്ഷെഡ്ഡിംഗും പവർകട്ടും എന്നൊക്കെ പറഞ്ഞ് നട്ടുച്ചയ്ക്ക് ചൂട്ട് കത്തിച്ച് പ്രകടനം നടത്തിയ കോൺഗ്രസ്സുകാർ ഇവിടെയുണ്ട്. എവിടെയാണ് നിങ്ങളിപ്പോൾ? കേരളത്തെ നിങ്ങൾ നോക്കൂ. ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. വൈദ്യുതി രംഗത്ത് മെച്ചപ്പെട്ട മുന്നേറ്റമാണ് ഈ സർക്കാർ നേടിയെടുത്തത്. ഫലപ്രദവും കാര്യക്ഷമവുമായി നേതൃത്വം നൽകുന്ന വ്യവസായ വകുപ്പുമന്ത്രിയും അതിനെയാകെ ക്രോഡീകരിച്ചുകൊണ്ടും ഏകോപ്പിച്ചുകൊണ്ടും മുന്നോട്ടുപോകാൻ കഴിയുന്ന മുഖ്യമന്ത്രിയും രാഷ്ട്രീയ ഇച്ഛാശക്തിയോടെ കേരളത്തിൽ സൽഭരണവുമായി മുന്നോട്ടു പോകുകയാണ്. ഈ ഘട്ടത്തിലാണ് പലരും ഇവിടെ ജനവിധിയുടെ പാഠത്തെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറായിട്ടുള്ളത്. ജനവിധിയുടെ പാഠം നിങ്ങളും ഞങ്ങളും ഉൾക്കൊള്ളണം. അതിന് യാതൊരു സംശയവുമില്ല. ദേശീയ രാഷ്ട്രീയത്തിൽ നിങ്ങളും സംസ്ഥാന രാഷ്ട്രീയത്തിൽ ഞങ്ങളും തീർച്ചയായും ഉൾക്കൊള്ളേണ്ട കാര്യമാണ്. ജനവിധിയുടെ പാഠത്തെക്കുറിച്ച് ഇവിടെ ചർച്ച

ചെയ്യുമ്പോൾ നിങ്ങളറിയേണ്ടത്, നിങ്ങളുടെ ഓർമ്മയിൽ ഉണ്ടാകേണ്ടത്, ഇന്ത്യയുടെ ഭരണത്തിൽ നിന്ന് കോൺഗ്രസ്സിനെ അഞ്ച് വർഷത്തിനപ്പുറത്തേയ്ക്ക് അകറ്റി നിർത്തുന്നത് ചരിത്രത്തിലാദ്യമാണ് എന്നതാണ്. അതാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പ് തോൽവിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതകളിൽ ഒന്ന്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ എഴുപത് കൊല്ലത്തിൽ അൻപത് കൊല്ലവും ഇന്ത്യ ഭരിച്ചത് കോൺഗ്രസ്സാണ്. അതിൽ മുപ്പത്തിയഞ്ച് വർഷവും നെഹ്റു കുടുംബത്തിൽപ്പെട്ട അംഗങ്ങളാണ് ഭരണാധികാരത്തിന്റെ ചെങ്കോലും കിരീടവും കയ്യാളാൻ ഭരണസിരാ കേന്ദ്രത്തിലേയ്ക്കെത്തിയത്. ദേശീയതലത്തിൽ കോൺഗ്രസ് നേരിടുന്നത് സമാനതകളില്ലാത്ത ദുരന്തമാണെന്ന് പറയാതിരിക്കാനാകുമോ?

2018-ൽ ബി.ജെ.പി.-യുമായി നേരിട്ട് പോരടിച്ച് കോൺഗ്രസ് അധികാരത്തിലേറിയ മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽപ്പോലും ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ദയനീയ പരാജയം ഏറ്റുവാങ്ങേണ്ടതായി വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു വാരികയുടെ ലേഖകൻ ഒരു ഇന്റർവ്യൂവിൽ ചോദിച്ചു, 'എ.ഐ.സി.സി.-യുടെ പ്രസിഡന്റും പ്രധാനമന്ത്രി സ്ഥാനാർത്ഥിയുമായ ശ്രീ. രാഹുൽ ഗാന്ധി എന്താ പരാജയപ്പെടാൻ കാരണം'. അദ്ദേഹം പറഞ്ഞു, 'എനിക്കുമറിയില്ല'; ഒറ്റവാക്കാണ്. ഞാൻ അമേഠിയിലെ ജനങ്ങളോടും അവിടത്തെ പാർട്ടി പ്രവർത്തകരോടും ചോദിച്ചപ്പോൾ ഒരു ലക്ഷത്തിലധികം വോട്ടിന്റെയെങ്കിലും ഭൂരിപക്ഷത്തിന് ജയിക്കുമെന്നാണ് അവർ പറഞ്ഞത്. ആരാണ് പരാജയപ്പെട്ടത്; ശ്രീ. രാഹുൽ ഗാന്ധിയാണ്. അതാണ് ഈ തെരഞ്ഞെടുപ്പിന്റെ മറ്റൊരാഘാതം. ശ്രീ. രാഹുൽ ഗാന്ധി എ.ഐ.സി.സി.-യുടെ ദേശീയ അദ്ധ്യക്ഷനാണ്. നിങ്ങൾ ഉയർത്തിക്കാട്ടിയ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാണ്. ഇതിനേക്കാൾ വലിയ പരാജയം എന്തുവേണം. വയനാട്ടിലെ ജനങ്ങൾക്ക് ശ്രീ. രാഹുൽഗാന്ധിയെ മനസ്സിലായിട്ടില്ല: പുതുമുഖമാണ്. പക്ഷേ അമേഠി കോൺഗ്രസ്സിന്റെ ഏറ്റവും കരുത്തുറ്റ ഒരു മണ്ഡലമാണ്. ആ മണ്ഡലത്തിലാണ് നിങ്ങൾക്ക് കനത്ത തോൽവി ഏറ്റുവാങ്ങേണ്ടി വന്നത്. അമേഠിയിലെ പതനം എങ്ങനെയുണ്ടായി എന്ന് പരിശോധിക്കാൻ നിങ്ങൾ തയ്യാറാകണ്ടേ;

ബി.ജെ.പി.-യിൽ നിന്നുള്ള ഭീഷണിയും പ്രലോഭനവും അതിജീവിക്കാനുള്ള കരുത്ത് ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിനുണ്ടോ; മറുപടി പറയാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ; കാരണമെന്താണ്? തീവ്ര ഹിന്ദുത്വത്തിനുള്ള

മറുപടിയാണോ മൃദുഹിന്ദുത്വം. തീവ്ര ഹിന്ദുത്വമാണ് സംഘ്പരിവാർ നയിക്കുന്ന ബി.ജെ.പി.-യുടെ പേരിലുള്ളതെങ്കിൽ ഇവിടെ കോൺഗ്രസ് എല്ലാക്കാലത്തും ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിച്ചിരുന്നത് മൃദുസമീപനവും മൃദുഹിന്ദുത്വ നിലപാടുകളുമാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ന് കോൺഗ്രസ് മെലിഞ്ഞും ബി.ജെ.പി. തടിച്ചുമാണ് നിൽക്കുന്നത്. കോൺഗ്രസ്സാണെങ്കിൽ ഇപ്പോൾ അടിമുടി ഹിന്ദു പാർട്ടിയായി ഉടച്ചുവാർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പൂണൂൽ ധാരിയായിട്ടുള്ള ഹിന്ദുവും ശിവ ഭക്തനുമാണ് ഞാനെന്ന് നെഹ്റു കുടുംബത്തിലെ ഇളമുറക്കാരൻ പരസ്യമായി പ്രസ്താവിച്ചപ്പോൾ എന്തായിരുന്നു കോൺഗ്രസ്സിന്റെ പ്രതികരണം? ഒരു മതേതര ഭൗതിക രാഷ്ട്രമല്ലേ ഇന്ത്യ? മതേതര ഭൗതിക രാഷ്ട്രമായ ഇന്ത്യയിൽ മതേതരത്വത്തിന്റെ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയ്ക്ക്, ഒരു മതേതരവാദിയെന്ന് അവകാശപ്പെടുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയാദ്ധ്യക്ഷൻ അങ്ങനെയൊരു പരാമർശം നടത്തുമ്പോൾ നിങ്ങൾ എവിടെയായിരുന്നു. വടക്കേ ഇന്ത്യയിൽ പുതുതായി അധികാരത്തിൽ വന്ന കോൺഗ്രസ് സർക്കാരുകളെല്ലാം ഗോശാലകൾ സ്ഥാപിക്കാനൊരുങ്ങുന്നതും അതിന്റെ ഭാഗം തന്നെയാണ്. ഏറ്റവും ഒടുവിൽ ഈ തെരഞ്ഞെടുപ്പ് ഹിന്ദുവോട്ട് നേടിയെടുക്കാനുള്ള മത്സരം മാത്രമായി. ബി.ജെ.പി.-കോൺഗ്രസ് ശത്രുതയെന്ന് ബോദ്ധ്യപ്പെടാൻ ഭോപ്പാൽ പാർലമെന്റിലേയ്ക്കൊന്ന് കണ്ണോടിച്ചാൽ മതി. തീപ്പൊരി ഹിന്ദുത്വ നേതാവായ പ്രഗ്യാസിംഗ് ഠാക്കൂറിനെ നേരിട്ട കോൺഗ്രസ് സ്ഥാനാർത്ഥിയാണ് ദ്വിഗ് വിജയ് സിംഗ്. നിങ്ങളുടെ രാഷ്ട്രീയ നേതൃത്വത്തിലെ പ്രഗൽഭരിൽ ഒരാളായിരുന്ന ദ്വിഗ് വിജയ് സിംഗ്. ആ ദ്വിഗ് വിജയ് സിംഗ് അവകാശപ്പെട്ടത് എന്താണ്; എന്റെ വീട്ടിൽ ഏഴ് ക്ഷേത്രങ്ങളുണ്ട്, അതിൽ നാലെണ്ണത്തിൽ സദാ കെടാവിളക്കുകൾ എരിയുന്നുവെന്നാണ്. അനേകം സ്വാമിമാരെ ക്ഷണിച്ചുവരുത്തി അദ്ദേഹം അവരെക്കൊണ്ട് ഹോമങ്ങൾ നടത്തിക്കുകയും കോൺഗ്രസ്സിന്റെ പൊളിറ്റിക്കൽ റാലികളിൽ പ്രസംഗിപ്പിക്കുകയും ചെയ്തുവെന്ന് അദ്ദേഹം തന്നെ ഒരു വാരികയിൽ കൊടുത്ത ഇന്റർവ്യൂവിൽ പറഞ്ഞു. ആ വാരിക ഒരു ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദ്വിഗ് വിജയ് സിംഗും കമ്പ്യൂട്ടർ സ്വാമിയോടൊപ്പം കൈ വീശി ആർത്തുല്ലസിച്ച് നടക്കുന്ന ഒരു മനോഹരമായ ചിത്രം. നിങ്ങൾ ആലോചിച്ചു നോക്കൂ. എങ്ങനെയാണ് ഇന്ത്യയിൽ വർഗ്ഗീയതയെ കുഴിച്ചുമൂടാൻ കഴിയുക; എങ്ങനെയാണ് മതനിരപേക്ഷ രാഷ്ട്രം ഉയർത്തിക്കൊണ്ടുവരാൻ കഴിയുക; കോൺഗ്രസ്സിന് നേതൃത്വനിരയിൽ പ്രവർത്തിക്കാൻ കഴിയുമോ? എത്രയോ വർഷത്തെ നിയമസഭാ പരിചയവും രണ്ടുവട്ടം മുഖ്യമന്ത്രിയുമായതിന്റെ അനുഭവ സമ്പത്തുമുള്ള ഒരു ദേശീയ നേതാവിന്റെ വാക്കുകളാണിത്. കാവി മേലങ്കികൾ കണ്ട് പരിഭ്രമിച്ചുപോയ അദ്ദേഹം എതിർ സ്ഥാനാർത്ഥിയെക്കാൾ ഭക്തിയുള്ള ഹിന്ദു താനാണെന്ന് തെളിയിക്കുന്നതിനു

വേണ്ടിയായിരുന്നു ഈ പരാമർശം നടത്തിയത്. 'ഹാ കഷ്ടമേ ഇതിന്റെ പേരോ നിങ്ങളുടെ പേരോ കോൺഗ്രസ്', പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നയിച്ച, മതേതരവാദി നയിച്ച പാർട്ടിയല്ലേ കോൺഗ്രസ്. എവിടെ ഇന്ത്യ രക്ഷപ്പെടും. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങളുടെ മുഖം എത്രമാത്രം വികൃതമായിട്ടുണ്ടെന്ന് കണ്ണാടി നോക്കൂ.

ലീഗ് മതിമറന്ന് ആഹ്ലാദിക്കേണ്ടെന്ന് ഇവിടെ പറഞ്ഞു. എന്താ ലീഗിന്റെ രാഷ്ട്രീയം? കേരളത്തിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജമാഅത്തെ ഇസ്ലാമിയായാലും എസ്.ഡി.പി.ഐ. ആയാലും എല്ലാ ആളുകളെയും ഒന്നിച്ച് അണിനിരത്തി ഇടതുപക്ഷത്തെ ശരിപ്പെടുത്തുക എന്നുള്ളതായിരുന്നു നിങ്ങളുടെ ദൗത്യം. ഇടതുപക്ഷം ഇന്ത്യൻ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും സ്വീകരിച്ചിരുന്ന വർഗ്ഗീയ വിരുദ്ധ നിലപാടുകളും വർഗ്ഗീയ ഫാസിസ്റ്റ് വിരുദ്ധ നിലപാടുകളും മതനിരപേക്ഷ ശക്തികളോടൊപ്പം നിന്നുകൊണ്ട്, മതനിരപേക്ഷ മനസ്സ് ശക്തിപ്പെടുത്തിക്കൊണ്ട്, മതന്യൂനപക്ഷങ്ങളെ രക്ഷിച്ചു കൊണ്ടുള്ള നിലപാടുകൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറായില്ല. നിങ്ങൾക്ക് കാലവും ചരിത്രവും മാപ്പ് തരില്ല. നിങ്ങൾക്ക് രാഷ്ട്രീയമായി നിലപാടുകളെടുക്കാം. പക്ഷേ യാഥാർത്ഥ്യബോധത്തോടെ വിഷയങ്ങളെ കാണണ്ടേ. ഇപ്പോൾ ശ്രീ. പാറക്കൽ അബ്ദുല്ല എന്തെല്ലാമാണ് പറഞ്ഞത്. അത് കേരളത്തിലായാലും ഇന്ത്യയിലായാലുമെന്താണ്? ഇന്ന് നിങ്ങൾ ചിരിക്കുകയാണ്. ചിരിക്കുന്ന നിങ്ങൾ ഭീകരമായ വർത്തമാനങ്ങൾ കേൾക്കാനിരിക്കുന്നതേയുള്ളൂ. ഡൽഹിയിൽ വടക്കേ ഇന്ത്യയുടെ ഇന്ദ്രപ്രസ്ഥത്തിൽ ചില നീക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു വാർത്ത ഒരു പത്രപ്രവർത്തകൻ പുറത്ത് വിട്ടിട്ടുണ്ട്. ബി.ജെ.പി.-ക്കകത്ത് വളരെ കൃത്യമായി അജണ്ട നിശ്ചയിച്ചുകൊണ്ട് സമൂഹ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ശക്തമായ മുസ്ലീംവിരോധം ജ്വലിപ്പിച്ചെടുക്കുന്നതിനാവശ്യമായിട്ടുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ അവരുടെ പ്രതിപ്പട്ടികയിലാണ്. അവരുടെ വിചാരധാരയിലുള്ള ശത്രുപ്പട്ടികയിൽ ഇസ്ലാമും ക്രിസ്ത്യാനിയും കമ്മ്യൂണിസ്റ്റുമാണുള്ളത്. അതുകൊണ്ട് ഞങ്ങൾക്കതിൽ വേവലാതിയൊന്നും ഇല്ല. ഇനിയും ഞങ്ങൾക്കുനേരെ അക്രമങ്ങൾ ഉണ്ടാകാം, പ്രചണ്ഡമായ പ്രചരണങ്ങൾ ഉണ്ടാകാം. അവയെയെല്ലാം അതിജീവിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും മതേതരബോധവും ഇടതുപക്ഷ പ്രസ്ഥാനത്തിന് ഇന്ത്യാരാജ്യത്തിലും കേരളത്തിലുമുണ്ട്. തെരഞ്ഞെടുപ്പിൽ തോൽക്കും; ജയിക്കും; അത് വേറെ കാര്യം. ഇതൊരു വിപ്ലവ രാഷ്ട്രീയ പ്രസ്ഥാനമാണ്. ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ്. ആ അർത്ഥത്തിൽ തന്നെ മുന്നോട്ടുപോകാൻ കഴിയും. പക്ഷേ പൊതു തെരഞ്ഞെടുപ്പിനുശേഷം ഇന്ത്യയുടെ

ബഹുസ്വരതയുടെ ഭാവിയെന്ത്; ചർച്ച ചെയ്യപ്പെട്ടതല്ലേ. ഇന്ത്യയിൽ അപകടകരമായ മതാന്മക രാഷ്ട്രീയ ഫാസിസ്റ്റ് സാഹചര്യമാണ് രൂപപ്പെട്ടിരിക്കുന്നത്. തീർച്ചയായും ഈ പുതിയ കാലത്ത് ഇടതുപക്ഷ –കരുത്ത് പുനർജനിച്ചേ മതിയാകൂ. ആ ഇടതുപക്ഷത്തിനേറ്റ തിരിച്ചടി പലയിടങ്ങളിലും കടുത്ത ഉത്കണ്ഠയുളവാക്കേണ്ടതുണ്ട്. കാരണം നമ്മുടെ രാജ്യത്തിന്റെ സാമൂഹിക ജീവിതത്തിൽ ഇടപെടുകയും പ്രതിരോധങ്ങൾ ഉയർത്തുകയും ചെയ്യുന്നവർ ഇതേ ആശങ്കകൾ പ്രകടിപ്പിച്ച് തുടങ്ങിയിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തി ചോരുന്നത് നമ്മളെയാകെ പ്രതിസന്ധിയിലാക്കുമെന്ന് എന്തുകൊണ്ടാണ് ഇവർ കരുതുന്നത്. ഇടതുപക്ഷം ദുർബ്ബലമായാൽ, നാം പോരാടി നേടിയ പരിമിതമായ അവകാശങ്ങളെയും ജനാധിപത്യ പൗരാവകാശങ്ങളെയും സംസ്കാരത്തെയും ദുർബ്ബലപ്പെടുത്തുമെന്ന് അവരൊക്കെ കരുതുന്നു. അനുഭവത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അങ്ങനെയൊരു നിരീക്ഷണത്തിലേയ്ക്കും നിലപാടിലേയ്ക്കും അവർ എത്തിച്ചേർന്നത്. ഇന്ത്യൻ ജനതയുടെ പോരാട്ടങ്ങളെ ഒരു വലിയ രാജ്യത്തിന്റെ രാഷ്ട്രീയ ഭൂപടത്തിലേയ്ക്ക് വിളക്കിച്ചേർക്കാൻ തീവ്രമായി ശ്രമിക്കുന്ന ഒരേയൊരു ശക്തി ഇടതുപക്ഷമാണെന്ന് ഇന്ത്യാരാജ്യത്ത് തെളിയിക്കപ്പെട്ടിട്ടുണ്ട്. ആ അർത്ഥത്തിൽ തന്നെ അത് ചിലപ്പോൾ അതിജീവന സമരങ്ങളാകാം, തൊഴിലാളികളുടെയും കൃഷിക്കാരുടെയും നിലവിളികളാകാം. പൗരാവകാശങ്ങൾക്കും പ്രാഥമിക മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള ജനങ്ങളുടെ ഒറ്റപ്പെട്ടതോ കൂട്ടായോ ഉയരുന്ന ആവശ്യങ്ങളുമാവാം. ദേശീയമായ പരിപ്രേക്ഷ്യത്തോടെ അവയൊക്കെ ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലത്തിൽ എത്തിക്കുന്നത് ഒരേയൊരു പ്രസ്ഥാനമാണ്. അത് ഇടതുപക്ഷ പ്രസ്ഥാനം മാത്രമാണ്. ഇനിയും അത് അങ്ങനെതന്നെയായിരിക്കും. ഇടതുപക്ഷം ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ദരിദ്രരുടെയും സാധാരണക്കാരുടെയും തൊഴിലെടുക്കുന്നവരുടെയുമൊക്കെ രാഷ്ട്രീയ പ്രതിനിദാനമാണ്. ആ അർത്ഥത്തിലാണ് ഒരു വിഭാഗം ജനങ്ങൾ ഇടതുപക്ഷത്തെ കാണുന്നത്. ഈ ജോലി നിർവ്വഹിക്കാൻ ഇടതുപക്ഷമല്ലാതെ വേറൊരു രാഷ്ട്രീയ പ്രസ്ഥാനമില്ലെന്ന തിരിച്ചറിവ് സമൂഹം വീണ്ടെടുക്കുകതന്നെ ചെയ്യും. ഈ ഒരു വർഗ്ഗീയ രാഷ്ട്രീയത്തിന് പ്രതിരോധം പടുത്തുയർത്തേണ്ട കാര്യം സൂചിപ്പിക്കുമ്പോൾ, ഈ അവസാന ഘട്ടത്തിൽ പുതിയ പ്രചണ്ഡമായ അപവാദപ്രചരണങ്ങളുമായി വന്നിരിക്കുകയാണ് യു.ഡി.എഫ്. ഉൾപ്പെടെയുള്ള ആളുകൾ. ഒരു അക്രമ രാഷ്ട്രീയത്തെയും പ്രോത്സാഹിപ്പിക്കുന്നവരല്ല സി.പി.ഐ.(എം)-ഉം ഇടതുപക്ഷ പ്രസ്ഥാനവും. ഒരു കൊലപാതകത്തെയും ന്യായീകരിക്കുന്നതല്ല. പക്ഷേ ഇടതുപക്ഷത്തെ പൊതുവെയും സി.പി.ഐ.(എം)-നെ

പ്രത്യേകിച്ചും ദുർബ്ബലപ്പെടുത്താൻ പാർട്ടിയുടെ നേതാക്കളെയും പാർട്ടിയെയും കൊലപാതക രാഷ്ട്രീയത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട് പ്രതിക്കൂട്ടിൽനിർത്തി വിചാരണ ചെയ്യാനാണ് കോൺഗ്രസും ചില മാധ്യമങ്ങളും ഇപ്പോൾ ശ്രമിക്കുന്നത്. അത് അടുത്ത തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. വളരെ കൃത്യമായി വലതുപക്ഷ മാധ്യമങ്ങളുടെയെല്ലാം പിൻബലം അതിനുണ്ട്. ഒരു കൊലപാതകത്തെയും ന്യായീകരിക്കുന്നവരല്ല ഞങ്ങൾ. എന്നാൽ നിങ്ങളുടെ ചരിത്രം എന്താണ്; ഒരു കാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ക്രിമിനൽവത്കരണത്തിന്റെ വിത്തുവിതച്ചവരാണ് ഈ നാട്ടിലെ കോൺഗ്രസ്. നിങ്ങൾ മറന്നുപോയോ? സിക്കുമത വിശ്വാസികളായ നിരപരാധികളെ ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ കൂട്ടക്കൊല ചെയ്യാൻ നേതൃത്വം കൊടുത്ത പാർട്ടി ഏതാണ്, സി.പി.ഐ.(എം) ആണോ; ഇടതുപക്ഷ പാർട്ടികളാണോ? അല്ല, കോൺഗ്രസ്സാണ്. അമ്മമാരും കുട്ടികളുമുൾപ്പെടെയുള്ള നിരപരാധികളായ ആൾക്കാരാണ് അക്രമത്തിനിരയായത്. കോൺഗ്രസ് ക്രിമിനലുകൾ രക്തപങ്കില കരാളഹസ്തവുമായി ദില്ലി തെരുവീഥികളിൽ ചുടലനൃത്തം ചവിട്ടുകയായിരുന്നു. ഇത് ഞങ്ങളാരും പറഞ്ഞതല്ല. അന്വേഷണം നടന്നു, കമ്മിഷൻ സിറ്റിംഗ് നടന്നു, കേസ് നടന്നു. എച്ച്. കെ. എൽ. ഭഗത്, ജഗദീഷ് ടൈറ്റ്‌ലർ, സജ്ജൻകുമാർ എന്നിവർ ഉൾപ്പെടെയുള്ള ദേശീയ നേതാക്കളാണ് ഇതിലെ പ്രതികളായി വന്നിട്ടുള്ളത്. കോൺഗ്രസ് നേതാവ് സജ്ജൻകുമാർ ഇന്ന് എവിടെയാണ്? ജയിലിലാണ്; ഇരുമ്പഴികൾക്കുള്ളിലാണ്. പശ്ചിമ ബംഗാളിൽ അർദ്ധ ഫാസിസ്റ്റ് ഭീകരവാഴ്ച വളർത്തുന്നുണ്ടോ? 1972-ൽ അർദ്ധ ഫാസിസ്റ്റ് ഭീകരവാഴ്ച ഉണ്ടായിരുന്നു. സിദ്ധാർത്ഥ ശങ്കർ റായ് മുഖ്യമന്ത്രിയും പ്രിയരഞ്ജൻദാസ് മുൻഷി അവിടത്തെ ബി.സി.സി. പ്രസിഡന്റുമായിരുന്നു. എന്തായിരുന്നു സിദ്ധാർത്ഥ ശങ്കർ റായ്-യുടെ പ്രസംഗം. ഇന്ത്യൻ രാഷ്ട്രീയത്തിൽ അങ്ങനെയൊരു നേതാവ് പ്രസംഗിച്ചിട്ടുണ്ടോ; പരസ്യമായി പ്രസംഗിച്ചില്ലേ; 'കമ്മ്യൂണിസ്റ്റുകാരെ കൊന്നൊടുക്കണം; അവരെ കൊന്നൊടുക്കാൻ ഓരോ കോൺഗ്രസ് പ്രവർത്തകനും ഓരോ തോക്ക് കൊടുക്കണം; അങ്ങനെ വെടിവച്ച് അവന്റെ ചോര ഹൂഗ്ലി നദിയിൽ ഒഴുക്കണം' എന്ന് പരസ്യമായി പ്രഖ്യാപിക്കുവാൻ ആഹ്വാനം നൽകിയ നേതാവ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനാണോ? ആരാണ് ക്രിമിനൽ രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നത്; ആരാണ് രാഷ്ട്രീയത്തെ ക്രിമിനൽ വൽക്കരിക്കുന്നത്? 1500-ഓളം സി.പി.ഐ.(എം)-ന്റെ പ്രവർത്തകരെയാണ് അവർ കൊലപ്പെടുത്തിയത്. ത്രിപുരയിൽ ഒരു ഘട്ടത്തിൽ വന്ദ്യവയോധികനായിട്ടുള്ള നൃപൻ ചക്രവർത്തിയെ ചവിട്ടി ദൂരെയെറിഞ്ഞവരാണ് നിങ്ങൾ. എത്ര കമ്മ്യൂണിസ്റ്റുകാരെയാണ് കൊന്നത്. ഞാൻ കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി പഞ്ചായത്തിലുള്ളതാണ്.

ചീമേനി കൂട്ടക്കൊല മറക്കാൻ കഴിയുമോ; ഞങ്ങളുടെ പ്രിയപ്പെട്ട 5 സഖാക്കളെ അതിനിഷ്ഠൂരമായി തീയിട്ടുകൊന്നവരല്ലേ നിങ്ങൾ. എവിടെയായിരുന്നു നിങ്ങളുടെ സമാധാന പ്രേമം; ബോൺ ക്രിമിനലുകളായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകൾ കോൺഗ്രസിന്റെ നേതൃധാരയിലുണ്ട്. ജാലിയൻവാലാബാഗ് സംഭവത്തെ അനുസ്മരിച്ചുകൊണ്ടാണ് മഹാനായ ഇ. എം. എസ്. ചീമേനി സംഭവത്തെ കണ്ടത്. എത്രയോ മനുഷ്യരുടെ ചോരയുടെ രുചിയറിഞ്ഞവർ; കോൺഗ്രസ് കുടുംബത്തിലെ കൂടപ്പിറപ്പുകളെ നിങ്ങൾ വെറുതെ വിട്ടോ; ആലോചിക്കണ്ടേ, എന്നിട്ട് സി.പി.ഐ.(എം)കാർ അക്രമകാരികളാണ്, കൊലപാതകികളാണ് എന്നാണ് പറയുന്നത്. ഏറ്റവും അപകടകരമായ രീതിയിൽ സി.പി.ഐ.(എം)-നെയും ഇടതുപക്ഷത്തെയും ജനങ്ങൾക്കെതിരെ തിരിച്ച് തെറ്റിദ്ധാരണ പരത്തുന്നതിനുവേണ്ടിയുണ്ടാക്കുന്ന ശ്രമങ്ങൾ ജനങ്ങൾ തിരിച്ചറിയുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി കോഴിക്കോട് ഐ.ഐ.എം. സമഗ്രമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ടിനെ വൈദ്യുതി ബോർഡ് ഉൾക്കൊള്ളുകയാണോ തള്ളിക്കളയുകയാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ആ റിപ്പോർട്ട് ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ അനുഭവം വളരെ താമസിയാതെ തന്നെ കെ.എസ്.ഇ.ബി.-ക്കും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കെ.എസ്.ഇ.ബി.-യുടെ വരുമാനത്തിന്റെ 40 ശതമാനം ഭരണ നിർവ്വഹണത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നതെന്നുള്ള റിപ്പോർട്ടുണ്ട്. ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഇന്ത്യയിൽ എല്ലായിടത്തും 52 പൈസ ചെലവ് വരുമ്പോൾ കേരളത്തിൽ അത് 182 പൈസയായി മാറുന്നുവെന്നുള്ളത് നമ്മൾ ഗൗരവമായി കാണേണ്ടതാണ്. ഒരു കാറ്റടിച്ചാൽ എല്ലായിടത്തും വൈദ്യുതി കട്ടാണ്. ആധുനികവൽക്കരണത്തിന്റെ തലത്തിലേയ്ക്ക് നമുക്ക് പോകണ്ടേ; അണ്ടർഗ്രൗണ്ട് കേബിളുകൾ വ്യാപകമായി സ്ഥാപിക്കാനുള്ള ശക്തമായ നടപടിയിലേയ്ക്ക് വൈദ്യുതി ബോർഡ് മാറിയേ പറ്റൂ. അതിനുള്ള എന്തെങ്കിലും നടപടികൾ മുന്നോട്ട് വയ്ക്കാൻ തയ്യാറുണ്ടോ?

3.00 pm]

അടുത്തകാലത്ത് പറവൂരിൽ ഒരു സ്വകാര്യവ്യക്തിയുടെ കൈവശമുണ്ടായിരുന്ന ശാന്തിവനമെന്ന പരിസ്ഥിതിലോല പ്രദേശം ഒരു ടവർ സ്ഥാപിക്കുന്നതിനു വേണ്ടി മുഴുവനായും തകർത്തു. ഞങ്ങളെല്ലാവരും പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. 100 മീറ്റർ അണ്ടർഗ്രൗണ്ട് കേബിൾ ഇട്ടാൽ അവിടത്തെ പ്രശ്നം പരിഹരിക്കാമായിരുന്നു. എന്റെ മണ്ഡലത്തിൽ ഇപ്പോൾ 10 കി.മീ. ദൂരം 220 K.V.ലൈനിന്റെ അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുകയാണ്. അത് അസാധ്യമായ കാര്യമല്ല. ശാന്തിവനം തകർക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി ചെയ്തു എന്നുവേണം കരുതാൻ. Overhead line എന്ന രീതി കേരളം പോലുള്ളൊരു സംസ്ഥാനത്തുനിന്ന് മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ ആവശ്യം ഉന്നയിച്ച് പല കോണുകളിൽ നിന്നും ഉയർന്നുവരുന്ന ശബ്ദം നമ്മൾ ശ്രദ്ധിക്കാതിരിക്കരുത്. ആധുനികവത്കരണത്തിന്റെ പാതയിലേയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിനെ അതിവേഗം മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ തിരുവനന്തപുരത്ത് വൈദ്യുത കമ്പി പൊട്ടിവീണ് ഒരാൾക്ക് മരണം സംഭവിച്ചു. നിരവധി അപകടമരണങ്ങൾ ഈ മഴക്കാലത്തുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇന്നല്ലെങ്കിൽ നാളെ ആധുനികവത്കരണത്തെക്കുറിച്ച് ഗൗരവമായി അലോചിക്കേണ്ടി വരും. അതിലേയ്ക്ക് മുന്നേറണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റഗുലേറ്ററി കമ്മീഷൻ 2018 ഡിസംബർ 10-ന് പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിച്ചുകൊണ്ട് വൈദ്യുതചാർജ് വർദ്ധനവിനെപ്പറ്റി ചർച്ച നടത്തുകയും 17 ശതമാനം ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. ഇലക്ഷൻ ആയതുകൊണ്ട് പ്രസ്തുത തീരുമാനം നടപ്പിലാക്കാതെ 7 മാസമായി മാറ്റിവച്ചിരിക്കുകയാണ്. സാധാരണ, റെഗുലേറ്ററി കമ്മീഷൻ ഒരു തീരുമാനമെടുത്താൽ അപ്പോൾത്തന്നെ നടപ്പിലാക്കും. നിയമസഭാസമ്മേളനം നടക്കുന്നതിനാൽ ഇപ്പോഴും ആ തീരുമാനം നടപ്പിലാക്കുന്നില്ല. നിയമസഭ പിരിഞ്ഞാൽ 17 ശതമാനം ചാർജ് വർദ്ധനവ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാനുള്ള സാധ്യത ഞാൻ തള്ളിക്കളയുന്നില്ല. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ച ഒരു കാലഘട്ടമാണ് 2018-19. വൈദ്യുതി ഉല്പാദനത്തിൽ അതനുസരിച്ചുള്ള ഗുണപരമായ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? മറ്റെന്തു സാധനവും വാങ്ങുന്ന പോലെ വൈദ്യുതിയും നമുക്ക് ഓപ്പൺ മാർക്കറ്റിൽ നിന്നും ലേലം ചെയ്ത് വാങ്ങാം. 3.20 രൂപയാണ് വൈദ്യുതിയുടെ ഓപ്പൺ മാർക്കറ്റിലെ വില. കേരളത്തിലേത് 5.50 രൂപയും. 6 രൂപയ്ക്കാണ് കർഷകർക്കുപോലും വൈദ്യുതി കൊടുക്കുന്നത്. ആന്ധ്രാപ്രദേശും തെലുങ്കാനയും 20 ലക്ഷത്തോളം കർഷകർക്ക് സൗജന്യമായി വൈദ്യുതി കൊടുത്തിരിക്കുകയാണ്.

സോളാർ കണക്ഷൻ കൊടുക്കുന്നുവെന്ന് അറിയിച്ചുകൊണ്ട് വൈദ്യുതി ബോർഡ് വ്യാപകമായി അപേക്ഷ സ്വീകരിച്ചു. മൂന്നുലക്ഷം അപേക്ഷകളാണ് സ്വീകരിച്ചത്. ഒരു ലക്ഷം ആളുകൾക്ക് ഉടൻതന്നെ സോളാർ കണക്ഷൻ ലഭ്യമാക്കുമെന്ന് ഇപ്പോൾ പറയുന്നു. അതെല്ലാം റിലയൻസിന് വിറ്റുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റിലയൻസിന് കേരളത്തിലെ പാവപ്പെട്ടവരുടെ പുരപ്പുറങ്ങൾ വിറ്റിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് വ്യവസ്ഥ? അങ്ങനെയൊരു നടപടിയുണ്ടെങ്കിൽ അത് നിയമസഭയറിയണ്ടേ? വൈദ്യുതി ബോർഡ് ആസ്തിയേക്കാൾ കൂടുതൽ കടമെടുക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത്തരത്തിൽ കടമെടുക്കുന്നതിന്റെ നിബന്ധന എന്താണ്? ഇക്കാര്യങ്ങളെ സംബന്ധിച്ച് സഭയിൽ വ്യക്തമാക്കാനുള്ള ഉത്തരവാദിത്വമുണ്ട്. പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിയുടെ മറവിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് നടന്ന സ്ഥലമെടുപ്പ് ഇടപാടിനെ സംബന്ധിച്ച് ശ്രീ. ജേക്കബ് തോമസ് സർവ്വീസിൽ നിന്ന് പിരിയുന്നതിന് മുൻപ് ഒരു വിജിലൻസ് അന്വേഷണം ആരംഭിച്ചിരുന്നു. ശ്രീ. ജേക്കബ് തോമസിനെ മാറ്റി, കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ആദ്യമായി ഡി.ജി.പി.-ക്ക് വിജിലൻസിന്റെ ചാർജ് നൽകി. അങ്ങനെ ആ അന്വേഷണം അട്ടിമറിക്കപ്പെട്ടു. അതിനുശേഷം ക്രൈംബ്രാഞ്ചിന് കൈമാറി. ഞങ്ങൾക്ക് ഇങ്ങനെയൊരു അന്വേഷണമില്ലെന്ന് ക്രൈം ബ്രാഞ്ച് പറയുന്നു. പള്ളിവാസൽ വൈദ്യുത പദ്ധതിയുടെ മറവിൽ നടന്നിട്ടുള്ള വലിയ ക്രമക്കേടും അവിടത്തെ സ്ഥലമെടുപ്പിന്റെ അഴിമതിയും അതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച സമഗ്രമായ അന്വേഷണം നടത്തണം. വിജിലൻസിന്റെ പക്കൽനിന്നും ക്രൈംബ്രാഞ്ചിന് കൊടുത്തിരിക്കുന്ന ആ ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ഇ.ബി.-യിൽ 27-8-2016-ൽ 88 കോടി രൂപയുടെ മീറ്റർ ടെണ്ടർ നടക്കുകയുണ്ടായി. 88 കോടി രൂപയുടെ ടെണ്ടർ വിളിച്ച് കിട്ടിയ മീറ്ററുകളിൽ 99 ശതമാനവും കേടുപാടുകളുള്ള മീറ്ററുകളാണെന്നറിയുന്നു. 88 കോടി രൂപയുടെ മീറ്റർ ഇടപാടിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ അന്വേഷിക്കണം. മീറ്റർ സപ്ലൈ ചെയ്തതിൽ വ്യക്തമായ ക്രമക്കേടുകളുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല. എന്തെങ്കിലും ക്രമക്കേടുകളുണ്ടെങ്കിൽ കരിമ്പട്ടികയിൽ പ്പെടുത്തണമെന്നുള്ളത് അതിലെ ഒരു വ്യവസ്ഥയാണ്. ഇക്കാര്യത്തിലുൾപ്പെട്ട L&T (Larsen & Toubro), Genus Power Infrastructures Ltd. തുടങ്ങിയ കമ്പനികളെ എന്തുകൊണ്ട് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല? ചൈനീസ് ബാറ്ററിപോലും ഉപയോഗിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

വിവരാവകാശമനുസരിച്ച് കിട്ടിയ രേഖകൾ എന്റെ കൈവശമുണ്ട്. 88 കോടി രൂപയ്ക്ക് മീറ്ററുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരുന്നു. സമഗ്രമായ അന്വേഷണം നടന്നുകൊണ്ടിരുന്നപ്പോൾ അത് തടസ്സപ്പെടുത്തി. അതിനുകൂടി വേണ്ടിയാണോ ഡി.ജി.പി.-ക്ക് വിജിലൻസിന്റെ ചാർജ് കൊടുത്തതെന്ന് സംശയിക്കുന്നു. അതുകൊണ്ട് ആ ഫയൽ വെളിച്ചം കാണണം; അതിൽ സമഗ്രമായ അന്വേഷണമുണ്ടാകണം. അതിന്റെ പിന്നിൽ വ്യാപകമായ അഴിമതിയുള്ളതായി സംസാരമുണ്ട്. ആ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മീറ്റർ സപ്ലൈ ചെയ്യുമ്പോഴുണ്ടാകേണ്ട എല്ലാ വ്യവസ്ഥകളും ലംഘിക്കപ്പെട്ടിരിക്കുകയാണ്. മീറ്ററിന്റെ ഗുണനിലവാരത്തെപ്പറ്റിയും ലേറ്റസ്റ്റ് ടെക്നോളജിയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന മീറ്ററുകളാകണമെന്നുള്ളതും മീറ്റർ ഉല്പാദിപ്പിക്കുന്ന ഫാക്ടറിയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ എഞ്ചിനീയർ പോയി പരിശോധിക്കണമെന്നുള്ളതും കൊണ്ടുവരുന്ന മീറ്ററുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ചും വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നു. ഗുണനിലവാരമുള്ള components-ന് പകരം വിലകുറഞ്ഞതും ഗുണനിലവാരമില്ലാത്തതുമായ components ഉപയോഗിച്ചിരിക്കുന്നു. ഉപയോഗിച്ചിരിക്കുന്ന ബാറ്ററി വ്യവസ്ഥകൾക്ക് വിരുദ്ധമായി ചൈനീസ് കമ്പനിയുടേതാണ്. ഇങ്ങനെയുള്ള നിരവധി ക്രമക്കേടുകൾ ഈ മീറ്ററുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രളയത്തെ സംബന്ധിച്ചുള്ള അമിക്കസ്ക്യൂറിയുടെ റിപ്പോർട്ട് വന്നപ്പോൾ അതൊന്നും സ്വീകാര്യമല്ലെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞു. പ്രസ്തുത റിപ്പോർട്ട് ഞാൻ തള്ളിക്കളഞ്ഞിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. അങ്ങനെയൊരു മന്ത്രിക്കോ മുഖ്യമന്ത്രിക്കോ തള്ളിക്കളയാൻ പറ്റുന്നതാണോ അമിക്കസ്ക്യൂറിയുടെ റിപ്പോർട്ട്? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്നാണ് അമിക്കസ്ക്യൂറിയെ നിയമിച്ചിരിക്കുന്നത്. യു.ഡി.എഫുമായി ഒത്തുകളിച്ചുവെന്നാണ് ആരോപിക്കുന്നത്. അമിക്കസ്ക്യൂറിയായി നിയമിച്ചിരിക്കുന്ന ഈ ബഹുമാന്യനായ വ്യക്തി എൽ.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച കെ.എസ്.എഫ്.ഇ.-യുടെ Standing Counsel ആയി എത്രയോ നാളുകളായി പ്രവർത്തിക്കുന്നു. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനാണ് അദ്ദേഹത്തോട് കോടതി നിർദ്ദേശിച്ചത്. തെരഞ്ഞെടുപ്പ് കാലത്ത് മനഃപൂർവ്വം അമിക്കസ്ക്യൂറി റിപ്പോർട്ട് സമർപ്പിച്ചുവെന്ന വിലകുറഞ്ഞ പ്രസ്താവന നടത്തി മുഖ്യമന്ത്രിയെപ്പോലുള്ള ആളുകൾ കോടതിയുടെ മുന്നിൽ

അപഹാസ്യനാകുന്ന നടപടി ഉണ്ടാകാൻ പാടില്ല. ഒരു റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജിയെവച്ച് കേരളത്തിൽ മനുഷ്യനിർമ്മിതമായുണ്ടായ പ്രളയത്തെപ്പറ്റി അന്വേഷിച്ച് യഥാർത്ഥ കാരണം കണ്ടെത്തണമെന്നാണ് അമിക്കസ്ക്യൂറിയുടെ കണ്ടെത്തൽ. അതിനോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കണമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ പ്രസംഗിച്ച എല്ലാപേരും ഞങ്ങൾ കുറേക്കൂടി ശ്രദ്ധിക്കണം എന്നുള്ള ഉപദേശമാണ് തന്നത്. ഞങ്ങളേയും ഞങ്ങളുടെ സന്തതികളേയും ഓർത്ത് നിങ്ങൾ ദുഃഖിക്കേണ്ട. നിങ്ങളേയും നിങ്ങളുടെ സന്തതികളേയും ഓർത്ത് ദുഃഖിക്കുക. ഞാൻ സഖാക്കൻമാരോട് ചോദിക്കുന്നു, കേരളത്തിൽ അക്രമരാഷ്ട്രീയം അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറാണോ; ബൂത്ത് പിടിത്തമവസാനിപ്പിക്കാൻ തയ്യാറാണോ; കള്ളവോട്ട് അവസാനിപ്പിക്കാൻ തയ്യാറാണോ? ഇവയൊക്കെ അവസാനിപ്പിച്ചാൽ ഉത്തര മലബാറിൽ ഒറ്റ സീറ്റുപോലും നിങ്ങൾക്ക് കിട്ടില്ല എന്നുള്ള കാര്യത്തിലൊരു സംശയവും വേണ്ട. 19 സീറ്റ് നേടിയ ഞങ്ങളോട് നിങ്ങൾ പറയുകയാണ് സൂക്ഷിച്ച് നടക്കണമെന്ന്. ബഹുമാന്യനായ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞുനടക്കുന്നത് ഞങ്ങൾ മോദിക്കെതിരെ ഇളക്കി മറിച്ച് ഉഴുതിട്ട ആ മണ്ണിലേയ്ക്ക് കോൺഗ്രസ് വിത്തെറിയുകയായിരുന്നുവെന്നാണ്. നിങ്ങൾ മോദിക്ക് സ്തുതി പാടുകയായിരുന്നു. നിങ്ങൾ ശ്രീ. എൻ. കെ. പ്രേമചന്ദ്രനെ എതിർത്തുവെന്ന് വേണമെങ്കിൽ പറയാം. മോദിയെ നിങ്ങൾ എതിർത്തിട്ടില്ല. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ സ്ഥലത്ത് ചെന്ന് നിങ്ങൾ മോദിക്ക് ആനയെ കൊടുക്കുകയാണ് ചെയ്തത്. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തെയാണ് എതിർത്തത്. കോൺഗ്രസ്സുകാർ മുഴുവൻ ബി.ജെ.പി. യിലേയ്ക്ക് പോകുമെന്ന് നിങ്ങൾ വ്യാപകമായി പ്രചരിപ്പിച്ചു. എല്ലാവർക്കും കൊള്ളാവുന്നൊരു പാർട്ടിയാണ് ബി.ജെ.പി. എന്ന പ്രതീതി ജനിപ്പിച്ച് നിങ്ങൾ ബി.ജെ.പി.-ക്ക് ആളെക്കൂട്ടി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മനോരമയിലെ ശ്രീ. സുജിത് നായർക്ക് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞു: ബി.ജെ.പി. വോട്ട് പിടിച്ചാൽ ഞങ്ങൾക്ക് 18 സീറ്റ് കിട്ടും. ബി.ജെ.പി. വോട്ട് പിടിക്കണം, കോൺഗ്രസ്സിന് വോട്ട് നഷ്ടമുണ്ടാകണം അതായിരുന്നു നിങ്ങളുടെ ആഗ്രഹം. എന്നാലത് മലർപ്പൊടിക്കാരന്റെ പോലെയായി. കയ്യിലിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വോട്ടും കൊണ്ട് ബി.ജെ.പി. പോയി, ബാക്കി വോട്ട് ഞങ്ങൾക്കും കിട്ടി. നിങ്ങൾ ബി.ജെ.പി.-യെ വളർത്താൻ നോക്കി. തോറ്റ് തുന്നംപാടി ഒറ്റമരത്തിലിരിക്കുന്ന

കുരങ്ങനെപ്പോലെയുള്ള അവസ്ഥ വന്നപ്പോൾ നിങ്ങൾ പറയാൻ തുടങ്ങി ഞങ്ങൾ മോദി വിരുദ്ധ തരംഗം ഉയർത്തിയതിന്റെ ഗുണം കോൺഗ്രസ്സിനാണ് കിട്ടിയതെന്ന്. നാണമില്ലേ നിങ്ങൾക്ക് പറയാൻ ! നരേന്ദ്ര മോദിക്കെതിരെ ദേശീയ തലത്തിൽ പോരാടാൻ നിങ്ങളുടെ നേതാവ് ശ്രീ. സീതാറാം യെച്ചൂരിയെ രാജ്യസഭാംഗമാക്കാമെന്ന് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞു. നിങ്ങൾ കേട്ടോ; ശ്രീ. സീതാറാം യെച്ചൂരി പാർലമെന്റിലുണ്ടായിരുന്നെങ്കിൽ നരേന്ദ്ര മോദിക്കെതിരെ രണ്ടു വാക്ക് പറയുമായിരുന്നില്ലേ; പിന്നെ നിങ്ങളെവിടെയാണ് നരേന്ദ്ര മോദിക്കെതിരെ പോരാടുന്നത്.

നിങ്ങളിപ്പോൾ അമ്പലങ്ങളെപ്പറ്റിയൊക്കെ പറയുകയാണ്. പാർട്ടി അംഗത്വ കോളത്തിൽ മതമെഴുതണമെന്ന പുതിയ മാറ്റം വരുത്തിയ പാർട്ടിയാണ് നിങ്ങളുടേത്. വർഗ്ഗമെഴുതിയിരുന്ന സ്ഥാനത്ത് മതമെഴുതാൻ തീരുമാനിച്ചു. ക്രെഡൻഷ്യൽ റിപ്പോർട്ട് നിങ്ങൾ നോക്കണം. നിങ്ങളാണ് ഈ നാട്ടിൽ ബി.ജെ.പി.-യെ വളർത്തുന്നത്. ബി.ജെ.പി.-യിലേയ്ക്ക് പോകും പോകും എന്ന് പറഞ്ഞു, ഈ ബി.ജെ.പി. എന്തോ ആനക്കാര്യമാണെന്ന പ്രചരിപ്പിച്ചു. കോൺഗ്രസ്സുകാരുപോയി, ഞാനും എന്റെ ഭാര്യയും ഒരു തട്ടാനും മതി കുഞ്ഞിന് പൊന്നരഞ്ഞാണം ക്ലാവു പിടിക്കുമ്പോൾ നന്നാക്കാനെന്ന മട്ടിൽ ഞങ്ങളും ബി.ജെ.പി.-യും മതിയെന്ന നിങ്ങളുടെ ദുഃശാഠ്യമാണ് ഇന്ന് നിങ്ങൾക്ക് ഈ ഗതികേടുണ്ടാക്കിയതെന്നുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇപ്പോൾ മഹാത്മാ ഗാന്ധിയേയും ജവഹർലാൽ നെഹ്റുവിനെയുംപറ്റി പറയുന്നതുകേട്ടാൽ തേന്മുറും! ഗാന്ധിജി ഇന്ത്യയെ മാന്തി പുണ്ണാക്കിയെന്ന് ലോകം മുഴുവൻ മുദ്രാവാക്യം വിളിച്ചവരാണ് നിങ്ങൾ. ജവഹർലാൽ നെഹ്റുവിനെതിരെ മുദ്രാവാക്യം വിളിച്ചവരാണ് നിങ്ങൾ. ഇപ്പോൾ മഹാത്മാ ഗാന്ധിയും ജവഹർലാൽ നെഹ്റുവും നിങ്ങൾക്ക് സ്വീകാര്യരായി. ലോകത്ത് അവശേഷിക്കുന്ന കമ്മ്യൂണിസ്റ്റ് ഭരണാധികാരിയായ ഉത്തര കൊറിയയിലെ ശ്രീ. കിം ജോങ്-ഉൻ, തന്റെ ജനറൽമാരെ പിരാന മത്സ്യത്തിന് ഇട്ടുകൊടുത്തു. കേരളത്തിൽ ശരത് ലാലിനെയും കൃപേഷിനേയും പോലുള്ള ചെറുപ്പക്കാരെ നരാധമന്മാരായ കൊലയാളികൾക്ക് വിട്ടുകൊടുക്കുന്ന നിങ്ങളും കിം ജോങ്-ഉൻ-ഉം തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യേകിച്ചുള്ള പ്രവർത്തനങ്ങളും വർഗ്ഗീയ പ്രസ്ഥാനങ്ങളെ തലോലിക്കുന്നതും നരേന്ദ്ര മോദിയെ പിന്തുണയ്ക്കുന്നതുമാണ്. മോദിയുടെ ഏതെങ്കിലുമൊരു നയത്തെ നിങ്ങൾ എതിർത്തിട്ടുണ്ടോ? സാമ്പത്തികനയത്തെ നിങ്ങൾ എതിർക്കുന്നുണ്ടോ; ഏത് നിലപാടിനെയാണ്

നിങ്ങൾ എതിർക്കുന്നത്? അതുകൊണ്ട് പ്രിയപ്പെട്ടവരെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ന്റെ ഈ തെറ്റായ നടപടി തിരുത്തണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്ത്യയിൽ അവശേഷിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ബി.ജെ.പി.ക്കെതിരായ പോരാട്ടം തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ കോൺഗ്രസ് വിരുദ്ധത അവസാനിപ്പിക്കണം. അതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം. ഹിന്ദു പത്രത്തിന്റെ സർവ്വെ നിങ്ങളൊന്നു വായിച്ചു നോക്കണം. ഇന്ത്യയിലെ നാൽപ്പത് ശതമാനത്തിലേറെ ഹിന്ദുക്കൾ ബി.ജെ.പി.-ക്കെതിരാണെന്ന കണ്ടെത്തൽ താമസിച്ചാണെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ചർച്ചയിൽ പങ്കെടുത്ത ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ അംഗങ്ങളോടും ഈ ചർച്ചയെ പ്രോത്സാഹിപ്പിച്ച മറ്റെല്ലാ അംഗങ്ങളോടും വ്യവസായ വകുപ്പിനുവേണ്ടിയും ഗവൺമെന്റിനുവേണ്ടിയും നന്ദി രേഖപ്പെടുത്തുകയാണ്. നമ്മുടെ കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാണ്. കേരളത്തെക്കുറിച്ച് മുമ്പുണ്ടായിട്ടുള്ള പല ധാരണകളും മാറ്റിയെടുക്കാൻ, കേരളത്തിന്റെ വ്യവസായ അന്തരീക്ഷം സുഖകരമായി തീർക്കാൻ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന്റെ നയങ്ങളുടെ ഫലമായി സാധിച്ചു. ഈ മൂന്നു വർഷക്കാലം കേരളത്തിൽ തൊഴിൽ സമരങ്ങൾ എവിടെയുമുണ്ടായില്ല, എല്ലാം വളരെ ശാന്തമാണ്. വളരെക്കാലമായി അടഞ്ഞുകിടന്നിരുന്ന ചില സ്ഥാപനങ്ങൾ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നീറ്റാ ജെലാറ്റിൻ വളരെ പ്രതിസന്ധികൾ നേരിട്ട് അടഞ്ഞുകിടന്ന സ്ഥാപനമായിരുന്നു. നല്ലനിലയിൽ ഇടപെട്ട് ആ സ്ഥാപനത്തെ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. കേരളത്തിലെ പൊതുമേഖലയെ മാത്രമല്ല, സ്വകാര്യമേഖലയിലെ വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാനും പൊതുമേഖല എന്നതുപോലെതന്നെ സ്വകാര്യ സംരംഭകരെയും കൂടുതൽ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ സഹായങ്ങൾ നൽകാനും പ്രതിജ്ഞാബദ്ധതയോടുകൂടി ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ ഡയറക്ടറേറ്റിന്റെ കീഴിൽ 43201 എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അതിലെല്ലാം കൂടി 3804.44 കോടി രൂപയുടെ നിക്ഷേപവും 1,51,702 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു. കിൻഫ്രയുടെ കീഴിൽ 207 പുതിയ യൂണിറ്റുകൾ ആരംഭിച്ചു. അവിടെ 309.43 കോടി രൂപയുടെ നിക്ഷേപമുണ്ടായി. 3274 തൊഴിലവസരങ്ങളുമുണ്ടായി.

കെ.എസ്.ഐ.ഡി.സി.-ക്ക് 48 യൂണിറ്റുകൾ, 363.16 കോടി രൂപയുടെ നിക്ഷേപവും 4462 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു. കൈത്തറി ഡയറക്ടറേറ്റിൽ 26 യൂണിറ്റുകൾ, 8.9 കോടി രൂപയുടെ നിക്ഷേപം, 2900 പേർക്ക് തൊഴിലവസരങ്ങൾ. ഖാദി ഗ്രാമവികസന മേഖലയിൽ 36 പുതിയ യൂണിറ്റുകൾ, 9.1 കോടി രൂപയുടെ നിക്ഷേപം, 2960 പേർക്ക് തൊഴിലവസരം. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം കൂടി 351 കോടി രൂപയുടെ നിക്ഷേപം. അവയെല്ലാം കൂടി ചേർന്നുകൊണ്ട് 880 തൊഴിലവസരങ്ങൾ. മൂന്ന് വർഷത്തിനുള്ളിൽ പുതിയതായി 43518 യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞു. 4846.03 കോടി രൂപയുടെ നിക്ഷേപം. 166178 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇതിനുപുറമെയാണ് ഐ.ടി. മേഖലയിലുള്ള തൊഴിലവസരങ്ങൾ. കേരളത്തിൽ ഇന്നുവരെ വ്യവസായത്തെക്കുറിച്ചാണ് ചർച്ച ചെയ്തിരുന്നത്. വാണിജ്യരംഗം നിശബ്ദമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാണിജ്യരംഗംകൂടി കൈകാര്യം ചെയ്യുകയും കേരളത്തിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, പരമ്പരാഗത വ്യവസായമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, തുടങ്ങിയവയ്ക്ക് വിദേശ മാർക്കറ്റുകളും സ്വദേശ മാർക്കറ്റുകളും കണ്ടെത്താനും ഇവിടത്തെ സ്ഥാപനങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ഏത് രാജ്യത്തു നിന്ന് എങ്ങനെ വേഗത്തിൽ ലഭിക്കുമെന്ന് കണ്ടെത്തി എല്ലാ വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല.

ഒട്ടനവധി വിദേശ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താനും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുള്ള താൽപ്പര്യവുമായി വരികയാണ്. ബഹുമാന്യരായ എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതും ഈ രംഗത്ത് നിലനിൽക്കുന്നതുമായ ഒരു പ്രശ്നമാണ് നോക്കുകൂലി. അത് നിയന്ത്രിക്കാനും നിയമവിരുദ്ധമാണെന്ന ബോദ്ധ്യമുണ്ടാക്കാനും അതിനെതിരായി പൊതുജനാഭിപ്രായം വളർത്തിയെടുക്കാനും കഴിഞ്ഞതുകൊണ്ട് നോക്കുകൂലി കുറച്ചുകൊണ്ടുവരാൻ സാധിച്ചു; പിണറായി വിജയൻ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടു കൂടിയുള്ള നിലപാടാണ് ഈ സൗഹൃദ അന്തരീക്ഷവും സാഹചര്യവും ഉണ്ടാകാനുള്ള പ്രധാന കാരണം. എല്ലാ അർത്ഥത്തിലും വളരെ സൗഹൃദമായൊരു വ്യവസായ അന്തരീക്ഷം കേരളത്തിലുണ്ട്. കൂടുതൽ നിക്ഷേപകരെ ആകർഷിക്കാനും കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും ഇവിടത്തെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്കെല്ലാം പരിഹാരം കാണാനും ജാഗ്രതയോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തകർച്ചയിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിച്ച് വളർച്ചയുടെ പാതയിലെത്തിക്കുവാൻ കഴിഞ്ഞു. വൈവിധ്യവത്കരണവും നവീകരണവുമായിരുന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സ്വീകരിച്ച പ്രധാന മാർഗ്ഗങ്ങൾ. കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷമായ 2015-16-ൽ സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ സാമ്പത്തിക വർഷംതന്നെ 80.67 കോടി രൂപയായി കുറച്ചു. 2017-18-ൽ പൊതുമേഖലാ സ്ഥാപനങ്ങളെ 5.11 കോടി രൂപയുടെ ലാഭത്തിലെത്തിച്ചു. 2018-19-ൽ ലാഭം 8.26 കോടി രൂപയായിരുന്നു. പ്രളയക്കെടുതിയെക്കൂടി അതിജീവിച്ചുകൊണ്ടാണ് ഈ മുന്നേറ്റമെന്ന പ്രത്യേകതയുമുണ്ട്. പ്രളയകാലത്ത് 39.61 കോടി രൂപയുടെ നഷ്ടം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 2015-16-ൽ എട്ട് പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു ലാഭത്തിലുണ്ടായിരുന്നത്. ഈ സർക്കാർ 2016-17 കാലയളയിൽ 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിച്ചു. 2018-19 സാമ്പത്തിക വർഷമായപ്പോൾ ലാഭപട്ടികയിൽ 12 സ്ഥാപനങ്ങൾകൂടി കടന്നുവന്നു. 241.18 കോടി രൂപയാണ് ഇപ്പോഴുള്ള ലാഭം. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുവരവിലും ഉൽപ്പാദനത്തിലും വലിയ പുരോഗതിയാണ് കൈവരിച്ചത്. വ്യവസായ വകുപ്പിന്റെ കീഴിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. കയർ, കശുവണ്ടി തുടങ്ങിയ മറ്റു വ്യവസായങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലല്ല പ്രവർത്തിക്കുന്നത്. ഇത് കൈകാര്യം ചെയ്യുന്നത് മറ്റു മന്ത്രിമാരാണ്. 42 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2018-19-ൽ 3442.74 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിരുന്നു. എന്നാൽ 31 സ്ഥാപനങ്ങൾ വിറ്റുവരവിൽ വർദ്ധനവ് നേടിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 2920.26 കോടി രൂപയായിരുന്നു വിറ്റുവരവ്. 16 പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്തവണ പ്രവർത്തന ലാഭം കൈവരിച്ചു. എല്ലാ സ്ഥാപനങ്ങളും കൂടിച്ചേർന്നുള്ള കണക്കെടുത്താൽ 155.80 കോടി രൂപയാണ് പ്രവർത്തന ലാഭം. കഴിഞ്ഞ തവണ 129.95 കോടി രൂപയായിരുന്നു പ്രവർത്തന ലാഭം. വ്യവസായ രംഗം പടിപടിയായി മെച്ചപ്പെടുത്തുകയും വ്യവസായം നേരിടുന്ന പ്രതിസന്ധി എന്തൊക്കെയാണെന്ന് മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ട് ഉൽപ്പാദനം

വർദ്ധിപ്പിക്കാൻ കഴിഞ്ഞതിന്റെയും കെടുകാര്യസ്ഥത, ദുർച്ചെലവുകൾ എന്നിവ ഒഴിവാക്കിയതിന്റെയും ഫലമായാണ് വ്യവസായ സംരംഭങ്ങൾ ലാഭത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചത്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടവും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം നഷ്ടത്തിലായിരുന്ന സ്ഥാപനങ്ങളുടെ ആകെ നഷ്ടം 246.90 കോടി രൂപയായിരുന്നു. ഇത്തവണ ആകെ നഷ്ടം 232.92 കോടി രൂപയായി കുറച്ചു. 8 കമ്പനികൾ കഴിഞ്ഞ വർഷത്തേക്കാൾ ലാഭം വർദ്ധിപ്പിക്കുകയും 42 സ്ഥാപനങ്ങൾ നഷ്ടം കുറച്ചുകൊണ്ടുവരികയുമാണ് ചെയ്യുന്നത്. ചെറിയ തോതിലാണെങ്കിലും നഷ്ടം കുറച്ചുകൊണ്ടുവരികയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ കെ.എം.എം.എൽ. 2015-16 വർഷം 12.45 കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 163.29 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് 2015-16-ൽ 7.37 കോടി രൂപ നഷ്ടമായിരുന്നത് ഇപ്പോൾ 35.79 കോടി രൂപ ലാഭത്തിലാണ്. ട്രാവൻകൂർ ടൈറ്റാനിയം കാലോചിതമായ നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി മാർക്കറ്റിലേയ്ക്കിറങ്ങി കേരളത്തിന്റെ മാർക്കറ്റിൽ അത്യാവശ്യമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇപ്പോൾ അതിന്റെ ലാഭത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. അടച്ചുപൂട്ടലിന്റെ വക്കിൽ എത്തിയ സ്ഥാപനമായിരുന്നു ടൈറ്റാനിയം. 2015-16-ൽ 4.47 കോടിരൂപയുടെ നഷ്ടമുണ്ടായിരുന്നത് ഇപ്പോൾ 18.37 കോടി രൂപയുടെ ലാഭത്തിലെത്തിയിട്ടുണ്ട്. കെ.എസ്.ഐ. 2015-16-ൽ 5.84 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്നത് ഇപ്പോൾ 1.13 കോടി രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. കെൽട്രോൺ കുത്തഴിഞ്ഞു കിടക്കുകയായിരുന്നു. കെ. പി. പി. നമ്പ്യാർ ആരംഭിച്ച് ഇന്ത്യയ്ക്ക് തന്നെ മാതൃകയായിട്ടുള്ള ഇന്ത്യയിലാദ്യത്തെ ഇലക്ട്രോണിക്സ് സ്ഥാപനമായിരുന്ന കെൽട്രോൺ. അതിന്റെ ഗതി എന്തായിരുന്നു? എം.എൽ.എ.-മാരുടെ ഫണ്ടിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റും ബസ് ഷെൽറ്ററും നിർമ്മിച്ചുകൊടുക്കുന്ന സ്ഥാപനമെന്ന അവസ്ഥയിലേയ്ക്ക് താഴ്ന്നില്ലേ? ആ കെൽട്രോൺ 2015-16-ൽ 52 ലക്ഷം രൂപയുടെ നഷ്ടത്തിലായിരുന്നു. ഇപ്പോൾ 1.05 കോടി രൂപയുടെ ലാഭത്തിലെത്തിയെന്നുമാത്രമല്ല ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഇലക്ട്രോണിക്സ് രംഗത്തും ഐ.ടി. രംഗത്തും ഇടപെടാനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സാധിച്ചു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമുള്ള ചില ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കെൽട്രോൺ

എത്തി. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി ഹിയറിംഗ് എയ്ഡ് ഉത്പാദിപ്പിച്ച് വിദ്യാലയങ്ങളിലെ ശ്രുവണശക്തി കുറഞ്ഞ കുട്ടികൾക്ക് വിതരണം നടത്തിവരുന്നു. അമേരിക്ക ബെയ്സ്ഡായിട്ടുള്ള U.S.T. Global എന്ന ഐ.ടി. കമ്പനിയുമായുള്ള ജോയിന്റ് വെഞ്ച്വറിൽ അവരുടെ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് കെൽട്രോൺ ലാപ്ടോപ് നിർമ്മിക്കുന്ന രംഗത്തേയ്ക്കും കടക്കുകയാണ്. അതിനുവേണ്ടിയുള്ള ചില ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. സോളാർ എനർജി ഉൽപ്പാദിപ്പിക്കുന്നതിനും അതിന്റെ മറ്റ് എക്വിപ്മെന്റ്സ്, പ്രോഡക്ട്സ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടിയിലേയ്ക്കും കെൽട്രോൺ കടക്കുകയാണ്. കെൽട്രോൺ ഒരു പുതിയ വളർച്ചയിലേയ്ക്ക് വന്നുകഴിഞ്ഞു.

നഷ്ടത്തിൽനിന്ന് ലാഭത്തിലേയ്ക്ക് എത്തിയിട്ടുള്ള സ്ഥാപനങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, സിൽക്ക് എന്നിവയാണ്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ഹാന്റ്‌വീവ്, കെൽപാം, സിഡ്കോ ഇവയെല്ലാം നഷ്ടം കുറച്ചുകൊണ്ടുവന്ന സ്ഥാപനങ്ങളാണ്. കേരളത്തിലെ വ്യവസായരംഗം കൂടുതൽ മെച്ചപ്പെടുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലബാർ സിമന്റ്സിനെക്കുറിച്ചൊന്നും പറഞ്ഞില്ല. ആ സ്ഥാപനവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, മലബാർ സിമന്റ്സ് നഷ്ടത്തിലാക്കിയതാണ്. കുത്തഴിഞ്ഞ്, മാർക്കറ്റില്ലാതെ, ഉൽപ്പാദനം കുറച്ച് മറ്റ് സ്വകാര്യ കമ്പനികൾക്കുവേണ്ടി കേരളത്തിന്റെ സിമന്റ് മാർക്കറ്റ് തുറന്നുകൊടുക്കുക യായിരുന്നു. ഞങ്ങൾ ഇടപെട്ട് അത് അവസാനിപ്പിച്ചു. ഇപ്പോൾ നല്ല ഇടപെടലുകൾ നടത്തി അത് മെച്ചപ്പെടുത്തിയെടുക്കുകയാണ്. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട ഒരു സ്ഥാപനമാണ് മലബാർ സിമന്റ്സ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നഷ്ടം കുറച്ചുകൊണ്ടുവരുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ട്രാവൻകൂർ സിമന്റ്സിന്റെ പേര് പറഞ്ഞു. കേരളത്തിൽ വൈറ്റ് സിമന്റുണ്ടാക്കുന്ന ഏക സ്ഥാപനമാണ്. ഇത് മഹാരാജാവിന്റെ കാലത്ത് തുടങ്ങിയതാണ്. ഇപ്പോൾ അതിന്റെ ഉൽപ്പാദനം ഇല്ലെന്നുമാത്രമല്ല, അവിടെ ആളുകൾക്ക് ജോലിയും കൃത്യമായിട്ടില്ല. അതിന്റെ സ്ഥിതി വളരെ ദയനീയമാണ്. അ സ്ഥാപനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കായലിൽനിന്ന് കക്ക വാരി, കക്കയിൽനിന്ന് ഗ്രേ സിമന്റും വൈറ്റ് സിമന്റും ഉണ്ടാക്കുകയും അതുപയോഗിച്ച് വീടുകളും സ്ഥാപനങ്ങളും വൈറ്റ് വാഷ് ചെയ്യുന്നതിനുമുമ്പ് ഉപയോഗിക്കുന്ന പുട്ടി നിർമ്മിക്കുന്ന ഒരു സ്ഥാപനമായിരുന്നു ട്രാവൻകൂർ സിമന്റ്സ്. ആ സ്ഥാപനം നശിപ്പിച്ച് നിശ്ചലമാക്കി. ഇപ്പോൾ അവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതിന്റെ സ്ഥിതി പഴയതിൽനിന്നും മാറിയിട്ടുണ്ട്. നഷ്ടം കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ക്ലിങ്കർ ഇറക്കുമതി ചെയ്ത് അഴിമതിയുടെ കൊയ്ത്തായിരുന്നു അവിടെ നടന്നത്. അതൊക്കെ അവസാനിപ്പിച്ചു. അത് പഴയ അദ്ധ്യായം. ഒരു പുതിയ അദ്ധ്യായം അവിടെ തുറന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങേയ്ക്കുതന്നെ അന്വേഷിച്ചാൽ മനസ്സിലാകും. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തിയെടുക്കാൻ നല്ല നിലയിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിലെ ഒരു കാര്യമാണ് പറയാനുള്ളത്. കെൽ-ലെ ജീവനക്കാർക്ക് ആറുമാസമായി ശമ്പളം ലഭിക്കുന്നില്ല. അതുപോലെ മൈലാട്ടി സിൽക്കുമായി ബന്ധപ്പെട്ട കാര്യങ്ങളും അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതെല്ലാം ഞാൻ പറയാൻ പോകുന്ന വിഷയങ്ങളിൽ വരുന്നതാണ്. ബഹുമാന്യരായ എം.എൽ.എ.മാർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഉന്നയിച്ചിട്ടുള്ള ചില ചോദ്യങ്ങളിൽ ഒന്ന് ഇൻഡസ്ട്രിയൽ പാർക്കിനെക്കുറിച്ചാണ്. ഭൂമി ഏറ്റെടുക്കുന്നുണ്ടെങ്കിലും അത് പ്രോഗ്രസ് റിപ്പോർട്ടിൽ പറയുന്നില്ല. ഭൂമി ഏറ്റെടുക്കുന്നത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കണമെന്നാണ് ശ്രീ. കെ. എസ്. ശബരിനാഥൻ ആവശ്യപ്പെട്ടത്. മൊത്തത്തിൽ 6886 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. 5366 ഏക്കർ ഭൂമി കിഫ്ബി പദ്ധതികൾക്കും 1520 ഏക്കർ ഭൂമി സർക്കാർ പദ്ധതികൾക്കുമാണ്. പദ്ധതികളുടെ വിശദീകരണങ്ങൾ - വൻകിട പദ്ധതികൾക്കും ഇൻഡസ്ട്രിയൽ പാർക്കുകൾക്കുമായി ഭൂമി ലഭിക്കുന്നതിനുവേണ്ടി ലാന്റ് ബാങ്കുകൾക്കുവേണ്ടിയും കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇൻഡസ്ട്രിയൽ കോറിഡോറിനുവേണ്ടി അതിന്റെ ഇരുവശങ്ങളിലുമായി മാനുഫാക്ചറിംഗ് ക്ലസ്റ്റർ രൂപീകരിക്കുന്നതിനുവേണ്ടിയും വ്യവസായ വികസന സോണുകൾ രൂപീകരിക്കുന്നതിനുവേണ്ടിയും ഭൂമി കഴിയുന്നത്രവേഗം ഏറ്റെടുക്കുന്നില്ലെങ്കിൽ നമുക്ക് ഭൂമി ലഭ്യമാകില്ല. അതുകൊണ്ടുതന്നെ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രണ്ടുവർഷമായി പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് അതിന്റെ വളർച്ചയിൽ അസംതൃപ്തരായിട്ടുള്ള ചിലരും ഇതിനെ പലവഴികളിലും ഉപയോഗിച്ച് ലാഭം കൊയ്തെടുത്തിട്ടുള്ളവരും പലതരത്തിലുള്ള പ്രചരണങ്ങളും അഴിച്ചുവിട്ടിട്ടുണ്ട്.

2017-18-ലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് 2019 ജനുവരിയിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ.) പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ആക്ഷേപം ഉന്നയിക്കുന്നത്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ 97 സ്റ്റേറ്റ് ലെവൽ പബ്ലിക് എന്റർപ്രൈസസിനെ സംബന്ധിച്ചുള്ള വിവരമാണുള്ളത്. അതുകൊണ്ട് ശ്രീ. കെ. എസ്. ശബരീനാഥൻ പുസ്തകം നേരെ പിടിച്ച് വായിക്കണം. അതുപോലെതന്നെ വ്യവസായ വകുപ്പിന്റെ റിപ്പോർട്ടിൽ 2018-19-ൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 41 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളാണുള്ളത്. അതിന്റെ ലാഭനഷ്ട കണക്കാണിത്. ഇത് കൊണ്ടുപോയി 97 സ്റ്റേറ്റ് ലെവൽ പബ്ലിക് എന്റർപ്രൈസസ് കമ്പനികളുടെ, അതിന്റെ സ്ഥാപനങ്ങളുടെ മുകളിൽ ചേർത്താൽ കണക്ക് പിശകാകും. ഞങ്ങളുടെ റിപ്പോർട്ടും ഞാൻ ഇവിടെ പറഞ്ഞതും ഈ ഡിമാന്റ് ഡിസ്കഷനുമെല്ലാം 42 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് ആ പറയുന്ന പ്രചരണത്തിന് യാതൊരടിസ്ഥാനവുമില്ല.

പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെക്കുറിച്ച് പറഞ്ഞു. കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ച ഒരു പൊതുമേഖലാ സ്ഥാപനമായിരുന്നു പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. സംസ്ഥാന സർക്കാർ അത് ഏറ്റെടുക്കാൻ തീരുമാനിക്കുകയും ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയുമാണ്. പാലക്കാട് യൂണിറ്റിന്റെ മൂല്യം നിർണ്ണയിച്ച് ആസ്തി മാത്രം ഏറ്റെടുക്കാനുള്ള ശിപാർശ മന്ത്രിസഭ അംഗീകരിച്ചു. മൊത്തം ആസ്തി മൂല്യം 53.32 കോടി രൂപയായി കണക്കാക്കി. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം കാത്തിരിക്കുന്നതിനിടയിൽ സ്ഥാപനം നിൽക്കുന്ന ഭൂമിയുടെ വിലകൂടി ആസ്തിയായി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. 1964-ലെ വ്യവസ്ഥപ്രകാരം സംസ്ഥാനം സൗജന്യമായി വിട്ടുകൊടുത്ത 123 ഏക്കർ ഭൂമിയാണിത്. നാം കൊടുത്ത ഭൂമി നാം വില കൊടുത്ത് വാങ്ങേണ്ടതില്ല. അത് ആസ്തിയിൽപ്പെടുന്നതല്ല, നമ്മുടേതാണ്. അതുകൊണ്ട് ഭൂമിവില ഒഴിവാക്കാൻ കേന്ദ്രവുമായി ചർച്ചകൾ നടത്തിവരികയാണ്. അനുകൂലമായ നിലപാടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വ്യവസായം നടത്തുന്നതിനുള്ള അനുമതി എത്രയും പെട്ടെന്ന് സുതാര്യമായി നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടി കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പരന്റ് ക്ലിയറൻസ് എന്ന ഒരു സോഫ്റ്റ്‌വെയർ (K-SWIFT) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ്, എത്ര അപേക്ഷകൾ കിട്ടിയെന്ന് ചോദിച്ചു. 135 അപേക്ഷകൾ കിട്ടിയതിൽ 133 അപേക്ഷകൾ

ക്ലിയറൻസിനായി നൽകുകയും 61 അപേക്ഷകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 117 അപേക്ഷകരാണ് ഫീസ് ഒടുക്കിയിട്ടുള്ളത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നിലവിൽ വന്നിട്ടുള്ള ഇൻഡ്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതിൽ 80.51 ശതമാനമാണ് നമ്മുടെ സ്കോർ. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ 'ഫാസ്റ്റ് മൂവേഴ്സ്' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. റാങ്കിംഗ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള 77 മാനദണ്ഡങ്ങളിൽ 62 മാനദണ്ഡങ്ങളും കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. അതായത് 80.51 ശതമാനമാണ് നമ്മുടെ മാർക്ക്. കേരളത്തിന്റെ മാർക്ക് ഈ പെർസന്റേജ് അനുസരിച്ച് നോക്കിയാൽ 140-ൽ 104 ആണ്. ഉയർന്ന റാങ്കാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കുന്നതിനുവേണ്ടി പ്രത്യേക നിയമം പാസ്സാക്കിയിട്ടുള്ള ഇൻഡ്യയിലെ ഏക സംസ്ഥാനം കേരളമാണ്. അതനുസരിച്ചുതന്നെ 7 നിയമങ്ങൾ, ആ 7 നിയമങ്ങൾക്ക് പുറമെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ കൊടുക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം അനുമതി ലഭ്യമാക്കാനും അപേക്ഷ നൽകി ഒരു മാസത്തിനകം അനുമതി ലഭിക്കുന്നില്ലെങ്കിൽ ഡീംഡ് ലൈസൻസായി അംഗീകരിക്കാനുമുള്ള വ്യവസ്ഥയോടുകൂടിയാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതിന്റെകൂടി അടിസ്ഥാനത്തിൽ ഇപ്പോൾ നടപടികൾ പുരോഗമിച്ചുവരികയാണ്. നമ്മുടെ സോഫ്റ്റ്‌വെയർ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് വന്നപ്പോൾ ഇതിന്റെ നോഡൽ ഏജൻസിയായി വച്ചിരിക്കുന്ന കെ.എസ്.ഐ.ഡി.സി.തന്നെ അത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാർക്ക് വിജിലൻസ് ക്ലിയറൻസില്ല എന്നുപറയുന്നത് ശരിയല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിലെ ടെക്സ്റ്റൈൽ പാർക്കിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടായി. അതിന് മൂന്നിലൊന്ന് സ്ഥലംപോലും ഏറ്റെടുത്തിട്ടില്ല. കണ്ണൂർ കൈത്തറിക്ക് ലോക മാർക്കറ്റിൽ വലിയ സ്ഥാനമുള്ള പശ്ചാത്തലത്തിൽ ആ ടെക്സ്റ്റൈൽ പാർക്ക് നവീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇപ്പോൾത്തന്നെ ആ ടെക്സ്റ്റൈൽ പാർക്ക് നവീകരിക്കുന്നതിനുള്ള ചില ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തളിപ്പറമ്പ് നാടുകാണിയിലാണ് ആ ടെക്സ്റ്റൈൽ പാർക്ക് സ്ഥിതിചെയ്യുന്നത്. അവിടെ കുറേ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ ടെക്സ്റ്റൈൽ രംഗത്ത് ഫാഷൻ ടെക്നോളജി ഡെവലപ് ചെയ്തെടുക്കുന്നതിനുള്ള ഒരു കേന്ദ്രമെന്ന നിലയിലും ടെക്സ്റ്റൈൽ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുമാണ്

അതാരംഭിച്ചത്. പക്ഷെ അതാരംഭിക്കുന്ന കാലത്ത് കണ്ണൂർ, കൈത്തറിയുടെ നാടായിരുന്നു. ഇപ്പോൾ കൈത്തറിക്കുവന്നിട്ടുള്ള തകർച്ചയും ക്ഷീണവും കാരണം അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രതികൂല സാഹചര്യമുണ്ടായി. ഇപ്പോൾ തമിഴ്നാട്ടിൽ കൊണ്ടുപോയാണ് തുണികളും നൂലും കളർ ചെയ്തെടുക്കുന്നത്. അത് പ്രോസസ്സ് ചെയ്യാനുള്ള സംവിധാനവും അവിടെത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സംരംഭകർക്കുവേണ്ടിയും കൈത്തറി മേഖലയിലെ വ്യവസായികളുമായും കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്ന വ്യവസായികളുമായുമൊക്കെ രണ്ടുതവണ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെറ്റിദ്ധാരണ കൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാർക്ക് വിജിലൻസ് ക്ലിയറൻസില്ല എന്നുപറഞ്ഞത്. വിജിലൻസ് ക്ലിയറൻസുണ്ടെങ്കിൽ മാത്രമേ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.മാരായി നിശ്ചയിക്കൂ. അങ്ങനെയാണ് ഇതുവരെ എല്ലാവരെയും നിശ്ചയിച്ചിട്ടുള്ളത്. വൈദ്യുതി വിച്ഛേദിച്ചതു കാരണം സ്പിന്നിംഗ് മില്ലുകളൊന്നും അടച്ചുപൂട്ടിയിട്ടില്ല. യഥാർത്ഥത്തിൽ വൈദ്യുതി വകുപ്പിനോട് വ്യവസായ വകുപ്പ് കടപ്പെട്ടത് അവിടെയാണ്. കേരളത്തിൽ 17 സ്പിന്നിംഗ് മില്ലുകളുണ്ട്. എത്രയോ കാലമായി എല്ലാം വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതിനൊരു മാറ്റം വരുത്തേണ്ടതെങ്ങനെയാണെന്ന് പരിശോധിച്ച് സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുകയാണ്. ആ ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമുള്ള വൈദ്യുതി മുഴുവൻ ഇലക്ട്രിസിറ്റി ബോർഡ് കൊടുക്കുകയാണ്. ഉപയോഗിച്ച വൈദ്യുതിക്ക് കൊടുക്കാൻ പണമില്ല. തൊഴിലാളികളുടെ പി.എഫ്. അടയ്ക്കാൻ പണമില്ല. ഇതിന്റെ പ്രധാനപ്പെട്ട കാരണം ഇവിടെ ഇറക്കുമതിയെ പ്രോത്സാഹിപ്പിച്ച് ഇറക്കുമതിക്ക് ക്ലിയർ ലൈസൻസ് കൊടുത്തതാണ്. വിദേശികൾക്കും സ്വദേശികൾക്കും ഇന്ത്യൻ കവാടങ്ങൾ തുറന്നുകൊടുത്തു. ഇന്ത്യൻ മാർക്കറ്റിലേയ്ക്ക് എന്തും ഇറക്കുമതി ചെയ്യാമെന്നതിന്റെ ഫലമായി കോട്ടണിന് വിലക്കയറ്റമുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്നും കൊണ്ടുവരുന്ന കോട്ടൺ വാങ്ങി ഉപയോഗിക്കാൻ കഴിയാതെവന്നു. ഇപ്പോൾ കോട്ടണിന്റെ വില കൂടിക്കൂടി വരികയാണ്. രണ്ടാമത്തെ പ്രശ്നം, അതിൽ നിന്നും ഉത്പാദിപ്പിക്കുന്ന നൂലിന് മാർക്കറ്റില്ല. അതും ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. ഇറക്കുമതി നയത്തിന്റെ ഫലമായി കോട്ടണിന്റെ വിലക്കയറ്റം ഒരു ഭാഗത്ത്, നൂലിന്റെ വിലക്കയറ്റം മറ്റൊരു ഭാഗത്ത്. ഇതിന്റെ ഫലമായി സ്പിന്നിംഗ് മില്ലുകൾക്ക് കോട്ടൺ വാങ്ങി നൂലുൽപ്പാദിപ്പിക്കാൻ കഴിയാതെ വന്നു. ഇവിടത്തെ രണ്ട് സ്പിന്നിംഗ് മില്ലുകളുടെയും കണക്കെടുത്തു നോക്കിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് ഗവൺമെന്റ് കൊടുക്കുന്ന സഹായംകൊണ്ടാണ് അവ നിലനിൽക്കുന്നത് എന്നാണ്. അത് ബഹുമാനപ്പെട്ട

ഉമ്മൻ ചാണ്ടിക്കും അറിയാം. അദ്ദേഹം കോട്ടയം സ്പിന്നിംഗ് മില്ലിന്റെ കാര്യത്തിൽ അതീവ തല്പരനാണ്. സ്പിന്നിംഗ് മില്ലുകളൊക്കെ നഷ്ടത്തിലാണ്. ഗവൺമെന്റ് കൊടുക്കുന്ന പണംകൊണ്ടാണ് സ്പിന്നിംഗ് മില്ലുകൾ നിലനിൽക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിന് പണം കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. മന്ത്രിയുടെയും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ സ്പിന്നിംഗ് മിൽ എം.ഡി.മാരെയും ചെയർമാനെയും വിളിച്ചുചേർത്ത് ചർച്ച ചെയ്ത് ഒരു നിശ്ചിത സമയപരിധിക്കകത്ത് കടം വീട്ടി എല്ലാ സ്പിന്നിംഗ് മില്ലുകളും ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിൽ മാത്രമാണ് ഇപ്പോൾ വൈദ്യുതി വിച്ഛേദിച്ചിട്ടുള്ളത്. അതും പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭാരവാഹികൾ വന്നിരുന്നു. അതിലും ഞങ്ങൾ ഇടപെട്ടിരിക്കുകയാണ്. ഗ്രേ സിമന്റ്സിന്റെ കാര്യത്തെക്കുറിച്ച് ഡോ.എൻ. ജയരാജ് ചോദിച്ചു. ഗ്രേ സിമന്റ് നിർമ്മാണം സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റിന്റെ വൈവിദ്ധ്യവൽക്കരണത്തിനുവേണ്ടി 2018-19-ൽ പത്തുകോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഗ്രേ സിമന്റ് നിർമ്മാണം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല, അത് മെച്ചപ്പെട്ട് വരികയും ചെയ്യുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര പാർക്ക് സ്ഥാപിക്കുന്നതിന് 115 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിരുന്നു. അതിന്റെ ചുമതല കെ.എസ്.ഐ.ഡി.സി.-ക്കായിരുന്നു. സ്ഥലം ഉടമസ്ഥർ വില വർദ്ധിപ്പിച്ചുകിട്ടാൻ കോടതിയെ സമീപിച്ചിരിക്കുകയാണ്. ഉടമകൾ കോമ്പൻസേഷൻ സംബന്ധിച്ച് കോടതിയിൽ നൽകിയിട്ടുള്ള കേസ് ഇപ്പോഴും തീർപ്പാകാതെ കിടക്കുകയാണ്. ഈ കേസിൽ കോടതി തീരുമാനം വരുന്നതുവരെ ഇടപെടാൻ കഴിയാത്തതുകൊണ്ട് മറ്റ് നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. സിയാൽ മോഡൽ റബ്ബർ പാർക്കുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു; കമ്പനികൾ രജിസ്റ്റർ ചെയ്തു. ഇതിനുപുറമെ ചില പദ്ധതികൾ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വ്യവസായ മേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖല. 10 കിലോമീറ്ററിനുള്ളിൽ അറുന്നൂറോളം വ്യവസായം; അമ്പതിനായിരത്തിലധികം ആളുകൾക്ക് ജോലി കൊടുത്തിരുന്ന ആ മേഖലയിൽ കമ്പനികൾ വലിയ പ്രതിസന്ധിയിലാണ്. 10 കിലോമീറ്ററിനപ്പുറത്തേയ്ക്ക് വ്യവസായങ്ങളൊക്കെ ഷിഫ്റ്റ് ചെയ്യുകയാണ്. 'Ease of doing business' - ന്റെ പേരിൽ തമിഴ്നാടിന്റെ

അതിർത്തി കടന്ന് അവിടെ നിലവിലുള്ള പ്ലാന്റുകൾ അടച്ചുപൂട്ടി പോകാൻ പോകുകയാണ്. പ്ലാസ്റ്റിക് മുതൽ സ്റ്റീൽ വരെ, ആയുർവേദമരുന്ന് മുതൽ പെട്രോ കെമിക്കൽ വരെ ഉണ്ടാക്കിയിരുന്ന, ഇലക്ട്രോണിക്കിന്റെ ചെറിയ ഐറ്റം മുതൽ വലിയ ട്രക്കുവരെ നിർമ്മിക്കുന്ന ഈ മേഖലയിലെ പ്രതിസന്ധികൾ അടിസ്ഥാനപരമായി നിലവിലെ സ്ഥാപനങ്ങളെയും ബാധിക്കുകയാണ്. തൊഴിൽ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടാത്ത സ്ഥാപനങ്ങളുമുണ്ട്. 700 ആളുകൾ വർക്ക് ചെയ്യുന്നൊരു കമ്പനി ഈ അടുത്തകാലത്ത് അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായി. പല കമ്പനികൾക്കും നോട്ടീസ് കൊടുത്തിരിക്കുകയാണ്. അത് പരിഹരിക്കണം. ഇപ്പോൾ 22 കെ. വി. സബ് സ്റ്റേഷനിൽ ഏറ്റവും കൂടുതൽ ഫീഡർ കൊടുക്കുന്നത് അവിടെയാണ്. ഒരു അഡീഷണൽ സബ് സ്റ്റേഷനും ഒരു ബാക്കപ്പ് ഫീഡറും അവിടെ ആവശ്യമാണ്. നമ്മുടെ വ്യവസായത്തിന്റെ അംബാസിഡർ എന്നുപറയുന്നത് നിലവിലെ സക്സസ്ഫുൾ ബിസിനസ്സുകാർ തന്നെയായിരിക്കും. അതുകൊണ്ട് അങ്ങ് അവിടെവന്ന് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ജനപ്രതിനിധികളും ഇവരുമായി കൂടിയാലോചിച്ച് കഞ്ചിക്കോട് രണ്ടാം വ്യവസായ വിപ്ലവത്തിന് നേതൃത്വം നൽകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കഞ്ചിക്കോട് ഇനിയും വ്യവസായങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. അവിടെ ഇലക്ട്രിസിറ്റി പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടിട്ടുണ്ട്. ചില സ്വകാര്യ കമ്പനികൾക്കുതന്നെ ഇലക്ട്രിസിറ്റിയുടെ ആവശ്യം വർദ്ധിച്ചിട്ടുണ്ട്. ഇതെല്ലാം നൽകത്തക്ക നിലയിൽ അവർക്ക് കൂടുതൽ വൈദ്യുതി നൽകാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അവിടെ ഞാൻ നിരവധി പ്രാവശ്യം പോയിട്ടുണ്ട്. ഇനിയും അവിടെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഈ ധനാഭ്യർത്ഥനയോടനുബന്ധിച്ച് ചില പുതിയ പദ്ധതികൾ കേരളത്തിൽ നടപ്പിൽ വരുത്താൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുകയാണ്. അതിലൊന്ന് സ്കിൽ എന്റർപ്രണേഴ്സ് സെന്ററുകളാണ്. അതായത് ഓരോ പഞ്ചായത്തിലും 25 അംഗങ്ങൾ ഉൾക്കൊള്ളുന്ന, വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സ്കിൽ വർക്കേഴ്സ് ഉൾപ്പെടുന്ന ഒരു സൊസൈറ്റി. തെങ്ങ് കയറ്റം, വീടുകളിൽപ്പോയി മോട്ടോർ പമ്പ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, മറ്റ് ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ വർക്ക് തുടങ്ങിയവ ചെയ്യാൻ സാധിക്കുന്ന നിലയിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത്തരമൊരു സംവിധാനമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ കിഴക്കൻ തീരപ്രദേശങ്ങളിൽ പ്രധാനമായും റബ്ബറാണ് കൃഷി ചെയ്യുന്നത്. റബ്ബറൈസ്ഡ് വ്യവസായത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. പടിഞ്ഞാറൻ തീരങ്ങളിൽ പ്രധാനമായും നാളികേരമാണ് കൃഷിചെയ്യുന്നത്. നാളീകേരത്തിന്റെ

തടി ഇപ്പോൾ വെറുതെ കിടന്ന് നശിച്ചുപോകുകയാണ്. അതു മുഴുവൻ സംഭരിച്ച് ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗിച്ച് തെങ്ങിൻ തടി ട്രീറ്റ് ചെയ്ത് ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള വ്യവസായം കേരളത്തിൽ ആരംഭിക്കണമെന്ന് ഉദ്ദേശിക്കുകയാണ്. അതിന് എറണാകുളം ജില്ലയിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഫോറസ്റ്റ് ഇൻഡ്സ്ട്രീസ് ട്രാവൻകൂറിനെ (FIT) ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നൂറു കണക്കിനാളുകൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന ഒരു വലിയ വ്യവസായം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ മദ്ധ്യമേഖല മുഴുവൻ നെല്ലുൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങളാണ്. കേരളത്തിലെ മുഴുവൻ നെല്ലും സംഭരിച്ച് കുത്തി അരിയാക്കി പാക്കറ്റുകളിലാക്കി സിവിൽ സപ്ലൈസ്, കൺസ്യൂമർ ഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ വിതരണം നടത്താനാണ് റൈസ് പാർക്കിലൂടെ ഉദ്ദേശിക്കുന്നത്. ഈ നെല്ല് മുഴുവൻ സംഭരിച്ച് കുത്തി അരിയാക്കുമ്പോൾ ലഭിക്കുന്ന തവിടിൽനിന്നും ഓയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയും. ഡബിൾ മൾട്ടി പർപ്പസ് പ്രോസസ്സിലൂടെ എണ്ണയെടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കും. അതോടൊപ്പം ഉമി കത്തിച്ച് കരിയാക്കി മാർക്കറ്റ് ചെയ്യും. ഇങ്ങനെ മൾട്ടി പർപ്പസ് ഫലങ്ങളുണ്ടാകുന്ന ഒരു പുതിയ സംരംഭം, റൈസ് പാർക്ക് കേരളത്തിലെ മുഴുവൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് കൃഷിക്കാർക്ക് ന്യായവില കൊടുത്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയും. അതിലൊന്ന് തൃശ്ശൂരും മറ്റൊന്ന് പാലക്കാടുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ...(മൈക്ക് ഓഫ്)... ആലപ്പുഴയിൽ ഒരെണ്ണം കൊടുക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആലപ്പുഴയിൽ സ്ഥലത്തിന്റെ പ്രശ്നമുണ്ട്. നെല്ലറയായ കുട്ടനാട് റൈസ് പാർക്ക് സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയെങ്കിലും സ്ഥലത്തിന്റെ പ്രശ്നങ്ങളുള്ളതുകൊണ്ട് അത് പരിഗണനയിൽ വച്ചിരിക്കുകയാണ്. കേരളത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും. അത്തരത്തിൽ കേരളത്തെ അഭിവൃദ്ധിപ്പെടുത്തും. ഒരു പുതിയ കേരളം നമുക്കിവിടെ സൃഷ്ടിച്ചെടുക്കണം. കേരളത്തിൽ തൊഴിലവസരങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും നിർവ്വഹിക്കാൻ സാധിക്കത്തക്ക നിലയിലുള്ള ഒരു വലിയ ശൃംഖല സൃഷ്ടിച്ചെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

നിലവിൽ ഒരു വ്യവസായ പാർക്കും ഇല്ലാത്ത ഒരു ജില്ലയാണ് വയനാട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ഒരു മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി

നിശ്ചയിക്കുകയാണ്. കണ്ണൂർ ജില്ലയിൽ റബ്ബർ കയ്യുറകൾ - സർജിക്കൽ ഗ്ലൗസിന് കേരളത്തിൽ നല്ല മാർക്കറ്റുണ്ട്. ഇത്തരമൊരു സ്ഥാപനം സംസ്ഥാനത്തില്ല. വളരെ ചെറിയ ഇൻവെസ്റ്റ്മെന്റുകൊണ്ട് ലാർജ് സ്കെയിൽ ബിസിനസ്സും ലാർജ് സ്കെയിൽ ഫാക്ടറികളും തൊഴിൽ സാധ്യതയും ഉണ്ടാക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. അതുപോലെ ഇ-മൊബിലിറ്റി പാർക്ക്, വൈദ്യുതി വാഹനങ്ങൾ നിർമ്മിക്കാനുള്ള സംവിധാനം. തേൻ സംസ്കരണം - കേരളത്തിലെ 10 ജില്ലകളിൽ ഏതാണ്ട് 2500 വീതം തേനീച്ചപ്പെട്ടികളും അനുബന്ധ സാധനങ്ങളും കർഷകർക്ക് നൽകും. തേൻ ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. 25000 തേനീച്ചപ്പെട്ടികൾ പൊതുമേഖലാ സ്ഥാപനമായ കാഡ്കോ നിർമ്മിച്ചുനൽകും. അതുവഴി നമുക്ക് തേൻ ഉല്പാദിപ്പിക്കാൻ സാധിക്കും. അതിന്റെ ബ്ലെൻഡിംഗും പ്യൂരിഫിക്കേഷനുമെല്ലാം പ്രത്യേക സംവിധാനങ്ങളിലൂടെ നടപ്പിലാക്കും. ഇതിലൂടെ ആയിരക്കണക്കിന് തൊഴിലവസരങ്ങളുണ്ടാകും. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വലിയ തൊഴിൽസാധ്യത സൃഷ്ടിച്ചെടുക്കാൻ സാധിക്കും. സംസ്ഥാനാ ടിസ്ഥാനത്തിൽ അതിനുവേണ്ടി ഒരു സ്ഥാപനം രജിസ്റ്റർ ചെയ്യാനും ജില്ലകളിൽ അതിന്റെ അനുബന്ധ യൂണിറ്റുകളുണ്ടാക്കാനും തേൻ മുഴുവനും സംഭരിച്ച് വിപണനം ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കും. അതുപോലെ ജീവൻരക്ഷാ മരുന്നുകളുടെ ഉല്പാദനം - ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഇപ്പോൾ ഔഷധ നിർമ്മാണ രംഗത്ത് ഏറ്റവും വലിയ അംഗീകാരം നേടിക്കഴിഞ്ഞിട്ടുണ്ട്. കരൾമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർ വളരെ വർഷങ്ങളോളം മരുന്ന് ഉപയോഗിക്കണം. മാർക്കറ്റിൽ ഏറ്റവും ഉയർന്ന വിലയാണ് രോഗികളിൽ നിന്ന് വസൂലാക്കുന്നത്. സാധാരണക്കാർക്ക് വാങ്ങാൻ കഴിയത്തക്ക വിലയ്ക്ക് മരുന്ന് ഉല്പാദിപ്പിച്ച് കൊടുക്കാനുള്ള ഗവേഷണങ്ങളും അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളും കെ.എസ്.ഡി.പി. നടത്തിയിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കെമിക്കൽസിനെ അതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ക്യാൻസർ മരുന്നിന്റെ കാര്യത്തിൽ ഒരു പ്രശ്നമുള്ളത് പല മരുന്നുകളുടെയും പേറ്റന്റ് പല കമ്പനികൾക്കാണ് എന്നതാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് പുതിയ സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തും. 200 ഏക്കർ ഭൂമി കിൻഫ്രയുടെ കൈവശമുണ്ട്. വ്യവസായ വകുപ്പിന്റെ സൈറ്റിൽ പോയി ആവശ്യമുള്ളവർക്ക് അപേക്ഷിക്കാം. അതുപോലെ കാടുകയറി കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങളുടെ മുഴുവൻ കണക്കും ശേഖരിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ആവശ്യമുള്ളവർക്ക് ന്യായമായി സ്ഥലം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

വായ്പകൾ കൃത്യമായി അടയ്ക്കുന്ന ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായ സംരംഭകർക്ക് തുടർ വ്യവസായത്തിന് വേണ്ടിയുള്ള സഹായം 5 ശതമാനം പലിശ നിരക്കിൽ നൽകുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. ചെറുകിട വ്യവസായ സംരംഭകർക്ക് രണ്ട് വർഷംവരെ ഹ്രസ്വകാല വായ്പകൾ നൽകുന്നതിനുവേണ്ടി ഇപ്പോൾ റിസർവ് ബാങ്ക് അര ശതമാനം പലിശനിരക്ക് കുറച്ചിട്ടുണ്ട്. കഴിയുന്നത്ര പലിശ കുറച്ചും കഴിയുന്നത്ര സഹായപരവുമായ നിലപാട് സ്വീകരിക്കുകയാണ്. വ്യവസായ സംരംഭകർക്ക് പലിശയിളവ് നൽകാൻ ഉദ്ദേശിക്കുകയാണ്. അക്കാര്യം എസ്.എൽ.ബി.സി.-യും ഡി.എൽ.ബി.സി.-യുമായി ചർച്ച ചെയ്യേണ്ടതുണ്ട്. വായ്പകൾ വാങ്ങി വ്യവസായം നടത്തുന്ന ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായ സംരംഭകർക്ക് വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് പലിശയിൽ വലിയ ഇളവ് നൽകുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. അതായത് പ്രിൻസിപ്പൽ തുക അടയ്ക്കുക, പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുക. പലിശയുടെ 50 ശതമാനം അടച്ചാൽ അതോടുകൂടി ബാധ്യത വൺ ടൈം സെറ്റിൽമെന്റ് എന്നുള്ള നിലയിൽ അവസാനിപ്പിക്കുന്ന പദ്ധതി ധനകാര്യവകുപ്പിന്റെകൂടി അംഗീകാരത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ലോണുകൾക്കും ഇത് ബാധകമാക്കാൻ സാധിക്കുകയില്ല. കാരണം നാഷണലൈസ്ഡ് ബാങ്കുകൾ നേരിട്ട് വായ്പ കൊടുക്കുന്നുണ്ട്. അത്തരം ബാങ്കുകളുടെ മുമ്പാകെയും ഇത്തരം ആവശ്യം ഉന്നയിച്ചുകൊണ്ട് പരമാവധി ഇടപെടുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പി.പി.പി. മോഡലിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ പ്രോത്സാഹിപ്പിക്കും. ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനത്തിനും ഏറ്റവും നല്ല സ്വകാര്യ സ്ഥാപനങ്ങൾക്കും ഏറ്റവും നല്ല വ്യവസായിക്കും ഏറ്റവും നല്ല തൊഴിലാളിക്കും ഏറ്റവും നല്ല എം.ഡി.മാർക്കും ഈ വ്യവസായ നടത്തിപ്പിന്റെ ചുമതലക്കാർക്കും പ്രത്യേകമായിട്ടുള്ള പുരസ്കാരങ്ങൾ നൽകി പ്രോത്സാഹനം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. കേരളം വളരുകയാണ്, വികസിക്കുകയാണ്. വ്യാവസായിക വികസനത്തിന്റെ കുതിപ്പിലാണ് കേരളം. അതിൽ നിങ്ങളുടെ എല്ലാ സഹകരണങ്ങളും ഉണ്ടാകുമെന്ന് എനിക്കറിയാം. ഈ ചർച്ചയിൽ പങ്കെടുത്തവരോട് ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, സഭാംഗങ്ങൾ വളരെ നല്ല നിർദ്ദേശങ്ങളും കുറച്ചു വിമർശനങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ക്രിയാത്മകമായ

നിർദ്ദേശങ്ങൾ നടപ്പിലാക്കാനും സ്വാഗതം ചെയ്യാനും വൈദ്യുതി ബോർഡിന് അതിയായ സന്തോഷമുണ്ടെന്ന് അറിയിക്കുകയാണ്. അതേസമയം ചില ബഹുമാന്യരായ അംഗങ്ങൾ ദുരാരോപണങ്ങളും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. പി. ടി. തോമസ് ആരോപണങ്ങൾ ബഹുമാനപ്പെട്ട ചെയറിന് എഴുതിത്തന്നിട്ടാണോ ഉന്നയിച്ചതെന്ന് പരിശോധിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ...(മൈക്ക് ഓഫ്)...ഇലക്ട്രിസിറ്റി ബോർഡിലെ ഒരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്. എഴുതി നൽകണമെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. എം. എം. മണി: സർ, ശ്രീ. പി. ടി. തോമസ് ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് എഴുതിത്തന്നാൽ അത് സംബന്ധിച്ച് പരിശോധിക്കാം. സഭയിൽ കിട്ടുന്ന അവസരം ഉപയോഗിച്ചുകൊണ്ട് എന്തെങ്കിലും വിളിച്ചു കൂവുന്നത് മാന്യതയ്ക്ക് നിരക്കുന്ന കാര്യമല്ല. ഞാൻ എഴുന്നേറ്റുനിന്ന് ശ്രീ. പി. ടി. തോമസിനെതിരെ എന്തെങ്കിലും പറയുന്നത് ശരിയാണോ? നല്ല നിർദ്ദേശങ്ങളോടും ക്രിയാത്മകമായ നിലപാടുകളോടും നൂറ് ശതമാനം യോജിപ്പാണ്. അതെല്ലാം നടപ്പിലാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. വൈദ്യുതി ബോർഡിനെയും ഗവൺമെന്റിനെയും പ്രതിക്കൂട്ടിലാക്കി ഇല്ലാത്ത വിമർശനം ഉന്നയിക്കുന്നതിന് പ്രതിപക്ഷം ശ്രമിച്ചത് ദൗർഭാഗ്യകരമാണ്.

ഇന്ത്യയിലെ വൈദ്യുതിമേഖല നേരിടുന്ന പ്രതിസന്ധി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന വൈദ്യുതി നിയമമാണ്.

4.00 pm]

2013-ൽ യു.പി.എ. ഗവൺമെന്റ് വൈദ്യുതി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ എതിർപ്പ് വന്നതുകൊണ്ട് അന്നത് മാറ്റി വച്ചിരുന്നെങ്കിലും ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ബി.ജെ.പി. ഗവൺമെന്റ് നിശ്ചയമായും ഈ നിയമം കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കേണ്ടതുണ്ട്. അങ്ങനെ വന്നാൽ ഇന്നുള്ള അധികാരംപോലും സംസ്ഥാന വൈദ്യുതി ബോർഡിനും സംസ്ഥാന സർക്കാരിനും ഇല്ലാത്ത അവസ്ഥയുണ്ടാകും. ഇപ്പോൾ റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നത് സംസ്ഥാന സർക്കാരാണ്. ഇനി വരാൻ പോകുന്ന നിയമമനുസരിച്ച് അഞ്ചുപേരടങ്ങുന്ന റെഗുലേറ്ററി കമ്മീഷനിലെ

ചെയർമാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുന്ന ആളായിരിക്കും. അതിൽ ഒരാളെ മാത്രമേ സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശിക്കാൻ കഴിയുകയുള്ളൂ. അതിനെ നമ്മൾ ഒന്നിച്ചുനിന്ന് എതിർക്കണം.

ഇപ്പോൾ വിതരണ മേഖലയ്ക്ക് മാത്രം ഒരു പ്രത്യേക കമ്പനിയുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. അതായത് ഇന്ത്യയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന കുത്തക കമ്പനിയും വിതരണമേഖലയിലെ കമ്പനിയും തമ്മിൽ കച്ചവടം നടത്തുമ്പോൾ വൈദ്യുതി ബോർഡ് നോക്കുകുത്തിയാകും. ഈ പുതിയ വൈദ്യുതി നിയമ ഭേദഗതി സംസ്ഥാന ഗവൺമെന്റിന് ഒരു പങ്കുമില്ലാത്ത അവസ്ഥയിലെത്തിക്കും. അത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇല്ലാത്തവിധം കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ 5-10 ശതമാനം വൈദ്യുതി കണക്ഷൻ നൽകിയിട്ട് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുന്ന തട്ടിപ്പാണ് നടക്കുന്നത്. വനമേഖലയിൽ ഫോറസ്റ്റിന്റെ അനുമതി കിട്ടാത്ത ചില കേസുകളിലൊഴികെ, ഇടമലക്കുടിയിലെ ഗിരിവർഗ്ഗ പഞ്ചായത്തുകളിലടക്കം 25 കിലോമീറ്ററിൽ കേബിളിട്ട് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. അവിടെയുള്ള എല്ലാ കുടികളും സമ്പൂർണ്ണമായി വൈദ്യുതീകരിക്കും. നിരവധി കിലോമീറ്ററുകൾ വനത്തിൽ കൂടി പോകണമെന്ന പ്രശ്നമുണ്ട്. കേബിളല്ലാതെ മറ്റൊരു സ്രോതസ്സ് വനത്തിൽ അനുവദിക്കില്ല. എന്തായിരുന്നാലും അവിടെയും നമ്മൾ വൈദ്യുതി കണക്ഷൻ കൊടുത്തു. വയനാട്ടിൽ കുറേ ആദിവാസി കേന്ദ്രങ്ങളിൽ വൈദ്യുതി കണക്ഷൻ കൊടുത്തുകഴിഞ്ഞു. ചില കേന്ദ്രങ്ങളിൽ ഇനിയും വനം വകുപ്പിന്റെ അനുമതി വേണ്ടതുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് അവിടെയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കും. ഇവിടെ വൈദ്യുതി ഉല്പാദനം പരിമിതമാണ്. ദീർഘകാല, ഹ്രസ്വകാല കരാറുകൾ വച്ചാണ് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ ഇപ്പോൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം വിസ്മരിക്കരുത്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ പലപ്പോഴും നമുക്ക് സഹായകരമല്ലെന്ന വസ്തുതയും കാണേണ്ടതുണ്ട്. മറ്റു മാർഗ്ഗങ്ങളിൽ വൈദ്യുതോല്പാദനം വിപുലീകരിക്കാനുള്ള പരിപാടിയാണ് വൈദ്യുതി ബോർഡ് തയ്യാറാക്കിയിരിക്കുന്നത്. ജലവൈദ്യുത പദ്ധതികൾക്കുള്ള സാദ്ധ്യതകൾ ഇനി കുറവാണ്. തുടക്കംകുറിച്ച ചെറുകിട പദ്ധതികൾ ഇപ്പോഴുണ്ടായ പ്രളയത്തെത്തുടർന്ന് വലിയ പ്രതിസന്ധിയും നഷ്ടവും നേരിട്ടു. ചില പദ്ധതികൾക്ക് ആറ് മാസമേ ലഭിക്കുകയുള്ളൂ; കോടിക്കണക്കിന് രൂപയും ചെലവഴിക്കേണ്ടി വരുന്നു. പണം മുടക്കിയത് മുഴുവൻ നമ്മൾ നടപ്പിലാക്കും. ചെറുകിട പദ്ധതികൾ ഏറ്റെടുക്കുന്നത് ലാഭകരമല്ല. അതുകൊണ്ട് 1000 മെഗാവാട്ട് സൗരോർജ്ജം ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിൽ 500 മെഗാവാട്ട്

പുരപ്പുറം കേന്ദ്രമായും 500 മെഗാവാട്ട് നിലവിലുള്ള ജലസംഭരണികളിൽ സോളാർ മാർഗ്ഗം സ്വീകരിച്ച് സംവിധാനമുണ്ടാക്കി ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യമാണ് വൈദ്യുതി ബോർഡിനും ഗവൺമെന്റിനുമുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് സംസാരിച്ചപ്പോൾ റിലയൻസിന് കൊടുത്തുവെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞു. അദ്ദേഹത്തിന് ഈ വിവരം എവിടെ നിന്ന് കിട്ടിയെന്ന് എനിക്കോ വൈദ്യുതി ബോർഡിനോ അറിയില്ല. എന്തെങ്കിലുമുണ്ടെങ്കിൽ എഴുതി തന്നാൽ പരിശോധിക്കാം; പക്ഷെ ഉത്തരവാദിത്വം ഏൽക്കണം. വഴിയെ പോകുന്നത് ഈ സഭയിൽ പറയാൻ കൊള്ളാമോ, അത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. വൈദ്യുതി ബോർഡോ ഗവൺമെന്റോ അങ്ങനെ യാതൊരു നടപടിയും റിലയൻസുമായുണ്ടാക്കിയിട്ടില്ല. പ്രത്യേകിച്ച് വൈദ്യുതി വകുപ്പുമായി ഒന്നും ചെയ്തിട്ടില്ലെന്ന കാര്യവും സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നമുക്ക് വൈദ്യുതി ഉല്പാദിപ്പിക്കാതെ കഴിയാനാകില്ല. നിലവിലുള്ള കായംകുളം താപനിലയം പ്രവർത്തന രഹിതമാണ്. അവിടെയുണ്ടാക്കുന്ന വൈദ്യുതി വിറ്റഴിക്കാനോ ഉപയോഗിക്കാനോ നമുക്ക് കഴിയുന്നില്ല. യൂണിറ്റിന് വലിയ വില കൊടുക്കേണ്ടി വരുമെന്നതാണ് അവസ്ഥ. അതുകൊണ്ട് പുതിയ വൈദ്യുതി ഉല്പാദനത്തെപ്പറ്റി ബോർഡ് ഗൗരവമായി ചിന്തിക്കുകയാണ്. അതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1000 മെഗാവാട്ട് വൈദ്യുതി നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയും. പുരപ്പുറത്ത് സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ജലസംഭരണികളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന് പ്രത്യേക സ്കീമുണ്ട്. അവർ അത് പരിശോധിച്ച് നടപ്പിലാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനാവശ്യമായ പണം അവർ മുടക്കുകയും നമുക്ക് മിതമായ വിലയ്ക്ക് വൈദ്യുതി ലഭിക്കുകയും ചെയ്യും. അതിനുള്ള ധാരണയായിട്ടുണ്ട്; പഠനം നടന്നുവരുന്നതേയുള്ളൂ. വൈദ്യുതി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഇടുക്കിയിൽ ഒരു അണ്ടർഗ്രൗണ്ട് പവർഹൗസ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. അതിനുള്ള സാദ്ധ്യതാപഠനങ്ങൾ നടന്നുവരികയാണ്. നടപടികളുമായി മുന്നോട്ടുപോകും. നിലവിലുള്ള ശേഷിക്കനുസരിച്ച് ഒരു അണ്ടർഗ്രൗണ്ട് പവർഹൗസ് കൂടി സ്ഥാപിച്ച് ഫലപ്രദമായി ഉപയോഗിച്ചാൽ രാത്രിയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. സോളാർ വഴി ഇപ്പോൾ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. അതുപയോഗിക്കുകയും പുതിയ സോളാർ മാർഗ്ഗം പ്രാവർത്തികമാക്കുകയും ചെയ്താൽ വൈദ്യുതി പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന ചിന്തയാണ് വൈദ്യുതി ബോർഡിനുള്ളത്. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രവർത്തനങ്ങളെപ്പറ്റി സഭാംഗങ്ങൾ പറഞ്ഞിരുന്നു.

അദ്ദേഹം ചെയ്ത സേവനമൊന്നും ഞാൻ മറക്കുന്നില്ല. പക്ഷെ നൂറുകണക്കിന് കോടി രൂപ മുടക്കി പൂർണ്ണമാകാതെ കിടന്ന പള്ളിവാസൽ, തോട്ടിയാർ അടക്കം നിരവധി പദ്ധതികളുടെ നിർമ്മാണം നിർത്തിവച്ചു. അവയെല്ലാം നമുക്ക് വലിയ പ്രയോജനം ചെയ്യുന്നവയായിരുന്നു. അദ്ദേഹം മഹത്തായ സേവനമാണ് ചെയ്തതെന്ന കാര്യം ഞാൻ പ്രത്യേകിച്ചും ബഹുമാനപ്പെട്ട അരുവിക്കര അംഗത്തെ അറിയിക്കുകയാണ്. കാരണം അദ്ദേഹമാണ് ആ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ...... (ബഹളം)..... കരാറുണ്ടാക്കിയതിന്റെ കാര്യമൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ജനാധിപത്യപരമായിട്ടല്ല അതൊന്നും ചെയ്തിരിക്കുന്നത്. റെഗുലേറ്ററി കമ്മീഷനെ മറികടന്നുപോലും കരാറുണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾക്കും അതിന്റെ പ്രതിസന്ധി നേരിടേണ്ടി വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ചെയ്തുവച്ചതാണ്. മന്ത്രിസഭാ തീരുമാനമുണ്ടായിരുന്നു. റെഗുലേറ്ററി കമ്മീഷൻ അംഗീകരിക്കണം. വില നിർണ്ണയിക്കുന്നതൊക്കെ അവരാണ്, ഗവൺമെന്റല്ല. അതാണ് നിയമം. അതിനെ മറികടന്നാണ് ആദരണീയനും എന്റെ മുൻഗാമിയുമായ വൈദ്യുതി മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നടപടി സ്വീകരിച്ചതും പ്രവർത്തിച്ചതും.

കേരളത്തിൽ പവർകട്ടും ലോഡ്ഷെഡിംഗും ഇല്ല. അത് ഗവൺമെന്റിന്റെ നയമാണ്. ആ നയം പൂർണ്ണമായും നടപ്പാക്കാനാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രളയമുണ്ടായപ്പോൾ അടിയന്തരമായി കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട അവസ്ഥയുണ്ടായി. അക്കാര്യത്തിൽ ഗവൺമെന്റും വൈദ്യുതി ബോർഡും ഏറ്റവും ഫലപ്രദമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് മുന്നേറ്റമുണ്ടാക്കാൻ സഹായിക്കും.

ഇവിടെ കേബിൾ സ്ഥാപിക്കുന്നതിനെപ്പറ്റി പറഞ്ഞു. അതു വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും. നിലവിൽ ഏഴായിരം കോടി രൂപയുടെ സാമ്പത്തിക ബാധ്യത ബോർഡിനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പൊതുമേഖലാ വ്യവസായത്തിന്റെ കാര്യം ആദരണീയനായ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞു. പക്ഷെ അതൊന്നും നിർത്തലാക്കാൻ സാധിക്കുകയില്ല. ആയിരക്കണക്കിനാളുകളുടെ തൊഴിലുമായി ബന്ധപ്പെട്ട വിഷയമാണ്. സംസ്ഥാനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്. ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാതിരിക്കാൻ കഴിയുമോ? പവർ കട്ട് ചെയ്യാനും കഴിയില്ല. വല്ലാത്ത പ്രതിസന്ധിയിലാണെന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുത്. കേബിൾ സ്ഥാപിക്കാവുന്നിടത്ത് അവ സ്ഥാപിക്കുന്നത് നല്ലതാണ്. അത് എല്ലാ

സ്ഥലങ്ങളിലും പ്രായോഗികമാകുകയുമില്ല. ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരും.

ശ്രീ. പി. സി. ജോർജ്: സർ, അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഗവൺമെന്റ് അത് അംഗീകരിച്ചിട്ടില്ല. ഇവിടെ ഇരിക്കുന്നവരിൽ തന്നെ വ്യത്യസ്ത വീക്ഷണമുണ്ട്. എന്റെ പാർട്ടിയുടെ അഭിപ്രായം വേണമെങ്കിൽ ഞാൻ പറയാം. അത് പറഞ്ഞിട്ട് കാര്യമില്ലല്ലോ. ഇങ്ങനെയൊക്കെയാണെന്ന് അറിഞ്ഞുകൊണ്ടാണ് ചോദ്യം ചോദിക്കുന്നതെന്നും എനിക്കറിയാം. ശ്രീ. പി. സി. ജോർജ് എന്നും ഈ പദ്ധതി വേണമെന്ന് പരസ്യമായി വാദിക്കുന്ന ആളാണ്. അതിലേയ്ക്ക് ചർച്ച പോകേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്.

പരമാവധി ആധുനികവൽക്കരിക്കുക, വിപുലമായ ഊർജ്ജോൽപ്പാദന സമ്പ്രദായം ഉപയോഗിക്കുന്നതോടൊപ്പം ഊർജ്ജം ലാഭിക്കുകയെന്ന മാർഗ്ഗവും വൈദ്യുതി ബോർഡ് നടപ്പിലാക്കി വരികയാണ്. എല്ലാവരും ഒരുമിച്ച് ശ്രമിച്ചാൽ കേരളത്തിൽ മുഴുവൻ എൽ.ഇ.ഡി. ബൾബും എൽ.ഇ.ഡി. ട്യൂബും ഉപയോഗിക്കുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയും. എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചാൽ വൈദ്യുതി ചെലവ് കുറയും. ഒരു കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ചെലവാകുന്നതിന്റെ വളരെ കുറച്ച് പണം മാത്രമേ ഇതിന് ചെലവാകുകയുള്ളൂ എന്ന പ്രത്യേകത എൽ.ഇ.ഡി. സിസ്റ്റത്തിനുണ്ട്. അതുകൊണ്ട് വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുക എന്നത് നമ്മുടെ ലക്ഷ്യമായിരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ധാരാളം വൃക്ഷങ്ങളുള്ളതുകൊണ്ട് കാറ്റത്ത് മരം വീണ് വൈദ്യുതി ലൈൻ ഇടയ്ക്കിടയ്ക്ക് പൊട്ടുന്നു. അതുകൊണ്ടാണ് വൈദ്യുതി മുടങ്ങുന്നത്. തൊടുപുഴയിൽ കുറച്ച് ഭാഗത്തൊക്കെ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ക്രമേണ എല്ലായിടത്തും അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: നയം അതാണ്, പക്ഷേ പണമില്ലെന്ന് അദ്ദേഹം പറഞ്ഞു.

ശ്രീ. എം. എം. മണി: സർ, നമുക്ക് ആഗ്രഹമില്ലാത്തതല്ല. ചില കേന്ദ്രങ്ങളിൽ വേണമെങ്കിൽ ആലോചിക്കുകയും ചെയ്യാം. പക്ഷെ പണം എവിടെ നിന്നുണ്ടാകും. അതിന് കോടിക്കണക്കിന് രൂപ വേണ്ടി വരും. വലിയ ബാധ്യതയാകും.

ഡോ. എൻ. ജയരാജ്: സർ, ആദ്യകാലങ്ങളിൽ ഞങ്ങൾ കൂടംകുളം പദ്ധതിയെ എതിർത്തെങ്കിലും പിന്നീടത് നടപ്പിലാക്കി. കൂടംകുളം ലൈൻ കോട്ടയം ജില്ലയിൽ എന്റെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. കൃഷിക്കാരുടെ കോമ്പൻസേഷൻ ഇതുവരെ കൊടുത്തിട്ടില്ല.

ടവർ ഫൗണ്ടേഷന്റെ ഭാഗത്തെ കുറച്ച് തുകമാത്രമേ കൊടുത്തിട്ടുള്ളൂ. കോറിഡോറിന്റെയും മരങ്ങളുടെയും പണം കൊടുത്തിട്ടില്ല. അക്കാര്യത്തിൽ കൃഷിക്കാർ വളരെ അസ്വസ്ഥരാണ്. പവർ ഗ്രിഡ് കോർപ്പറേഷനും ദേഷ്യത്തിലാണ്. അതുകൊണ്ട് പണം കൊടുക്കാനുള്ള നടപടി അടിയന്തരമായി ഉണ്ടാകണം.

ശ്രീ. എം. എം. മണി: സർ, പദ്ധതിക്ക് സ്ഥലമേറ്റെടുത്തത് വ്യക്തമായ ധാരണയിൽ തന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തിവച്ച പ്രോഗ്രാമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക യോഗം വിളിച്ച് അത് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇനി ഒരു ടവറിന്റെ പണി മാത്രമേയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് നമ്മുടെ സംസ്ഥാനത്തിന് വളരെ ഗുണമുള്ള ഒരു പദ്ധതിയാണ്. സ്ഥലമേറ്റെടുത്തതിന് പണം കൊടുക്കാനുള്ള ബാധ്യത ബോർഡിനുണ്ട്. അതിൽ തർക്കത്തിന്റെ പ്രശ്നമില്ല. കൃഷിക്കാരുടെ ഭൂമിക്ക് വില നിശ്ചയിച്ചിട്ടുണ്ട്, അത് കൊടുക്കും. ഇത്തരം കാര്യങ്ങളിൽ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

ശ്രീ. അനിൽ അക്കര: സർ, എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലെയും മുഴുവൻ ബൾബുകളും മാറ്റി എൽ.ഇ.ഡി. ആക്കാൻ തീരുമാനിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുമായി പ്രത്യേകം ചർച്ച നടത്തി. അസറ്റ് ഫണ്ടുകൊണ്ട് ചെയ്യുന്നതിന് ഉത്തരവും തന്നതാണ്. പക്ഷെ രണ്ട് പഞ്ചായത്തുകൾ മാത്രമാണ് അതുമായി സഹകരിച്ചത്. ബാക്കിയുള്ള നഗരസഭയും പഞ്ചായത്തും നിലവിലുള്ള ലൈറ്റുകൾ മാറ്റുന്നതിന് തടസ്സം നിന്നതുകൊണ്ട് ആ പദ്ധതി പെൻഡിംഗിലാണ്. നമ്മളെല്ലാവരും ചർച്ച ചെയ്ത് തീരുമാനിച്ച കാര്യമാണ്. അവർക്കൊരു നിർദ്ദേശം കൊടുത്ത് സർക്കാരിന്റെ നയം നടപ്പാക്കാൻ സഹായിക്കണം.

ശ്രീ. എം. എം. മണി: സർ, തൃശ്ശൂരിൽ കോർപ്പറേഷൻ നടത്തുന്ന പ്രത്യേക വൈദ്യുതി ഉത്പാദന വിതരണ മേഖലയുണ്ട്. അതിന് ബോർഡ് എല്ലാവിധ സഹായങ്ങളും ചെയ്യുന്നുണ്ട്. അതുസംബന്ധിച്ച് ഇപ്പോൾ ഒന്നും പറയാൻ കഴിയില്ല. അക്കാര്യം ആലോചിക്കാവുന്നതാണ്.

വൈദ്യുതി ബോർഡിന് ഏഴായിരം കോടി രൂപയുടെ ബാധ്യത ഇപ്പോഴുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഡാം തുറന്നുവിട്ട് പ്രതിസന്ധി യുണ്ടാക്കിയെന്ന് ഇവിടെ ചില അംഗങ്ങൾ വിമർശനമുന്നയിച്ചു. ഞാനത് പൂർണ്ണമായും നിരാകരിക്കുകയാണ്. അത് അടിസ്ഥാനമില്ലാത്ത ആരോപണമാണ്. കാരണം, ലോകചരിത്രത്തിൽ ഒരിക്കലുണ്ടായിട്ടില്ലാത്തത്ര മഴയാണ് ഇവിടെ

ഉണ്ടായത്. 1924- ലുണ്ടായതിന്റെ പതിന്മടങ്ങ് പ്രളയമാണ് ഇപ്പോഴുണ്ടായത്. അതെല്ലാം മനുഷ്യസൃഷ്ടിയാണെന്ന് പറയുന്നെങ്കിൽ ഞാനെന്താണ് അതിനെപ്പറ്റി പറയേണ്ടത്. ഞങ്ങളെല്ലാം നേരിട്ട് കണ്ടതാണ്. എല്ലാ ഡാമും കൃത്യമായ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് തുറന്നത്. ഇടുക്കി ഡാമാണ് അതിൽ വലുത്. ഞാനും വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരും ഒരാഴ്ച അവിടെയുണ്ടായിരുന്നു. എല്ലാം പരിശോധിച്ച് ഒരാഴ്ച മുമ്പ് മുന്നറിയിപ്പ് നൽകി; മാറ്റി പാർപ്പിക്കേണ്ടവരെ മാറ്റി പാർപ്പിച്ചിട്ടാണ് ചെറുതോണി തുറന്നത്. ഡാം തുറന്നുവിട്ടതുകൊണ്ട് മരണസംഖ്യയും നാശവും കുറഞ്ഞു. ഡാം തുറന്ന് ജനങ്ങളെ രക്ഷിക്കാൻ നോക്കിയില്ലെങ്കിൽ മരണസംഖ്യയും നാശനഷ്ടവും കൂടുമായിരുന്നു. രാഷ്ട്രീയലക്ഷ്യം വച്ച് ചിലർ ഇങ്ങനെ പറയുന്നതിനോടൊന്നും യോജിപ്പില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ചർച്ച ചെയ്യുന്നത് നമ്മുടെ നാടിന്റെ നിലനിൽപ്പിനുതന്നെ അപകടമായിരിക്കുമെന്നാണ് തോന്നുന്നത്. ഞങ്ങൾ സ്വീകരിക്കേണ്ട മുഴുവൻ മുന്നൊരുക്കവും ചെയ്തിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണം. കുറച്ച് ഡാമുകൾക്ക് മാത്രമാണ് ഷട്ടറുകളുള്ളത്. അപ്പോൾ മറ്റുള്ള ഡാമുകളിൽ നിന്നും വെള്ളം തനിയെ നിറഞ്ഞു പോവുകയേ വഴിയുള്ളൂ. എല്ലാ ഡാമുകളും തുറന്നുവിട്ടു എന്നാണ് ഇവർ വിചാരിക്കുന്നത്. ഏതാനും ഡാമുകൾക്ക് മാത്രമാണ് ഷട്ടറുകളുള്ളത്. ഇതൊന്നും അറിയാതെ എല്ലാ ഷട്ടറുകളും തുറന്നുവിട്ടു എന്ന് പറഞ്ഞാൽ എന്ത് പറയാനാണ്. അമിക്കസ് ക്യൂറിയെ സംബന്ധിച്ച് ശ്രീ. പി. ടി. തോമസ് പറയുന്നത് കേട്ടപ്പോൾ അദ്ദേഹത്തോടും കൂടിയാലോചിച്ച് നിയമിച്ചതായിരിക്കുമെന്നാണ് എന്റെ നിഗമനം. ഞാൻ ഇതുവരെ അങ്ങനെ ചിന്തിച്ചിരുന്നില്ല. ഇപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നുന്നത്. ശ്രീ. പി. ടി. തോമസിന് അതിൽ നല്ല പങ്ക് കാണും. ഹൈക്കോടതി ഒരാളെ അമിക്കസ് ക്യൂറിയായി നിയമിച്ചു. അദ്ദേഹം നൽകിയ റിപ്പോർട്ട് കോടതി അംഗീകരിക്കണമെന്നില്ല. ഇതുവരെയും അംഗീകരിച്ചിട്ടുമില്ല. പ്രസ്തുത റിപ്പോർട്ട് തള്ളുകയോ കൊള്ളുകയോ ചെയ്യാം. അതിനെ അടിസ്ഥാനപ്പെടുത്തി വർത്തമാനം പറയുകയും വാദിക്കുകയും ചെയ്യുന്നത് നല്ലതല്ല. കെ.എസ്.ഇ.ബി.-ക്ക് 820 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. 26 ലക്ഷം കണക്ഷനും ഒരു ലക്ഷം പോസ്റ്റും അയ്യായിരം കി.മി. ലൈനും പോയി. മൂന്ന് ലക്ഷം മീറ്ററുകളും പതിനാലായിരം ട്രാൻസ്ഫോർമറുകളും നശിച്ചതിനു പുറമേ അമ്പത് സബ് സ്റ്റേഷനുകളും പത്തൊമ്പത് പവർ സ്റ്റേഷനുകളും കല്ലും മണ്ണും കൊണ്ട് മൂടിപ്പോയി. അതിൽ പതിനഞ്ചെണ്ണം വൈദ്യുതി ബോർഡിന്റെയും നാലെണ്ണം സ്വകാര്യ മേഖലയുടേതുമാണ്. സ്വകാര്യ മേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ന്യായമായ വിലയ്ക്കാണ് കെ.എസ്.ഇ.ബി.ക്ക് നൽകുന്നത്. നമ്മുടെ ജീവനക്കാർ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ, പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ്,

കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും വന്ന വൈദ്യുതി ബോർഡിലെ ജീവനക്കാർ തുടങ്ങി എല്ലാവരും ചേർന്ന് പത്ത് ദിവസം കൊണ്ട് പരിഹാരമുണ്ടാക്കി മുഴുവൻ കണക്ഷനും കൊടുത്തു. മാസങ്ങൾ നീണ്ടുപോകാൻ സാധ്യതയുള്ള കാര്യമാണ്. ഇത്രയും നല്ല കാര്യം ചെയ്തിട്ടും ബഹുമാന്യരായ പ്രതിപക്ഷം ഇതിനൊന്നും അഭിനന്ദന വാക്കുപോലും പറയാതെ, എന്ത് ചെയ്താലും നമുക്കെതിരെ വീണ്ടും വിമർശനം ഉന്നയിച്ച് രാഷ്ട്രീയ ലക്ഷ്യംവച്ച് പ്രവർത്തിക്കുകയാണ്. ഇത് ഉചിതമായ കാര്യമല്ല. നല്ലത് ചെയ്താൽ നല്ലതാണെന്ന് പറയണ്ടേ?

ഇവിടെ തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റതിനാൽ ശ്രീ. പിണറായി വിജയൻ രാജി വയ്ക്കണമെന്നാണ് ആവശ്യം. നിങ്ങൾ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് രാജിവയ്ക്കണം? ശ്രീ. അശോക് ഗെഹ്‌ലോട്ടിന്റെ നേതൃത്വത്തിൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ 25-ൽ 25 സീറ്റും പോയി. ശ്രീ. കമൽനാഥിന്റെ നേതൃത്വത്തിൽ കോൺഗ്രസ് ഭരിക്കുന്ന മദ്ധ്യപ്രദേശിൽ ആകെയുള്ള 29 സീറ്റിൽ 28 സീറ്റിലും തോറ്റു. ശ്രീ. ഭൂപേഷ് ഭാഗേലിന്റെ നേതൃത്വത്തിൽ കോൺഗ്രസ് ഭരിക്കുന്ന ഛത്തീസ്ഗഢിൽ ആകെയുള്ള 11 സീറ്റിൽ 9-ലും തോറ്റു. ശ്രീ. എച്ച്. ഡി. കുമാരസ്വാമിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിന്റെ പിന്തുണയുള്ള കർണ്ണാടകയിൽ ആകെയുള്ള 28 സീറ്റിൽ 26-ലും തോറ്റു. ജനതാദൾ ഗവൺമെന്റ് രാജിവയ്ക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. ഒരിക്കൽ ഒഴികെ അര നൂറ്റാണ്ട് കാലമായി കോൺഗ്രസ്സിന്റെ കുത്തക മണ്ഡലമായ അമേഠിയിൽ തോറ്റത് ശ്രീ. രാഹുൽ ഗാന്ധി. അദ്ദേഹം എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനവും രാജിവയ്ക്കാൻ സന്നദ്ധനായി നിൽക്കുകയാണ്. തെരഞ്ഞെടുപ്പിൽ ജയിക്കാനായി ശ്രീ. രാഹുൽ ഗാന്ധിയുടെ സഹോദരിയെയും പ്രചരണത്തിനിറക്കി. ശ്രീ. നരേന്ദ്ര മോദി ഗംഗയിൽ ഒരു ദിവസമാണ് യാത്ര ചെയ്തതെങ്കിൽ ആ മഹതി രണ്ട് ദിവസം അവിടെ യാത്ര ചെയ്തിട്ടും രക്ഷപ്പെട്ടില്ല. നിങ്ങൾ ഞങ്ങൾ തോറ്റുവെന്നും പറഞ്ഞ് വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. ഭാരതീയരാണെന്ന് അഭിമാനിക്കുന്നതോടൊപ്പം കേരളത്തിൽ ജനിച്ചുവെന്നതും ജയിച്ചുവെന്നുള്ളതും അഭിമാനം നൽകുന്നതാണെന്നുള്ള കാര്യം വിസ്മരിക്കരുത്. നിങ്ങളുടെ സ്ഥിതി എന്താണ്? ഞങ്ങൾ തോറ്റെന്നുള്ളത് സമ്മതിച്ചു. ഞങ്ങൾക്ക് സംഭവിച്ച വീഴ്ച പരിശോധിക്കുന്നതാണ്. അക്കാര്യം ഞങ്ങൾ പറഞ്ഞു കഴിഞ്ഞതല്ലേ. എന്നിട്ടും 'കുഞ്ഞാങ്ങള ചത്താലും വേണ്ടൂല നാത്തൂന്റെ കരച്ചിൽ കാണണം' എന്നതല്ലേ നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതൊന്നും പറഞ്ഞ് ഞങ്ങളെ ഇരുത്താൻ നോക്കണ്ട. നിങ്ങളുടെ പ്രവർത്തന രീതിയും ശൈലിയുമല്ല ഞങ്ങളുടേത്. ഞങ്ങൾ പാർലമെന്റിലും നിയമസഭയിലും ഉണ്ടെങ്കിൽ അവിടെ ജനങ്ങൾക്കുവേണ്ടി

പൊരുതും. അവിടെ അംഗങ്ങളില്ലെങ്കിലും ഞങ്ങൾക്ക് വലിയ പ്രസ്ഥാനങ്ങളുണ്ട്. വർഗ്ഗ സമരവും ബഹുജന സമരവും സംഘടിപ്പിച്ച് വലിയ മുന്നേറ്റം നടത്തും. നിങ്ങളെപ്പോലെ അല്ല ഞങ്ങൾ. മുന്നേറുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. നിങ്ങളുടെ സ്ഥിതി പരിതാപകരമല്ലേ? നിങ്ങൾ ഇങ്ങനെ എത്തിയതിൽ ഞങ്ങൾക്ക് ഖേദമുണ്ട്. നിങ്ങൾക്ക് പറ്റിയ തെറ്റ് നിങ്ങൾ തിരുത്തണം. ഞങ്ങൾ പരാജയപ്പെട്ടതിനുള്ള കാരണം പരിശോധിക്കും. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII

## വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ കെ. സി. ജോസഫ്, എൻ. ഷംസുദ്ദീൻ, കെ. എം. ഷാജി, പി. കെ. അബ്ദു റബ്ബ്, പാറക്കൽ അബ്ദുല്ല, വി. കെ. ഇബ്രാഹിം കുഞ്ഞ്, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, അൻവർ സാദത്ത്, എ. പി. അനിൽകുമാർ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, കെ. എൻ. എ. ഖാദർ, പി. ഉബൈദുള്ള, അനൂപ് ജേക്കബ്, റോജി എം. ജോൺ, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഷാഫി പറമ്പിൽ, ഐ.സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, വി. ടി. ബൽറാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കുഞ്ഞിരാമൻ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. വി. കെ. സി. മമ്മത് കോയ

28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ പി.

34. ശ്രീ. എം. മുകേഷ്

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. സി. കെ. നാണു

37. ശ്രീ. എം. നൗഷാദ്

38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ് കുമാർ

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്

48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

72. ശ്രീ. പി. തിലോത്തമൻ
73. ശ്രീ. തോമസ് ചാണ്ടി
74. ഡോ. ടി. എം. തോമസ് ഐസക്
75. ശ്രീ. പി. ഉണ്ണി
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്

18. ശ്രീ. പി. ജെ. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിച്ചവർ</u>

ശ്രീ. പി. സി. ജോർജ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുത പദ്ധതികൾ

മി. സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, ഐ. സി. ബാലകൃഷ്ണൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. എം. ഷാജി, പി. കെ. അബ്ദു റബ്ബ്, എം. ഉമ്മർ, ടി. വി. ഇബ്രാഹിം, കെ. എൻ. എ. ഖാദർ, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, റോജി എം. ജോൺ, വി. ടി. ബൽറാം, കെ. എസ്. ശബരീനാഥൻ, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ

5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. പി. സി. ജോർജ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കുഞ്ഞിരാമൻ
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ശ്രീ. തോമസ് ചാണ്ടി
74. ഡോ. ടി. എം. തോമസ് ഐസക്
75. ശ്രീ. പി. ഉണ്ണി
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. പി. ജെ. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)